വികസിത കേരളത്തിനായി പ്രാദേശിക സർക്കാരുകൾ

വിഷൻ 2031

# നവകേരളവും ജില്ലാ പഞ്ചായത്തും

ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കുള്ള

കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്. പി. ഒ, തൃശ്ശൂർ-680581

ഡിസംബർ 2025

## ജില്ലാ പഞ്ചായത്ത്

**ചീഫ് എഡിറ്റർ**

നിസ്സാമുദ്ദീൻ എ, ഐ എ എസ് ഡയറക്ടർ ജനറൽ, കില

**എഡിറ്റർമാർ**

ഡോ. രാജേഷ് കെ. സീനിയർ അർബർ ഫെല്ലോ, കില

**അസോസിയേറ്റ് എഡിറ്റർ**

എം രേണുകുമാർ റിസോഴ്സ് പേഴ്സൺ, കില

അമൃത സുരേഷ് ഇൻറേൺ, കില

**ട്രെയിനിങ് ഏകോപനം**

റിമ ജോസ് സീനിയർ ട്രെയിനിങ് കോർഡിനേറ്റർ, കില

**റിസോഴ്സ് ടീം**

| | |
|---|---|
| ഡോ. ഉഷാറാണി | വിമൽകുമാർ കെ എൻ |
| ഡോ. സിബി ജോസഫ് | നന്ദകുമാർ സി |
| മനോജ് | അഡ്വ. ടി എസ് സെയ്ഫുദിൻ |
| ഡോ. രാമനാഥൻ | ടോബി തോമാസ് |
| വി മനോജ് | ഷഫീഖ് പി എം |
| ഡോ. ഷിബുലാൽ | മീര |
| ഡോ. സിബി അഗസ്റ്റിൻ | ഫവാസ് എൻ കെ |
| അജിത്ത് | ജ്യോതിഷ് കുമാർ കെ വി |
| വി ജി ശശികുമാർ | ഡോ. രാജ്കുമാർ |
| ആർ ബാലഗംഗാധരൻ | ഡോ. ദിലീപ് കുമാർ |
| കണ്ണൻ നായർ എം | കാളിദാസൻ എം കെ |
| സി പി സുനിൽ | അമൃത എം ആർ |

**ഡി ടി പി**

ജോഫി എൻ ജോണി

**കവർ**

ആരോമൽ പി എസ്

**ഡിസൈൻ & ലേഔട്ട്**

അഭിരാം കെ ടി കെ

**പ്രസാധനം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581
ഫോൺ-04872207000 (ഓഫീസ്) | 0487-2201312 (ഡയറക്ടർ)
ഇമെയിൽ: info@kila. ac. in | വെബ്സൈറ്റ്: www. kila. ac. in

**അച്ചടി**

സി-ആപ്റ്റ്, എറണാകുളം

**ഡിസംബർ, 2025**



*Copyright: Everyone can use this for non commercial public purposes with acknowledgement to KILA*



# സന്ദേശം

നം. 1330/പ്രസ്/സി.എം.ഒ/25

27 ഡിസംബർ, 2025

കേരള സർക്കാർ

**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട പുതിയ ജനപ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ!!

കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനം ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള അധികാര വികേന്ദ്രീകരണത്തിന്റെ സവിശേഷമായ ഒരു ജനാധിപത്യ മാതൃകയാണ്. പങ്കാളിത്ത ഭരണം, സാമൂഹിക നീതി, സുസ്ഥിര വികസനം, തദ്ദേശ സ്വയംഭരണം എന്നീ തത്വങ്ങളിൽ വേരൂന്നിയതാണ് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. നവകേരള സൃഷ്ടിയിൽ നമ്മുടെ പ്രാദേശിക സർക്കാരുകൾക്ക് വലിയ പങ്കു വഹിക്കാനുണ്ട്.

ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും നേരിട്ടറിഞ്ഞ് പരിഹാരങ്ങൾ കണ്ടെത്തുന്നതിൽ പ്രാദേശിക ഭരണ സംവിധാനങ്ങൾ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിച്ചുവരുന്നുണ്ട്. നാം നേരിടുന്ന പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുവാനും നേടിയ നേട്ടങ്ങൾ നിലനിർത്തുവാനും നമുക്ക് കഴിയണം. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. ഈ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുവാൻ പുതിയ ജനപ്രതിനിധികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇതിനായുള്ള കാര്യശേഷി വികസനം പ്രാദേശിക ഭരണസംവിധാനത്തിന് അനിവാര്യമാണ്. ഈ ലക്ഷ്യത്തിനായി കില തയ്യാറാക്കിയ കൈപ്പുസ്തകങ്ങൾ ജനപ്രതിനിധികൾക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ

**പിണറായി വിജയൻ**

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം പിൻ 695 001

ഫോൺ: 0471 2333241, 2333812, 2333610
ഫാക്സ്: 0471 2333489
ഇമെയിൽ: chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

വസതി: ക്ലിഫ് ഹൗസ്
ഫോൺ: 0471 2318406, 2314853
www.keralacm.gov.in

കേരള സർക്കാർ



# സന്ദേശം

**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണ വകുപ്പ്, എക്സൈസ്,
പാർലമെന്ററി കാര്യം വകുപ്പ് മന്ത്രി

പുതിയ ജനപ്രതിനിധികൾക്ക് ഹൃദയംഗമമായ ആശംസകൾ!!!

1996 ൽ ആരംഭിച്ച ജനകീയാസൂത്രണ പരിപാടി ഇന്ന് രാജ്യത്തിനാകെ മാതൃകയാണ്. കഴിഞ്ഞ മുപ്പതാണ്ടുകൾ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സേവന മേഖലകളിലുണ്ടാക്കിയ നേട്ടങ്ങൾ നിസ്തുലമാണ്. മാലിന്യമുക്തം നവകേരളം, അതിദരിദ്രരില്ലാത്ത കേരളം എന്നിവ കെട്ടിപ്പടുക്കുന്നതിൽ ഈ കഴിഞ്ഞ കാലയളവിൽ പ്രാദേശിക സർക്കാരുകൾ വഹിച്ച പങ്കു നിർണ്ണായകമാണ്.

നവകേരള സൃഷ്ടിക്കായുള്ള നമ്മുടെ മുന്നേറ്റത്തിൽ പ്രാദേശിക സർക്കാരുകളും ഒപ്പം ചേർന്ന് പ്രവർത്തിച്ചുവരികയാണ്. കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ട് നാളെയുടെ പ്രതീക്ഷകൾക്ക് പുതിയ രൂപവും ഭാവവും നൽകാൻ പുതിയ ജനപ്രതിനിധികൾക്ക് കഴിയണം.

ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണ സംവിധാനമാണ് പ്രാദേശിക സർക്കാരുകൾ. അതുകൊണ്ടുതന്നെ ജനങ്ങളുടെ പ്രതീക്ഷകൾക്ക് ഒത്തുയരാനും വളരാനും പ്രവർത്തിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കേണ്ടതുണ്ട്. ഇത് സാധ്യമാവണമെങ്കിൽ ജനപ്രതിനിധികളും ജനകീയ സംവിധാനങ്ങളും ഉദ്യോഗസ്ഥ സംവിധാനവും കാര്യക്ഷമമായി ഒപ്പം ചേർന്ന് പ്രവർത്തിക്കണം, അതോടൊപ്പം പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം.

പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും ഏറ്റെടുത്ത് നേരിടുന്നതിന് പുതിയ രീതിശാസ്ത്രങ്ങളും ആവശ്യമാണ്. ഇതിനായി പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ പ്രാപ്തരാക്കുന്നതിന് കില തയ്യാറാക്കിയ കൈപ്പുസ്തകങ്ങൾക്ക് കഴിയുമെന്ന് വിശ്വസിക്കുന്നു. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ കൈപുസ്തകങ്ങൾ ജനപ്രതിനിധികൾക്ക് ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ കൈപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കില ടീം അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

ക്രിസ്തുമസ്-നവവത്സര ആശംസകളോടെ

**എം ബി രാജേഷ്**



# സന്ദേശം

**ടിങ്കു ബിസ്വാൾ ഐ.എ.എസ്**
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

പുതിയ ജനപ്രതിനിധികൾക്ക് സ്വാഗതം!!

കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനം ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള അധികാര വികേന്ദ്രീകരണത്തിന്റെ സവിശേഷമായ ഒരു ജനാധിപത്യ മാതൃകയാണ്. പ്രാദേശികമായി ആസൂത്രണം നടത്തി ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കാൻ കഴിയുന്ന കാര്യക്ഷമമായ ഭരണ സംവിധാനങ്ങളായി നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിണമിച്ചു കഴിഞ്ഞിട്ടുണ്ട്.

പ്രാദേശിക സർക്കാരുകളുടെ പുതിയ നേതൃത്വത്തിന് പുതിയ പ്രവർത്തന സാധ്യതകളും അവസരങ്ങളും ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാലാവസ്ഥവ്യതിയാനത്തിന്റെയും ദുരന്തസാധ്യതകളുടെയും പ്രശ്നങ്ങളും മാലിന്യ പരിപാലന രംഗത്തെ ഇടപെടലുകളും നമ്മുടെ പ്രവർത്തനങ്ങളുടെ അവിഭാജ്യ മേഖലയാണ്. സേവനമേഖലകളിലും അടിസ്ഥാന സൗകര്യ മേഖലകളിലും നാം ആർജ്ജിച്ച മുന്നേറ്റം പ്രശംസനീയമാണ്. ഉൽപാദന മേഖലയിലും തൊഴിൽ സൃഷ്ടിക്കുന്ന മേഖലകളിലും കൂടി ഈ മുന്നേറ്റം അനിവാര്യമാണ്.

പുതിയ ഭരണസമിതികൾ ഈ മേഖലകളിൽ കൂടുതൽ ശ്രദ്ധ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ ആവിഷ്കരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ...

**ടിങ്കു ബിസ്വാൾ ഐ.എ.എസ്**



# സന്ദേശം

**അനുപമ ടി.വി. ഐ.എ.എസ്**
സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാ ജനപ്രതിനിധികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ!!!

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ ലക്ഷ്യമിട്ട സാമൂഹിക നീതിയും സാമ്പത്തിക വികസനവും കൈവരിക്കുന്നതിനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

ജനങ്ങളോട് ഏറ്റവും അടുത്ത് പ്രവർത്തിക്കുന്ന പ്രാദേശിക സർക്കാരുകൾ എന്നും എപ്പോഴും ജനങ്ങൾക്കൊപ്പം ചേർന്ന് പ്രവർത്തിക്കുന്നവയാണ്. ജനകീയ പ്രശ്നങ്ങളിലും ആവശ്യങ്ങളിലും നിരന്തരം ഇടപെടുന്ന ഒരു ഭരണസംവിധാനമാണിത്.

പങ്കാളിത്ത ഭരണം, സാമൂഹിക നീതി, സുസ്ഥിര വികസനം, തദ്ദേശ സ്വയംഭരണം എന്നീ തത്വങ്ങളിൽ വേരൂന്നി നവകേരള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടത് പ്രാദേശിക സർക്കാരുകളാണ്. ഇതിനാവശ്യമായ തരത്തിലുള്ള ഇടപെടലുകൾ ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തുവാൻ പുതിയ ജനപ്രതിനിധികളുടെ നേതൃത്വത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജനപ്രതിനിധികളുടെ കാര്യ ശേഷീ വികസനവും ഉറപ്പുവരുത്തുന്നതിനുള്ള ഉന്നത നിലവാരത്തിലുള്ള പരിശീലന പരിപാടികൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം വളരുന്ന കില തയ്യാറാക്കിയ ഈ കൈപ്പുസ്തകങ്ങൾ അതിന് ജനപ്രതിനിധികളെ പ്രാപ്തരാക്കും എന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ...

**അനുപമ ടി.വി. ഐ.എ.എസ്**



# അവതാരിക

**നിസാമുദ്ദീൻ എ, ഐ.എ.എസ്**
ഡയറക്ടർ ജനറൽ, കില

കേരളത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ സുവർണ്ണലിപികളാൽ എഴുതപ്പെട്ട ഒന്നാണ് അധികാരം ജനങ്ങൾക്ക് എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അധികാര വികേന്ദ്രീകരണപ്രക്രിയ. 73, 74 ഭരണഘടനാ ഭേദഗതികളുടെ ചുവടുപിടിച്ച് 1994-ൽ നിലവിൽ വന്ന കേരള പഞ്ചായത്ത് രാജ്- നഗരപാലിക നിയമങ്ങൾ നമ്മുടെ ഭരണസംവിധാനത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങളാണ് വരുത്തിയത്. 1996-ൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ബജറ്റ് വിഹിതത്തിന്റെ വികേന്ദ്രീകരണവും, സെൻ കമ്മിറ്റി ശുപാർശകളിലൂടെയുള്ള അധികാര കൈമാറ്റവും കേരളത്തെ ലോകത്തിന് തന്നെ മാതൃകയാക്കി മാറ്റി.

2025 ഡിസംബർ മാസത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ ചുമതലയേൽക്കുമ്പോൾ നാം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ നാലാം പതിറ്റാണ്ടിലേക്ക് പ്രവേശിക്കുകയാണ്. വികസനമെന്നത് കേവലം നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമല്ലെന്നും, അത് സാമൂഹിക നീതിയും സുസ്ഥിരതയും ഉറപ്പാക്കുന്ന തുടർ പ്രക്രിയയാണെന്നും തിരിച്ചറിയുന്ന ഒരു നേതൃത്വമാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് തങ്ങളുടെ ചുമതലകൾ കൃത്യമായും നിയമപരമായും നിർവ്വഹിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നത് അത്യന്താപേക്ഷിതമാണ്. കേരള പഞ്ചായത്ത് രാജ്- മുനിസിപ്പാലിറ്റി നിയമങ്ങൾ, അനുബന്ധ ചട്ടങ്ങൾ, ഭരണ നിർവ്വഹണ രീതികൾ എന്നിവ ലളിതമായും എന്നാൽ ആധികാരികമായും പ്രതിപാദിക്കുന്ന ഈ റഫറൻസ് ഗൈഡ് (Reference Guide) ജനപ്രതിനിധികൾക്ക് ഒരുത്തമ

സഹായിയായിരിക്കും എന്നതിൽ തർക്കമില്ല.

തദ്ദേശ ഭരണ സംവിധാനങ്ങളുടെ കരുത്ത് എന്നത് നിയമപരമായ അറിവും ജനകീയമായ ഇടപെടലുകളുമാണ്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തയ്യാറാക്കിയ ഈ കൈപ്പുസ്തകം ഓരോ ജനപ്രതിനിധിയും ആഴത്തിൽ പഠിക്കണമെന്നും, സുതാര്യവും അഴിമതിരഹിതവുമായ പ്രാദേശിക ഭരണകൂടങ്ങൾ കെട്ടിപ്പടുക്കാൻ ഇത് പ്രയോജനപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു. ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് പരിശ്രമിച്ച കിലയിലെ എല്ലാ സഹപ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

പുതിയ ഭരണസമിതികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**നിസാമുദ്ദീൻ എ, ഐ.എ.എസ്**

# ആമുഖം

കേരളം അധികാര വികേന്ദ്രീകരണത്തിന്റെ മൂന്ന് ദശകങ്ങൾ പിന്നിടുകയാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായി ധനവിഭവങ്ങൾ, അധികാരം, ഉദ്യോഗസ്ഥ സംവിധാനം എന്നിവ ഫലപ്രദമായി വികേന്ദ്രീകരിക്കാൻ കഴിഞ്ഞു എന്നതാണ് കേരളത്തിന്റെ അധികാര വികേന്ദ്രീകരണത്തെ വ്യത്യസ്തമാക്കുന്നത്. പ്രാദേശിക ആസൂത്രണത്തിന് ഫലപ്രതമായ ഒരു രീതിശാസ്ത്രം വികസിപ്പിക്കുന്നതിനും അത് പ്രായോഗികമാക്കുന്നതിനും കേരളത്തിന് സാധിച്ചിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഈ കേരള മാതൃക പിന്നീട് ഇന്ത്യയിലൊട്ടാകെ ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിലൂടെ വലിയ നേട്ടങ്ങളാണ് കേരളം ആർജ്ജിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ, പാർപ്പിടം, റോഡ് സൗകര്യങ്ങൾ, ഘടക സ്ഥാപനങ്ങളുടെ ശാക്തീകരണം എന്നീ മേഖലകളിൽ ഉണ്ടായ മാറ്റങ്ങൾ ദൃശ്യമാണ്. ഇതുവരെ നേടിയ നേട്ടങ്ങളെ വിലയിരുത്തിക്കൊണ്ട് പുതിയ ലക്ഷ്യങ്ങൾക്കായി ആസൂത്രണം നടത്തുക എന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ട അടിസ്ഥാന ഇടപെടൽ. ജില്ലയുടെ ആകെ വികസനത്തെ ഏകോപിപ്പിക്കേണ്ട ത്രിതല ഭരണ സംവിധാനമാണ് ജില്ലാ പഞ്ചായത്തുകൾ. ജില്ലാ പദ്ധതി എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിൽ ജില്ലാ പഞ്ചായത്തുകൾക്ക് വലിയ പങ്കുണ്ട്. ഈ പശ്ചാത്തലത്തിലാണ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കായി കില പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നത്.

ഭരണഘടനാപരമായും, കേരള പഞ്ചായത്ത് രാജ് നിയമപ്രകാരവുമുള്ള ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ, ഘടക സ്ഥാപനങ്ങളും അവയുടെ നടത്തിപ്പും, ജില്ലാ പഞ്ചായത്തും, ജില്ലാപദ്ധതികളും, ജില്ലാ ആസൂത്രണ സമിതിയും, വിവിധ വികസന മേഖലകളിലെ ഇടപെടൽ സാധ്യതകൾ, ജില്ലാ വികസന പരിപ്രേക്ഷ്യം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് ഇത്തവണത്തെ പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. ഈ വിഷയങ്ങൾ കോർത്തിണക്കി തയ്യാറാക്കിയ

പരിശീലന കൈപുസ്തകം ജില്ലാ പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാൻ സഹായിക്കുമെന്ന് കരുതുന്നു.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ആശംസകൾ നേരുന്നു.

**ഡോ. കെ. രാജേഷ്**

സീനിയർ അർബൻ ഫെലോ, കില

**നിരാകരണപത്രം (Disclaimer)**

*ഈ കൈപ്പുസ്തകം കേരള പഞ്ചായത്ത് രാജ്/മുൻസിപ്പാലിറ്റി നിയമങ്ങളെക്കുറിച്ച് ജനപ്രതിനിധികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും പഠനാവശ്യങ്ങൾക്കും മാത്രമായി ലഘൂകരിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിലെ വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് ഉറപ്പുവരുത്താൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും, ഔദ്യോഗിക ആവശ്യങ്ങൾക്കും നിയമപരമായ നടപടികൾക്കും ഇതിലെ വിവരങ്ങൾ ആധികാരിക രേഖയായി കണക്കാക്കരുത്.*

*വായനക്കാർ ഇതിലെ വിവരങ്ങൾ യഥാർത്ഥ നിയമപുസ്തകങ്ങളുമായും (Bare Acts) സർക്കാർ ഗസറ്റുകളുമായും ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതാണ്. നിയമത്തിന്റെ വ്യാഖ്യാനത്തിൽ എന്തെങ്കിലും വൈരുദ്ധ്യം ഉണ്ടാകുന്നപക്ഷം, ഔദ്യോഗിക നിയമപുസ്തകത്തിൽ പറയുന്ന കാര്യങ്ങൾക്കായിരിക്കും പ്രാബല്യമുണ്ടായിരിക്കുക.*

# ഉള്ളടക്കം


**1 പ്രാദേശിക ഭരണത്തിൽ നിന്നും പ്രാദേശിക സർക്കാരിലേയ്ക്ക് 21**

1.1 പഞ്ചായത്ത് സംവിധാനം ഭരണഘടനാ പദവിയിലേക്ക്-നാൾവഴി 23

1.2 എഴുപത്തിമൂന്നാം ഭേദഗതി-സവിശേഷതകൾ 25

1.3 സ്വാതന്ത്ര്യാനന്തര പഞ്ചായത്ത് സംവിധാനം-കേരളത്തിൽ 27

1.4 സെൻ കമ്മിറ്റി റിപ്പോർട്ട് 30

1.5 അധികാര വികേന്ദ്രീകരണത്തിന്റെ മുപ്പത് വികസന വർഷങ്ങൾ 31

1.6 ജനകീയാസൂത്രണം 34

1.7 കൂടുതൽ ശ്രദ്ധ ആവശ്യമുള്ള മേഖലകൾ 40

1.8 നവകേരള കർമ്മപരിപാടി 41

**2 ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ 43**

2.1 ത്രിതല പഞ്ചായത്തുകളുടെ ചുമതലകൾ 43

2.2 ത്രിതല പഞ്ചായത്തുകളുടെ മേഖലാ ചുമതലകൾ 44

2.3 ജില്ലാ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ 45

**3 ജില്ലാ പഞ്ചായത്തുകളുടെ യോഗനടപടിക്രമങ്ങൾ 51**

3.1 യോഗ സ്ഥലവും, സമയവും 51

3.2 പൊതുവായത് 56

3.3 ഫലപ്രദമായ യോഗങ്ങൾ നടത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ് 57

**4 സ്ഥാപന മാനേജ്മെന്റ് 59**

4.1 ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറി കിട്ടിയ ഘടകസ്ഥാപനങ്ങൾ 60

4.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ 61

4.3 ഉദ്യോഗസ്ഥന്മാരുടെ മേലുള്ള നിയന്ത്രണം, തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും 63

4.4 തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും 64

4.5 ജനപ്രതിനിധികളുടെ ഓണറേറിയവും ബത്തകളും 66

4.6 ജനപ്രതിനിധികളുടെ അവധി-വിവിധ ഉത്തരവുകൾ 69

**5 വിവിധ കമ്മിറ്റികളും ജനകീയ സംവിധാനങ്ങളും 73**

5.1 സ്റ്റാന്റിംഗ് കമ്മിറ്റികൾ 73

5.2 ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളും വിഷയങ്ങളും 76

5.3 സ്റ്റിയറിംഗ് കമ്മിറ്റി 77

5.4 പ്രവർത്തന കമ്മിറ്റികൾ 77

5.5 സബ്കമ്മിറ്റികൾ 77

5.6 പ്രധാന കമ്മിറ്റികളുടെ വിശദ വിവരങ്ങൾ 78

**6 ജില്ലാ പഞ്ചായത്ത് പദ്ധതി രൂപീകരണവും പദ്ധതി നിർവ്വഹണവും 85**

6.1 പദ്ധതിയുടെ പൊതു ലക്ഷ്യം 86

6.2 പൊതുസമീപനം 86

6.3 പദ്ധതിരൂപീകരണം 86

6.4 പദ്ധതി ആസൂത്രണഘട്ടങ്ങളും നടപടിക്രമങ്ങളും 87

6.5 മാനേജ്മെന്റ് സങ്കേതങ്ങൾ പദ്ധതി നിർവ്വഹണത്തിൽ 98

**7 ഉൾച്ചേർന്നതും സുസ്ഥിരവുമായ വികസന കാഴ്ചപ്പാട് 101**

7.1 കുട്ടികൾ 102

7.2 ജെൻഡർ 107

7.3 ഭിന്നശേഷി 114

7.4 ദാരിദ്ര്യലഘൂകരണവും പ്രാദേശിക സർക്കാരുകളും 123

7.5 വയോജന ക്ഷേമം 125

7.6 പട്ടികവർഗ്ഗ വികസനം 131

7.7 പട്ടികജാതി ഉപപദ്ധതി 137

**8 ഉൽപ്പാദന മേഖലയിലെ വികസനങ്ങൾ 145**

8.1 പ്രാദേശിക സാമ്പത്തിക വികസനം (LED) 145

8.2 പശ്ചാത്തല വികസനം, മരാമത്ത് പ്രവൃത്തികൾ, ആസ്തി പരിപാലനം 153

8.3. കൃഷി 161

8.4 മത്സ്യബന്ധന മേഖല 169

8.5 മൃഗസംരക്ഷണം, ക്ഷീര വികസനം 176

9 സേവന മേഖലയിലെ വികസനങ്ങൾ 193

9.1 ജില്ലാ പഞ്ചായത്തുകളും പൊതുജനാരോഗ്യവും 193

9.2 കേരളത്തിലെ ജില്ലാ പഞ്ചായത്തുകളും വിദ്യാഭ്യാസവും 204

**10 സമ്പൂർണ വിഭവ സമാഹരണം 231**

10.1 വരവിനങ്ങൾ (ധന സ്രോതസ്സുകൾ) 231

10.2 ചെലവിനങ്ങൾ (ധന സ്രോതസ്സുകൾ) 238

**11 വികസന വെല്ലുവിളികളും സ്വപ്നങ്ങളും 243**

11.1 പ്രാദേശിക സർക്കാരുകൾ അഭിമുഖീകരിക്കുന്ന വികസന പ്രശ്നങ്ങൾ 243

11.2 വികസന സ്വപ്നങ്ങളും വികസന തന്ത്രങ്ങളും 251

**12 ജില്ലാ ആസൂത്രണ സമിതി 263**

12.1 രൂപീകരണ ലക്ഷ്യം (Objective of Formation) 263

12.2 ഘടന (Composition) 264

12.3 ചുമതലകളും പ്രവർത്തനങ്ങളും (Roles and Functions) 265

12.4 ജില്ലാ റിസോഴ്സ് ഗ്രൂപ്പുകൾ 266

12.5 ജില്ലാ പദ്ധതി 267

12.6 ജില്ലാ പദ്ധതിയുടെ ലക്ഷ്യം 268

12.7 കരട് ജില്ലാ പദ്ധതി 269

12.8 ജില്ലാ പദ്ധതിയുടെ വിശദമായ ഘടന 269

12.9 ജില്ലാ വികസന സെമിനാർ 270

| | |
|---|---|
| 12.10 ജില്ലാ പദ്ധതിക്ക് സർക്കാർ അംഗീകാരം | 270 |
| **13 സംയോജന സാധ്യതകൾ- സംയുക്ത പദ്ധതികൾ, സംയോജിത പദ്ധതികൾ** | **273** |
| 13.1 സംയോജന സാധ്യതകൾ | 274 |
| 13.2 സംയോജനത്തിന്റെ സുപ്രധാന ഘട്ടങ്ങൾ | 275 |
| 13.3 സംയോജിപ്പിക്കാവുന്ന വിവിധ ധനസ്രോതസ്സുകൾ | 275 |
| 13.4 സംയുക്ത പ്രോജക്റ്റുകൾ (Joint Projects) | 276 |
| 13.5 സംയോജിത പരിപാടികൾ/സമഗ്രപരിപാടികൾ | 277 |
| **14 നവകേരള സൃഷ്ടി: ജില്ലാ പഞ്ചായത്തുകളുടെ പങ്ക്** | **281** |
| 14.1 സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) | 281 |
| 14.2 മാലിന്യമുക്ത കേരളം | 283 |
| 14.3 ജില്ലാ വിജ്ഞാന കൗൺസിൽ | 285 |
| 14.4 പാലിയേറ്റീവ് കെയർ | 286 |
| 14.5 സംരംഭകത്വ വികസനം | 288 |
| 14.6 അതിദാരിദ്ര നിർമ്മാർജ്ജനം | 290 |
| 14.7 വിജ്ഞാനകേരളം | 292 |
| **15 സദ്ഭരണം** | **299** |
| 15.1 സദ്ഭരണം-ആശയവും പരിശ്രമങ്ങളും | 299 |
| 15.2 പങ്കാളിത്ത ഭരണം | 303 |
| 15.3 പൗരാവകാശരേഖ (വകുപ്പ് 272 എ) | 304 |
| 15.4 ജനപക്ഷ ഭരണനിർവ്വഹണത്തിന് “ഫ്രണ്ട് ഓഫീസ് സംവിധാനം” | 305 |
| 15.5 ശുപാർശരഹിത ജന സൗഹൃദ ഭരണം | 307 |
| 15.6 ഓഫീസ് നടപടിക്രമങ്ങൾ | 308 |
| 15.7 ആധുനിക മാനേജ്മെന്റ് സങ്കേതങ്ങൾ പ്രാദേശിക ഭരണത്തിൽ | 308 |
| **16 പ്രസിഡന്റ്- പ്രാദേശിക സർക്കാരിന്റെ ലീഡർ** | **321** |
| 16.1 ജനസൗഹൃദ നേതൃത്വം- നിർവചനം | 321 |
| 16.2 ജനസൗഹൃദ നേതൃത്വം: ടീം ബിൽഡിങ്ങിന്റെ പ്രസക്തി | 322 |
| 16.4 വ്യക്തിബന്ധങ്ങളുടെ പ്രസക്തി | 322 |

16.5 പങ്കാളിത്തം ഉറപ്പിക്കൽ 323

16.6 സുതാര്യത 324

16.7 പ്രസിഡന്റിന്റെ കർത്തവ്യങ്ങൾ ചുമതലകൾ അധികാരങ്ങൾ 326

17 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) 329

17.1 സ്ഥാപന ഘടന 329

17.2 പ്രാദേശിക കേന്ദ്രങ്ങൾ 330

17.3 ചുമതലകൾ, ഉത്തരവാദിത്തങ്ങൾ 331

17.4 ദേശീയ-അന്തർദേശീയ ബന്ധങ്ങൾ, പ്രവർത്തനങ്ങൾ 331

17.5 പ്രത്യേക വിഭാഗങ്ങൾക്ക്/വിഷയങ്ങൾക്ക് സെന്ററുകൾ 332

17.6 മുൻകൈ പ്രവർത്തനങ്ങൾ 332

17.7 പ്രസിദ്ധീകരണങ്ങൾ 333

15.8 ലൈബ്രറി & ഇൻഫർമേഷൻ സേവനങ്ങൾ 333

17.9 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ 334

17.10 കേന്ദ്ര കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷന്റെ അക്രഡിറ്റേഷൻ 334

17.11 കേരള നഗര നയ കമ്മീഷൻ (Kerala Urban Policy Commission) 335

17.12 അവാർഡുകൾ 335

17.13 കിലയ്ക്ക് തുടർച്ചയായി രണ്ടാം തവണയും 335



# അധ്യായം 01

# പ്രാദേശിക ഭരണത്തിൽ നിന്നും പ്രാദേശിക സർക്കാരിലേയ്ക്ക്

പഴയ ഗ്രാമ മുഖ്യന്മാരിൽ നിന്നും ഇന്ന് കാണുന്ന പ്രാദേശിക സർക്കാരിലേക്കുള്ള പ്രാദേശിക ഭരണ സംവിധാനത്തിന്റെ ഉയർച്ചയും ഒട്ടും എളുപ്പമായിരുന്നില്ല. നിരവധി മാറ്റങ്ങളും ഇടപെടലുകളും നിയമഭേദഗതികളും വഴിയാണ് ജനപങ്കാളിത്തത്തിൽ അധിഷ്ഠിതമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകൃതമായത്. ഇന്നത്തെ രൂപത്തിലേക്ക് പ്രാദേശിക ഭരണ സംവിധാനം വളർന്ന വഴി നമുക്ക് മനസിലാക്കാം.

പ്രാചീന ഇന്ത്യയിൽ ഗ്രാമങ്ങൾക്ക് സ്വന്തമായി ഭരണ സംവിധാനങ്ങളുണ്ടായിരുന്നു. അഞ്ചു പേർ ഉൾകൊള്ളുന്ന "പഞ്ച" എന്ന ഭരണസംവിധാനത്തിൽ ആരംഭിക്കുന്നുവെന്ന് കരുതപ്പെടുന്നു. ഗ്രാമങ്ങളുടെ കാര്യത്തിൽ ഈ സഭയുടെ തീരുമാനങ്ങൾ അന്തിമമായിരുന്നു. കാലക്രമേണ അഞ്ചു പേർ എന്നതിൽ മാറ്റം വന്നെങ്കിലും ഈ ഗ്രാമഭരണ സംവിധാനം നിലനിന്നിരുന്നു. ബ്രിട്ടീഷ് ഭരണക്കാലത്ത് രീതികൾ മാറിയെങ്കിലും ഈ സംവിധാനം തുടർന്നു. പ്രവിശ്യയുടെ വരവോടെ ഗ്രാമഭരണ സംവിധാനം ദുർബലമായി. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി "ഗ്രാമ സ്വരാജ്" സങ്കൽപ്പം നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വലിയ സ്വപ്നമായിരുന്നു. സ്വാതന്ത്ര്യത്തിന് ശേഷം പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഭരണഘടനയിൽ ചൂണ്ടിക്കാട്ടി നിർദ്ദേശക തത്വങ്ങളിൽ അനുച്ഛേദം 40 ആയി ഇക്കാര്യം ഉൾപ്പെടുത്തുകയും ചെയ്തു.



## വികേന്ദ്രീകൃത ആസൂത്രണം നാഴികക്കല്ലുകൾ

**1952** കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

**1957** ബൽവന്തറായ് മേത്ത കമ്മിറ്റി`

**1959** ദേശീയ തലത്തിൽ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

**1960** കേരള പഞ്ചായത്ത് നിയമം

**1974** ദന്ത് വാല കമ്മിറ്റി

**1978** അശോക് മേത്ത കമ്മിറ്റി

**1984** ഹനുമന്തറാവു കമ്മിറ്റി

**1985** ജി. വി. കെ റാവു കമ്മിറ്റി

**1986** എൽ. എം. സിംഗ് വി കമ്മിറ്റി

**1988** പി. ഐ. തുംഗോൺ കമ്മിറ്റി

**1989** 64, 65 ഭരണഘടനാ ഭേദഗതി ബില്ലുകൾ

**1990** ജില്ലാ കൗൺസിലുകൾ നിയമം

**1993** 73, 74 ഭരണഘടനാ ഭേദഗതികൾ

**1994** കേരള പഞ്ചായത്തിരാജ് നിയമത്തിലൂടെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്തുകൾ എന്നിങ്ങനെയുള്ള ത്രിതല സംവിധാന രൂപീകരണം

**1996** ജനകീയാസൂത്രണ കാമ്പയിൻ

**2023** ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണം

## 1.1 പഞ്ചായത്ത് സംവിധാനം ഭരണഘടനാ പദവിയിലേക്ക്-നാൾവഴി

1948 നവംബർ 4 ന് ഭരണഘടനാ നിർമ്മാണസഭയിൽ അവതരിപ്പിക്കപ്പെട്ട കരട് ഭരണഘടനയിൽ പഞ്ചായത്ത് രാജ് സംവിധാനത്തെ കുറിച്ചുള്ള പരാമർശം ഉണ്ടായിരുന്നില്ല. 1915, 1919, 1935 എന്നീ വർഷങ്ങളിലെ ഇന്ത്യാ ആക്ടുകളിൽ പഞ്ചായത്ത് രാജ് സംവിധാനത്തിന് ഉണ്ടായിരുന്ന സ്ഥാനം പോലും കരട് ഭരണഘടനയിൽ ഇല്ലാതിരുന്നതിനെ തുടർന്ന് ഭരണഘടനാ നിർമ്മാണ സഭയിലുണ്ടായ ചൂടേറിയ വാദപ്രതിവാദങ്ങളുടെയും ദേശീയ പത്രങ്ങളിലെ ചർച്ചകളുടെയും അടിസ്ഥാനത്തിൽ ശ്രീ. കെ. സന്താനം അവതരിപ്പിച്ച ഒത്തുതീർപ്പ് ഭേദഗതി അംഗീകരിച്ചുകൊണ്ട് പഞ്ചായത്തുകളുടെ രൂപീകരണം സംസ്ഥാനങ്ങളുടെ ധാർമ്മിക ചുമതലയായി നിർദ്ദേശക തത്വങ്ങളിൽ അനുഛേദം 40 ആയി ഉൾപ്പെടുത്തി (അനുഛേദം 40: "സംസ്ഥാനം ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കേണ്ടതും സ്വയംഭരണകൂടത്തിന്റെ ഘടകമായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരശക്തിയും പ്രവർത്തനാധികാരങ്ങളും അവയ്ക്ക് നൽകേണ്ടതുമാണ്"). സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം നടത്താവുന്ന വിഷയങ്ങളടങ്ങുന്ന ഏഴാമത് പട്ടികയിൽ അഞ്ചാമതായി ഈ വിഷയം ഉൾപ്പെടുത്തുകയും ചെയ്തു.

1949 നവംബർ 26 ന് ഭരണ ഘടനാ നിർമ്മാണ സഭ ഭരണ ഘടനയ്ക്ക് അംഗീകാരം നൽകുകയും 1950 ജനുവരി 26 ന് നിലവിൽ വരികയും ചെയ്തു.

### 1.1.1 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

ഗ്രാമപുരോഗതിയിൽ കൂടുതൽ ശ്രദ്ധചെലുത്തി ഇന്ത്യൻ ഗ്രാമങ്ങളെ സമഗ്ര പുരോഗതിയിലേക്ക് നയിക്കുവാൻ ആവിഷ്ക്കരിച്ച പദ്ധതി. സാമൂഹിക വികസന/ദേശീയ വികസന ബ്ലോക്കുകൾ വഴി നടപ്പായി. 1952ലാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ബ്ലോക്കുകളിൽ ആരംഭിച്ചത്.

### 1.1.2 ബൽവന്തറായ് മേത്ത കമ്മിറ്റി-1957 ജനുവരി 16

കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ പരാജയകാരണങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുന്നതിനായി ബൽവന്തറായ് മേത്ത അധ്യക്ഷനായി രൂപീകരിച്ച സമിതി, സാമൂഹ്യ വികസനത്തിന് ജനാധിപത്യ വികേന്ദ്രീകരണവും ആസൂത്രണ വികേന്ദ്രീകരണവും അനിവാര്യമാണെന്നും ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പിലാക്കണമെന്നും കമ്മിറ്റി അതിന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചു. നിർദ്ദേശം ദേശീയ വികസന സമിതി അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1959 ഒക്ടോബർ രണ്ടാം തിയതി രാജസ്ഥാനിലെ നാഗോറിൽ ആദ്യത്തെ പഞ്ചായത്ത് ഉദ്ഘാടനം ചെയ്യപ്പെട്ടു.

### 1.1.3 ദന്ത് വാല കമ്മിറ്റി-1974

ആസൂത്രണത്തിന്റെ അടിസ്ഥാന ഘടകമായി ബ്ലോക്കുകളെ നിർദ്ദേശിച്ചു. ബ്ലോക്കുകളുടെ ശാക്തീകരണമായിരുന്നു ഈ റിപ്പോർട്ടിലെ പ്രധാന ഉള്ളടക്കം.

### 1.1.4 അശോക് മേത്ത കമ്മിറ്റി-1978

പഞ്ചായത്ത് സംവിധാനം നേരിട്ട അപചയത്തെകുറിച്ച് പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഡോ. അശോക് മേത്ത അധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആദ്യ കേരള മുഖ്യമന്ത്രി ശ്രീ. ഇ. എം. എസ് നമ്പൂതിരിപ്പാട് ഈ കമ്മിറ്റിയിൽ അംഗമായിരുന്നു. പഞ്ചായത്തുകൾക്ക് ദ്വിതല പഞ്ചായത്ത് സംവിധാനവും ഭരണഘടനയുടെ അംഗീകാരവും വേണമെന്നും ജില്ലാതല ആസൂത്രണ ബോർഡുകൾ രൂപീകരിക്കണമെന്നും നിർദ്ദേശിച്ചു. കേരളത്തിലെ ജില്ലാ കൗൺസിലുകളുടെ രൂപീകരണത്തിന് ഇത് വഴി തെളിയിച്ചു.

### 1.1.5 ഹനുമന്തറാവു കമ്മിറ്റി-1984

ആസൂത്രണത്തിന്റെ മുഖ്യഘടകമായി ജില്ലയെ നിർദ്ദേശിച്ചു. ജില്ലാ കളക്ടറെ ആസൂത്രണത്തിന്റെയും വികസന പ്രവർത്തനങ്ങളുടെയും കോ ഓർഡിനേറ്ററാക്കണമെന്ന് നിർദ്ദേശിച്ചു.

### 1.1.6 ജി. വി. കെ റാവു കമ്മിറ്റി-1985

ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് മതിയായ സാമ്പത്തിക വിഭവങ്ങൾ കൈമാറാൻ ശുപാർശ ചെയ്തു.

### 1.1.7 എൽ. എം. സിംഗ് വി കമ്മിറ്റി-1986

ഭരണഘടനയിൽ ഒരു പുതിയ അധ്യായം ഉൾപ്പെടുത്തികൊണ്ട്, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഭരണഘടനാപരമായി അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് കമ്മിറ്റി ശുപാർശ ചെയ്തു.

### 1.1.8 പി. ഐ. തുംഗോൺ കമ്മിറ്റി-1988

പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾ ഫലപ്രദമാകണമെങ്കിൽ ഭരണഘടനാ ഭേദഗതി അനിവാര്യമാണെന്ന് ചൂണ്ടികാണിച്ചു.

### 1.1.9 64, 65 ഭരണഘടനാ ഭേദഗതി ബില്ലുകൾ-1989

പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകുന്നതിന് വേണ്ടി 1989 ൽ 64, 65 ഭരണഘടനാ ഭേദഗതി ലോക് സഭ പാസാക്കി. എന്നാൽ ബില്ലിലെ ചില വ്യവസ്ഥകൾ സംബന്ധിച്ച് തർക്കമുണ്ടായതിനാൽ രാജ്യസഭയിൽ ബില്ല് പാസായില്ല.

### 1.1.10 73, 74 ഭരണഘടനാ ഭേദഗതികൾ-1993 ഏപ്രിൽ 20

എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് സംവിധാനം ഭരണഘടനാ പദവിയിലേക്ക്. ഭേദഗതി 1992 ഡിസംബർ 22 ന് ലോക്സഭയും 23 ന് രാജ്യസഭയും പാസ്സാക്കി. 1993 ഏപ്രിൽ 20 ന് ഇന്ത്യൻ പ്രസിഡന്റ് ഭേദഗതിയിൽ ഒപ്പ് വെച്ചതോടെ പഞ്ചായത്തുകൾക്ക് ഭരണഘടനാ പിൻബലം ലഭിച്ചു. ഇതോടെ പഞ്ചായത്തുകൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും പ്രാദേശിക സർക്കാരുകൾ എന്ന പദവി ലഭിച്ചു.

## 1.2 എഴുപത്തിമൂന്നാം ഭേദഗതി-സവിശേഷതകൾ

**ഗ്രാമസഭ**

വാർഡിലെ വോട്ടവകാശമുള്ള മുഴുവൻ ജനങ്ങളും ഉൾപ്പെടുന്ന സഭ. അധികാരങ്ങളും ചുമതലകളും സംസ്ഥാന നിയമത്തിലൂടെ.

**ത്രിതല പഞ്ചായത്തുകൾ**

20 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽ ഗ്രാമതലത്തിനും ജില്ലാതലത്തിനും ഇടയിൽ മദ്ധ്യതലം എന്നിങ്ങനെ ത്രിതല പഞ്ചായത്തുകൾ

**പഞ്ചായത്ത് ഘടന**

- ജനസംഖ്യാനുപാതികമായി വാർഡുകൾ
- ജില്ലാതലത്തിലും മദ്ധ്യതലത്തിലും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കിടയിൽ നിന്നും പ്രസിഡന്റിനെ തെരഞ്ഞെടുക്കണം
- ഗ്രാമതലത്തിൽ പ്രസിഡന്റിനെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നോ ജനങ്ങൾ നേരിട്ടോ തെരഞ്ഞെടുക്കൽ
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ബ്ലോക്ക് തലത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ജില്ലാതലത്തിലും അംഗങ്ങളാക്കാൻ വ്യവസ്ഥ ചെയ്യാം
- എം.പി/എം.എൽ.എ മാർക്ക് മദ്ധ്യ/ജില്ലാതലങ്ങളിൽ അംഗങ്ങളാകാൻ വ്യവസ്ഥ ചെയ്യാം
- നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നവർക്കും മറ്റ് തലത്തിൽ നിന്നുള്ളവർക്കും ജില്ലാതല മദ്ധ്യതല പഞ്ചായത്തുകളിൽ വോട്ടവകാശം ഉണ്ടായിരിക്കും

**സംവരണം**

- പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി അംഗത്വത്തിലും അധ്യക്ഷ പദവിയിലും സംവരണം
- വനിതകൾക്ക് അംഗത്വത്തിലും അധ്യക്ഷപദവിയിലും മൂന്നിലൊന്നിൽ കുറയാതെ സംവരണം
- വനിതകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ സംവരണത്തിലും മൂന്നിലൊന്നിൽ കുറയാതെ സംവരണം
- ആവശ്യമെങ്കിൽ പിന്നോക്ക സമുദായങ്ങൾക്ക് സംവരണത്തിന് വ്യവസ്ഥ ചെയ്യാം

**തെരഞ്ഞെടുപ്പ്**

- പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സ്വതന്ത്രാധികാരത്തോടെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ
- പഞ്ചായത്തിന്റെ കാലാവധി അഞ്ച് വർഷം
- കാലാവധി പൂർത്തിയാകും മുമ്പ് അടുത്ത പഞ്ചായത്തിന് വേണ്ടിയുള്ള തെരഞ്ഞെടുപ്പ് പൂർത്തിയാക്കണം

**അംഗത്വം**

- അംഗത്വത്തിന്റെ കുറഞ്ഞ പ്രായം 21 വയസ്സ്
- അയോഗ്യത സംബന്ധിച്ച് നിയമസഭാ സാമാജികർക്കുള്ള വ്യവസ്ഥകൾ ബാധകം

**പ്രാദേശിക സർക്കാരുകൾ**

- അധികാരങ്ങൾ, ചുമതലകൾ-സംസ്ഥാനത്തെ നിയമം നിർദ്ദേശിക്കും പ്രകാരം
- സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാം
- സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും ഉതകുന്ന പദ്ധതികളുണ്ടാക്കണം.
- പദ്ധതി അംഗീകാരത്തിന് ജില്ലാ ആസൂത്രണ സമിതികൾ
- ഭരണഘടനയുടെ പതിനൊന്നാം പട്ടികയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ടവ യുൾപ്പടെയുള്ള സ്കീമുകൾ നടപ്പാക്കാം

**സാമ്പത്തികാധികാരങ്ങൾ**

- സംസ്ഥാന ധനകാര്യ കമ്മീഷൻ
- ബന്ധപ്പെട്ട നിയമത്തിലൂടെ അധികാരപ്പെടുത്തിയ നികുതികളും ചുങ്കങ്ങളും ഫീസുകളും പിരിച്ചെടുക്കാം
- സഞ്ചിതനിധിയിൽ നിന്ന് ഗ്രാന്റുകൾ നൽകാം
- ബന്ധപ്പെട്ട നിയമത്തിൽ നിർദ്ദേശിക്കും പ്രകാരം പ്രത്യേക ഫണ്ട് സൂക്ഷിക്കുകയും അതിൽ നിന്ന് ക്രയവിക്രയം നടത്തുകയും ചെയ്യാം

**അക്കൗണ്ടുകളും ഓഡിറ്റും**

- ബന്ധപ്പെട്ട നിയമത്തിൽ നിർദ്ദേശിക്കും പ്രകാരം അക്കൗണ്ടുകൾ സൂക്ഷിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ഓഡിറ്റ് നടത്തുകയും വേണം

### 1.2.1 സ്വയംഭരണാധികാരം നിയമങ്ങൾക്ക് വിധേയം

നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ലഭിച്ച അധികാരങ്ങളും ചുമതലകളും വിനിയോഗിക്കാനുള്ള സ്വയംഭരണാവകാശമാണ് പഞ്ചായത്തുകൾക്കുള്ളത്.

## 1.3 സ്വാതന്ത്ര്യാനന്തര പഞ്ചായത്ത് സംവിധാനം-കേരളത്തിൽ

1949 ജൂലൈ 1 ന് നാട്ടുരാജ്യങ്ങളുടെ സംയോജനത്തെ തുടർന്ന് തിരു-കൊച്ചി സംസ്ഥാനം നിലവിൽ വന്നു. 1925 ലെ ട്രാവൻകൂർ വില്ലേജ് യൂണിയൻ ആക്ടും 1922 ലെ കൊച്ചിൻ പഞ്ചായത്ത് റഗുലേഷനും ക്രോഡീകരിച്ച് 1950 ലെ തിരുവിതാംകൂർ-കൊച്ചിൻ പഞ്ചായത്ത് ആക്ട് രൂപീകൃതമായി. 1951 ആഗസ്റ്റ് 15 ന് ആക്ട് പ്രാബല്യത്തിൽ വന്നതോടെ നിലവിലുണ്ടായിരുന്ന വില്ലേജ് യൂണിയനുകളും വില്ലേജ് പഞ്ചായത്തുകളും "പഞ്ചായത്തുകൾ" എന്ന് നാമകരണം ചെയ്യപ്പെട്ടു. പതിനായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള പഞ്ചായത്തിന് ഏഴും അതിൽ കൂടുതൽ വരുന്ന ഓരോ രണ്ടായിരം ജനസംഖ്യയ്ക്കും ഒരംഗം എന്ന നിലയ്ക്കും അംഗസംഖ്യ പരമാവധി പതിനഞ്ചായും നിജപ്പെടുത്തിയിരുന്നു. ആകെയുള്ള ജനസംഖ്യയുടെ അഞ്ച് ശതമാനത്തിൽ കുറയാതെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുള്ള പഞ്ചായത്തിൽ ഒരു സീറ്റ് ആ വിഭാഗത്തിനായി സംവരണം ചെയ്തിരുന്നു. 447 വാർഡുകൾ ദ്വയാംഗ മണ്ഡലമായി പ്രഖ്യാപിച്ച് അവിടങ്ങളിൽ നിന്ന് പൊതുവിഭാഗം പ്രതിനിധിയെ കൂടി തെരഞ്ഞെടുക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. സമിതിയുടെ കാലാവധി മൂന്ന് വർഷമായിരുന്നു.

### 1.3.1 ഐക്യകേരള രൂപീകരണത്തെ തുടർന്നുണ്ടായ പുനസംവിധാനം

1956 നവംബർ 1 ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകൃതമായതിന്റെ ഭാഗമായി മലബാർ, കാസറഗോഡ് ഭാഗങ്ങളിലുണ്ടായിരുന്ന 399 പഞ്ചായത്തുകൾ കേരളത്തിൽ ഉൾപ്പെട്ടു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നിന്നായി 52 പഞ്ചായത്തുകൾ അന്നത്തെ മദ്രാസ് സംസ്ഥാനത്തിലേക്ക് കൂട്ടി ചേർക്കപ്പെട്ടു. അപ്രകാരം കേരളത്തിലെ ആകെ പഞ്ചായത്തുകളുടെ എണ്ണം 894 ആയി.

### 1.3.2 ഐക്യ കേരളത്തിലെ ആദ്യ മന്ത്രിസഭയും പഞ്ചായത്ത് സംവിധാനത്തിന്റെ പരിഷ്കരണങ്ങളും

ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിനെ തുടർന്ന് 1957 ൽ ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ മന്ത്രിസഭ നിലവിൽ വന്നു. 1958 ൽ ഇ. എം. എസ് അധ്യക്ഷനായി രൂപീകരിക്കപ്പെട്ട ഒന്നാം ഭരണ പരിഷ്ക്കാര കമ്മീഷന്റെ റിപ്പോർട്ടിൽ പഞ്ചായത്ത് സംവിധാനം സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് വേണ്ടി നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചു. ഭരണത്തിനും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഏജന്റ് എന്ന നിലയിൽ പഞ്ചായത്തുകളെ ശക്തിപ്പെടുത്തണമെന്നും മുഴുവൻ അടിസ്ഥാന നികുതിയും പിരിക്കുന്നതുൾപ്പടെയുള്ള അധികാരം റവന്യൂ വകുപ്പിൽ നിന്ന് പഞ്ചായത്തുകൾക്ക് വിട്ട് കൊടുക്കണം എന്നതുൾപ്പടെയുള്ള സുപ്രധാന നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് ബിൽ 1958 ഡിസംബർ 9ന് അസംബ്ലിയിൽ അവതരിപ്പിച്ചു. എന്നാൽ 1959 ജൂലൈ 31 ന് നിയമസഭ പിരിച്ച് വിട്ടത് കാരണം ബില്ല് നിയമമായില്ല.

**കേരള പഞ്ചായത്ത് ആക്ട്- 1960**

- 1950 ലെ തിരു-കൊച്ചി പഞ്ചായത്ത് ആക്ടും 1950 ലെ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ടും ക്രോഡീകരിച്ചാണ് 1960 ലെ കേരള പഞ്ചായത്ത് ആക്ടിന് രൂപം നൽകിയത്.
- 1960 ഡിസംബർ 8 ന് പ്രാബല്യത്തിൽ വന്നു.
- ലോക്കൽ ബോഡീസ് വകുപ്പ് വിഭജിച്ച് പഞ്ചായത്ത് വകുപ്പും മുനിസിപ്പാലിറ്റീസ് വകുപ്പും രൂപീകരിച്ചു.
- 922 പഞ്ചായത്തുകൾ
- 1963 നവംബർ-ഡിസംബറിൽ ആദ്യ പഞ്ചായത്ത് പൊതു തെരഞ്ഞെടുപ്പ്
- പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഓരോ പഞ്ചായത്തിലും ഓരോ സീറ്റ് സംവരണം
- 81 വനിതകൾ മത്സരിച്ചു, 15 പേർ വിജയിച്ചു
- വനിതാ മെമ്പർമാരില്ലാതിരുന്ന 907 പഞ്ചായത്തുകളിൽ ഓരോ വനിതയെ വീതം നോമിനേറ്റ് ചെയ്തു
- 1964 ജനുവരി 1 ന് പുതിയ സമിതികൾ നിലവിൽ വന്നു.

## 1.3.3 ജില്ലാ കൗൺസിൽ

1990ൽ ജില്ലാ കൗൺസിൽ നിയമമായി. 1991 ജനുവരിയിൽ തിരഞ്ഞെടുപ്പ് നടന്നു. 1991ൽ ചരിത്രം സൃഷ്ടിച്ച് കൊണ്ട് ജില്ലാ കൗൺസിൽ നിലവിൽ വന്നു. ജില്ലയിലെ ഗ്രാമ-നഗര പ്രദേശങ്ങളുടെ ഭരണ ചുമതലയുള്ള വിപുലമായ അധികാരങ്ങളുള്ള രാജ്യത്തെ ആദ്യത്തെ ഭരണകൂട സംവിധാനം കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു. എല്ലാ ജില്ലയിലും ജില്ലാ കൗൺസിൽ പ്രസിഡന്റും, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളും. 19 പ്രധാന വകപ്പുകളിലൂടെ 240 വിഷയങ്ങളും കൈമാറി. പിന്നീട് ജില്ലാ കൗൺസിലുകൾ പിരിച്ചു വിടപ്പെട്ടു. നഗര പ്രദേശങ്ങളും ജില്ലാ കൗൺസിലുകളുടെ പരിധിയിൽ ഉൾപ്പെട്ടിരുന്നു എന്നത് ഇന്നത്തെ ജില്ലാ പഞ്ചായത്തുകളെ അപേക്ഷിച്ച് അവയുടെ മേന്മയായിരുന്നു. 73, 74 ഭരണഘടനാ ഭേദഗതിയോടെ ജില്ലാ കൗൺസിൽ സംവിധാനവും ഇല്ലാതായി.

## 1.3.4 കേരള പഞ്ചായത്ത് രാജ് ആക്ട്-1994

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 1954 ഏപ്രിൽ 24 ന് പ്രാബല്യത്തിൽ വന്നു. ആക്ട് പ്രാബല്യത്തിൽ വരുന്നത് വരെ 1960 ലെ കേരള പഞ്ചായത്ത് ആക്ട് പ്രകാരമാണ് കേരളത്തിൽ പഞ്ചായത്തുകൾ പ്രവർത്തിച്ചിരുന്നത്.

## 1.3.5 കേരള പഞ്ചായത്ത് രാജ് നിയമം-പ്രധാന സവിശേഷതകൾ

### ഗ്രാമസഭ

» വാർഡിലെ മുഴുവൻ വോട്ടർമാരും അംഗങ്ങൾ
» മൂന്ന് മാസത്തിലൊരിക്കൽ യോഗം
» വാർഡ് മെമ്പർ കൺവീനർ
» തുടർച്ചയായ മൂന്ന് യോഗങ്ങൾ വിളിച്ച് കൂട്ടിയില്ലെങ്കിൽ കൺവീനർക്ക് അയോഗ്യത
» വ്യക്തമായ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും
» പ്രധാന അധികാരങ്ങൾ-ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, വികസന പദ്ധതികൾ നിർദ്ദശിക്കലും അവയുടെ മുൻഗണന നിശ്ചയിക്കലും

### ത്രിതല പഞ്ചായത്തുകൾ

» തെരഞ്ഞടുക്കപ്പെട്ട അംഗങ്ങളിൽ നിന്ന് പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും തെരഞ്ഞെടുക്കുന്നു.
» ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബ്ലോക്ക് പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ പഞ്ചായത്തിലും അംഗം,
» ഭാരവാഹി തെരഞ്ഞെടുപ്പിലും അവിശ്വാസത്തിലും ഒഴികെ വോട്ടവകാശം.

### വനിതാ സംവരണം

» അംഗത്വത്തിലും പ്രസിഡന്റ് പദവിയിലും 50% ൽ കുറയാത്ത സംവരണം
» പട്ടികജാതി സംവരണത്തിനുള്ളിലും 50% ൽ കുറയാത്ത വനിതാ സംവരണം

### പട്ടികജാതി-പട്ടികവർഗ്ഗ സംവരണം

» അംഗത്വത്തിലും പ്രസിഡന്റ് പദവിയിലും ജനസംഖ്യാനുപാതികമായി സംവരണം

### പഞ്ചായത്ത് തെരഞ്ഞെടുപ്പ്

» കാലാവധി അഞ്ച് വർഷം
» കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് അടുത്ത സമിതിയെ തെരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥ
» സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കാൻ വ്യവസ്ഥ

**അധികാരങ്ങളും കർത്തവ്യങ്ങളും**

- » പ്രസിഡന്റ് പൂർണ്ണസമയ കാര്യനിർവ്വഹണാധികാരി
- » പൗരസേവനവും വികസനപരവുമായ ചുമതലകളും അധികാരങ്ങളും
- » വിവിധ വകുപ്പുകളുടെ പ്രാദേശിക സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരം പഞ്ചായത്തുകൾക്ക്
- » നിർവ്വഹണാധികാരം ഉദ്യോഗസ്ഥരിൽ നിന്ന് ജനപ്രതിനിധികളിലേക്ക്

**സംസ്ഥാന ധനകാര്യ കമ്മീഷൻ**

- » ഗ്രാന്റുകളുടെയും ധനസഹായങ്ങളുടെയും തോതും മാനദണ്ഡങ്ങളും നിർണ്ണയിക്കാൻ സംസ്ഥാന ധനകാര്യ കമ്മീഷൻ
- » കമ്മീഷന്റെ ശുപാർശ പ്രകാരം ഗ്രാന്റുകളും ധനസഹായങ്ങളും ലഭിക്കുന്നതിനും തനത് വിഭവങ്ങൾ സമാഹരിക്കുന്നതിനും വ്യവസ്ഥകൾ

**ജില്ലാ ആസൂത്രണ സമിതി (മുനിസിപ്പാലിറ്റി നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളത്)**

- » പ്രാദേശിക സർക്കാരുകളുടെ വികസന പദ്ധതികൾ ക്രോഡീകരിക്കുന്നതിനും കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുമായി ജില്ലാ ആസൂത്രണ സമിതി
- » ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി അംഗങ്ങളിൽ നിന്നും അതത് പ്രദേശത്തെ ജനസംഖ്യയ്ക്ക് ആനുപാതികമായി തെരഞ്ഞെടുക്കപ്പെടുന്ന 12 അംഗങ്ങൾ
- » ചെയർപേഴ്സൺ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
- » മെമ്പർ സെക്രട്ടറി ജില്ലാകളക്ടർ
- » സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഒരു അംഗം

## 1.4 സെൻ കമ്മിറ്റി റിപ്പോർട്ട്

അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിനും പ്രാദേശിക ഭരണം ശക്തിപ്പെടുത്താനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 1996 ൽ സംസ്ഥാന സർക്കാർ നിയോഗിച്ച ഡോ. സത്യബ്രത സെന്നിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തിൽ സമഗ്രമായ മാറ്റങ്ങൾക്ക് വഴി തെളിച്ചു.

### 1.4.1 പ്രധാന നിർദ്ദേശങ്ങൾ

- » മൂന്ന് തലത്തിലുള്ള പഞ്ചായത്തുകളുടെയും ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമായി നിർവ്വചിക്കപ്പെടണം. അവ അനുപൂരകമായി പ്രവർത്തിക്കുകയും വേണം
- » ഗ്രാമതലത്തിൽ നടപ്പാക്കാൻ കഴിയുന്ന ഏതൊരു ചുമതലയും അവിടെ തന്നെ

ഏല്പിക്കുകയും നടപ്പാക്കുകയും വേണം. അല്ലാത്തവ മാത്രം മുകൾത്തട്ടിലേക്ക് പരിഗണിക്കണം (Principle of Subsidization Act)

- » ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, മുൻഗണനാക്രമം നിശ്ചയിക്കുക എന്നീ കാര്യങ്ങളിൽ എല്ലാതലങ്ങൾക്കും ബാധകമായ മാനദണ്ഡമുണ്ടാകണം
- » ഗ്രാമസഭകളെ ശക്തിപ്പെടുത്തണം, അയൽകൂട്ടങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം
- » അറിയാനുള്ള അവകാശം, പൗരാവകാശരേഖ, ഭരണത്തിലെ സുതാര്യത എന്നിവ ഉറപ്പ് വരുത്തണം. അതിനായി ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, സോഷ്യൽ ഓഡിറ്റ് എന്നിവ ഏർപ്പെടുത്തണം
- » പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും വിഭവങ്ങളും ഔദ്യോഗിക സംവിധാനങ്ങളിന്മേലുള്ള നിയന്ത്രണവും ഉണ്ടാകണം
- » പഞ്ചായത്തുകളുടെ പ്രവർത്തനം നിരന്തരമായി നിരീക്ഷിച്ച് കുറവുകൾ നികത്തി മുന്നോട്ട് പോകുന്നതിന് സംവിധാനം ഉണ്ടാകണം
- » പഞ്ചായത്തുകൾക്ക് മേൽ സർക്കാർ നിയന്ത്രണം പരമാവധി കുറയ്ക്കണം
- » സദ്ഭരണതത്വങ്ങളിലധിഷ്ഠിതമായ പുതിയൊരു പ്രവൃത്തി സംസ്കാരം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഉണ്ടാകണം
- » 1994 ലെ പഞ്ചായത്ത് രാജ് ആക്ടിന് 1999, 2000, 2010 വർഷങ്ങളിലുണ്ടായ ഭേദഗതികളിലൂടെ വനിതാ സംവരണം 50% ലേക്ക് ഉയർത്തൽ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണത്തിലെ വർദ്ധനവ്, ഗ്രാമസഭകളെ ശക്തിപ്പെടുത്തൽ, അറിയാനുള്ള അവകാശത്തിനുള്ള വ്യവസ്ഥകൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ സംവിധാനങ്ങൾ, 2000 ലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ട് തുടങ്ങിയ അടിസ്ഥാന മാറ്റങ്ങൾക്ക് വഴിയൊരുക്കിയത് സെൻ കമ്മിറ്റി ശുപാർശകളാണ്.

## 1.5 അധികാര വികേന്ദ്രീകരണത്തിന്റെ മുപ്പത് വികസന വർഷങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ അടിസ്ഥാനത്തിൽ 1995 സെപ്തംബറിൽ ത്രിതല പഞ്ചായത്തുകളിലേക്കുള്ള ആദ്യ തെരഞ്ഞെടുപ്പ് നടന്നു. മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 ന് പ്രാദേശിക സർക്കാരുകൾ അധികാരമേറ്റു.

### 1.5.1 സ്ഥാപനങ്ങളും ജീവനക്കാരും പഞ്ചായത്തുകളിലേക്ക്

1995 സെപ്തംബർ 18 ലെ സ. ഉ(പി)നം. 189/95/ത. ഭ. വ ഉത്തരവിലൂടെ സംസ്ഥാന സർക്കാരിലെ 17 വകുപ്പുകളിൽ നിന്ന് സ്ഥാപനങ്ങളും തസ്തികകളും പഞ്ചായത്തുകൾക്ക് കൈമാറി. ഈ ഉത്തരവ് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ഒരു നാഴികക്കല്ലായിരുന്നു.

### 1.5.2 സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 30 ശതമാനത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക്

ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ 1994 ൽ തന്നെ നിയമിതമായി. പഞ്ചായത്തുകൾക്ക് ലഭിച്ചു വന്നിരുന്ന ഗ്രാന്റുകൾ ക്രോഡീകരിച്ച് റൂറൽ പ്ലാൻ എന്ന നിലയിൽ വിതരണം

ചെയ്യുന്നതിനുള്ള ശുപാർശകൾ ഉണ്ടായിരുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ നിശ്ചിത വിഹിതം കൈമാറുന്നതിന് ശുപാർശകളില്ലാതിരുന്നിട്ടും അന്നത്തെ സർക്കാർ ഒമ്പതാം പഞ്ചവത്സര പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനെടുത്ത ധീരമായ തീരുമാനത്തിലൂടെ സംസ്ഥാനത്ത് പ്രാദേശിക വികസനത്തിന്റെ സമുജ്ജ്വലമായ പുതിയൊരു അധ്യായത്തിന് തുടക്കം കുറിച്ചു. ശരാശരി രണ്ട് ലക്ഷം രൂപ ഗ്രാന്റായി അന്നുവരെ ലഭിച്ചിരുന്ന സ്ഥാനത്ത് 50 മുതൽ 75 ലക്ഷം രൂപ വരെ ലഭ്യമാക്കുന്നതായിരുന്നു ഈ പ്രഖ്യാപനം.

### 1994-95 ൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ച സർക്കാർ ധനസഹായം

**Devolution to Local Self Governments in 1994-95 (Rs in Crore)**

| Category | Village Panchayats | Municipalities | Municipal Corporations |
|---|---|---|---|
| Assigned Taxes | 32.67 | 6.44 | 1.9 |
| Shared Taxes | 0.45 | 3.93 | 5 |
| Grants from Centre and States | 12.08 | 5.54 | 2.12 |

*Note: Grants from Centre and states are inclusive of general purpose, specific purpose and development purpose grants and Centrally Sponsored Schemes*

*Source : Govt. of Kerala 1999 subsidiary points on Local Bodies presented to 11th Finance Commission (unpublished)*

### 1995-96 മുതൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പദ്ധതി വിഹിതം

**Trends in devolution to Local Governments in Kerala from 1995-96 to 2020-21 (Rs in crores)**

| Year | Devolution from State | | | Plan devolution as share of State plan outlay |
|---|---|---|---|---|
| | Plan grant /DF to LGs | Non plan grant/ GPF and MF | Total | |
| 1995-96 | 30 | 95.09 | 125.09 | |
| 1996-97 | 212 | 328 | 540 | |
| 1997-98 | 749 | 297.2 | 1046.2 | |
| 1998-99 | 950 | 384.3 | 1334.3 | |
| 1999-00 | 1020 | 405.4 | 1425.4 | |
| 2000-01 | 1045 | 419.9 | 1464.9 | |
| 2001-02 | 890 | 440.9 | 1330.9 | |
| 2002-03 | 1342 | 472.2 | 1814.2 | |

| | | | |
|---|---|---|---|
| 2003-04 | 1317 | 505.6 | 1822.6 |
| 2004-05 | 1350 | 531.11 | 1881.11 |
| 2005-06 | 1375 | 657 | 2032 |
| 2006-07 | 1400 | 650 | 2050 |
| 2007-08 | 1540 | 715 | 2255 |
| 2008-09 | 1694 | 787 | 2481 |
| 2009-10 | 1863 | 865 | 2728 |
| 2010-11 | 2050 | 951 | 3001 |

*Note : The fund transfer through KSUDP had been deducted from the total budgeted plan outlay to LGs during 2020-21*

*Source: Computed from GoK Budget for various years, State Planning Board, RBI – Handbook of Statistics on Indian States (Various Years), RBI – State Finances a study of Budgets (www.rbi.org.in)*




പട്ടിക 2 ഉം 3 ഉം താരതമ്യം ചെയ്താൽ പഞ്ചായത്തുകൾക്ക് ലഭ്യമായ സർക്കാർ ധനസഹായത്തിന്റെ അന്തരം വ്യക്തമാകും. 1994-95ൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് 61.11 കോടി രൂപ മാത്രമായിരുന്നു. ആ സ്ഥാനത്ത് 2020-21 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പദ്ധതി വിഹിതം 11564.06 കോടി രൂപയാണ്.

ഇപ്രകാരം അധികാരങ്ങളും ഫണ്ടും ഉദ്യോഗസ്ഥരുമുൾപ്പടെ സ്ഥാപനങ്ങളും കൈമാറിക്കൊണ്ട് ഒരു പ്രസ്ഥാനത്തിന്റെ രൂപത്തിൽ വിവിധ ജനവിഭാഗങ്ങളെ ജനപ്രതിനിധികൾക്ക് ഒപ്പം

അണിനിരത്തി പുതിയ ചുമതലകൾ ഏറ്റെടുക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനാണ് ഒമ്പതാം പദ്ധതി കാലയളവിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ അന്നത്തെ സർക്കാർ ശ്രദ്ധിച്ചത്.

അധികാര വികേന്ദ്രീകരണത്തിന്റെ മൂന്ന് പതിറ്റാണ്ട് പൂർത്തിയാകുന്ന ഈ വേളയിലും ഒമ്പതാം പദ്ധതി കാലയളവിൽ ആവിഷ്ക്കരിച്ച ആസൂത്രണ നിർവ്വഹണ രീതികൾക്ക് കാര്യമായ ഭേദഗതി ഉണ്ടായിട്ടില്ല. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷിയിൽ കാര്യമായ പുരോഗതി ഈ കാലയളവിനുള്ളിൽ ഉണ്ടായിട്ടുണ്ട്.

### 1.5.3 മൂന്ന് പതിറ്റാണ്ടുകളിലെ നേട്ടങ്ങൾ

**ഭരണ നിർവ്വഹണ രംഗം**

- സമഗ്രമായ കമ്പ്യൂട്ടറൈസേഷൻ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായ സോഫ്റ്റ് വെയർ വിന്യാസം
- ഫലപ്രദമായ ഫ്രണ്ട് ഓഫീസ് സംവിധാനം
- മുഴുവൻ അപേക്ഷകൾക്കും കൈപ്പറ്റ് രസീത്
- ഹെൽപ് ഡെസ്ക് സംവിധാനം
- ഇന്റർഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം (ഐ. എൽ. ജി. എം. എസ്) സിറ്റിസൺ പോർട്ടൽ
- കെ-സ്മാർട്ട്
- സിറ്റിസൺ അദാലത്ത്

## 1.6 ജനകീയാസൂത്രണം

കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അധ്യായം തുറന്നുവിട്ട, ലോകശ്രദ്ധ ആകർഷിച്ച ഒരു നവീനമായ പരീക്ഷണമാണ് ജനകീയാസൂത്രണം (People's Planning Campaign). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള അധികാരം കൈമാറിക്കൊണ്ട്, 1996 ഓഗസ്റ്റ് 17-നാണ് (കൊല്ലവർഷം 1171 ചിങ്ങം 1) കേരളത്തിൽ ഈ വികേന്ദ്രീകൃത ആസൂത്രണ പദ്ധതിക്ക് തുടക്കം കുറിച്ചത്. കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ ദീർഘവീക്ഷണത്തിൽ രൂപം കൊണ്ട ആശയമാണിത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള അധികാരത്തോടൊപ്പം ആവശ്യമായ

ധനവിഭവങ്ങളും, അധികാരങ്ങളും, ചുമതലകളും, സ്ഥാപനങ്ങളും, ഉദ്യോഗസ്ഥരും(Fund, & Functionaries) കൈമാറികൊണ്ട് വികസന പ്രവർത്തനങ്ങളുടെ ജനാധിപത്യവൽക്കരണം യാഥാർത്ഥ്യമാക്കി.

### 1.6.1 ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാതലായ ലക്ഷ്യങ്ങൾ

അധികാര വികേന്ദ്രീകരണം: നാൾക്കുനാൾ വർധിച്ചു വന്ന അധികാര കേന്ദ്രീകരണത്തിന് പകരം, അധികാരം ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൈമാറ്റം ചെയ്യുക.

പ്രാദേശിക സർക്കാരുകൾ: ത്രിതല പഞ്ചായത്തുകളെയും നഗരസഭകളെയും യഥാർത്ഥ സ്വയംഭരണ സ്ഥാപനങ്ങളായും പ്രാദേശിക സർക്കാരുകളായും രൂപപ്പെടുത്തുക.

ജനപങ്കാളിത്തം: ആസൂത്രണ പ്രവർത്തനങ്ങളിൽ ഗ്രാമസഭകളിലൂടെയും വാർഡ് സഭകളിലൂടെയും പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക. അങ്ങനെ അധികാരം ജനങ്ങൾക്ക്.

വിഭവ വിനിയോഗം: സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 35% വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവിനായി നൽകി, വികസന പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും അവസരം നൽകുക.

സുസ്ഥിര വികസനം: പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സുസ്ഥിര വികസനവും പ്രാദേശിക ശാക്തീകരണവും പ്രകൃതി സംരക്ഷണവും ഉറപ്പാക്കുക.

പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനം: സമൂഹത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജന വിഭാഗങ്ങളെയും മറ്റ് പാർശ്വവത്കരിക്കപ്പെട്ടവരെയും വികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

### 1.6.2 പശ്ചാത്തലവും രൂപീകരണവും

1992-ലെ 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ ഇന്ത്യയിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അംഗീകാരവും സാധ്യതകളും ലഭിച്ചു. എന്നാൽ പല സംസ്ഥാനങ്ങളും അധികാരം പൂർണ്ണമായി കൈമാറാൻ തയ്യാറായില്ല. ഈ സാഹചര്യത്തിലാണ്, 1996-ൽ പുതുതായി അധികാരത്തിൽ വന്ന നേതൃത്വത്തിലുള്ള സർക്കാർ, നിയമപരമായ പരിമിതികളെ മറികടന്ന്, ജനകീയാസൂത്രണം എന്ന പേരിൽ ഒരു ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയത്.

പ്രാദേശിക സർക്കാരുകളെ സഹായിക്കുന്നതിനായി, സന്നദ്ധ പ്രവർത്തകരേയും, വിദഗ്ധരേയും, ഉദ്യോഗസ്ഥരേയും, പൊതുജനങ്ങളേയും കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരുമിച്ച് അണിനിരത്തിയാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്.

### 1.6.3 പദ്ധതി രൂപീകരണത്തിന്റെ ഘട്ടങ്ങൾ

ജനകീയാസൂത്രണ പ്രക്രിയയിൽ, താഴെത്തട്ടിൽ നിന്ന് മുകളിലേക്ക് വികസന പദ്ധതികൾ രൂപീകരിക്കുന്നു. പ്രധാനമായി താഴെപ്പറയുന്ന ഘട്ടങ്ങളിലൂടെയാണ് ഇത് കടന്നുപോകുന്നത്:

**ഗ്രാമസഭ/വാർഡ് സഭ:** വികസന ആവശ്യങ്ങൾ കണ്ടെത്തുകയും പദ്ധതി ആശയങ്ങൾ

ചർച്ച ചെയ്യുകയും ചെയ്യുന്ന അടിസ്ഥാന ജനാധിപത്യ വേദി.

**വികസന സെമിനാറുകൾ:** ഗ്രാമസഭകളിലെ ആവശ്യങ്ങൾ പരിശോധിച്ച്, വിവിധ മേഖലകൾ ഉൾപ്പെടുന്ന പദ്ധതികളുടെ അന്തിമ കരട് രൂപം തയ്യാറാക്കുന്ന വേദി.

**വർക്കിംഗ് ഗ്രൂപ്പുകൾ:** തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും തദ്ദേശ വകുപ്പിലെ ഉദ്യോഗസ്ഥരും വിവിധ മേഖലകളിലെ വിദഗ്ധരും ഉൾപ്പെടുന്ന ഈ ഗ്രൂപ്പുകൾ പദ്ധതി ആശയങ്ങൾക്ക് സാങ്കേതിക മേൽനോട്ടം നൽകുന്നു.

**പഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ:** പദ്ധതികൾ അംഗീകരിക്കുകയും അവ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

**ജില്ലാ ആസൂത്രണ സമിതി (DPC):** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വരുന്ന പദ്ധതികൾ പരിശോധിച്ച് അന്തിമ അംഗീകാരം നൽകുന്നു. എല്ലാ പദ്ധതികളും സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നു.

ജനകീയാസൂത്രണം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ ദിശാബോധം നൽകുകയും ഇന്ത്യയിലെ അധികാര വികേന്ദ്രീകരണ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറുകയും ചെയ്തു.

## 1.6.4 ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ

### പൊതു വിദ്യാഭ്യാസം

ഇന്ത്യയ്ക്ക് ആകെ തന്നെ മാതൃകയായ ഒരു പൊതു വിദ്യാഭ്യാസ സമ്പ്രദായം കേരളത്തിൽ നിലവിലുണ്ടായിരുന്നു എന്നത് നമുക്കറിയാം. എന്നാൽ 1980 ന് ശേഷം കേരള സമൂഹത്തിലുണ്ടായ സാമ്പത്തിക-സാമൂഹ്യ മാറ്റങ്ങളുടെ ഫലമായി പൊതുവിദ്യാഭ്യാസ മേഖലയിൽ തിരിച്ചടികൾ നേരിടുകയുണ്ടായി. അൺ എയ്ഡഡ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനമാകെ വ്യാപിക്കുകയും ചെയ്തു. 1991 ൽ ഒന്നര ലക്ഷം വിദ്യാർത്ഥികൾ ഈ മേഖലയിൽ ഉണ്ടായിരുന്നത് 2000ൽ 4.1 ലക്ഷമായി വർദ്ധിച്ചു. എന്നാൽ 2015-16 ന് ശേഷം ഈ രീതിയിൽ കാര്യമായ മാറ്റമുണ്ടായിരിക്കുന്നു. 2018-2021 കാലയളവിൽ 2 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ അഞ്ച് ലക്ഷത്തിലധികം കുട്ടികൾ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും പൊതു വിദ്യാലയങ്ങളിലേക്ക് തിരിച്ചെത്തുകയുണ്ടായി. നീതി ആയോഗ് 2019 ൽ നടത്തിയ സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി സർവ്വേയിൽ 100ൽ 76.6 സ്കോർ നേടി കേരളം ഒന്നാമതെത്തുകയും ചെയ്തു.

പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടായ ഈ വമ്പിച്ച മുന്നേറ്റത്തിന് പിന്നിലെ പ്രധാന ഘടകം അധികാര വികേന്ദ്രീകരണത്തെ തുടർന്നുണ്ടായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളാണെന്നത് വ്യക്തമാണ്. സ്കൂൾ കെട്ടിടങ്ങൾ, ടോയ്‌ലറ്റുകൾ, കുടിവെള്ള സംവിധാനം, ഫർണീച്ചർ, പഠനസഹായികൾ മുതലായവ ലഭ്യമാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്കാണ് വഹിച്ചത്. 2016 മുതൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേന അടിസ്ഥാന സൗകര്യവികസനത്തിലുണ്ടായ

പുരോഗതിയും ശ്രദ്ധേയമാണ്.

അദ്ധ്യാപക-രക്ഷാകർത്തൃ സമിതി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, മദേഴ്സ് കമ്മിറ്റി, പ്രാദേശിക സഹായ സമിതികൾ മുതലായവ ശക്തിപ്പെടുത്തുന്നതിൽ ജനപ്രതിനിധികളുടെ ഇടപെടൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. പരിഹാര ബോധന വിദ്യാഭ്യാസ പരിപാടികൾ, പോഷകാഹാര വിതരണ പരിപാടികൾ, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക സഹായങ്ങൾ, സ്കോളർഷിപ്പുകൾ, അവാർഡുകൾ, ക്യാമ്പുകൾ, കൗൺസിലിംഗ്, കലാകായിക പരിശീലനങ്ങൾ തുടങ്ങി ഒട്ടനവധി അനുബന്ധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങിയതിന്റെ കൂടി ഫലമാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ ഇന്നുണ്ടായിട്ടുള്ള നേട്ടങ്ങൾ.

## പൊതുജനാരോഗ്യം

ഏറെ പ്രശസ്തമായ കേരള വികസന മാതൃകയുടെ പ്രധാന ഘടകം പൊതുജനാരോഗ്യ മേഖലയിലെ ഒട്ടുമിക്ക സൂചകങ്ങളിലും നാം നേടിയ പുരോഗതിയായിരുന്നു. എന്നാൽ 1990 കളിൽ പൊതുജനാരോഗ്യ രംഗം വലിയ തിരിച്ചടികളാണ് നേരിട്ടത്. രോഗാതുരതയും ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ചപ്പോൾ ആരോഗ്യരംഗത്തെ സർക്കാർ ഇടപെടൽ ഗണ്യമായി കുറയുകയാണ് ചെയ്തത്. 1960 കളിൽ ആരോഗ്യരംഗത്തെ സർക്കാർ ചെലവ് പദ്ധതി വിഹിതത്തിന്റെ 10 ശതമാനത്തിൽ അധികമായിരുന്നെങ്കിൽ 1995-96 ൽ അത് 6.81% ഉം 2004-05 ൽ 4.5% ഉം ആയി കുറയുകയാണുണ്ടായത്. നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ 2005 ലെ 71-ാ മത് റൗണ്ട് സർവ്വേ റിപ്പോർട്ട് പ്രകാരം പൊതുജനാരോഗ്യ സംവിധാനങ്ങൾ ഉപയോഗിക്കുന്നവർ 34% ആയി കുറഞ്ഞു.

പൊതുജനാരോഗ്യ മേഖലയിൽ പഞ്ചായത്തുകളുടെ ഇടപെടൽ ഉണ്ടായിട്ടും ആദ്യ കാലങ്ങളിൽ വേണ്ടത്ര മെച്ചമുണ്ടായില്ല എന്നാണ് ഇത് കാണിക്കുന്നത്. പഞ്ചായത്തുകൾക്ക് കൈമാറിയ ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരും പഞ്ചായത്തുകളും തമ്മിൽ വേണ്ടത്ര സഹകരണം ഉണ്ടാകാതെ പോയതാണ് ഇതിന്റെ കാരണമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

2016 ൽ അന്നത്തെ സർക്കാർ ആവിഷ്ക്കരിച്ച "ആർദ്രം" മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയതോടെ ഈ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ഉണ്ടായത്. 2014-15ൽ 629 കോടി രൂപ ചെലവഴിക്കപ്പെട്ട സ്ഥാനത്ത് 2018-19 ൽ 1419 കോടി രൂപയാണ് വിനിയോഗിച്ചത്. അതിന് പുറമെയാണ് കിഫ്ബി മുഖേന അടിസ്ഥാന സൗകര്യവികസനത്തിനായി 4000 കോടി രൂപ ചെലവഴിച്ചത്. ആരോഗ്യ പ്രവർത്തകരുടെ 5289 തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെട്ടു.

ഈ കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിലും വലിയ മുന്നേറ്റങ്ങളാണുണ്ടായത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും സബ് സെന്ററുകളുടെയും നവീകരണം, മരുന്നിന്റെയും ആശുപത്രി ഉപകരണങ്ങളുടെയും വാങ്ങൽ, അധിക സേവനത്തിനായി ഡോക്ടർമാർ നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ കരാർ

നിയമനം മുതലായ നടപടികളിലൂടെ പൊതുജനാരോഗ്യ രംഗത്ത് വലിയ ഉണർവാണ് ഉണ്ടായത്. കൂടാതെ പാലിയേറ്റീവ് പരിചരണം, കുടുംബശ്രീ ആരോഗ്യ വോളണ്ടിയർമാരുടെ സേവനം, വയോജന പരിചരണം, ബഡ്സ് സ്കൂൾ/റീഹാബിലിറ്റേഷൻ സെന്ററുകൾ, യോഗാ പരിശീലനം, ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം എന്നിവയിലൂടെയും പൊതുജനാരോഗ്യ പരിപാലന രംഗത്ത് പഞ്ചായത്തുകൾ ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തിയത്.

ഈ പ്രവർത്തനങ്ങളുടെ ഫലമായി പൊതുജനാരോഗ്യ സംവിധാനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം 2017-18 ൽ 48% ആയി ഉയർന്നു. (75th round of the NSSO) ശിശുമരണ നിരക്ക് അന്താരാഷ്ട്ര ശരാശരിയായ 8ലും താഴെ, 5ലേക്ക് എത്തിക്കുവാൻ കഴിഞ്ഞു. മാതൃമരണ നിരക്ക് കേരളത്തിൽ 18 ആയിരിക്കുമ്പോൾ അമേരിക്കയുടെത് 22.3ആണ്, മറ്റ് എല്ലാ സൂചകങ്ങളിലും പുരോഗതി നേടുവാനും കഴിഞ്ഞു.

പൊതുജനാരോഗ്യ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യം അടിവരയിട്ട് ഉറപ്പിക്കുന്നതായിരുന്നു കോവിഡ് മഹാമാരിയുടെ കാലത്ത് ഉണ്ടായ ഇടപെടലുകൾ. തുടർച്ചയായി ഉണ്ടായ പ്രളയകാലങ്ങളിലും ആവർത്തിച്ചുണ്ടാകുന്ന പകർച്ചവ്യാധികളുടെ കാലങ്ങളിലും പൊതുജനാരോഗ്യ പ്രവർത്തകരും ജനപ്രതിനിധികളും ഒത്ത് ചേർന്ന് പ്രവർത്തിച്ചതിലൂടെ പുതിയൊരു പ്രവർത്തന മാതൃകയാണ് കേരളം കാഴ്ച്ച വെച്ചത്.

## റോഡുകൾ

കേരളത്തിലെ റോഡുകളുടെ സാന്ദ്രത 100 ചതുരശ്ര കിലോമീറ്റർ പ്രദേശത്തിന് 390 കി. മീ റോഡ് ആണ്. ഇത് ദേശിയ ശരാശരിയുടെ ഏകദേശം മൂന്നിരട്ടിയാണ്. ജനവാസ പ്രദേശങ്ങൾ ഭൂപ്രദേശമാകെ വ്യാപിച്ചു കിടക്കുന്ന രീതി മൂലം കേരളത്തിൽ റോഡുകളുടെ ആവശ്യകത കൂടുതലാണ്. ഭൂപ്രകൃതിയുടെ പ്രത്യേകതയും ഏഴ് മാസത്തിലധികം നീണ്ട് നിൽക്കുന്ന മഴക്കാലവും റോഡുകളുടെ സംരക്ഷണ ചെലവ് വർദ്ധിപ്പിക്കുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിന് ശേഷം കേരളത്തിലെ ഗ്രാമീണ റോഡുകളുടെ അളവിലും നിലവാരത്തിലുമുണ്ടായ ദൃശ്യമായ പുരോഗതി ഈ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലിന്റെ തെളിവാണ്.

ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം 1995-96 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ 115306 കി. മീ ആയിരുന്നത് 152422 കി. മീ ആയി വർദ്ധിച്ചു എന്ന് 2024 ലെ സംസ്ഥാന എകണോമിക് റിവ്യു വ്യക്തമാക്കുന്നു.

## ഊർജ്ജ മേഖല

2017 മെയ് മാസത്തിൽ കേരളത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കപ്പെട്ടതായി ഔദ്യോഗിക പ്രഖ്യാപനമുണ്ടായി. 9 മുതൽ 12 വരെയുള്ള നാല് പഞ്ചവത്സര പദ്ധതി കാലയളവിൽ ഗാർഹിക വൈദ്യുതീകരണത്തിനും വൈദ്യുതി ലൈൻ ദീർഘിപ്പിക്കലിനും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണനയാണ് നൽകിയിരുന്നത്. 1997-98 മുതൽ 2016-17 വരെയുള്ള കാലയളവിൽ 6 ലക്ഷത്തിലധികം വീടുകൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം ലഭ്യമാക്കുകയുണ്ടായി. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഊർജിത ശ്രമവും നടക്കുന്നുണ്ട്.

## പാർപ്പിടം

വികേന്ദ്രീകൃതാസൂത്രണത്തിലൂടെ വമ്പിച്ച പുരോഗതി കൈവരിച്ച മേഖലയാണ് ഭവന നിർമ്മാണം. ജനകീയാസൂത്രണ കാലയളവിന് മുമ്പ് ഈ രംഗത്ത് ഉണ്ടായ നേട്ടം 1972-73 ലെ ലക്ഷം വീട് പദ്ധതി മാത്രമായിരുന്നു. എന്നാൽ ഒമ്പതാം പദ്ധതി കാലയളവിൽ മാത്രം അഞ്ച് ലക്ഷത്തി പതിനായിരം വീടുകൾക്കാണ് തദ്ദേശ പാർപ്പിടം സ്ഥാപനങ്ങൾ ധനസഹായം നൽകിയത്. കൂടാതെ ഭവന പുനരുദ്ധാരണത്തിനായി 1.9 ലക്ഷം കുടുംബങ്ങൾക്കും ധനസഹായം നൽകി.

പതിമൂന്നാം പദ്ധതി കാലയളവോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 20 ലക്ഷത്തിലധികം വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ 3.75 ലക്ഷത്തിലധികം വീടുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

## ദാരിദ്ര്യലഘൂകരണം

അധികാരവികേന്ദ്രീകരണത്തിന് മുമ്പ് 1993-94 കാലയളവിൽ കേരളത്തിലെ ഗ്രാമീണ ജനതയുടെ 25.76% ആളുകൾ ദാരിദ്ര്യം അനുഭവിക്കുന്നവരായിരുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിവയുമായി ബന്ധപ്പെട്ട പത്ത് സൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (UNDP) തയ്യാറാക്കിയിട്ടുള്ള മൾട്ടി ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് (MPI) പ്രകാരം കേരളത്തിലെ ദരിദ്രർ 2005-06 ൽ ആകെ ജനസംഖ്യയുടെ 13% ആയിരുന്നത് 2015-16 ൽ ഒരു ശതമാനമായി കുറയുകയുണ്ടായി. മൾട്ടി ഡൈമൻഷണൽ ഇൻഡക്സുമായി (MPI) ബന്ധപ്പെട്ട ആരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, വൈദ്യുതീകരണം, ശുചിത്വം മുതലായ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ സമഗ്ര ഇടപെടലിലൂടെയാണ് ദാരിദ്ര്യ ലഘൂകരണത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി മാറുവാൻ കേരളത്തിന് കഴിഞ്ഞത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സാമൂഹ്യക്ഷേമ പെൻഷനുകൾ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കിയതും പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഫലപ്രദമായി നടപ്പാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും പാലിയേറ്റീവ് കെയർ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ/ സ്കൂൾ മുതലായവയും ഈ രംഗത്തെ നേട്ടങ്ങൾ നിലനിർത്താൻ സഹായിച്ചിട്ടുണ്ട്. 2025

നവംബർ 01ന് കേരളം അതിദാരിദ്ര്യ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചുകൊണ്ട് മറ്റൊരു ചരിത്ര നേട്ടം കൂടി കൈവരിച്ചു.

## 1.7 കൂടുതൽ ശ്രദ്ധ ആവശ്യമുള്ള മേഖലകൾ

### കൃഷി

കാർഷിക അനുബന്ധ മേഖലകളായ ക്ഷീരോല്പാദനത്തിലും മുട്ട ഉല്പാദനത്തിലും കേരളം സ്വയംപര്യാപ്തത ആർജ്ജിക്കാൻ കഴിയുന്ന നിലവിലെ അവസ്ഥയ്ക്ക് കാരണം വികേന്ദ്രീകൃതാസൂത്രണത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ സജീവ ഇടപെടലാണെന്ന് കാണാൻ കഴിയും. പച്ചക്കറിയുടെ ഉല്പാദനത്തിലും ഈ ഉണർവ്വ് ദൃശ്യമാണ്. എന്നാൽ കേരളത്തിലെ മുഖ്യ കാർഷിക വിളകളായിരുന്ന നെല്ലിന്റെയും തെങ്ങിന്റെയും കാര്യത്തിൽ വലിയ തിരിച്ചടിയാണ് കേരളം നേരിട്ട് വരുന്നത്.

1995-96 ൽ 4.7 ലക്ഷം ഹെക്ടറിലുണ്ടായിരുന്ന നെൽകൃഷി ഇരുപത്തഞ്ച് വർഷങ്ങൾ കഴിയുമ്പോഴേക്കും രണ്ട് ലക്ഷം ഹെക്ടറിലായി ചുരുങ്ങിയിരിക്കുന്നു. നെല്ല് ഉല്പാദനം 9.5 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 5.2 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു. തേങ്ങയുടെ ഉല്പാദനത്തിലും ഈ കുറവ് വ്യക്തമാണ്. 1995-96 ൽ 590 കോടി തേങ്ങ ഉണ്ടായിരുന്നത് 2020-21 ൽ 530 കോടി തേങ്ങയായി കുറഞ്ഞു. ഇടവിള കൃഷികളുടെ കാര്യത്തിലും കാര്യമായ കുറവുണ്ട്. പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ നടപ്പാക്കിയ വിജയകരമായ മാതൃകകൾ നെല്ല്, തെങ്ങ്, ഇടവിള മുതലായവയുടെ കാര്യത്തിലും അനിവാര്യമാണ്. ഇ മേഖലകളിൽ ജില്ലാ പഞ്ചായത്തിലെ പുതിയ ഭരണസമിധികളുടെ ശ്രദ്ധാപൂർവമായ ഇടപെടൽ അനിവാര്യമാണ്.

### പ്രാദേശിക സാമ്പത്തിക വികസനം

അധികാര വികേന്ദ്രീകരണത്തിന്റെ പിന്നിട്ട മൂന്ന് ദശകങ്ങൾ വിലയിരുത്തുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഏറ്റവും ദുർബലമായിരുന്ന രംഗമാണ് ചെറുകിട ഇടത്തരം വ്യവസായ മേഖല. ഫലപ്രാപ്തിയിലെത്താതെ പോയ ചില വ്യവസായ എസ്റ്റേറ്റുകൾക്ക് ഉപരിയായി ഇക്കാര്യത്തിൽ കാര്യമായ സംഭാവന നൽകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. 2022-23 മുതൽ സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിച്ച സംരംഭക വർഷം പരിപാടി ഈ രംഗത്ത് വലിയ ഉണർവ്വുണ്ടാക്കിയിട്ടുണ്ട്. കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള വിജ്ഞാന കേരളം ജനകീയ ക്യാമ്പയിനും വലിയ അവസരമാണ് സൃഷ്ടിച്ചിട്ടുള്ളത്.

ടൂറിസം രംഗത്ത് "ഡെസ്റ്റിനേഷൻ ചലഞ്ച്" ഉൾപ്പെടെ സംസ്ഥാനത്തുടനീളം ഉണ്ടായിട്ടുള്ള

അനുകൂല സാഹചര്യങ്ങളും ശ്രദ്ധേയമാണ്. ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് മുന്നേറ്റമുണ്ടാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ജില്ലാ പഞ്ചായത്തുകൾ ജില്ലയിൽ നേതൃത്വപരമായ പങ്ക് വഹിക്കണം. ജില്ലാ ഫാമുകളുടെ സാധ്യത ഉപയോഗപെടുത്തി ഫാം ടൂറിസത്തിന്റെ കൊല്ലം മാതൃക അനുകരണീയമാണ്.

### ഖരദ്രവ മാലിന്യ പരിപാലനം

ഗ്രാമ-നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ പ്രധാനപ്പെട്ടവയായിട്ടും മാലിന്യ പരിപാലന രംഗത്ത് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാൽനൂറ്റാണ്ടായി ഏറെയൊന്നും മുന്നേറാൻ കഴിഞ്ഞിരുന്നില്ല എന്നത് വസ്തുതയാണ്. 2017-18 വർഷം ഹരിതകർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചെങ്കിലും 2022-23 മുതലാണ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സജീവമായത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി 2023-25 ഓടെ ഖരമാലിന്യ പരിപാലനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ മുന്നേറ്റം നടത്തുകയുണ്ടായി. ഗാർഹിക ജൈവ മാലിന്യങ്ങളുടെ വികേന്ദ്രീകൃത പരിപാലന രംഗത്തും കാര്യമായി മുന്നേറാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ദ്രവമാലിന്യ പരിപാലനത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്ത അവസ്ഥയാണുള്ളത്. സംസ്ഥാനത്തെ പൊതുജലാശയങ്ങളും ഗാർഹിക കിണറുകളിലെ ജലവും ഗുരുതരമായി മലിനീകരിക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമമായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്. ജില്ലയിൽ ആവശ്യമായ അറവ്ശാലകൾ, കോഴി/അറവ് മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, sludge treatment പ്ലാന്റ് മുതലായ കേന്ദ്രീകൃത സംവിധാനങ്ങൾ ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്ത് മുൻ കൈയെടുക്കണം.

## 1.8 നവകേരള കർമ്മപരിപാടി

2017-ൽ ആരംഭിച്ച ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം തുടങ്ങിയ മിഷനുകളിലൂടെ ആരോഗ്യ-വിദ്യാഭ്യാസ-പാർപ്പിട-പാരിസ്ഥിതിക മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു. 2021 മുതൽ നവകേരളം കർമ്മ പദ്ധതി-II കേരളത്തിൽ നടപ്പാക്കി വരുന്നു. ഹരിതകേരളം, ആർദ്രം, ലൈഫ്. വിദ്യാകിരണം എന്നിവ നവകേരളം കർമ്മപദ്ധതി II ന്റെ ഉപപദ്ധതികളായി നടപ്പിലാക്കുന്നു. ഇവയുടെ നിർവ്വഹണത്തിൽ ജില്ലാ പഞ്ചായത്തുകളുടെ പങ്ക് സുപ്രധാനമാണ്.



# അധ്യായം 02

# ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ

73-ാം ഭരണഘടനാ ഭേദഗതിയെത്തുടർന്ന് ത്രിതല പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളായി മാറി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരം ജില്ലാ പഞ്ചായത്ത് പ്രദേശത്തെ സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും അവ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തവും അധികാരവും ജില്ലാ പഞ്ചായത്തുകൾക്ക് നൽകുന്നു. ജില്ലാ പഞ്ചായത്തുകളുടെ മുഴുവൻ സമയ കാര്യനിർവ്വഹണ അധികാരികളാണ് പ്രസിഡന്റുമാർ. പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന വിവിധ ചുമതലകൾ സമയബന്ധിതമായും നീതിയുക്തമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടവരാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ. ജില്ലയിലെ വികസന വിടവുകൾ തിരിച്ചറിഞ്ഞ് ജില്ലാതല പദ്ധതികളും പരിപാടികളും ആവിഷ്കരിക്കേണ്ട ഉത്തരവാദിത്തം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കുണ്ട്.

## 2.1 ത്രിതല പഞ്ചായത്തുകളുടെ ചുമതലകൾ

ഭരണഘടനയുടെ പതിനൊന്നാം പട്ടിക പ്രകാരമുള്ള 29 ചുമതലകളിൽ 28 ചുമതലകളും കൈമാറി നൽകിയ സംസ്ഥാനമാണ് കേരളം. പഞ്ചായത്ത് രാജ് നിയമത്തിലെ

3, 4, 5 പട്ടികകളിൽ യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ പ്രതിപാദിച്ചിരിക്കുന്നു. ചുമതലകളെ അനിവാര്യം, പൊതു, മേഖല എന്നിങ്ങനെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. ആയതിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് അനിവാര്യ ചുമതലകൾ നൽകിയിട്ടുള്ളത്. ആയത് ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമാണ്.

| ചുമതലകൾ | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
|---|---|---|---|
| അനിവാര്യ ചുമതലകൾ | 27 | ഇല്ല | ഇല്ല |
| പൊതു ചുമതലകൾ | 14 | 3 | 3 |
| മേഖലാ ചുമതലകൾ | 76 | 28 | 65 |

### 2.1.1 ജില്ലാ പഞ്ചായത്തിന്റെ പൊതുചുമതലകൾ

1. സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സാങ്കേതിക വൈദഗ്ധ്യം സമാഹരിക്കുക.
2. ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ഫോർവേർഡ് ബാക്ക് വേർഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

## 2.2 ത്രിതല പഞ്ചായത്തുകളുടെ മേഖലാ ചുമതലകൾ

ഗ്രാമപഞ്ചായത്തുകൾക്ക് 19 വിഷയമേഖലകളിലായി 76 ചുമതലകളും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 14 വിഷയ മേഖലകളിലായി 28 ചുമതലകളും ജില്ലാ പഞ്ചായത്തുകൾക്ക് 16 വിഷയ മേഖലകളിലായി 65 ചുമതലകളുമാണുള്ളത്.

### 2.2.1 ചുമതലകൾ നിറവേറ്റാനുള്ള അധികാരം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് നൽകപ്പെട്ട ഉത്തരവാദിത്തങ്ങളും ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് വേണ്ട അധികാരങ്ങളും നൽകിയിട്ടുണ്ട്. അവ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് വേണ്ട ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ, വിഭവങ്ങൾ എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

നിയമപ്രകാരം അനുവദിച്ചു നൽകിയിട്ടുള്ള ചുമതലകൾ അടിസ്ഥാനമാക്കിയാണ് ജില്ലാ പഞ്ചായത്ത് തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കേണ്ടത്.

## 2.3 ജില്ലാ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക 5-ൽ ഉള്ളവ)

### I. കൃഷി

» മേഖലാ കൃഷിയിടങ്ങളും ഗവേഷണ കേന്ദ്രങ്ങളും ഒഴികെയുള്ള കൃഷിയിടങ്ങൾ നടത്തുക.
» ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നീർമറികളിൽ സംയോ ജിത നീർമറികൾ നടത്തുക.
» കാർഷിക നിവേശങ്ങൾക്ക് വ്യവസ്ഥ ചെയ്യുക.
» മണ്ണ് പരിശോധിക്കുക.
» കീടങ്ങളെ നിയന്ത്രിക്കുക.
» കാർഷികോൽപന്നങ്ങളുടെ വിപണനം നടത്തുക.
» അലങ്കാര ചെടികൾ കൃഷിചെയ്യുക.
» കാർഷിക സഹകരണം വളർത്തുക.
» വാണിജ്യ വിളകളെ വികസിപ്പിക്കുക.
» 10 ബയോടെക്നോളജി പ്രയോഗിക്കുക.
» പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രോജക്റ്റുകളും പ്രചരിപ്പിക്കുക.
» തദ്ദേശീയമായി ആവശ്യമായ ഗവേഷണവും വികസനവും നടത്തുക.

### II. മൃഗസംരക്ഷണവും ക്ഷീരോൽപാദനവും

» ജില്ലാതല മൃഗാശുപത്രികളും പരീക്ഷണശാലകളും നടത്തുക.
» ക്ഷീരവികസന യൂണിറ്റുകൾ നടത്തുക.
» ക്ഷീരോല്പാദന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.
» റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും ബ്രീഡിംഗ് ഫാമുകളും ഗവേഷണ കേന്ദ്ര ങ്ങളും നടത്തുക.
» ജില്ലാതല പരിശീലനം നടപ്പാക്കുക.
» രോഗപ്രതിരോധ പരിപാടികൾ നടപ്പാക്കുക.
» ഫീൽഡ് ട്രയലുകളുടെയും പൈലറ്റ് പദ്ധതികളുടെയും നൂതന മാർഗ്ഗങ്ങൾ പ്രചരിപ്പി ക്കുക.
» പ്രാദേശിക പ്രസക്തിയുള്ള ഗവേഷണവും വികസനവും.

### III. ചെറുകിട ജലസേചനം

» ഭൂഗർഭ ജലസ്രോതസുകൾ വികസിപ്പിക്കുക.
» ഒന്നിലധികം ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തിയുള്ള ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
» കമാന്റ് ഏരിയാ വികസിപ്പിക്കുക.

### IV. മത്സ്യബന്ധനം

» മത്സ്യ വിപണനത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.
» മത്സ്യകൃഷി വികസന ഏജൻസികൾ നിയന്ത്രിക്കുക.
» ജില്ലാതല മീൻവളർത്തൽ കേന്ദ്രങ്ങൾ വല നിർമ്മാണ യൂണിറ്റുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ, തീറ്റമില്ലുകൾ, ഐസ് പ്ലാന്റുകൾ, ശീതീകരണികൾ ഇവ നിയന്ത്രിക്കുക.
» ഫിഷറീസ് സ്കൂളുകൾ നിയന്ത്രിക്കുക.
» നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുക.
» മത്സ്യത്തൊഴിലാളികൾക്കാവശ്യമായ സാമഗ്രികൾ നൽകുക,
» മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.

### V. ചെറുകിട വ്യവസായങ്ങൾ

» ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നിയന്ത്രിക്കുക.
» ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
» ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
» ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനായി പ്രദർശനമേളകൾ സംഘടിപ്പിക്കുക.
» വ്യവസായസംരംഭ വികസന പരിപാടികൾ നടത്തുക.
» ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക.
» പരിശീലനം നൽകുക.

» ഇൻപുട്ട് സർവ്വീസും കോമൺ ഫെസിലിറ്റി സെന്ററുകളും ഉണ്ടാക്കുക.
» വ്യവസായ വികസനവായ്പ പദ്ധതികൾ നടപ്പാക്കുക.

## VI. ഭവന നിർമ്മാണം



» കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യവികസനവും നടപ്പാക്കുക.
» ഭവന നിർമ്മാണത്തിനുള്ള പണം സ്വരൂപിക്കുക.

## VII. ജലവിതരണം



» ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ നടപ്പാക്കുക.
» ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുക.

## VIII. വിദ്യുത്ച്ഛക്തിയും ഊർജവും



» മൈക്രോ-ഹൈഡൽ പദ്ധതികൾ ഏറ്റെടുക്കുക.
» വിദ്യുത്ച്ഛക്തി വികസനത്തിനായി മുൻഗണന നൽകേണ്ട സ്ഥലങ്ങൾ തീരുമാനിക്കുക.

## IX. വിദ്യാഭ്യാസം



» സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് (ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർപ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ).
» സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ്.
» സർക്കാർ സാങ്കേതിക സ്കൂളുകളുടെ നടത്തിപ്പ്.

- സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെയും പോളി ടെക്നിക്കുകളുടെയും നടത്തിപ്പ്.
- സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ്.
- വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നടത്തിപ്പ്.
- വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര-സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ഏകോപിപ്പിക്കുക.

### X. പൊതുമരാമത്ത്



- മേജർ ജില്ലാ റോഡുകൾ ഒഴികെയുള്ള ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ ജില്ലാ റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
- കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

### XI. പൊതുജനാരോഗ്യവും ശുചീകരണവും.



- എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള ജില്ലാ ആശുപ്രതികൾ നിയന്ത്രിക്കുക.
- പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസികരോഗി കളുടെയും സംരക്ഷ ണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- കേന്ദ്ര-സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക.

### XII. സാമൂഹ്യക്ഷേമം



- അനാഥാലയങ്ങൾക്ക് ഗ്രാന്റുകൾ നൽകുക.
- വികലാംഗർ, അഗതികൾ മുതലായവർക്കായി ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുക.

### XIII. ദാരിദ്ര്യനിർമ്മാർജനം



» സ്വയംതൊഴിൽ പരിപാടികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

### XIV. പട്ടികജാതി-പട്ടികവർഗ്ഗ വികസനം



» പോസ്റ്റ് മെട്രിക്സ് ഹോസ്റ്റലുകളുടെ നടത്തിപ്പ്.
» പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം.

### XV. കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും



» സ്റ്റേഡിയങ്ങൾ നിർമ്മിക്കുക.

### XVI. സഹകരണം



» ജില്ലാ പഞ്ചായത്തതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
» സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.



അധ്യായം 03

# ജില്ലാ പഞ്ചായത്തുകളുടെ യോഗനടപടിക്രമങ്ങൾ

പഞ്ചായത്തുകളുടെ ഭരണനിർവ്വഹണം സാധ്യമാകുന്നത് അവയിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും അടിസ്ഥാനമാക്കി എടുക്കുന്ന തീരുമാനങ്ങളിലൂടെയാണ്. നയപരവും ഭരണപരവുമായ വിഷയങ്ങളിൽ സമയബന്ധിതമായും ഫലപ്രദമായും തീരുമാനങ്ങൾ എടുക്കേണ്ടതും അവ നടപ്പാക്കുന്നതിന് നേതൃത്വപരമായ ചുമതല വഹിക്കേണ്ടതും ജില്ലാ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തമാണ്. അതിനാൽ തന്നെ ജില്ലാ പഞ്ചായത്ത് യോഗത്തിന് മുന്നോടിയായി കൃത്യമായ ആസൂത്രണം അനിവാര്യമാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 157, 161 എന്നീ വകുപ്പുകളിലും 1995ലെ കേരള പഞ്ചായത്ത് രാജ് (യോഗ നടപടിക്രമം) ചട്ടങ്ങളിലുമാണ് പഞ്ചായത്ത് യോഗ നടപടികളെ കുറിച്ച് പ്രതിപാദിക്കുന്നത്.

## 3.1 യോഗ സ്ഥലവും, സമയവും

മാസത്തിൽ ഒരു തവണയെങ്കിലും ജില്ലാ പഞ്ചായത്തിന്റെ ഓഫീസിൽ വെച്ച് യോഗം ചേരണം. അടിയന്തിര ഘട്ടങ്ങളിൽ ഒഴികെയുള്ള യോഗങ്ങളുടെ സമയം രാവിലെ 9 നും വൈകുന്നേരം 6 നും ഇടയിലായിരിക്കണം. പുതിയ അംഗങ്ങളുടെ ആദ്യ യോഗം ഒഴികെ ഒഴിവു ദിവസങ്ങളിൽ യോഗം ചേരാൻ പാടില്ല.

### 3.1.1 യോഗ നോട്ടീസ്

- തീയതി, സമയം, സ്ഥലം, അജണ്ട എന്നിവ ഉൾപ്പെടുത്തിയ യോഗ നോട്ടീസ് യോഗ തീയതിക്ക് മൂന്ന് പൂർണ്ണ ദിവസങ്ങൾക്കു മുമ്പെങ്കിലും അംഗങ്ങൾക്ക് നൽകണം. യോഗ നോട്ടീസിനുള്ള കാലയളവിൽ നോട്ടീസ് കൈപ്പറ്റുന്ന തീയതിയും യോഗ തീയതിയും ഉൾപ്പെടുന്നതല്ല. എന്നാൽ പ്രഖ്യാപിത അവധി ദിവസം ഉൾപ്പെടുന്നതാണ്.
- പഞ്ചായത്തിന്റെ അടിയന്തിര തീരുമാനം അനിവാര്യമാകുന്ന ഘട്ടത്തിൽ 24 മണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി പ്രത്യേക യോഗം കൂടാവുന്നതാണ്.
- പ്രത്യേക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനോ സർക്കാർ നിർദ്ദേശപ്രകാരമോ ജില്ലാ പഞ്ചായത്ത് യോഗം ചേരാവുന്നതാണ്. ഉദാ. ബജറ്റ് അവതരണത്തിനും അംഗീകാര ത്തിനുമുള്ള യോഗം, ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനുള്ള യോഗം, തുടങ്ങിയവ. എന്നാൽ നോട്ടീസ് സമയം സാധാരണ യോഗത്തിന്റേതായിരിക്കും.

### 3.1.2 പ്രത്യേക വിഷയം ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർക്കാൻ ആവശ്യപ്പെടൽ

- അനുവദിക്കപ്പെട്ട അംഗസംഖ്യയുടെ മൂന്നിൽ ഒന്നിൽ കുറയാത്ത അംഗങ്ങൾ ഒരു പ്രത്യേക വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചുകൂട്ടണമെന്ന് ആവശ്യപ്പെട്ട് പ്രസിഡന്റിന് രേഖാമൂലം നോട്ടീസ് നൽകിയാൽ 10 ദിവസത്തിനകം പ്രസിഡന്റ് പ്രത്യേകയോഗം വിളിക്കേണ്ടതാണ്.
- പ്രസിഡന്റിന് നൽകുന്ന നോട്ടീസിന്റെ പകർപ്പ് സെക്രട്ടറിക്കും നൽകേണ്ടതാണ്.
- 10 ദിവസത്തിനകം പ്രസിഡന്റ് പ്രത്യേക യോഗം വിളിക്കാത്ത പക്ഷം ആയത് വിളിച്ചുകൂട്ടണമെന്ന് ആവശ്യപ്പെട്ട അംഗങ്ങൾക്ക് സെക്രട്ടറിക്കും മറ്റ് അംഗങ്ങൾ ക്കും നോട്ടീസ് നൽകിക്കൊണ്ട് പ്രത്യേക യോഗം ജില്ലാ പഞ്ചായത്ത് ഓഫീസിൽ വിളിച്ചുകൂട്ടാവുന്നതാണ്. എന്നാൽ നോട്ടീസിൽ പരാമർശിച്ച വിഷയം മാത്രമേ ചർച്ച ചെയ്യാൻ പാടുള്ളൂ.

### 3.1.3 അജണ്ട തയ്യാറാക്കൽ

- പ്രസിഡന്റുമായി ആലോചിച്ച് സെക്രട്ടറി അജണ്ട തയ്യാറാക്കേണ്ടതാണ്.
- പ്രസിഡന്റ്, സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ എന്നിവർ പഞ്ചായത്തിന്റെ തീരുമാനം ആവശ്യമുണ്ട് എന്ന് കരുതുന്ന വിഷയങ്ങളും ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, മറുപടി നൽകേണ്ട ചോദ്യങ്ങളും, അംഗങ്ങളിൽ നിന്ന് ലഭിച്ച പ്രമേയങ്ങളും അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- സെക്രട്ടറി, അജണ്ടയിൽ ഉൾപ്പെടുത്തിയ ഓരോ വിഷയവും സംബന്ധിച്ച തന്റെ അഭിപ്രായം യോഗത്തിനു മുമ്പായോ യോഗ സമയത്തോ അജണ്ടാ കുറിപ്പായി നൽകണം. സെക്രട്ടറി അജണ്ടാ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- **അജണ്ടാകുറിപ്പ്:** അജണ്ടയിൽ ഉൾപ്പെടുത്തിയ വിഷയങ്ങളെക്കുറിച്ച് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി തീരുമാനമെടുക്കുന്നതിന് ആവശ്യമായ ഉപദേശം ജില്ലാ പഞ്ചായത്തിന് നൽകുന്നതിനുള്ള ബാധ്യത സെക്രട്ടറിക്കാണ്. അത

നുസരിച്ച് സെക്രട്ടറി തന്റെ അഭിപ്രായം ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തേണ്ടതും പ്രസ്തുത അഭിപ്രായം അടങ്ങുന്ന കുറിപ്പ് യോഗത്തിന് മുമ്പ് അംഗങ്ങൾക്ക് നൽകുകയോ വിഷയം ചർച്ച ചെയ്യുമ്പോൾ യോഗത്തിൽ സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. ഒരു വിഷയം സംബന്ധിച്ച് പഞ്ചായത്തിന് നിയമാനുസൃതമായി തീരുമാനത്തിൽ എത്തിച്ചേരുന്നതിന് വ്യക്തവും വിശദവുമായ അജണ്ടാകുറിപ്പ് ആവശ്യമാണ്.

### 3.1.4 കോറം

ഒരു യോഗം നടത്തുന്നതിനാവശ്യമായ നിയമാനുസരണമായ അംഗസംഖ്യയാണ് കോറം. അനുവദിക്കപ്പെട്ട അംഗസംഖ്യയുടെ മൂന്നിൽ ഒന്ന് ആണ് ജില്ലാ പഞ്ചായത്ത് യോഗത്തിന്റെ കോറം. യോഗത്തിന് നിശ്ചയിച്ച സമയം കഴിഞ്ഞ് അര മണിക്കൂറിന് ശേഷവും കോറം തികയാതിരിക്കുകയും ഹാജരുള്ള അംഗങ്ങൾ കൂടുതൽ സമയം കാത്തിരിക്കുന്നതിന് വിസമ്മതിക്കുകയും ചെയ്താൽ യോഗം മാറ്റി വെച്ചതായി കണക്കാക്കേണ്ടതാണ്. യോഗം നടക്കുന്നതിനിടയിൽ കോറം ഇല്ലാതെ വന്നാൽ യോഗനടപടികൾ അവസാനിപ്പിക്കേണ്ടതാണ്.

### 3.1.5 യോഗനടത്തിപ്പ്

**അധ്യക്ഷൻ:** യോഗത്തിന്റെ അധ്യക്ഷ/ൻ പ്രസിഡന്റും പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റും ആയിരിക്കും. രണ്ടു പേരുടെയും അഭാവത്തിൽ യോഗത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും ഭൂരിപക്ഷാഭിപ്രായപ്രകാരം തെരഞ്ഞെടുക്കപ്പെട്ട അംഗം ആയിരിക്കും അധ്യക്ഷൻ.

**ചോദ്യോത്തരവേള:** അജണ്ടയിൽ അംഗങ്ങളുടെ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ യോഗം ആരംഭിക്കേണ്ടത് ചോദ്യോത്തരവേളയോടെയാണ്. ചോദ്യോത്തരവേള ഒരു മണിക്കൂറിൽ കവിയുവാൻ പാടില്ല. അതിനുശേഷം അവശേഷിക്കുന്ന ചോദ്യങ്ങൾക്ക് പ്രസിഡന്റോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണോ രേഖാമൂലം ബന്ധപ്പെട്ട അംഗത്തിന് മറുപടി നൽകണം.

ചോദ്യങ്ങൾ ഏഴ് പൂർണ്ണ ദിവസങ്ങൾക്കു മുമ്പ് ലഭിച്ചിരിക്കണം. ചോദ്യം പ്രസിഡന്റിനോടാണെങ്കിൽ പ്രസിഡന്റിനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണോടാണെങ്കിൽ അദ്ദേഹത്തിനും പകർപ്പ് പ്രസിഡന്റിനും നൽകിയിരിക്കണം. പ്രസിഡന്റിന് യുക്തമെന്ന് തോന്നുന്നപക്ഷം ഏഴ് ദിവസം എന്നതിൽ ഇളവ് അനുവദിക്കാം. എന്നാൽ പ്രസ്തുത ചോദ്യം അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കണം.

- ചോദ്യം പഞ്ചായത്തിന്റെ ഭരണപരമോ ചുമതലാ വിഷയങ്ങളുമായോ ബന്ധപ്പെട്ടതായിരിക്കണം.
- ഒരു ചോദ്യം അനുവദിക്കണോ വേണ്ടയോ എന്ന് പ്രസിഡന്റിന് തീരുമാനിക്കാം. നിരസിക്കുന്നപക്ഷം കാരണം രേഖാമൂലം അറിയിക്കണം (വ്യക്തമല്ലാത്തത്, കോടതി പരിഗണനയിലുള്ള വിഷയം, അനുചിത പദപ്രയോഗങ്ങളുണ്ടെങ്കിൽ, വ്യക്തിഹത്യ, സ്വകാര്യതാ ലംഘനം മുതലായവ).
- ഒരംഗത്തിനു പരമാവധി രണ്ട് ചോദ്യങ്ങൾ ഉന്നയിക്കാം. ഒരു ചോദ്യം ഒറ്റ സംഗതിയെ സംബന്ധിച്ചതാകണം.

» ചോദ്യങ്ങൾക്ക് പ്രസിഡന്റ്/ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മറുപടി നൽകണം.

» ചോദ്യത്തിന് ബന്ധപ്പെട്ടവർ മറുപടി നൽകിയശേഷം ആ വിഷയവുമായി ബന്ധപ്പെട്ട് ഒരു അനുബന്ധ ചോദ്യം കൂടി ഏത് അംഗത്തിനും ചോദിക്കാവുന്നതാണ്. അനുബന്ധ ചോദ്യം, ചട്ടലംഘനമുണ്ടെന്ന് കരുതുന്നപക്ഷം, അധ്യക്ഷന് അനുവദിക്കാതിരിക്കാവുന്നതാണ്.

» ചോദിച്ച ചോദ്യം, നൽകിയ മറുപടി എന്നിവ യോഗനടപടി കുറിപ്പിൽ ഉൾപെടുത്തേണ്ടതാണ്.

## 3.1.6 പ്രമേയം

» പഞ്ചായത്തിന്റെ ഭരണമായ പരിധിയിൽ വരുന്ന സംഗതിയെ സംബന്ധിച്ചുള്ള ഒരു പ്രമേയം അവതരിപ്പിക്കാൻ ഒരംഗത്തിന് അവകാശമുണ്ട്.

» നോട്ടീസ് ഏഴ് പൂർണ്ണ ദിവസം മുമ്പ് പ്രസിഡന്റിന് നൽകണം. പ്രമേയത്തിന്റെ പകർപ്പും നൽകണം.

» പ്രമേയം മറ്റൊരംഗം പിന്താങ്ങണം.

» ഒരംഗത്തിന് ഒരേ സമയം ഒന്നിൽ കൂടുതൽ പ്രമേയം അനുവദനീയമല്ല.

» പ്രമേയം വ്യക്തതയുള്ളതും ചുരുക്കത്തിലുമായിരിക്കണം.

» നോട്ടീസിനോടൊപ്പം ലഭിച്ച പ്രമേയം പ്രസിഡന്റ് അനുവദിച്ചാൽ അജണ്ടയിൽ ഉൾപ്പെടുത്തണം.

» പ്രമേയത്തിന് അനുമതി നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം പ്രസിഡന്റ് അംഗത്തെ അറിയിക്കണം.

» ഒരു യോഗത്തിൽ പ്രമേയങ്ങൾക്ക് അനുവദിക്കാവുന്ന പരമാവധി സമയം അര മണിക്കൂർ.

» പ്രമേയവും പ്രമേയത്തിന്മേലുള്ള ഭേദഗതികളും വോട്ടിനിട്ട് പാസാക്കുകയോ നിരാകരിക്കുകയോ ചെയ്യാം.

## 3.1.7 മറ്റ് അജണ്ടകൾ

» ഓരോ അജണ്ടയും അധ്യക്ഷ/ൻ അവതരിപ്പിക്കണം. ചർച്ചയ്ക്കു ശേഷം തീരുമാനം എടുക്കണം. സമന്വയം ഉണ്ടാകാത്ത പക്ഷം യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ ആരെങ്കിലും ആവശ്യപ്പെട്ടാൽ വോട്ടിനിട്ട് തീരുമാനിക്കാം. തുല്യ വോട്ടുകൾ ആകുന്ന പക്ഷം അധ്യക്ഷക്ക്/ന് തന്റെ വോട്ടിന് പുറമേ കാസ്റ്റിംഗ് വോട്ടും രേഖപെടുത്താം.

» അജണ്ടയിൽ ഉൾപ്പെട്ട വിഷയത്തിൽ ഒരംഗത്തിന് പ്രസംഗിക്കണമെങ്കിൽ അധ്യക്ഷക്ക്/ന് ആവശ്യം എഴുതി നൽകണം. നാല് മിനിറ്റ് സമയം അനുവദിക്കാം.

» ഏതെങ്കിലും തീരുമാനത്തിന്മേലോ പ്രമേയത്തിന്മേലോ ഒരംഗത്തിന് ഭിന്നാഭിപ്രായമുള്ളപക്ഷം ആയത് യോഗം അവസാനിച്ച് മിനിട്സിന്റെ പകർപ്പ് കിട്ടി 48 മണിക്കൂറിനകം സെക്രട്ടറിക്ക് രേഖാമൂലം നൽകണം. യോഗത്തിൽ പങ്കെടുക്കാതിരിക്കുകയോ

തീരുമാനത്തിനോ പ്രമേയത്തിനോ എതിരായി വോട്ട് ചെയ്യാതിരിക്കുകയോ ചെയ്യുന്ന ഏതൊരംഗത്തിനും ഭിന്നാഭിപ്രായക്കുറിപ്പ് നൽകാൻ അവകാശമില്ല.

### 3.1.8 നിയമാനുസൃതമല്ലാത്ത തീരുമാനം/പ്രമേയം-തുടർനടപടികൾ

1995 ലെ കേരള പഞ്ചായത്ത് രാജ്(യോഗ നടപടിക്രമം) ചട്ടങ്ങൾ, 2003 ലെ കേരള പഞ്ചായത്ത് രാജ്(നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ എന്നിവ പ്രകാരം ഏതെങ്കിലും പ്രമേയത്തിന്മേൽ തീരുമാനമെടുക്കുന്നത് നിയമാനുസൃതമല്ലെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ളപക്ഷം സെക്രട്ടറി തന്റെ അഭിപ്രായം യോഗത്തിൽ വിശദീകരിക്കേണ്ടതും യോഗനടപടിക്കുറിപ്പുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. അധ്യക്ഷൻ ഇതിൽ മാറ്റം വരുത്തരുത്.

പാസാക്കിയ പ്രമേയം നിയമാനുസൃതമല്ലെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യാൻ പഞ്ചായത്തിനോട് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെടേണ്ടതും ആ ആവശ്യം പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തേണ്ടതുമാണ്.

» പുനരവലോകന യോഗത്തിലും സെക്രട്ടറി തന്റെ അഭിപ്രായം വിശദീകരിക്കേണ്ടതും അതിനുശേഷവും പഞ്ചായത്ത് ആദ്യ തീരുമാനത്തിൽ ഉറച്ചു നിൽക്കുവാൻ തീരുമാനിക്കുയുമാണെങ്കിൽ സെക്രട്ടറി, പഞ്ചായത്ത് തീരുമാനവും തന്റെ അഭിപ്രായവും സർക്കാരിന്റെ തീരുമാനത്തിനായി രണ്ടു ദിവസത്തിനുള്ളിൽ അയച്ചു കൊടുക്കുകയോ നേരിട്ട് എത്തിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.
» സർക്കാർ, പതിനഞ്ചു ദിവസത്തിനുള്ളിൽ പ്രസ്തുത തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് സെക്രട്ടറിക്ക് നിർദ്ദേശം നൽകണം.
» പതിനഞ്ച് ദിവസത്തിനുള്ളിൽ സർക്കാരിൽനിന്നും നിർദ്ദേശമൊന്നും ലഭിക്കാത്ത പക്ഷം സെക്രട്ടറി തീരുമാനം നടപ്പിൽ വരുത്തേണ്ടതും അക്കാര്യം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

### 3.1.9 തീരുമാന രജിസ്റ്റർ

യോഗത്തിൽ പാസ്സാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് തീരുമാന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

» യോഗത്തിൽ എടുക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും സെക്രട്ടറി അപ്പപ്പോൾ തന്നെ തീരുമാന രജിസ്റ്ററിൽ രേഖപ്പെടുത്തി യോഗാവസാനം പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഒപ്പുവെയ്ക്കണം.
» തീരുമാനം യോഗത്തിൽ സെക്രട്ടറി വായിക്കണം.
» യോഗാവസാനം തീരുമാനത്തിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം.
» തീരുമാനത്തിന്റെ പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും നൽകണം.

### 3.1.10 മിനുട്സ്

യോഗനടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്ക് ഉണ്ടാകണം.

- » മിനിട്സിന്റെ കരട് തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് നൽകണം.
- » അധ്യക്ഷൻ 24 മണിക്കൂറിനകം വസ്തുതാപരമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അത് രേഖപ്പെടുത്തിക്കൊണ്ട് സെക്രട്ടറിക്കു തിരികെ നൽകണം.
- » തിരികെ ലഭിച്ചാലുടൻ മിനുട്സ് ബുക്കിൽ ചേർത്ത് അധ്യക്ഷന്റെ ഒപ്പു സഹിതം നോട്ടീസ് ബോർഡിൽ പകർപ്പ് പ്രദർശിപ്പിക്കണം.
- » മിനിട്സിന്റെ പകർപ്പ് വിയോജനക്കുറിപ്പുണ്ടെങ്കിൽ അത് സഹിതം യോഗ ദിവസം കഴിഞ്ഞ് പത്ത് ദിവസത്തിനകം പ്രസിഡന്റിന്റെ അംഗീകാരത്തോടുകൂടി സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അയച്ചു കൊടുക്കണം.

### 3.1.11 ക്രമപ്രശ്നം (ചട്ടം 21)

അംഗങ്ങൾക്ക് യോഗനടപടി ക്രമങ്ങൾ പാലിക്കുന്നത് സംബന്ധിച്ചോ, അധ്യക്ഷന്റെ അധികാര പരിധിയെ സംബന്ധിച്ചോ ചോദ്യ രൂപത്തിൽ ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്. ക്രമപ്രശ്നം ഉന്നയിക്കുക എന്നത് അംഗത്തിന്റെ അവകാശമായിരിക്കുന്നതല്ല. ക്രമപ്രശ്നത്തിന്മേൽ ചർച്ച അനുവദിക്കേണ്ടതില്ല.

## 3.2 പൊതുവായത്

- » സെക്രട്ടറി നിർബന്ധമായും യോഗത്തിൽ പങ്കെടുക്കണം. പ്രസിഡന്റ് ആവശ്യപ്പെട്ടാൽ ഘടകസ്ഥാപന മേധാവികൾ പങ്കെടുക്കണം.
- » അധ്യക്ഷ/ൻ യോഗനടത്തിപ്പ് നിയന്ത്രിക്കണം. ക്രമപ്രശ്നങ്ങളിൽ അന്തിമ തീരുമാനം അധ്യക്ഷന്റേതായിരിക്കും.
- » ഏതെങ്കിലും അംഗം ക്രമരഹിതമായി പെരുമാറുകയോ യോഗം തടസ്സപ്പെടുത്തുകയോ ചെയ്താൽ ആ അംഗത്തിനെ പ്രസ്തുത യോഗ ദിവസത്തേക്ക് സസ്പെന്റ് ചെയ്യാം.
- » ജില്ലാ പഞ്ചായത്ത് യോഗങ്ങൾ പരസ്യമായിരിക്കും. പൊതുജനങ്ങൾക്കും സന്ദർശ കരായി പങ്കെടുക്കാം.
- » റെക്കോർഡുകൾ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതാണ്.
- » യോഗതീരുമാനങ്ങൾ നടപ്പാക്കുന്നതിനായി സെക്രട്ടറി സമയബന്ധിതമായി ബന്ധ പ്പെട്ടവർക്ക് കൈമാറേണ്ടതാണ്.
- » അജണ്ട തയ്യാറാക്കൽ, യോഗ നടപടികൾ, മിനുട്സ്, പ്രമേയങ്ങൾ എന്നിവയ്ക്കായി മീറ്റിംഗ് മാനേജ്മെന്റ് സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. പൊതുജനങ്ങൾക്കും മിനിറ്റ്സ് സോഫ്റ്റ്‌വെയറിൽ കാണാവുന്നതാണ്.

## 3.3 ഫലപ്രദമായ യോഗങ്ങൾ നടത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്

» തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചെയർപേഴ്സൺ എന്ന നിലയിൽ നിരവധി യോഗങ്ങൾ നടത്തേണ്ട ചുമതല ചെയർപേഴ്സൺമാരിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും തുടക്കം തീരുമാനങ്ങളിൽ നിന്നാണല്ലോ. തീരുമാനങ്ങൾ പ്രധാനമായും വരുന്നത് യോഗങ്ങളിൽ നിന്നുമാണ്. അത് കൊണ്ട് തന്നെ യോഗനടത്തിപ്പ് ഫലപ്രദമായാൽ മാത്രമേ ശരിയായ തീരുമാനങ്ങൾ ഉണ്ടാവുകയുള്ളു.

» എല്ലാ യോഗങ്ങൾക്കും കൃത്യമായ അജണ്ട ഉണ്ടായിരിക്കണം. യോഗത്തിൽ ആദ്യ അജണ്ടയായി മുൻയോഗങ്ങളിലെ നടപടി റിപ്പോർട്ട് (Action Taken Report) ചർച്ച ചെയ്യുന്നത് നന്നായിരിക്കും. അജണ്ട പ്രകാരമുള്ള വിഷയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗദിവസത്തിന് മുമ്പായി തന്നെ ചർച്ച ചെയ്യുകയും ഓരോ ഇനത്തിലും ചർച്ച ചെയ്യേണ്ടതും തീരുമാനമെടുക്കേണ്ടതുമായ കാര്യങ്ങളിൽ വ്യക്തത ഉണ്ടാക്കുകയും വേണം. ഇക്കാര്യം ഒരു കുറിപ്പ് രൂപത്തിൽ തയ്യാറാക്കി യോഗത്തിൽ പങ്കെടുക്കുന്നതും ഗുണകരമായിരിക്കും. തുടർന്നുള്ള യോഗ തീയതി, യോഗാവസാനം നിശ്ചയിക്കുന്നത് നന്നായിരിക്കും. യോഗതീരുമാനങ്ങൾ, നടപടിക്രമങ്ങൾ (മിനിറ്റ്സ്) എന്നിവ തയ്യാറാക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും വേണം. മിനിറ്റ്സ് പരമാവധി 3 ദിവസം കൊണ്ട് തയ്യാറാക്കി പങ്കെടുത്ത ഉദ്യോഗസ്ഥർക്കും പ്രതിനിധികൾക്കും നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർക്കും രേഖാമൂലം അയച്ച് കൊടുക്കണം. യോഗത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ അജണ്ടയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചർച്ചക്ക് ആവശ്യമായ രേഖകൾ/ഉത്തരവുകൾ സഹിതം യോഗത്തിൽ പങ്കെടുക്കുന്നതിന് നിർദ്ദേശിക്കണം. ഓരോ കമ്മിറ്റിക്കും പ്രത്യേക ഫയൽ പഞ്ചായത്തിൽ സൂക്ഷിക്കണം.

» ഫലപ്രദമായ യോഗങ്ങൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട ഗുണഫലങ്ങൾ സേവനാവകാശികളായ പൗരന്മാർക്ക് ലഭ്യമാക്കുന്നതിനും നമുക്ക് സാധിക്കും.



# അധ്യായം 04

# സ്ഥാപന മാനേജ്മെന്റ്

മുൻ അധ്യായങ്ങളിൽ വിവരിച്ചിട്ടുള്ള പ്രകാരം പഞ്ചായത്തുകളെ ഭരണമേല്പിച്ചിട്ടുള്ള പദ്ധതികളുടെ നിർവ്വഹണത്തിനുള്ള ഫണ്ടും ഉദ്യോഗസ്ഥരെയും സർക്കാർ അനുവദിക്കേണ്ടതാണ് എന്ന് വ. 176ൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരേയും കുറിച്ച് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അധ്യായം 16 ലാണ് വിശദീകരിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായി സർക്കാർ ജീവനക്കാരാനായ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 182 ൽ സെക്രട്ടറിയുടെ അധികാരങ്ങൾ, ചുമതലകൾ എന്നിവ വിശദീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. സൂപ്പർവൈസറി ഉദ്യോഗസ്ഥരായ, സീനിയർ സൂപ്രണ്ട്, ഫിനാൻസ് ഓഫീസർ, ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക്, അക്കൗണ്ടന്റ്, സീനിയർ ക്ലർക്ക്, ക്ലർക്കുമാർ, ഓഫീസ് അറ്റണ്ടന്റ്, ഡ്രൈവർ, കണ്ടിജന്റ് ജീവനക്കാർ തുടങ്ങി വിപുലമായ ജീവനക്കാരുടെ നിര ജില്ലാ പഞ്ചായത്ത് ഓഫീസിന്റെ ഭാഗമായുണ്ട്. അധികാരവികേന്ദ്രീകരണത്തോടെയും പഞ്ചായത്തുകൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകളാണ് ചുവടെ ചേർക്കുന്നത്.

## 4.1 ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറി കിട്ടിയ ഘടകസ്ഥാപനങ്ങൾ

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ഓഫീസ് ജീവനക്കാരും കൂടാതെ, വിവിധ ജില്ലാതല കാര്യാലയങ്ങളുടെ മേധാവികളും ജീവനക്കാരും വിഷയമേഖലകളിലെ പ്രോജക്ടുകളുടെ നടത്തിപ്പും സ്ഥാപനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും ജില്ലാ പഞ്ചായത്തിന്റെ ചുമതല യിൽപ്പെടുന്നു. 4.7.2000 ലെ ജി. ഒ(പി) 188/2000 ത.സ്വ.ഭ.വ. ഉത്തരവ് അനുസരിച്ച് ഭൂരിഭാഗം ജില്ലാതല ഉദ്യോഗസ്ഥരെയും അവരുടെ കീഴിലുള്ള ജീവനക്കാരെയും ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

| നം | വിഷയ മേഖല | സ്ഥാപനങ്ങൾ | ഉദ്യോഗസ്ഥർ | ചുമതലകൾ |
|---|---|---|---|---|
| 1 | കൃഷി | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്. സോയിൽ കൺസർവേഷൻ ഓഫീസ്. ജില്ലാ കൃഷിത്തോട്ടം. മൊബൈൽ മണ്ണ് പരിശോധന ലബോറട്ടറി | ജില്ലാ കൃഷി ഓഫീസർ. കൃഷി ഡെപ്യൂട്ടി ഡയറക്ടർജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ. സ്ഥാപനത്തിലെ മറ്റ് ജീവനക്കാർ | സ്ഥാപന മേൽനോട്ടംജില്ലാ ഫാമുകളുടെ നടത്തിപ്പ്നീർത്തട പരിപാലനം ലാബോറട്ടറി നടത്തിപ്പ് |
| 2 | മൃഗ സംരക്ഷണം | ജില്ലാ വെറ്ററിനറി ഓഫീസ്ലബോറട്ടറി | ജില്ലാ വെറ്ററിനറി ഓഫീസർ. മറ്റ് ജീവനക്കാർ | ആശുപത്രി നടത്തിപ്പ് ഡയറി യൂണിറ്റ് |
| 3 | ക്ഷീര വികസനം | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് | ജില്ലാ ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർഉദ്യോഗസ്ഥർ | മിൽക്ക് സൊസൈറ്റികൾ ഫാമുകൾപരിശീലനങ്ങൾ നടത്തിപ്പ് |
| 4 | ഫിഷറീസ് | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് ഓഫീസ്ഫിഷറീസ് സ്കൂളുകൾ | ഡെപ്യൂട്ടി ഡയറക്ടർജീവനക്കാർ. ഫിഷറീസ് സ്കൂൾ ജീവനക്കാർ | സ്ഥാപന നടത്തിപ്പ്മാർക്കറ്റുകൾസഹകരണ സംഘങ്ങൾ |
| 5 | വ്യവസായം | ജില്ലാ വ്യവസായ കേന്ദ്രം | ജനറൽ മാനേജരുംമറ്റ് ഉദ്യോഗസ്ഥരും | സ്ഥാപന നടത്തിപ്പ്എസ്റ്റേറ്റുകൾസംരംഭകത്വ പരിശീലനങ്ങൾപ്രദർശനംവിപണനം |
| 6 | ഗ്രാമ വികസനം | പ്രോജക്ട് ഡയറക്ടർ ഓഫീസ് | പ്രോജക്ട് ഡയറക്ടർ (PAU). ജില്ലാ വനിതാക്ഷേമ ഓഫീസർ, ജീവനക്കാർ | സ്ഥാപന നടത്തിപ്പ്ഭവന പദ്ധതിവനിത വികസന പദ്ധതികൾസ്ഥാപനങ്ങൾ |
| 7 | സാമൂഹിക ക്ഷേമം | ജില്ലാ സാമൂഹിക ക്ഷേമ ഓഫീസ് | ജില്ലാ സാമൂഹിക ക്ഷേമ ഓഫീസർ. പ്രോഗ്രാം ഓഫീസ് ജീവനക്കാർ | അനാഥ മന്ദിരങ്ങൾഗ്രാന്റ്അഗതികളുടെയും, ഭിന്നശേഷിക്കാരുടെയും പുനരധിവാസകേന്ദ്രങ്ങൾ |
| 8 | പട്ടികജാതി വികസനം | ജില്ലാ പട്ടികജാതി വികസന ഓഫീസ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾതൊഴിൽ പരിശീലന കേന്ദ്രങ്ങൾ | ജില്ലാ പട്ടികജാതി വികസന ഓഫീസർ. മറ്റ് ജീവനക്കാർ. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ജീവനക്കാർ. തൊഴിൽ പരിശീലന കേന്ദ്ര ജീവനക്കാർ | ഹോസ്റ്റൽ നടത്തിപ്പ്. പരിശീലന കേന്ദ്രം നടത്തിപ്പ്. വികസന പരിപാടികൾ നടപ്പാക്കുക |

| | | | | |
|---|---|---|---|---|
| 9 | പട്ടികവർഗ വികസനം | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസ് പോസ്റ്റ് മെടിക് ഹോസ്റ്റലുകൾതൊഴിൽ പരിശീലന കേന്ദ്രങ്ങൾ | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ. മറ്റ് ജീവനക്കാർ. പോസ്റ്റ് മെടിക് ഹോസ്റ്റൽ ജീവനക്കാർ. തൊഴിൽ പരിശീലന കേന്ദ്ര ജീവനക്കാർ | ഹോസ്റ്റൽ നടത്തിപ്പ്. പരിശീലന കേന്ദ്രം നടത്തിപ്പ്. വികസന പരിപാടികൾ നടപ്പാക്കുക |
| 10 | പൊതുമരാമത്ത് | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് | LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓഫീസ് ജീവനക്കാർ | നിർമ്മാണ പ്രവൃത്തികൾ മേൽനോട്ടം |
| 11 | സാങ്കേതിക വിദ്യാഭ്യാസം | കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് TGMT സെന്റർ | ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ | ഇൻസ്റ്റിറ്റ്യൂട്ട് നടത്തിപ്പ് |
| 12 | ആരോഗ്യം | ജില്ലാ ആശുപത്രികൾ(അലോപ്പതി, ഹോമിയോ, ആയുർവേദം, ആയുഷ്) | ജില്ലാ മെഡിക്കൽ ഓഫീസർ. ആശുപത്രി സൂപ്രണ്ട്മാർ. ചീഫ് മെഡിക്കൽ ഓഫീസർ. ജില്ലാ ആശുപത്രികളിലെ മറ്റ് ജീവനക്കാർ | ജില്ലാതല ആശുപത്രി നടത്തിപ്പ്ഭിന്നശേഷിക്കാർക്കും മാനസികപ്രശ്നങ്ങളുള്ളവർക്കും പരിശീലന കേന്ദ്രങ്ങൾകേന്ദ്ര സംസ്ഥാനപദ്ധതികൾ |
| 13 | വിദ്യാഭ്യാസം | ഗ്രാമപ്രദേശത്തെ ഹൈസ്കൂളുകൾഹയർ സെക്കന്ററി സ്കൂളുകൾVHSC കൾ. ട്രെയിനിംഗ് സ്കൂളുകൾ | ജില്ലാവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ. പ്രിൻസിപ്പൽമാർ. ഹെഡ് മാസ്റ്റർമാർ. അദ്ധ്യാപകർ. മറ്റ് ജീവനക്കാർ. DEO, AEO, ഓഫീസ് ജീവനക്കാർ | ഗ്രാമപ്രദേശത്തെ ഹൈസ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ, VHSC കൾട്രെയിനിംഗ് സ്കൂളുകൾ നടത്തുക |

## 4.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ

ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നത് അതത് വിഷയമേഖലയുടെ നിർവ്വഹണ ഉദ്യോഗസ്ഥരാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകുകയും ധനകാര്യ വകുപ്പ് ഡ്രോയിംഗ് ആന്റ് ഡിസ് ബേഴ്സിംഗ് പദവി നൽകുകയും ചെയ്തിട്ടുള്ള ഉദ്യോഗസ്ഥനെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തുന്നു. ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ വൈദഗ്ധ്യമേഖല കണക്കിലെടുത്ത് അനുയോജ്യരായ മറ്റ് ഉദ്യോഗസ്ഥർക്കോ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ഭരണസമിതി തീരുമാനപ്രകാരം നൽകാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗക്രമം സംബന്ധിച്ച് 12.4.2006 ലെ G. O(P) 177/2006 Fin നമ്പർ ഉത്തരവും തുടർന്ന് ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മറ്റ് ഉത്തരവുകൾ പ്രകാരവുമാണ് നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നത്.

ജില്ലാ പഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കാൻ വിവിധ സർക്കാർ ഉത്തരവ് അനുസരിച്ച് നിശ്ചയിക്കപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ തസ്തിക വിഷയമേഖലാടിസ്ഥാനത്തിൽ താഴെക്കൊടുക്കുന്നു.

**ജില്ലാ പഞ്ചായത്ത്**

| നം | വിഷയമേഖല | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1 | കൃഷി | പ്രിൻസിപ്പൽ കൃഷി ഓഫീസർ ഡെപ്യൂട്ടി ഡയറക്ടർ, കൃഷി ഫാം സൂപ്രണ്ട്, ജില്ലാ കൃഷി ഫാം കൃഷി ഓഫീസർ, വിത്ത് ഉൽപ്പാദന കേന്ദ്രം കൃഷി ഓഫീസർ, തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രം |
| 2 | മൃഗസംരക്ഷണം | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം അസിസ്റ്റന്റ് ഡയറക്ടർ, ജഴ്സി ഫാം സീനിയർ വെറ്ററിനറി സർജ്ജൻ, പിഗ് ബ്രീഡിംഗ് യൂണിറ്റ് സൂപ്രണ്ട് ബഫല്ലോ ബ്രീഡിംഗ് ഫാം അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം അസിസ്റ്റന്റ് ഡയറക്ടർ, ജില്ല പൗൾട്രി ഫാം സൂപ്രണ്ട്, ആട് ഫാം ചീഫ് വെറ്ററിനറി ഓഫീസർ (സ.ഉ. സാധാ നമ്പർ 1128/2024 തീയതി 25.6.2024 പ്രകാരം) |
| 3 | മണ്ണ് സംരക്ഷണം | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ |
| 4 | വ്യവസായം | ജനറൽ മാനേജർ, ജില്ല വ്യവസായ കേന്ദ്രം മാനേജർ, ജില്ല വ്യവസായ കേന്ദ്രം |
| 5 | വിദ്യാഭ്യാസം | ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, HQ |
| 6 | കുടുംബശ്രീ ദാരിദ്ര്യ ലഘൂകരണം | ജില്ലാ മിഷൻ കോ ഓർഡിനേറ്റർ |
| 7 | സാമൂഹ്യനീതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ ജില്ലാ പ്രോഗ്രാം ഓഫീസർ, വനിതാ ശിശു വികസന വകുപ്പ് |
| 8 | ആരോഗ്യം | ജില്ലാ മെഡിക്കൽ ഓഫീസർ-അലോപ്പതി, ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ-ആയുർവേദം |
| 9 | പട്ടികജാതി | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 10 | പട്ടികവർഗ്ഗം | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (TEO) |
| 11 | ഫിഷറീസ് | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 12 | ക്ഷീര വികസനം | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം |
| 13 | ഖാദി ഗ്രാമവ്യവസായ ബോർഡ് | പ്രോജക്ട് ഓഫീസർ ജില്ലാ ഖാദി ഗ്രാമവ്യവസായം |
| 14 | സാങ്കേതിക വിദ്യാഭ്യാസം | സൂപ്രണ്ട്, ടെയലറിംഗ് ആന്റ് ഗാർമെന്റ്സ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ |
| 15 | ആരോഗ്യം (ജില്ലാ ആശുപത്രികൾ) | സൂപ്രണ്ട്, ജില്ലാആശുപത്രി (അലോപ്പതി) സൂപ്രണ്ട്, ജില്ലാആശുപത്രി (ആയുർവേദ) സൂപ്രണ്ട്, ജില്ലാആശുപത്രി (ഹോമിയോ) (സ. ഉ(സാധാ) നം. 2629/2009 തസ്വഭവ തീയതി 13.10.2009, സ. ഉ (സാധാ) നം. 972/2010 തസ്വഭവ തീയതി 22.3.2010 പ്രകാരം ജില്ല ആശുപത്രി സൂപ്രണ്ടുമാരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിച്ചു) |

| | | |
|---|---|---|
| 16 | ഭിന്നശേഷി പദ്ധതികൾ | ജില്ലാ സാമൂഹിക നീതി ഓഫീസർ |
| 17 | സദ്ഭരണം | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |

## 4.3 ഉദ്യോഗസ്ഥന്മാരുടെ മേലുള്ള നിയന്ത്രണം, തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും

ജില്ലാ പഞ്ചായത്തിന് അതിന്റെ ഉദ്യോഗസ്ഥരുടെമേലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെമേലും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ലഘുശിക്ഷകൾ ചുമത്തുന്നതിനും അവധികൾ അനുവദിക്കുന്നതിനുമുള്ള അധികാരം നൽകിയിട്ടുണ്ട്. ഗുരുതരമായ കുറ്റങ്ങൾക്ക് പ്രസിഡന്റിന് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യാവുന്നതാണ്. അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ചട്ടങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

### 4.3.1 ഉദ്യോഗസ്ഥരുടെ മേൽ ലഘുശിക്ഷകൾ ചുമത്തൽ (ചട്ടം 4)

പെൻഷൻ, ഫൈൻ, ഇൻക്രിമെന്റ് താത്കാലികമായി തടഞ്ഞുവയ്ക്കൽ, ഉദ്യോഗക്കയറ്റം തടഞ്ഞുവയ്ക്കൽ, ശമ്പളത്തിൽ നിന്ന് തുക വസൂലാക്കൽ എന്നിവയിലൊന്ന് ലഘുശിക്ഷയായി ഉദ്യോഗസ്ഥരുടെ മേൽ ജില്ലാ പഞ്ചായത്തിന് ചുമത്താവുന്നതാണ്.

### 4.3.2 കുറ്റാരോപണ മെമ്മോ നൽകുന്നതിനുള്ള നടപടിക്രമം (ചട്ടം 5)

കുറ്റാരോപിതനായ വ്യക്തി സെക്രട്ടറിയാണെങ്കിൽ പ്രസിഡന്റും സെക്രട്ടറിയല്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ കാര്യത്തിൽ പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം സെക്രട്ടറിയും ഒരു നോട്ടീസ് നൽകേണ്ടതാണ്. കുറ്റാരോപണ മെമ്മോയ്ക്ക് ലഭിച്ച മറുപടി പ്രസിഡന്റ് പഞ്ചായത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. മറുപടി പരിഗണിച്ചതിനുശേഷം ലഘുശിക്ഷ ചുമത്താവുന്നതാണ്.

### 4.3.3 ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷൻ (ചട്ടം 8)

പ്രസിഡന്റിന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നപക്ഷം അദ്ദേഹത്തിന് ഒരു ഉദ്യോഗസ്ഥനെ വിശദമായ അന്വേഷണത്തിനും ശിക്ഷണനടപടിക്കും വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാവുന്നതാണ്. സസ്പെൻഷൻ ഉത്തരവും അതിലേക്ക് നയിച്ച കാര്യങ്ങളും പ്രസിഡന്റ് ജില്ലാ പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും ഉത്തരവിന് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം തേടേണ്ടതുമാണ്. സസ്പെൻഷൻ ഉത്തരവിന്റെ പകർപ്പും അതിന്മേലുള്ള തീരുമാനവും പ്രസിഡന്റ് ഉടനടി നിയമനാധികാരിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

### 4.3.4 അപ്പീലും പുനഃപരിശോധനയും (ചട്ടം 9)

ലഘു ശിക്ഷ ചുമത്തപ്പെട്ട ഉദ്യോഗസ്ഥക്ക്/ന് മുപ്പത് ദിവസത്തിനകം സർക്കാർ

ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ/ൻ മുമ്പാകെ അനുബന്ധം-2 ലെ ഫോറത്തിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

### 4.3.5 കടുത്ത ശിക്ഷകൾ ചുമത്തുന്നതിൽ കലാശിച്ചേക്കാവുന്ന കുറ്റങ്ങൾ (ചട്ടം 10)

ഒരു ഉദ്യോഗസ്ഥ/ൻ കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റം ചെയ്തിട്ടുള്ളതായി പ്രസിഡന്റോ, ജില്ലാ പഞ്ചായത്തോ കരുതുന്നുവെങ്കിൽ പ്രസിഡന്റ് അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട്, അതിന്മേലുള്ള ജില്ലാ പഞ്ചായത്തിന്റെ അഭിപ്രായം സഹിതം ജില്ലാ പഞ്ചായത്ത് ജീവനക്കാരന്റെ സംഗതിയിൽ നിയമനാധികാരിക്കും ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുക്കപ്പെട്ട ഉദ്യോഗസ്ഥന്റെ സംഗതിയിൽ സർക്കാരിനും അയച്ചു കൊടുക്കേണ്ടതാണ്.

നിയമനാധികാരി/സർക്കാർ റിപ്പോർട്ടും പഞ്ചായത്തിന്റെ അഭിപ്രായവും പരിശോധിച്ച് ആരോപണ വിധേയനായ ഉദ്യോഗസ്ഥനേയും ആവശ്യമെങ്കിൽ പ്രസിഡന്റിനേയും നേരിൽ കേട്ടതിനുശേഷം നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതും തീരുമാനം പ്രസിഡന്റിനെ അറിയിക്കേണ്ടതുമാണ്.

### 4.3.6 കോൺഫിഡൻഷ്യൽ റിപ്പോർട്ട് (ചട്ടം 12)

പ്രസിഡന്റ്, സെക്രട്ടറി കോൺഫിഡൻഷ്യൽ റിപ്പോർട്ട് കാലാകാലങ്ങളിൽ തയ്യാറാക്കി നിയമനാധികാരിക്ക് അയച്ചുകൊടുക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കി റിവ്യൂ ചെയ്യുന്നതിന് പ്രസിഡന്റിന് സമർപ്പിക്കേണ്ടതും പ്രസിഡന്റിന്റെ റിപ്പോർട്ട് സഹിതം നിയമനാധികാരിക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

### 4.3.7 അവധി (ചട്ടം 13)

പ്രസിഡന്റിന്, സെക്രട്ടറിക്കും പഞ്ചായത്തിന് സർക്കാർ വിട്ടുകൊടുത്ത ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും മേധാവികൾക്കും ആകസ്മികാവധി അനുവദിക്കാവുന്നതാണ്. ആകസ്മികാവധി ഒഴികെയുള്ള അവധികൾക്ക് ചട്ടപ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതാണ്.

കുറ്റാരോപിതർക്കെതിരെ നടപടികൾ സ്വീകരിക്കുമ്പോഴും ജീവനക്കാർക്ക് അവധി അനുവദിക്കുമ്പോഴും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4.4 തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും

തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും നിയമവും ചട്ടങ്ങളും പ്രകാരം തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലും സൗഹാർദ്ദപരമായ സഹവർത്തിത്വം പുലർത്തേണ്ടതുമാണ്. തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും അവരവരുടെ നിയമാധിഷ്ഠിത പരിധികൾ ലംഘിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 2007 ലെ കേരള പഞ്ചായത്ത് രാജ്(തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

### 4.4.1 അധികാര വിനിയോഗവും പെരുമാറ്റവും (ചട്ടം 3)

തെരഞ്ഞെടുക്കപ്പെട്ട അധികാരിയും ഉദ്യോഗസ്ഥരും തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കർത്തവ്യങ്ങൾ നിറവേറ്റുന്നതിലും സൗഹാർദ്ദപരമായ സഹവർത്തിത്വം പുലർത്തേണ്ടതാണ്. ഇതിന് ഭംഗം വരുത്തുന്ന യാതൊരു പെരുമാറ്റവും ഇരുകൂട്ടരിൽ നിന്നും ഉണ്ടാകുവാൻ പാടില്ല. തെരഞ്ഞെടുക്കപ്പെട്ട അധികാരി ഉദ്യോഗസ്ഥന് വാക്കാൽ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുമുമ്പ് രേഖാമൂലം സ്ഥിരീകരിക്കേണ്ടതാണ്.

### 4.4.2 മാന്യമായ പെരുമാറ്റം (ചട്ടം 4)

തെരഞ്ഞെടുക്കപ്പെട്ട അധികാരികളെ ഉദ്യോഗസ്ഥർ ബഹുമാനിക്കേണ്ടതും അതനുസരിച്ച് പെരുമാറേണ്ടതുമാണ്.

### 4.4.3 ഉദ്യോഗസ്ഥർ യോഗങ്ങളിൽ പങ്കെടുക്കൽ (ചട്ടം 5)

ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട ഏതൊരു കൂടിക്കാഴ്ചയ്ക്കോ, യോഗത്തിനോ ഹാജരാകുവാൻ ഒരു ഉദ്യോഗസ്ഥനോട് തെരഞ്ഞെടുക്കപ്പെട്ട അധികാരി നിർദ്ദേശിക്കുന്നപക്ഷം ആയത് അനുസരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കൃത്യനിർവ്വഹണത്തിലെ വീഴ്ച്ച എന്നതിന് പുറമെ തെരഞ്ഞെടുക്കപ്പെട്ട അധികാരിയോടുള്ള ബഹുമാനക്കുറവായി കണക്കാക്കപ്പെടുന്നതാണ്.

### 4.4.4 സ്വാധീനങ്ങൾക്ക് വഴങ്ങാതിരിക്കൽ (ചട്ടം 6)

വ്യവസ്ഥകൾക്ക് എതിരോ, വ്യവസ്ഥകൾക്ക് അതീതമോ, സ്വജന പക്ഷപാതപരമോ, അഴിമതിക്ക് ഇടനൽകുന്നതോ, സത്യത്തിന് വിരുദ്ധമോ, സംശുദ്ധ ഭരണത്തിന്റെ താത്പര്യത്തിന് നിരക്കാത്തതോ ആയ പ്രവർത്തനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട അധികാരിയോ, ഉദ്യോഗസ്ഥനോ ഏർപ്പെടുവാൻ പാടില്ല.

### 4.4.5 നടപടികളുടെ ഉത്തരവാദിത്തം (ചട്ടം 7)

തെരഞ്ഞെടുക്കപ്പെട്ട അധികാരിയോ, ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന തീരുമാനത്തിനും ഏതൊരു നടപടിക്കും, അതത് സംഗതിപോലെ, തെരഞ്ഞെടുക്കപ്പെട്ട അധികാരിയോ, ഉദ്യോഗസ്ഥനോ ഉത്തരവാദിയായിരിക്കുന്നതാണ്. തെറ്റായ തീരുമാനമോ, നടപടിയോ മൂലം പഞ്ചായത്തിനോ, മറ്റാർക്കെങ്കിലുമോ ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്ക്, അതത് സംഗതിപോലെ, തെരഞ്ഞെടുക്കപ്പെട്ട അധികാരിയോ, ഉദ്യോഗസ്ഥനോ ഉത്തരവാദിയായിരിക്കുന്നതാണ്.

### 4.4.6 പഞ്ചായത്തിനോടും ജനങ്ങളോടുമുള്ള പ്രതിബദ്ധത (ചട്ടം 9)

ജില്ലാ പഞ്ചായത്തിന്റെ ഫണ്ട്, ആസ്തി, വിഭവങ്ങൾ എന്നിവ സംരക്ഷിക്കുന്നതിലും വിനിയോഗിക്കുന്നതിലും തെരഞ്ഞെടുക്കപ്പെട്ട അധികാരിയും ഉദ്യോഗസ്ഥന് ഉത്തരവാദിത്തബോധം പ്രകടിപ്പിക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും മുൻനിർത്തിയുള്ള പരിപാടികൾ

അസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. സമ്പത്തിന്റെ വിനിയോഗത്തിന് അനുസൃതമായ നേട്ടങ്ങൾ കൈവരിക്കുന്നതിനായി കൂട്ടായി പ്രവർത്തിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിൽ സത്ഭരണം കാഴ്ച വയ്ക്കുന്നതിനായി നിയമവാഴ്ച, നീതി നടത്തിപ്പ്, സുതാര്യത തുടങ്ങിയ ഉന്നത മൂല്യങ്ങളോട് ആദരവും അച്ചടക്കം, കൃത്യനിഷ്ഠ, മാന്യമായ പെരുമാറ്റം, സത്യസന്ധത, ദേശീയബോധം, ആർജ്ജവം തുടങ്ങിയ സ്വഭാവ ഗുണങ്ങളോട് ആഭിമുഖ്യവും പ്രകടമാക്കുന്ന തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും എല്ലായ്പ്പോഴും എല്ലാവരോടും പെരുമാറേണ്ടതാണ്.

### 4.4.7 പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനത്തിന്മേൽ നടപടി (ചട്ടം 9)

തെരഞ്ഞെടുക്കപ്പെട്ട അധികാരിക്കെതിരെയുള്ള ഈ ചട്ടങ്ങളിലെ ഏതെങ്കിലുമൊരു പെരുമാറ്റച്ചട്ടം ലംഘിച്ചതായുള്ള ഒരു ഉദ്യോഗസ്ഥ/ന്റെയോ, മറ്റാരുടെയെങ്കിലുമോ ഏതൊരു പരാതിയും 185എ(4) വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ഉദ്യോഗസ്ഥ/ൻ പെരുമാറ്റച്ചട്ടം ലംഘിച്ചതായുള്ള തെരഞ്ഞെടുക്കപ്പെട്ട അധികാരിയുടെ പരാതിയും ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. ഓംബുഡ്സ്മന്റെ അന്വേഷണത്തിൽ, തെരഞ്ഞെടുക്കപ്പെട്ട അധികാരി അല്ലെങ്കിൽ ഒരു ഉദ്യോഗസ്ഥ/ൻ പെരുമാറ്റച്ചട്ടം ലംഘിച്ചുവെന്ന് കണ്ടെത്തുന്നപക്ഷം പ്രസ്തുത ലംഘനത്തിന്റെ ഗുരു ലഘുത്വം കണക്കിലെടുത്ത്, ആയിരം രൂപ വരെ ആകാവുന്ന തുക പിഴയായി ചുമത്തുവാൻ സർക്കാരിന് നൽകുന്ന റിപ്പോർട്ടിൽ ഓംബുഡ്സ്മാന് ശുപാർശ ചെയ്യാവുന്നതാണ്.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അവരവരുടെ നിയമാനുസൃത ഉത്തരവാദിത്തത്തെക്കുറിച്ചും കടമകളെക്കുറിച്ചും അധികാര പരിധിയെക്കുറിച്ചും വ്യക്തമായി മനസ്സിലാക്കി പ്രവർത്തിച്ചാൽ വളരെ നല്ലരീതിയിലുള്ള പ്രവർത്തനാന്തരീക്ഷം ജില്ലാ പഞ്ചായത്തുകളിൽ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. ഇതിനായി കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

**ഏറ്റവും നല്ല മാതൃകാപരമായ പ്രവർത്തനങ്ങൾ നടന്നിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശക്തമായ നേതൃത്വവും ഉദ്യോഗസ്ഥ-ജനപ്രതിനിധി ബന്ധവും നിലനിന്ന് വരുന്നതായി കാണാൻ സാധിക്കും. ഇത് നമുക്കും സാധ്യമാക്കാവുന്നതേയുള്ളൂ.**

## 4.5 ജനപ്രതിനിധികളുടെ ഓണറേറിയവും ബത്തകളും

ജനപ്രതിനിധികൾക്ക് അർഹമായ ഓണറേറിയം വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ബത്ത മുതലായവ വിവരിച്ചിട്ടുള്ളത് 1995 ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലാണ്. പ്രസ്തുത ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

### 4.5.1 പ്രതിമാസ ഓണറേറിയം നിരക്ക് (ചട്ടം 3)

സ. ഉ(അച്ചടി)നം. 26/2021/ത.സ്വ.ഭ.വ. തിയതി 10-06-2021 പ്രകാരമാണ് അവസാനമായി ജനപ്രതിനിധികളുടെ ഓണറേറിയം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. പ്രാബല്യം-01-04-2021 മുതൽ.

| ജില്ലാ പഞ്ചായത്ത് | തുക |
|---|---|
| പ്രസിഡന്റ് | 16800 രൂപ |
| വൈസ് പ്രസിഡന്റ് | 14200 രൂപ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 10400 രൂപ |
| അംഗങ്ങൾ | 9800 രൂപ |

ഗവൺമെന്റ് ഉൾപ്പെടെ മറ്റ് സ്രോതസ്സുകളിൽ നിന്നും വരവ് ഉണ്ടായിരുന്നാലും ജനപ്രതിനിധികൾക്ക് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് (ചട്ടം 3എ).

### 4.5.2 ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് വീട്ടു വാടക അലവൻസ് (ചട്ടം 4)

- ജി. ഒ. (എം. എസ്) നം. 161/06 തസ്വഭവ തീയതി 11-07-2006
- വാടക കൂടാതെ വീട് ലഭിക്കുവാൻ ആഗ്രഹിക്കുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് അതത് ജില്ലാ പഞ്ചായത്ത് ആസ്ഥാനത്ത് എടുത്തുകൊടുക്കുന്ന കെട്ടിടത്തിന്റെ വാടകപരിധി പ്രതിമാസം 5000/-(നിലവിൽ 10000) രൂപയായും വാടകയ്ക്ക് എടുക്കുന്ന കെട്ടിടത്തിൽ താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് അനുവദനീയമായ പരിധി 15,000/-രൂപയായും (അഞ്ചു വർഷത്തിൽ ഒരിക്കൽ മാത്രം) ഉയർത്തി. വാടകവീട് ഒരുക്കുന്നതിനു വേണ്ടി വാങ്ങുന്ന ഫർണിച്ചറും മറ്റും സർക്കാർ/ജില്ലാ പഞ്ചായത്ത് മുതലായി സൂക്ഷിക്കേണ്ടതാണ്.
- സ. ഉ(കൈ)നം. 125/2023/തസ്വഭവ തിയതി 12-06-2023 പ്രകാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ വീട്ടു വാടക അലവൻസ് 5000 രൂപയിൽനിന്നും 10,000 രൂപയാക്കി വർദ്ധിപ്പിച്ചു.
- കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് പേർസണൽ അസിസ്റ്റന്റിനെ നിയമിക്കാവുന്നതാണ്

### 4.5.3 യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാപ്പടി (ചട്ടം 5/4)

പഞ്ചായത്തിന്റെയോ/നഗരസഭയുടെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളിൽ പങ്കെടുക്കുന്ന മറ്റ് അംഗങ്ങൾക്ക് യാത്രാപ്പടിക്ക് അർഹതയുണ്ട്. എന്നാൽ, അതോടൊപ്പം ദിനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ പഞ്ചായത്ത് അംഗം എന്നിവർക്ക് കെ. എസ്. ആർ പ്രകാരമുള്ള ഒന്നാം ക്ലാസ് സർക്കാരുദ്യോഗസ്ഥന്മാർക്ക് അർഹതപ്പെട്ട യാത്രാപ്പടി നൽകാവുന്നതാണ്. മറ്റംഗങ്ങൾക്ക്/കൗൺസിലർമാർക്ക് II(a) ക്ലാസ് സർക്കാരുദ്യോഗസ്ഥന്മാർക്ക് അർഹതപ്പെട്ട യാത്രാപ്പടി നൽകാവുന്നതാണ്.

### 4.5.4 യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർ ബത്ത (ചട്ടം 6/5)

സ. ഉ(അച്ചടി)നം. 09/2018/തസ്വഭവ തിയതി 30-01-2018 പ്രകാരമാണ് അവസാനമായി ഓണറേറിയം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. പ്രാബല്യം-01-01-2018 മുതൽ.

ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് താഴെ പറയുന്ന ഏകീകൃത നിരക്കിനാണ് അർഹതയുള്ളത്.

» പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ-250 രൂപ (പ്രതിമാസം പരമാവധി 5 യോഗങ്ങൾക്ക് 1250 രൂപ)
» അംഗങ്ങൾ-200 രൂപ (പ്രതിമാസം പരമാവധി 5 യോഗങ്ങൾക്ക് 1000 രൂപ)

### 4.5.5 പൊതു കാര്യത്തിനുള്ള യാത്രാപ്പടിയും ദിനബത്തയും (ചട്ടം 7 & 8/6 & 7)

» പൊതു കാര്യത്തിനായി യാത്ര ചെയ്യുമ്പോൾ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ബാധകമായ യാത്രാബത്തയും ദിനബത്തയും ലഭിക്കുന്നതാണ്. (ചട്ടം 7)
» പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആസ്ഥാനത്തുനിന്നും 8 കിലോ മീറ്ററിനകം ദൂരമുള്ള യാത്രയ്ക്കും പഞ്ചായത്ത് അംഗീകരിച്ചിട്ടില്ലാത്ത യാത്രയ്ക്കും യാത്രാപ്പടിക്ക് അർഹതയുണ്ടായിരിക്കുകയില്ല. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ജനപ്രതിനിധികൾ സംസ്ഥാനത്തിനു പുറത്തേക്ക് യാത്ര നടത്തിയാൽ അത്തരം യാത്രകൾക്ക് യാത്രാപ്പടി അനുവദനീയമല്ല. ജനപ്രതിനിധികൾക്ക് പ്രതിമാസ, ത്രൈമാസ പരിധി ബാധകമാണ്. (ചട്ടം 8)

### 4.5.6 യാത്രാബത്ത സംബന്ധിച്ച പ്രധാന ഉത്തരവുകൾ താഴെച്ചേർക്കുന്നു.

**സർക്കാരിതര പരിപാടികൾ**

സർക്കുലർ നം. 16103/ഡി. പി. 1/03/തസ്വഭവ. 31.03.03 പ്രകാരം ജനപ്രതിനിധികൾ സർക്കാരിതര സ്ഥാപനങ്ങളുടെയോ മറ്റ് ഏജൻസികളുടെയോ ക്ഷണപ്രകാരം പങ്കെടുക്കുന്ന പരിപാടികൾക്കുള്ള യാത്രാപ്പടിയും അനുബന്ധ അലവൻസുകളും മറ്റും അവ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്.

**ദൈനംദിന യാത്രകളുടെ യാത്രാപ്പടി**

സർക്കുലർ നം. 4914/പി. 3/2000/തസ്വഭവ തീയതി 18-4-2000 പ്രകാരം ദൈനംദിന കൃത്യനിർവ്വഹണത്തിനായി സ്വന്തം വാസസ്ഥലത്തു നിന്നും ജില്ലാ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് അതിന്റെ ദൈർഘ്യം എത്രതന്നെ ആയാലും ജനപ്രതിനിധികൾക്ക് യാത്രാബത്തയ്ക്ക് അർഹതയില്ല.

**ദീർഘദൂര യാത്രയ്ക്ക് നിയന്ത്രണം**

സർക്കുലർ നം. 26136/പി1/2001/തസ്വഭവ തീയതി 21-08-2001 പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വളരെ അത്യാവശ്യ കാര്യങ്ങൾക്ക് മാത്രമേ ദീർഘദൂര ഔദ്യോഗിക യാത്രകൾ നടത്തുവാൻ പാടുള്ളൂ.

സർക്കുലർ നം. 27186/പി-3/04/തസ്വഭവ തീയതി 16-04-2005 പ്രകാരം സംസ്ഥാനത്തിന് പുറത്തുള്ള യാത്ര, പരിശീലനം-മുൻകൂർ അനുമതി ആവശ്യമാണ്. സംസ്ഥാനത്തിന് പുറത്തുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സർക്കാരിൽ നിന്ന് മുൻകൂർ യാത്രാനുമതി വാങ്ങണം.

കൂടാതെ സർക്കുലർ നം. 24935/ഇ. എം. 1/2012/തസ്വഭവ തീയതി 12.06.2012 പ്രകാരം സംസ്ഥാനത്തിന് പുറത്തേക്ക് നടത്തുന്ന യാത്രകൾ സംബന്ധിച്ച് ബന്ധപ്പെട്ട അധികൃതർ മുൻകൂട്ടി നൽകുന്ന അറിയിപ്പിന്റെ അടിസ്ഥാനത്തിൽ ക്ഷണം ലഭിച്ച ഉദ്യോഗസ്ഥരോ ജനപ്രതിനിധിയോ മാത്രം സർക്കാർ അനുമതിയോടെ യാത്ര ചെയ്യാവുന്നതാണ്. അറിയിപ്പിന്റെ അടിസ്ഥാനത്തിലല്ലാത്ത യാത്രകൾക്ക് അനുമതി നൽകുന്നതല്ല. ഇത്തരത്തിലുള്ള ആവശ്യങ്ങൾ സർക്കാരിലേക്ക് അയയ്ക്കരുത്.

## 4.6 ജനപ്രതിനിധികളുടെ അവധി-വിവിധ ഉത്തരവുകൾ

### 4.6.1 ജനപ്രതിനിധികളായ എയ്ഡ്സ് സ്കൂൾ അധ്യാപകർ/അനധ്യാപകർ

ജനപ്രതിനിധികളായ എയ്ഡ്സ് സ്കൂൾ അധ്യാപകർ/അനധ്യാപകർ എന്നിവർക്ക് ജി.ഒ. (പി) നം. 28/98/പൊതുവിദ്യാഭ്യാസം തീയതി 16-01-1998 പ്രകാരം പ്രത്യേക അവധിക്ക് അർഹതയുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/ചെയർപേഴ്സൺ/ചെയർമാൻ/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നീ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് 20 ദിവസത്തേയ്ക്കും അംഗങ്ങൾക്ക് 15 ദിവസത്തേക്കും ഡ്യൂട്ടി ലീവ് ലഭിക്കുന്നതാണ്.

പ്രസിഡന്റ്/ചെയർപേഴ്സൺ/ചെയർമാൻ എന്നിവർക്ക് ഒരു വിദ്യാഭ്യാസ വർഷത്തേക്കോ പദവി വഹിക്കുന്ന കാലത്തേക്കോ ശമ്പളമില്ലാത്ത പ്രത്യേക അവധിയും ലഭിക്കും. ഈ അവധി ഇൻക്രിമെന്റ്, ഉയർന്ന ശമ്പള സ്കെയിൽ, പെൻഷൻ എന്നിവയ്ക്ക് പരിഗണിക്കുന്നതാണ്.

ജി.ഒ (പി) നം. 12/2006/പൊ. വി തിയതി 09-01-2006: മേൽപ്പറഞ്ഞ ശമ്പളമില്ലാത്ത പ്രത്യേക അവധി എയ്ഡഡ് സ്കൂൾ, കോളേജ് അനധ്യാപക ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ട്.

### 4.6.2 ജനപ്രതിനിധികൾ-തൊഴിൽ, അവധി

ജി. ഒ(എം. എസ്) നം. 203/2002/തസ്വഭവ തീയതി 02-11-2002 പ്രകാരം ഉദ്യോഗസ്ഥരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണത്തലവൻമാർ തങ്ങളുടെ മാതൃസ്ഥാപനങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്ന കാലയളവ് ക്രമപ്പെടുത്തുവാൻ അവർക്ക് വേതനരഹിത അവധി മാത്രമേ അനുവദിക്കാവൂ എന്ന് നിഷ്കർഷിക്കേണ്ടതില്ല. അർഹതയുള്ള ഏതു തരത്തിലുള്ള അവധിയും അനുവദിക്കാവുന്നതാണ്.

### 4.6.3 ജനപ്രതിനിധികളായ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് 15 ദിവസത്തെ ഡ്യൂട്ടി ലീവ്

സ. ഉ(സാധാ)നം. 1118/2024/LSGD തിയതി 24-06-2024 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ എയ്ഡഡ് സ്കൂൾ/കോളേജ് അധ്യാപകർ, അധ്യാപകേതര ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് പതിനാലാം പദ്ധതി പ്രവർത്തനങ്ങൾ കൂടാതെ വിവിധ ആവശ്യങ്ങൾക്കായുള്ള ഗ്രാമസഭ, വാർഡ് വികസന സമിതി, കുടുംബശ്രീ, അയൽസഭ, വാർഡ്തല സാനിറ്ററി കമ്മിറ്റി, പരിശീലനങ്ങൾ എന്നിവയ്ക്ക് കൂടി ഡ്യൂട്ടി ലീവ് ഒരു വർഷം പരമാവധി 15 ദിവസമാക്കി.

## 4.6.4 മറ്റ് ഉത്തരവുകൾ

### എ) അധ്യക്ഷന്മാർക്കുള്ള തിരിച്ചറിയൽ കാർഡ്, അംഗങ്ങളുടെ സ്വത്ത് വിവരം സമർപ്പിക്കൽ

സർക്കുലർ നം. 71471/ഇ. എം1/2010/തസ്വഭവ തീയതി 27-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്ക് തിരിച്ചറിയൽ കാർഡ് നൽകൽ, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സ്വത്തുവിവരം സംബന്ധിച്ച പത്രിക സമർപ്പിക്കൽ, തെരഞ്ഞെടുപ്പ് കണക്ക് ബോധിപ്പിക്കൽ മുതലായവയെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ആവശ്യമായ ഫോറങ്ങളും നിശ്ചയിച്ചു. ആഭ്യന്തരവകുപ്പിൽ നിന്നുമാണ് തിരിച്ചറിയൽ കാർഡ് ലഭിക്കുക.

### ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിപക്ഷ നേതാവ് എന്ന പദവിക്ക് നിയമ സാധുതയില്ല

സർക്കുലർ നം. 78842/ആർ. ഡി-3/2008/തസ്വഭവ തീയതി 20-4-2011 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ ഭരണപക്ഷം, പ്രതിപക്ഷം എന്നീ തരംതിരിവ് ഇല്ല എന്നതിനാൽ പ്രതിപക്ഷ നേതാവ് എന്ന പദവിക്ക് നിയമ സാധുതയില്ല. ഏതെങ്കിലും അംഗത്തിന് ആ നിലയിൽ പ്രത്യേക സൗകര്യമോ ആനുകൂല്യമോ നൽകരുത്.



# അധ്യായം 05

# വിവിധ കമ്മിറ്റികളും ജനകീയ സംവിധാനങ്ങളും

## 5.1 സ്റ്റാന്റിംഗ് കമ്മിറ്റികൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162 പ്രകാരം ഓരോ പഞ്ചായത്തിനും താഴെ പറയും പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ നിലവിലുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിൽ യഥാക്രമം പട്ടിക 3, പട്ടിക 4, പട്ടിക 5 എന്നിവയിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം ഉൾപ്പെടുത്തിയിരിക്കുന്ന ചുമതലകളാണ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടുള്ളത്. വികസന-ക്ഷേമ-അടിസ്ഥാന സൗകര്യമേഖലകളിലെ ഈ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് പഞ്ചായത്തിനുള്ള പിന്തുണാ സംവിധാനമാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. ഓരോ പഞ്ചായത്ത് രാജ് സ്ഥാപനത്തിലും ചുവടെ പറയുന്ന (ചിത്രം 1) സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉണ്ടായിരിക്കണം.

ജില്ലാ പഞ്ചായത്ത് ഏതൊരു വിഷയത്തെ സംബന്ധിച്ചും തീരുമാനം എടുക്കുംമുൻപ് സൂക്ഷ്മമായും വിശദമായും പരിശോധിക്കണം. ഈ പരിശോധന അതത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ് ആദ്യം നടത്തേണ്ടത്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ചർച്ച നടത്തി തീരുമാനമെടുത്ത ശേഷമായിരിക്കണം വിഷയങ്ങൾ അജണ്ടയായി ജില്ലാ പഞ്ചായത്ത് യോഗത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇപ്രകാരം ഉൾപ്പെടുത്തിയ ഒരു വിഷയത്തെ സംബന്ധിച്ച്




*ചിത്രം 1*

ജില്ലാ പഞ്ചായത്ത് ഒരു തീരുമാനം എടുത്താൽ ആ തീരുമാനം കാര്യക്ഷമമായി നടപ്പാക്കുന്നു എന്നുറപ്പുവരുത്തേണ്ട ചുമതലയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കുന്ന പ്രമേയങ്ങൾ ജില്ലാ പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ വയ്ക്കണം. ആവശ്യമെങ്കിൽ മാറ്റം വരുത്താൻ ജില്ലാ പഞ്ചായത്തിന് അധികാരമുണ്ട്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും സെക്രട്ടറി പങ്കെടുക്കേണ്ടതും മിനിറ്റ്സും തീരുമാനങ്ങളും രേഖപ്പെടുത്തുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

### 5.1.1 സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഘടന

» ജനപ്രതിനിധികൾ മാത്രമാണ് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങൾ. പ്രസിഡന്റും വൈസ് പ്രസിഡന്റും ഒഴികെയുള്ള എല്ലാ അംഗങ്ങളും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമാണ്.
» ഒരംഗം ഒന്നിൽ കൂടുതൽ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ അംഗമായിരിക്കുന്നതല്ല.

» ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഒരു വനിതാ അംഗം നിർബന്ധമായും ഉണ്ടായിരിക്കണം.
» ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കണം.
» ധനകാര്യകമ്മിറ്റിയുടെ ചെയർപേഴ്സൺ വൈസ് പ്രസിഡന്റ് ആയിരിക്കും.
» ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരെ അതത് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്നു.
» പ്രസിഡന്റ് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും വോട്ടവകാശമില്ലാത്ത എക്സ് ഒഫീഷ്യോ അംഗമാണ് എന്നാൽ വൈസ് പ്രസിഡന്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വോട്ടവകാശമുള്ള എക്സ് ഒഫീഷ്യോ അംഗവും ചെയർപേഴ്സണുമായിരിക്കണം. (സെക്ഷൻ 162(6))

### 5.1.2 സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും എല്ലാ അംഗങ്ങൾക്കും നൽകുന്നതിന്റെ ഭാഗമായാണ് എല്ലാവരെയും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗമാക്കുന്നത്. ജില്ലാ പഞ്ചായത്തിനാണ് ചുമതലകളുള്ളത്, ഏതെങ്കിലും വ്യക്തിക്കോ കമ്മിറ്റിക്കോ അല്ല. ജില്ലാ പഞ്ചായത്തിനുള്ള ചുമതലകൾ നിറവേറ്റുന്നതിന് ഒട്ടേറേ സംവിധാനങ്ങൾ ഭരണ സംവിധാനത്തിനകത്ത് ഉൾകൊള്ളിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള മുഴുവൻ ചുമതലകളും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കായി വിഭജിച്ച് നൽകിയിരിക്കുന്നു. അതുകൊണ്ടുതന്നെ ജില്ലാ പഞ്ചായത്ത് അതിന്റെ ചുമതലകൾ നിറവേറ്റേണ്ടത് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലൂടെയാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ സ്വതന്ത്ര സംവിധാനങ്ങൾ അല്ല. അവയ്ക്ക് സ്വതന്ത്ര അധികാരങ്ങളും ഇല്ല. ജില്ലാ പഞ്ചായത്തിനുവേണ്ടി, നിയമപ്രകാരം നൽകപ്പെട്ട ചുമതലകൾ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹിക്കുമ്പോൾ ഭരണ സംവിധാനം കാര്യക്ഷമമാകുന്നു, പങ്കാളിത്തവും വികേന്ദ്രീകരണവും സംജാതമാകുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസാക്കുന്ന ഓരോ പ്രമേയവും ജില്ലാ പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പ്രമേയം ഭേദഗതി ചെയ്യാൻ ജില്ലാ പഞ്ചായത്തിന് അധികാരമുണ്ട്. [1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162എ(3)].

### 5.1.3 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങൾ

(2000 ലെ കേരള പഞ്ചായത്ത് രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ)

» ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേരണം.
» ചെയർപേഴ്സൺ നിശ്ചയിക്കുന്ന തീയതിയിലും സമയത്തും ജില്ലാ പഞ്ചായത്ത് ഓഫീസിൽവെച്ച് യോഗം ചേരേണ്ടതാണ്.
» ജില്ലാ പഞ്ചായത്തിന്റെ ചുമതലകളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് അതത് സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കേണ്ടത്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒരേ വിഷയത്തിൽ പരസ്പരവിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്ന സംഗതിയിൽ ആയത് ജില്ലാ

പഞ്ചായത്തിന്റെ പരിഗണനയ്ക്ക് നൽകേണ്ടതാണ്.

» യോഗത്തിന്റെ ക്വാറം മൂന്ന് ആയിരിക്കുന്നതാണ്. എന്നാൽ വോട്ടവകാശമുള്ള അംഗങ്ങളുടെ എണ്ണം നാലോ അതിൽ കുറവോ ആണെങ്കിൽ ക്വാറം രണ്ട് ആയിരിക്കുന്നതാണ്.
» അജണ്ട വിഷയങ്ങളിലുള്ള തീരുമാനം ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരം.
» അധ്യക്ഷന് കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതാണ്.
» യോഗ തീയതിയും അജണ്ടാ വിഷയങ്ങളും എക്സ് ഒഫീഷ്യോ അംഗമായ പ്രസിഡന്റിനെ അറിയിക്കണം; നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തണം.
» സ്റ്റാന്റിംഗ് കമ്മിറ്റികളുടെ തീരുമാനം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിശ്ചയിച്ചിട്ടുള്ള അംഗങ്ങളുടെ പകുതിയിലധികംപേരുടെ പിന്തുണയോടെയുള്ള പ്രമേയം മുഖേന പ്രത്യേകം വിളിച്ചുചേർക്കുന്ന യോഗത്തിലൂടെ മാത്രം ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്. ഇത്തരം ഭേദഗതി മൂന്നുമാസത്തിനകം നടത്തേണ്ടതാണ്.

**പ്രാദേശിക സർക്കാരുകളുടെ ചുമതലാ നിർവ്വഹണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക് നിർണായകമാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയ്ക്ക് നൽകിയിട്ടുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിച്ചാൽ മാത്രമേ പ്രാദേശികഭരണ നിർവ്വഹണം ഫലപ്രദവും യുക്തിഭദ്രവും ശാസ്ത്രീയവുമാകൂ. സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രാദേശിക ഭരണത്തിന്റെ കരുത്തും കാന്തിയുമാണ്.**

## 5.2 ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളും വിഷയങ്ങളും

| സ്റ്റാന്റിംഗ് കമ്മിറ്റി | ജില്ലാ പഞ്ചായത്ത് |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ. |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി | വികസന ആസൂത്രണം, സാമൂഹികവും സാമ്പത്തികവും പ്ലാനിംഗ്, കൃഷി, മണ്ണ് സംരക്ഷണം, മൃഗ സംരക്ഷണം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, വൈദ്യുതി |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | സാമൂഹ്യക്ഷേമം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ദാരിദ്ര്യ നിർമ്മാർജനം |
| ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി | പൊതുജനാരോഗ്യം, വിദ്യാഭ്യാസം |
| പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി | പൊതുമരാമത്ത്, പാർപ്പിട സൗകര്യം, സ്പെഷ്യൽ പ്ലാനിംഗ്, പരിസ്ഥിതി |

## 5.3 സ്റ്റിയറിംഗ് കമ്മിറ്റി

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവർ ഇതിൽ അംഗങ്ങളായിരിക്കും. പ്രസിഡന്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ അധ്യക്ഷനായിരിക്കും. പഞ്ചായത്ത് ഏൽപ്പിക്കുന്ന ചുമതലകൾ സ്റ്റിയറിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്. ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കാര്യക്ഷമമായി അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്തപക്ഷം അങ്ങിനെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റിയറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ് (വകുപ്പ് 162(എ)(4)).

## 5.4 പ്രവർത്തന കമ്മിറ്റികൾ

കൃഷി, ശുചീകരണം, വാർത്താ വിനിമയം, പൊതുമരാമത്ത്, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ വിഷയങ്ങൾക്ക് പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. അതത് വിഷയങ്ങളിൽ ജില്ലാ പഞ്ചായത്തിനെ ബാധിക്കുന്ന പ്രശ്നങ്ങളിൽ തീരുമാനമെടുത്ത് ജില്ലാ പഞ്ചായത്തിന്റെ പരിഗണനയ്ക്ക് നൽകുക എന്നതാണ് പ്രധാന ചുമതല. (വകുപ്പ് 163)

അധികാരവും ചുമതലകളും സംബന്ധിച്ച ചട്ടം നാളിതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല.

## 5.5 സബ്കമ്മിറ്റികൾ

ഓരോ പഞ്ചായത്തിനും അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളെയോ പ്രവർത്തന കമ്മിറ്റികളെയോ ഏതെങ്കിലും പണിയോ പദ്ധതിയോ പ്രോജക്റ്റോ പ്ലാനോ നടപ്പാക്കുന്നതിൽ സഹായിക്കുന്നതിനായി ജില്ലാ പഞ്ചായത്തിലെ അംഗങ്ങളും പൊതുജന ക്ഷേമത്തിൽ താല്പര്യമുള്ള, ജില്ലാ പഞ്ചായത്ത് നാമനിർദേശം ചെയ്ത അംഗങ്ങളെ ഉൾപ്പെടുത്തി സബ്കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. (വകുപ്പ് 164)

**ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷൻ എന്ന നിലയിലും അംഗമെന്ന നിലയിലും പങ്കെടുക്കേണ്ട വിവിധ കമ്മിറ്റികൾ**

| ക്രമ നം. | കമ്മിറ്റിയുടെ പേര് | സ്ഥാനം | നിയമം/ചട്ടം/ഉത്തരവ് |
|---|---|---|---|
| I | പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട സമിതികൾ | | |
| 1 | പഞ്ചായത്ത് യോഗം | അധ്യക്ഷ/ൻ | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 153(1)-പ്രസിഡന്റ് മുഴുവൻ സമയ കാര്യനിർവ്വഹണാധികാരി ആയിരിക്കും. |
| 2 | സ്റ്റാന്റിംഗ് കമ്മിറ്റികൾ | വോട്ടവകാശമില്ലാത്ത എക്സ് ഒഫീഷ്യോ അംഗം | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(6) |
| 3 | സ്റ്റിയറിംഗ് കമ്മിറ്റി | അധ്യക്ഷ/ൻ | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(ബി)(1) |

| II | വിവിധ മേഖലകളിലെ സമിതികൾ | | |
|---|---|---|---|
| 5 | പഞ്ചായത്ത്തല ആസൂത്രണ സമിതി | അധ്യക്ഷ/ൻ | സ.ഉ. (കൈ) നം. 84/2022/LSGD തിയതി 19-04-2022 (പതിനാലാം പദ്ധതി മാർഗ്ഗരേഖ) |
| 6 | ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പ് | അധ്യക്ഷ/ൻ | സ.ഉ. (കൈ) നം. 84/2022/LSGD തിയതി 19-04-2022 (പതിനാലാം പദ്ധതി മാർഗ്ഗരേഖ) |
| 7 | ജൈവ വൈവിദ്ധ്യ പരിപാലന സമിതി (Biodiversity Management Committee) | അധ്യക്ഷ/ൻ | G. O(M. S)No. 86/08/LSGD dt. 18-03-2008 |
| 10 | ആരോഗ്യ സ്ഥാപനങ്ങൾക്കു ആശുപത്രി മാനേജിംഗ് കമ്മിറ്റി (HMC) | അധ്യക്ഷ/ൻ | 2010 ലെ കേരള പഞ്ചായത്ത് രാജ്(പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ-ചട്ടം 3(3) |
| 11 | മൃഗാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി | അധ്യക്ഷ/ൻ | 2024 ലെ കേരള പഞ്ചായത്ത് രാജ്(മൃഗാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ-ചട്ടം 3(3) |
| 13 | ജില്ലാ പഞ്ചായത്ത്തല പ്രൊക്യുർമെന്റ് കമ്മിറ്റി | അധ്യക്ഷ/ൻ | സ. ഉ(പി)നം. 259/2010/LSGD തിയതി 08-11-2010 (പ്രൊക്യുർമെന്റ് മാർഗ്ഗരേഖ) |
| 14 | നവകേരളം കർമ്മപദ്ധതി-IIവികസന മിഷനുകൾ (ലൈഫ്, ആർദ്രം, വിദ്യാകിരണം, ഹരിത കേരളം മിഷൻ)-ജില്ലാ പഞ്ചായത്ത്തല മിഷൻ | അധ്യക്ഷ/ൻ | ഉ(അച്ചടി)നം. 1/2022/PIE&MD തിയതി 11-02-2022 (നവകേരളം കർമ്മപദ്ധതി-II-മാർഗ്ഗരേഖ) |

## 5.6 പ്രധാന കമ്മിറ്റികളുടെ വിശദ വിവരങ്ങൾ

### 5.6.1 ആശുപത്രി മാനേജിംഗ് കമ്മിറ്റി (എച്ച്. എം. സി)

- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173എ.
- 2010 ലെ കേരള പഞ്ചായത്ത് രാജ്(പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ

എല്ലാ വിധത്തിലുള്ള ചികിത്സാ സമ്പ്രദായങ്ങൾക്കും വേണ്ടി ചട്ടങ്ങൾ പാലിച്ചുകൊണ്ട് ജില്ലാതലം വരെയുള്ള ആശുപത്രികളിൽ പതിനഞ്ച് അംഗങ്ങളിൽ കൂടാത്ത ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

- എച്ച്. എം. സി യുടെ ചെയർപേഴ്സൺ-ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

- കൺവീനർ-പ്രധാന മെഡിക്കൽ ഓഫീസർ,
- അംഗങ്ങൾ
    1. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ-വൈസ് ചെയർപേഴ്സൺ
    2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
    3. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
    4. പ്രദേശത്തെ ജില്ലാ പഞ്ചായത്ത് അംഗം
    5. എക്സിക്യൂട്ടീവ് എഞ്ചിനീയർ (LSGD)
    6. പ്രദേശത്തെ kseb എക്സിക്യൂട്ടീവ് എഞ്ചിനീയർ
    7. പ്രദേശത്തെ KWA എക്സിക്യൂട്ടീവ് എഞ്ചിനീയർ
    8. ജില്ലാ പഞ്ചായത്ത് ഏകകണുമായി തീരുമാനിക്കുന്ന 3 വ്യക്തികൾ
    9. സ്ഥാപനത്തിലെ രണ്ടാമത്തെ മെഡിക്കൽ ഓഫീസർ
    10. സ്ഥാപനം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആണെങ്കിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും

**സ്ഥിരം ക്ഷണിതാക്കൾ (വോട്ട് അവകാശം ഉണ്ടായിരിക്കില്ല)**

- പ്രദേശത്തെ ലോക്സഭ അംഗം
- പ്രദേശത്തെ നിയമ സഭ അംഗം
- ദേശീയ രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രധിനിധി
- ദേശീയ കക്ഷി അല്ലാത്തതും നിയമസഭയിൽ പ്രാതിനിധ്യമുള്ളതുമായ കക്ഷികളുടെ ഓരോ പ്രതിനിധി
- ജില്ലാ മെഡിക്കൽ ഓഫീസർ
- കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ
- ജില്ലാ പഞ്ചായത്തിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ കാലാവധിയും അവസാനിക്കുന്നതാണ്.
- ജില്ലാ പഞ്ചായത്ത് തീരുമാന പ്രകാരം പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ഒഴിവുകൾ നികത്തേണ്ടതാണ്.
- ആശുപത്രികളുടെ വികസനത്തിനാവശ്യമായ തീരുമാനങ്ങൾ എടുക്കുവാൻ എച്ച്. എം.സികൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
- മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.
- വരവ്-ചെലവ് കണക്കുകളും രേഖകളും സൂക്ഷിക്കേണ്ടതാണ്.
- ആശുപത്രി വികസന ഫണ്ടിന്റെ സൂക്ഷിപ്പ് മെമ്പർ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഒരു ദേശസാൽകൃത ബാങ്കിൽ ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ തുക നിക്ഷേപിക്കണം.
- ചെലവുകൾക്ക് എച്ച്. എം. സി യുടെ അംഗീകാരത്തോടെ.
- കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാണ്.

### 5.6.2 മൃഗാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി

- 2024 ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ
- മൃഗങ്ങൾക്ക് ചികിത്സ നൽകുന്ന ജില്ലാതലം വരെയുള്ള ആശുപത്രികളിൽ പതിനഞ്ച് അംഗങ്ങളിൽ കൂടാത്ത മാനേജിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.
- മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ-ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
- കൺവീനർ-പ്രധാന വെറ്ററിനറി ഓഫീസർ
- ജില്ലാ പഞ്ചായത്തിന്റെ കാലാവധി അവസാനിക്കുന്നമുറയ്ക്ക് മാനേജിംഗ് കമ്മിറ്റികളുടെ കാലാവധിയും അവസാനിക്കുന്നതാണ്.
- ജില്ലാ പഞ്ചായത്ത് തീരുമാന പ്രകാരം പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ഒഴിവുകൾ നികത്തേണ്ടതാണ്.
- മൃഗാരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനാവശ്യമായ തീരുമാനങ്ങൾ എടുക്കുവാൻ മാനേജിംഗ് കമ്മിറ്റികൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
- മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.
- വരവ്-ചെലവ് കണക്കുകളും രേഖകളും സൂക്ഷിക്കേണ്ടതാണ്.
- മൃഗാരോഗ്യ സ്ഥാപന വികസന ഫണ്ടിന്റെ സൂക്ഷിപ്പ് മെമ്പർ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഒരു ദേശസാൽകൃത ബാങ്കിൽ ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ തുക നിക്ഷേപിക്കണം.
- ചെലവുകൾക്ക് അംഗീകാരം ലഭ്യമാക്കണം.
- കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാണ്.
- അംഗങ്ങൾ

### 5.6.3 പ്രൊക്യൂർമെന്റ് കമ്മിറ്റി

സ.ഉ (പി) നം. 259/2010/ത.സ്വ.ഭ.വ. തിയതി 08-11-2010 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യുർമെന്റ് മാർഗ്ഗരേഖ അനുസരിച്ച് പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

കമ്മിറ്റിയുടെ ചെയർപേഴ്സൺ - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
കൺവീനർ - സെക്രട്ടറി

എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്മാരും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും കമ്മിറ്റിയിലെ അംഗങ്ങളായിരിക്കുന്നതാണ്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ തീരുമാനം സുപ്രധാനമാണ്. കമ്മിറ്റിയുടെ തീരുമാനത്തിന് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

### 5.6.4 സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC)

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി സർക്കാർ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന കമ്മിറ്റിയാണ്. സ്കൂൾ വികസനപദ്ധതി തയ്യാറാക്കൽ തുടങ്ങി സ്കൂൾ

അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് വരെ ഈ കമ്മിറ്റി നേതൃത്വം നൽകുന്നു. ഇതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചുരുങ്ങിയത് പതിനാറ് അംഗങ്ങൾ ഉണ്ടാവും. പ്രദേശത്തെ വാർഡ് മെമ്പർ ഈ കമ്മിറ്റിയിൽ അംഗമാണ്. അംഗങ്ങളിൽ 50% വനിതകൾ ആയിരിക്കും. രക്ഷാകർത്താപ്രതിനിധികളിൽ നിന്നും ഒരാൾ ചെയർപേഴ്സണും സ്കൂളിലെ പ്രഥമാദ്ധ്യാപകൻ കൺവീനറും ആയിരിക്കും. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പാൾ ആയിരിക്കും കൺവീനർ

### 5.6.5 അദ്ധ്യാപക-രക്ഷകർത്താ സമിതി (PTA)

ഒരു വിദ്യാലയത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികളുടെയും രക്ഷിതാക്കളും അദ്ധ്യാപകരും അംഗങ്ങളായ ജനകീയ സമിതിയാണ് സ്കൂൾ പി.ടി.എ. സ്കൂളിന്റെ അക്കാദമികവും ഭൗതീക വുമായ വളർച്ച ഉറപ്പുവരുത്തുന്നതോടൊപ്പം എല്ലാ മേഖലയിലും സാമൂഹിക പങ്കാളിത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**പ്രസിഡന്റ്** : ഒരു രക്ഷകർത്താവ്

**സെക്രട്ടറി** : പ്രഥമ അദ്ധ്യാപകൻ

**അംഗങ്ങൾ** പതിനഞ്ചിനും ഇരുപത്തിയൊന്നിനും ഇടയിൽ അംഗങ്ങൾ ഉണ്ടായിരിക്കും.

അമ്മമാർ ഉൾപ്പെടുന്ന മദർ പി.ടി.എയും വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നു.

### 5.6.6 സ്കൂൾ ജാഗ്രത സമിതി

കുട്ടികൾക്ക് അവരുടെ പ്രയാസങ്ങളും കഷ്ടപ്പാടുകളും-പ്രശനങ്ങളും തുറന്ന് പറയാൻ പ്രയാസമുള്ള അവസ്ഥയിൽ അവരുടെ പ്രശ്നങ്ങൾ തിരിച്ചറിയാനും അവർക്ക് ആത്മവിശ്വാസം നൽകാനുമായുള്ള സമിതിയാണ് സ്കൂൾ ജാഗ്രത സമിതി. രക്ഷകർത്താപ്രതിനിധികൾ, ആദ്ധ്യാപക പ്രതിനിധികൾ, വാർഡ് മെമ്പർമാർ, കുട്ടികളുടെ പ്രതിനിധികൾ എന്നിവർ ഇതിൽ അംഗങ്ങൾ ആയിരിക്കും. സ്കൂൾ ഹെഡ്മാസ്റ്റർ ചെയർമാനും, തിരഞ്ഞെടുക്കുന്ന അദ്ധ്യാപകൻ കൺവീനറും ആയിരിക്കും.

### 5.6.7 ഉച്ചഭക്ഷണ കമ്മിറ്റി (NMC)

സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്താൻ സ്കൂളുകളിൽ ഉച്ചഭക്ഷണ കമ്മിറ്റി പ്രവർത്തിക്കുന്നു. കമ്മിറ്റിയുടെ ചെയർപേഴ്സൺ പി.ടി.എ പ്രസിഡന്റും ഹെഡ്മാസ്റ്റർ കൺവീനറും ആയിരിക്കും. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ വാർഡ് മെമ്പർ, അദ്ധ്യാപകപ്രതിനിധികൾ, മദർ പി.ടി.എ പ്രതിനിധികൾ എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

SMC, PTA, സ്കൂൾ ജാഗ്രതാ സമിതി, NMC എന്നീ സമിതികൾ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളുകളിൽ രൂപീകരിക്കേണ്ടതാണ്.

### 5.6.8 ജില്ലാ ജാഗ്രത സമിതി

വനിതാ കമ്മിഷൻ ജില്ലാതല ഘടകമായും, നിർഭയ, ബാലസംരക്ഷണ സമിതി എന്നി വയുടെ ജില്ലാതല സമിതികളുടെ സംയോജിത വേദിയായും ആണ് ജില്ല ജാഗ്രത സമിതി

പ്രവർത്തിക്കുന്നത്. നിയമ പിന്തുണയുള്ള ഒരു സംവിധാനമെന്ന നിലയിൽ നിയമങ്ങൾ പൂർണമായും പാലിച്ചുതന്നെ ആയിരിക്കണം ഇതിന്റെ പ്രവർത്തനം വനിതാ കമ്മീഷനിൽ നിന്നും ലഭിക്കുന്ന പരാതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനകളിൽ നിന്നും ലഭിക്കുന്ന പരാതികൾ എന്നിവ തീർപ്പാക്കേണ്ടുന്ന ചുമതല ജില്ലാ ജാഗ്രത സമിതിക്ക് ഉണ്ടായിരിക്കും.

**ഘടന**

ചെയർപേഴ്സൺ-ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
വൈസ് ചെയർപേഴ്സൺ-ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്
കൺവീനർ-ജില്ലാ വനിതാ ശിശു വികസന ഓഫീസർ

**അംഗങ്ങൾ**

1. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
2. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
3. ജില്ലാ പോലീസ് സൂപ്രണ്ട്/അദ്ദേഹം സ്ഥിരമായി ചുമതലപ്പെടുത്തുന്ന പോലീസ് ഓഫീസർ
4. ജില്ലാ മെഡിക്കൽ ഓഫീസർ/അദ്ദേഹം സ്ഥിരമായി ചുമതലപ്പെടുത്തുന്ന മെഡിക്കൽ ഓഫീസർ
5. ജില്ലാ കളക്ടർ നിർദേശിക്കുന്ന RDO
6. ഒരു അഭിഭാഷക
7. സാമൂഹ്യ പ്രവർത്തക
8. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക
9. വനിതാ പ്രൊട്ടക്ഷൻ ഓഫീസർ

**ക്ഷണിതാക്കൾ**

1. ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ നാമനിർദേശം ചെയ്യുന്ന ഒരു വനിതാ പഞ്ചായത്ത് പ്രസിഡന്റ്
2. ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ നോമിനേറ്റ് ചെയ്യുന്ന ഒരു വനിതാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
3. ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർപേഴ്സൺ നോമിനേറ്റ് ചെയ്യുന്ന ഒരു വനിതാ മുനിസിപ്പൽ ചെയർപേഴ്സൺ
4. ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം
5. ജില്ലാ പട്ടിക ജാതി പട്ടിക വർഗ്ഗ വികസന ഓഫീസർമാർ
6. ഡെപ്യൂട്ടി ഡയറക്ടർ LSGD
7. കോർഡിനേറ്റർ ചൈൽഡ് ലൈൻ
8. സർക്കാർ/സന്നദ്ധ/ക്ഷേമ സ്ഥാപന മേധാവികൾ



# അദ്ധ്യായം 06

# ജില്ലാ പഞ്ചായത്ത് പദ്ധതി രൂപീകരണവും പദ്ധതി നിർവ്വഹണവും

പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ചുമതലയാണ്. എഴുപത്തിമൂന്നാം ഭരണഘടന ഭേദഗതി പ്രകാരം സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നത് പഞ്ചായത്തുകളുടെ പ്രാഥമിക ഉത്തരവാദിത്തമാണ് (ആർട്ടിക്കിൾ 243 ജി). ജില്ലാതലത്തിൽ ജില്ലയുടെ പ്രത്യേകതകൾ അനുസരിച്ചുള്ള വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും, ജില്ലയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിച്ച്, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനത്തോടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് ജില്ലാ പഞ്ചായത്തിന്റെ സുപ്രധാന ചുമതലയാണ്. ജില്ലയിലെ ഓരോ വികസന മേഖലയുടെയും അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന വികസന വിടവുകളും, ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും മുന്നോട്ടുവയ്ക്കുന്ന വികസന ആശയങ്ങളും പരിഗണിച്ച്, മുൻഗണന നിശ്ചയിച്ച് പരമാവധി വിഭവ സമാഹരണത്തിലൂടെ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കാവുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും, ജില്ലാ പഞ്ചായത്ത് പദ്ധതി രൂപീകരണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നു. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയണമെങ്കിൽ കൃത്യമായ ലക്ഷ്യങ്ങളോട് കൂടി ലഭ്യമായ വിഭവങ്ങളെ ഉപയോഗിച്ചു

കൊണ്ടുള്ള പദ്ധതി ആസൂത്രണം അനിവാര്യമാണ് ഇതിനായി വിശാലമായ ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

## 6.1 പദ്ധതിയുടെ പൊതു ലക്ഷ്യം

ജില്ലയുടെ അടിസ്ഥാന പശ്ചാത്തല വികസനവും മുഴുവൻ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആവിഷ്കരണത്തിന്റെ മുഖ്യ ലക്ഷ്യം. കേരളത്തിന്റ. സാമ്പത്തികവികസനത്തിന് ഗതി വേഗം നൽകുകയെന്നതാണ് പ്രധാനം ഇതിനായി പ്രാദേശിക സാമ്പത്തികവികസനത്തിനും മാനവ വികസന സൂചികകളെ ഉയർത്തുന്നതിനും തൊഴിൽ സൃഷ്ടിക്കും ഊന്നൽ നൽകുന്നു പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കി കൊണ്ടുള്ള വികസനം ഉറപ്പാക്കുക, കാലാവസ്ഥ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കി കൊണ്ടുള്ള ജില്ലാ വികസനം യാഥാർത്ഥ്യമാക്കുക, കാലാവസ്ഥ വ്യതിയാനത്തെയും തൽഫലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കാനുള്ള കഴിവുകൾ ആർജ്ജിക്കാൻ പൊതുസമൂഹത്തെ സഹായിക്കുക എന്നതും പൊതുലക്ഷ്യങ്ങളിൽപ്പെടുന്നു.

## 6.2 പൊതുസമീപനം

ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി വ്യത്യസ്ത വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടുള്ള പങ്കാളിത്ത ആസൂത്രണത്തോടെയുള്ള സമഗ്ര വികസനം ആയിരിക്കണം പൊതുസമീപനം സവിശേഷ വികസന ലക്ഷ്യങ്ങൾ പൊതുമുൻഗണനകൾ എന്നിവ ഓരോ പദ്ധതികാലത്തും സർക്കാർ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ഇവയെല്ലാം പരിഗണിച്ച് സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം മുൻനിർത്തിയുള്ള പദ്ധതികളാണ് പ്രാദേശിക സർക്കാരുകൾ ആവിഷ്ക്കരിക്കേണ്ടത്.

## 6.3 പദ്ധതിരൂപീകരണം

ഭരണഘടനയിലെ പതിനൊന്നാം പട്ടികയ്ക്ക് അനുസൃതമായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 5-ാം പട്ടികയിൽ ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതും, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചു നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളാണ് രൂപീകരിച്ചു നടപ്പിലാക്കേണ്ടത്. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 176) ഓരോ വികസന മേഖലയിലും സംസ്ഥാന സർക്കാരിന്റെ വികസന മുൻഗണനകൾ പരിഗണിച്ചുവേണം പദ്ധതികൾ തയ്യാറാക്കാൻ. കൂടാതെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളും പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

- പദ്ധതികളും പ്രോജക്ടുകളും ലക്ഷ്യാധിഷ്ഠിതവും, വിവരാധിഷ്ഠിതവുമാക്കുക.
- വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിലെ വികസന വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകളാണ് രൂപീകരിക്കേണ്ടത്.

» ജില്ലാ പദ്ധതിയിലെ മുൻഗണനകളും നിർദ്ദേശങ്ങളും, ഗ്രാമ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വികസന നിർദ്ദേശങ്ങളും പരിഗണിച്ചു വേണം പദ്ധതികൾ തയ്യാറാക്കാൻ
» പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വിവിധ സ്റ്റേക്ക് ഹോൾഡർമാർ, പഠനഗവേഷണ സ്ഥാപനങ്ങൾ, ബാങ്ക്സഹകരണസംഘം പ്രതിനിധികൾ എന്നിവരുമായുള്ള കൂടിയാലോചനകൾ സംഘടിപ്പിക്കാവുന്നതാണ്.
» ജില്ലാ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുള്ള ജില്ലാ റിസോഴ്സ് സെന്ററിന്റെ സേവനവും, വിദഗ്ധോപദേശങ്ങളും സ്വീകരിക്കാവുന്നതാണ്.
» ഓരോ വികസന മേഖലയിലും സംസ്ഥാന സർക്കാരിന്റെ വികസന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതും, പരമാവധി കേന്ദ്ര-സംസ്ഥാന പദ്ധതികളുമായുള്ള സംയോജനവും സംയുക്ത സാധ്യതകളും പരിഗണിക്കേണ്ടതുമാണ്.

## 6.4 പദ്ധതി ആസൂത്രണഘട്ടങ്ങളും നടപടിക്രമങ്ങളും

ആസൂത്രണസമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ

### 6.4.1 ആസൂത്രണ സമിതികൾ

ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം ചെയ്യുക എന്നതാണ് ആസൂത്രണ സമിതിയുടെ ചുമതല. ആസൂത്രണ സമിതിയിൽ 12 അംഗങ്ങളാണ് ഉദ്ദേശിക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും, സെക്രട്ടറി കൺവീനറുമായിരിക്കും. സമിതിയുടെ ഉപാദ്ധ്യക്ഷ(ൻ) ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിയുന്ന വിദഗ്ധ(ൻ) ആയിരിക്കണം. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ വിദഗ്ദ്ധ(ർ) എന്നിവർ അംഗങ്ങളായിരിക്കണം. നിലവിലുള്ള സമിതി ആവശ്യമുണ്ടെങ്കിൽ ഓരോ വർഷവും പുനഃസംഘടിപ്പിക്കാവുന്നതാണ്. ആവശ്യമെങ്കിൽ 12ൽ കൂടുതൽ അംഗങ്ങളെയും ജില്ലാ പഞ്ചായത്തിന് ഉൾപ്പെടുത്താവുന്നതാണ്.

### 6.4.2 വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി ആസൂത്രണത്തിൽ ജില്ലാ പഞ്ചായത്തുകളെ സഹായിക്കുകയും നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുകയുമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ദൗത്യം. ആസൂത്രിത വികസനത്തിനായി ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തന മേഖലകളെ വിവിധ വിഷയമേഖലകളായി വിഭജിച്ച് ഓരോ മേഖലയ്ക്കും ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും ഓരോ വിഷയവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തിക്കുക. ജില്ലാ പഞ്ചായത്തുകളിൽ 15 വർക്കിംഗ് ഗ്രൂപ്പുകളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജില്ലയിലെ അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ, വിവിധ മേഖലകളിലെ വിദഗ്ധർ എന്നിവരെ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉൾപ്പെടുത്താൻ ജില്ലാ പഞ്ചായത്തുകൾ ശ്രദ്ധിക്കണം.

#### 6.4.2.1 ജില്ലാ പഞ്ചായത്തുകളിലെ വർക്കിംഗ് ഗ്രൂപ്പുകളും ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | ധനകാര്യം |
| 2 | കൃഷിയും അനുബന്ധമേഖലകളും | വികസനം |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | വികസനം |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | വികസനം |
| 5 | ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പടെ) | ക്ഷേമകാര്യം |
| 6 | സാമൂഹ്യനീതി | ക്ഷേമകാര്യം |
| 7 | ജെൻഡറും കുട്ടികളുടെ വികസനവും | ക്ഷേമകാര്യം |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ വികസനം (ജില്ലാ പഞ്ചായത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിന് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ്) | ക്ഷേമകാര്യം |
| 9 | ആരോഗ്യം | ആരോഗ്യവും വിദ്യാഭ്യാസവും |
| 10 | കുടിവെള്ളം, ശുചിത്വം | ആരോഗ്യവും വിദ്യാഭ്യാസവും |
| 11 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവ ജനകാര്യം | ആരോഗ്യവും വിദ്യാഭ്യാസവും |
| 12 | പൊതുമരാമത്ത്, വൈദ്യുതി, ഊർജ്ജം ഉൾപ്പടെ | വികസനം (ജില്ലാ പഞ്ചായത്തിൽ പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി |
| 13 | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | വികസനം (ജില്ലാ പഞ്ചായത്തിൽ പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി |
| 14 | മത്സ്യബന്ധനം | വികസനം |
| 15 | പട്ടികവർഗ്ഗവികസനം | ക്ഷേമകാര്യം |

ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ അല്ലെങ്കിൽ ആ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗത്തെ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സണായി ജില്ലാ പഞ്ചായത്തിന് തീരുമാനിക്കാവുന്നതാണ്. അതത് വിഷയമേഖലയിലെ ഒരു വിദഗ്ധ(ൻ) വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർപേഴ്സണായിരിക്കണം. ബന്ധപ്പെട്ട മേഖലയിൽ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥ(ൻ) വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ആയിരിക്കണം. എന്നാൽ ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ അധ്യക്ഷ(ൻ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കൺവീനർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുമായിരിക്കും.

ഓരോ വർക്കിംഗ് ഗ്രൂപ്പിലും 10-15 വരെ അംഗങ്ങൾ ആകാം. അതത് വികസന മേഖലയിലെ വിദഗ്ധർ ഉണ്ടായിരിക്കണം, വനിത പ്രാതിനിധ്യം ഉറപ്പ് വരുത്തണം.

വർക്കിംഗ് ഗ്രൂപ്പിന്റെ ക്വാറം-ആകെ അംഗങ്ങളുടെ മുന്നിൽ ഒന്ന് ആയിരിക്കും. കൺവീനറുടെ ഹാജർ നിർബന്ധം.

#### 6.4.2.2 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ

» വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസനമേഖലകളുടെ അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) പരിഷ്ക്കരിക്കുന്ന ചുമതല വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്.
» കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ
» ജില്ലാ പഞ്ചായത്ത് ഗ്രാമസഭക്കു സമാനയോഗങ്ങളിലും, വികസന സെമിനാറിലും പ്രോജക്റ്റ് നിർദ്ദേശങ്ങളിന്മേലുള്ള ചർച്ചയ്ക്ക് നേതൃത്വം നൽകുക
» പ്രോജക്റ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക
» വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുക

#### 6.4.2.3 അവസ്ഥാരേഖ തയ്യാറാക്കൽ

വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിലും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിലും ഓരോ വികസന മേഖലയിലും കഴിഞ്ഞ 25 വർഷം നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി, നേട്ട-കോട്ട വിശകലനം നടത്തണം. ഇപ്രകാരം ഓരോ മേഖലയിലേയും പ്രശ്നങ്ങൾ, സാധ്യതകൾ, സ്വീകരിക്കാവുന്ന പരിഹാര നടപടികൾ എന്നിവ ഉൾപ്പെടുത്തിയാവണം അവസ്ഥാരേഖ തയ്യാറാക്കേണ്ടത്.

ഓരോ പഞ്ചവത്സര പദ്ധതിയുടെയും ആദ്യ വർഷം അവസ്ഥാരേഖ തയ്യാറാക്കുന്നതിന് സമാന്തരമായി വികസനരേഖ പരിഷ്ക്കരിക്കുന്ന പ്രക്രിയയും നടത്തണം. ജില്ലയുടെ പൊതുവികസന കാഴ്ച്ചപ്പാടും, ഓരോ വികസന മേഖലയിലേയും വികസന കാഴ്ച്ചപ്പാടും പ്രതിപാദിക്കുന്നതോടൊപ്പം ഓരോ മേഖലയിലെ അവസ്ഥയും വികസന തന്ത്രവും വ്യക്തമാക്കുന്ന രേഖയാവണം വികസനരേഖ.

ഇപ്രകാരം തയ്യാറാക്കപ്പെട്ട അവസ്ഥാരേഖയെയും വികസനരേഖയെയും അടിസ്ഥാനമാക്കിയാവണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്.

### 6.4.3 ജില്ലാ പഞ്ചായത്ത് ഗ്രാമസഭ സമാനയോഗം

പ്രാദേശിക പദ്ധതി ആസൂത്രണത്തിൽ ഗ്രാമസഭകൾക്ക് നിർണ്ണായക പങ്കാണ് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള കൂടിയാലോചനകളുടെയും, ചർച്ചകളുടെയും ഫലമായി അതാത് മേഖലയിൽ കണ്ടെത്തുന്ന പ്രോജക്റ്റുകൾ ജില്ലാ പഞ്ചായത്ത് തലത്തിലുള്ള ഗ്രാമസഭാ സമാനമായ യോഗത്തിൽ ചർച്ച ചെയ്ത് വികസന നിർദ്ദേശങ്ങൾ അന്തിമമാക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ, ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി അധ്യക്ഷൻ മാർ വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ എന്നിവർ ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്ത് ഗ്രാമസഭ സമാന യോഗം ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന

സ്റ്റാറ്റസ് റിപ്പോർട്ടിലെ വികസന വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകളാണ് രൂപീകരിക്കേണ്ടത്. ജില്ലാ പദ്ധതിയിലെ മുൻഗണനകളും നിർദ്ദേശങ്ങളും, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന വികസന നിർദ്ദേശങ്ങളും ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. അന്തിമമാക്കിയ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് ക്രോഡീകരിച്ച് ജില്ലാ പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിക്കുകയും, ഭരണസമിതി മുൻഗണനകളും വിഭവസാധ്യതകളും പരിഗണിച്ചുകൊണ്ട് കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കി ജില്ലാ പഞ്ചായത്ത് വികസനസെമിനാർ അവതരിപ്പിക്കണം.

### 6.4.4 വികസന സെമിനാർ

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മുൻഗണനകൾക്കും വികസനതന്ത്രങ്ങൾക്കും അന്തിമ രൂപം നൽകുന്നതിനാണ് വികസന സെമിനാർ നടത്തുന്നത്. ജില്ലയിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് ആസൂത്രണ സമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻമാർ, ജില്ലാ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഉദ്യോഗസ്ഥർ, സ്റ്റേക്ക്ഹോൾഡർമാർ, പ്രൊഫഷണലുകൾ, വിദഗ്ധർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയ എല്ലാ വിഭാഗങ്ങളെയും ജില്ലാ പഞ്ചായത്ത് വികസനസെമിനാറിൽ പങ്കെടുപ്പിക്കണം. വികസന സെമിനാറിൽ നിശ്ചിത ഘടനയിലും അധ്യായത്തോടും കൂടിയുള്ള കരട് വാർഷിക പദ്ധതി രേഖ അച്ചടിച്ച് വിതരണം ചെയ്യുകയും വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ച് വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

### 6.4.5 വിഭവസ്രോതസ്സുകളും വകയിരുത്തലും

ലഭ്യമായ വിഭവങ്ങളെ ഫലവത്തായി ഉപയോഗിച്ചുകൊണ്ട് ജില്ലയുടെ സമഗ്ര വികസനം എന്നതാവണം ജില്ലാ പഞ്ചായത്തിന്റെ ലക്ഷ്യം. ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളുടെ സവിശേഷത സംയുക്ത സംയോജന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നു എന്നതിലാണ്.

പദ്ധതി നിർവ്വഹണത്തിനുള്ള പ്രധാന ധനസ്രോതസ്സ് സംസ്ഥാന സർക്കാർ ബജറ്റിന്റെ ഭാഗമായി നൽകുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തനത് ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുടങ്ങിയവയും പദ്ധതി നിർവ്വഹണത്തിനായി സംയോജിപ്പിക്കുന്നു.

വികസന ഫണ്ടിൽ നിന്നും അങ്കണവാടി പോഷകാഹാരം വിതരണം, സമഗ്രശിക്ഷാ കേരളം (SSK), പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള വിഹിതം, അഗതി രഹിത കേരളം പദ്ധതി വിഹിതം, അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാനുകൾ എന്നിവയ്ക്ക് അനിവാര്യ വകയിരുത്തലുകൾ നടത്തണം. ലൈഫ് ഭവന പദ്ധതിക്ക് 20ശതമാനം വകയിരുത്തണം. ജില്ലാ പഞ്ചായത്തിന്റെ ജനറൽ ഫണ്ടിൽ നിന്നും 30 ശതമാനമെങ്കിലും ഉല്പാദനമേഖലയ്ക്ക് മാറ്റിവെയ്ക്കണം. 45 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല.

ജില്ലാ പഞ്ചായത്തുകൾ കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളു. എന്നാൽ കൈമാറിക്കിട്ടിയതുൾപ്പടെ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടേയും സ്ഥാപനങ്ങളുടേയും അറ്റകുറ്റപണികളും പൂർത്തീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ഈ വ്യവസ്ഥ ബാധകമല്ല. അതുപോലെ ജില്ലാ പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കോ വാങ്ങലുകൾക്കോ വേണ്ടിയുള്ള പ്രോജക്ടുകൾക്കും ഈ നിബന്ധന ബാധകമല്ല. അടങ്കൽ തുകയുടെ പരിധി പാലിക്കുന്നതിനുവേണ്ടി വ്യത്യസ്ത പ്രദേശങ്ങളിൽ നടത്തുന്ന പ്രവൃത്തികൾ ഒരു പ്രോജക്ടായി തയ്യാറാക്കുന്ന രീതി അനുവദനീയമല്ല.

## 6.4.6 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കായി ഉപപദ്ധതികൾ

സാമൂഹ്യനീതി, സാമ്പത്തിക വികസനം എന്നിവ കൈവരിക്കുന്നതിനായി ജില്ലയിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ വികസനത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി ഈ വിഭാഗങ്ങൾക്ക് പ്രത്യേക ഉപപദ്ധതികൾ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കണം.

## 6.4.6.1 പട്ടികജാതി ഉപപദ്ധതി (SCSP)

ജില്ലയിലെ പട്ടികജാതി വിഭാഗക്കാരുടെ സാമൂഹ്യവികസനം, സാമ്പത്തിക വികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവ കൈവരിക്കുന്നതിനായി സംസ്ഥാന ബജറ്റിലൂടെ ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ച് പട്ടികജാതി ഉപപദ്ധതി തയ്യാറാക്കണം.

### 6.4.6.2 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Subplan)

ജില്ലയിലെ സംസ്ഥാന ബജറ്റിലൂടെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന പഞ്ചായത്തുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കണം പൊതുസൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളുമാണ് പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളിലൂടെ തയ്യാറാക്കേണ്ടത്.

### 6.4.6.3 വനിതാഘടക പദ്ധതി

ജില്ലയിലെ വനിതകളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനായി വനിതാഘടക പദ്ധതി നിർബന്ധമായും തയ്യാറാക്കണം. പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ ആകെ തുകയുടെ പത്ത് ശതമാനം തുകയെങ്കിലും മിനിമം വനിതാഘടക പദ്ധതിക്കായി മാറ്റി വയ്ക്കേണ്ടതാണ്.

### 6.4.6.4 കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവർക്കായി പ്രത്യേക പദ്ധതി

ജില്ലയിലെ കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി പദ്ധതികൾ (പ്രത്യേകം പ്രത്യേകം പദ്ധതി) ഉണ്ടാകണം. വികസന ഫണ്ടിന്റെ അഞ്ച് ശതമാനം തുകയെങ്കിലും ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി വകയിരുത്തണം. കുട്ടികളുടെ സമഗ്ര വികസനം, സംരക്ഷണം, അതിജീവനം, പങ്കാളിത്തം എന്നീ നാല് അടിസ്ഥാന അവകാശങ്ങൾ ലക്ഷ്യമിട്ടായിരിക്കണം

കുട്ടികൾക്കായി പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ-വികസന പരിപാടികളും ഏറ്റെടുക്കേണ്ടതാണ്. ട്രാൻസ് ജെൻഡർ വിഭാഗക്കാരുടെ പ്രത്യേക യോഗം വിളിച്ച് ചേർത്ത് അവരുടെ പ്രശ്നങ്ങളും ആവശ്യ കതകളും ചോദിച്ചറിഞ്ഞ് അതിന് അനുസ്സരണമായ പ്രോജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതാണ്.

#### 6.4.6.5 വയോജനക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും

വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഇതിലേക്കായി വികസന ഫണ്ടിന്റെ ആകെ തുകയുടെ അഞ്ച് ശതമാനം തുകയെങ്കിലും വകയിരുത്തണം.

#### 6.4.6.6 അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ

അതിദരിദ്രർക്ക് വേണ്ടി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് തുടക്കം കുറിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളുടെ മൈക്രോപ്ലാനുകൾക്ക് ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകി അതിന്റെ ഭാഗമാക്കണം. അതി ദരിദ്രർക്ക് പൊതുവായി സംവിധാനം ഏർപ്പെടുത്തുന്നതിനും ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതികൾ ഏറ്റെടുക്കാം.

#### 6.4.6.7 കേന്ദ്രം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള ഉപപദ്ധതി (CFC Sub plan)

ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റ് എന്നിങ്ങനെ രണ്ട് വിഭാഗമായിട്ടാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നത്. ആകെ ഗ്രാന്റിന്റെ 40% ബേസിക് ഗ്രാന്റും ബാക്കി 60% ടൈഡ് ഗ്രാന്റുമാണ്. ടൈഡ് ഗ്രാന്റ് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രമായിരിക്കും. (പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ജലവും ശുചിത്വവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നീക്കിവെയ്ക്കപ്പെട്ടിരിക്കുന്നു). വികസന ഫണ്ട് വിനിയോഗിക്കാവുന്ന ആവശ്യങ്ങൾക്കെല്ലാം (ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും ഒഴികെ) ബേസിക് ഗ്രാന്റ് വിനിയോഗിക്കാം.

#### 6.4.6.8 ആസ്തി സംരക്ഷണ പദ്ധതി

ജില്ലയ്ക്കു ലഭ്യമായ മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കണം. റോഡ് ഇതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഘടകസ്ഥാപനങ്ങളുടെ സമയബന്ധിത പരിപാലനവും ഉറപ്പ് വരുത്തേണ്ടതാണ്.

#### 6.4.6.9 സദ്ഭരണ പദ്ധതി

ജില്ലാ പഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സദ്ഭരണ നിർവ്വഹണം സാദ്ധ്യമാക്കുന്നതിനും ഒരു സദ്ഭരണ നിർവ്വഹണ പദ്ധതി, ഓരോ പഞ്ചായത്തും തയ്യാറാക്കേണ്ടതാണ്.

പൊതുജനങ്ങൾക്ക് അവരുടെ പരാതികളും നിർദ്ദേശങ്ങളും ഉന്നയിക്കാനായി എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച്ച അദാലത്ത് നടത്തേണ്ടതാണ്. 12.05.2017 ലെ സ. ഉ (സാധാ) നം. 1558/2017/തസ്വഭവ പ്രകാരം പരാതിപരിഹാരത്തിനായി പുറപ്പെടുവിച്ചിട്ടുള്ള മാന്വൽ ഈ കാര്യത്തിൽ അവലംബിക്കാവുന്നതാണ്. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ മാതൃകയിൽ

സേവന ഗുണത ഉറപ്പാക്കുന്നതിന് ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടാവുന്നതാണ്.

### 6.4.7 വാർഷിക പദ്ധതിയും ബജറ്റും

വാർഷിക പദ്ധതി കൂടി ഉൾക്കൊള്ളുന്നതായിരിക്കണം ജില്ലാ പഞ്ചായത്തിന്റെ വാർഷിക ബജറ്റ്. ബജറ്റ് അംഗീകരിക്കുന്നതിന് മുമ്പായി വാർഷിക പദ്ധതി തയ്യാറാക്കാൻ കഴിയാത്ത സാഹചര്യം സംജാതമായാൽ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി അംഗീകരിക്കേണ്ടതാണ്.

### 6.4.8 വാർഷികപദ്ധതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും

വാർഷിക പദ്ധതി തയ്യാറാക്കുന്ന ഘട്ടം മുതൽ അന്തിമരൂപം നൽകുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നിർണ്ണായക പങ്കാണ് ഉള്ളത്. അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന കരട് നിർദ്ദേശങ്ങൾ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്യുക, ഗ്രാമസഭ സമാന യോഗങ്ങളിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണസമിതിക്ക് നൽകുക. വികസന സെമിനാറിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്താൽ ക്രോഡീകരിച്ച് ശുപാർശ സഹിതം ജില്ലാ പഞ്ചായത്ത് കമ്മിറ്റിക്ക് നൽകുക. വാർഷിക പദ്ധതിയും പ്രോജക്ട് നിർദ്ദേശങ്ങളും അന്തിമമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയെ സഹായിക്കുക തുടങ്ങി എല്ലാ ഘട്ടങ്ങളിലും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കുമുള്ള പങ്ക് വളരെ വലുതാണ്.

പദ്ധതികൾ ഡി.പി.സി അംഗീകരിച്ചു കഴിഞ്ഞാൽ നിർവ്വഹണ ഘട്ടത്തിൽ എല്ലാ മാസവും കൂടുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളിൽ തങ്ങൾക്ക് ചുമതലയുള്ള വിഷയമേഖലയിലെ പ്രോജക്ട് നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്. മോണിറ്ററിംഗ് സമിതി എന്ന നിലയ്ക്കുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളും വിലയിരുത്തേണ്ടതാണ്.

### 6.4.9 പ്രോജക്ട് തയ്യാറാക്കൽ

പ്രോജക്ടിന്റെ നിർവ്വഹണ ചുമതല ഏൽപ്പിക്കപ്പെടുന്ന ഉദ്യോഗസ്ഥനാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ഡാറ്റാ എൻട്രി നടത്തണം, ഫോറങ്ങളിലെ എല്ലാ കോളങ്ങളും പൂർണ്ണമായി പൂരിപ്പിക്കണം.

### 6.4.10 നിർവ്വഹണ ഉദ്യോഗസ്ഥർ

ജില്ലയിൽ ഓരോ വിഷയമേഖലയുമായി ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരെയാണ് സാധാരണ ഗതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയോഗിക്കുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകുകയും ധനവകുപ്പ് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് പദവി നൽകുകയും ചെയ്തിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനെയും നിർവ്വഹണ ഉദ്യോഗസ്ഥനായി നിയോഗിക്കാം. നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളവരായിരിക്കും. സാങ്കേതികമായ പരിജ്ഞാനം ആവശ്യമില്ലാത്ത സംഗതി കളിൽ ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല

നൽകാൻ ജില്ലാ പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമുണ്ട്.

### 6.4.11 ഏകവർഷ പ്രോജക്ടും ബഹുവർഷ പ്രോജക്ടും

ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന പ്രോജക്ടുകളെ ഏകവർഷ പ്രോജക്ടുകളെന്നും നിർവ്വഹണത്തിന് ഒന്നിലധികം വർഷം വേണ്ടി വരുന്നവ ബഹുവർഷ പ്രോജക്ടുകളെന്നും തരംതിരിക്കാം.

### 6.4.12 സ്പിൽ ഓവർ പ്രോജക്ടുകൾ

നിർവ്വഹണ നടപടികൾ ആരംഭിച്ചെങ്കിലും ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാതെ വരുന്ന പ്രോജക്ടുകളെ അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടി വന്നാൽ അവയെ സ്പിൽ ഓവർ പ്രോജക്ടുകളായി കണക്കാക്കേണ്ടതാണ്.

നിർബന്ധമായും തുടരേണ്ടതാണെന്ന് ജില്ലാ പഞ്ചായത്ത് കരുതുന്ന പ്രോജക്ടുകൾ (ഭേദഗതിയില്ലാത്തവ) ഏപ്രിൽ ഒന്ന് മുതൽ തന്നെ തുടർന്ന് നടപ്പാക്കാവുന്നതാണ്. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെയോ വെറ്റിംഗ് ഓഫീസറുടെയോ അംഗീകാരം/അനുമതി ആവശ്യമില്ല.

### 6.4.13 വാർഷിക പദ്ധതിയ്ക്കും പ്രോജക്ടുകൾക്കും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം

സ്റ്റാന്റിംഗ് കമ്മിറ്റികൾ അന്തിമരൂപം നൽകിയ വാർഷിക പദ്ധതിയും പ്രോജക്ടും ജില്ലാ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കേണ്ടതാണ്. (വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഹാജരായില്ലെങ്കിൽ ആ കമ്മിറ്റിയിലെ ഒരംഗത്തിനെ പ്രസിഡന്റ് ചുമതലപ്പെടുത്തേണ്ടതാണ്.) ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കും പ്രോജക്ടുകൾക്കും അംഗീകാരം/ഭരണാനുമതി നൽകണം.

### 6.4.14 ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

വാർഷിക പദ്ധതി അംഗീകാരത്തിനായി ഇനി പറയുന്ന രേഖകൾ ജില്ല ആസൂത്രണ സമിതിക്ക് നൽകണം.

1. വികസനരേഖ 5 കോപ്പിയും സോഫ്റ്റ് കോപ്പിയും (പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം മാത്രം)
2. അവസ്ഥാരേഖ (2 കോപ്പി + സോഫ്റ്റ് കോപ്പി)
3. പദ്ധതിരേഖ (20 കോപ്പി)
4. തനത് ഫണ്ട് സ്റ്റേറ്റ്മെന്റ് (ഫോറം 9)
5. ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ (8 എണ്ണം)
6. പ്രോജക്ടുകളും അനുബന്ധ റിപ്പോർട്ടുകളും (ഓൺലൈനിൽ)

ഡി.പി.സി അംഗീകാരം നൽകുന്നത് വാർഷിക പദ്ധതിക്കാണ്. പ്രോജക്ടുകൾക്കല്ല. പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് വെറ്റിംഗ് ഓഫീസർമാരാണ്. സാങ്കേതികാനുമതി നൽകേണ്ടത് ബന്ധപ്പെട്ട എഞ്ചിനീയർമാരും. ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാത്ത

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണ സമിതി അംഗീകാരം നൽകാൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശമുണ്ട്.

### 6.4.15 പ്രോജക്ടുകളുടെ അംഗീകാരം

ഡി.പി.സി അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ പ്രോജക്ടുകൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് അംഗീകാരത്തിന് (സെക്രട്ടറി) അയക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥ(ൻ) ആയിരിക്കും (അല്ലെങ്കിൽ ടി വകുപ്പിന്റെ ജില്ല/സംസ്ഥാനതല ഉദ്യോഗസ്ഥ/ൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ(ൻ) വെറ്റിംഗ് ഓഫീസർ. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്കും സബ്സിഡി മാർഗ്ഗരേഖയ്ക്കും അനുസൃതമാണോ പ്രോജക്ട് എന്ന് പരിശോധിച്ച് ഉറപ്പാക്കണം, വെറ്റിംഗ് ഓഫീസർ

### 6.4.16 നിർമ്മാണ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാർ എഞ്ചിനിയർമാരാണ്

വെറ്റിംഗ് ഓഫീസർ വിശദമായ പരിശോധന നടത്തി സാങ്കേതികാനുമതിയും നൽകേണ്ടതാണ്.

സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി താഴെക്കൊടുക്കുന്നു.

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 30 ലക്ഷം വരെ**
2. **എക്സിക്യൂട്ടീവ് എഞ്ചിനീയർ - 125 ലക്ഷം**
3. **സൂപ്രണ്ടിംഗ് എഞ്ചിനീയർ - 250 ലക്ഷം**
4. **ചീഫ് എഞ്ചിനീയർ - പരിധിയില്ല**

### 6.4.17 സുസ്ഥിരവികസന ലക്ഷ്യങ്ങൾ (SDGs)

മനുഷ്യവികസനത്തിന് അനുസൃതമായി പ്രകൃതിവിഭവങ്ങളെയും പരിസ്ഥിതി വ്യവസ്ഥകളെയും നിലനിർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു മാർഗ്ഗനിർദ്ദേശതത്വമാണ് സുസ്ഥിര വികസനം. വിഭവങ്ങളുടെ അമിതചൂഷണം നിയന്ത്രിച്ചും പാരിസ്ഥിതിക ആഘാതങ്ങൾ കുറച്ചും കൈവരിക്കുന്ന വികസനമാണ് സുസ്ഥിരവികസനം.

ഐക്യരാഷ്ട്രസഭ മുന്നോട്ട് വെച്ച 17 ലക്ഷ്യങ്ങളുടെ സഞ്ചയമാണ് സുസ്ഥിരവികസനലക്ഷ്യങ്ങൾ. ലക്ഷ്യങ്ങൾ പഞ്ചായത്തുകളുടെ വികസന പദ്ധതികളിലും സന്നിവേശിപ്പിക്കേണ്ടതാണ്. ദാരിദ്ര്യനിർമ്മാർജ്ജനം, പരിസ്ഥിതിസംരക്ഷണം, എല്ലാവർക്കും സന്തോഷവും സമൃദ്ധിയും പ്രദാനം ചെയ്യുക എന്നിവയിൽ ഊന്നിയാണ് സുസ്ഥികവികസന ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. 2030 ൽ ലക്ഷ്യപ്രാപ്തി കൈവരിക്കുക എന്നതാണ് യു.എന്നിന്റെ ലക്ഷ്യം. നീതി ആയോഗ് ഇന്ത്യയിലെ സംസ്ഥാനങ്ങൾ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിൽ കൈവരിച്ച പുരോഗതി രേഖപ്പെടുത്തുന്നുണ്ട്. ആകെ 169 ഉപലക്ഷ്യങ്ങളും അവ വിലയിരുത്തുന്നതിന് 306 ദേശീയ സൂചികകളുമാണ് വികസിപ്പിച്ചിരിക്കുന്നത്. വികസനം ലക്ഷ്യം നേടുന്നതിന് കേരളത്തിൽ ജനകീയാസൂത്രണ മാതൃകയാണ് കേന്ദ്ര സർക്കാർ അവലംബിക്കുന്നത്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സുസ്ഥിരവികസന ലക്ഷ്യങ്ങളിലെ തൽസ്ഥിതി വിലയിരുത്തി ജില്ലക്കകത്ത് ബ്ലോക്കുകൾ തമ്മിലും ഗ്രാമപഞ്ചായത്തുകൾ

തമ്മിലും ഉള്ള അന്തരങ്ങൾ മനസ്സിലാക്കി അവയെ മറികടക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ജില്ലാ പഞ്ചായത്തുകൾ ആസൂത്രണം ചെയ്യേണ്ടത്.

### 6.4.18 ദുരന്ത മാനേജ്മെന്റ്-കാലാവസ്ഥാവ്യതിയാനം

നാട്ടിലുണ്ടാകാവുന്ന ദുരന്തങ്ങളെ പ്രതിരോധിക്കാനും ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും അതിജീവനക്ഷമത നേടുന്നതിനും പ്രാദേശികതലത്തിൽ തയ്യാറാക്കുന്ന ദീർഘകാല-ഹ്രസ്വകാല പദ്ധതികൾക്കനുസൃതമായും, കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, കടലാക്രമണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനായി പ്രാദേശികതലത്തിൽ തയ്യാറാക്കുന്ന കർമ്മപദ്ധതികൾക്കനുസൃതമായും ജില്ലാതലത്തിൽ സംയുക്തവും സംയോജിതവുമായ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കണം.

### 6.4.19 പ്രാദേശിക സാമ്പത്തിക വികസനപദ്ധതി (Local Economic Development Plan-LED Plan)

സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക വഴി ഒരു പ്രദേശത്തെ എല്ലാവരുടേയും ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് പ്രാദേശിക സാമ്പത്തിക വികസനം കൊണ്ട് ലക്ഷ്യമിടുന്നത്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഊന്നിക്കൊണ്ടുള്ള ഒരു സമീപനമാണ് പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയിൽ സ്വീകരിക്കേണ്ടത്.

പ്രാദേശിക സാമ്പത്തിക വികസനത്തിൽ സംരംഭകത്വ വികസനം, നൈപുണ്യവികസനം എന്നിങ്ങനെ രണ്ട് തരം പ്രവർത്തനങ്ങൾക്കാണ് സാധ്യതയുള്ളത്.

### 6.4.20 പദ്ധതി നിർവ്വഹണം

വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരവും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരവും സാങ്കേതികാനുമതി ആവശ്യമുള്ളവയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചു കഴിഞ്ഞാൽ പഞ്ചായത്ത് യോഗം ചേർന്ന് സാമ്പത്തികാനുമതി (Financial Sanction) നൽകണം. തുടർന്ന് സെക്രട്ടറി പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്. അതിന് ശേഷം വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് തലത്തിൽ നിർവ്വഹണ പദ്ധതി തയ്യാറാക്കണം. ഈ നിർവ്വഹണ പദ്ധതി പ്രകാരം പ്രോജക്ട് നിർവ്വഹണം സമയബന്ധിതമായി നടക്കുന്നുവെന്നു ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാ പഞ്ചായത്തും ഉറപ്പു വരുത്തണം. മോണിറ്ററിംഗ് സമിതിയും ജാഗ്രതയോടെ പ്രവർത്തിക്കണം. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗണ്യമായ പങ്കാണ് ഘടകസ്ഥാപനങ്ങൾക്കുള്ളത്. ഘടക സ്ഥാപനങ്ങളുടെ മേധാവികളായ ഉദ്യോഗസ്ഥരാണ് അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർമാർ. വിഷയമേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരും ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരായിരിക്കും. പദ്ധതി അസൂത്രണത്തിലും നിർവ്വഹണ ത്തിലും വിവിധ ഏജൻസികളുടേയും സർക്കാർ വകുപ്പുകളുടേയും/സ്ഥാപനങ്ങളുടെയും പിന്തുണ ലഭ്യമാക്കാവുന്നതാണ്.

**ഗുണഭോക്തൃ സമിതി**

ഒരു ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാവുന്നതാണ്.

**പിടിഎ**

സ്കൂളിലെ നിർമാണ പ്രവർത്തനങ്ങൾ 25 ലക്ഷം രൂപവരെ എസ്റ്റിമേറ്റ് തുക വരുന്ന പ്രോജക്ടുകൾ അദ്ധ്യാപക രക്ഷാകർത്തൃസമിതികളെ ഏൽപ്പിക്കാം.

**അക്രഡിറ്റഡ് ഏജൻസികൾ**

വിവിധ പ്രവൃത്തികളുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ്.

**ഡെപ്പോസിറ്റ് വർക്കുകൾ**

KSEB, കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നിവയ്ക്ക് മുൻകൂറായ തുക നൽകി അതത് മേഖലയിലെ പ്രോജക്ട് നിർവ്വഹണം നടത്താവുന്നതാണ്.

**ഇലക്ട്രിക്കൽ പ്രവൃത്തികൾ**

ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയ്ക്ക് ജില്ലാ ആസൂത്രണ സമിതി രൂപം നൽകിയിട്ടുണ്ട്. റിട്ടയർ ചെയ്ത ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അടങ്ങുന്ന സമിതിയുടെ കൺവീനർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയറാണ്.

**ഇലക്ട്രോണിക്സ് പ്രവൃത്തികൾ**

ജില്ലാ ആസൂത്രണസമിതി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ആ സമിതി ആയിരിക്കണം ഇലക്ട്രോണിക്സ് പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക അനുമതി നൽകൽ എന്നിവ നിർവ്വഹിക്കേണ്ടത്. പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട വിഭാഗങ്ങളെ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നിർവ്വഹണം എന്നിവ ഏൽപ്പിക്കാവുന്നതാണ്. രണ്ടു കോടി രൂപയ്ക്ക് മുകളിലുള്ള ഇത്തരം പ്രവൃത്തികൾ നിർബന്ധമായും പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കണം.

**നൂതന പ്രോജക്ടുകൾ**

നൂതനമായ ആശയങ്ങൾ, നവീന സാങ്കേതിക വിദ്യകൾ, പുതിയ നിർവ്വഹണ രീതികൾ, പുതിയ മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചു കൊണ്ടുള്ള വികസന പദ്ധതികളാണ് നൂതന പ്രോജക്ടുകൾ. പ്രാദേശിക വികസന പ്രശ്നങ്ങൾക്ക് പരിഹാരമായി നവീന ആശയങ്ങൾ മുന്നോട്ടു വെയ്ക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയണം. ഇതിനായി പ്രവാസികൾ, നാട്ടിലുള്ള ഗവേഷകർ, വിഷയ വിദഗ്ദ്ധർ, പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സഹായം തേടാവുന്നതാണ്.

നൂതന പ്രോജക്ടുകളുടെ അംഗീകാരം നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായുള്ള ഒരു ജില്ലാതല സമിതി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പ്രോജക്ട് നിർവ്വഹണം നടത്താവുന്നതാണ്.

### 6.4.21 പൂർത്തീകരണപത്രം

പ്രോജക്ടുകളുടെ ഭൗതികതികലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തികരണ പത്രത്തിൽ രേഖപ്പെടുത്തണം. പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനൊപ്പം തന്നെ നിർമ്മിച്ച ആസ്തിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർക്കുകയും വേണം.

### 6.4.22 മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും

പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവ്വഹിക്കേണ്ടത്. പദ്ധതി ആസൂത്രണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്നു വിലയിരുത്തേണ്ടതാണ്. പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കാനുള്ള ഇടപെടലുകളും മോണിറ്ററിംഗ് സമിതിയിൽ നിന്നും ഉണ്ടാകണം. എല്ലാ വികസന പ്രോജക്ടുകളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പദ്ധതിക്ക് വേണ്ടി ചെലവഴിച്ച പണം എത്രമാത്രം ജനങ്ങൾക്ക് പ്രയോജന പ്രദമായിട്ടുണ്ടെന്ന് ജനപങ്കാളിത്തത്തോടെ വിലയിരുത്തുക എന്നതാണ് സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യം.

## 6.5 മാനേജ്മെന്റ് സങ്കേതങ്ങൾ പദ്ധതി നിർവ്വഹണത്തിൽ

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വികസന ആവശ്യങ്ങൾ ഒരേ പോലെ ആണെങ്കിൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പോലുള്ള വലിയൊരു ചട്ടക്കൂട് ആവശ്യമുണ്ടോ? ആസൂത്രണത്തിന് പ്രാദേശിക ആവശ്യങ്ങൾക്ക് അനുസരിച്ച് സർക്കാർ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ച് പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുക എന്നുള്ളതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അതിനുള്ള തന്ത്രങ്ങളും (Strategy) പദ്ധതിയും (Plan) വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഇതിന് ആവശ്യമായ വിവരങ്ങൾ നമുക്ക് അവസ്ഥാ വിശകലന റിപ്പോർട്ട് വഴി ലഭിക്കുമല്ലോ? അവ പരിശോധിച്ച് വികസന വിടവുകൾ കണ്ടെത്തി വേണം അവ പരിഹരിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കാൻ.

### 6.5.1 വിലയിരുത്തൽ

വിലയിരുത്തൽ, മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ എന്നിവയോടുകൂടിയ തുടർച്ചയായ ഉത്തരവാദി ത്വത്തോട് കൂടിയ പ്രക്രിയയാണിത്. ഇവ രണ്ടും ഉൾച്ചേർത്തുള്ള പ്രക്രിയയാണ് മോണിറ്ററിംഗ്. ഇതിന് കൃത്യമായ ലക്ഷ്യം ഉണ്ടാകണം. ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കുന്നതിനുള്ള ഘടകങ്ങളും മുൻകൂട്ടി തന്നെ നിശ്ചയിക്കണം. ഇത്തരത്തിൽ കൃത്യമായി നിർണ്ണയിച്ച ലക്ഷ്യങ്ങൾ (Goal) നേടുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ലക്ഷ്യം കൈവരിക്കാൻ അതിന്റെ ഫലം (Result Outcome) ഉല്പന്നങ്ങൾ (Outputs) പ്രവർത്തനങ്ങൾ, ചെയ്യേണ്ട കാര്യങ്ങൾ (Inputs) എന്നിവ നിർണ്ണയിക്കണം. മോണിറ്റർ ചെയ്യേണ്ട ഘടകങ്ങളും (Indicators) ഘട്ടങ്ങളും (Step mile stones) കൃത്യമായ അളവുകളും ആസൂത്രണ ഘട്ടത്തിൽ തന്നെ കണ്ടെത്തണം. കൂടാതെ ജയപരാജയ സാധ്യതകളും നേട്ട-കോട്ടങ്ങളും ഈ ഘട്ടത്തിൽ രേഖപ്പെടുത്തണം.

ലക്ഷ്യങ്ങൾ നിർണ്ണയിച്ചുകഴിഞ്ഞാൽ ലക്ഷ്യം നേടാനുള്ള ഇടപെടലുകൾ, മാർഗ്ഗങ്ങൾ (Indicators) കണ്ടെത്തണം.

ലക്ഷ്യങ്ങൾ കൈവരിച്ചുകഴിഞ്ഞാലുള്ള മാറ്റങ്ങൾ സ്ഥായിയായതും മനസ്സിലാവുന്നതുമായിരിക്കണം.

മാർഗ്ഗങ്ങൾ കൃത്യമായി നിർണ്ണയിക്കണം.

1. ഗുണമേന്മ - ഏത് തലം വരെ?
2. അളവ് - എത്ര?
3. സമയം - എപ്പോൾ? എത്ര കാലയളവിനുള്ളിൽ?
4. ലക്ഷ്യമിടുന്ന ഗ്രൂപ്പ് - ആരൊക്കെ? ആര്?
5. സ്ഥലം - എവിടെ?

ഇത്തരത്തിൽ കൃത്യമായ ധാരണ ഓരോ പദ്ധതിയെക്കുറിച്ചും ജനപ്രതിനിധികൾക്ക് ഉണ്ടാകണം.

പദ്ധതി നിർവ്വഹണ ഘട്ടങ്ങൾ വളരെ സുപ്രധാനമാണ്. ഓരോ പ്രവർത്തന ഘട്ടങ്ങൾക്കും ഒന്നോ അതിലധികമോ പ്രവർത്തനങ്ങൾ ഉണ്ടാകും. പ്രവർത്തന ഘട്ടങ്ങളിൽ ഒരേ സമയം നടത്താവുന്ന പ്രവർത്തനങ്ങൾ ഒരേസമയം നടത്തണം. ചില പ്രവർത്തന ഘട്ടങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ അടുത്ത പ്രവർത്തന ഘട്ടത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളു. ഓരോ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിന് വേണ്ടിവരുന്ന ദിവസങ്ങളും വ്യത്യസ്തമായിരിക്കും. നിർവ്വഹണ കലണ്ടർ തയ്യാറാക്കുമ്പോൾ ഇക്കാര്യങ്ങൾ മനസ്സിലാക്കിവേണം ചെയ്യേണ്ടത്. മാനേജ്മെന്റ് രീതിയിലുള്ള മോണിറ്ററിംഗ് ഉപയോഗിച്ച് ഇത് ശാസ്ത്രീയമായി നിർവ്വഹിക്കാൻ സാധിക്കും



# അധ്യായം 07

# ഉൾച്ചേർന്നതും സുസ്ഥിരവുമായ വികസന കാഴ്ചപ്പാട്

സാമൂഹിക നീതിയും ഉൾച്ചേർന്ന വികസനവും ഉറപ്പാക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന കടമകളിൽ ഒന്നാണ്. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വികസനം സാമൂഹിക നീതി വിതരണ പ്രക്രിയയിൽ പ്രധാന പങ്കു വഹിക്കുന്നു. സാമൂഹിക സുരക്ഷ ആവശ്യമുള്ള വിഭാഗങ്ങളുടെ വികസന മുൻഗണനകൾ ഉറപ്പാക്കുന്നതിൽ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മികച്ച ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും സമൂഹത്തിൽ ദുർബലത അനുഭവിക്കുന്നവരുടെ വികസനവും ശാക്തീകരണവും ലക്ഷ്യമാക്കിയുള്ള മികച്ച ഇടപെടലുകൾ ഇനിയും അനിവാര്യമാണ്.

സമൂഹത്തിൽ വിവിധ കാരണങ്ങളാൽ ക്ലേശമനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും ജീവിത ഗുണമേന്മാസൂചിക ഉയർത്തുന്നതും പ്രാദേശിക സർക്കാരുകളുടെ ചുമതലയിൽ പെടുന്നു. ഈയൊരു ദൗത്യം ഏറ്റെടുക്കുന്നതിന് ജില്ലയിലെ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരുമടക്കം എല്ലാവരും ഒരു ടീമായി പ്രവർത്തിക്കേണ്ടതുണ്ട് ആയതിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ടത് ജില്ലാ പഞ്ചായത്താണ്.

സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മുതിർന്നവർ, വ്യത്യസ്ത ശേഷിയുള്ളവർ, വിവിധ ജെൻഡർ വിഭാഗങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവർക്ക് സാമൂഹിക സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്ന പദ്ധതികളും സേവ

നങ്ങളുമാണ് സാമൂഹ്യക്ഷേമത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നത്. ഇതിനായി ഊന്നൽ നൽകുന്ന പ്രധാന മേഖലകൾ താഴെ പറയുന്നവയാണ്.

1. കുട്ടികൾ
2. ജൻഡർ
3. ഭിന്നശേഷിക്കാർ
4. വയോജനങ്ങൾ
5. ദരിദ്ര്യലഘൂകരണം
6. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ

## 7.1 കുട്ടികൾ

മുഴുവൻ കുട്ടികൾക്കും ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നത് രാഷ്ട്രപുരോഗതിക്ക് അനുപേക്ഷണീയമാണ്. എല്ലായിടത്തും എപ്പോഴും യാതൊരുവിധ വിവേചനങ്ങളും കൂടാതെ ബാലാവകാശങ്ങൾ ഉറപ്പാക്കപ്പെടുകയാണ് ബാലസൗഹൃദ ഭരണലക്ഷ്യം. ബാലമരണങ്ങളും രോഗങ്ങളും ഇന്നും കുട്ടികളെ ബാധിച്ചുകൊണ്ടിരിക്കുന്നു. ഇതോടൊപ്പം ദാരിദ്ര്യവും പട്ടിണിയും പ്രകൃതി ക്ഷോഭങ്ങളും കലാപങ്ങളും അക്രമങ്ങളും എല്ലാം കുട്ടികളെയും ബാധിക്കുന്നുണ്ട്. ഭൂരിഭാഗം കുട്ടികളും ഈ ദുരവസ്ഥയിൽ നിന്നും മോചിതരാണെങ്കിലും ഒരു വിഭാഗം കുട്ടികൾ ഇന്നും ക്ലേശം അനുഭവിച്ചുകൊണ്ടിരിക്കുന്നു.

### 7.1.1 കുട്ടികളുടെ വികസനം

മനുഷ്യന്റെ ജനനം മുതൽ മരണം വരെ വളർച്ചയിലും വികാസത്തിലും ശാരീരികവും, മാനസീകവുമായ പലവിധമുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. ഉയരം കൂടുക, അറിവ് വർദ്ധിക്കുക, പുതിയ മനോഭാവങ്ങൾ കൈവരിക്കുക തുടങ്ങിയ അഭിവൃദ്ധികരമായ പരിവർത്തനങ്ങളായിരിക്കും ചിലത്. ശരീരം മെലിയുക, ഓർമ്മ ക്ഷയിക്കുക, പേശികൾ ദുർബലമാകുക എന്നിങ്ങനെ ക്ഷയോന്മുഖങ്ങളായ മാറ്റങ്ങളുണ്ടാകാം ഇവയിൽ പുരോഗമനോന്മുഖങ്ങളായ പരിവർത്തനങ്ങളാണ് വികാസം എന്ന് പറയുന്നത്. കുട്ടികളുടെ വികസനത്തിന് പ്രധാനമായും രണ്ട് സമീപനങ്ങളാണ് സ്വീകരിച്ചുവരുന്നത്.

### 7.1.2 ജീവിത ചക്രം അടിസ്ഥാനമാക്കിയുള്ള സമീപനം

പ്രജനനം മുതൽ പരിപക്വത ആർജ്ജിക്കുന്നതുവരെയുള്ള (0-18) ഓരോ വികാസഘട്ടങ്ങളിലും കുട്ടികൾക്ക് വ്യത്യസ്തങ്ങളായ ആവശ്യങ്ങളും ധർമ്മങ്ങളുമാണ് ഉള്ളത്. സമഗ്ര വികസനത്തിന്റെ കാഴ്ചപ്പാടോടെ അതായത് ശാരീരികം മാനസീകം വൈകാരികം സാമൂഹികം എന്നിങ്ങനെ ലഭ്യമാകേണ്ട ആവശ്യങ്ങൾ ഉറപ്പാക്കപ്പെടുകയും പ്രായാനുസൃതമായി ആർജ്ജിക്കപ്പെടേണ്ട ശേഷികൾ നേടുന്നതിനാവശ്യമായ ഇടപെടലുകൾ നൽകുകയുമാണ് ഈ സമീപനത്തിന്റെ രീതി.

### 7.1.3 അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സമീപനം

കുട്ടികളുടെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സമീപനം എന്നത് മനുഷ്യവികസന പ്രക്രിയയുടെ ആശയപരമായ ചട്ടക്കൂടാണ്. അത് കുട്ടികളുടെ അന്താരാഷ്ട്ര അവകാശ മാനദണ്ഡങ്ങളെ (UNCRC) അടിസ്ഥാനമാക്കിയുള്ളതും കുട്ടികളുടെ മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാക്ഷാത്കരിക്കുന്നതിനും പ്രവർത്തനപരമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമാണ്.

### 7.1.4 എന്താണ് കുട്ടികളുടെ അവകാശങ്ങൾ?

18 വയസ്സിന് താഴെയുള്ള എല്ലാ വ്യക്തികൾക്കും രാജ്യത്തെ നിയമങ്ങളും രാജ്യം അംഗീകരിച്ച അന്താരാഷ്ട്ര നിയമങ്ങളും സംവിധാനങ്ങളും ഉറപ്പുനൽകുന്ന അവകാശങ്ങൾക്കും സാഹചര്യങ്ങൾക്കും അർഹതയുണ്ട്.

അവകാശങ്ങളുടെ "നാല് ക്ലസ്റ്ററുകൾ" (ഡൊമെയിൻ)

1. അതിജീവന അവകാശങ്ങൾ: -ജീവൻ നിലനിർത്താനും വളർച്ചക്കും പരിചരണത്തിനും ഉള്ള അടിസ്ഥാനപരമായ അവകാശങ്ങൾ
2. വികസന അവകാശങ്ങൾ: -കുട്ടികളിൽ അന്തർലീനവും സാധ്യവുമായ അവരുടെ മുഴുവൻ കഴിവുകളും വികസിപ്പിക്കുന്നതിനുള്ള സേവനഅവകാശങ്ങൾ
3. സംരക്ഷണ അവകാശങ്ങൾ: എല്ലാത്തരം അവഗണനകളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നും കുട്ടികൾക്ക് അർഹമായ സംരക്ഷണം ഉറപ്പാക്കൽ
4. പങ്കാളിത്ത അവകാശങ്ങൾ: കുട്ടികളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും പങ്കെടുക്കാനും, നേതൃപാടവം, വ്യക്തിത്വം എന്നിവ വികസിപ്പിക്കുന്നതിനും സാധ്യത ഉറപ്പു വരുത്തുന്ന അവകാശങ്ങൾ

### 7.1.5 കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

- » രോഗവും-ആരോഗ്യവും
- » വളർച്ചയും-പോഷണവും
- » വികാസവും-വിദ്യാഭ്യാസവും
- » കൗമാരമാനസീക ആരോഗ്യം
- » പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികൾ
- » പട്ടികജാതി-വർഗ പാർശ്വവൽക്കൃത സമൂഹം
- » ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ
- » പരിസ്ഥിതി, ശുചിത്വം, കുടിവെള്ളം, ഗതാഗതം
- » സമഗ്രവികസന കാഴ്ചപ്പാടിന്റെ അഭാവം
- » സേവനങ്ങളുടെ ഗുണമേന്മയില്ലായ്മ
- » അതിക്രമവും ശാരീരിക-മാനസിക-ലൈംഗീക ചൂഷണങ്ങളും
- » രക്ഷിതാക്കളുടെ മദ്യപാനം-കുടുംബ സംഘർഷങ്ങൾ

- കുട്ടികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യപാന മയക്കുമരുന്ന് ശീലങ്ങൾ
- മാനസിക ആരോഗ്യകുറവ്-ആത്മഹത്യാ പ്രവണത
- മൊബൈൽ ഇന്റർനെറ്റ് സംവിധാനങ്ങളുടെ ദുരുപയോഗം
- വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ
- ആത്മഹത്യ-മാതാപിതാക്കളുടെ വിവാഹമോചനം
- പ്രവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
- കുടുംബത്തിൽ കുട്ടികൾ അനുഭവിക്കുന്ന അവഗണനയും പീഢനവും
- ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ വിദ്യാഭ്യാസ ആരോഗ്യ പ്രശ്നങ്ങൾ

### 7.1.6 പ്രശ്ന പരിഹാരങ്ങൾ

കുട്ടികളുടെ പ്രശ്നങ്ങൾ വിവിധ രേഖകളുടെ പരിശോധന വഴിയും ഗ്രാമസഭ നിർദ്ദേശങ്ങൾ വഴിയും കണ്ടെത്താനും വിപുലപ്പെടുത്താനും കഴിയും. ഈ പ്രശ്നങ്ങളുടെ കാരണങ്ങൾ പല സന്ദർഭങ്ങളിലും ലഭ്യമായ സേവനങ്ങൾ 100 ശതമാനവും ഉപയോഗിക്കപ്പെടാത്ത സാഹചര്യങ്ങളാണ്. എന്നാൽ പുതുതലമുറ പ്രശ്നങ്ങൾ മുൻകാലങ്ങളിലുണ്ടായിരുന്ന പദ്ധതികളുടേയും പരിപാടികളുടേയും പരിധിക്ക് പുറത്താണെന്ന് നമുക്ക് കാണാം.

### 7.1.7 ജില്ലാ പഞ്ചായത്തിന്റെ ഇടപെടൽ സാധ്യതകൾ

- അനിവാര്യ വകയിരുത്തലുകൾ ഉറപ്പാക്കുക
- വകുപ്പ്തല സ്കീമുകൾ ഫലപ്രദമാക്കുക
- കുട്ടികളുടെ വിവരശേഖരണം പുതുക്കുക
- കുട്ടികൾക്കായി വികസന നയം പ്രഖ്യാപിക്കുക

**അതിജീവനഅവകാശ സംരക്ഷണ മേഖല ഉറപ്പാക്കൽ, പ്രോജക്ടാശയങ്ങൾ**

- കുട്ടികളിൽ കുറഞ്ഞുവരുന്ന ലിംഗാനുപാതം
- ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ഗുണനിലവാരമുള്ള സേവനം
- പ്രതിരോധ ചികിത്സ
- ശുദ്ധജലവും ശുചിത്വവും
- വയസ്സിന് ഇടയിലുള്ള നവജാത ശിശു മരണവും മരണങ്ങളും

**പ്രോജക്ട് ആശയങ്ങൾ**

- എല്ലാ ആരോഗ്യസ്ഥാപനങ്ങളും-ശിശുസൗഹൃദം, തടസ്സവിമുക്തം, ക്ലീൻ ആന്റ് ഗ്രീൻ
- കുട്ടികൾ എത്തുന്ന എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദം-ആരോഗ്യകരമായ സംവിധാനങ്ങൾ, അപായരഹിത പരിസ്ഥിതി
- കുട്ടികളുടെ മരണം, മാതൃമരണം--സീറോ
- ഇമ്മ്യൂണൈസേഷൻ പ്രതിരോധ മരുന്നുകൾ 100 ശതമാനം

**വികസനാവകാശ സംരക്ഷണം ഉറപ്പാക്കൽ**

- ആദ്യശൈശവകാല പരിചരണവും ഉത്തേജനവും
- സാർവ്വത്രിക ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും

» എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം
» ആരോഗ്യ വിദ്യാലയം
» പോഷണനിലവാരവും കായികക്ഷമതയും

**പ്രോജക്റ്റ് ആശയങ്ങൾ**

» അങ്കണവാടി കെട്ടിടം പൂർണ്ണം
» ശിശുക്കൾക്ക് ഡേ കെയർ
» ആരോഗ്യവിദ്യാലയം
» ഭിന്നശേഷി വിദ്യാഭ്യാസം-ഓപ്പൺ സ്കൂൾ
» വളർച്ചാ നിരീക്ഷണം-പോഷകാഹാരം
» ഏർളി ഡിറ്റക്ഷൻ
» കൗൺസലിംഗ് സേവനം-മാനസീക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികളുടെ ശാക്തീകരണം

**സംരക്ഷണാവകാശം ഉറപ്പാക്കൽ**

» കുട്ടികളുടെ അവകാശങ്ങൾ നിയമാനുസൃതം സംരക്ഷിക്കുക
» കുട്ടികൾക്ക് മേലുള്ള ദുരുപയോഗങ്ങൾ തടയൽ
» സുരക്ഷിതമായ സ്കൂൾ പരിസരം
» സുരക്ഷിതമായ കൗമാരം
» നിയമാനുസൃത പ്രായത്തിന് മുമ്പുള്ള വിവാഹം തടയൽ
» പരിചരണവും പിൻതുണയും ഉറപ്പാക്കുന്ന കുടുംബം
» വൈകല്യ ലഘൂകരണവും ഭിന്നശേഷി സൗഹൃദവും

**പ്രോജക്റ്റ് ആശയങ്ങൾ**

» ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരണവും, പ്രവർത്തനശാക്തീകരണവും
» വൾണറബിലിറ്റി മാപ്പിംഗ്
» സ്ഥാപനങ്ങളിൽ കഴിയുന്നവരുടെ പട്ടികയും റിഹാബ് പ്ലാനും
» ഈ കുട്ടികളുടെ കുടുംബങ്ങൾക്ക് പ്രത്യേക പരിരക്ഷ
» സ്കൂൾ സീറോ സോൺ, മയക്കുമരുന്ന് വിരുദ്ധപ്രചരണം
» ഭിന്നശേഷി സഹായങ്ങൾ ഉറപ്പാക്കൽ

**പങ്കാളിത്താവകാശ ഉറപ്പാക്കൽ**

» സ്കൂൾ ക്ലബ്ബുകളിലെ കുട്ടികളുടെ പങ്കാളിത്തം
» ബാലസൗഹൃദ പൊതുഇടങ്ങൾ

**പ്രോജക്റ്റ് ആശയങ്ങൾ**

» വിനോദം, കായികം തദ്ദേശ സ്വയംഭരണ സ്ഥാപന, വാർഡ്തല ടീം-പരിശീലനം
» എല്ലാ കായിക കളിസ്ഥലങ്ങളും മാപ്പിംഗ്, ബാലസൗഹൃദം
» നീന്തൽ പരിശീലനം
» നാടൻ വിനോദങ്ങൾ പ്രോത്സാഹനം

**കുട്ടികൾക്കായുള്ള കർമ്മപദ്ധതി-തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ**

കുട്ടികളുടെ അവസ്ഥാവിശകലനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ കണ്ടെത്തിപരിഹാരം നിർദ്ദേശിക്കുന്ന ഒന്നാണ്.

ഗ്രാമപഞ്ചായത്തുകളുടെ കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിലാകണം ജില്ലാ പഞ്ചായത്തിന്റെ കർമ്മപദ്ധതി രൂപപ്പെടുത്തുവാൻ. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ബാലസൗഹൃദജില്ലാ പദ്ധതിയും, പുഴക്കൽ ബ്ലോക്കിന്റെ ബാലസൗഹൃദ ബ്ലോക്ക് കർമ്മപദ്ധതിയും ഈ രംഗത്ത് മാതൃകകളാണ്.

### 7.1.8 ജില്ലാതല വികസന കാഴ്ചപ്പാട്-നയ സമീപനം മുൻഗണനകൾ

സർക്കാർ മാർഗ്ഗനിർദേശപ്രകാരം ഓരോ വികസന മേഖലകളിലെയും ജില്ലാതല മുൻഗണനകൾ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച് നൽകേണ്ടതുണ്ട്. ഇതനുസരിച്ച് ബാലസൗഹൃദ തദ്ദേശ ഭരണം സംബന്ധിച്ച കാഴ്ചപ്പാട്, നയ സമീപനം, മുൻഗണനാ മേഖലകൾ എന്നിവ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുണ്ടാവും. ജില്ലാതല നയരേഖ ചർച്ചചെയ്യുന്നതോടൊപ്പം കേരളത്തിൽ കുട്ടികളുടെ ക്ഷേമത്തിനും, വികസനത്തിനും, സംരക്ഷണത്തിനുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവ നടത്തിവരുന്ന പ്രവർത്തനങ്ങളും വിലയിരുത്തണം. അവയിൽ ഏതൊക്കെ നമ്മുടെ പ്രവർത്തനത്തിന്റെ ഭാഗമാക്കാൻ കഴിയും എന്ന് കൂടി നിശ്ചയിക്കണം. ഇക്കാര്യങ്ങൾക്കൂടി കണക്കിലെടുത്തുകൊണ്ടു തദ്ദേശ സ്വയംഭരണ സ്ഥാപനതല വിവരങ്ങളുടെ പിൻബലത്തിൽ ബാലസൗഹൃദ തദ്ദേശഭരണവികസന കാഴ്ചപ്പാടിന് രൂപം നൽകേണ്ടതാണ്.

### 7.1.9 സംയുക്ത സംയോജിത പദ്ധതികൾ

കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെ അതിന്റെ സമഗ്രതയിൽ പരിഗണിച്ച് ധനപരവും അല്ലാത്തതുമായ എല്ലാ സംയോജന സാധ്യതകളും ഉൾച്ചേർത്ത് രൂപീകരിക്കുന്ന പരിഹാര പരിപാടികളെയാണ് സംയോജിത പരിപാടികൾ എന്ന് പറയുന്നത്. ജില്ലാ പഞ്ചായത്തും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് സമഗ്ര പരിപാടികൾ രൂപീകരിക്കാവുന്നതാണ്. ഒരു സമഗ്ര പരിപാടിയിൽ വിവിധ മേഖലകളിൽ നിന്നുള്ള പ്രോജക്ടുകൾ ഉണ്ടാവും. ഉദാഹരണമായി ബാലസൗഹൃദ പഞ്ചായത്ത്/നഗരസഭ എന്ന പരിപാടിയിൽ വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, കൃഷി, പൊതുമരാമത്ത്, കുടിവെള്ളം തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള പ്രോജക്ടുകൾ ഉണ്ടാവാം.

ഉദാ:

» കുട്ടികളുടെ സമഗ്ര ആരോഗ്യ പരിപാടി, കുട്ടികളുടെ സമഗ്ര വിദ്യാഭ്യാസ പരിപാടി, അതിക്രമരഹിത പഞ്ചായത്ത്/നഗരസഭ പരിപാടി

» പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംയോജിതവും സമഗ്രവുമായ പ്രോജക്ടുകൾ ചേർത്തുകൊണ്ട് പരിപാടികൾ രൂപപ്പെടുത്താവുന്നതാണ്.

» ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നുകൊണ്ട് സംയുക്ത പ്രോജക്ടുകളും കുട്ടികളുടെ മേഖലയിൽ ചെയ്യാവുന്നതാണ്.

## 7.2 ജെൻഡർ

മാനവവികസനവും സുസ്ഥിരവികസനവും സാധ്യമാവാൻ ഏറെ പ്രധാനമായ ഒരു ഘടകമാണ് ലിംഗസമത്വം. പകുതിയിലേറെ വരുന്ന ജനത അവസരസമത്വം നിഷേധിക്കപ്പെട്ടും വിഭവങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടും തീരുമാനമെടുക്കാൻ അവകാശമില്ലതെയും കഴിയുന്ന ഒരു രാജ്യത്തും സമഗ്രമായ ഒരു വികസനവും സാധ്യമാവില്ല. ദാരിദ്ര്യനിർമ്മാർജ്ജനപ്രവർത്തനങ്ങൾ, ഉൽപ്പാദനക്ഷമതവർദ്ധനവ് തുടങ്ങി എല്ലാവിധ വികസനപ്രവർത്തനങ്ങളും അതിന്റെ ലക്ഷ്യത്തിലേക്ക് എത്തിച്ചേരണമെങ്കിൽ ലിംഗസമത്വം കൈവരിക്കേണ്ടത് അത്യാവശ്യമാണ്.

### 7.2.1 ആരോഗ്യം

മാതൃമരണനിരക്ക്, ആയുർദൈർഘ്യം, ലിംഗാനുപാതം തുടങ്ങിയ സ്ത്രീകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട മിക്ക സൂചകങ്ങളിലും കേരളം ഉയർന്ന സ്ഥാനം നേടിയിട്ടുണ്ട്. കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം 77.9 വർഷമാണ്, ഇത് ഇന്ത്യയിൽ വെച്ച് തന്നെ ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യൻ ശരശരി ഇത് 70.7 വർഷം ആണെന്നത് ഓർക്കുക. ആരോഗ്യ സംരക്ഷണത്തിനായുള്ള വിപുലമായ പൊതുസംവിധാനമാണ് കേരളത്തിൽ മാതൃമരണ നിരക്കിലുള്ള കുറവും സ്ത്രീകളുടെ ഉയർന്ന ആയുർദൈർഘ്യവും ഉണ്ടാകാനുള്ള കാരണം. ആരോഗ്യ സ്ഥാപനങ്ങളുടെ ലഭ്യത, സാർവത്രിക പ്രവേശനം എല്ലാവർക്കും മാതൃ പരിചരണവും ആശുപത്രികളിലെ പ്രസവവും ഉറപ്പാക്കാൻ സഹായിക്കുന്നു. എന്നിരുന്നാലും ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം, അനുകൂലമായ ആരോഗ്യ സൂചകങ്ങൾ എന്നിവ നമ്മുടെ ജീവിതശൈലി ആരോഗ്യ സൂചകങ്ങളിൽ പ്രതിഫലിക്കുന്നില്ല എന്നത് ഏറെ ശ്രദ്ധ അർഹിക്കുന്ന ഒരു കാര്യമാണ്.

### 7.2.2തൊഴിൽ

വീടുകളിൽ സ്ത്രീകൾ ചെയ്യുന്ന വേതനമില്ലാത്ത വീട്ടുജോലിയുടെയും പരിചരണ ജോലിയുടെയും മൂല്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ മാത്രമെ സുസ്ഥിരമായ മാറ്റമുണ്ടാക്കാൻ സഹായിക്കൂ എന്ന് സമയ ഉപയോഗകണക്കുകൾ കാണിക്കുന്നു. സമയ ഉപയോഗകണക്കുകൾ പ്രകാരം സ്ത്രീകൾ പുരുഷൻമാരെ അപേക്ഷിച്ച് കൂടുതൽ സമയം തൊഴിൽ ചെയ്യാനായി നീക്കിവക്കുന്നു. അതിൽ ഭൂരിപക്ഷസമയവും വീട്ടിൽ കുടുംബത്തിന്റെ ക്ഷേമം കാത്തുസൂക്ഷിക്കാൻ ആവശ്യമായ ഭക്ഷണപാചകം, കുഞ്ഞുങ്ങളെ നോക്കൽ അലക്കൽ, വൃദ്ധരെ പരിചരിക്കൽ തുടങ്ങിയ കൂലി ലഭിക്കാത്തതെങ്കിലും ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ വികസന സംഭാവന നൽകുന്ന തൊഴിലുകളാണ്.

സംഘടിത മേഖലയിൽ ജെൻഡർ വ്യത്യാസം പരിഗണിക്കുമ്പോൾ, ആകെ തൊഴിലിൽ 43.9 ശതമാനം സ്ത്രീകളും 56.1 ശതമാനം പുരുഷന്മാരുമാണ് എന്ന് കാണാം. എന്നാൽ സ്വകാര്യമേഖലയിൽ 51.1 ശതമാനം സ്ത്രീകളാകുമ്പോൾ സർക്കാർ മേഖലയിൽ ഇത് 34.8 ശതമാനം മാത്രമാണ്. അതായത്, സമൂഹത്തിൽ വേതനം കുടുതലുള്ള കൂടുതൽ സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാകുന്ന തൊഴിലിടങ്ങളിൽ സ്ത്രീകളൂടെ പങ്കാളിത്തം പുരുഷനെ

അപേക്ഷിച്ച് തുലോം കുറവാണ് എന്ന് കാണാം. എന്നാൽ തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ കാര്യമായ ഉയർച്ച കാണിക്കുമ്പോഴും നമ്മുടെ സാമൂഹിക ഘടന സ്ത്രീസൗഹൃദമല്ല എന്ന വസ്തുതയാണ് ഇതിൽ നിന്നും ഉയർന്നുവരുന്ന പ്രധാനപ്പെട്ട കാര്യം.

### 7.2.3 സ്ത്രീകൾക്കെതിരായ അതിക്രമം

സ്ത്രീകൾക്കെതിരെയുള്ള അതിക്രമം നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ഗൗരവമായ സാമൂഹ്യപ്രശ്നമായി തുടരുന്നു. ശാരീരികം, മാനസികം, ലൈംഗികം, സാമ്പത്തികം, സൈബർ അതിക്രമം തുടങ്ങിയ വിവിധ രൂപങ്ങളിലായി ഇതിന്റെ സ്വഭാവം വ്യാപിച്ചിരിക്കുന്നു. ഇത്തരം അതിക്രമങ്ങൾ സ്ത്രീകളുടെ മാനവാവകാശങ്ങൾ ലംഘിക്കുന്നതോടൊപ്പം കുടുംബ ത്തെയും സമൂഹത്തെയും ബാധിക്കുന്നതാണ്. ഭർത്താവ്/ബന്ധുക്കൾ നടത്തുന്ന ക്രൂരത ആകെ കുറ്റകൃത്യത്തിന്റെ 24.1 ശതമാനം വരുന്നുവെന്ന് ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. 2018-19 ലെ ദേശീയ കുടുംബാരോഗ്യ സർവേ (NFHS-5) ഡാറ്റ പ്രകാരം, കേരളത്തിലെ 9.9 ശതമാനം സ്ത്രീകൾ ശാരീരിക അതിക്രമത്തിനോ ലൈംഗിക അതിക്രമത്തിനോ ഇരയായിട്ടുണ്ട്.

### 7.2.4 ജെൻഡർ (Gender)

ജൈവശാസ്ത്രപരമായ വ്യത്യസ്തതകളെ അടിസ്ഥാനപ്പെടുത്തി സാമൂഹ്യപരമായും സാം സ്കാരികപരമായും നിർമ്മിച്ചെടുത്ത സ്ത്രീ-പുരുഷ വേർതിരിവിനെ ജെൻഡർ എന്നുപറയാം.

### 7.2.5 ശാക്തീകരണം (Empowerment)

സ്വന്തം ജീവിതത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞ് വിശകലനം ചെയ്തുകൊണ്ടു ആ അവസ്ഥ യെ മെച്ചപ്പെടുത്തുന്നതിനോ മറികടക്കുന്നതിനോ വേണ്ടിയുള്ള അറിവ്, വൈദഗ്ധ്യങ്ങൾ, അവകാശബോധം എന്നിവ വ്യക്തികൾ ആർജ്ജിച്ചെടുക്കുന്ന പ്രക്രിയയാണ് ശാക്തീകരണം. തങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ ചോദ്യംചെയ്യാനും വ്യക്തിപരമോ കൂട്ടാ യതോ ആയ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കാനുള്ള വൈദഗ്ധ്യവും കഴിവും വ്യക്തികൾ ഈ പ്രക്രിയയിലൂടെ വികസിപ്പിച്ചെടുക്കുന്നു.

### 7.2.6 വനിതാ ഘടകപദ്ധതി

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുകയും ചെയ്യുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ വികസനഫണ്ടിന്റെ 10 ശതമാനത്തിൽ കുറയാത്ത തുക ഉപയോഗിച്ച് നിർബന്ധമായും തയ്യാറാക്കുന്ന പദ്ധതിയാണ് വനിതാ ഘടക പദ്ധതി. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ പദ്ധതികൾ തയ്യാറാക്കാൻ അവസരം ലഭിച്ചെങ്കിലും, സ്ത്രീകളുടെ നിർണായക ആവശ്യങ്ങൾ (ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സുരക്ഷ) പലപ്പോഴും പദ്ധതികളിൽ പര്യാപ്തമായി പ്രതിഫലിക്കാതെ പോകുന്നത് പരിമിതിയായിരുന്നു. ഈ സാഹചര്യത്തിലാണ് 1997-ൽ വനിതാ ഘടക പദ്ധതി (WCP) ആരംഭിച്ചത്.

**വനിതാഘടക പദ്ധതിയുടെ ലക്ഷ്യങ്ങൾ**

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുകയും ചെയ്യുക. സ്ത്രീകളെ ഗുണഭോക്താക്കൾ എന്നനിലയിൽ നിന്ന് വികസനത്തിന്റെ പങ്കാളികളിലേക്കും, തീരുമാനമെടുക്കുന്ന നേതാക്കളിലേക്കും ഉയർത്തുക. ജില്ലാ പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളുടെയും ബഹുമുഖ ശേഷിവികസനത്തിന് സാഹചര്യം ഒരുക്കണം. ദുർബ്ബലവിഭാഗങ്ങൾ, വിധവകൾ, ഒറ്റയ്ക്കായവർ, പട്ടികജാതി/വർഗ വിഭാഗങ്ങളിലെ സ്ത്രീകൾ എന്നിവരുടെ ജീവിതഗുണനിലവാരം, അംഗീകാരം, ശേഷിവികസനം എന്നിവ മെച്ചപ്പെടുത്തുക എന്നിവ വനിതാ ഘടക പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

## 7.2.7 ജില്ലാതല ജെൻഡർ റിസോഴ്സ് സെന്റർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റിസോഴ്സ് സെന്ററുകൾക്ക് പിന്തുണ നൽകുന്ന കേന്ദ്രസംവിധാനമാണ് ജില്ലാതല ജെൻഡർറിസോഴ്സ് സെന്റർ. ജില്ലാ ആസൂത്രണ സമിതിയാണ് ജില്ലാ ജെൻഡർറിസോഴ്സ് സെന്റർ രൂപീകരിക്കേണ്ടത്. ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന ജില്ലാ ആസൂത്രണ സമിതിയിലെ ഒരു വനിതാ അംഗം അധ്യക്ഷയും വനിതാ പ്രൊട്ടക്ഷൻ ഓഫീസർ കൺവീനറുമായി 15 അംഗങ്ങളിൽ അധികരിക്കാത്ത ജി ആർ സി ക്കാണ് രൂപം നൽകേണ്ടത്. ഇതിൽ വനിതാസെൽ സിഐ, ലീഗൽസർവീസ് അതോറിറ്റി പ്രതിനിധി, വനിതാവികസന ഓഫീസർ, ജെൻഡർസ്റ്റഡീസ്/വിമൻസ്റ്റഡീസ് ഐച്ഛിക വിഷയമായി പഠിച്ചവർ, റിസർച്ച് നടത്തിയവർ, ജെൻഡർ/വിമൻ വിഷയങ്ങളിൽ പ്രവർത്തന പരിചയമുള്ളവർ(ഇതിൽ ഒരാളെങ്കിലും ട്രാൻസ്ജെൻഡർ/ഇന്റർസെക്സ് വ്യക്തി ആയിരിക്കേണ്ടതാണ്) കുടുംബശ്രീ ജില്ലാ മിഷൻ പ്രതിനിധി, വികേന്ദ്രീകൃത ആസൂത്രണത്തിൽ പരിചയമുള്ളവർ എന്നിവർ അംഗങ്ങൾ ആവേണ്ടതാണ്.

**ചുമതലകളും പ്രവർത്തനങ്ങളും**

» സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും ജെൻഡർ റിലേറ്റഡ് പ്രവർത്തനങ്ങൾക്കുള്ള വൈദഗ്ധ്യം, പിന്തുണ, ഏകോപനം എന്നിവ ഉറപ്പാക്കുക

» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലിംഗനീതിയുമായി ബന്ധപ്പെട്ട പരിപാടികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുക

» ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ പിന്തുണയും നൽകുക

» ലിംഗനീതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക സഹായം നൽകൽ, വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ, പരിശീലനം, നൂതനാശയങ്ങൾ വികസിപ്പിക്കൽ, പ്രചരണ പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ

» മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജെൻഡർറിസോഴ്സ് സെന്ററുകൾ ജാഗ്രതാ സമിതികൾ മറ്റ് ജെൻഡർ റിലേറ്റഡ് പ്രവർത്തനങ്ങൾ മുതലായവ ഏകോപിപ്പിക്കുകയും പിന്തുണ നൽകുകയും ചെയ്യുക.

### 7.2.8 ജെൻഡർ ഡസ്കുകൾ (ജില്ലാ പഞ്ചായത്തുകൾ)

വിദ്യാർത്ഥികളുടെ സുരക്ഷ, പരാതി പരിഹാരം കൗൺസിലിംഗ് തുടങ്ങിയവക്കും ആൺകുട്ടികൾ ഉൾപ്പെടെയുള്ള മുഴുവൻ കുട്ടികൾക്കും ലിംഗപദവി കാഴ്ചപ്പാടിൽ അധിഷ്ഠിതമായ ലൈംഗിക വിദ്യാഭ്യാസം, ഇഫക്ടീവ്&ഈക്വൽപാരന്റിങ് ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം തുടങ്ങിയവയ്ക്കുമായി ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂൾ തലങ്ങളിൽ പ്രവർത്തിക്കുന്നു. ജില്ലാതല മോണിറ്ററിംഗ് സമിതി ഇതിന്റെ പ്രവർത്തനം വിലയിരുത്തുകയും കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ/ഹയർസെക്കൻഡറി സ്കൂളുകളിലെ പെൺ/ട്രാൻസ്ജെൻഡർ/ഇന്റർസെക്സ് കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒന്നോ അതിലധികമോ സ്കൂളുകൾ ഒരുയൂണിറ്റായി കണക്കാക്കി ഒരു കൗൺസിലർക്ക് ചുമതല നൽകിക്കൊണ്ട് രൂപീകരിക്കേണ്ടതാണ്. സാമൂഹ്യനീതി, വിദ്യാഭ്യാസം, വനിതാശിശു വികസന വകുപ്പുകൾ നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാരെ ഉപയോഗിച്ച് എല്ലാ ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂളുകളിലും കൗൺസിലറുടെ സേവനം ഉറപ്പാക്കണം കൗൺസിലർമാർ അധികമായി വേണ്ടിവരികയാണെങ്കിൽ കരാറടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുകൾക്ക് നിയോഗിക്കാവുന്നതും പത്തുമാസത്തേക്ക് വേതനം നൽകാവുന്നതുമാണ്.

### 7.2.9 ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾ കുട്ടികൾ ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനുമായി വികസന ഫണ്ടിന്റെ അഞ്ച് ശതമാനത്തിൽ കുറയാത്ത തുക മാറ്റിവയ്ക്കേണ്ടതാണ്

**പ്രത്യേക ലക്ഷ്യങ്ങൾ**

ജെൻഡർ സൗഹൃദപഞ്ചായത്ത് ആയിമാറുവാൻ താഴെപ്പറയുന്ന പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

1. സ്ത്രീകൾ, ട്രാൻസ് ജെൻഡർ, മറ്റു ജെൻഡർ വൈവിധ്യങ്ങൾക്ക് പങ്കാളിത്തമുള്ള രീതിയിൽ സാമ്പത്തിക വികസന ഉപജീവന മാർഗ്ഗങ്ങൾ. ഈ വിഭാഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ പ്രത്യേകമായി പരിഗണിക്കപ്പെടുക. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾ, ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന സ്ത്രീകൾ,

ട്രാൻസ് ജെൻഡേഴ്സ്, മത്സ്യതൊഴിലാളി സ്ത്രീകൾ, അസംഘടിത മേഖലയിലെ സ്ത്രീകൾ എന്നിങ്ങനെയുള്ള പലവിധേന പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേക പരിഗണന.

2. മറ്റ് ലിംഗ ലൈംഗിക വിഭാഗങ്ങളുടെയും സവിശേഷ സാഹചര്യങ്ങളും പ്രശ്നങ്ങളും ഒന്നൊന്നായി വിലയിരുത്തിക്കൊണ്ട് സാമൂഹ്യ വികസനം നടപ്പിലാക്കുക.
3. വിഭവങ്ങളും സേവനങ്ങളും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമാക്കുക
4. എല്ലാ വിഭാഗം വ്യക്തികൾക്കുംസുരക്ഷഉറപ്പുവരുത്തുന്നതിലേക്കായി സംവിധാനങ്ങൾ പ്രവർത്തനക്ഷമമാകുക
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വേദികളിൽ എല്ലാ ജെൻഡർ വിഭാഗങ്ങളുടെയും തുല്യവും ഫലപ്രദവുമായ പ്രാതിനിധ്യവും പങ്കാളിത്തവും ഉണ്ടാവുക
6. എല്ലാ ജനപ്രതിനിധികൾക്കും ഭരണനിർവ്വഹണത്തിൽ ഒരുപോലെ കഴിവുകൾ പ്രകടിപ്പിക്കാനാവുക
7. ജെൻഡർ സമത്വത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും സ്കീമുകളും ആവശ്യക്കാർക്ക് എല്ലായ്പ്പോഴും സഹായകരമാവ

## 7.2.10 മാതൃക പ്രവർത്തനങ്ങൾ

### സ്ത്രീ പദവി പഠനം-കണ്ണൂർ ജില്ല

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകൾ, നഗര-ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വനിതാ വികസന പ്രവർത്തനങ്ങൾക്ക് പുത്തൻ ദിശാബോധം നൽകുന്നതിനുവേണ്ടി ജില്ലയുടെ സ്ത്രീഅവസ്ഥ ശാസ്ത്രീയമായി വിശകലനം ചെയ്ത് സ്ത്രീ പദവി പഠനം നടത്തി. ജില്ലാ ആസൂത്രണ സമിതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുകയും ആവശ്യമായ പൊതു തീരുമാനങ്ങൾ എടുത്ത് നൽകുകയും ചെയ്തു. ജില്ലയിലെ മുഴുവൻ പ്രാദേശിക സർക്കാരുകളെയും വകുപ്പുകളെയും വിദഗ്ധരെയും ഏകോപിപ്പിച്ച് പഠനത്തിന്റെ ഭാഗമാക്കി. ജില്ലാതലത്തിൽ കോർഡിനേറ്ററെ നിയമിക്കുകയും തദ്ദേശ സ്വയംഭരണ തലത്തിൽ കോർഡിനേറ്റ് ചെയ്യാനായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാരെ (CWF) നിയമിക്കുകയും ചെയ്തു.

പഠനത്തിനാവശ്യമായ മുഴുവൻ അക്കാദമിക സഹായവും പരിശീലനങ്ങളും കില-ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് നൽകി. പഠനത്തിനായി ജെൻഡർ റിസോഴ്സ് സെന്റർ, അക്കാദമിക് ടീം, സ്റ്റഡി ടീം, വിവരശേഖരണ ടീം എന്നിവ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും രൂപീകരിച്ചു. പ്രാഥമിക വിവരശേഖരണം, ദ്വിതീയ വിവരശേഖരണം എന്നിങ്ങനെ രണ്ട് വിധത്തിലാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. വിവരശേഖരണത്തിന് ജനറൽ സർവ്വേ, റാൻഡം സർവ്വേ, വിവിധ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, സ്ഥാപനവിശകലനങ്ങൾ, പദ്ധതി വിശകലനങ്ങൾ, പൊതു ഇടങ്ങൾ, കവലകൾ, തുടങ്ങിയവയുടെ വിശകലനങ്ങൾ

എന്നിവ ഉൾപ്പെടുത്തി. വിവരവിശകലനത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി.

ഇതിന്റെ ഫലമായി ജില്ലയിൽ ജെൻഡർ പ്രവർത്തനങ്ങൾക്ക് ഏകീകൃത രൂപം കൈവന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പഠനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വനിതാ ഘടകപദ്ധതി കൂടുതൽ ഫലപ്രദമായി തയ്യാറാക്കാൻ തുടങ്ങി. പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി പദ്ധതികൾ തയ്യാറാക്കുന്ന പതിവ് രീതി മാറുകയും നിർണായക ലിംഗപദവി ആവശ്യങ്ങളിൽ അധിഷ്ഠിതമായ പ്രോജക്ടുകൾ ഉണ്ടാകുകയും ചെയ്തു. ജെൻഡർ റിസോഴ്സ് സെന്ററുകൾ, ജാഗ്രതാ സമിതികൾ, ജെൻഡർ ഡെസ്കുകൾ, ഇന്റേണൽ കമ്മിറ്റികൾ എന്നിവ കൂടുതൽ പ്രവർത്തനക്ഷമമായി. മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാർ (CWF) നിയമിക്കപ്പെടുകയും അവരുടെ കോഡിനേഷൻ ജില്ലാതലത്തിൽ സാധ്യമാകുകയും ചെയ്തു. ഡി പി സി യുടെ ഇടപെടൽ സാധ്യത ഉപയോഗിച്ച് നഗര-ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വകുപ്പുകളെയും മറ്റ് ജനകീയ സംവിധാനങ്ങളെയും ഒന്നിപ്പിച്ച് ഒരു പദ്ധതി ജില്ലാതലത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞു.

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത്-മുദ്രാപീഠം ഡാൻസ് സ്റ്റുഡിയോ**

അടൂർ മുനിസിപ്പാലിറ്റി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുദ്രാപീഠം ഡാൻസ് സ്റ്റുഡിയോ എന്ന മൈക്രോ സംരംഭം ആരംഭിക്കുന്നു. പ്രതീക്ഷ കുടുംബശ്രീ അംഗങ്ങളാണ്ഈ സംരംഭത്തിന്റെ ഗുണഭോക്താക്കൾ.

2023-24 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി അൻപത് ശതമാനം സബ്സിഡിയോടുകൂടിയുള്ള തുക ട്രാൻസ് ജെൻഡർ അംഗങ്ങളുടെ രണ്ട് പേരടങ്ങുന്ന ഗ്രൂപ്പ് സംരംഭകർക്ക് വേണ്ടി മാറ്റി വച്ചിരിക്കുകയാണ് പത്തനംതിട്ട ജില്ലാ പഞ്ചായത്ത്. ട്രാൻസ് ജെൻഡേഴ്സിന്റെ സംരംഭത്തിന്റെ ബാങ്ക് ലോണിന്റെ സഹായത്തോടെ ഉള്ള മൂലധനങ്ങളുടെ വാങ്ങലിനു വേണ്ടി വരുന്ന തുകയുടെ 50% പരമാവധി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ പഞ്ചായത്ത് വഹിക്കും. ബാക്കി തുകയുടെ ബാധ്യത മാത്രമേ അംഗങ്ങൾക്ക് ഉണ്ടാവുകയുള്ളൂ. ഇതിന്റെ ഭാഗമായി ജില്ലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അയൽക്കൂട്ടമായ പ്രതീക്ഷ റ്റി ജി എന്ന അയൽക്കൂട്ടത്തിലെ രണ്ട് അംഗങ്ങൾ ചേർന്ന് ജില്ലാ പഞ്ചായത്തിന്റെ സബ്സിഡി സഹായം നേടി നൃത്തവിദ്യാലയം തുടങ്ങുന്നതിന് ശ്രമിക്കുന്നു. നൃത്തം പഠിപ്പിക്കുന്നതിനോടൊപ്പം പരിപാടികളിൽ മേക്കപ്പ് ചെയ്ത് വരുമാനം ഉണ്ടാക്കുന്നതിനും ശ്രമിക്കുന്നു.

## 7.2.11 ലക്ഷ്യങ്ങൾ

1. സ്ഥിരവരുമാനം ലഭ്യമാക്കുക
2. സംരംഭം ആരംഭിക്കുന്നവരുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുക
3. സംരംഭ സൗഹൃദ സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുക യുവതലമുറയെ സംരംഭം ചെയ്യുന്നതിലേക്ക് എത്തിക്കുന്നതിനുള്ള ചുറ്റുപാട് സൃഷ്ടിക്കുക

4. പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക
5. ട്രാൻസ് ജെൻഡേഴ്സിനെ പ്രോത്സാഹിപ്പിക്കുക വഴി പൊതുജനങ്ങളുടെ ചിന്താഗതിയിൽ മാറ്റം ഉണ്ടാക്കുക
6. പ്രാദേശിക സാമ്പത്തിക വികസനത്തിൽ പങ്കാളിയാകുക

### 7.2.12 സംരംഭം കൊണ്ടുള്ള നേട്ടങ്ങൾ

1. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക
2. ട്രാൻസ് ജെൻഡർ സമൂഹത്തോട് പൊതുജനങ്ങൾക്കുള്ള ചിന്താഗതിയിൽ മാറ്റമുണ്ടാക്കാൻ സാധിക്കുക

### 7.2.13 പ്രൈഡ് മന്ത് (Pride Month)പ്രൈഡ് വാക്ക് (Pride Walk) വയനാട്

തദ്ദേശ സ്വയംഭരണ വകുപ്പ് വയനാട്, RGSA സ്കീമിൽ 'Pride Month Proud Walk' IEC പ്രവർത്തനത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. ജൂൺ 30ന് സുസ്ഥിര ലക്ഷ്യങ്ങളിൽ ജെൻഡർ തുല്യത എന്ന ലക്ഷ്യത്തെ ആസ്പദമാക്കിയാണ്സംഘടിപ്പിച്ചത്. എല്ലാ ജെൻഡർ വിഭാഗങ്ങളെയും അംഗീകരിക്കുക, വ്യത്യസ്ത ജെൻഡർ വ്യക്തിത്വങ്ങളെ കുറിച്ചുള്ള അവബോധം, LGBTQI കമ്മ്യൂണിറ്റി അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും വിവേചനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ട്രാൻസ്ജെൻഡർ പോളിസി, നിയമങ്ങൾ എന്നി വിഷയത്തിൽ അവബോധം നടത്തുക എന്നതാണ്പരിപാടിയുടെലക്ഷ്യം. തദ്ദേശസ്വയംഭരണ വകുപ്പ് സോഷ്യൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ വകുപ്പ് അംഗങ്ങൾ പൊതുജനങ്ങൾ തുടങ്ങി നൂറോളം ആളുകൾ പ്രൈഡിൽ പങ്കെടുത്തു. 25 കമ്മ്യൂണിറ്റി അംഗങ്ങൾ ജില്ലയുടെ അകത്തുനിന്നും പുറത്തുനിന്നും പങ്കെടുത്തു. ബാനർ പ്ലക്കാർഡ് നോട്ടീസുകൾ ബ്രോഷറുകൾ എന്നിവ IEC പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് പരിപാടി അവസാനിച്ചു.

#### എറണാകുളം ജില്ലാ പഞ്ചായത്ത്-മാരിവില്ല് പ്രോജക്ട്-ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള പ്രത്യേക പരിപാടി

ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന മാരിവില്ല് പദ്ധതിയിൽ ഏകദേശം 250 ട്രാൻസ്ജെൻഡർ വ്യക്തികൾ സേവനംഉപയോഗിക്കുന്നു.

എറണാകുളം ജില്ലയിൽ അഞ്ഞൂറോളം ട്രൻസ്ജെൻഡർ വ്യക്തികൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഇവരിൽ പലരും ജില്ലയുടെ പുറത്തുള്ളവരും ഇതര സംസ്ഥാനത്ത് നിന്നുള്ളവരും സമൂഹമോ കുടുംബമോ പുറത്താക്കുന്നവരുമാണ്. ട്രൻസ്ജെൻഡർ വ്യക്തികൾക്ക് ചികിത്സക്കായി ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലിനിക് സ്ഥാപിച്ചിരിക്കുന്നു. ട്രൻസ്ജെൻഡർ വ്യക്തികൾക്ക് ആവശ്യമായ സാധാരണ രോഗങ്ങൾക്കുള്ള ചികിത്സയും, പ്രത്യേകമായി ആവശ്യമുള്ള ഹോർമോൺ ചികിത്സയും ക്ലിനിക്കിൽ നൽകി വരുന്നുണ്ട്.

ആവശ്യമായ വൈദ്യപരിശോധന, ലാബ് ടെസ്റ്റുകൾ, അത്യാവശ്യ മരുന്നുകൾ എന്നിവ ഇവിടെ നിന്നും സൗജന്യമായി നൽകുന്നു. ആഴ്ചയിൽ 2 ദിവസം ഡോക്ടറുടെ സേവനം ലഭ്യമാണ്. LGBTQIA+ കമ്മ്യൂണിറ്റിയിൽ നിന്നുള്ള ഡോക്ടർ ആണ് ഇവിടെ സേവനമനുഷ്ഠി

ക്കുന്നത്. കൂടാതെ ഒരു നേഴ്സ്, 2 വളണ്ടിയർമാർ, ഒരു ഓഫീസ് സ്റ്റാഫ് എന്നിവരും ഇവിടെ സേവനം ചെയ്യുന്നു.

പാർശ്വവത്കൃത വിഭാഗങ്ങൾക്ക് നൽകാൻ കഴിയുന്ന മികച്ച പദ്ധതിയാണിത്. ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിനും രോഗങ്ങൾ തടയുന്നതിനും പ്രത്യേകമായ ക്യാമ്പയിനും ബോധവത്ക്കരണ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി നടത്തുന്നുണ്ട്. പദ്ധതി ഗുണപ്രദമായതിനാൽ കൂടുതൽ തുക വകയിരുത്തി കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പദ്ധതി തുടരാൻ തീരുമാനിച്ചു.

### 7.2.14 മാതൃകാപദ്ധതികൾ

വനിതാ ഘടകപദ്ധതിയുടെ ഭാഗമായി ഒട്ടനവധി മാതൃകാ പദ്ധതികൾ/ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

- ഷീ വർക്ക്സ്പേസ്
- സ്ത്രീകളുടെ കലാ ട്രൂപ്പുകൾ
- പെൺകുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക കായിക പരിശീലനങ്ങൾ
- സ്ത്രീകൾക് രോഗ നിർണയ ക്യാമ്പ്
- നീന്തൽ പരിശീലനവും നീന്തൽ കുള നിർമാണവും
- പ്രാദേശിക വിഭവങ്ങൾ-മേളകളും വിപണനവും
- സാനിറ്ററി നാപ്കിൻ നിർമ്മാണ യുണിറ്റ്
- സ്ത്രീസംരംഭങ്ങൾക്ക് വിപണന സംവിധാനങ്ങൾ ഉറപ്പുവരുത്തൽ
- ടൂറിസം മേഖലയിലെ വിവിധ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്തൽ (താമസം ഭക്ഷണം ഗൈഡൻസ് വാഹന സൗകര്യം വിപണനം)
- കാർഷിക യന്ത്ര ഉപകരണങ്ങൾ ലഭ്യമാക്കലും ആയത് ഉപയോഗിക്കുന്നതിനുള്ള വൈദഗ്ധ്യം ഉറപ്പുവരുത്തലും
- ഹെൽത്ത് മാപ്പിംഗ്
- ഫിറ്റ്നസ് സെന്റർ
- ജീവിതശൈലി രോഗത്തെ കുറിച്ചുള്ള ബോധവൽക്കരണവും ക്യാമ്പയിനുകളും
- ക്രൈം മാപ്പിങ് & നിയമസഹായം
- അതിക്രമങ്ങൾക്കെതിരെ ഹെൽപ്പ് ലൈൻ നമ്പർ
- സ്കൂളുകൾ ജെൻഡർ ഫ്രണ്ട്ലി ആക്കൽ
- നാപ്കിൻ വെൻഡിങ് ഡിസ്പോസൽ മെഷീനുകൾ
- കമ്മ്യൂണിറ്റി കിച്ചൻ
- തൊഴിൽ മേള

## 7.3 ഭിന്നശേഷി

ശാരീരികമോ, മാനസികമോ, ബൗദ്ധികമോ, ഇന്ദ്രിയപരമോ ആയ പരിമിതികൾക്കൊപ്പം പാരിസ്ഥിതികവും സാമൂഹികവുമായ തടസ്സങ്ങളുടെ ഫലമായി വ്യക്തിക്ക് സമൂഹത്തിൽ

മറ്റുള്ളവർക്കൊപ്പം തുല്യതയോടെയുള്ള വികസനത്തിനും പങ്കാളിത്തത്തിനും സാധിക്കാതെ വരുന്ന അവസ്ഥയാണ് ഭിന്നശേഷി. അത് വ്യക്തി നിഷ്ഠം മാത്രമല്ല സാമൂഹ്യസൃഷ്ടി കൂടിയാണെന്ന് സാരം. സേവനരംഗങ്ങളിൽ അവർ നേരിടുന്ന തടസ്സങ്ങൾ ഓരോന്നും കണ്ടെത്തി ഒഴിവാക്കേണ്ടതിന്റെയും, പ്രത്യേക പിന്തുണകൾ ഉറപ്പാക്കേണ്ടതിന്റെയും പ്രാധാന്യം ഇത് സൂചിപ്പിക്കുന്നു. ഭിന്നശേഷിക്കാർക്കായുള്ള എല്ലാ ക്ഷേമ വികസന ഇടപെടലുകളും ജനനം മുതൽ മരണം വരെയുള്ള ഓരോ പ്രായ ഘട്ടങ്ങളുടെയും സവിശേഷ ആവശ്യങ്ങളും, അവകാശങ്ങളും ഉറപ്പാക്കപ്പെടും വിധം ആവിഷ്കരിക്കേണ്ടതാണ്. വ്യക്തിഗത പുനരധിവാസ ആസൂത്രണത്തിന്റെ പ്രസക്തിയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. അവരുടെ സവിശേഷതകൾക്കനുസൃതമായി സൗഹൃദമായ രീതിയിൽ ആജീവനാന്ത വികസന സമീപനം ഉറപ്പ് വരുത്തുക എന്നത് പ്രാദേശിക സർക്കാരുകളുടെ സുപ്രധാന ചുമതലയാണ്. രണ്ട് സമീപനങ്ങൾക്കാണ് ഭിന്നശേഷിക്കാർക്കായുള്ള എല്ലാ വികസന ക്ഷേമ ഇടപെടലുകളിലും ഊന്നൽ നൽകുന്നത്.

1. **വൈകല്യങ്ങൾ മുൻകൂട്ടി തടയുക.**
2. **വൈകല്യബാധിതരുടെ പുനരധിവാസം**

വൈകല്യബാധ മുൻകൂട്ടി തടയുന്നതിന് ജനിതകമോ, ജീവശാസ്ത്രപരമോ ആയ ഹേതുക്കളുടെ പ്രതിരോധത്തിനാണ് ഊന്നൽ നൽകേണ്ടത്. ഇതിനായി ബോധവൽക്കരണവും ഗർഭകാല പരിചരണവും പ്രീനാറ്റൽ വൈദ്യപരിശോധനകളും, പരിഹാരനിർദ്ദേശങ്ങളും, സഹായങ്ങളുമാണ് പ്രധാന ഉപാധികളായി നിർദ്ദേശിച്ചിട്ടുള്ളത്.

ഭിന്നശേഷി പുനരധിവാസം പൊതുവെ വൈദ്യശാസ്ത്രപരം, വിദ്യാഭ്യാസപരം, സാമൂഹികം എന്നിങ്ങനെ തിരിച്ചിരിക്കുന്നു. വൈകല്യനിർണ്ണയം, തെറാപ്പികൾ, സഹായഉപകരണങ്ങൾ, പരിഹാര ശസ്ത്രക്രിയകൾ, ചികിത്സ എന്നിവയാണ് ആരോഗ്യ പുനരധിവാസത്തിൽ പ്രധാനം. സാമൂഹ്യതലത്തിൽ മനോഭാവ മാറ്റത്തിനും തടസ്സമുക്ത സഞ്ചാരത്തിനും, സേവനലഭ്യതയും ഉറപ്പ് വരുത്തുന്നതായിരിക്കണം മുഖ്യ സമീപനം. 40% മോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവരെയാണ് ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ട ഭിന്നശേഷിക്കാരായി കണക്കാക്കുന്നത്. (ബെഞ്ച്മാർക്ക് ഡിസെബിലിറ്റി)

### 7.3.1 കേരളത്തിലെ ഭിന്നശേഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

1. അവഗണന-പരിചരണം, സംരക്ഷണം
2. ചൂഷണവിധേയരാകുന്ന അവസ്ഥ-പീഡനം
3. ബുദ്ധിവികാസത്തിലുള്ള പ്രശ്നങ്ങൾ
4. ചലനശേഷിക്കുറവ്-സഞ്ചാരപരിമിതി
5. വിദ്യാഭ്യാസ-സാധ്യത
6. ചികിത്സാസൗകര്യക്കുറവ്/അഭാവം
7. കാഴ്ച്ച-കേൾവി പ്രശ്നങ്ങൾ
8. ഭിന്നശേഷി തിരിച്ചറിയുന്നതിലുള്ള കാലതാമസം
9. പ്രാപ്തി വളർത്തിയെടുക്കുന്നതിനുള്ള സൗകര്യമില്ലായ്മ

10. തൊഴിൽ പരിപോഷണ കുറവ്-പരിശീലനം
11. വരുമാനപ്രശ്നങ്ങൾ-ആസ്തി
12. ഭിന്നശേഷി സൗഹൃദമല്ലാത്ത പൊതുഇടങ്ങൾ-പങ്കാളിത്തം
13. പ്രത്യക്ഷമല്ലാത്ത ഭിന്നശേഷി

### 7.3.2 പ്രാദേശിക സർക്കാരും ഭിന്നശേഷി സൗഹൃദഭരണവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആക്ടുകൾക്കൊപ്പം ഫണ്ടും പദ്ധതി ആസൂത്രണത്തിനുള്ള സ്വാതന്ത്ര്യവും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. ഈ ഉറപ്പ് പാലിക്കപ്പെടുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങളിൽ ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വിപുലമായ സാധ്യതകളാണ് നൽകിയിട്ടുള്ളത്.

ഭിന്നശേഷിയുള്ള എല്ലാ വിഭാഗത്തെയും പൊതുധാരയിൽ എത്തിക്കുന്നതിനും എല്ലാ തലത്തിലും തുല്ല്യപങ്കാളിയായി, അവസരങ്ങൾ ഉപയോഗപ്പെടുത്താൻ പ്രാപ്തി നൽകുന്ന, ഇടപെടലുകൾ ഒരുക്കുന്നതിനും അവരുടെ അവകാശങ്ങൾ എല്ലായിടത്തും എപ്പോഴും ഉറപ്പാക്കപ്പെടുന്നതിനുള്ള ഭരണക്രമം എന്ന് വിവക്ഷിക്കാം. ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ കഴിയും എന്ന് പരിശോധിക്കുക.

### 7.3.3 ജില്ലാ പഞ്ചായത്ത് തല ഇടപെടൽ

**ഭിന്നശേഷിക്കാരുടെ സമഗ്ര വിവരശേഖരണം (അവസ്ഥാ പഠനം)**

ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും, ആവശ്യങ്ങൾ തിട്ടപ്പെടുത്തുന്നതിനും ഏറ്റവും അനിവാര്യമായ ഘടകം സമഗ്രമായ വിവരശേഖരണം തന്നെയാണ്. ഇതിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും, ഗ്രാമസഭയിൽ നിന്നും ഉയർന്നു വരുന്ന നിർദ്ദേശങ്ങളും ചേർത്താണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭിന്നശേഷിക്കാർക്കായുള്ള ആസൂത്രണം ആരംഭിക്കുന്നത്. ഈ വിശകലന രേഖയിൽ സ്ഥിതി വിവരകണക്കുകൾക്കൊപ്പം മുൻവർഷങ്ങളിലെ പ്രോജക്ടുകളുടെ ധനവിനിയോഗവും പുരോഗതിയും തിട്ടപ്പെടുത്തി കൃത്യമായ ധാരണ സൃഷ്ടിക്കുന്നതിന് സൗകര്യമുണ്ടാക്കുന്നു. ഈ അവസ്ഥാശേഖര ഫോറം കിലയിൽ ലഭ്യമാണ്. (അനുബന്ധം പരിശോധിക്കുക)

**ജന്മനാലുണ്ടാകുന്ന ഭിന്നശേഷികൾക്ക് രണ്ട് കാരണങ്ങളാണ് ഉള്ളത്.**

**എ)** ജനിതക ഭിന്നശേഷി സാധ്യതകൾ-പൊതുവെ ജനറ്റിക് കൗൺസിലിംഗ്, പെഡിഗ്രി അനാലിസിസ്, ഹൈറിസ്ക് വിഭാഗ ഗർഭിണികൾക്കുള്ള പരിശോധനകൾ തുടങ്ങിയവ കണ്ടെത്തി പരിഹരിക്കുകയാണ് ചെയ്യാൻ കഴിയുന്നത്. ഇതിൽ പ്രധാന സേവനങ്ങൾ താഴെപ്പറയുന്നവയാണ്.

1. എല്ലാ ഗർഭിണികളുടെയും രജിസ്ട്രേഷൻ
2. നിർബന്ധിത വൈദ്യപരിശോധനകൾ-സ്ക്രീനിംഗ്
3. അറ്റ് റിസ്ക് പ്രഗ്നൻസി കെയർ

**ബി)** ജൈവശാസ്ത്രപരമായ ഭിന്നശേഷി സാധ്യതകൾ

ബയോളജിക്കൽ-പ്രധാനമായും ഗർഭിണികളുടെ രോഗാവസ്ഥകൾ മൂലവും ന്യൂനപോഷണം

മൂലവും പരിക്കുകൾ മൂലവും സംഭവിക്കുന്നതാണ്. അത് കൊണ്ട് ലഭ്യമായ പ്രതിരോധകുത്തിവെയ്പുകളും പ്രതിരോധ ഔഷധികളും നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. പ്രസവസമയത്തും അപായ സാധ്യതകൾ ഉള്ളതിനാൽ എല്ലാ പ്രസവങ്ങളും ആശുപത്രിയിൽ വേണമെന്ന് നിഷ്ക്കർഷിക്കുകയും, ഭിന്നശേഷി ഉണ്ടായാൽ പിന്നീടുള്ള സേവനങ്ങൾ പുനരധിവാസ പ്രവർത്തനങ്ങളാണ്.

1. പ്രതിരോധ ഔഷധചികിത്സ
2. പ്രതിരോധപോഷണ പരിപാടി
3. വീഴ്ച്ചകളും അപകടങ്ങളും പരിക്കുകളും ഒഴിവാക്കൽ
4. ആശുപത്രി പ്രസവം ഉറപ്പാക്കൽ
5. പ്രസവപൂർവ്വ ബോധവൽക്കരണവും പരിചരണ സേവനങ്ങളും

**സി)** നവജാതശിശു ഇടപെടൽ

രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രം (RBSK) നാഷണൽ ഹെൽത്ത് മിഷൻ ശിശുക്കളുടെ ആരോഗ്യ നിലവാര നിർണ്ണയ പരിശോധനയും കാലേകൂട്ടിയുള്ള ഇടപെടലുകളും സാർവത്രികമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള നൂതന പദ്ധതിയാണ്. രാജ്യത്തെ മുഴുവൻ കുട്ടികളേയും ഈ പരിപാടിക്ക് കീഴിൽ ജനനത്തോടൊപ്പമോ ചെറുപ്രായത്തിലോ നടത്തുന്ന 4 ഡി എന്നറിയപ്പെടുന്ന പരിശോധന രീതിയാണിത്. ഡിഫക്ട്സ്, ഡെഫിഷ്യൻസി ഡിസീസസ്, ഡെവലെപ്പ്മെന്റ് ഡിലേ ഡിസബിലിറ്റി എന്നിവ ഉണ്ടോ എന്ന് ശാസ്ത്രീയമായ രീതിയിൽ പരിശോധനയ്ക്ക് വിധേയമാക്കുകയാണ് ലക്ഷ്യം.

## 7.3.4 ഭിന്നശേഷി പുനരധിവാസ നടപടികൾ

### ഏർളി ഡിറ്റക്ഷൻ

നവജാതശിശുക്കൾ മുതൽ 2 വയസ്സിന് താഴെയുള്ള കുട്ടികളുടെ വികാസ വ്യതിയാനങ്ങൾ ഡവലപ്പ്മെന്റ് സ്ക്രീനിംഗ് ചാർട്ട് (ഐ. എ. പി) പോലുള്ള ഉപാധികൾ ഉപയോഗിച്ചാണ് പ്രവർത്തകർ കുട്ടികളെ പരിശോധിക്കുന്നത്. പരിശോധനയിൽ വികാസ വ്യതിയാനങ്ങൾ കണ്ടെത്തുന്ന കുട്ടികളെ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും, ആവശ്യമെങ്കിൽ വിശദമായ പ്രശ്ന നിർണ്ണയം നടത്തുകയും ചെയ്യും. പ്രശ്നങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിക്കുകയും രക്ഷാകർത്താക്കളെ പ്രാപ്തരാക്കുകയും ചെയ്യും.

### വിദ്യാലയ പരിശോധനകൾ

നഴ്സറി/അങ്കണവാടി കുട്ടികളെ നഴ്സറി ഇവാല്യൂവേഷൻ ടെസ്റ്റ് ഉപയോഗിച്ചും പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളെ എസ്. എസ്. എ ചെക്ക് ലിസ്റ്റ് ഉപയോഗിച്ചും അദ്ധ്യാപകർ ബുദ്ധിവികാസ പ്രശ്നനിർണ്ണയം നടത്തുകയും ആവശ്യമായ റഫറൽ നടത്തുകയും വേണം.

### ഏർളി ഇന്റർവെൻഷൻ

ഫംഗ്ഷണൽ ശേഷി സാധാരണ നിലവാരത്തിലെത്തിക്കാൻ സഹായകരമായ തെറാപ്പികൾ, ചികിത്സകൾ. സഹായങ്ങൾക്കായി മെഡിക്കൽ സർട്ടിഫിക്കറ്റ് ഉറപ്പാക്കൽ.

ഘടക സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ

» സർക്കാർ കെട്ടിടങ്ങൾ, ഗതാഗതം, ഭൗതിക പരിസരങ്ങൾ സ്കൂളുകൾ, സേവനസ്ഥാപനങ്ങൾ ബസ്സ്സ്റ്റോപ്പ്, ടോയലറ്റ്സ്, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവ ഭിന്നശേഷിക്കാർക്ക് യഥേഷ്ടം ഉപയോഗിക്കാൻ കഴിയും വിധം ചിട്ടപ്പെടുത്തേണ്ടതാണ്.
» വീട്, സ്കൂൾ, ആശുപത്രികൾ തദ്ദേശഭരണ ഓഫീസുകൾ, പൊതുവഴികൾ തടസ്സമുക്തം ആയിരിക്കണം
» പൊതുഇടങ്ങൾ, ബസ് സ്റ്റാൻഡ്, പാർക്കുകൾ, പൊതു കെട്ടിടങ്ങൾ, പൊതുഗതാഗത സൗകര്യങ്ങൾ, ഭിന്നശേഷി സൗഹൃദം ആയിരിക്കണം
» പൊതു ശൗചാലയങ്ങൾ ഭിന്നശേഷി സൗഹൃദം (വീതിയുള്ള വാതിൽ, വീൽചെയർ, ഉയരം കുറഞ്ഞ വാഷ് ബെയ്സിൻ, ഹാൻഡ് ഗ്രിപ്പ്) ആയിരിക്കണം

**പ്രാപ്യത**

» ആശുപത്രികളിലും, മറ്റ് പൊതു സേവനങ്ങൾ നൽകുന്നതിലും ക്യൂ നിൽക്കുന്നതിന് പകരം ഇരിപ്പിടം, കൈവരികൾ, പ്രത്യേക മുൻഗണനാക്രമം, ചവിട്ട് പടികളുടെ സ്ഥാനത്ത് റാമ്പ്
» ബ്രെയ്-ലി-സൈനേജ് ബോർഡുകൾ, വീൽചെയർ ലഭ്യത തുടങ്ങിയവ ലഭ്യമാക്കുക

**സേവനവിവരണ ബോർഡ് സേവനാവകാശം ഉറപ്പാക്കൽ**

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തദ്ദേശതലത്തിൽ ലഭ്യമായ സേവനങ്ങളുടെ വിശദമായ നോട്ടീസ് അങ്കണവാടി, പ്രാഥമികാരോഗ്യ കേന്ദ്രം, ആശുപത്രി, പൊതുവിദ്യാലയങ്ങൾ, തദ്ദേശ സ്വയംഭരണ ഓഫീസ് എന്നിവിടങ്ങളിൽ നിർദിഷ്ട മാതൃകയിൽ സ്ഥാപിക്കണം.

**ഭിന്നശേഷി റിസോഴ്സ് സെന്റർ**

ഭിന്നശേഷിക്കാരായ കുട്ടികളുടെയും മുതിർന്നവരുടെയും ക്ഷേമം ഉറപ്പാക്കപ്പെടണമെങ്കിൽ അവർക്ക് വ്യക്തമായ അറിയിപ്പുകൾ ലഭിക്കേണ്ടത് അനിവാര്യമാണ്. കേവലം വിവരങ്ങൾക്കപ്പുറം സേവനങ്ങൾ കുടി നൽകാൻ കഴിയും വിധത്തിൽ ഇവ സജ്ജീകരിക്കണം.

» ആരോഗ്യ ചികിത്സ സ്ഥാപന അറിയിപ്പുകൾ, ഇൻഷുറൻസ്
» വിദ്യാഭ്യാസ ഗൈഡൻസ്
» തൊഴിൽ പരിശീലനം-ഗൈഡൻസ്
» തൊഴിൽ ലഭ്യത സഹായങ്ങൾ
» സാമൂഹ്യ സുരക്ഷ സഹായങ്ങൾക്കായുള്ള ഇടപെടൽ
» സാമൂഹ്യ ഒത്തുചേരലുകൾ
» ഉല്പാദന വിപണന സൗകര്യങ്ങൾ
» കൗൺസിലിംഗ് സൗകര്യങ്ങൾ
» റിക്രിയേഷൻ സൗകര്യങ്ങൾ-വെർച്ച്വൽ റിയാലിറ്റി ഉൾപ്പടെ
» റസിഡൻഷ്യൽ ഫെസിലിറ്റീസ് ആന്റ് ഡേ കെയർ
» ഭിന്നശേഷി സൗഹൃദ ഓപ്പൺ ജിം ആന്റ് പാർക്ക്

» ഭിന്നശേഷിക്കാർക്കായുള്ള സർക്കാർ-സാർക്കാരിതര പദ്ധതികളിലും സേവനങ്ങളിലും ഓരോ ഭിന്നശേഷിക്കാരും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക

**ഭിന്നശേഷിക്കാർക്കായുള്ള ദൈനംദിന പൊതുജീവിതസഹായ സേവനം**

ഫോൺ വിളി-സന്ദേശം മുഖേന തഴെ പറയുന്ന സേവനങ്ങൾക്കായി സഹായം ലഭിക്കും

» ബാങ്കിംഗ് സേവനം
» ഓൺലൈൻ ഷോപ്പിംഗ്
» നിയമസഹായം
» റിസർവേഷൻ/കൺസഷൻ
» കെ-സ്മാർട്ട് മുഖേനയുള്ള സേവനലഭ്യത
» പരാതി രജിസ്ട്രേഷൻ
» ചാർജ്ജുകൾ/ഫീസുകൾ അടക്കൽ
» ഉപകരണ റിപ്പയർ
» ലാബ്/മെഡിക്കൽ പരിശോധന
» മെഡിക്കൽ സർട്ടിഫിക്കറ്റ്
» ആനുകൂല്യങ്ങൾ

ബന്ധപ്പെടുവാനുള്ള സംവിധാനങ്ങൾ ഒരുക്കണം (ടോൾഫ്രീ)

വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ഉപാധികൾ എന്ന നിലയിൽ ഈ സേവനങ്ങൾക്ക് മുഖ്യ പരിഗണന ഉറപ്പാക്കപ്പെടണം. ഗുഭോക്തക്കാൾക്കനുസൃതമായി ആനുപാതികമായ വിഹിതം വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.

### 7.3.5 ജില്ലാതല-സഹായ ഉപകരണങ്ങളുടെ റിപ്പയർ ആന്റ് സർവ്വീസ് സെന്റർ

ഭിന്നശേഷി നേരിടുന്ന വ്യക്തികൾക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളുടെ ഗ്യാരണ്ടി കാലാവധിക്ക് ശേഷമുള്ള അറ്റകുറ്റപ്പണികളും സർവീസുകളും ലഭ്യമാക്കുന്നതിനുള്ള സെന്ററുകൾ ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും ഏറ്റെടുക്കേണ്ടതാണ്.

### 7.3.6 ഭിന്നശേഷി ക്ഷേമകർമ്മപദ്ധതി

വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യങ്ങൾ തിട്ടപ്പെടുത്തി സമയബന്ധിതമായി പരിഹാര പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനഫണ്ട് ഉപയോഗിച്ചു ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്കൊപ്പം ലഭ്യമായ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളും ഉപയോഗപ്പെടുത്തിയാൽ മാത്രമേ ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാനാകു. സംയോജിതമായും ഏകോപിതമായും പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി സമഗ്രവികസനം സാധ്യമാക്കാം.

**ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ**

» നേരത്തേയുള്ള കണ്ടെത്തൽ (Early Detection)
» നേരത്തെയുള്ള ഇടപെടൽ (Early Intervention)
» വിദ്യാഭ്യാസ പുനരധിവാസം

- നൈപുണി വികസനം (Skill Development)
- തൊഴിൽ പരിശീലനവും അവസരങ്ങളും
- കലാ കായിക വിനോദ സൗകര്യങ്ങൾ
- ഭിന്നശേഷി സൗഹൃദ ഭവനങ്ങൾ
- ഭിന്നശേഷി സൗഹൃദ യാത്രാ സൗകര്യങ്ങൾ
- ഭിന്നശേഷി സഹായക ഉപകരണങ്ങൾ
- സഹായക ഉപകരണങ്ങളുടെ നവീകരണം/അറ്റകുറ്റപ്പണികൾ
- പരിപാലന പിന്തുണ/കെയർ ഹോം
- ഭിന്നശേഷി സൗഹൃദ ദിശാ ബോർഡുകൾ
- ഭിന്നശേഷി സൗഹൃദ വെബ് സൈറ്റ്
- ഭിന്നശേഷി പ്രതിരോധം, പ്രവർത്തനങ്ങൾ
- സമഗ്ര ഭിന്നശേഷി വിഭവസമാഹരണം

### 7.3.7 ജില്ലാ പഞ്ചായത്തും ഭിന്നശേഷിയും

എത്തിച്ചേരാവുന്ന ഏറ്റവും ഉന്നതമായ നിലവാരത്തിലേക്ക് എത്തുന്നതിനുള്ള അവകാശം എല്ലാ ഭിന്നശേഷിക്കാർക്കും ഉണ്ട്. ഇത് ആരോഗ്യം വിദ്യാഭ്യാസം ജീവിത ഗുണമേന്മ എന്നിവയിൽ എല്ലാം ബാധകമായിരിക്കുന്നതാണ്. എന്നാൽ എന്താണ് നമ്മുടെ നാട്ടിലെ ഭിന്നശേഷിക്കാരുടെ അവസ്ഥ. ചാലകശേഷി പരിമിതികൾ അനുഭവിക്കുന്ന വ്യക്തികളുടേത് ഒഴികെ ബാക്കി ഒരു വിഭാഗത്തിനും സാമാന്യ ജീവിത നിലവാരം ആർജിക്കാൻ കഴിഞ്ഞോ എന്ന് പരിശോധിക്കേണ്ടതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഇന്ദ്രിയക്ഷമത നഷ്ടപ്പെട്ടവർ, മെന്റൽ ബിഹേവിയർ പരിമിതികൾ നേരിടുന്നവർ, പ്രത്യക്ഷ നിരീക്ഷണാത്മക മല്ലാത്ത ഭിന്നശേഷി നേരിടുന്നവർ തുടങ്ങിയവരുടെ നിലവാരം എപ്രകാരം ആയിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു. ഈ വിഭാഗം നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളെ താഴെത്തട്ടിൽ കൈകാര്യം ചെയ്യുന്നതിന് വളരെയേറെ പരിമിതികൾ ഉണ്ട്. ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും അവ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നടപ്പാക്കുന്നതിനു അപര്യാപ്തമാണെന്ന് പരിശോധിച്ചാൽ അറിയാൻ കഴിയും. ഈ സാഹചര്യത്തിലാണ് ജില്ലാ പഞ്ചായത്തുകളുടെ സമഗ്രമായ ഇടപെടൽ ഈ മേഖലയിൽ അനിവാര്യമായി തീരുന്നത്

### 7.3.8 വികേന്ദ്രീകൃത ആസൂത്രണ സാധ്യതകൾ

ജില്ലാ പഞ്ചായത്തുകൾക്കും ജനകീയ ആസൂത്രണത്തിലെ പ്രധാന നീക്കിവെയ്പ്പുകൾ ആയ ഫണ്ട്, freedom for planning, functionaries എന്നിവ ഉറപ്പാക്കപ്പെട്ടിട്ടുണ്ട്. കേവലം അനുമതികളെ മാത്രം കേന്ദ്രികരിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയാൽ നാം പ്രതീക്ഷിക്കുന്ന വിധത്തിൽ ഭിന്നശേഷി ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും നിലവാരം മെച്ചപ്പെടുത്താനും പര്യാപ്തമാവുകയില്ല ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് പ്രായോഗികമായ പ്രോജക്ടുകൾ വിദഗ്ധരുടെ കൂടി സഹകരണത്തോടെ രൂപപ്പെടുത്തുകയും ആവശ്യമായ

ഫണ്ടുകൾ പദ്ധതിയേതരമായി കണ്ടെത്തുവാൻ കഴിയുകയും ചെയ്താൽ ഈ മേഖലയിൽ നിലവിലുള്ള അവസ്ഥയെ അപഗ്രഥിച്ച് സ്വപ്നതുല്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും.

| ജില്ലാ പഞ്ചായത്ത് | | | |
|---|---|---|---|
| 1 | ബഡ്സ് സ്ഥാപന പശ്ചാത്തലവികസനം-വിഹിതം | 1.4 ൽ 4 | തനത് പ്രോജക്ട് |
| 2 | ഭിന്നശേഷി സ്കോളർഷിപ്പ് വിഹിതം (60: 30: 10) | 1.6 ഇ | 10 ശതമാനം |
| 3 | ഇലക്ട്രിക് സ്കൂട്ടർ സൈഡ് വീൽ-സ്കൂട്ടർ | 1.2 (6) | ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് |
| 4 | പൊതുവിഹിതം 5% ഭിന്നശേഷിക്കാർ, കുട്ടികൾ, ട്രാൻസ് ജെൻഡർ | മാർഗ്ഗരേഖ 5.4.1 ൽ (10) | |
| 5 | നൂതനാശയ പ്രോജക്ടുകൾ-കമ്മ്യൂണിറ്റി ലിവിംഗ് പ്രോജക്ട്<br>ജില്ലാതല ഭിന്നശേഷി ഡാറ്റാശേഖരണവും അവസ്ഥാരേഖയും (വെബ്സൈറ്റ്) | | |
| 6 | പ്രത്യേക അയൽക്കൂട്ട രൂപീകരണ നേതൃത്വം | സ.ഉ. അച്ചടി 50/2025/ LSGD dt 20.09.2025 | ജില്ലാ പഞ്ചായത്ത്/ DMC കുടുംബശ്രീ |
| 7 | സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ-മരുന്ന് | 1.12 | മാനസികരോഗ ബാധിതർക്ക് ആശ്വാസം |

മേൽ നിർദ്ദേശങ്ങൾ അനുസരിച്ച്,

» ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കോളർഷിപ് സ്റ്റൈപ്പന്റ് എന്നിവയുടെ വിഹിതം യഥാസമയം അനുവദിക്കുക.

» ബഡ്സ് സംവിധാനങ്ങളുടെ പശ്ചാത്തല വികസനത്തിന് ആവശ്യമായ വിഹിതം സമയോചിതമായി ഉറപ്പാക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുക.

» ജില്ലാ പഞ്ചായത്തിൽ നിന്നും പഞ്ചായത്തുകൾക്ക് യഥാസമയം സ്കോളർഷിപ് വിഹിതവും പശ്ചാത്തല വികസന ഫണ്ടുകളും ലഭ്യമാക്കുന്നതിന് ഇടപെടലുകൾ നടത്തുക.

» ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകുന്നതിനുള്ള അനുമതി വിനിയോഗിക്കുക. വിലകൂടിയ സഹായോപകരണങ്ങൾ പഞ്ചായത്തുകളുടെ അപേക്ഷയനുസരിച്ച് ലഭ്യമാക്കുക.

» ഗ്രാമ പഞ്ചായത്തുകൾക്ക് സഹായ ഉപകരണ വിതരണത്തിനും മെഡിക്കൽ ബോർഡ് സർട്ടിഫിക്കേഷനും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ പിന്തുണ ഉറപ്പാക്കുക

» യു ഡി ഐ ഡി കാർഡ് വിതരണം 100 ശതമാനം ആക്കുക

» ഭിന്നശേഷി ദിനാചരണം അർത്ഥപൂർണ്ണമായും സമുചിതമായും സംഘടിപ്പിക്കുക

## 7.3.9 ജില്ലാതല സഹായ ഉപകരണ റിപ്പയർ കേന്ദ്രം ആരംഭിക്കുക

ഭിന്നശേഷി നേരിടുന്ന വ്യക്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള സഹായോപകരണങ്ങൾ ഗ്യാരന്റി കാലാവധിക്ക് ശേഷമുള്ള അറ്റകുറ്റ പണികളും സർവീസിംഗും ഉറപ്പാക്കുന്നതിനുള്ള കേന്ദ്രം ജില്ലാ പഞ്ചായത്ത് ആരംഭിക്കുക. മറ്റു മാതൃകകൾ ഇല്ലാത്തതുകൊണ്ട് ഡിപിആർ തയ്യാറാക്കി മാത്രമേ ഇത് സാധ്യമാകൂ. ഇപ്രകാരം ഒരു കേന്ദ്രം നിർമ്മിക്കുമ്പോൾ ഒരു മൊബൈൽ സർവീസ് കൂടി നടത്തുന്നതിനുള്ള സംവിധാനങ്ങളെ കുറിച്ചും ആലോചിക്കണം.

**നൂതനാശയങ്ങൾ**

» ജില്ലാതല സമഗ്ര ഭിന്നശേഷി സർവ്വേ

വസ്തുനിഷ്ഠമായ പ്രോജക്ട് രൂപീകരണത്തിനും ഭിന്നശേഷി സമഗ്രപുനരധിവാസത്തിനും കൃത്യമായ ഡാറ്റ ലഭ്യമാകേണ്ടതുണ്ട്. എല്ലാ പഞ്ചായത്തുകളെയും നഗരസഭകളെയും ഉൾപ്പെടുത്തി ആയിരിക്കണം സർവ്വേ സംഘടിപ്പിക്കുന്നത്. ലഭ്യമായ സെക്കണ്ടറി ഡാറ്റ യുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ വസതികൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ചു വ്യക്തിഗത ഡാറ്റ ശേഖരിക്കേണ്ടതുണ്ട്. ഫോറങ്ങൾ ഉപയോഗിച്ചോ ഗൂഗിൾ ഫോർമാറ്റിലോ ഡാറ്റ ശേഖരണം ആകാം. ഇത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ലഭ്യമാകും വിധം ഒരു വെബ്സൈറ്റും രൂപിസ്കരിക്കേണ്ടതുണ്ട്

» സവിശേഷ ഭിന്നശേഷിക്കാർക്ക് ജില്ലാ ആശുപത്രി വാർഡ്

പ്രത്യക്ഷമല്ലാത്ത ശരീര കോശങ്ങളും നാഡിവ്യവ്യസ്ഥയുമായി ബന്ധപ്പെട്ട ഭിന്നശേഷിക്കാർക്ക് പ്രത്യേക ചികിത്സ വേണ്ടി വരുന്ന സന്ദർഭങ്ങളിൽ അവ ലഭ്യമാക്കുന്നതിനുള്ള സ്പെഷൽ യൂണിറ്റുകളോ വാർഡുകളോ ജില്ലാ ആശുപത്രികളോട് ചേർന്ന് ആരംഭിക്കാവുന്നതാണ്, ഉദാഹരണമായി ഹിമോഫീലിയ, തലാസീമിയ, സിക്കിൾസെൽ അനീമിയ, മൾട്ടിപ്പിൾ സ്-ക്ലിറോസിസ്, പാർക്കിൻസൺസ്, ഡിസീസ് റീകൺസ്ട്രക്ഷൻ സർജറി തുടങ്ങിയവ ഉദാഹരണമായി എടുക്കാം

## 7.3.10 ജില്ലാതല പരിശീലന കേന്ദ്രം

ബഡ്സ് സ്ഥാപനങ്ങളിലെ പ്രവർത്തകർ പൊതു തൊഴിൽ അന്വേഷിക്കുന്ന ഭിന്നശേഷിക്കാരുടെ മത്സര പരീക്ഷ പരിശീലനം രക്ഷിതാക്കൾക്കുള്ള പരിശീലനം തുടങ്ങിയവ ലഭ്യമാക്കുന്നതിനും അതോടൊപ്പം ഭിന്നശേഷി റിസോഴ്സ് സെന്റർ നടത്തുന്നതിനുള്ള കേന്ദ്രം ജില്ലാതലത്തിൽ ആരംഭിക്കാവുന്നതാണ്

## 7.3.11 കമ്യൂണിറ്റി ബേസ്ഡ് ഇൻഡിപെൻഡന്റ് ലിവിങ് പ്രോജക്ട്

ഹൈ സപ്പോർട്ട് ഗ്രൂപ്പ് ഭിന്നശേഷിക്കാരായ വ്യക്തികൾക്കും അവരുടെ രക്ഷിതാക്കൾക്കും താമസിക്കുന്നതിനുള്ള ഒരു ഭാവന സമുച്ചയം രൂപപ്പെടുത്തുകയാണ് ലക്ഷ്യം പൊതു ഫണ്ടുകൾ രൂപീകരിച്ച് സൗകര്യ പ്രദമായ സ്ഥലത്ത് ഭവന സമുച്ചയവും അതോടൊപ്പം അത്യാവശ്യ ആരോഗ്യ സേവനം, തെറാപ്പികൾ, ഭക്ഷണ സ്റ്റാൾ, കളിസ്ഥലം പാർക് തുടങ്ങിയ സൗകര്യങ്ങളും ഒരുക്കുന്ന ഒരു സംവിധാനം. താത്കാലിക സംവിധാനങ്ങളും

പൊതു സംവിധാനങ്ങളും പരിഗണിക്കാം

**സമഗ്ര ഭിന്നശേഷി പുനരധിവാസം-സമ്പൂർണ്ണ സൗഹൃദ ജില്ല**

1. വ്യക്തിഗത പരിരക്ഷ അനിവാര്യമായ എല്ലാ ഭിന്നശേഷിക്കാരുടെയും കെയർ പ്ലാൻ തയ്യാറാക്കി പുനരധിവാസത്തിലേക്ക് നയിക്കുക
2. ഭിന്നശേഷി കുടുംബ പുനരധിവാസ ആസൂത്രണം

ആദ്യ ഭാഗത്ത് നൽകിയിട്ടുള്ള നൂതനആശയം എന്ന നിലയിൽ വ്യക്തിഗത പ്ലാനും കുടുംബ പ്ലാനും നിർണ്ണയിക്കുന്ന ഏകദേശ സൂചകങ്ങൾ നൽകിയിട്ടുണ്ട് ഇത് ഹൈ സപ്പോർട്ട് ഗ്രൂപ്പിൽ പെട്ട മുഴുവൻ പേരുടെയും വിവര ശേഖരണം വഴി തയ്യാറാക്കി നടപ്പാക്കാൻ കഴിയും (പ്രസ്തുത ഭാഗം പരിശോധിക്കുക)

## 7.4 ദാരിദ്ര്യലഘൂകരണവും പ്രാദേശിക സർക്കാരുകളും

സുസ്ഥിര വികസനം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനമാണ് ദാരിദ്ര്യം. സമാധാനവും സമൃദ്ധിയും ലക്ഷ്യമിട്ടു കൊണ്ട് ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള 17 ആഗോള (Global Goals)-സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ-ഒന്നാമത്തേത് ദാരിദ്ര്യം ഇല്ലായ്മ ചെയ്യലാണ്. സുസ്ഥിര വികസന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 9 വിഷയ മേഖലകള്ൽ (9 themes of SDG) ദാരിദ്ര്യനിർമ്മാർജ്ജനത്തിന് പ്രഥമ പരിഗണനയാണ് നൽകിയിട്ടുള്ളത്.

### 7.4.1 എന്താണ് ദാരിദ്ര്യം?

» അടിസ്ഥാന ആവശ്യങ്ങളുടെ അഭാവം (ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ ലഭ്യമല്ലാത്ത അവസ്ഥ)

ഇതിന്റെയൊക്കെ ഫലമായി അനുഭവപ്പെടുന്ന ദുരിതപൂർണ്ണമായ അവസ്ഥയാണ് ദാരിദ്ര്യം എന്ന് പറയാം. ഈ ഇല്ലായ്മകൾ സാധാരണ മനുഷ്യരെ പോലെ അന്തസ്സോടെ സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള മനുഷ്യാവകാശമാണ് ലംഘിക്കുന്നത്.

### 7.4.2 അതിദാരിദ്ര്യം

അടിസ്ഥാന ആവശ്യങ്ങളുടെ (ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നിവയുടെ അഭാവം മൂലം ഉണ്ടാകുന്ന കടുത്ത ഗുരുതരമായ അവസ്ഥ നീണ്ടുനിൽക്കുന്ന സാഹചര്യമാണ് അതിദാരിദ്ര്യം അഥവാ കടുത്ത ദാരിദ്ര്യം (extreme poverty) എന്ന്

### 7.4.3 ദാരിദ്ര്യലഘൂകരണ സാധ്യതകൾ

ദാരിദ്ര്യം ഇല്ലായ്മ ചെയ്യണമെങ്കിൽ ഓരോ കുടുംബത്തിന്റെയും ഇല്ലായ്മകൾ കണ്ടെത്തണം. അതായത് ദരിദ്രരെ കണ്ടെത്തുന്നതോടൊപ്പം അവരുടെ ഇല്ലായ്മകളും കണ്ടെത്തണം. ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ, അവയ്ക്കുള്ള പരിഹാരങ്ങൾ, സാധ്യതകൾ എന്നിവ വിശകലനം ചെയ്യണം. സംയോജന സമന്വയ സാധ്യതകൾ പ്രയോജനപ്പെടുത്തണം. സംയോജന സാധ്യതകളെ എത്രമാത്രം പ്രയോജനപ്പെടുത്തുന്നു എന്നതിലാണ് ഏതൊരു പദ്ധതിയുടെയും മികവ്. പഞ്ചായത്തുകളുടെ പദ്ധതികളിൽ കുടുംബശ്രീ, മഹാത്മാഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. കുടുംബശ്രീ, മൈക്രോ സംരംഭങ്ങൾ, നൈപുണ്യ വികസനം, തൊഴിൽ ലഭിക്കാനുള്ള കഴിവ് ആർജിക്കുന്നതിനുള്ള പ്രോജക്ടുകൾ തുടങ്ങിയവയുമായും സംയോജിപ്പിക്കാം. മൃഗസംരക്ഷണ മേഖലയിലെ ഉപജീവന പദ്ധതികൾ കുടുംബശ്രീയിലൂടെ യാഥാർത്ഥ്യമാക്കാം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കുടുംബശ്രീ സംവിധാനത്തെ ഉപയോഗപ്പെടുത്താം. കൃഷി, മൃഗസംരക്ഷണം, മത്സ്യവികസനം, സൂക്ഷ്മ സംരംഭ വികസനം, ഗ്രാമീണ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഗ്രാമ ചന്തകൾ, വീടുകളിലെ കമ്പോസ്റ്റ് പിറ്റ് മുതലായവ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) സംയോജിപ്പിക്കാം.

### 7.4.4 അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി

സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടിയോ അവകാശങ്ങൾക്ക് വേണ്ടിയോ ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി 5 വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി.

### 7.4.5 ലൈഫ് ഭവനപദ്ധതി

കേരളത്തിലെ ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി. ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടമാണ് വിജയകരമായി പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. ഭവനനിർമ്മാണത്തോടൊപ്പം കുടുംബങ്ങൾക്ക് അവരുടെ ഉപജീവന സൗകര്യങ്ങൾ ഒരുക്കുക വഴി സാമ്പത്തിക ശാക്തീകരണം ഉറപ്പ് വരുത്തുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

### 7.4.6 അതിഥി തൊഴിലാളി ക്ഷേമം

ഇന്നു കേരളത്തിലെ തൊഴിലാളികളിൽ വലിയൊരു പങ്കും ഇതര സംസ്ഥാന തൊഴിലാളികളാണ്. ഏതാണ്ടു 35 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അതായത് കേരളത്തിലെ ജനസംഖ്യയിൽ പതിമൂന്നിൽ ഒരാൾ അതിഥി തൊഴിലാളി ആണ്. കേരളത്തിലെ സാമ്പത്തികവും തൊഴിൽപരവുമായ സജീവത നിലനിർത്തുന്നതിൽ ഇവർ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. സാമ്പത്തിക പുനരുജ്ജീവനത്തിനു ഇവരുടെ പങ്കാളിത്തം അനിവാര്യമാണ്.

### 7.4.7 രജിസ്ട്രേഷൻ

സംസ്ഥാനത്ത് ജോലി ചെയ്യുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായിരിക്കണം. സർക്കാർ രൂപീകരിച്ചിരിക്കുന്ന ഗസ്റ്റ് ആപ്പ് മുഖാന്തിരമാണ് രജിസ്ട്രേഷൻ. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് എന്ന സ്ഥാപനത്തിനാണ് സംസ്ഥാന ചുമതല

### 7.4.8 ദാരിദ്ര്യ ലഘൂകരണവും ജില്ലാ പഞ്ചായത്തുകളും

1. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന ലൈഫ് പദ്ധതിക്ക് ആവശ്യമായ വിഹിതം ജില്ലാ പഞ്ചായത്ത് നൽകേണ്ടതാണ്
2. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തി ജോയിന്റ് കമ്മിറ്റികൾ രൂപീകരിച്ച ദാരിദ്ര്യനിർമ്മാർജ്ജനം പദ്ധതികൾ നടപ്പാക്കാവുന്നതാണ്. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി ക്ലസ്റ്റർ സെന്ററുകൾ കോമൺ ഫെസിലിറ്റി സെന്റർ തുടങ്ങിയവ ആരംഭിക്കാവുന്നതാണ്.
3. ഗ്രാമപഞ്ചായത്ത്തലത്തിൽ കുടുംബശ്രീ അടക്കമുള്ള സംരംഭക സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തി ബ്രാൻഡ് ചെയ്യാവുന്നതാണ്. ജില്ലാ പഞ്ചായത്ത് തലത്തിൽ മാർക്കറ്റിംഗ് കമ്പനികൾ രൂപീകരിക്കാവുന്നതാണ്.
4. വർക്ക് നിയർ ഹോം എന്ന രീതിയിൽ യുവതയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യാവുന്നതാണ്. വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളോട് കൂടി വർക്ക് പ്ലേസ് സൃഷ്ടിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ സംയുക്ത പ്രോജക്ടുകൾ ഇതിനായി രൂപപ്പെടുത്താവുന്നതാണ്.
5. വിജ്ഞാനം കേരളയുടെ ഭാഗമായും അല്ലാതെയും വിവിധ തലങ്ങളിലുള്ള തൊഴിൽ അന്വേഷകർക്ക് ആവശ്യമായ നൈപുണി പരിശീലനങ്ങൾ ജില്ലാതലത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെയും വകുപ്പുകളേയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
6. എയ്ഡഡ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച് ഐ വി അണുബാധിതർക്ക് പോഷകാഹാരം നൽകാവുന്നതാണ്.

## 7.5 വയോജന ക്ഷേമം

### 7.5.1 വാർദ്ധക്യം

വാർദ്ധക്യം ജീവശാസ്ത്രപരമായ അനിവാര്യതയാണ്. ജീവിതചക്രത്തിലെ അനുപേക്ഷണീയമായ പ്രതിഭാസമാണ് ഇത്. മനുഷ്യരുടെ നിലവിലുള്ള ആയുർദൈർഘ്യത്തിനടുത്തോ അത് മറികടന്നോ ജീവിതചക്ര പരിസമാപ്തിയോട് അടുക്കുന്ന പ്രായത്തിന് വാർദ്ധക്യം എന്ന് വിവക്ഷിക്കാം (ഐക്യരാഷ്ട്രസഭ).

മുതിർന്ന പൗരരുടെ വാർദ്ധക്യകാല ജീവിതം സന്തോഷകരവും, സംതൃപ്തവും, ക്രിയാത്മകവും, ആരോഗ്യകരവുമാക്കി തീർക്കുക എന്നത് രാഷ്ട്രത്തിന്റെ നയമാണ്. ഇവക്ക് പരിഹാരം കാണുക സാമൂഹ്യ ഇടപെടൽകൊണ്ട് മാത്രമേ സാധ്യമാകൂ.

### 7.5.2 വയോജനങ്ങളുടെ പ്രശ്നങ്ങൾ

മുതിർന്ന പൗരർക്ക് വേണ്ടിയുള്ള കേരള സംസ്ഥാന വയോജന നയത്തിൽ വയോജന പ്രശ്നങ്ങളെ നാല് മേഖലകളായി തരം തിരിച്ചിരിക്കുന്നു.

1. ജനസംഖ്യാപരം
2. സാമൂഹ്യം

3. സാമ്പത്തികം
4. ആരോഗ്യം

### 7.5.3 ജനസംഖ്യാപരം

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ മുതിർന്ന പൗരരുടെ ജനസംഖ്യ വർദ്ധിച്ചു വരുന്നു. ജനസംഖ്യാവർദ്ധന നിരക്ക് 1.39 ശതമാനമാണെങ്കിൽ മുതിർന്നവരുടെ വർദ്ധന 3.26 ശതമാനമാണ്. മുതിർന്നവരിൽ തന്നെ അതിവൃദ്ധരുടെ (70 പ്ലസ്സ്) വർദ്ധന നിരക്ക് നവവൃദ്ധരുടേതിന് (60 പ്ലസ്സ്) അപേക്ഷിച്ച് കൂടുതലാണ്.

### 7.5.4 സാമൂഹ്യം

അണുകുടുംബവ്യവസ്ഥിതി, അംഗസംഖ്യ കുറഞ്ഞ കുടുംബങ്ങൾ, തൊഴിൽ തേടി വിദൂരങ്ങളിലേക്ക് പോകുന്ന ചെറുപ്പക്കാർ തുടങ്ങിയ പ്രത്യേകതകൾകൊണ്ട് ശരിയായ സംരക്ഷണത്തിന് ആളില്ലാതെ കുടുംബങ്ങളിൽ മുതിർന്നവർ അവശേഷിക്കുന്ന അവസ്ഥയുണ്ട്. വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടി ഇളംതലമുറ വീട് വിട്ട് ഇറങ്ങേണ്ട ആധുനിക സാഹചര്യത്തിൽ മുതിർന്നവർ സ്വന്തം കാര്യങ്ങൾ സ്വയമേവ നോക്കാൻ നിർബന്ധിതരായി തീർന്നിരിക്കുന്നു. ദീർഘകാല രോഗങ്ങളും, മാരകരോഗങ്ങളും പിടിപെട്ടവൃദ്ധരെ ശ്രുശ്രൂഷിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമല്ല. ഇന്ത്യയിലെ വൃദ്ധസദനങ്ങളിൽ അഞ്ചിൽ ഒന്ന് കേരളത്തിലാണെങ്കിലും നല്ലൊരു വിഭാഗം വയോജനങ്ങളും അവരരവരുടെ മക്കളുമൊത്ത് താമസ്സിക്കുന്നവരാണ്.

### 7.5.5 സാമ്പത്തികം

മുതിർന്നവരുടെ സുരക്ഷിതത്വത്തിന് അനിവാര്യമായും വേണ്ടത് സാമൂഹിക സുരക്ഷിതത്വമാണ്. അതിനാവട്ടെ ശക്തമായ സാമ്പത്തീക അടിത്തറ അത്യന്താപേക്ഷിതമാണ്. തൊഴിലിലേർപ്പെടാൻ കഴിയാത്ത വൃദ്ധരിൽ 55 ശതമാനം പേരും മറ്റുള്ളവരെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും അധികം പെൻഷൻ ക്ഷേമനിധികൾ ഉള്ളത് കേരളത്തിലാണ്. ഇവ ഒരു പരിധിവരെ പാവപ്പെട്ട വയോജനങ്ങൾക്ക് സുരക്ഷിത വലയം തീർക്കാൻ സഹായകരമാകുന്നുണ്ട്.

### 7.5.6 ആരോഗ്യപോഷണ പ്രശ്നങ്ങൾ

വാർദ്ധക്യകാലം നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങളാണ് പകർച്ചേതര വ്യാധികൾ (വൈകല്യങ്ങൾ, ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ, പക്ഷാഘാതം, മറവിരോഗങ്ങൾ, ഉദരരോഗങ്ങൾ തുടങ്ങിയവ) പോഷകാഹാര പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും തരണം ചെയ്യുന്നതിന് പ്രത്യേക നടപടികൾ ആവശ്യമാണ്.

### 7.5.7 വയോജനസൗഹൃദ തദ്ദേശ ഭരണം

വയോജന വികസന മേഖലകളിൽ ഇന്ന് പ്രാദേശിക സർക്കാരുകൾക്ക് ഒട്ടനവധി ഉത്തരവാദിത്തങ്ങളുണ്ട്. കേരളത്തിലെ ഒട്ടനവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വയോജന ശാക്തീകരണ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ച്

പോരുന്നു. വയോജനക്ഷേമത്തിനായുള്ള നിർബന്ധിത തുക വകയിരുത്തലും വയോജനങ്ങളുടെ തന്നെയുള്ള പങ്കാളിത്ത വേദികളുടെ ശാക്തീകരണവും, വയോജനങ്ങൾക്ക് അനുയോജ്യമായ സേവന ശൃംഖല രൂപപെടുത്താൻ സഹായകരമായിട്ടുണ്ട്. ആരോഗ്യ ഭക്ഷ്യസുരക്ഷ നിയമ പരിരക്ഷ, സ്വയം തൊഴിൽ, വയോജന അയൽകൂട്ടങ്ങൾ വയോജന ഗ്രാമസഭകൾ തുടങ്ങിയവ ഇതിന്റെ ഉദാഹരണങ്ങളാണ്.

ജനകീയാസൂത്രണം വഴി ലഭ്യമായ അവസരങ്ങൾ മികച്ച രീതിയിൽ സൗഹൃദപരമായ രീതിയിൽ ഉപയോഗിക്കുവാൻ കഴിയേണ്ടതുണ്ട്. ഇതിന് വയോജന സൗഹൃദ ചട്ടക്കൂട് ഫലപ്രദമാണ്. അനിവാര്യമായ സാമൂഹ്യ ഇടപെടലുകൾക്ക് ആവശ്യമായ സമ്പ്രദായങ്ങളും സംവിധാനങ്ങളും, പ്രാദേശികതലത്തിൽ ഉറപ്പുവരുത്തുകയാണ് വയോജനസൗഹൃദഭരണം കൊണ്ട് പ്രതീക്ഷിക്കുന്നത്. ഇതിനേറ്റവും ആവശ്യം വയോജന അവകാശങ്ങൾ തിരിച്ചറിയുകയും അവ സംരക്ഷിക്കുകയും ഈ അവകാശങ്ങൾ അവർക്ക് അനുഭവവേദ്യമാക്കുകയുമാണ്.

### 7.5.8 വയോജനസൗഹൃദ തദ്ദേശഭരണം: തന്ത്രങ്ങൾ

**കില പ്രാദേശിക ഭരണസ്ഥാപനങ്ങളിൽ നടത്തിയ വയോജന സൗഹൃദ ഇടപെടലുകളിൽ താഴെപ്പറയുന്ന ഘടകങ്ങൾ മുൻഗണന അർഹിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്**

- **വീഴ്ച ഒഴിവാക്കൽ**
- **ഒറ്റപ്പെടൽ ലഘൂകരിക്കാനുള്ള ഇടപെടലുകൾ**
- **മറവി ലഘൂകരിക്കുക**
- **പോഷാകാഹാരം ഉറപ്പാക്കൽ**
- **മാരകരോഗം (കിടപ്പ് രോഗികളാവുന്നത്) ലഘൂകരിക്കാനുള്ള സേവനം**

**ഓരോ മുതിർന്ന വ്യക്തിയുടെയും ആവശ്യം മനസ്സിലാക്കിയുള്ള വ്യക്തിഗത പരിചരണ പദ്ധതി ഏറ്റവും അഭികാമ്യം.**

വയോജനങ്ങളുടെ അന്തസ്സും സ്വാതന്ത്ര്യവും ഉറപ്പാക്കുന്ന, സ്വസ്ഥവും സംതൃപ്തവുമായ ശേഷജീവിതകാലം പ്രദാനം ചെയ്യുന്ന ഭരണക്രമമാണ് വയോജനസൗഹൃദഭരണം. അനുകൂലമായ സാമൂഹ്യഇടപെടലുകൾക്ക് പശ്ചാത്തല സൗകര്യങ്ങൾ, സംവിധാനങ്ങൾ, സേവനങ്ങൾ എന്നിവ പ്രാദേശികതലത്തിൽ ഉറപ്പുവരുത്തുക.

വയോജനസൗഹൃദ സേവനങ്ങൾ സംയോജിതമാക്കൽ: വിവിധ വികസന മേഖലകളിൽ വയോജനങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും എന്ന് തിട്ടപ്പെടുത്തി ഇടപെടലുകൾ സംയോജിതമാക്കുക. ഇതിന് ആവശ്യമായ തുക വകയിരുത്തുകയും വേണം

1. വയോജനസൗഹൃദ പങ്കാളിത്ത വേദികൾ: വർക്കിംഗ് ഗ്രൂപ്പ്, സ്പെഷൽ ഗ്രാമസഭ, അയൽകൂട്ടങ്ങൾ എന്നിവ ശക്തിപ്പെടുത്തുക.
2. വയോജന വിവരശേഖരണം: വികസനത്തിൽ നിന്നും ഒരാളും പിന്തള്ളപ്പെടുന്നില്ല എന്ന് ഉറപ്പാക്കാൻ ജീവിതചക്രമനുസരിച്ചുള്ള വയോജന വിവരശേഖരണം
3. സ്ഥാപനങ്ങളെ വയോജനസൗഹൃദമാക്കൽ: അങ്കണവാടി, സ്കൂളുകൾ, ആശുപത്രികൾ, മറ്റു ക്ഷേമസ്ഥാപനങ്ങൾ എല്ലാം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

മേൽനോട്ടത്തിലാണ്. ഇവയെ വയോജനസൗഹൃദമാക്കാൻ ഉതകുന്ന നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എറ്റെടുക്കണം. സ്ഥാപനങ്ങളെ വയോജനസൗഹൃദമാക്കൽ എന്ന് പറഞ്ഞാൽ അടിസ്ഥാന പശ്ചാത്തലസൗകര്യങ്ങൾ, സേവനങ്ങളുടെ ഗുണമേന്മ, സേവനസമയം തുടങ്ങിയവയെല്ലാം വയോജനസൗഹൃദമാക്കുക എന്നതാണ്.

4. പൊതുഇടങ്ങളെ വയോജനസൗഹൃദമാക്കൽ: പാർക്ക്, ലൈബ്രറി, ഓഫീസുകൾ തുടങ്ങി വയോജനങ്ങൾ ഒത്തുചേരുന്ന എല്ലാ ഇടങ്ങളും വയോജനസൗഹൃദമാക്കാനുള്ള ഇടപെടലുകൾ.
5. വയോജനകേന്ദ്രീകൃത നിയമ-സംരക്ഷണ സംവിധാനങ്ങൾ: മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 അടക്കം ഉള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായകരമായ ഇടപെടലുകൾ, വയോജന ജാഗ്രത സമിതി ശാക്തീകരിക്കൽ
6. ഐ ഇ സി (IEC) സംവിധാനങ്ങൾ: വയോജന ദിനാചരണം, പൊതുസമൂഹത്തിന്റ മനോഭാവ മാറ്റത്തിനുതകുന്ന ബോധവൽക്കരണം, പരിശീലനം മറ്റു IEC പ്രവർത്തനങ്ങൾ
7. പൊതുജനപങ്കാളിത്തവും സേവന ഗുണമേന്മയും ഉറപ്പാക്കൽ

### 7.5.9 ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് പരിശീലന കേന്ദ്രത്തിൽ ഗൃഹ പരിചരണത്തിൽ പങ്കാളികളാകുന്ന സന്നദ്ധ പ്രവർത്തകർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് പരിശീലത്തിനു ആവശ്യമായ ചെലവ് ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കാവുന്നതാണ്. ജീവനോപാധികൾ നൽകി പുനരധിവസിപ്പിക്കാൻ കഴിയുന്ന താല്പര്യമുള്ള പാലിയേറ്റീവ് കെയർ രോഗികളെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സജ്ജരാക്കുന്നതിനുവേണ്ടി ഏകദിന ശില്പശാലകൾ നടത്താവുന്നതാണ് ഓരോരുത്തർക്കും 60 രൂപ ഭക്ഷണ ചെലവും റിസോഴ്സ് പേഴ്സൺമാർക്കുൾപ്പടെ ഒരു ശില്പശാലക്ക് 3000 രൂപവരെയും ചെലവഴിക്കാവുന്നതുമാണ്

### 7.5.10 സാമൂഹ്യ സാമ്പത്തിക പുനരധിവാസം

പക്ഷാഘാതം പോലുള്ള രോഗങ്ങളും അപകടങ്ങളും ബാധിച്ച് തൊഴിൽ ചെയ്യാൻ അപ്രാപ്തരാകുന്ന വ്യക്തികൾക്ക് വരുമാനദായകമായി ഏർപ്പെടുത്താൻ കഴിയുന്ന സംവിധാനങ്ങൾ അവരുമായി കൂടിയാലോചിച്ച് തിട്ടപ്പെടുത്തണം

» ലഭ്യമായ സർക്കാർ/എൻജിഒ/കുടുംബശ്രീ സംവിധാനങ്ങൾ ഉപയോഗിച്ച് തൊഴിൽ പരിശീലനം സാധ്യമാണോയെന്നു പരിശോധിക്കണം
» ഇവർ നിർമ്മിക്കുന്ന വസ്തുക്കളുടെ വിപണത്തിനാവശ്യമായ സംവിധാനങ്ങൾ കണ്ടെത്തുക
» ഇവർക്ക് സാമ്പത്തിക സഹായം ഉപകരണ സഹായം റിവോൾവിങ് ഫണ്ട് തുടങ്ങിയവ ലഭ്യമാക്കുന്നത് പരിഗണിക്കുക

## 7.5.11 ജില്ലാ പഞ്ചായത്തും വയോജന സൗഹൃദവും

ജില്ലക്കുള്ളിൽ നടക്കുന്ന എല്ലാ വയോജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളെയും വിലയിരുത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ഏറ്റവും കൂടുതൽ സാധ്യത ജില്ലാ പഞ്ചായത്തുകൾക്കാണ്.

### functionaries

ജില്ലാ പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥരെയും പരിശോധിച്ചാൽ ഈ മേഖലയിൽ ജില്ലാ പഞ്ചായത്തിന് നൽകാൻ കഴിയുന്ന നേതൃത്വ പരമായ പങ്കും സൃഷ്ടിക്കാൻ കഴിയുന്ന നേട്ടങ്ങളും ഏറെയാണെന്ന് കാണാൻ കഴിയും

- ജില്ലാ സാമൂഹ്യനീതി ഓഫീസർ
- ജില്ലാ വനിതാ ശിശു വികസന ഓഫീസർ
- ജില്ലാ മെഡിക്കൽ ഓഫീസർ
- ആയുഷ് ജില്ലാതല മെഡിക്കൽ ഓഫീസർമാർ
- കുടുംബശ്രീ മിഷൻ കോഓർഡിനേറ്റർ
- ജില്ലാ പട്ടിക വർഗ വികസന ഓഫീസർ
- പട്ടിക ജാതി വികസന ഓഫീസർ

എന്നിവരുടെ എല്ലാം സേവനപിന്തുണ ജില്ലാ പഞ്ചായത്തിന് ഉണ്ട്

## 7.5.12 ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമായ ആസൂത്രണ മാർഗരേഖ നിർദ്ദേശങ്ങൾ

- ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ് സി എസ് പി, റ്റി എസ് പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം
- മാർഗരേഖ ഖണ്ഡിക 5.4.1 (10) ൽ പറഞ്ഞ പ്രകാരം നിശ്ചിതഫണ്ട് വകയിരുത്തി വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതാണ്.
- സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകളാണ് വയോജനക്ഷേമത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത്.
- വയോജനങ്ങൾക്ക് ശാരീരിക-മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.
- കെയർ ഗിവർ പരിശീലനം: വയോജന സംരക്ഷണ മേഖലയിൽ പരിശീലനം ലഭിച്ച കെയർഗിവർമാരുടെ അഭാവം നേരിടുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റികൾ, മെഡിക്കൽ കോളേജുകൾ, മറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുമായി ചേർന്ന് കെയർഗിവർ പരിശീലനം ജില്ലാ പഞ്ചായത്തുകൾക്കും, നഗരഭരണ സ്ഥാപനങ്ങൾക്കും സംഘടിപ്പിക്കാവുന്നതാണ്.

- വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റു സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ്‌ലറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം 'ക്യൂ'വിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്ന താണ്.
- വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ അടൽ വയോ അഭ്യുദയ യോജന (AVYAY) കേന്ദ്രപദ്ധതിയുമായി സംയോജിപ്പിച്ച് നടത്താവുന്നതാണ്

### 7.5.13 ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്താവുന്ന നൂതന പരിപാടികൾ

- മുതിർന്ന പൗരന്മാർക്കായി താൽക്കാലിക വയോജന ഭവനങ്ങൾ ആരംഭിക്കൽ (Short stay home for aged)
- വിവിധ കാരണങ്ങളാൽ സ്വന്തം വീട്ടിൽ നിന്നും കുറഞ്ഞ ദിവസങ്ങളിലേക്ക് വിട്ടു നിൽക്കേണ്ടി വരുന്ന മുതിർന്ന പൗരന്മാർക്ക് താത്കാലികമായി താമസിക്കുന്നതിനായി ഷോർട് സ്റ്റേ ഹോം മാതൃകയിൽ താത്കാലിക സംരക്ഷണ ഭവനങ്ങൾ ആരംഭിക്കുന്നത് നന്നായിരിക്കും. സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ താത്കാലിക കെട്ടിടങ്ങളിലോ ഇത്തരം ഭവനങ്ങൾ ആരംഭിക്കാവുന്നതാണ്
- ജില്ലയിലെ 70 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാരുടെ സർവേയും ഇവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി വെബ്സൈറ്റ് ആരംഭിക്കലും
- എല്ലാ പഞ്ചായത്തുകളെയും നഗരസഭകളെയും ഉൾപ്പെടുത്തി ആയിരിക്കണം സർവ്വേ സംഘടിപ്പിക്കുന്നത്. ലഭ്യമായ സെക്കണ്ടറി ഡാറ്റ യുടെ അടിസ്ഥാനത്തിൽ മുതിർന്ന പൗരന്മാരുടെ വസതികൾ സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ചു വ്യക്തി ഗത ഡാറ്റ ശേഖരിക്കേണ്ടതുണ്ട് ഫാറങ്ങൾ ഉപയോഗിച്ചോ ഗൂഗിൾ ഫോർമാറ്റിലോ ഡാറ്റ ശേഖരണം ആകാം. ഇത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ലഭ്യമാകും വിധം ഒരു വെബ്സൈറ്റും രൂപീകരിക്കേണ്ടതുണ്ട്. മറ്റു അടിസ്ഥാന വിവരണങ്ങളോടൊപ്പം വിവാഹിതരാണോ കുട്ടികൾ ഉണ്ടോ സ്വന്തമായി താമസ സ്ഥലം ഉണ്ടോ എന്തെങ്കിലും ഭിന്നശേഷിയുള്ളവരാണോ ലഭ്യമായ ആരോഗ്യ പരിശോധന സംവിധാനം ഇൻഷുറൻസ് ലഭ്യമാണോ തുടങ്ങിയ വിവരങ്ങൾ കൂടി ശേഖരിക്കണം

### 7.5.14 ജില്ലാതലത്തിൽ മുതിർന്ന പൗരന്മാർക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്ലൈൻ

- വയോജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെല്പ് ലൈൻ സംവിധാനം ഒരുക്കാവുന്നതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം റസിഡന്റ്സ് അസോസിയേഷൻ, പോലീസ് തുടങ്ങിയവ സംയോജിപ്പിച്ച് ഈ സംവിധാനം പ്രാവർത്തികമാക്കാവുന്നതാണ് വയോജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളോ മറ്റെന്തെങ്കിലും അപായ സൂചനകളോ ലഭിച്ചാൽ ഒരേ സമയം പോലീസിനെയും ബന്ധുക്കളെയും ബന്ധപ്പെടുന്നതിനുള്ള ഡിജിറ്റൽ കണക്ടിവിറ്റി സംവിധാനം ഹെൽപ്ലൈനിൽ ഒരു

ക്കാവുന്നതാണ്. ആവശ്യങ്ങൾ നേരിട്ട് അറിയിക്കുന്നതിനോ വിവരം ലഭിക്കുന്നവർക്ക് അക്കാര്യങ്ങൾ കൈമാറുന്നതിനോ കൺട്രോൾ റൂം സംവിധാനം ഇതിനോടൊപ്പം ഒരുക്കാവുന്നതാണ്.

## 7.6 പട്ടികവർഗ്ഗ വികസനം

നൂറ്റാണ്ടുകളായി വികസനത്തിന്റെ എല്ലാ മേഖലകളിലും പിന്നോക്കവസ്ഥയിൽ നിൽക്കുന്ന ജനവിഭാഗമാണ് പട്ടികവർഗ്ഗം. ഭരണഘടനയിൽ അവർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടെങ്കിലും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങളും നിയമ പരിരക്ഷയും പൂർണ്ണമായി ഉറപ്പ് വരുത്തുന്നതിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഭൂമി ശാസ്ത്രപരമായി ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്നവരാണ് പട്ടികവർഗ്ഗക്കാരിലധികവും. പാരമ്പര്യത്തിൽ അധിഷ്ഠിതമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും വെച്ചു പുലർത്തുന്നവരാണ്പട്ടികവർഗ്ഗക്കാർ. വ്യത്യസ്ത സംസ്കാരവും ജീവിതരീതികളും സ്വായത്തമായുള്ള ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ട്.

പാരമ്പര്യത്തിൽ അധിഷ്ഠിതമായ ജീവിതരീതി, സമൂഹത്തിന്റെ മുഖ്യധാരയിൽ വരുന്നതിനുള്ള വൈമനസ്യം, തുടങ്ങിയവ പട്ടിക വർഗ്ഗക്കാരുടെ സവിശേഷതകളിൽ ചിലതാണ്. ഭരണഘടന അനുച്ഛേദം 342 ൽ പട്ടികപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അവരെ പട്ടികവർഗ്ഗക്കാർ എന്ന് വിശേഷിപ്പിക്കുന്നു. കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 1.45 ശതമാനവും, ഇന്ത്യയിലെ പട്ടികവർഗ്ഗ ജനസംഖ്യ-8.6% ശതമാനവും ആകുന്നു. കേരളത്തിൽ 37 പട്ടികവർഗ്ഗ വിഭാഗങ്ങളാണ് ഉള്ളത്. ചോലനായ്ക്കൻ, കാട്ടുനായ്ക്കർ, കാടർ, കൊറഗ, കുറുമ്പർ എന്നിവർ പട്ടികവർഗ്ഗക്കാരിലെ തന്നെ പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗമാണ്. (Vulnerable communities)

1989 ൽ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കി. ഈ നിയമ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ മേൽ നടത്തുന്ന എല്ലാ അക്രമപ്രവർത്തനങ്ങളും വിവേചനങ്ങളും ശിക്ഷാർഹമാണ്. 2015 ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ ഭേദഗതി നിയമം പാസ്സാക്കി. KST Act 1975 Amendment 1999-പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടാൽ തടയുന്നതിനുള്ള നിയമം, Forest Right Act 2006, പട്ടികവർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനത്തിന്മേലുള്ള അവകാശം അംഗീകരിക്കൽ നിയമം, 2006ലെ വനത്തിന്മേലുള്ള പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമം എന്നിവ വനഭൂമിയിന്മേലുള്ള പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത അവകാശങ്ങൾ അനുസരിച്ചും വികസനാവശ്യങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിലും സുപ്രധാന വഴിതിരിവായി.

### 7.6.1 പട്ടികവർഗ്ഗ ഉപപദ്ധതി

രാജ്യത്തെ ആദ്യത്തെ നാലു പഞ്ചവത്സരപദ്ധതിക്കാലയളവിൽ പട്ടികവർഗ്ഗക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും വേണ്ടി നടപ്പിലാക്കിയ പദ്ധതികളൊന്നും വേണ്ടത്ര ലക്ഷ്യം കണ്ടില്ല. ഇതിനെ തുടർന്നാണ് അഞ്ചാം പഞ്ചവത്സരപദ്ധതിക്കാലത്ത് പട്ടികവർഗ്ഗ ഉപപദ്ധതി എന്ന

പേരിൽ പട്ടികവർഗ്ഗക്കാരുടെ വികസനം മുൻനിർത്തി പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചത്. അതായത് പൊതുപദ്ധതിയോടൊപ്പം പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് വേണ്ടി പ്രത്യേകമായി ആസൂത്രണം ചെയ്യുന്ന പദ്ധതി. ഒരു ഉപപദ്ധതി സമീപനത്തിലൂടെ പട്ടിക വർഗ്ഗക്കാർക്ക് പ്രത്യേക പരിഗണന നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വികസനവും സംരക്ഷണവും എന്ന ദ്വിമുഖ തത്ത്വമാണ് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ മുഖമുദ്ര. കേരളത്തിലെ പട്ടികജാതി ജനസംഖ്യ 1.45 ശതമാനമായതുകൊണ്ട് കേരളത്തിൽ 2 ശതമാനം തുകയാണ് പട്ടിക വർഗ്ഗ ഉപദ്ധതി (T. S. P; Tribal Sub Plan)വിഹിതമായി നീക്കിവെക്കുന്നത്.

### 7.6.2 ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ

1. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക
2. പട്ടിക വർഗ്ഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നിയന്ത്രണം.

### 7.6.3 വിവിധ വികസന മേഖലാ പദ്ധതികൾ

വ്യക്തിഗത പ്രോജക്ടുകൾ ഏറ്റെടുക്കാൻ നിയന്ത്രണമുണ്ടെങ്കിലും വിവിധ ഗ്രൂപ്പ് പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.-നൈപുണി വികസനം, കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ, മത്സ്യ മേഖല തുടങ്ങിയ വിഭാഗങ്ങളിലെ ഗ്രൂപ്പ് പദ്ധതികൾ. വിവിധ വികസന മേഖലകളിലെ ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എന്നിവ നടപ്പിലാക്കാവുന്നതാണ്. സ്വയം തൊഴിൽ, പരമ്പരാഗത കൈത്തൊഴിൽ, (75%സബ്സിഡി), ട്രേഡ് അടിസ്ഥാനത്തിലുള്ള നൈപുണി വികസനം (100%സബ്സിഡി), നിലവിലെ ആർജ്ജിത വൈദഗ്ധ്യത്തിന്അംഗീകാരം നൽകൽ, അധിക നൈപുണ്യം, പുനർ നൈപുണ്യം, മികവ് വികസന പരിപാടി (75%സബ്സിഡി) എന്നിവയ്ക്ക് പദ്ധതികൾ രൂപപ്പെടുത്താവുന്നതാണ്. ഇതുവഴി നൈപുണി വികസനത്തിനും, സ്വയം തൊഴിലിനും സാധ്യതകൾ വർദ്ധിപ്പിക്കുന്നതാണ്.

### 7.6.4 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan)

ജനകീയാസൂത്രണപദ്ധതി പ്രകാരം പട്ടികജാതി ഉപപദ്ധതി (Scheduled Casts Sub Plan) വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ

*(സ.ഉ. (കൈ) നം. 84/2022 ത.സ്വ.ഭ.വ. തിയതി. 19/04/2022): Para 6.1 ൽ പ്രദിപാദിച്ചിരിക്കുന്നു.*

സംസ്ഥാന ബജറ്റിലൂടെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വാർഷിക പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ ഉപപദ്ധതി കൂടി തയ്യാറാക്കണം. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. മറ്റ് സ്രോതസുകളിലെ സാധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്. (1)

പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം(2)

വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതു സൗകര്യവികസനത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്. (3)

കുറഞ്ഞത് 5 പട്ടികവർഗ്ഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം പട്ടികവർഗ്ഗ ഉന്നതി/നഗർ/പ്രകൃതിഎന്ന് കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം, എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. (6)

വൈദ്യുതി, കുടിവെള്ളം, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭാക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികവർഗ്ഗക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. അതുപോലെ മൊത്തം കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികവർഗ്ഗ ഭാഗക്കാരുടെതായിട്ടുള്ള ജലസേചന പ്രോജക്ടിനും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പൂർണ്ണമായും വകയിരുത്താവുന്നതാണ്. (7)

ഇത്തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25 ശതമാനമെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ തുക പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം സാധാരണ വിഹിതം/തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം 25 ശതമാനത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം സാധാരണ വിഹിതം/തനത് ഫണ്ട് മറ്റ് ഫണ്ടുകൾ തന്നെ വകയിരുത്തണം(8)

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോ ജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സമൂഹ്യ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സ്ഥലപരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതും അത് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്(9).

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്താൻ പാടില്ല. എന്നാൽ പട്ടികവർഗ്ഗ ഉന്നതികൾക്ക് ഉള്ളിൽ 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും പട്ടികവർഗ്ഗ ഉന്നതികളിലേയ്ക്ക് എത്തിച്ചേരുന്നതിന് 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും നടപ്പാലങ്ങളും പടവുകളും നിർമ്മിക്കാവുന്നതാണ്(10).

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങൾ, ഭക്ഷണം, കൃഷി, പരമ്പരാഗത ഉൽപ്പന്ന ങ്ങൾ, എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി നഗര, ഗ്രാമ പ്രദേശങ്ങളിലും, ടൂറിസ്റ്റ് പ്രദേശങ്ങളിലും പ്രത്യേക വിപണന പ്രദർശന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്(17).

പ്രകൃതിക്ഷോഭങ്ങൾ പട്ടികവർഗ്ഗ മേഖലയിലെ ദുരന്തങ്ങൾ എന്നിവയെ നേരിടുന്നതിനും അതിജീവിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് അടിയന്തര സഹായങ്ങൾ നൽകുന്നതിനുമായി സംരക്ഷണ പ്രവർത്തനങ്ങക്കുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്ന താണ്(19).

പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ഉയർന്നു വരുന്ന പ്രതിഭകൾക്ക് വിശേഷിച്ചും ജില്ലാ സംസ്ഥാന ദേശിയ-അന്തർദേശിയ തലങ്ങളിൽ അംഗികാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക്, നൂതന പ്രോജക്ടുകൾക്കായുള്ള ജില്ലാതല സമിതിയുടെ അംഗികാരത്തിന് വിധേയമായി എല്ലാ തലത്തിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാവുന്നതാണ്. ഇതര ഏജൻസികളിൽ നിന്നുള്ള പിന്തുണ ഉറപ്പിക്കാൻ മുൻകൈ എടുക്കാവുന്നതുമാണ്(21).

പട്ടികവർഗ്ഗ ഉന്നതികളിൽ പരിസ്ഥിതി സൗഹൃദമായ മിനി ഹൈഡ്രോ പവർ യൂണിറ്റ് സ്ഥാപിച്ച് ഊരുകളിലും വീടുകളിലും, പൊതു സ്ഥാപനങ്ങളിലും വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ ആവശ്യമായ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. (22)

പഠനം ഉപേക്ഷിച്ച ഗ്രാമപ്രദേശങ്ങളിലെ പട്ടികവർഗ്ഗവിദ്യാർത്ഥികളിൽ തുടർപഠനം നടത്തുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തി റസിഡൻഷ്യൽ സൗകര്യത്തോടെ പ്രവൃത്തിയ്ക്കുന്ന ബ്രിഡ്ജ് സ്കൂൾ പദ്ധതി ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇതിനായി നിർമ്മാണ പ്രവർത്തനം ഒഴികെയുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാവുന്നതുമാണ്. (23)

പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പഠന സൗകര്യത്തിനായി നിലവിലുള്ള ഉപയോഗപ്രദമായ കെട്ടിടങ്ങൾ ആവശ്യമെങ്കിൽ പുനരുദ്ധാരണ നടത്തി ഹോസ്റ്റലുകളായി പ്രവർത്തിപ്പിക്കാവുന്നതാണ്. ഇത്തരം പ്രവൃത്തികൾ സംയുക്ത പ്രോജക്ടായും ഏറ്റെടുക്കാവുന്നതാണ്. (25)

പട്ടികവർഗ്ഗ മേഖലയിൽ സാങ്കേതിക/പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും തൊഴിൽ സാധ്യതാ കോഴ്സുകൾ പാസ്സായവർക്കും സർക്കാർ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലും/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ കീഴിലുള്ള ഓഫീസുകളിലും ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും സ്റ്റൈപ്പന്റോടുകൂടി അപ്രന്റിസ്/ ഇന്റേൺഷിപ്പ് പരിശീലനം നൽകുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാം. (27)

പ്രധാനപ്പെട്ട എല്ലാ ഉന്നതികളിലും ഘട്ടം ഘട്ടമായി സാമൂഹ്യ പഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഈ പ്രോജക്ടുകൾക്ക് വിഹിതം നൽകാവുന്നതുമാണ്. (30)

ചില നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും ലഭിക്കുന്ന റ്റി.എസ്.പി വിഹിതം അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രി/പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾക്ക് കെട്ടിടം, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് താമസിക്കുന്നതിന് സൗകര്യം ഒരുക്കുന്നതിനായി Stay homes Hostels എന്നിവ നിർമ്മിക്കാൻ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകിയിട്ടുണ്ട്. ജില്ലാ കേന്ദ്രങ്ങൾ മറ്റ് അനുയോജ്യ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാർക്ക്

പൊതുവായി പ്രയോജനപ്പെടുമെന്നതിനാൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ റ്റി. എസ്. പി വിഹിതം മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്ന നഗരസഭകൾക്ക് നൽകാവുന്നതാണ്. (31)

അർഹരായ പട്ടികവർഗ്ഗ ഗുണഭോക്താക്കളുണ്ടായിരിക്കേ അവർക്കായി ഏറ്റെടുക്കേണ്ട ഏതെങ്കിലും പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം (റ്റി എസ്. പി) ലഭിക്കുന്നില്ലെന്ന കാരണത്താൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാതിരിക്കാൻ പാടില്ല. പൊതുവിഭാഗം വികസനഫണ്ടോ തനത്ഫണ്ടോ ഉപയാഗിച്ച് അത്തരം പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. (32)

ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ അഭ്യസ്തവിദ്യരും സാമൂഹ്യബോധവുമുള്ള പരമാവധി 50 പേരടങ്ങിയ പട്ടികവർഗ്ഗ യുവതിയുവാക്കളുടെ ഒരു ജില്ലാതല പട്ടികവർഗ്ഗ യുവജന സേന (Tribal Youth Force)ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കേണ്ടതാണ്. ഉന്നതികളിലെ സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും പൊതു പ്രവർത്തനങ്ങളിൽ നേതൃത്വ രംഗത്ത് നിൽക്കാനുള്ളവരായും ഉതകുന്ന തരത്തിൽ ഇവർക്ക് പരിശിലനം നൽകേണ്ടതാണ്. ജില്ലയിലെ പട്ടികവർഗ്ഗ വികസന ക്ഷേമപ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനും മോണിട്ടറിംഗിനും ഊരുകളിലെ വിവിധതരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഇവരുടെ സേവനം ഉപായാഗപ്പെടുത്താം ഇവർക്ക് പരിശിലനം നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. (33)

### 7.6.5 ജില്ലാ പഞ്ചായത്തിന് നടപ്പിലാക്കാവുന്ന പദ്ധതികൾ (സ.ഉ. (കൈ) നം. 115/2022 ത.സ്വ.ഭ.വ. തിയതി. 28/05/2022): Para 7.2.1

**മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം:**

പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികളിൽ ദേശീയ-അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്. (7.25)

**ഊരുകൂട്ട വോളണ്ടിയർ**

പട്ടികവർഗ്ഗ ഉന്നതികളിലേക്ക് സർക്കാരുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ വോളന്റിയർമാരെ ജില്ലാ പഞ്ചായത്തിനും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് നഗരസഭകൾക്കും നിയോഗിക്കാവുന്നതാണ്. ഇതിനായി ഉന്നതിയിലെ തന്നെ പത്താംക്ലാസ് വരെയെങ്കിലും പഠിച്ച മൂന്നു പേരുടെ പേരുകൾ ഊരുകൂട്ടം നിർദ്ദേശിക്കണം. അതിൽ നിന്നും ഒരാളിനെ ജില്ലാ പഞ്ചായത്ത്/നഗരസഭ തെരഞ്ഞെടുത്ത് കിലയിൽ പരിശീലനം നൽകി നിയോഗിക്കും. ഇവർക്ക് ഓണറേറിയമായി പ്രതിമാസം 5,000 രൂപ നിരക്കിൽ ജില്ലാ പഞ്ചായത്തും/നഗരസഭകളും നൽകേണ്ടതാണ്(7.2.10)

**പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ**

പട്ടികജാതി/പട്ടികവർഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ്സെറ്റ്, ചെണ്ട അനുയോജ്യമായ മറ്റ് വാദ്യോപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്.

5% തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. (7.2.11)

**പട്ടികവർഗ്ഗ പ്രതിഭകൾക്ക് പ്രതിഭാപിന്തുണ**

വിവിധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യ പിന്തുണയും അംഗീകാരവും ലഭ്യമാക്കുകയാണ് ലക്ഷ്യം. അവരുടെ പ്രവർത്തന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വരുംകാലങ്ങളിൽ ഏറ്റെടുക്കുന്നതിനും സാമൂഹ്യവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭ്യമാക്കുന്നതിനും ഇത്തര ത്തിലുള്ള ആവശ്യങ്ങൾ ഈ പ്രതിഭകളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ വിശദാംശങ്ങൾ വാങ്ങി അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നൂതന പ്രോജക്ടുകൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിക്ക് നൽകണം. ഈ കമ്മിറ്റി നിശ്ചയിക്കുന്ന നിരക്ക് പ്രകാരം ധനസഹായം നൽകാവുന്നതാണ്. (7.2.12)

**പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി**

പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ധനസഹായ തുക 2 ലക്ഷം രൂപ. (7.2.13)

**ദേശീയ, അന്തർദേശീയ തലങ്ങളിലേയ്ക്ക് കലാ-കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം**

ദേശീയ, അന്തർദേശീയ തലങ്ങളിലേയ്ക്ക് കലാ-കായിക മത്സരങ്ങളിൽ പ്രവേശനം ലഭിക്കുന്ന പ്രതിഭകൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകാം. ദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 10,000 രൂപയും അന്തർദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 20,000 രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾക്ക് പുറമെ നൽകാവുന്നതാണ്. (7.2.17)

**പട്ടികവർഗ്ഗ വിഭാഗത്തിലെ എച്ച്. എസ്. എസ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ്**

ജില്ലാ പഞ്ചായത്തിന്റെയും നഗരഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു വിദ്യാഭ്യാസവർഷത്തിൽ 2 തവണ കരിയർ ഗൈഡൻസ് പരിശീലനം സംഘടിപ്പിക്കേണ്ടതാണ്(7.2.18)

**പട്ടികജാതി/പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ**

ജില്ലാ പഞ്ചായത്തിന്റെയും നഗരസഭകളുടേയും ആഭിമുഖ്യത്തിൽ എല്ലാ പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസ വർഷത്തിൽ നാല് തവണ രണ്ട് മണിക്കൂർ വീതം വ്യക്തിത്വ വികസനം, നേതൃപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. (7.2.19)

**വജ്രജൂബിലി കലാകാരന്മാർ മുഖേന കലാപഠന ക്യാമ്പ്**

വജ്രജൂബിലി ഫെലോഷിപ്പ് കലാകാരൻമാർ മുഖേന പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സാഹിത്യം, ചിത്രരചന, വിഷ്വൽ മീഡിയ, നാടകം എന്നിവയിൽ കലാപഠന ക്യാമ്പ് സംഘ ടിപ്പിക്കാവുന്നതാണ്. യു. പി. എസ്, ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി ഇപ്രകാരം കലാപഠന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. (17.2.20)

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നേടാൻ പരിശീലനം**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എസ്. എസ്. എൽ. സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും തൊഴിൽ തൽപ്പരതമായ എല്ലാവരെയും മത്സര പരീക്ഷകൾക്ക് പ്രാപ്തമാക്കുന്നതിന് പരിശീലനം നൽകാവുന്നതാണ്. (17.2.21)

**അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം**

പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യത യ്ക്കനുസരിച്ച് ജോലി നേടുന്നതിന് പ്രവൃത്തി പരിചയം അത്യന്താപേക്ഷിതമാണ്. ഇതിനായി ജില്ലാ പഞ്ചായത്തിലെയും നഗരഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ പരിചയം നൽകുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്. (7.2.22)

**സാമൂഹ്യ പഠനമുറി**

പ്രധാനപ്പെട്ട എല്ലാ ഊരുകളിലും ഘട്ടംഘട്ടമായി സാമൂഹ്യപഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തു നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്. സാമൂഹ്യപഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകാവുന്നതാണ്.

## 7.7 പട്ടികജാതി ഉപപദ്ധതി

കേരളത്തിലെ സാമൂഹ്യഘടനയിൽ നിർണ്ണായകമായ സ്ഥാനമാണ് പട്ടികജാതി വിഭാഗ ങ്ങൾക്കുള്ളത്. ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഭരണഘടനാപരവും നിയമപരവുമായ നിരവധി സംരക്ഷണങ്ങളും ക്ഷേമപ്രവർത്തനങ്ങളും നിലവിലുണ്ട്. ഇന്ത്യൻ ഭരണ ഘടനയുടെ ആർ ട്ടിക്കിൾ 341 പ്രകാരമാണ് പട്ടികജാതി വിഭാഗങ്ങളെ നിർവ്വചിച്ചിരിക്കുന്നത്. ചരിത്രപരമായി അയിത്തവും വിവേചനവും നേരിട്ട വിഭാഗങ്ങളാണ് ഇവർ. 2011 ലെ സെൻസസ് അനുസരിച്ച് കേരള ജനസംഖ്യയുടെ 9.10 ശതമാനമാണ് പട്ടികജാതി ജനവിഭാഗം. സാക്ഷരതയുടെ കാര്യത്തിൽ പൊതുവെ മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴും പിന്നോക്കം നിൽക്കുന്നത് പട്ടികിജാതി വിഭാഗക്കാർ നേരിടുന്ന വെല്ലുവിളികളാണ്. സാമൂഹ്യനീതിയലധിഷ്ഠിതമായ ഒരു സമത്വ സമൂഹം കെട്ടിപ്പടുക്കുക എന്നത് നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്നു. പട്ടികജാതി വിഭാഗങ്ങളെ മുഖ്യധാര യിലേക്ക് കൊണ്ടുവരുന്നതിനും സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ശാക്തീകരണം ഉറപ്പാക്കുന്നതിനും സർക്കാർ കാലാകാലങ്ങളിൽ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നുണ്ട്. എങ്കിലും നാം ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്താതെ പോകുന്നു.

വളരെയേറെ തുക ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി ചെലവഴിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും അവർ നേരിടുന്ന പ്രശ്നാവസ്ഥകൾ തുടരുകയാണ്. വിവിധങ്ങളായ പദ്ധതി ഇടപെട ലുകളിലൂടെ അവരുടെ ജീവിത നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പൊതു വികസനവുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി വിഭാഗങ്ങൾ ഇന്നും പിന്നോക്കാവസ്ഥ നേരിടുന്നു

എന്ന് കാണാം. അതായത് പൊതു വികസനത്തിന്റെ പ്രയോക്താക്കളാക്കുന്നതിന് അവർക്ക് ഇനിയും ഏറെ മുന്നാട്ട് പോകേണ്ടതുണ്ട്. ലക്ഷ്യാധിഷ്ഠിത ഇടപെടലുകൾ ഇനിയും ഈ രംഗത്ത് ആവശ്യമാണ്.

### 7.7.1 ജനകീയാസൂത്രണവും പട്ടികജാതി ഉപദ്ധതിയും

പട്ടികജാതിവികസനം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളെയും, കേന്ദ്രാവിഷ്കൃത പദ്ധതികളെയും കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ജനകീയാസൂത്രണത്തിന് കഴിഞ്ഞു. സങ്കേതങ്ങളുടെ ജീവിതാന്തരീക്ഷം മെച്ചപ്പെടുത്തൽ വഴി അവരുടെ ജീവിത ശൈലിയിലും സമീപനത്തിലും മാറ്റം വരുത്താൻ ഏറെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇനിയും പ്രത്യേക പരിഗണന വേണ്ട ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്ന തിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാര പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സുസ്ഥിരവരുമാനമാർഗ്ഗം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്. ഈ ലക്ഷ്യം നിറവേറ്റണമെങ്കിൽ ഗുണനില വാരമുള്ള വിദ്യാഭ്യാസം, നൈപുണി വികസനം, തൊഴിൽ, സ്വയംതൊഴിൽ സാധ്യതകൾ എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ട്.

### 7.7.2 പട്ടികജാതി ഉപപദ്ധതി; Scheduled Castes Sub Plan (S.C.S.P)

1. പഞ്ചവത്സര പദ്ധതികളുടെ ഗുണം വേണ്ടത്ര പട്ടികജാതി വിഭാഗങ്ങൾക്ക് എത്തിച്ചേരുന്നില്ല എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ 1979 ൽ പ്ലാനിംഗ് കമ്മിഷൻ സ്പെഷ്യൽ കംപോണന്റ് പ്ലാൻ ഒരു തന്ത്രം ആയി സ്വീകരിച്ചു. ഇതിൽ പ്രകാരം അർഹമായ ആനുകൂല്യങ്ങൾ പട്ടികജാതി കുടുംബങ്ങൾക്ക് വികസനാവശ്യങ്ങൾക്ക് ലഭ്യമാക്കുന്ന കുടുംബ കേന്ദ്രീകൃത വികസനരീതി രൂപപ്പെട്ടു. പാർപ്പിടം, കുടിവെള്ളം, റോഡുകൾ, ആരോഗ്യ സഹായം തുടങ്ങിയവ നേരിട്ട് ലഭ്യമാക്കാവുന്ന ആസൂത്രണങ്ങൾക്ക് ഇത് വഴിവെച്ചു. ബഡ്ജറ്റ് വിഹിതത്തിൽ പട്ടികജാതി ജനസംഖ്യക്ക് ആനുപാതികമായ തുക നിർബന്ധിതമായി വകയിരുത്തണമെന്നും ചെലവഴിക്കപ്പെടണമെന്നും വകമാറ്റി ചെലവഴിക്കരുതെന്നും സ്പെഷ്യൽ കംപോണന്റ് പ്ലാൻ (പ്രത്യേക ഘടക പദ്ധതി, SCP) നിർദ്ദേശങ്ങൾ വഴി നിർബന്ധിതമാക്കപ്പെട്ടു.
2. 1980 ന്റെ തുടക്കത്തിൽ എല്ലാ വികസന മേഖലകളിലും പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി വകയിരുത്തൽ വേണമെന്ന് നിർദ്ദേശിക്കപ്പെട്ടു. 2006 ൽ ഇത് ഒരു പട്ടികജാതി ഉപദ്ധതി പദ്ധതിയായി Scheduled Castes Sub Plan (S. C. S. P) മാറുകയും ഈ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കാരണമാവുകയും ചെയ്തു. ആയതനുസരിച്ച് 10% തുക പട്ടികജാതി ഉപദ്ധതി പദ്ധതിക്കായി വകയിരുത്തുന്നു.

### 7.7.3 ജനകീയാസൂത്രണപദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ

ജനകീയാസൂത്രണപദ്ധതി പ്രകാരം പട്ടികജാതി ഉപപദ്ധതി (Scheduled Casts Sub Plan) വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് മാർഗ്ഗ

നിർദ്ദേശങ്ങൾ

» (സ.ഉ. (കൈ) നം. 84/2022 ത.സ്വ.ഭ.വ. തിയതി. 19/04/2022): Para 6.1 ൽ പ്രതിപാദിച്ചിരിക്കുന്നു.

» പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതി കൂടി തയ്യാറാക്കണം. പട്ടികജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം വകയിരുത്തി നൽകുന്നതു പ്രകാരമായിരിക്കണം പദ്ധതി തയ്യാറാക്കേണ്ടത്. പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. ഉപപദ്ധതിക്ക് മറ്റ് സ്രോതസുകളിലെ സാധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്. (1)

» പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം. സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവ കൈവരിക്കുകയാകണം ഉപപദ്ധതിയുടെ ലക്ഷ്യം. (2)

» വ്യക്തികൾക്കും കുടുബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതി വിഭാഗക്കാരുടെ പൊതുസൗകര്യ വികസനത്തിനുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്. (3)

» കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കണ പ്രദേശം പട്ടികജാതി ഉന്നതിയായി (നഗർ, പ്രകൃതി) കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. (6)

» ഇത്തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25 ശതമാനമെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം സാധാരണ വിഹിതം/തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25 ശതമാനത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം സാധാരണ വിഹിതം/തനത് ഫണ്ട്/ലഭ്യമായ മറ്റ് ഫണ്ടുകൾ തന്നെ വകയിരുത്തണം. (7)

» പട്ടികജാതി ഉന്നതി/നഗർ/പ്രകൃതിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക്, ഉന്നതി ക്കകത്തുള്ള ഭാഗവും ഉന്നതിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച്. ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ മാത്രമേ മേൽ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ. (8)

» പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും, ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സാമൂഹ്യഭൂപടവും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി ബോധ്യപ്പെടേണ്ടതും

അത് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. (9)

» പട്ടികജാതി മേഖലയിൽ സാങ്കേതികപ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും തൊഴിൽ സാധ്യതാകോഴ്സുകൾ പാസ്സായവർക്കും സർക്കാർ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലും/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ കിഴിലുള്ള ഓഫീസുകളിലും ആശുപത്രികൾ ഉൾപ്പെയുള്ള സ്ഥാപനങ്ങളിലും സ്റ്റൈപ്പന്റോടു കൂടി അപ്രന്റിസ്/ഇന്റേൺഷിപ്പ് പരിശിലനം നൽകുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാം. (16)

» പഠനം ഉപേക്ഷിച്ച ഗ്രാമപ്രദേശങ്ങളിലെ പട്ടിക ജാതി വിദ്യാർത്ഥികളിൽ തുടർപഠനം നടത്തുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തി റസിഡൻഷ്യൽ സൗകര്യത്തോടെ പ്രവൃത്തിയ്ക്കുന്ന ബ്രിഡ്ജ് സ്കൂൾ പദ്ധതി ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇതിനായി നിർമ്മാണ പ്രവർത്തനം ഒഴികെയുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാവുന്നതുമാണ്. (17)

### 7.7.4 ജില്ലാ പഞ്ചായത്തിന് നടപ്പിലാക്കാവുന്ന പദ്ധതികൾ (സ.ഉ. (കൈ) നം. 115/2022 ത.സ്വ.ഭ.വ. തിയതി. 28/05/2022): Para 7.2.1

» മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം: ദേശീയ അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് അഡ്മിഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്. കോഴ്സിന് പോകുന്ന രാജ്യം/സ്ഥലം എന്നിവ പരിഗണിച്ച് കാലാകാലങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സമാന സ്കീമിന് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായ തുക നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾ ആനുകൂല്യം നൽകുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

» പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ: പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ, സമിതകൾക്കോ ബാന്റ് സെറ്റ്, ചെണ്ട, അനുയോജ്യമായ മറ്റ് വാദ്യോപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്. 5% തുക ഗുണഭോക്തൃ വിഹിതമായി തെരെഞ്ഞെടുക്കപ്പെടുന്ന ഗ്രുപ്പുകൾ കണ്ടത്തേണ്ടതാണ്. കുറഞ്ഞത് 5 അംഗങ്ങളുള്ള ഗ്രൂപ്പുകളായിരിക്കണം. ഒരിക്കൽ ആനുകൂല്യം അനുവദിച്ച ഗ്രൂപ്പുകൾക്ക് 3 വർഷത്തിന് ശേഷം മാത്രമെ വീണ്ടും ആനുകൂല്യം നൽകാന കഴിയു.

» പട്ടികജാതി പ്രതിഭകൾക്ക് പ്രതിഭാപിന്തുണ: വിവിധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യ പിന്തുണയും അംഗീകാരവും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. അവരുടെ പ്രവർത്തന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വരും കാലങ്ങളിൽ ഏറ്റെടുക്കുന്നതിനും സാമൂഹ്യവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭ്യമാക്കുന്നതിനും ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഈ പ്രതിഭകളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ വിശദാംശങ്ങൾ വാങ്ങി അനുയോജ്യമായയ പ്രൊജ്ക്ടുകൾ തയ്യാറാക്കി നൂതന

പ്രോജക്റ്റുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിക്ക് നൽകണം. ഈ കമ്മിറ്റി തീരുമാനിക്കുന്ന നിരക്ക് പ്രകാരം ധനസഹായം അനുവദിക്കാവുന്നതാണ്.

» ദേശീയ അന്തർദേശീയ തലത്തിലെ കലാ-കായിക മത്സര പങ്കാളിത്തത്തിന് ധനസഹായം: ദേശീയ, അന്തർദേശീയ തലങ്ങളിലേക്ക് കലാ-കായിക മത്സരങ്ങളിൽ പ്രവേശനം ലഭിക്കുന്ന പ്രതിഭകൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകാം. ദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 10,000 രൂപയും അന്തർദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 20,000 രൂപയും മറ്റ് സ്രോതസുകളിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾക്ക് പുറമെ നൽകാവുന്നതാണ്.

» പട്ടികജാതി വിഭാഗത്തിലെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ: ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലേയും ഹയർ സെക്കണ്ടറി വിഭാഗത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു വിദ്യാഭ്യാസ വർഷത്തിൽ 2 തവണ കരിയർ ഗൈഡൻസ് പരിശീലനം സംഘടിപ്പിക്കാവുന്നതാണ്. ഒരു സ്കൂളിലെ പ്ലസ് വൺ, പ്ലസ്സ് ടു വിദ്യാർത്ഥികൾക്കായി പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ഈ മേഖലയിൽ പ്രശസ്തരായ സ്ഥാപനങ്ങളുടെ/ട്രയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളിനും നൽകണം. ഒരു ദിവസം 2000 രൂപ നിരക്കിൽ ട്രയിനർമാർക്ക് ഓണറേറിയം നൽകാവുന്നതാണ്.

» പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ: ജില്ലാ പഞ്ചായതിതന്റേ ആഭിമുഖ്യത്തിൽ എല്ലാ പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസ വർഷത്തിൽ 4 തവണ രണ്ട് മണിക്കൂർ വീതം വ്യക്തിത്വ വികസനം, നേതൃപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ഈ മേഖലയിൽ പ്രശസ്തരായ സ്ഥാപനങ്ങളുടെ/ട്രയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളിനും നൽകണം. ഒരു ദിവസം 2000 രൂപ നിരക്കിൽ ട്രയിനർമാർക്ക് ഓണറേറിയം നൽകാവുന്നതാണ്.

» വജ്രജൂബിലി കലാകാരന്മാർ മുഖേന കലാപഠന ക്യാമ്പ്: വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാർ മുഖേന പട്ടികജാതി വിദ്യാർത്ഥികൾക്ക് സാഹിത്യം, ചിത്രരചന, വിഷ്വൽ മീഡിയ, നാടകം എന്നിവയിൽ കലാപഠന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. യു. പി. സ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഇപ്രകാരം കലാപഠന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. വജ്രജൂബിലി കലാകാരന്മാർക്ക് പ്രതിദിനം 500 രൂപ യാത്രാ ബത്ത നൽകാം. പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റും നൽകാം.

» അഭ്യസ്തവിദ്യരായ പട്ടികജാതി യുവാക്കൾക്ക് തൊഴിൽ നേടാൻ പരിശീലനം: പട്ടികജാതി വിഭാഗങ്ങളിലെ എസ്. എസ്. എൽ. സി. വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും തൊഴിൽ തൽപരരുമായ എല്ലാവരേയും മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകാവുന്നതാണ്. ഇതിനായി താഴെപ്പറിയുന്ന രീതി അവലംബിക്കേണ്ടതാണ്.

- » അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം: പട്ടികജാതി വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ജോലി നേടുന്നതിന് 7 പരിചയം അത്യാപേക്ഷിതമാണ്. ഇതിനായി ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ പരിചയം നൽകുന്നതിന് പ്രോജക്റ്റ് എറ്റെടുക്കാവുന്നതാണ്. പരിശീലന കാലയളവ് 2 വർഷത്തേക്കായിരിക്കും.
- » പഠനമുറി: പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യ ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. 800 ച. അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് പരമാവധി 120 ച അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാം. പരമാവധി ധനസഹായം 2 രൂപ. ധനസഹായം 30,000 രൂപ മുൻകൂറായി അനുവദിക്കുന്നു. തറയുടെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ 60,000 രൂപ മെയിൻ വാർപ്പ് പൂർത്തീകരിക്കുമ്പോൾ 80,000 രൂപ നിർമ്മാണ പൂർത്തീകരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയഭരണ വകുപ്പ് അസി. എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കമ്പോൾ ശേഷിക്കുന്ന 30,000 രൂപയും അനുവദിക്കുന്നു. (വാല്യൂവേഷൻ 2,00,000 രൂപയിൽ കുറവാണെങ്കിൽ ശേഷിക്കുന്ന അർഹമായ തുക അനുവദിക്കുന്നു).
- » സാമൂഹ്യ പഠനമുറി: പ്രധാനപ്പെട്ട എല്ലാ ഊരുകളിലും ഘട്ടംഘട്ടമായി സാമൂഹ്യപഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തു നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്. സാമൂഹ്യപഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് വിഹിതം നൽകാവുന്നതാണ്.
- » **സമഗ്ര ആവാസ വികസന പരിപാടി. സ.ഉ.(കൈ).നം. 168/2025 ത.സ്വ.ഭ.വ. തിയതി. 23.09.2025.**

സമഗ്ര ആവാസ വികസന പരിപാടി (5 മുതൽ 14 വരെ പട്ടികജാതി കുടുംബങ്ങൾ)-അംബേദ്ക്കർ ഗ്രാമം പദ്ധതി മാനദണ്ഡങ്ങൾ ബാധകം. സ.ഉ. (കൈ). നം. 168/2025 ത.സ്വ.ഭ.വ. തിയതി. 23.09.2025.

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങലുടെ ഫണ്ട് ഉപയോഗിച്ച് ഉന്നതികളുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിടുന്ന "സമഗ്ര ആവാസ വികസന പരിപാടിക്ക്" രൂപം നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാവുന്നതാണ്.

പതിനഞ്ചോ അതിൽ കൂടുതൽ പട്ടികജാതി കടുംബങ്ങൾ അധിവസിക്കുന്ന ഉന്നതികളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന വികസന പ്രവർത്തനങ്ങൾ പട്ടികജാതി വികസന വകുപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ 5 മുതൽ 14 വരെ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ഉന്നതികളുടെ സമഗ്ര വികസന പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകി ഏറ്റെടുക്കാവുന്നതാണ്.

അതെസമയം പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന സമഗ്രവികസന

പദ്ധതികളിൽ 15 ൽ കൂടുതൽ കുടുംബങ്ങളുള്ള ഉന്നതികളുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയതിന് ശേഷമുള്ള വിടവ് ഡ്യൂപ്ലിക്കേഷൻ ഇല്ലെന്ന് ഉറപ്പാക്കി ഏറ്റെടുക്കാവുന്നതാണ്.

**വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നിവക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം സ.ഉ. (കൈ). നം. 168/2025 ത.സ്വ.ഭ.വ. തിയതി. 23.09.2025.**

വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നിവക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. സ.ഉ. (കൈ). നം. 168/2025 ത.സ്വ.ഭ.വ. തിയതി. 23.09.2025- സംയുക്ത പദ്ധതികൾ.

ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന വിവാഹ ധനസഹായം (1,25,000 രൂപ), മിശ്ര വിവാഹ ധനസഹായം (75,000 രൂപ) എന്നീ പദ്ധതികൾക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

### 7.7.5 വിവിധ വികസന മേഖലാ പദ്ധതികൾ

വിവിധ ഗ്രൂപ്പ് പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.-നൈപുണി വികസനം, കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ, മത്സ്യ മേഖല തുടങ്ങിയ വിഭാഗങ്ങളിലെ ഗ്രൂപ്പ് പദ്ധതികൾ. വിവിധ വികസന മേഖലകളിലെ ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. സ്വയം തൊഴിൽ, പരമ്പരാഗത കൈത്തൊഴിൽ, (75%സബ്സിഡി), ട്രേഡ് അടിസ്ഥാനത്തിലുള്ള നൈപുണി വികസനം (100%സബ്സിഡി), നിലവിലെ ആർജ്ജിത വൈദഗ്ധ്യത്തിന്അംഗീകാരം നൽകൽ, അധിക നൈപുണ്യം, പുനർ നൈപുണ്യം, മികവ് വികസന പരിപാടി(75%സബ്സിഡി) എന്നിവയ്ക്ക് പദ്ധതികൾ രൂപപ്പെടുത്താവുന്നതാണ്.

ഘടക സ്ഥാപനങ്ങളുടെ സംരക്ഷണം

പട്ടികജാതി വികസന വകുപ്പ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പരിപാലനം ജില്ലാ പഞ്ചായത്തുകൾക്കാണ്. വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും അവരെ സമൂഹത്തിന്റെ മുൻനി രയിലേക്ക് എത്തിക്കുന്നതിനുമുതകുന്ന സ്ഥാപനമാണ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസന കാര്യാങ്ങളിൽ നേരിട്ട് ഇടപെട്ട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ പ്രഥമ പരിഗണന നൽകേണ്ടതാണ്.



# അധ്യായം 08

# ഉൽപ്പാദന മേഖലയിലെ വികസനങ്ങൾ

## 8.1 പ്രാദേശിക സാമ്പത്തിക വികസനം (LED)

### 8.1.1 പ്രാദേശിക സാമ്പത്തിക വികസനവും സംരംഭകത്വവും

കഴിഞ്ഞ കുറച്ചു പതിറ്റാണ്ടുകളിലായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റവും സാമ്പത്തിക രംഗത്ത് കൈവരിച്ച പുരോഗതിയും പ്രാഥമികമായും സേവന മേഖലയെ അമിതമായി ആശ്രയിച്ചു കൊണ്ടാണ് എന്ന് കാണാവുന്നതാണ്. സവിശേഷമായ ശ്രദ്ധ അർഹിക്കുന്നതും എന്നാൽ ഇതിനോട് ചേർത്തു വായിക്കാവുന്നതുമായ മറ്റൊരു മാറ്റം കേരളത്തിന്റെ തൊഴിലുത്പാദന മേഖലയുടെ മുരടിപ്പാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി, കേരളത്തിന്റെ കാർഷിക മേഖലയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ ഇടിവ് പ്രസ്തുത മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ തോതിലും ഉണ്ടായിട്ടുണ്ട്. സ്വാഭാവികമായും വളർച്ച പ്രകടിപ്പിച്ചു കൊണ്ടിരുന്ന സേവനമേഖലയാണ് ഈ മാറ്റത്തിന്റെ പ്രാഥമിക തൊഴിൽദാതാവായി മാറിയത്. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി വർധിച്ചു വരുന്ന തൊഴിലില്ലായ്മ സൂചിപ്പിക്കുന്നത് സേവന മേഖലയുടെ തൊഴിൽ ആഗിരണ ശേഷിയിൽ കുറവുണ്ടാകുന്നു എന്നതാണ്. കേരളത്തിന്റെ സവിശേഷമായ സാമൂഹിക ചുറ്റുപാടിൽ, അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ ഉയർന്നുനിൽക്കുന്നു. സംസ്ഥാനത്തെ വർദ്ധിച്ചു വരുന്ന തൊഴിൽ ഇല്ലായ്മ

പ്രാഥമികമായി അനുഭവിക്കുന്നതെങ്കിലും മധ്യവയസ്കർക്കിടയിലും തൊഴിലില്ലായ്മയുടെ നിരക്ക് വർധിച്ചു വരുകയാണ്. പ്രവാസ ജീവിതം അവസാനിപ്പിച്ചുള്ള പ്രവാസികളുടെ തിരിച്ചു വരവും, പൊതുവായ സംരംഭകത്വ മനോഭാവത്തിന്റെ അഭാവവും ഈ മാറ്റത്തിന് ആക്കം കൂട്ടുന്നു.

മേൽ സൂചിപ്പിച്ച തരത്തിലുള്ള വിവിധങ്ങളായ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക രംഗത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി ദൃശ്യമാണെങ്കിലും കേരള സാമ്പത്തിക മേഖല താരതമ്യേന മികച്ച വളർച്ച നിരക്ക് പ്രകടമാക്കുന്നുണ്ട്. ഉദാഹരണമായി 2022-2023 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2023-2024 ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിലുള്ള വളർച്ച 8.2% ആണ്. അഥവാ, കേരളം സാമ്പത്തിക വളർച്ചയുടെ പാതയിലാണ് മുന്നേറുന്നത്. എന്നാൽ, ടൂറിസം, ഇൻഫർമേഷൻ ടെക്ക്നോളജി, കൺ സ്ട്രക്ഷൻ എന്നിവയെ ആശ്രയിച്ചു കൊണ്ടുള്ള ഈ വളർച്ച കേരളത്തിലെ ഏതാനും പ്രദേശങ്ങളിലായി കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. വളർച്ചയുടെ ഈ കേന്ദ്രീകരണത്തെ ഇല്ലാതാക്കി കൊണ്ട് ജനാധിപത്യവത്ക്കരിക്കുകയും വളർച്ചയെ കുറച്ചുകൊണ്ട് വിതരണം ചെയ്തു കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനത്തിനാവശ്യമായ സാഹചര്യങ്ങളും സംഘടനാ രൂപങ്ങളും സൃഷ്ടിക്കുക എന്നത് പരമപ്രധാനമാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് നൽകിയ പ്രത്യേക ഊന്നലും, 2022 ൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ പ്രാദേശിക സാമ്പത്തിക വികസന മാർഗ്ഗരേഖയും ഈ പ്രാധാന്യം കണക്കിലെടുത്തു കൊണ്ടുള്ളതാണ്.

സേവന-അടിസ്ഥാന സൗകര്യ മേഖലകളിൽ ഒതുങ്ങി നിൽക്കുന്നതിനപ്പുറം പരിപ്പൂർണ്ണമായ പ്രാദേശിക സാമ്പത്തിക വികസനത്തിലും തൊഴിലുത്പാദനത്തിലും ക്രിയാത്മകമായി ഇടപെടുന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മനോഭാവം മാറുന്ന കാല ത്തിനോടും ആവശ്യങ്ങളോടും ഒത്തുപോകുന്ന രീതിയിൽ മാറേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകളിലും ഫണ്ടുകളിലുമുള്ള അമിത ആശ്രയത്വം കുറച്ചു കൊണ്ട്, ലഭ്യമായ പ്രാദേശിക വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിച്ചും പ്രാദേശിക സമ്പദ്‌വ്യവസ്ഥ യിൽ യഥാസമയം ഇടപെട്ടു കൊണ്ടും ചലിപ്പിച്ചു കൊണ്ടും തനത് വരുമാനം വളർത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയേണ്ടതുണ്ട്. 2023 ൽ രൂപീകരിച്ച സംസ്ഥാന വ്യവസായ നയം, 2022-2023 സംരംഭക വർഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭകത്വ പിന്തുണയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള വ്യവസായ വകുപ്പ് ഇന്റേൺമാർ, സംസ്ഥാന സർക്കാരിന്റെ Ease of doing business നയം എന്നിവയെല്ലാം ഈ അനിവാര്യമായ മാറ്റത്തിന് സഹായകമായ ഇടപെടലുകളാണ്. സൂക്ഷ്മ-ചെറുകിട സംരംഭങ്ങളായി കണക്കാക്കാനുള്ള നിക്ഷേപ-വിറ്റുവരവ് പരിധി നിബന്ധനകളിൽ ഉണ്ടായ മാറ്റവും പ്രസ്തുത സംരംഭങ്ങൾക്ക് സാങ്കേതിക വിദ്യ നവീകരണം, വ്യാപനം എന്നിവ ചെയ്യുന്നതിനുമാവശ്യമായ ക്രെഡിറ്റ് സാധ്യതകളിലേക്കു മാത്രമല്ല മറ്റനേകം ഇളവുകളിലേക്കും അവസരം തുറന്നിടുന്നു.

പ്രസ്തുത അനുകൂല സാഹചര്യങ്ങളെ ഫലപ്രദമായി ഉപയോഗിക്കാനും അതുവഴി ജനകേന്ദ്രീകൃതമായ പുരോഗതിക്കാവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ

അഭിരുചിയും ഉൾക്കാഴ്ചയും പ്രാദേശിക ഭരണ സമിതികൾക്ക് ഉണ്ടാവേണ്ടതുണ്ട്. സ്വയം തൊഴിൽ-തൊഴിൽദായക സംരംഭങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊണ്ട് പ്രാദേശിക തൊഴിൽ സന്നദ്ധതയും, സാധ്യതകളും, വരുമാനവും വർദ്ധിപ്പിക്കുക എന്നത് പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നു. അതിനാവശ്യമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധങ്ങളായ ഇടപെടൽ സാധ്യതകൾ ഉണ്ട്.

### 8.1.2 ഇടപെടൽ മേഖലകൾ

പുതിയ സ്വയംതൊഴിൽ-തൊഴിൽദായക സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിനൊപ്പം തന്നെ വളർച്ചാ സാധ്യതയുള്ള നിലനിൽക്കുന്ന സംരംഭങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നതും അവയുടെ ഗുണത ഉയർത്താനാവശ്യമായ സൗകര്യം ഒരുക്കുക എന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമായ പ്രവർത്തനങ്ങളാണ്. അതിനോടൊപ്പം പ്രാദേശിക തൊഴിൽ-നൈപുണ്യ വിടവുകൾ മനസ്സിലാക്കി കൊണ്ടും പ്രാദേശിക ആവശ്യങ്ങളെ പരിഗണിച്ചു കൊണ്ടും നൈപുണി വികസനത്തിനുള്ള അവസരം തൊഴിലന്വേഷകർക്ക് ഒരുക്കുക, തൊഴിൽ അന്വേഷകരെയും തൊഴിൽദായകരെയും പരസ്പരം ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു പിന്തുണ സംവിധാനത്തിന് രൂപം നൽകുക, പ്രാദേശിക സാമ്പത്തിക വളർച്ചയ്ക്ക് അനുയോജ്യമായ ഒരു സംഘടനാരൂപം നൽകുക എന്നതെല്ലാം പ്രാദേശിക സർക്കാരുകൾക്ക് പ്രാദേശിക സമ്പദ്‌വ്യവസ്ഥയിൽ ഫലപ്രദമായി ഇടപെടാനുള്ള അവസരം നൽകുന്നു.

സംരംഭക പിന്തുണയ്ക്കാവശ്യമായ വിവിധ പിന്തുണ സംഘടനാ രൂപങ്ങൾ ഇതിനോടകം തന്നെ ഉണ്ടായിരിക്കുമ്പോൾ തന്നെയും അവയുടെ ഫലപ്രാപ്തി നിരന്തരമായ വിലയിരുത്തലുകളും സജീവമായ ഇടപെടലുകളും കൂട്ടി ചേർക്കലുകളും ആവശ്യപ്പെടുന്നവയാണ്. സംരംഭകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇടയിലുള്ള അകലം ലഘൂകരിക്കുന്നതിനായി പ്രാദേശിക സാമ്പത്തിക വികസന മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനതല സംരംഭക തൊഴിൽ വികസന കൗൺസിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കേണ്ടുന്ന അനുമതികളും ഫയൽ നീക്കവും സമയാനുസൃതമായി നടപ്പിലാക്കുന്നതിന് രൂപീകരിക്കപ്പെട്ട ഹെൽപ്പ് ഡെസ്കുകൾ എന്നിവ ഇതിനോടകം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ, സാമ്പത്തിക സഹായം, പുതിയ സാങ്കേതിക വിദ്യകൾ, സംരംഭക മാതൃകകൾ എന്നിവയെ സംബന്ധിച്ച ഉപദേശം നൽകുന്നതിന് വിദഗ്ദ സമിതികളും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ, ബിസിനസ് പ്ലാനുകൾ എന്നിവ താരതമ്യേന കുറഞ്ഞ ചിലവിൽ തയ്യാറാക്കി നൽകുന്ന ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവയും ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്നു. പ്രസ്തുത പിന്തുണ സംഘടന രൂപങ്ങളുടെ ഘടനയിലും പ്രവർത്തനത്തിലും നിലനിൽക്കുന്ന വിടവുകളെ കണ്ടെത്തുകയും അതുവഴി പ്രാദേശിക സാമ്പത്തിക വികസനത്തിനെ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യേണ്ടത് അതത് പ്രാദേശിക സർക്കാരുകൾ ആണ്.

### 8.1.3 സബ്സിഡികൾ/പിന്തുണകൾ

പതിനാലാം പദ്ധതി രേഖയോടെയാണ് പ്രാദേശിക സാമ്പത്തിക വികസനം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ അജണ്ടകളിലൊന്നായി കണക്കാക്കണമെന്നുള്ള വാദത്തിന് ശക്തിയേറുന്നത്. പതിനാലാം പദ്ധതിയുടെ സബ്സീഡി മാർഗ്ഗരേഖയിൽ വന്ന സമഗ്രമായ മാറ്റം ഇത് മുഖ്യ ലക്ഷ്യമായി കണക്കിലെടുത്തായിരുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്കും, പത്തിൽ കൂടുതൽ ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന തൊഴിൽ ദായക സംരംഭങ്ങൾക്കും പ്രാദേശിക സർക്കാരുകൾക്ക് നേരിട്ട് സബ്സീഡി നൽകാം എന്ന നിർദ്ദേശം പതിനാലാം പദ്ധതിയോട് ചേർന്നു വന്ന ഒരു പ്രധാന മാറ്റം ആണ്. അതിന്റെ ഭാഗമായി മൊബൈൽ റെസ്റ്റോറന്റുകൾ, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ, കാർഷിക ഉത്പന്ന സംസ്കരണ യൂണിറ്റുകൾ, കുടുംബശ്രീ വിപണന സംവിധാനങ്ങൾ തുടങ്ങി വിവിധ തരം സ്വയം തൊഴിൽ/ഗ്രൂപ്പ് സംരംഭങ്ങൾക്കായി വ്യത്യസ്ത മാനദണ്ഡങ്ങളോടു കൂടിയ സബ്സീഡികൾ പദ്ധതി മുന്നോട്ടു വയ്ക്കുന്നു. ഇതിനു പുറമേ പത്തുലക്ഷം വരെയുള്ള ബാങ്ക് പൊതു വായ്പകളിൽ ജനറൽ വിഭാഗത്തിന് പരമാവധി 6% ഉം പട്ടികജാതി/പട്ടിക വർഗ്ഗ/വനിത വിഭാഗങ്ങൾക്ക് പരമാവധി 8 ശതമാനവും പലിശ സബ്സിഡി 3 വർഷം വരെ ലഭ്യമാക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**നിർദ്ദേശിക്കപ്പെട്ടുള്ള പ്രധാന സബ്സിഡി/ഫണ്ട്/ഗ്രാന്റുകൾ;**

- ടെക്ക്നോളജി കൈമാറ്റ ഫണ്ട്: കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് ആവശ്യമായ സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിന് സാങ്കേതിക വിദ്യ വിലയുടെ 75% വരെ നൽകുകയും ചെയ്യുന്നതു വഴി സംരംഭങ്ങൾക്ക് സാങ്കേതികമായി പുരോഗതി പ്രാപിക്കുന്നതിനുള്ള പിന്തുണ.
- ടെക്ക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്: സംരംഭങ്ങളിൽ നിലവിലുള്ള സാങ്കേതികവിദ്യ കാലാനുസൃതമായി നവീകരിക്കുന്നതിനും അതുവഴി സമാന ഉത്പന്നങ്ങളുടെ ഗുണനിലവാരത്തോട് ചേർന്നു പോകുന്നതിനും ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും യഥാക്രമം 5 ലക്ഷവും 10 ലക്ഷവും ധനസഹായം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷമാണ് ധനസഹായത്തിന്റെ പരിധി.
- ഇന്നവേഷൻ ഫണ്ട്: സംരംഭകർക്ക് അവരുടെ സ്വന്തം ആശയങ്ങൾ ഉത്പന്നങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക പിന്തുണയും ഗവേഷണ സഹായവും ലഭ്യമാക്കുന്നതിന് ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ വഴി നൽകാവുന്ന സാമ്പത്തിക പിന്തുണയാണ് ഇന്നവേഷൻ ഫണ്ട്. ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 15 ലക്ഷം വീതവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയുമാണ് പരമാവധി നൽകാൻ സാധിക്കുന്നത്. ഗ്രാമപഞ്ചായത്തുകളുടെ ഇന്നൊവേഷൻ ഫണ്ട് പരിധി 5 ലക്ഷം ആണ്.
- ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്: പ്രകൃതി ദുരന്തങ്ങൾ മുതലായ കാരണങ്ങളാൽ നാശനഷ്ടം സംഭവിച്ച സംരംഭങ്ങൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് അഞ്ചു ലക്ഷം

രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പത്തു ലക്ഷം രൂപ വരെയും സാമ്പത്തിക പിന്തുണ നൽകാവുന്നതാണ്. നഗരസഭകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 15 ലക്ഷം രൂപ വരെ ഈ ആവശ്യത്തിനായി നൽകാവുന്നതാണ്.

ഇൻക്യുബേഷൻ ഫണ്ട്: സംരംഭകരുടെ ബിസിനസ് ആശയങ്ങൾ വിജയ സാധ്യതയുള്ള സംരംഭങ്ങളാക്കി വികസിപ്പിക്കുന്നതിന് സാങ്കേതിക സഹായം, ഗവേഷണ സഹായം, വിപണന സഹായം, മാനേജ്മെന്റ് സഹായം, മെന്ററിംഗ് ഉൾപ്പടെയുള്ള വിവിധ ഇൻക്യുബേഷൻ പിന്തുണകൾ ലഭ്യമാക്കുന്നതിന് നൽകുന്ന സാമ്പത്തിക പിന്തുണ. ഗ്രാമ പഞ്ചായത്തുകൾക്ക് 5 ലക്ഷവും, ബോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷവും ജില്ലാ പഞ്ചായത്ത്, നഗരസഭ തുടങ്ങിയവയ്ക്ക് 15 ലക്ഷവും ആണ് പരിധി നിശ്ചയിച്ചിട്ടുള്ളത്.

ഇവയോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്നതോ പ്രവർത്തിക്കുന്നതോ ആയ സംരംഭങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി വിനിയോഗിക്കാവുന്ന സംരംഭക പുനരുജ്ജീവന ഫണ്ടും പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

### 8.1.4 വേണ്ടതെന്ത്?

നിലവിൽ മികവോടെ ചെയ്തു വരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് പുറമേ അനേകം പുതിയ ഉത്തരവാദിത്തങ്ങളും പ്രാദേശിക സർക്കാരുകൾക്ക് വന്നു ചേർന്നിരിക്കുകയാണ്. അവയിൽ പ്രധാനമായ ഒന്നാണ് പ്രാദേശിക സാമ്പത്തിക വികസനം. തനത് വരുമാനം വർദ്ധിപ്പിച്ചു കൊണ്ട് പ്രദേശത്തിന്റെ സാമ്പത്തിക ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഉപാധിയായും അതിനപ്പുറം പ്രദേശത്തെ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങളെ ഫലപ്രദമായി അഭിമുഖീകരിക്കുന്നതിനുള്ള മാർഗ്ഗമായും പ്രാദേശിക സാമ്പത്തിക വികസനത്തെ മനസ്സിലാക്കുകയും അതിനാവശ്യമായ സംഘടനാ രൂപങ്ങളെ പ്രാദേശിക തലത്തിലും സംസ്ഥാനതലത്തിലും രൂപം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

ഒരു പ്രദേശത്തിനുള്ളിലെ സംരംഭകരെയും സംരംഭകത്വ താത്പര്യമുള്ളവരെയും കണ്ടെത്തി അവരെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലേക്ക് കൂട്ടി ചേർക്കാനുള്ള ഉത്തരവാദിത്തം പ്രാദേശിക സർക്കാരുകൾക്കുണ്ട്. നിലനിൽക്കുന്ന വിടവുകളെ തിരിച്ചറിഞ്ഞു കൊണ്ട് തത്പ്രദേശത്തെ പ്രകൃതി വിഭവങ്ങളോടൊപ്പം മനുഷ്യവിഭവത്തെയും ഉൾച്ചേർക്കുന്ന സംരംഭക ആശയങ്ങളെ സമാഹരിക്കാനും അവർക്ക് തുടർച്ചയായ പിന്തുണ സംവിധാനം ഒരുക്കാനും നിലവിലുള്ള സംഘടനാ രൂപങ്ങൾ പൂർണ്ണാർത്ഥത്തിൽ ഫലപ്രദമല്ല. ഉദാഹരണമായി പ്രോജക്ട് റിപ്പോർട്ടുകൾ, ബിസിനസ് പ്ലാനുകൾ, എന്നിവ സംരംഭാശയങ്ങൾക്ക് തയ്യാറാക്കുന്നതിന് പലപ്പോഴും സാമ്പത്തിക പിന്തുണ ആവശ്യം വരാറുണ്ട്. അതിനെ അഭിസംബോധന ചെയ്യാനും തുടർച്ചയായ പിന്തുണ സംരംഭകർക്ക് ഉറപ്പാക്കാനും നിലവിലുള്ള പിന്തുണ സംവിധാനങ്ങൾ പര്യാപ്തമല്ല.

പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ ചാലകങ്ങളെയും സാധ്യതകളെയും തിരിച്ചറിയാനാവശ്യമായ ഉൾക്കാഴ്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടെങ്കിൽ മാത്രമേ മേൽ സൂചിപ്പിച്ച വിടവുകളെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പ്രാദേശിക വിഭവങ്ങളെയും

പ്രാദേശിക സമ്പദ്‌വ്യവസ്ഥയേയും ഫലപ്രദമായി കൂട്ടി ചേർക്കുക വഴി പ്രാദേശിക വിഷയങ്ങളായ തൊഴിലില്ലായ്മ, ജനങ്ങൾക്കിടയിലെ സാമ്പത്തിക-സാമൂഹിക അന്തരം മുതലായവയ്ക്ക് ഒരുത്തരം നൽകാൻ സാധിക്കുക മാത്രമല്ല, വിവിധങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആകെത്തുകയായി സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്കും ഒരുണർവ് നൽകാൻ പ്രാദേശിക സർക്കാരുകൾക്ക് സാധിക്കും. അഥവാ, സംസ്ഥാനതലത്തിലുള്ള സാമ്പത്തിക ചാലക ശക്തികളെ പ്രാദേശിക സവിശേഷതകൾ കൂടി കണക്കിലെടുത്തു കൊണ്ട് തങ്ങളുടെ പ്രദേശത്തേക്ക് ആഗിരണം ചെയ്യാനും, തിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യപരമായ മത്സരത്തിലൂടെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ ചലിപ്പിക്കുകയും ചെയ്യുന്ന ചാക്രിക വ്യവസ്ഥയിലൂടെ സംസ്ഥാനത്തിന്റെ ആകെ വികസനത്തിന് നേതൃത്വം നൽകാൻ പുതുതായി വരുന്ന പ്രാദേശിക സർക്കാരുകൾ സജ്ജമാകേണ്ടതുണ്ട്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതത് പ്രദേശത്തിന്റെ സാധ്യതകളെയും വിഭവങ്ങളെയും പരമാവധി പ്രയോജനപ്പെടുത്തി തൊഴിലും വരുമാനവും സാമ്പത്തിക വളർച്ച നേടുവാനും പരിശ്രമിക്കണം. സംരംഭകർക്ക് അനുയോജ്യമായ പ്രോജക്ട് കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനായി സംരംഭകത്വ തൊഴിൽ വികസ കൗൺസിലും സാങ്കേതിക സമിതിയും പ്രവർത്തിക്കേണ്ടതും പിന്തുണ നൽകേണ്ടതുമാണ്. കൂടാതെ തൊഴിൽ അവസരങ്ങൾ കണ്ടെത്തി അനുയോജ്യമായ തൊഴിൽ അന്വേഷകർക്ക് എത്തിക്കാമെന്നും അതിലൂടെ സാമൂഹ്യവും സാമ്പത്തികവുമായ ഒരു വളർച്ച നേടാനാകും. എംപ്ലോയബിലിറ്റി സെന്ററും പ്രവർത്തനവും വിജ്ഞാനകേരളം പദ്ധതിയും ഇക്കാര്യത്തിൽ നല്ല പ്രവർത്തനം നടത്തേണ്ടതുണ്ട്.

### 8.1.5 വിജ്ഞാന കേരളം: പുതിയ വികസന ലക്ഷ്യവും ജനകീയ മുന്നേറ്റവും

വിജ്ഞാനസമൂഹത്തിലേക്ക് കേരളത്തിന്റെ പരിവർത്തനം

കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് 'വിജ്ഞാനകേരളം ജനകീയ കാമ്പയിൻ'. കേരളം വിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റം കൈവരിച്ചെങ്കിലും, അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കിടയിലെ ഉയർന്ന തൊഴിലില്ലായ്മ സംസ്ഥാനം നേരിടുന്ന ഒരു പ്രധാന പ്രതിസന്ധിയായി തുടരുന്നു. കേന്ദ്ര സർക്കാരിന്റെ പീരിയോഡിക്കൽ ലേബർ ഫോഴ്സ് സർവ്വേ (PLFS)യുടെ കണക്കുകൾ പ്രകാരം, കേരളത്തിലെ മൊത്തം തൊഴിലില്ലായ്മ നിരക്ക് 29.39% ആണ്, ഇത് ദേശീയ ശരാശരിയേക്കാൾ ഏതാണ്ട് മൂന്ന് മടങ്ങാണ്. തൊഴിലില്ലാത്തവരിൽ 40 ശതമാനം പേർക്കും ഡിഗ്രിയോ അതിൽ കൂടുതലോ വിദ്യാഭ്യാസ യോഗ്യതയുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിൽ നാം സാർവത്രിക വിദ്യാഭ്യാസത്തിലൂടെ നേടിയ സാമൂഹിക മുന്നേറ്റത്തെ, സമകാലിക ലോകക്രമത്തിനനുസരിച്ച് ഒരു 'വിജ്ഞാന സമ്പദ്ഘടന'യായി (Knowledge Economy) പരിവർത്തനം ചെയ്യുക എന്നതാണ് ഈ കാമ്പയിന്റെ മൗലിക ലക്ഷ്യം. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മാതൃകയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും, കുടുംബശ്രീ മിഷന്റെ പങ്കാളിത്തത്തോടും കൂടി, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് യുവജനങ്ങളെയും സ്ത്രീകളെയും, വൈജ്ഞാനിക

തൊഴിൽ രംഗത്തേക്ക് കൈപിടിച്ചുയർത്താനുള്ള ഒരു ബഹുമുഖ ഇടപെടലാണിത്.

### 8.1.6 പ്രാദേശിക വികസന സംരംഭകത്വം- ജില്ലാ പഞ്ചായത്തുകളുടെ പങ്ക്

സംരംഭക വികസന മേഖലയിൽ ജില്ലാ പഞ്ചായത്തുകൾക്ക് കാര്യക്ഷമമായി ഇടപെടാൻ കഴിയും. ജില്ലയ്ക്ക് പൊതുവേയും പ്രാദേശികമായുള്ള സാധ്യതകൾ കണ്ടെത്തി അവയുടെ സംരംഭ സാധ്യതകൾ പരിശോധിച്ച് ആവശ്യമായ സംഘടന സംവിധാനം ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ പ്രത്യേക തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്.

ജില്ലാതലത്തിൽ ലഭ്യമായിട്ടുള്ള എല്ലാ സാങ്കേതിക വൈജ്ഞാനീക സ്ഥാപനങ്ങളെയും വിവിധ സാങ്കേതിക സർവ്വകലാശാലകളേയും വ്യവസായ വാണിജ്യ കൗൺസിലുകളെയും സ്ഥാപനങ്ങളെയും മറ്റു ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളെയും ചേർത്ത് ഒരു ജില്ലാതല നൂതന സാങ്കേതിക വൈജ്ഞാനിക സംരംഭം കേന്ദ്രം ആരംഭിക്കുകയും കാലത്തിന്റെ ഗതികൾക്ക് അനുസൃതമായി സാങ്കേതിക തലത്തിലും മാനേജ്മെന്റ് തലത്തിലും വിപണിയിലും വൈജ്ഞാനിക തലത്തിലും അനുയോജ്യമായ മാറ്റങ്ങൾ കൊണ്ടുവരാനും അതിനനുസരിച്ച് സംരംഭ സാധ്യത ക്രമീകരിക്കാനും ഈ ജില്ലാതല നൂതന സാങ്കേതിക വൈജ്ഞാനിക സംരംഭക കേന്ദ്രത്തിന് കഴിയണം.

സംരംഭകത്വം വികസിപ്പിക്കുന്ന യുവജനങ്ങളെ പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവാക്കളെ കണ്ടെത്തുന്നതിന് വ്യക്തമായ ഇടവേളകളിൽ നിക്ഷേപ സംഗമങ്ങൾ വിളിച്ചു ചേർക്കുന്നതിനുള്ള ഇടപെടലുകൾ ജില്ലാ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇത്തരം നിക്ഷേപ സംഗമങ്ങളിൽ വാണിജ്യ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനമായ നിയമങ്ങളും ചട്ടങ്ങളും മറ്റ് അനുബന്ധ വിഷയങ്ങളെക്കുറിച്ചും ചർച്ചയും അവബോധ പ്രവർത്തനങ്ങളും ഒരുക്കുവാൻ പദ്ധതികൾ ഉണ്ടാകേണ്ടതാണ്.

### 8.1.7 മികച്ച സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കൽ

ജില്ലയിൽ പ്രാദേശിമായും പൊതുവിലും സംരംഭക സൗഹൃദമായ ഒരു തദ്ദേശഭരണ സംവിധാനമാണ് വേണ്ടത്. നൂതന ആശയങ്ങളുമായി വരുന്ന ഒരു നിക്ഷേപകന് തന്റെ സംരംഭം പരിപൂർണ്ണ വിജയം കൈവരിക്കുന്നതുവരെ ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും കാഴ്ചപ്പാടുകൾ സംരംഭക അനുകൂല മനോഭാവം ഉണ്ടാക്കിയെടുക്കാൻ ആവശ്യമായ പ്രത്യേക പരിശീലനങ്ങളും ഈ തലത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്തുകളിൽ സംരംഭകത്വം ഹെൽപ്പ് ഡെസ്കുകൾ എന്നൊരു സ്ഥിരം സംവിധാനത്തെ കുറിച്ച് ആലോചിക്കാവുന്നതാണ്.

ജില്ലാ പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകൾ, സംരംഭകർ, തൊഴിൽ അന്വേഷകർ, എന്നിവർക്ക് ആവശ്യമായ നൂതന സാങ്കേതിക വൈജ്ഞാനിക അക്കാദമിക പിന്തുണ നൽകാൻ ഇത്തരം സംവിധാനങ്ങളിലൂടെ കഴിയണം.

### 8.1.8 ജില്ലാതല മാതൃക സംരംഭക പദ്ധതികൾ

ഗ്രാമപഞ്ചായത്തുകളുടെ അതിർവരമ്പുകൾ ഒഴിവാക്കി ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വിവിധ സംരംഭക വികസന മാതൃക പദ്ധതികൾക്ക് പ്രത്യേക പ്രോജക്ടുകൾ

തയ്യാറാക്കാൻ അവസരം ഉണ്ടാക്കണം. ഇത്തരത്തിൽ താഴെ കാണുന്ന മേഖലകളിൽ ഇടപെടലുകൾ നടത്താവുന്നതാണ്

1. **ODOP**: ജില്ലയ്ക്ക് ഏറ്റവും അനുയോജ്യമായ വിഭവസ്രോതസ്സിനെ അടിസ്ഥാനമാക്കി ഉൽപ്പന്നങ്ങളുടെ ഒരു സംരംഭ രൂപീകരണം
2. ഹോസ്റ്റലുകളിലെ ഫർണിച്ചറുകളും ഉൽപ്പന്നങ്ങളുടെ നിർമ്മാണവും സേവനവും നൽകുന്ന ഒരു സംരംഭം ആരംഭിക്കാവുന്നതാണ്
3. ഡിജിറ്റൽ ഹബും വർക്ക് നിയർ ബൈ ഹോം: മാറുന്ന കാലഘട്ടത്തിന്റെ സ്പന്ദനം തിരിച്ചറിഞ്ഞ് നിർമ്മിത ബുദ്ധിയുടെയും മെഷീൻ ലേണിങ്ങിനെയും മറ്റു ICT ഉപയോഗങ്ങളേയും മുൻനിർത്തി ജില്ലയിൽ ഡിജിറ്റൽ ഹബ്ബുകൾ പോലുള്ള സംവിധാനങ്ങളും ഓൺലൈൻ സാധ്യതകൾ മെച്ചമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും വിധം കൂടുതൽ ഉയർന്നതും കാര്യക്ഷമവും ആയ നെറ്റ്‌വർക്ക്/ഇന്റർനെറ്റ് സൗകര്യങ്ങൾ, Clouding സംവിധാനങ്ങളും ഒരുക്കുന്നവർക്ക് നിയർഫോം പദ്ധതികളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തുടക്കം കുറിക്കാവുന്നതാണ്
4. ഫുഡ് പാർക്കുകളും വ്യവസായ പാർക്കുകളും: ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ വലിയ വ്യവസായ വാണിജ്യ ഇടങ്ങൾ ഒരുക്കുന്നതിന് പ്രത്യേകം സ്ഥലവും അടിസ്ഥാന സൗകര്യവും ഒരുക്കി കൊടുക്കുന്നതുകൊണ്ട് നിക്ഷേപകരെ ആകർഷിക്കുന്ന വ്യവസായ പാർക്കുകൾ തുടങ്ങാവുന്നതാണ്. കൂടാതെ ഭക്ഷ്യ സംസ്കരണത്തിനും ശേഖരണത്തിനും മൂല്യ വർദ്ധന ഉൽപ്പന്നങ്ങൾക്കും വേണ്ടി പ്രത്യേകമായി ഫുഡ് പാർക്കുകളും ആരംഭിച്ചുകൊണ്ട് ജില്ലാതലത്തിൽ വിവിധ ഗ്രാമപഞ്ചായത്തിൽ നിന്നും ഇതിനു വേണ്ടി പ്രത്യേകം ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതാണ്.
5. ടൂറിസം സംരംഭങ്ങൾ: ജില്ലാ പഞ്ചായത്തിലെ ടൂറിസം സാധ്യതകൾ തിരിച്ചറിഞ്ഞ് കൃത്യമായ ഒരു ടൂറിസം വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനും ഇതുവഴി എല്ലാത്തരം ടൂറിസം സംരംഭങ്ങൾക്ക് പ്രയോജനകമായ ഇടപെടൽ നടത്താവുന്നതാണ്. ജില്ലാതല ടൂറിസം സംരംഭങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ തക്ക ഇടപെടലുകളും സാമ്പത്തിക അടിസ്ഥാന സൗകര്യ വികസനം, ട്രാൻസ്പോർട്ടിങ്, മാർക്കറ്റിംഗ് മേഖലകളിൽ നടത്താവുന്നതാണ്.
6. ലോജിസ്റ്റിക് കേന്ദ്രങ്ങൾ: കേരളത്തിൽ വളർന്നു വരുവാൻ ഏറ്റവും സാധ്യതയുള്ള മേഖലയായി ലോജിസ്റ്റിക് വളർന്നിട്ടുണ്ട് കൃത്യമായി ലോജിസ്റ്റിക് സംവിധാനം കൂടി ഒരുക്കേണ്ടതുണ്ട്. ആവശ്യമായതും ലഭ്യമായതുമായ വസ്തുക്കളുടെ ലഭ്യത തുടർന്നും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സ്റ്റോറേജ് സൗകര്യങ്ങളും കൃത്യമായ സമയങ്ങളിൽ അവ ലഭ്യമാക്കേണ്ട ഇടങ്ങളിൽ അവ ലഭ്യമാക്കാൻ ഇത്തരം ലോജിസ്റ്റിക് കേന്ദ്രങ്ങൾ സഹായകമാകുന്നു.

ഉൽപ്പാദന മേഖലയിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുവാൻ ജില്ലാ പഞ്ചായത്തിന് കഴിയേണ്ടതാണ്. ഓരോ ജില്ലയിലും നിലവിലുള്ള ഫാമുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി കൊണ്ട് ആധുനിക വിത്തുകൾ, നടീൽ വസ്തുക്കൾ, സാങ്കേതികയിനം പുതിയ

സാങ്കേതികവിദ്യകൾ എന്നിവ ഉപയോഗപ്പെടുത്തി സംരംഭ സാധ്യതകൾ ഉയർത്താവുന്നതാണ്. മൃഗസംരക്ഷണം, മത്സ്യമേഖലയെ കൂടി ഉൾപ്പെടുത്തി വൈവിധ്യവൽക്കരണം സാധ്യമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

സംരംഭങ്ങളുടെ ക്ലസ്റ്ററിംഗ്-ജില്ലാതല ഫെഡറേഷൻ-കോമൺ ഫെസിലിറ്റി സെന്റർ-അസംസ്കൃത വസ്തുക്കളുടെ സംഭരണം, സംസ്കരണം, വിതരണം എന്നിവയ്ക്കുള്ള പിന്തുണ സംവിധാനങ്ങൾ ഉൽപ്പന്ന വൈവിധ്യവൽക്കരണം.

## 8.2 പശ്ചാത്തല വികസനം, മരാമത്ത് പ്രവൃത്തികൾ, ആസ്തി പരിപാലനം

### 8.2.1 പൊതുമരാമത്ത് പ്രവൃത്തികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാദേശിക പശ്ചാത്തല വികസന പ്രവർത്തനങ്ങൾ ഭൂരിഭാഗവും നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിങ് വിഭാഗമാണ്. പൊതുമരാമത്ത്, ഇറിഗേഷൻ, വാട്ടർ അതോറിറ്റി തുടങ്ങിയ മറ്റു വകുപ്പുകൾ ഏറ്റെടുത്ത് നടത്തിയിരുന്ന വികസന പ്രവർത്തനങ്ങൾ 2008 ൽ എൻജിനീയറിങ് വിഭാഗം രൂപീകരിച്ചത് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നിർവ്വഹണം നടത്താൻ ആരംഭിച്ചു. മറ്റു വകുപ്പുകൾ മുഖേന ഇപ്പോഴും പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കാൻ ഡെപ്പോസിറ്റ് പ്രവൃത്തികൾ വഴി സാധ്യമാണെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് എൻജിനീയറിങ് വിഭാഗത്തിന്റെ രൂപീകരണം നല്ല രീതിയിൽ സഹായിച്ചിട്ടുണ്ട്. മൊത്തം പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്കും മരാമത്ത് പണികൾ ഉൾപ്പെട്ട വികസന പ്രവർത്തനങ്ങൾക്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിൽ 30 മുതൽ 55 ശതമാനം വരെയും ബ്ലോക്ക് പഞ്ചായത്തുകളിൽ 25 മുതൽ 50 ശതമാനം വരെയും ജില്ലാ പഞ്ചായത്തുകളിൽ 45 മുതൽ 65 ശതമാനം വരെയും വരുന്ന പദ്ധതി തുക മരാമത്തു പ്രവൃത്തികൾക്കായാണ് ചെലവഴിക്കുന്നത്. ആയതിനാൽത്തന്നെ ഈ പ്രവൃത്തികൾ ശാസ്ത്രീയവും ജനോപകാരപ്രദവും അഴിമതിരഹിതവും, ഗുണമേന്മയോടും, കാര്യക്ഷമവും സമയബന്ധിതവുമായി നിർവ്വഹിക്കുന്നതിനു ജില്ലാ പഞ്ചായത്തുകൾക്ക് ഉത്തരവാദിത്തമുണ്ട്.

അധികാരവികേന്ദ്രീകരണം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, മാലിന്യ സംസ്കരണ പദ്ധതികൾ, മണ്ണ്, ജലസംരക്ഷണം തുടങ്ങിയവയുടെ നിർമ്മാണവും പരിപാലനവും ആണ് പ്രധാനമായും പൊതുമരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുന്നത്. ഉൽപാദന, സേവന, പശ്ചാത്തല മേഖലകളിലാണ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നത്. ചീഫ് എൻജിനീയർ മുതൽ താഴെത്തട്ടിലുള്ള ഓവർസിയർ വരെയുള്ള ഉദ്യോഗസ്ഥരാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. എം.പി, എം.എൽ.എ എന്നിവർ നിർദ്ദേശിക്കുന്ന പ്രവൃത്തികളും, കിഫ്ബി, റീബിൽഡ് കേരള, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, ദുരന്തനിവാരണം, ശുചിത്വ മിഷൻ തുടങ്ങി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിർദ്ദേശിക്കുന്ന മരാമത്ത് പ്രവൃത്തികളും പ്രാദേശിക തലത്തിൽ

നടപ്പിലാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ഗ്രാമ പഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളിൽ എൻജിനീയറിങ് വിഭാഗത്തിന്റെ മേൽനോട്ടം വികസനകാര്യ സ്ഥിരം സമിതിയും ജില്ലാ പഞ്ചായത്തിൽ മരാമത്ത് സ്ഥിരം സമിതിയും വഹിക്കുന്നു.

#### 8.2.1.1 മേഖല തിരിച്ചുള്ള പ്രവൃത്തികൾ

| ഉല്പാദന മേഖല: | സേവനമേഖല: | പശ്ചാത്തല മേഖല: |
|---|---|---|
| • ചെറുകിട ജലസേചന പ്രവൃത്തികൾ<br>• മണ്ണ് സംരക്ഷണ പ്രവൃത്തികൾ<br>• മഴവെള്ള സംരക്ഷണം<br>• മാലിന്യ സംസ്കരണം<br>• ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിർമ്മാണം<br>• ഭൂജലപരിപോഷണം<br>• കൃഷിഭവൻ, മൃഗാശുപത്രി, കെട്ടിട നിർമ്മാണവും പരിപാലനവും<br>• തോടുകൾ, കിണറുകൾ, കുളങ്ങൾ നിർമ്മാണവും പരിപാലനവും | • ആശുപത്രികൾ<br>• വിദ്യാലയങ്ങൾ<br>• അങ്കണവാടികൾ<br>• സാംസ്കാരിക നിലയങ്ങൾ<br>• സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ<br>• കുടിവെള്ള പദ്ധതികൾ<br>• കുടിവെള്ള കിണറുകൾ<br>• വൈദ്യുത ലൈൻ<br>• ശ്മശാനങ്ങൾ<br>• മൂത്രപ്പുര, കക്കൂസ്<br>• കളിസ്ഥലം<br>• നീന്തൽകുളങ്ങൾ | • ഉത്പാദന, സേവന മേഖലയിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ, റോഡുകൾ, പാർശ്വഭിത്തികൾ |

### 8.2.2 മരാമത്ത് പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ

#### 8.2.2.1 പദ്ധതി രൂപീകരണം–ഭരണാനുമതി

ജില്ലാതല പൊതുസഭയിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി തീരുമാനിക്കുന്ന പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. സ്ഥലത്തിന്റെ ലഭ്യതയും ഉടമസ്ഥാവകാശവും കൈവശവും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രവും ലഭ്യമാക്കിയശേഷമേ പദ്ധതികൾ ഏറ്റെടുക്കാവൂ. എൻജിനീയറിങ് വിഭാഗം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് അനുസരിച്ചുള്ള തുക വകയിരുത്തി പദ്ധതികൾ രൂപീകരിക്കുന്ന ചുമതല വർക്കിംഗ് ഗ്രൂപ്പിനാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറായ എൻജിനീയറാണ് സുലേഖ അപ്ലിക്കേഷനിൽ ഡാറ്റ എൻട്രി നടത്തി പദ്ധതികൾ തയ്യാറാക്കേണ്ടത്. ഇങ്ങനെ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഓരോ പദ്ധതിക്കും വകയിരുത്തുന്ന തുക, തുക വകയിരുത്തുന്ന വിഭാഗം, നിർവ്വഹണ രീതി, നിർമ്മാണത്തിന്റെ വിശദാംശങ്ങൾ (നീളം, വീതി, വിസ്തീർണ്ണം തുടങ്ങിയവ) നേട്ടം, ആവശ്യം വേണ്ട രേഖകൾ, പദ്ധതി ഉൾപ്പെടുന്ന മേഖല, നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ, തുടങ്ങിയവയുടെ വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം തയ്യാറാക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ

സ്ഥാപന ഭരണസമിതിയുടെ അംഗീകാരത്തിന് ശേഷം ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിക്കായി സമർപ്പിച്ച് അനുമതി ലഭ്യമാക്കിയതിനുശേഷം ആണ് വാർഷിക പദ്ധതി അന്തിമമാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതിയായി കണക്കാക്കുന്നത്.

ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് 25,000 രൂപ വരെയും ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് 50,000 രൂപ വരെയും ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഒരു ലക്ഷം രൂപ വരെയും ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാമെന്ന് മരാമത്ത് ചട്ടം 4 ൽ പറയുന്നുണ്ട്. ഭരണസമിതിക്ക് ഇക്കാര്യത്തിൽ പരിധിയില്ല.

#### 8.2.2.2 വിശദമായ എസ്റ്റിമേറ്റ്-സാങ്കേതിക അനുമതി

ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ എൻജിനീയറുടെ നേതൃത്വത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണം. പദ്ധതിയിൽ ചെയ്യേണ്ട ഓരോ തരം പ്രവൃത്തിയുടെയും അളവുകൾ പരിശോധന നടത്തി തയ്യാറാക്കുകയും ഭരണാനുമതി തുകയിൽ അധികരിക്കാതെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും വേണം. വിശദമായ എസ്റ്റിമേറ്റിനോടൊപ്പം സൈറ്റ് പ്ലാൻ, വിശദമായ ഡ്രോയിങ്ങുകൾ, പ്രവൃത്തിയെകുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട്, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് എന്നിവ ഉൾപ്പെടുത്തണം. പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് വക യിരുത്തിയിട്ടുള്ള പദ്ധതിയാണെങ്കിൽ പട്ടികജാതി വികസന ഓഫീസർ അംഗീകരിച്ച ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ കൂടി ഉൾപ്പെടുത്തണം. PRICE സോഫ്റ്റ്വെയർ അപ്ലിക്കേഷൻ വഴിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചു അംഗീരിക്കുന്നതിനെയാണ് സാങ്കേതിക അനുമതി ലഭ്യമാക്കുക എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത്. പൊതുമരാമത്ത് മാനുവൽ, പഞ്ചായത്ത് രാജ് ആക്ട് എന്നിവയിൽ പറയുന്ന മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകരിക്കേണ്ടത്. റോഡ് പ്രവൃത്തികൾക്കായി MORD, MORTH സ്പെസിഫിക്കേഷനുകളും കെട്ടിടത്തിനായി DAR സ്പെസിഫിക്കേനുകളും ആണ് ഉപയോഗിക്കേണ്ടത്. കാലാകാലങ്ങളിൽ പുതുക്കുന്ന DSR (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്) നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവ അനുസരിച്ചാണ് എസ്റ്റിമേറ്റ് നിരക്കുകൾ തീരുമാനിക്കുന്നത്. 2021 ലെ DSR നിരക്കാണ് ഇപ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്നത്.

**വിവിധ എഞ്ചിനീയർമാരുടെ സാങ്കേതികാനുമതി പരിധി**

സ. ഉ (കൈ) നം. 86/2022/തസ്വഭവ തീയതി 19/4/22

| | |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | : 30 ലക്ഷം |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | : 125 ലക്ഷം |
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | : 250 ലക്ഷം |
| ചീഫ് എഞ്ചിനീയർ | : പരിധിയില്ല |

#### 8.2.2.3 സാമ്പത്തികാനുമതി

ഭരണാനുമതി, ഡി. പി. സി അംഗീകാരം, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയ ശേഷം സാമ്പത്തികാനുമതി നൽകാവുന്നതാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തിയാണ് സാമ്പത്തികാനുമതി നൽകേണ്ടത്.

### 8.2.3 പശ്ചാത്തല വികസനം, മരാമത്ത് പ്രവൃത്തികൾ, ആസ്തി പരിപാലനം

#### നിർവ്വഹണ രീതികൾ

1. ഗുണഭോക്തൃ സമിതി വഴി
2. അംഗീകൃത കരാറുകാർ വഴി
3. ഡെപ്പോസിറ്റ് പ്രവൃത്തികൾ (KSEB, KWA, GWD)
4. അക്രഡിറ്റഡ് ഏജൻസികൾ (കോസ്റ്റ് ഫോർഡ്, നിർമ്മിതി കേന്ദ്ര etc) മുഖേന
5. അംഗീകൃത ഏജൻസികൾ വഴി (സ്കൂൾ, PTA, പാടശേഖര സമിതി etc)
6. നേരിട്ട്

#### 8.2.3.1 ഗുണഭോക്തൃ സമിതികൾ വഴി

ഒരു ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി വഴി ആവശ്യമെങ്കിൽ നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഭരണസമിതിക്ക് ആവശ്യമെങ്കിൽ ഈ പ്രവൃത്തികൾ ടെൻഡർ വഴിയോ ഇ-ടെൻഡർ മുഖേനയോ നടപ്പിലാക്കാവുന്നതാണ്.

#### 8.2.3.2 ടെൻഡർ/ഇ-ടെൻഡർ വഴി

ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തികൾ നിർബന്ധമായും ഇ-ടെൻഡർ ചെയ്യണം ഒരു ലക്ഷം വരെയുള്ള പ്രവൃത്തികൾ ഇ-ടെൻഡർ, ടെൻഡർ, ഗുണഭോക്ത സമിതി എന്നിവ ഏതെങ്കിലും മുഖേന നടപ്പിലാക്കാവുന്നതാണ്.

#### 8.2.3.3 ഡെപ്പോസിറ്റ് പ്രവൃത്തികൾ

കേരള വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ വകുപ്പുകൾ മുഖേന കുടിവെള്ള പദ്ധതികളോ വൈദ്യുത ലൈൻ നീട്ടുന്ന പ്രവൃത്തികളോ ഡെപ്പോസിറ്റ് പ്രവർത്തികളായി നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത വകുപ്പ് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറി കരാറിൽ ഏർപ്പെടേണ്ടതാണ്.

#### 8.2.3.4 അക്രഡിറ്റഡ് ഏജൻസികൾ വഴി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ (പി എംസി/നോൺ പി എം സി) ഏൽപ്പിക്കാവുന്നതാണ്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ബിഡിങ്/ലിമിറ്റഡ് ടെൻഡർ നടപടികൾ പാലിക്കണം. പി എം സി/നോൺ പി എം സി അംഗീകാരമുള്ള പ്രവൃത്തികൾ മാത്രമേ ഏജൻസികളെ ഏൽപ്പിക്കാൻ പാടുള്ളൂ.

#### 8.2.3.5 അംഗീകൃത ഏജൻസികൾ വഴി

25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ, ടെൻഡർ കൂടാതെ ആവശ്യമെങ്കിൽ സ്വന്തം

നിലയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘാടന ശേഷിയുള്ള സ്കൂൾ PTA, പാടശേഖരണ സമിതികൾ എന്നിവയെ ഏൽപ്പിക്കാവുന്നതാണ്.

#### 8.2.3.6 നേരിട്ടുള്ള നിർവ്വഹണം

ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രം പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നേരിട്ട് നിർവ്വഹണം നടത്താവുന്നതാണ്. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പാലിക്കണം.

### 8.2.4 നിർമ്മാണം, അളവുകൾ രേഖപ്പെടുത്തൽ, ബിൽ തയ്യാറാക്കൽ

#### 8.2.4.1 നിർമ്മാണം അളവുകൾ രേഖപ്പെടുത്തൽ

പ്രവൃത്തി ഏറ്റെടുത്ത ഏജൻസിയെ അല്ലെങ്കിൽ കരാറുകാരനെ തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി അംഗീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഏജൻസി/കരാറുകാരനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും വേണം. പ്രവൃത്തി നടത്തുന്നതിനുള്ള സ്ഥലം കൈമാറി നൽകിയാൽ ഏജൻസിക്ക്/കരാറുകാരന് പ്രവൃത്തി ആരംഭിക്കാം. പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും അളവുകൾ PRICE സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തണം. എല്ലാ പ്രവൃത്തികളുടെയും അളവുകൾ രേഖപ്പെടുത്തേണ്ടത് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറും അസിസ്റ്റന്റ് എൻജിനീയർ രേഖപ്പെടുത്തിയ അളവുകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ്. പൊതുമരാമത്ത് മാനുവൽ അനുശ്വാസിക്കുന്ന എല്ലാ ഗുണനിലവാര പരിശോധനകളും ഓരോ സമയത്തും നടത്തിയിരിക്കണം. പ്രവൃത്തിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ സമയത്തിനുള്ളിൽ ഏജൻസി/കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കണം. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തിയിൽ മാറ്റങ്ങൾ വരികയാണെങ്കിൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുകയും അംഗീകാരം വാങ്ങിക്കുകയും ഏജൻസി/കരാറുകാരൻ അനുബന്ധ കരാറിൽ ഏർപ്പെടുകയും വേണം. പൂർത്തീകരണ സമയം നീട്ടി നൽകുന്ന സാഹചര്യത്തിലും അനുബന്ധ കരാറിൽ ഏർപ്പെടണം.

#### 8.2.4.2 ബില്ല് തയ്യാറാക്കൽ, തുക കൈമാറൽ

പ്രവൃത്തി പുരോഗമിക്കുന്ന വേളയിൽ ഏജൻസി/കരാറുകാരൻ ആവശ്യപ്പെടുന്ന സമയത്ത് പ്രവൃത്തിയുടെ അളവും ഗുണമേന്മയും ഉറപ്പുവരുത്തിയശേഷം പാർട്ട് ബിൽ തയ്യാറാക്കുകയും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ അന്തിമ ബില്ല് തയ്യാറാക്കുകയും വേണം. PRICE സോഫ്റ്റ്‌വെയർ മുഖേനയാണ് ബില്ലുകളും തയ്യാറാക്കേണ്ടത്. ഓരോ ഉദ്യോഗസ്ഥരും നിശ്ചയിച്ചിട്ടുള്ള സാമ്പത്തികപരിധി അനുസരിച്ച് ബില്ല് പാസാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ ബിൽ തുക ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ-സ്മാർട്ട് വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടതും ബിൽ തുക ഏജൻസിക്ക്/കരാറുകാരന് നൽകേണ്ടതും ആവശ്യമായ നികുതികൾ, പിഴ, നീക്കിയിരിപ്പ് തുക തുടങ്ങിയ കുറക്കലുകൾ എല്ലാം കെ-സ്മാർട്ട് വഴി നടത്തണം.

#### 8.2.4.3 മോണിറ്ററിംഗ്

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ് പ്രവൃത്തികളുടെ മോണിറ്ററിങ് നടത്തേണ്ടത്. പ്രവൃത്തിയുടെ ആരംഭഘട്ടം മുതൽ മോണിറ്ററിംഗ് സമിതിക്ക് നിർദ്ദേശങ്ങൾ നൽകാം. പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള മോണിറ്ററിംഗ് സംവിധാനം കൂടി മരാമത്ത് പ്രവൃത്തികൾക്ക് ബാധകമാണ്. ഒരു പ്രവൃത്തിയുടെ ഡിഫക്ട് ലൈബിലിറ്റി പിരീഡിൽ (ഗ്യാരണ്ടി പിരീഡിൽ) സംഭവിക്കുന്ന എല്ലാ കേടുപാടുകളും തീർക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവൃത്തി നടത്തിയ ഏജൻസിക്ക്/കരാറുകാരന് ഉത്തരവാദിത്തം ഉണ്ടായിരിക്കും. നിർമ്മാണ സമയത്തും പ്രവൃത്തി പൂർത്തിയായതിന് ശേഷവും ആവശ്യമായ ബോർഡുകൾ പ്രവൃത്തിസ്ഥലത്ത് വെയ്ക്കേണ്ടതാണ്.

#### 8.2.4.4 പൊതുവായ കാര്യങ്ങൾ

1. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക അനുമതി നൽകൽ, പ്രവൃത്തിയുടെ മേൽനോട്ടം, അളവുകൾ രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ എന്നിവ നടത്തേണ്ടത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനറായി ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് എൻജിനീയർമാർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയാണ്. അംഗീകരിച്ച നിരക്ക് പ്രകാരം ഇലക്ട്രിക്കൽ എൻജിനീയർമാർക്ക് പ്രതിഫലം നൽകണം ടെക്നിക്കൽ കമ്മിറ്റി അംഗമായ ഒരു ഇലക്ട്രിക്കൽ എൻജിനീയറും ആയി തദ്ദേശ സ്വയംഭരണ സ്ഥാപനം കരാറു ഉടമ്പടിയിൽ ഏർപ്പെടണം.
2. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും R-TRACK മൊബൈൽ ആപ്പ് ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിലും R-TRACK മൊബൈൽ ആപ്പിലും നിലവിൽ ലഭ്യമാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ഒരുതരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാൻ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തരഘട്ടങ്ങളിൽ ഓടകളിലെയും മാലിന്യനിർമ്മാർജ്ജന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.
4. ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും മാത്രമേ റോഡുകൾ കൈവശത്തിലുള്ളു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡുകളില്ല.
5. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ്ണമായും ഗതാഗതയോഗ്യമാക്കിയതിനുശേഷം മാത്രം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് നവീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലം ഉള്ള സമ്മതം വാങ്ങണം.

6. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് നവീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം വാങ്ങണം. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾക്ക് മുൻഗണന നൽകണം.
7. ഊർജ്ജ പ്രോജക്ടുകളായി വൈദ്യുത ലൈൻ നീട്ടൽ, സോളാർ സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതും എനർജി ഓഡിറ്റ് നടത്തേണ്ടതും ആണ്.
8. ആക്ട് സെഷൻ 156(5) പ്രകാരം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന സാഹചര്യത്തിൽ ആവശ്യമായ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് പഞ്ചായത്ത് അധ്യക്ഷന് ഉത്തരവ് നൽകാവുന്നതാണ്. എന്നാൽ പ്രസ്തുത നടപടി തൊട്ടടുത്ത് വരുന്ന ഭരണസമിതി അംഗീകരിക്കേണ്ടതാണ്.

## 8.2.5. ആസ്തി പരിപാലനം

ആസ്തികളുടെ പരിപാലനവും സംരക്ഷണവും ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പ്രധാന ഉത്തരവാദിത്തമാണ്. ഉപയോഗരഹിതമായ ആസ്തികൾ ബാധ്യത ഉണ്ടാക്കുന്നതും ആയതിനാൽ അവ ഒഴിവാക്കുന്നതിൽ പഞ്ചായത്തുകൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. കേരളാ പഞ്ചായത്തിരാജ് ആക്ട് 1994 പ്രകാരമുള്ള അനിവാര്യ ചുമതലകളും പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതാണ്. ആസ്തികളുടെ മൂല്യം പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അളവുകോൽ കൂടിയാണ്.

### 8.2.5.1 നിയമപരമായ ബാധ്യത

കേരളാ പഞ്ചായത്തിരാജ് ആക്ട് പ്രകാരം പഞ്ചായത്തിന് അതിന്റെ പരിധിക്കുള്ളിലോ പുറത്തോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ ഏതെങ്കിലും പൊതു സൗകര്യം ഏർപ്പെടുത്തുന്നതിനും സേവനം നൽകുന്നതിനുവേണ്ടി ആർജ്ജിക്കാവുന്നതും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അതിന്റെ ഏതൊരു ആസ്തിയും വിൽപ്പന മുഖാന്തരം മറ്റു വിധത്തിലോ കയ്യൊഴിയാവുന്നതുമാണ്. (രണ്ടായിരത്തിലെ കേരള വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ ചട്ടം 3 കൂടി കാണുക)

### 8.2.5.2 വിവിധതരം ആസ്തികൾ

**പാരമ്പര്യ ആസ്തികൾ**

പഞ്ചായത്ത് ഭൂപ്രദേശത്തിനുള്ളിലെ ദേശീയ/സംസ്ഥാനപാതകൾ, മേജർ ഡിസ്ട്രിക്ട് റോഡുകൾ ഒഴിച്ചുള്ള എല്ലാ റോഡുകളും, പൊതുവഴികളും, പാതകളും, പാലങ്ങളും, കിടങ്ങുകളും, തടയണകളും അവയ്ക്ക് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ആസ്തികളും ഇതിൽ ഉൾപ്പെടുന്നു. ജലമാർഗങ്ങൾ, നീരുറവകൾ, ജലസംഭരണികൾ (സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദേശിച്ച നദികൾ ഒഴികെയുള്ളവ).

**ആർജ്ജിത ആസ്തികൾ**

1997-98 നു മുൻപും അതിനു ശേഷവും സ്വയാർജ്ജിത വരുമാനത്തിലൂടെ ആർജിച്ചവയും

അധികാരവികേന്ദ്രീകരണത്തിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമായ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ആർജ്ജിച്ചവയുമാണ് ആർജ്ജിതആസ്തികൾ. ഇവയിൽ സ്ഥാവരവും ജംഗമവുമായ ആസ്തികൾ ഉണ്ട്.

**കൈമാറി കിട്ടിയ ആസ്തികൾ**

കേരളാ പഞ്ചായത്തിരാജ് ആക്ട് 94 പ്രകാരം കൈമാറ്റം ചെയ്തിട്ടുള്ള ആസ്തികളും 18.09.1995 ലെ ജി. ഒ. പി നമ്പർ 189/95 ത.സ്വ.ഭ.വ ഉത്തരവ് മുഖേനയും അതിന്റെ തുടർച്ചയായി ഉണ്ടായ മറ്റ് ഉത്തരവുകളിലൂടെയും കൈമാറ്റം ചെയ്തിട്ടുള്ളതുമായ ആസ്തികളാണിവ. വിദ്യാലയങ്ങൾ, അംഗനവാടികൾ, ആശുപത്രികൾ, കൃഷിഭവനുകൾ, മൃഗാശുപത്രികൾ, പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പ് ഓഫീസുകൾ തുടങ്ങിയവ വിവിധ വകുപ്പുകളിലെ ആസ്തികളുടെ മേൽനോട്ട ചുമതലകൾ ഇപ്രകാരം കൈമാറിയിട്ടുണ്ട്.

**ആസ്തി രജിസ്റ്റർ**

ആസ്തികൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ സാധിക്കു. അതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും കൈവശത്തിലും ഉള്ള ആസ്തികളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ആണ് ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് നിശ്ചിത മാതൃക സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

» ആസ്തി രജിസ്റ്റർ 1
  - ഭൂമി (ഫോറം 1)
  - കെട്ടിടങ്ങൾ (ഫോറം 2),
  - സംസ്കരണം (ഫോറം 9)

» ആസ്തി രജിസ്റ്റർ 2
  - റോഡുകൾ (ഫോറം 3)
  - ലൈനുകൾ (ഫോറം 4)
  - കലിങ്കുകളും പാലങ്ങളും (ഫോറം 5)

» ആസ്തി രജിസ്റ്റർ 3
  - കുടിവെള്ളം (ഫോറം 6)
  - ജലസേചനം (ഫോറം 7)
  - വൈദ്യുതി (ഫോറം 8)

» ആസ്തി രജിസ്റ്റർ 4
  - ജംഗമവസ്തുക്കൾ (ഫോറം 10)

(ജി. ഒ. എം. എസ് നമ്പർ 363/2005 ത.സ്വ.ഭ.വ തീയതി 02/12/2005 സർക്കുലർ നമ്പർ 58609/ഡി ബി 2/2009 ത.സ്വ.ഭ.വ തീയതി 13/01/2010 സ. ഉ(കൈ)നമ്പർ 90/2023 ത.സ്വ.ഭ.വ. തിയതി 9.4.23 എന്നിവ കാണുക.

### 8.2.6 മെയിന്റനൻസ് പ്ലാൻ

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പദ്ധതി തയ്യാറാക്കുന്നതിനോടൊപ്പം സ്വയം

കൈമാറി കിട്ടിയ ആസ്തികൾ സാമൂഹിക ആസ്തികൾ എന്നിവ സംരക്ഷണത്തിനും പരിപാലനത്തിനും ആയി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി പദ്ധതി രേഖയുടെ ഭാഗമാകേണ്ടതാണ് ഈ പ്രത്യേക പദ്ധതിക്ക് മെയിന്റനൻസ് പ്ലാനും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ് ആദ്യ രജിസ്റ്ററിൽ ഉള്ള ആസികളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി സംസ്ഥാന സർക്കാർ മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നു. റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപണികൾക്കുമായി റോഡ് മെയിന്റനൻസ് ഫണ്ടും റോഡ് ഒഴികെയുള്ള ആസികളുടെ പുനരുദ്ധാരണത്തിന് അറ്റകുറ്റപണികൾക്കുമായി റോഡ് ഇതര മെയിന്റനൻസ് ഫണ്ടും ആണ് സർക്കാർ അനുവദിക്കുന്നത്.

## 8.3. കൃഷി

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ കാർഷിക കേന്ദ്രീകൃതമായ ഒന്നായിരുന്നു. കേരളത്തിലെ നവോത്ഥാനവും സാമൂഹ്യ-സാമ്പത്തിക പുരോഗതിയും സംസ്ഥാനത്തിന്റെ ഗ്രാമീണ ജീവിതരീതിയെയും പ്രാദേശിക സമ്പദ്‌വ്യവസ്ഥയെയും ഗണ്യമായി മാറ്റിമറിച്ചു. ഇതിന്റെ ഫലമായി, ഒരുകാലത്ത് ഏറ്റവും പ്രധാനമായ ഉൽപ്പാദനമേഖലയായിരുന്ന കൃഷി, ഇന്ന് ഗ്രാമീണ സമൂഹത്തിന്റെ പരിമിതമായൊരു വിഭാഗത്തെ മാത്രം നേരിട്ട് സ്പർശിക്കുന്ന ഒരു സാമൂഹിക ഘടകമായി ചുരുങ്ങിയിരിക്കുകയാണ്. മനുഷ്യവികസനത്തിലെ ഉയർന്ന നേട്ടങ്ങൾ, ഗ്രാമപ്രദേശങ്ങളിലേക്ക് വരെ വ്യാപിച്ച നഗരവൽക്കരണം, സേവനമേഖലയുടെ വേഗതയേറിയ വളർച്ച—ഇവയൊക്കെയാണ് ഈ മാറ്റത്തിന് പിന്നിലെ പ്രധാന കാരണങ്ങൾ. എന്നാൽ ഈ പ്രഗതിയുടെ മറുവശത്ത്, കൃഷി നൽകിയിരുന്ന ഭക്ഷ്യസുരക്ഷ, തൊഴിൽസാധ്യത, സാംസ്കാരിക ഐക്യം തുടങ്ങിയ മൂല്യങ്ങൾ ഗ്രാമീണ കേരളം നഷ്ടപ്പെടുത്തി.

സാധാരണയായി കേരളത്തിലെ കൃഷിയെ വിശേഷിപ്പിക്കുന്നത് ചെറുതും വിഭജിതവുമായ കൃഷിഭൂമികൾ, കർഷകരുടെ ഉയർന്ന സാക്ഷരത, കർഷകത്തൊഴിലാളികളുടെ കുറവ്, ഭക്ഷ്യവിളകൾ-നാണ്യവിളകൾ-മൃഗസംരക്ഷണം-മത്സ്യകൃഷി എന്നിവയുടെ മിശ്രിതമായ കൃഷിരീതി എന്നിങ്ങനെയാണ്. എന്നാൽ സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ വൈവിധ്യം കാരണം കേരളത്തിലെ പ്രധാന വിളകളിൽ വ്യക്തമായ പ്രാദേശിക ഭേദഗതികൾ കാണാം:

കടലിനോട് ചേർന്ന മണൽമണ്ണുള്ള താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങ്, പൊക്കാളി നെല്ല് പോലുള്ള ഉപ്പിനെ പ്രതിരോധിക്കുന്ന വിളകൾ.

പുഴകളോട് ചേർന്ന മധ്യമേഖലയിലെ ചെമ്മൺ കുന്നുകളും കളിമണ്ണും ഉള്ള പ്രദേശങ്ങളിൽ നെല്ല്, വാഴ, മരച്ചീനി, വെള്ളരി, പയർ, വെണ്ട തുടങ്ങിയ പച്ചക്കറി വർഗ്ഗങ്ങൾ.

കിഴക്കൻ മലയോര മേഖലകളിൽ തെങ്ങ്, കവുങ്ങ്, സുഗന്ധവ്യഞ്ജനങ്ങൾ, വിവിധ പ്ലാന്റേഷൻ വിളകൾ.

ഈ അമൂല്യ വിളവൈവിധ്യം കേരളത്തിന്റെ പ്രകൃതിദത്ത സമ്പത്തിന്റെ പ്രതീകമായിട്ടുമാത്രമല്ല, മറിച്ച് പ്രാദേശിക കാലാവസ്ഥാ വ്യതിയാനങ്ങളോട് പൊരുത്തപ്പെട്ട് നിലനിൽക്കാനുള്ള കേരള കർഷകരുടെ കഴിവിന്റെയും തെളിവാണ്.

കാലങ്ങളായി നടപ്പിൽ വന്ന കൃഷിഭൂമികളുടെ പരിവർത്തനം, തൊഴിലാളി ക്ഷാമം, അന്യസംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന വിളകൾ, കൃഷിച്ചെലവുകളുടെ

വർദ്ധന, കാലാവസ്ഥാ വ്യതിയാനങ്ങളാൽ തുടങ്ങിയ വെല്ലുവിളികൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും, ഇന്നത്തെ കേരളത്തിൽ സർക്കാർ, സഹകരണസംഘങ്ങൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർ ചേർന്ന് കൃഷിയെ പ്രാദേശികതലത്തിൽ പുനരുജ്ജീവിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഒരു പ്രതീക്ഷാജനകമായ പ്രവണതയാണ്.

### 8.3.1 കൃഷിയുടെ സാമ്പത്തിക പ്രാധാന്യം

കൃഷി ഇന്നും കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദന മൂല്യത്തിൽ (GSDP) ഏകദേശം 10 ശതമാനത്തോളം സംഭാവന ചെയ്യുന്നതോടൊപ്പം, ഗ്രാമീണ ജനസംഖ്യയിലെ 15 മുതൽ 20 ശതമാനം വരെയുള്ളവരുടെ നേരിട്ടോ പരോക്ഷമായോ ഉപജീവനമാർഗ്ഗമായിത്തന്നെ നിലനിൽക്കുന്നു. കൃഷി നൽകുന്ന സാമ്പത്തിക മൂല്യത്തിനു പുറമെ, ഗ്രാമജീവിതത്തിന്റെ സാമൂഹിക ഘടന നിലനിർത്താനും വിത്ത്-തൈ ഉൽപ്പാദനവും വ്യാപാര ശൃംഖലകളും, കൃഷിയന്ത്രോപകരണങ്ങൾ, രാസവളങ്ങളും മറ്റ് ഇൻപുട്ടുകളും, പ്രാദേശിക ഭക്ഷ്യ മാർക്കറ്റുകളും ഭക്ഷ്യപ്രോസസിംഗ് യൂണിറ്റുകളും പോലുള്ള അനുബന്ധ മേഖലകളുടെ പ്രവർത്തനത്തിനും കൃഷി നിർണ്ണായകമാണ്.

അടുത്തകാലത്തായി കേരളത്തിൽ ഉപഭോഗ പ്രവണതയിൽ ശ്രദ്ധേയമായ മാറ്റം സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്ന മധ്യവർഗ്ഗത്തിലും ഏറ്റവും കൂടുതൽ വാങ്ങൽ ശേഷിയുള്ള ഉപരിവർഗ്ഗത്തിലും, സംസ്ഥാനത്തിനുള്ളിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും വിശ്വസനീയവുമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി അന്യസംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതായാലും, പ്രാദേശികമായി കൃഷി ചെയ്ത പച്ചക്കറികൾ, അരി, പഴങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളാണ് ഉപഭോക്താക്കൾ കൂടുതൽ വില നൽകി വാങ്ങാൻ ആഗ്രഹിക്കുന്നത്. ഈ പ്രവണതയ്ക്ക് പിന്നിൽ പ്രാദേശിക കർഷകരോടുള്ള വിശ്വാസം, ഉൽപ്പന്നങ്ങളുടെ പുതുമ, രാസാവശിഷ്ടങ്ങളുമായി ബന്ധപ്പെട്ട ആശങ്കകൾ, ഭക്ഷ്യസുരക്ഷയിലേക്കുള്ള ബോധവൽക്കരണം തുടങ്ങിയ ഘടകങ്ങളാണ് പ്രവർത്തിക്കുന്നത്.

ഈ മാറ്റം പ്രാദേശിക കൃഷിയെ ഉയർന്ന മൂല്യമുള്ള പ്രാദേശിക വ്യവസായമേഖലയായി മാറ്റിയിരിക്കുന്നു. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യവിളകൾ പ്രീമിയം വിലയ്ക്ക് വിൽക്കാനുള്ള ഈ അവസരം, കർഷകർക്ക് കൃഷിയിൽ തുടരാനുള്ള പുതിയ പ്രചോദനമായി മാറിയിരിക്കുന്നു. സുരക്ഷിതമായ കൃഷിരീതികളെ പിന്തുണച്ച്, പ്രാദേശിക ബ്രാൻഡുകൾ രൂപപ്പെടുത്തി, കുറഞ്ഞ ദൂരത്തിലുള്ള വിപണന ശൃംഖലകൾ വികസിപ്പിച്ച്, കർഷകരെ നേരിട്ട് കൂട്ടായ മാർക്കറ്റുകളുമായി ബന്ധിപ്പിച്ച്, ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ അവസരം ഫലപ്രദമായി പ്രയോജനപ്പെടുത്താനാകും.

### 8.3.2 സാമൂഹികവും പരിസ്ഥിതിപരവുമായ പ്രാധാന്യം

കേരളത്തിലെ കൃഷിരീതികൾ സമൂഹത്തെയും പരിസ്ഥിതിയെയും ഒരുപോലെ ആഴത്തിൽ സ്വാധീനിക്കുന്ന പ്രധാന മേഖലയാണ്. സംസ്ഥാനത്തിന്റെ പരമ്പരാഗത കൃഷിരീതികൾ —

നെൽകൃഷി മേഖലകൾ, വീടുകളിലെ അടുക്കള കൃഷികൾ, വാണിജ്യ മിശ്രിതവിള കൃഷി, പ്ലാന്റേഷൻ കൃഷി എന്നിവ — ജീവവൈവിധ്യത്തിന്റെ നിക്ഷേപകേന്ദ്രങ്ങളായും സ്വാഭാവിക കാർബൺ പോഷകങ്ങളായും പ്രവർത്തിക്കുന്നു. ഇതിനോടൊപ്പം തന്നെ ഭൂഗർഭജലനിരപ്പിന്റെ വീണ്ടെടുപ്പ്, ഫലഭൂയിഷ്ഠമായ മണ്ണിന്റെ സംരക്ഷണം, പ്രാദേശിക മൈക്രോക്ലൈമറ്റുകളുടെ നിലനിർത്തൽ തുടങ്ങിയവയിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. അതുവഴി കേരളത്തിലെ പരിസ്ഥിതി സമതുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുന്നു.

അതേസമയം, കൃഷി ഗ്രാമീണ സമൂഹത്തിൽ ഒരു സാമൂഹിക ഐക്യബോധവും പങ്കാളിത്ത ഉത്തരവാദിത്തവും വളർത്തുന്നു. സർക്കാർ, സഹകരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ച പാടശേഖര സമിതികൾ, കർഷക കൂട്ടായ്മകൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs) തുടങ്ങിയ സമൂഹധിഷ്ഠിത സംഘടനകൾ കൃഷിയെ ഒരു സഹപങ്കാളിത്ത സാമൂഹിക സംരംഭമായി പുനർനിർവചിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നത് വഴി സ്ത്രീകൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും സാമ്പത്തിക സ്വാതന്ത്ര്യം നേടാനും, അതോടൊപ്പം സമൂഹത്തിൽ സുരക്ഷിതവും പോഷ കവുമായ ഭക്ഷണം എന്ന ആശയം പ്രോത്സാഹിപ്പിക്കാനും സഹായിക്കുന്നു.

## 8.3.3 പ്രധാന വെല്ലുവിളികൾ

കേരളത്തിലെ കാർഷിക-കാലാവസ്ഥാ വൈവിധ്യങ്ങൾ കൃഷിക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നുണ്ടെങ്കിലും ഉൽപ്പാദനക്ഷമതയും ദീർഘകാല സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ നിരവധി വെല്ലുവിളികൾ നിലനിൽക്കുന്നു.

### 8.3.3.1 ചെറുതും വിഭജിക്കപ്പെട്ടതുമായ കൃഷിയിടങ്ങൾ

- കേരളത്തിലെ ശരാശരി കൃഷിഭൂമി വലുപ്പം 0.2 ഹെക്ടറിൽ താഴെയാണ് — ഇന്ത്യയിലെ ഏറ്റവും കുറഞ്ഞതിലൊന്നാണ്.
- ഭൂമിയുടെ ഈ വിഭജനം യന്ത്രവൽക്കരണത്തിനും വാണിജ്യാടിസ്ഥാനത്തിലുള്ള വൻകിട കൃഷിക്കും തടസ്സമാകുന്നു, ഉൽപ്പാദനച്ചെലവ് ഉയരാനും കാരണമാകുന്നു.
- കൂട്ടുകൃഷി (Group/Cluster Farming) പോലുള്ള കൂട്ടായ മോഡലുകൾക്ക് മതിയായ പ്രോത്സാഹനം ലഭിക്കാത്തതിനാൽ കർഷകർ പലരും കുറഞ്ഞ ലാഭത്തിൽ ഒറ്റപ്പെട്ട നിലയിൽ കൃഷി തുടരുകയാണ്.

### 8.3.3.2 ഉയർന്ന തൊഴിൽച്ചെലവും പരിചയസമ്പന്നരായ തൊഴിലാളികളുടെ കുറവും

- കെട്ടിടനിർമ്മാണം, സേവന മേഖലകൾ തുടങ്ങിയവയിലെ ഉയർന്ന വേതനവ്യവസ്ഥകൾ കാരണം കേരളത്തിലെ കാർഷിക തൊഴിൽച്ചെലവ് ഇന്ത്യയിൽ ഏറ്റവും കൂടുതലാണ്.
- കൃഷിപ്പണികളിൽ പരിചയമുള്ള പ്രാദേശിക തൊഴിലാളികളുടെ ലഭ്യത കുറവായ തോടെ കർഷകർ പലപ്പോഴും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നു.
- യുവതലമുറ മികച്ച വേതനവും ആയാസം കുറഞ്ഞതുമായ മറ്റു തൊഴിൽമേഖലകളിലേക്കും വിദേശത്തേക്കും മാറുന്നത് മൂലം ഗ്രാമീണ കർഷക ജനസംഖ്യ വാർദ്ധക്യത്തിലേക്ക്

നീങ്ങുകയും പരിചയസമ്പന്നരായ യുവ കർഷകർ കുറയുകയും ചെയ്യുന്നു.

#### 8.3.3.3 കാലാവസ്ഥാ വ്യതിയാനവും അതിനാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളും

» കേരളം കാലാവസ്ഥാ വ്യതിയാനത്തിന് ഏറ്റവും കൂടുതലായി ബാധിതമാകുന്ന സംസ്ഥാനങ്ങളിലൊന്നാണ്.

» 2018, 2019 വർഷങ്ങളിലെ അതിതീവ്രമായ വെള്ളപ്പൊക്കങ്ങളും നീണ്ടുനിൽക്കുന്ന വരൾച്ചകളും വലിയ കൃഷിനാശങ്ങൾക്ക് കാരണമായി.

» കുട്ടനാട്, കോൾ പോലുള്ള താഴ്ന്ന പ്രദേശങ്ങളിലെ ഉപ്പുവെള്ളം കയറൽ (Salinity intrusion) നെൽകൃഷിയെയും ശുദ്ധജല സ്രോതസ്സുകളെയും അതിനെ ആശ്രയിച്ച സമൂഹങ്ങളെയും ബാധിക്കുന്നു.

#### 8.3.3.4 പരിമിതമായ യന്ത്രവൽക്കരണം

» ചെറിയ ഭൂമി വിസ്തൃതി കാരണം വലിപ്പമേറിയ യന്ത്രങ്ങൾ പ്രായോഗികമല്ല.

» കോർപ്പറേറ്റ് ആധിപത്യമുള്ള ഇന്ത്യൻ കാർഷിക യന്ത്രനിർമ്മാണ മേഖലയ്ക്ക്, കേരളത്തിനായി അനുയോജ്യമായ ചെറുകിട യന്ത്രങ്ങൾ വികസിപ്പിക്കാനുള്ള ലാഭം ലഭിക്കുന്ന അളവിൽ ഉള്ള വിപണി കേരളത്തിൽ വളർന്നിട്ടില്ല.

» സർക്കാർ/സഹകരണ ഉടമസ്ഥതയിലുള്ള പല കാർഷിക യന്ത്രങ്ങളും പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമല്ല.

» യന്ത്രങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ ആവശ്യമായ “മെഷിനറി ബാങ്കുകൾ” അല്ലെങ്കിൽ “സർവീസ് കേന്ദ്രങ്ങൾ” ഇപ്പോഴും പര്യാപ്തമായി പ്രവർത്തിക്കുന്നില്ല.

» ഇതിന്റെ ഫലമായി ചെറുകിട കർഷകർ ഇന്നും കൈവേലയെ ആശ്രയിക്കേണ്ടി വരുന്നു, ഉൽപ്പാദനച്ചെലവ് കൂടുകയും കാര്യക്ഷമത കുറയുകയും ചെയ്യുന്നു.

#### 8.3.3.5 അശാസ്ത്രീയ കൃഷിരീതികളുടെ വ്യാപനം

» സോഷ്യൽ മീഡിയ കൃഷിയോടുള്ള താൽപ്പര്യം വർദ്ധിപ്പിച്ചെങ്കിലും, അതോടൊപ്പം ശാസ്ത്രീയ അടിസ്ഥാനമില്ലാത്ത, അനുപയോഗയോഗ്യമായ കൃഷിരീതികൾ പ്രചരിക്കുന്നതിനും കാരണമാകുന്നു.

» വിദഗ്ദ്ധരല്ലാത്തവർ സോഷ്യൽ മീഡിയ വഴി കൃഷിക്കായി രാസവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം നിർദ്ദേശിക്കുന്നത് നിയമപരമായും പരിസ്ഥിതിപരമായും അപകടകരമാണ്.

» യൂറോപ്പ്, മധ്യേഷ്യ തുടങ്ങിയ വ്യത്യസ്ത കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ നിന്നുള്ള സാങ്കേതികതകൾ കേരളത്തിന്റെ സാഹചര്യത്തിന് യോജിച്ച രീതിയിൽ മാറ്റമില്ലാതെ നടപ്പിലാക്കുന്നത് പരാജയങ്ങളും സാമ്പത്തിക നഷ്ടങ്ങളും സൃഷ്ടിക്കുന്നു.

#### 8.3.3.6 കീട-രോഗങ്ങളാൽ വിളനാശം

» കാലാവസ്ഥാ അനിശ്ചിതത്വം മൂലം നിരവധി വിളകൾ കീട-രോഗങ്ങളാൽ ബാധിതമാണ്:

- തെങ്ങ്: കൊമ്പൻചെല്ലി, ചെമ്പൻ ചെള്ളി, മണ്ടരോഗം.

- വാഴ: ഇലപ്പുള്ളി, മാണ വണ്ട്, നിമാവിര.
- നെല്ല്: ബ്ലാസ്റ്റ്, ഷീത്ത് ബ്ലൈറ്റ്, തണ്ടുതുരപ്പൻ, ഓലചുരുട്ടി.
- പച്ചക്കറികൾ: വൈറസ്, ബാക്ടീരിയൽ വാട്ടം, ഫംഗസ് രോഗങ്ങൾ, വിവിധ കീടങ്ങളുടെ ആക്രമണം.

» ഈ പ്രശ്നങ്ങൾ പല പ്രദേശങ്ങളിലും കർഷകരെ കൃഷി നിർത്താൻ വരെ പ്രേരിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു.

#### 8.3.3.7 വിലസ്ഥിരതയുടെ അഭാവവും വിപണി വെല്ലുവിളികളും

» ഉയർന്ന ഉൽപ്പാദനച്ചെലവുള്ള പ്രാദേശിക വിളകൾക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള ഉൽപ്പന്നങ്ങളുമായി വിലയിൽ മത്സരിക്കാൻ പ്രയാസമുണ്ട്.

» ചില വിളകളിൽ (പൈനാപ്പിൾ, വാഴ, മരച്ചീനി/പയർ/ചീര തുടങ്ങിയവ) ഒരേ സീസണിൽ അധിക ഉൽപ്പാദനം മൂലം വിപണിയിൽ വില ഇടിവ് സംഭവിക്കുന്നു.

» നാളികേരം, അടയ്ക്ക, റബ്ബർ, കാപ്പി, ഏലം, കുരുമുളക് തുടങ്ങിയ വിളകളുടെ വില ദേശീയ-അന്തർദേശീയ വിപണിയുടെ ചാഞ്ചാട്ടങ്ങൾക്ക് വിധേയമാണ്.

» സംഭരണവും പ്രോസസിംഗും സംബന്ധിച്ച സൗകര്യങ്ങൾ പരിമിതമായതിനാൽ, കർഷകർക്ക് വിളകൾ കുറഞ്ഞ വിലയ്ക്ക് വിറ്റഴിക്കേണ്ടി വരുന്നു.

» ഇടനിലക്കാരുടെ ആധിപത്യം കാരണം ഉപഭോക്താക്കൾ ചെലവാക്കുന്ന വിലയുമായി താരതമ്യം ചെയ്യുമ്പോൾ കർഷകർക്ക് ലഭിക്കുന്ന യഥാർത്ഥ വരുമാനം വളരെ കുറവാണ്.

#### 8.3.3.8 വന്യജീവി ആക്രമണം

വന്യജീവികളുടെ രൂക്ഷമായ ആക്രമണം മൂലം വൻ തോതിലുള്ള കൃഷിനാശം സംഭവിക്കുന്നു. ഇതുമൂലം കർഷകർ കൃഷിയിടം തരിശിടാൻ നിർബന്ധിതരാവുന്നു. പന്നി, മുള്ളൻപന്നി, മയിൽ, മലയണ്ണാൻ മുതലായവയുടെ ആക്രമണമാണ് കൂടുതൽ വിള നാശമുണ്ടാക്കുന്നത്.

കേരളത്തിലെ കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ പരസ്പരം ബന്ധിച്ചിരിക്കുന്നു - ഭൂമിയുടെ വിഭജനം മുതൽ തൊഴിൽ, കാലാവസ്ഥ, വിപണി, സാങ്കേതികത എന്നിവയിലേക്കും വ്യാപിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ, പ്രാദേശിക ഭരണ സംവിധാനങ്ങൾ ശാസ്ത്രീയമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും, ചെറുകിട കർഷകരെ കൂട്ടായ്മാ അടിസ്ഥാനത്തിൽ ശക്തിപ്പെടുത്തുകയും, പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

### 8.3.4 ഗ്രാമീണ കൃഷിയിലെ അവസരങ്ങൾ

കേരളത്തിലെ ഗ്രാമീണ കൃഷി മേഖല നിലവിൽ പരമ്പരാഗത പരിധികളിൽ നിന്നും മാറി പുതുവഴികൾ തേടുകയാണ്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നിലവാരം, സാങ്കേതിക പുരോഗതി, യുവജനങ്ങളുടെ സംരംഭകത്വ മനോഭാവം എന്നിവ പുതിയ കൃഷി നവീകരണങ്ങൾക്ക് വളമായിട്ടുണ്ട്. "സുസ്ഥിരവും സുരക്ഷിതമായി ഭക്ഷിക്കാവുന്നതുമായ കൃഷി"

എന്ന ആശയം ഇപ്പോൾ പ്രാദേശിക വിപണികളിലും, നഗര കാർഷിക സംരംഭങ്ങളിലും, കൂട്ടായ്മാ കർഷക സംഘങ്ങളിലും ശക്തമായി പ്രത്യക്ഷപ്പെടുന്നു.

#### 8.3.4.1 സാങ്കേതിക നവീകരണങ്ങൾ

ഹൈടെക് പ്രിസിഷൻ കൃഷി, കൃത്രിമ ബുദ്ധി (AI) ഉപയോഗിച്ച് വിളനിരീക്ഷണം, ഡ്രിപ്പ് ഇറിഗേഷൻ, സെൻസർ അധിഷ്ഠിത പോഷക നിയന്ത്രണം തുടങ്ങിയ സാങ്കേതിക വിദ്യകൾ ഇപ്പോൾ കേരളത്തിലെ ചെറിയ കർഷകർ ശ്രദ്ധിച്ചു തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ ഉൽപ്പാദന ചെലവ് കുറയ്ക്കുകയും, ഉൽപ്പാദന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യാം.

#### 8.3.4.2 സുരക്ഷിത ഭക്ഷ്യ ഉൽപ്പാദനം- ബ്രാൻഡിംഗ് സാധ്യതകൾ

സുസ്ഥിര കൃഷിയും സുരക്ഷിത ഭക്ഷണവുമാണ് ഇപ്പോഴത്തെ വിപണി പ്രവണത. “Safe-to-Eat Farming” എന്ന ആശയം, ട്രേസബിൾ ആയ ഉൽപ്പന്നങ്ങൾ വിപണിയിൽ അവതരിപ്പിക്കാൻ കർഷകർക്ക് വലിയ അവസരം സൃഷ്ടിക്കുന്നു. പ്രാദേശിക ബ്രാൻഡുകൾ, സഹകരണ ബാങ്കുകൾ, കർഷക കൂട്ടായ്മകൾ എന്നിവയിലൂടെയുള്ള ഉൽപ്പാദന-വിപണന ബന്ധം ശക്തിപ്പെടുത്താനുള്ള സാധ്യതകൾ കൂടുതലാണ്.

#### 8.3.4.3 സംരംഭകത്വവും യുവജനങ്ങളുടെ പങ്കാളിത്തവും

ചെറിയൊരു ശതമാനം പുതുതലമുറ കർഷകർ ഹൈടെക് പ്രിസിഷൻ കൃഷി, അലങ്കാര കൃഷി, കൃഷിയോട് ചേർന്ന ടൂറിസം (agritourism), value-added ഉൽപ്പന്ന നിർമ്മാണം അവയുടെ ഇ-കൊമേഴ്സ് വിൽപ്പന തുടങ്ങിയ മേഖലകളിൽ സജീവമായി ഇടപെടുന്നുണ്ട്. സർക്കാർ പദ്ധതികൾ — KDISC, കർഷക ഇൻകുബേഷൻ സെന്ററുകൾ, Startup Mission തുടങ്ങിയവ — ഇതിന് പ്രോത്സാഹനം നൽകുന്നു.

#### 8.3.4.4 സഹകരണ വ്യവസ്ഥകളും പ്രാദേശിക വിപണി ശൃംഖലകളും

VFPCK, സഹകരണ ബാങ്കുകൾ, കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ കർഷകർ തങ്ങളുടെ വിപണികൾ ശക്തിപ്പെടുത്താനുള്ള അവസരങ്ങൾ തേടുന്നു. ഇത് ഗ്രാമതലത്തിലുള്ള കൃഷിയെ സാമ്പത്തികമായി കൂടുതൽ സ്ഥിരതയുള്ളതും വിപണിയിൽ സ്വാതന്ത്ര്യമുള്ളതുമായ രീതിയിലേക്ക് നയിക്കുന്നു.

### 8.3.5 ഗ്രാമീണ കൃഷിയിലെ മുന്നോട്ടുള്ള അവസരങ്ങൾ

#### 8.3.5.1 വിപണിയിൽ ഉയർന്ന മൂല്യമുള്ള വിളകളുടെ പ്രോത്സാഹനം

- സുഗന്ധവ്യഞ്ജനങ്ങൾ, തോട്ടവിളകൾ, ആയുർവേദമരുന്ന് ചെടികൾ എന്നിവയുടെ കൃഷിയിൽ കേരളത്തിന് വലിയ സാധ്യതയുണ്ട്.
- ബ്രോക്കോളി, ലെറ്റ്യൂസ്, സുഗന്ധ പച്ചക്കറികൾ, ഡ്രാഗൺ ഫ്രൂട്ട് തുടങ്ങിയ ഉയർന്ന മൂല്യമുള്ള വിളകളുടെ കൃഷി പ്രാദേശികമായി വ്യാപിക്കുന്നു.
- ഉദാഹരണം: കേരളത്തിലെ വിവിധ ജില്ലകളിൽ ഡ്രാഗൺ ഫ്രൂട്ട് കൃഷിക്ക് വലിയ പ്രചാരം ലഭിക്കുന്നു.

### 8.3.5.2 അഗ്രി-ടൂറിസവും പ്ലാന്റേഷൻ അധിഷ്ഠിത സംരംഭങ്ങളും

- » വയനാട്, മൂന്നാർ, തേക്കടി പോലുള്ള തണുത്ത കാലാവസ്ഥ ഉപയോഗപ്പെടുത്തി, അവിടത്തെ തോട്ടങ്ങൾ ഫാം സ്റ്റേകൾക്കും സ്പൈസ് ടൂറുകൾക്കും കേന്ദ്രമാകുന്നു.
- » ഉദാഹരണം: വയനാട്ടിലെ ഹോംസ്റ്റേകൾ കാപ്പി, കുരുമുളക് തോട്ടം സന്ദർശകരെ ഇക്കോ-ടൂറിസവുമായി സംയോജിപ്പിക്കുന്നു.

### 8.3.5.3 ജൈവവും ജിഐ ടാഗുള്ള വിളകളുടെ കയറ്റുമതി സാധ്യത

- » കേരളത്തിന് GI ടാഗുള്ള വിളകൾ നിരവധി ഉണ്ട്:
- • വയനാട് ജീരകശാല അരി
- • വാഴക്കുളം പൈനാപ്പിൾ
- • വയനാട് ഇഞ്ചി
- • ചങ്ങാലിക്കോടൻ പഴം
- • മലബാർ കുരുമുളക്
- • കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി
- » ഉദാഹരണം: വാഴക്കുളം പൈനാപ്പിൾ കർഷകർ മിഡിൽ ഈസ്റ്റ് വിപണിയിൽ കയറ്റുമതി വികസിപ്പിക്കുന്നു.

### 8.3.5.4 കർഷക ഉൽപ്പാദക സംഘടനകളെ ശക്തിപ്പെടുത്തൽ

- » FPOകൾ പ്രാദേശികമായ കർഷക കൂട്ടായ്മകളെ വിപണിയുമായി നേരിട്ട് ബന്ധിപ്പിക്കുന്നു, വിലപേശൽ ശക്തി വർദ്ധിപ്പിക്കുന്നു, ഇൻപുട്ട് ചെലവുകൾ കുറയ്ക്കുന്നു.
- » ഉദാഹരണം: പാലക്കാട് പച്ചക്കറി FPO ഇപ്പോൾ പ്രാദേശിക സൂപ്പർമാർക്കറ്റുകളിലേക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നു.

### 8.3.5.5 ഡിജിറ്റൽ കൃഷിയും അഗ്രി-ടെക് സ്റ്റാർട്ടപ്പുകളും

- » കാർഷിക ആപ്പുകൾ കാലാവസ്ഥാ മുന്നറിയിപ്പുകളും വിള പരിപാലന ഉപദേശങ്ങളും നൽകുന്നു.
- » “ഫാർമേഴ്സ് ഫ്രഷ് സോൺ”, “അഗ്രിമാള”, “സീഡ്ബാസ്കറ്റ്” തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോം കർഷകരെ ഉപഭോക്താക്കളുമായി നേരിട്ട് ബന്ധിപ്പിക്കുന്നു.

### 8.3.5.6 ഗ്രാമതല കൃഷി നവീകരണത്തിന്റെ ഉദാഹരണങ്ങൾ

- » പഞ്ചാരമുട്ട് ഗ്രാമപഞ്ചായത്ത് (കോട്ടയം): “മൈ പാടം” പദ്ധതി വഴി കൂട്ടുകൃഷിക്ക് പ്രോത്സാഹനം.
- » മുക്കം ബ്ലോക്ക് (കോഴിക്കോട്): “ഫുഡ്ഗ്രെയിൻ ബാങ്ക്” വഴി പ്രാദേശിക ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നു.
- » ആലുവ പ്രദേശം: “സേഫ് ടു ഈറ്റ്” ബ്രാൻഡ് വഴി നഗര വിപണിയിൽ നേരിട്ടുള്ള വിൽപ്പന ശൃംഖല.

### 8.3.6 ഗ്രാമീണ കൃഷി നവീകരണത്തിൽ ത്രിതല പഞ്ചായത്തുകളുടെ പങ്ക്

ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ കർഷക പദ്ധതികളുടെ ആസൂത്രണത്തിലും ഫണ്ട് വിനിയോഗത്തിലും പ്രധാന പങ്ക് വഹിക്കുന്നു. ഇന്ന് കേരളത്തിൽ കാണുന്ന കാർഷിക കൂട്ടങ്ങൾ, പാടശേഖര പുനരുദ്ധാരണ പദ്ധതികൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, വനിതാ കർഷക കൂട്ടായ്മകൾ, സ്കൂൾ-കോളേജ് കാർഷിക ക്ലബ്ബുകൾ തുടങ്ങിയ സംരംഭങ്ങൾ ഇവയുടെ നേതൃത്വത്തിലാണ് വളരുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, ജില്ലാതല കെവികെ-കൾ എന്നിങ്ങനെയുള്ള കൃഷിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്ന എല്ലാ സംയോജനങ്ങളും, സമഗ്ര കൃഷി നയം പ്രാദേശികതലത്തിൽ നടപ്പിലാക്കുന്നതിലും കർഷകസംഘങ്ങൾക്കും FPOകൾക്കും പ്രായോഗിക പിന്തുണ നൽകുന്നതിലും ജില്ലാ പഞ്ചായത്തുകൾ ഒരു നിർണ്ണായക പ്ലാറ്റ്ഫോം ആയി മാറിയിട്ടുണ്ട്.

കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് കാർഷിക മേഖലയിലെ അടിസ്ഥാന വികസന ഘടകമാണ്. ഓരോ തലവും വ്യത്യസ്തമായെങ്കിലും പരസ്പരം പൂരകമായ ഉത്തരവാദിത്തങ്ങൾ വഹിക്കുന്നു.

**ഗ്രാമപഞ്ചായത്ത്:**

» കർഷക സമിതികളുടെയും പാടശേഖര സംഘങ്ങളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നു.

» പ്രാദേശിക കൃഷി പദ്ധതികൾ (ജലസംരക്ഷണം, സുരക്ഷിതകൃഷി, ഹോം ഗാർഡൻ തുടങ്ങിയവ) നടപ്പിലാക്കുന്നു.

**ബ്ലോക്ക് പഞ്ചായത്ത്:**

» വ്യത്യസ്ത ഗ്രാമപഞ്ചായത്തുകളിലെ സംയുക്ത കാർഷിക വികസന പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുന്നു.

» പ്രാദേശിക കർഷക മാർക്കറ്റുകൾ, ട്രെയിനിംഗ് ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.

» PMKSY-യുടെ നടത്തിപ്പ്

**ജില്ലാ പഞ്ചായത്ത്:**

» ജില്ലാതല കാർഷിക പദ്ധതികളുടെ ആസൂത്രണവും ധനസഹായ വിതരണവും ഏകോപിപ്പിക്കുന്നു.

» സംസ്ഥാന, കേന്ദ്ര പദ്ധതികളുമായി ഗ്രാമതല പദ്ധതികൾ ബന്ധിപ്പിക്കുന്നു.

» വിവിധ തരത്തിലുള്ള ജില്ലാ ഫാർമുകളുടെ നടത്തിപ്പും ജില്ലാ പഞ്ചായത്ത് നടത്തുന്നു.

ജില്ലയിലെ കാർഷിക ഉത്പാദനം വർധിപ്പിക്കുന്നതിന് വിവിധ കാർഷിക വികസന ഏജൻസികളുടെ സംയോജനവും ഏകോപനവും സാധ്യമാക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും. ലഭ്യമായ പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ട് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുക. ഗ്രാമ, ബ്ലോക്ക് പദ്ധതികളുമായി സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ കാർഷിക ഉല്പന്ന വർദ്ധനവ് നടപ്പിൽ വരുത്താം. ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള കാർഷിക ഫാമുകൾ മാതൃക ഫാമുകളായി

വളർത്തിയെടുക്കാനും അവ ലാഭകരമായിത്തീർക്കുവാനും സാധിക്കുന്നു. അധികം മൂലധനച്ചെലവ് ആവശ്യംവരുന്ന നൂതന കാർഷികരീതികൾ, യന്ത്രവത്കരണം, കൃതിമ ബുദ്ധി (AI) ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ, മൂലവർധനവ്, വിപണനം, എന്നീ മേഖലകളാൽ സജീവമായി ഇടപെടാൻ ജില്ലാ പഞ്ചായത്തുകൾക്ക് സാധിക്കുന്നതാണ്. സർക്കാർ-സ്വകാര്യ-സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യാവുന്നതാണ്.

ത്രിതല പഞ്ചായത്ത് സംവിധാനം കാർഷിക മേഖലയുടെ "പോളിസി ടു പ്രാക്ടീസ്" എന്ന ബന്ധം ഉറപ്പാക്കുന്നതോടൊപ്പം കർഷകർക്ക് നേരിട്ട് പങ്കാളിത്താവകാശം നൽകുന്ന ഘടനയാണ്. ഇതുവഴി കാർഷിക ഉൽപ്പന്ന ഉൽപ്പാദനവും ഗ്രാമവികസനവും ഒരുപോലെ ശക്തിപ്പെടുന്നു.

കേരളത്തിന്റെ കാർഷിക മേഖല ഇന്ന് പരമ്പരാഗത രീതികളെയും ആധുനിക സാങ്കേതികതയെയും ഒരുമിച്ച് ഉൾക്കൊള്ളുന്ന ഒരു മാറ്റഘട്ടത്തിലാണ്. പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വിപണി മൂല്യം ലഭിക്കുന്ന പുതിയ ഉപഭോക്തൃ പ്രവണതകളും, ഡിജിറ്റൽ കൃഷി സംവിധാനങ്ങളും, സഹകരണ അടിസ്ഥാനത്തിലുള്ള ഉൽപ്പാദന കൂട്ടായ്മകളും ഈ മേഖലയിൽ നവോത്ഥാനത്തിന്റെ അടയാളങ്ങളാണ്.

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ സജീവ ഇടപെടൽ കാർഷിക വികസനത്തിന്റെ അടിസ്ഥാനഘടകമായി മാറുകയാണ് — പ്രാദേശിക കർഷകർക്കായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും, പ്രാദേശിക പദ്ധതികൾക്ക് ധനസഹായം ഉറപ്പാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം, സാമൂഹിക-പരിസ്ഥിതിപരമായ സമതുലിതാവസ്ഥയും ഗ്രാമീണ ജീവിതത്തിന്റെ ആത്മാവും നിലനിർത്തുന്ന "സുസ്ഥിര ഗ്രാമീണ കൃഷിയുടെ-കേരള ബദൽ" എന്നതാണ് ഇവയുടെ യഥാർത്ഥ ദിശ. കേരള കാർഷികം ഭാവിയിൽ കൂടുതൽ പ്രതീക്ഷാജനകമാകുന്നത് പ്രാദേശികത, പങ്കാളിത്തം, സാങ്കേതികത എന്ന മൂന്ന് തൂണുകളിൽ നിൽക്കുന്ന ഈ സംയോജിത വളർച്ചാ ദിശയിലാണ്.

## 8.4 മത്സ്യബന്ധന മേഖല

"ദൈവത്തിന്റെ സ്വന്തം നാട്" എന്നറിയപ്പെടുന്ന കേരളം, അറബിക്കടലിനോട് ചേർന്ന് ഏകദേശം 590 കിലോമീറ്റർ നീണ്ട തീരപ്രദേശവും, കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയുടെ വിശാലമായ ശൃംഖലയും കൊണ്ട് അനുഗ്രഹീതമാണ്. ഈ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മത്സ്യബന്ധനത്തെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗതവും സാമ്പത്തികവുമായ മേഖലകളിലൊന്നാക്കി മാറ്റുന്നു. തീരദേശവും ഉൾനാടൻ ജലാശയങ്ങളും കൊണ്ട് സമ്പന്നമായ കേരളത്തിന്റെ മത്സ്യബന്ധന മേഖല സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും ഭക്ഷ്യസുരക്ഷയിലും തീരദേശ ജനതയുടെ ഉപജീവനമാർഗ്ഗത്തിലും സുപ്രധാനമായ പങ്ക് വഹിക്കുന്നു. മത്സ്യബന്ധനത്തെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിക്കാം: കടൽ മത്സ്യബന്ധനം (Marine Fisheries), ഉൾനാടൻ മത്സ്യബന്ധനം (Inland Fisheries), മത്സ്യകൃഷി (Aquaculture).

### 8.4.1 കടൽ മത്സ്യബന്ധനം (Marine Fisheries)

കേരളത്തിന്റെ 590 കിലോമീറ്ററിലധികം നീളമുള്ള തീരപ്രദേശം കടൽ മത്സ്യബന്ധനത്തിന്

അനുകൂലമാണ്.

» പ്രധാന ഇനങ്ങൾ: മത്തി (Sardine), അയല (Mackerel), കണവ (Squid), ചെമ്മീൻ(Prawns), ചൂര(Tuna) തുടങ്ങി അസംഖ്യം മത്സ്യയിനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ലഭ്യമാണ്. ഇവയിൽ പലതും വിദേശനാണ്യം നേടിത്തരുന്ന കയറ്റുമതി ഇനങ്ങളാണ്. പരമ്പരാഗത വള്ളങ്ങൾ മുതൽ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾ വരെ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നു.

### 8.4.2 ഉൾനാടൻ മത്സ്യബന്ധനം (Inland Fisheries)

നാല്പത്തിനാല് നദികൾ, കായലുകൾ, തടാകങ്ങൾ, ജലസംഭരണികൾ, കുളങ്ങൾ എന്നിവ ഉൾപ്പെടുന്ന സംസ്ഥാനത്തെ ഉൾനാടൻ ജലസ്രോതസ്സുകളെ ആശ്രയിച്ചാണ് ഉൾനാടൻ മത്സ്യബന്ധനം നടന്നുവരുന്നത്.

» പ്രധാന ഇനങ്ങൾ: കരിമീൻ (Pearl Spot), കാരി, കൂരി (Catfish), തിലോപ്പിയ (Tilapia), വരാൽ (Snakehead), കാർപ്പ് മത്സ്യങ്ങൾ തുടങ്ങിയവയാണ് ഉൾനാടൻ മത്സ്യങ്ങളിൽ പ്രധാനപ്പെട്ടവ

### 8.4.3 മത്സ്യകൃഷി (Aquaculture)

മത്സ്യസമ്പത്തിന്റെ ശോഷണം നേരിടുന്ന സാഹചര്യത്തിൽ ഉത്പാദനം വർദ്ധിപ്പിക്കാനും വരുമാനം ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ള ശാസ്ത്രീയമായ കൃഷി രീതിയാണ് മത്സ്യകൃഷി.

» ഇനങ്ങൾ: ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലും നടത്തുന്ന ശുദ്ധജല മത്സ്യകൃഷി (കാർപ്പുകൾ, തിലോപ്പിയ), ചെമ്മീൻ, കരിമീൻ എന്നിവ ഉൾപ്പെടുന്ന കായൽ കൃഷി/ ഓരുജല മത്സ്യകൃഷി (Water Brackish Aqua Culture).

» നൂതന രീതികൾ: കൂടുമത്സ്യകൃഷി (Cage Culture), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), ബയോഫ്ളോക്ക് മത്സ്യകൃഷി പോലുള്ള നൂതന സാങ്കേതിക വിദ്യകൾ മത്സ്യോത്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ സഹായിക്കുന്നു.

### 8.4.4 കേരളത്തിൽ മത്സ്യബന്ധനത്തിന്റെ പ്രാധാന്യം

» ഏകദേശം 10 ലക്ഷത്തിലധികം ജനങ്ങൾക്ക് (മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും) നേരിട്ടും അല്ലാതെയുമുള്ള ഉപജീവനമാർഗ്ഗം നൽകുന്നു.

» സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ ഈ മേഖല ഗണ്യമായ സംഭാവന നൽകുന്നു.

» കേരളീയരുടെ ഭക്ഷണത്തിൽ മത്സ്യം ഒരു പ്രധാന പ്രോട്ടീൻ സ്രോതസ്സ് ആണ്. സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ മത്സ്യത്തിന് വലിയ പങ്കുണ്ട്.

» ചെമ്മീൻ, കണവ പോലുള്ള ഈ മത്സ്യങ്ങളുടെ കയറ്റുമതി വഴി രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്നതിൽ കേരളത്തിന്റെ മത്സ്യമേഖല മുൻപന്തിയിലാണ്.

### 8.4.5 മത്സ്യബന്ധനമേഖല നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ

» അമിത ചൂഷണം (Overfishing)

» മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത്: വളർച്ചയെത്താത്ത ചെറിയ മത്സ്യങ്ങളെ (Juvenile fishing) പിടിക്കുന്നത് മത്സ്യസമ്പത്തിന്റെ ഭാവി നിലനിൽപ്പിന് ഭീഷണിയാകുന്നു.
» കാലാവസ്ഥാ വ്യതിയാനം: ചുഴലിക്കാറ്റുകൾ, കടൽക്ഷോഭം, സമുദ്രോപരിതലത്തിലെ താപനിലയിലെ വ്യതിയാനം എന്നിവ മത്സ്യലഭ്യതയെയും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെയും ബാധിക്കുന്നു.
» തീരശോഷണം, മലിനീകരണം: മനുഷ്യന്റെ അനിയന്ത്രിത ഇടപെടലുകൾ (തീരദേശ നിർമ്മാണങ്ങൾ, മണൽ ഖനനം) തീരശോഷണത്തിന് കാരണമാകുന്നു. വ്യവസായിക മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ജലാശയങ്ങളെ മലിനപ്പെടുത്തുന്നു. ഇത് മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയെ തകർക്കുന്നു.
» സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ: മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ വരുമാനം, വിപണിയിലെ ചൂഷണം (വില ഇടനിലക്കാർ തീരുമാനിക്കുന്നത്), കടം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ.
» മോശം അടിസ്ഥാന സൗകര്യങ്ങളും വിപണി പ്രവേശനവും: -പല മത്സ്യത്തൊ ഴിലാളികൾക്കും കോൾഡ് സ്റ്റോറേജ്, പ്രോസസ്സിംഗ് യൂണിറ്റുകൾ, ന്യായമായ വിപണികളിലേക്കുള്ള പ്രവേശനം എന്നിവയില്ല.
» ഉൾനാടൻ മേഖലയിലെ പ്രശ്നങ്ങൾ: ഉൾനാടൻ ജലാശയങ്ങളുടെ ചുരുങ്ങൽ, വിലത്തകർച്ച, രോഗബാധ, വെള്ളപ്പൊക്കം മൂലമുള്ള കൃഷിനാശം.

## 8.4.6 സർക്കാർ ഇടപെടലുകൾ

കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ ഭരണപരമായ മേൽനോട്ടം വഹിക്കുന്നതും, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതും താഴെ പറയുന്ന പ്രധാന സ്ഥാപനങ്ങളാണ്:

### 8.4.6.1 ഫിഷറീസ് വകുപ്പ് (Department of Fisheries, Kerala)

കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ നയപരമായ കാര്യങ്ങൾ, വികസന പദ്ധതികൾ, നിയമനിർമ്മാണം, ഭരണപരമായ നിയന്ത്രണം എന്നിവ കൈകാര്യം ചെയ്യുന്നത് ഫിഷറീസ് വകുപ്പാണ്.

**പ്രധാന ധർമ്മങ്ങൾ**

» പദ്ധതി നടത്തിപ്പ്: മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനിക മത്സ്യബന്ധന മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നു.
» സംരക്ഷണം: ട്രോളിംഗ് നിരോധനം പോലുള്ള നിയമപരമായ നടപടികളിലൂടെയും മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും സുസ്ഥിരത ഉറപ്പാക്കുന്നതിനും ക്രിയാത്മക ഇടപെടലുകൾ നടത്തുന്നു
» അടിസ്ഥാന സൗകര്യങ്ങൾ: മത്സ്യബന്ധന തുറമുഖങ്ങൾ, ലാൻഡിംഗ് സെന്ററുകൾ, മത്സ്യവിൽപ്പന ശാലകൾ എന്നിവയുടെ നിർമ്മാണത്തിനും പരിപാലനത്തിനും

മേൽനോട്ടം വഹിക്കുന്നു.

- സർക്കാർ സഹായം: മത്സ്യത്തൊഴിലാളികളുടെ യാനത്തിനും ഉപകാരങ്ങൾക്കും ഇൻഷുറൻസ്, ജീവൻ രക്ഷാ, നാവിഗേഷൻ ഉപകരണങ്ങളുടെ വിതരണം തുടങ്ങിയ സഹായങ്ങൾ ഏകോപിപ്പിക്കുന്നു.
- പുനർഗേഹംപദ്ധതി: മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക സുരക്ഷാപദ്ധതികൾ ആവിഷകരിച്ച് നടപിലാക്കുന്നു. (മത്സ്യത്തൊഴിലാളി സമഗ്രവികസനവും ശാക്തീകരണവും)

### 8.4.6.2 കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala State Fishermen Welfare Fund Board)

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും ക്ഷേമവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനമാണിത്

**പ്രധാന ലക്ഷ്യങ്ങൾ:**

- പെൻഷൻ: 60 വയസ്സ് കഴിഞ്ഞ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നു.
- മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭാസം പ്രോത്സാഹിപ്പിക്കാനുള്ള ധനസഹായം.
- സാമ്പത്തിക സഹായം: അപകടങ്ങൾ, രോഗങ്ങൾ, വിവാഹം, പ്രസവം, ഭവന നിർമ്മാണം, മരണം തുടങ്ങിയ സാഹചര്യങ്ങളിൽ സാമ്പത്തിക സഹായങ്ങൾ നൽകുന്നു.
- അപകട ഇൻഷുറൻസ്: മത്സ്യബന്ധന സമയത്തോ അല്ലാതെയോ ഉണ്ടാകുന്ന അപകടങ്ങളിൽ മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ആശ്രിതർക്ക്/തൊഴിലാളിക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നു.

### 8.4.6.3 മത്സ്യഫെഡ് (MATSYAFED-Kerala State Co-operative Federation for Fisheries Development Ltd.)

മത്സ്യത്തൊഴിലാളികളുടെ പ്രാഥമിക സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമാണിത്.

**പ്രധാന ധർമ്മങ്ങൾ:**

- വായ്പയും ധനസഹായവും: മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നു.
- വിപണനം: മത്സ്യം കേടുകൂടാതെ സൂക്ഷിക്കാനും സംഭരിക്കാനും വിൽപ്പന നടത്താനും സൗകര്യമൊരുക്കി മെച്ചപ്പെട്ട വിപണന ശൃംഖല ഉറപ്പാക്കുന്നു.
- ഉത്പാദന സഹായം: മത്സ്യത്തൊഴിലാളികൾക്ക് വല, എൻജിൻ, മറ്റ് മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.

### 8.4.6.4 അഡാക്ക് (ADAK-Agency for Development of Aquaculture, Kerala)

സംസ്ഥാനത്ത് മത്സ്യകൃഷി (Aquaculture) വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്ഥാപനമാണിത്.

**പ്രധാന ലക്ഷ്യങ്ങൾ:**

» സാങ്കേതിക സഹായം: മത്സ്യകൃഷി നടത്താൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനം, സാങ്കേതിക ഉപദേശം, സാമ്പത്തിക സഹായം എന്നിവ നൽകുന്നു.

» കൂടുമത്സ്യകൃഷി: കായലുകളിലും റിസർവോയറുകളിലും നടത്തുന്ന കൂടുമത്സ്യകൃഷി പദ്ധതിക്ക് നേതൃത്വം നൽകുന്നു.

» പ്രദർശന യൂണിറ്റുകൾ: ശാസ്ത്രീയമായ മത്സ്യകൃഷി രീതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നു.

### 8.4.6.5 സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൻ (Society for Assistance to Fisherwomen-SAF)

സാഫ് കേരളത്തിലെ മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സർക്കാർ ഏജൻസിയാണ്. തീരദേശ വനിതകളെ സംരംഭകരാക്കി മാറ്റുന്നതിലൂടെ അവർക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം ഉറപ്പാക്കുകയും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയുമാണ് സാഫിന്റെ പ്രധാന ദൗത്യം. മത്സ്യത്തൊഴിലാളി വനിതകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി സാഫ് പ്രധാനമായും താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

» സംരംഭകത്വം പ്രോത്സാഹിപ്പിക്കുക: ചെറുകിട സംരംഭങ്ങൾ (Micro-enterprises) സ്ഥാപിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളി വനിതകൾക്ക് സുസ്ഥിരമായ വരുമാനം ഉറപ്പാക്കുക.

» സാമ്പത്തിക സഹായം: സംരംഭങ്ങൾ തുടങ്ങുന്നതിനും നിലനിർത്തുന്നതിനും വേണ്ട ഗ്രാന്റ്, പലിശ രഹിത റിവോൾവിംഗ് ഫണ്ട് എന്നിവ ലഭ്യമാക്കുക.

» നൈപുണ്യ വികസനം: സംരംഭകത്വത്തിനും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

» സാങ്കേതിക സഹായം: ഉത്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ആധുനിക സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുക.

» വിപണന പിന്തുണ: ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, ഇ-മാർക്കറ്റിംഗ് ശൃംഖലകൾ ഒരുക്കുക.

» സാമൂഹിക വികസനം: ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ ഇടപെടലുകളിലൂടെ സ്ത്രീകളുടെ നേതൃത്വത്തിൽ സാമൂഹിക വികസന പരിപാടികൾ സംഘടിപ്പിക്കുക.

### 8.4.6.6 കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC)

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക ഉന്നമനം, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. KSCADC-യുടെ പ്രവർത്തനങ്ങൾ പ്രധാനമായും താഴെ പറയുന്ന ലക്ഷ്യങ്ങളിൽ അധിഷ്ഠിതമാണ്-

» അടിസ്ഥാന സൗകര്യ വികസനം: മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യബന്ധന ലാൻഡിംഗ് സെന്ററുകൾ, മത്സ്യവിപണന കേന്ദ്രങ്ങൾ തുടങ്ങിയ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.

- തീരദേശ സംരക്ഷണം: തീരശോഷണം തടയുന്നതിനും, കടൽക്ഷോഭത്തിൽ നിന്ന് തീരദേശവാസികളെ സംരക്ഷിക്കുന്നതിനും വേണ്ടി പരിസ്ഥിതി സൗഹൃദപരമായ നിർമ്മാണങ്ങൾ ഏറ്റെടുക്കുക.
- സാമ്പത്തിക ശാക്തീകരണം: മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വേണ്ടി നൈപുണ്യ വികസന പരിശീലനങ്ങൾ നൽകുകയും സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ശുചിത്വ പരിപാലനം: തീരദേശ വാസസ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം, ശുചിമുറി നിർമ്മാണം എന്നിവ ഉറപ്പാക്കി മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുക

ഇതുകൂടാതെ കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്(കാവിൽ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റ് (നിഫാം), സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, സംസ്ഥാന മത്സ്യവിത്തുല്പാദന കേന്ദ്രം തുടങ്ങിയവ ഉൾപ്പെടെ ഉള്ള സംവിധാനങ്ങൾ മത്സ്യമേഖലയുടെ വളർച്ചയ്ക്കായി ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്.

## 8.4.7 മത്സ്യമേഖലയും ജില്ലാ പഞ്ചായത്തും

1994 ലെ കേരള പഞ്ചായത്തിരാജ് ആക്ട് പ്രകാരം ജില്ലാ പഞ്ചായത്ത്കൾക്ക് താഴെ പറയുന്ന മേഖലാ ചുമതലകളാണ് മത്സ്യമേഖലയുമായി ബന്ധപ്പെട്ട് നിഷ്കർഷിച്ചിട്ടുള്ളത്.

**ജില്ലാ പഞ്ചായത്ത്**

- മത്സ്യമാർക്കറ്റുകളുടെയും മാർക്കറ്റിംഗ് ശൃംഖലയുടേയും വികസനം
- മത്സ്യകർഷക വികസന ഏജൻസികളുടെ നിയന്ത്രണം
- ജില്ലാതല മത്സ്യകൃഷി ഫാമുകളുടെ സംസ്ഥാപനവും പരിപാലനവും
- ജില്ലാതല മത്സ്യവിത്ത് ഉല്പാദന കേന്ദ്രം/ഫാക്ടറികളുടെ സ്ഥാപനവും പരിപാലനവും
- മത്സ്യതീറ്റ, ഐസ് ശീതീകരണ സംവിധാനം എന്നിവ സൃഷ്ടിക്കൽ
- ഫിഷറീസ് സ്കൂളുകളുടെ പരിപാലനം
- മത്സ്യമേഖലയിലെ നൂതന സാങ്കേതിക വിദ്യകളുടെ വികസനം
- മത്സ്യത്തൊഴിലാളിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ
- മത്സ്യസഹകരണ സംഘങ്ങളുടെ ഉദ്ധാരണം

## 8.4.8 ജനകീയാസൂത്രണവും മത്സ്യമേഖലയും-വെല്ലുവിളികൾ

- അപര്യാപ്തമായ ധന വിഹിതം: തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക അടങ്കൽ തുകയുടെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് മത്സ്യമേഖലയുടെ വികസനത്തിനായി വകയിരുത്തുന്നത്.
- കുറഞ്ഞ ജനപങ്കാളിത്തം: ഗ്രാമസഭകളിൽ തീരദേശ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പങ്കാളിത്തം കുറവാണ്, ഇത് അവരുടെ ആവശ്യങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നതിന് കാരണമാകുന്നു.

» പദ്ധതി രൂപീകരണത്തിലെ പങ്കാളിത്തക്കുറവ്: മത്സ്യമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആശയ രൂപീകരണ ഘട്ടത്തിലും തുടർ നിർവ്വഹണ പ്രക്രിയയിലും മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം തുലോം കുറവാണ്.
» നൂതന പദ്ധതികളുടെ അഭാവം: നൂതനവും ദീർഘകാല പ്രയോജനം ലഭിക്കുന്നതുമായ (Long-Term/Sustainable) പദ്ധതികൾക്ക് പകരം കേവലമായ പദ്ധതികൾ മാത്രമാണ് കൂടുതലും നടപ്പിലാക്കുന്നത്.
» വിഭവ സംരക്ഷണത്തിലെ അലംഭാവം: നിലവിലുള്ള പദ്ധതികളിൽ വിഭവ ചൂഷണത്തിലധിഷ്ഠിതമായവയ്ക്ക് പ്രാധാന്യം നൽകുമ്പോൾ, മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഉതകുന്ന പദ്ധതികൾ അപര്യാപ്തമാണ്.
» മത്സ്യഭവനുകളുടെ അടിസ്ഥാന സൗകര്യ പോരായ്മ: മത്സ്യഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലുള്ള പോരായ്മകൾ നിലനിൽക്കുന്നു.

### 8.4.9 മത്സ്യമേഖലയിലെ ജില്ലാ പഞ്ചായത്ത് വഴി നടപ്പിലാക്കാവുന്ന പദ്ധതികൾ

സ. ഉ (കൈ) നം. 115/2022/തസ്വഭവ. തിയതി 28.05.2022 ലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുന്ന (സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ). പദ്ധതി പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് വഴി നടപ്പിലാക്കാവുന്നതാണ്.

**ഇടപെടൽ സാധ്യതകൾ**

» കടൽ, ഉൾനാടൻ മേഖലയിലെ മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണം, ജൈവ വൈവിധ്യ സംരക്ഷണം, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുസ്ഥിരമായ ഉപജീവനം എന്നിവ ഉറപ്പു വരുത്തുകയായിരിക്കണം മത്സ്യ മേഖലാ വികസനത്തിലെ മുഖ്യ ലക്ഷ്യം.
» മത്സ്യോത്പാദനം, ഹാച്ചറി, മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ, വിപണനം, മത്സ്യമേഖലയിലെ സേവനങ്ങൾ, എന്നീ മേഖലകളിൽ തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.
» മത്സ്യ വിപണനം ആധുനികവൽക്കരിക്കുന്നതിനും അത് നടത്തുന്നവർക്കുള്ള അടിസ്ഥാന സൗകര്യം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.
» മത്സ്യമേഖല ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനും പുനരധിവാസത്തിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.
» കണ്ടൽവനവത്കരണം ഉൾപ്പെടെയുള്ള തീരസംരക്ഷണ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കണം.
» കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തം മുൻനിർത്തിയുള്ള മുൻകരുതൽ/പ്രതിരോധ നടപടികൾ എന്നിവക്ക് പ്രാധാന്യം നൽകണം.
» കൃഷി-അനുബന്ധ മേഖലകളുമായി ചേർന്ന് സംയോജിത പ്രോജക്ടുകൾ നടപ്പാക്കാം. (eg: Integrated Farming)

» ഉൽപ്പാദന മേഖലയുടെ ഭാഗമായ മത്സ്യബന്ധനത്തിന് വകയിരുത്തേണ്ട തുക കൃത്യമായി നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ മേഖലയ്ക്ക് അർഹമായ വിഹിതം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തണം.
» മത്സ്യബന്ധന മേഖലയുടെ ദീർഘകാല താൽപര്യങ്ങൾ ബലി കൊടുക്കാതെ കടൽ മത്സ്യബന്ധന മേഖലയുടെ സങ്കീർണതകളും വൈകാരിക തലങ്ങളും സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിക്കണം
» മത്സ്യസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം പദ്ധതി ആസൂത്രണം മത്സ്യസഭകളിൽ നിന്ന് ആരംഭിക്കണം
» മത്സ്യോത്പാദന വർദ്ധനവിനൊപ്പം മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെ വികസന തന്ത്രങ്ങൾ ആവിഷ്കരിക്കണം
» മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യമേഖലയ്ക്ക് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം.
» മത്സ്യഭവനുകൾ ആവശ്യമായ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും നൽകി ശാക്തീകരിക്കണം.
» മത്സ്യാവശിഷ്ടങ്ങളിൽ (Fish Waste) നിന്ന് ഗുണമേന്മയേറിയ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
» മത്സ്യ കച്ചവടം നടത്തുന്നവരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ശുചിയായ രീതിയിൽ മത്സ്യ വിപണനം നടത്തുന്നതിനും Stainless Steel Fish Vending Table & insulated ice Box പദ്ധതി നടപ്പിലാക്കാവുന്നതാണ്.
» മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അക്വാപോണിക്സ് പദ്ധതി നടപ്പിലാക്കാവുന്നതാണ്.
» നൂതന മത്സ്യകൃഷി രീതികളായ ബയോഫ്ലോക്, RAS, കൂട്കൃഷി എന്നിവ പ്രോത്സാഹിപ്പിക്കണം.
» ഫിഷ് ഫുഡ് ഓൺ വീൽ(മൊബൈൽ റസ്റ്റോറന്റുകൾ) ആരംഭിക്കണം
» അക്വാടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുക.
» കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് Sea Safety and Navigational Equipments 100% സബ്സിഡിയോടെ നൽകണം
» 1999-ലെ കേരളപഞ്ചായത്തി രാജ് ആക്റ്റ് ഷെഡ്യൂൾ 5 പ്രകാരം ജില്ലാ പഞ്ചായത്തുകളുടെ മേഖലാ ചുമതലയിൽപ്പെട്ട ഏതൊരു മത്സ്യമേഖലാ പ്രവർത്തനവും നൂതന പദ്ധതിയായി ജില്ലാ പഞ്ചായത്തിന് നടപ്പിലാക്കാനാവും. സബ്സിഡി മാനദണ്ഡങ്ങളുടെ പരിതിയിൽ നിന്ന് പുറത്ത് കടന്ന് ജില്ലയിലെ മത്സ്യമേഖലാ, വികസനത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തുകയാണ് വേണ്ടത്.

## 8.5 മൃഗസംരക്ഷണം, ക്ഷീര വികസനം

ആഗോള ഭക്ഷ്യവ്യവസ്ഥയുടെയും സമ്പദ്വ്യവസ്ഥയുടെയും ഒരു പ്രധാന ഭാഗമാണ്

മൃഗസംരക്ഷണ മേഖല. മാത്രമല്ല, ഇത് നിരവധി ആളുകളുടെ ഉപജീവനമാർഗ്ഗത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷ, പോഷകാഹാരം, ദാരിദ്ര്യ നിർമാർജ്ജനം, തൊഴിൽ, സാമ്പത്തിക വളർച്ച എന്നിവയ്ക്ക് മുഖ്യ സംഭാവന ചെയ്യുന്ന ഈ മേഖല കാർഷിക മേഖലയുടെ ഒരു അവിഭാജ്യ ഘടകമാണ്. പാവപ്പെട്ടവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുറഞ്ഞ വരുമാനക്കാർ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും, പ്രധാന സമ്പത്തും, സുരക്ഷാ വലയവും, കോടിക്കണക്കിന് ഗ്രാമീണ, നഗര കുടുംബങ്ങളുടെ പോഷണ സ്രോതസ്സുമാണ് അതിനാൽ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, രോഗ നിയന്ത്രണം, കാലിത്തീറ്റ ഉൽപ്പാദനം, ശാസ്ത്രീയ പ്രജനന രീതികൾ സ്വീകരിക്കൽ, മൂല്യവർദ്ധനവ് എന്നിവയുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത് അത്യാവശ്യമാണ്.

## 8.5.1 മൃഗസംരക്ഷണം, ക്ഷീര വികസനം: ഉത്പാദന മേഖലയിലെ പങ്കും പ്രാധാന്യവും

ആഗോളതലത്തിൽ പാൽ ഉല്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. അതായത് 98.11 കോടി ടൺ വരുന്ന ആഗോള പാൽ ഉത്പാദനത്തിന്റെ 24.76 ശതമാനം വരുന്ന 23.93 കോടി ടൺ പാലും, പാൽ ഉത്പന്നങ്ങളും ഇന്ത്യയിൽ നിന്നുള്ളതാണ്. ദേശീയ തലത്തിൽ, പാൽ ഉൽപ്പന്നങ്ങൾ 2022-23 ലെ 23.64 കോടി ടണ്ണിൽ നിന്ന് 2023-24 ൽ 24.3 കോടി ടണ്ണായി ഉയർന്ന്, 2.68 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട് (ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ-ക്ഷീര വിപണി അവലോകനം, 2024). ഇന്ത്യയിൽ ആളോഹരി പാൽ ലഭ്യത 2023-24 ൽ പ്രതിദിനം 471 ഗ്രാമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, ഇത് ആഗോള ശരാശരിയായ പ്രതിദിനം 329 ഗ്രാമിനേക്കാൾ വളരെ കൂടുതലാണ് (ഫുഡ് ഔട്ട്ലുക്ക് നവംബർ 2024). ഏറ്റവും കൂടുതൽ ആളോഹരി ലഭ്യത പഞ്ചാബിലാണ് (പ്രതിദിനം 1245 ഗ്രാം), തൊട്ടുപിന്നാലെ രാജസ്ഥാൻ (പ്രതിദിനം 1171 ഗ്രാം). പാൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം പതിനഞ്ചാം സ്ഥാനത്താണ്. കേരളത്തിലെ ആളോഹരി ലഭ്യത പ്രതിദിനം 197 ഗ്രാമാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024). 2023-24 ൽ കേരളത്തിന്റെ മൊത്തം പാലിന്റെ ആവശ്യം 31.75 ലക്ഷം മെട്രിക് ടൺ ആയിരുന്നു. എന്നാൽ വാർഷിക ഉത്പാദനം 25.32 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നു. ഈ മേഖലയിലെ സ്വയംപര്യാപ്തതയുടെ കാര്യത്തിൽ സംസ്ഥാനത്തിന് 20 ശതമാനം കുറവുണ്ട്. അതിനാൽ പ്രതിവർഷം ഏകദേശം 6.43 ലക്ഷം മെട്രിക് ടൺ വിടവുണ്ട് (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ). പ്രധാന പാൽ ഉൽപ്പാദന സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കന്നുകാലികളുടെ എണ്ണം കുറവാണെങ്കിലും കേരളത്തിലെ കന്നുകാലി പാലുൽപാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

## 8.5.2 മേഖല നേരിടുന്ന പ്രതിസന്ധികൾ

### 8.5.2.1 ഉയർന്ന തീറ്റ ചെലവ്

കന്നുകാലി മേഖല ഇന്ത്യൻ കാർഷിക മേഖലയുടെ ഒരു അനിവാര്യ ഘടകമാണ്, രാജ്യത്തെ കന്നുകാലി മേഖലയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും, തീറ്റ വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്, കാരണം മൃഗങ്ങളെ വളർത്തുന്നതിനുള്ള

മൊത്തം ചെലവിന്റെ ഏകദേശം 60-70% തീറ്റച്ചെലവാണ്. സംസ്ഥാനത്ത് യഥാർത്ഥത്തിൽ പച്ചപ്പുല്ല്, ഇല തീറ്റയുടെയും കാലിത്തീറ്റയുടെയും ആവശ്യകതയും ലഭ്യതയും തമ്മിൽ ഒരു നിർണായക വിടവ് നിലനിൽക്കുന്നു.

ഇവിടെ പ്രധാനമായും ധാന്യ വിള അവശിഷ്ടങ്ങളാണ് തീറ്റയായി ഉപയോഗിക്കുന്നത്. ഉണങ്ങിയതും പച്ചയുമായ പരുഷാഹാരവും സാന്ദ്രീകൃത തീറ്റയും ആവശ്യമാണ്. സംസ്ഥാനത്ത് കാലിത്തീറ്റയുടെ ക്ഷാമം വർദ്ധിച്ചുവരികയാണ്. നമ്മുടെ കന്നുകാലികളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്, ചെലവുകുറഞ്ഞതും പ്രാദേശികമായി ലഭ്യമായ തീറ്റ സമ്പ്രദായങ്ങളിൽ സൂക്ഷ്മമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. കേരളം ഉയർന്ന തീറ്റ ചെലവാണ് നേരിടുന്നത്. കുറഞ്ഞ വാണിജ്യ മൂല്യം കാരണം, കർഷകർ സാധാരണയായി കാലിത്തീറ്റ വിളകളിലേക്ക് ആകർഷിക്കപ്പെടുന്നില്ല.

കഴിഞ്ഞ മൂന്ന്-നാല് പതിറ്റാണ്ടുകളായി തീറ്റപ്പുൽ കൃഷിയുടെ വിസ്തീർണ്ണം (4.9%) ഏതാണ്ട് സ്ഥിരമായി തുടരുന്നു. ഉപയോഗ്യമല്ലാത്തതും, നശിച്ചതും, നാമമാത്രവുമായ ഭൂമിയിലാണ് പലപ്പോഴും കാലിത്തീറ്റ കൃഷി നടത്തുന്നത്. അത് കുറഞ്ഞ ഉല്പാദനത്തിലേക്ക് നയിക്കുന്നു. സംസ്ഥാനത്തിന്റെ പച്ചപ്പുല്ല് വിതരണത്തിനുള്ള കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് ഏകദേശം 1,12,000 ഹെക്ടർ തീറ്റപ്പുൽ വിളഭൂമിയുണ്ട്. കൂടാതെ, 32.5 ലക്ഷം ഹെക്ടർ വനം കന്നുകാലി വ്യവസായത്തിന് ഭക്ഷ്യ സ്രോതസ്സായി വർത്തിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു. കന്നുകാലി മേഖലയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഏകദേശം 100,000 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമി എന്നിവയും സംസ്ഥാനത്തിനുണ്ട്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, സംസ്ഥാനത്ത് സ്ഥിരമായ മേച്ചിൽപ്പുറങ്ങളോ മറ്റ് മേച്ചിൽപ്പുറങ്ങളോ ഇല്ല. പകരം, സംസ്ഥാനത്തെ കുറച്ച് വ്യത്യസ്ത വൃക്ഷ ഇനങ്ങളും വിളകളും മാത്രമേ തീറ്റയായി ഉപയോഗിക്കുന്നുള്ളൂ. അതായത് കേരളത്തിൽ പ്രത്യേകിച്ച് പച്ചപ്പുല്ല് കൃഷി കുറവാണെങ്കിലും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പച്ചപ്പ് പച്ചപ്പുല്ലിന്റെ ലഭ്യതയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നു.

### 8.5.2.2 തൊഴിലാളികളുടെ ലഭ്യത

കേരളത്തിലെ കന്നുകാലി മേഖല സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ ഒരു നിർണായക ഘടകമാണ്. ആയിരക്കണക്കിന് ഗ്രാമീണ കുടുംബങ്ങൾക്ക് ഇത് അനുബന്ധ വരുമാനം, തൊഴിൽ, ഭക്ഷ്യസുരക്ഷ എന്നിവ നൽകുന്നു. എന്നിരുന്നാലും, കേരളത്തിലെ കന്നുകാലി വളർത്തലിന്റെ സുസ്ഥിരതക്ക് ഒരു പ്രധാന വെല്ലുവിളി തൊഴിലാളി ക്ഷാമമാണ്. വിവിധ സാമൂഹിക-സാമ്പത്തിക, ജനസംഖ്യാ ഘടകങ്ങൾ ഈ തൊഴിൽ ക്ഷാമത്തെ സ്വാധീനിക്കുന്നു. ചെറുകിട സംരംഭങ്ങളിൽ ഊന്നൽ തന്നെയാണ് തൊഴിലാളികളും ചെയ്യുന്നത്.

### 8.5.2.3 കൃഷിയിൽ നിന്ന് മറ്റ് മേഖലകളിലേക്കുള്ള മാറ്റം

കേരളത്തിൽ കൃഷിയിൽ നിന്നും അനുബന്ധ മേഖലകളിൽ നിന്നും സേവന, നിർമ്മാണ മേഖലകളിലേക്ക് വലിയ തോതിൽ തൊഴിൽ മാറ്റം നടന്നുവരുന്നു, ഇവ ഉയർന്ന വേതനവും കുറഞ്ഞ ശാരീരിക സമ്മർദ്ദമുള്ള ജോലിയും വാഗ്ദാനം ചെയ്യുന്നു. വൈറ്റ് കോളർ, ഫാം ഇതര

ജോലികളോടുള്ള, പ്രത്യേകിച്ച് യുവതലമുറയിൽ വർദ്ധിച്ചുവരുന്ന മുൻഗണന, കാർഷിക, കന്നുകാലി തൊഴിലാളികളുടെ ലഭ്യതയിൽ കുത്തനെ ഇടിവിന് കാരണമാകുന്നു.

#### 8.5.2.4 മോശം ജോലി സാഹചര്യങ്ങളും വേതനവും

കന്നുകാലി മേഖലയിലെ ജോലികളിൽ തീറ്റ നൽകൽ, പാൽ കറക്കൽ, വൃത്തിയാക്കൽ തുടങ്ങിയ ബുദ്ധിമുട്ടുള്ളതും 24 മണിക്കൂറും പ്രവർത്തിക്കുന്നതുമായ ജോലികൾ ഉൾപ്പെടുന്നു. കുറഞ്ഞ വേതനം, തൊഴിൽ സുരക്ഷയില്ലായ്മ, പരിമിതമായ സാമൂഹിക ബഹുമാനം എന്നിവയാൽ, ഈ ജോലികൾ പ്രാദേശിക തൊഴിലാളികൾക്ക് ആകർഷകമല്ല. മികച്ച ജോലി തേടി വിദേശങ്ങളിലേക്ക് പോകുന്നതും കുടിയേറ്റ തൊഴിലാളികളെ ആശ്രയിച്ച് മൃഗപരിപാലനം നടത്തേണ്ടി വരുന്നതും ദോഷകരമായി ബാധിക്കുന്നു.

#### 8.5.2.5 കന്നുകാലി വളർത്തലിന്റെ കുറഞ്ഞ ലാഭക്ഷമത

തീറ്റയുടെ ഉയർന്ന വില, വെറ്ററിനറി സേവനങ്ങൾ, സമയത്ത് ലഭ്യമാകാത്തത്, പരിമിതമായ വിപണി, ഉല്പന്നങ്ങൾ എളുപ്പം കേടാവുന്നത് എന്നിവ കാരണം, ചെറുകിട കന്നുകാലി വളർത്തൽ പലപ്പോഴും കുറഞ്ഞ വരുമാനം നൽകുന്നു. ഇത് കർഷകരെയും തൊഴിലാളികളെയും ഈ മേഖലയിൽ സമയവും അദ്ധ്വാനവും നിക്ഷേപിക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നു.

#### 8.5.2.6 വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം

കന്നുകാലി വളർത്തലിന് മൃഗങ്ങളെ കൈകാര്യം ചെയ്യൽ, രോഗം തിരിച്ചറിയൽ, പാൽ കറക്കുന്ന സാങ്കേതിക പരിജ്ഞാനം, തീറ്റ പരിപാലനം തുടങ്ങിയ പ്രത്യേക കഴിവുകൾ ആവശ്യമാണ്. ഈ മേഖലകളിൽ പരിശീലനം ലഭിച്ച തൊഴിലാളികളുടെ കുറവുണ്ട്. മറ്റ് മേഖലകളിൽ ലഭ്യമാണെങ്കിലും, കുടിയേറ്റ തൊഴിലാളികൾക്ക് പോലും കന്നുകാലികളുമായി ബന്ധപ്പെട്ട ജോലികൾക്ക് ആവശ്യമായ പരിജ്ഞാനം പലപ്പോഴും ഇല്ല.

#### 8.5.2.7 നഗരവൽക്കരണവും ഭൂവിനിയോഗ മാറ്റവും

ദ്രുതഗതിയിലുള്ള നഗരവൽക്കരണവും ഭൂവിനിയോഗ രീതികളിലെ മാറ്റങ്ങളും ഗ്രാമീണ ഉപജീവനമാർഗ്ഗങ്ങളെ മാറ്റിമറിച്ചു. സ്ഥലക്കുറവ്, കുറഞ്ഞ സമൂഹ പിന്തുണ, കന്നുകാലി വളർത്തലിന് അനുയോജ്യമായ അന്തരീക്ഷത്തിന്റെ അഭാവം എന്നിവ കാരണം കന്നുകാലി വളർത്തൽ പോലുള്ള പരമ്പരാഗത തൊഴിലുകൾ ക്രമേണ അപ്രത്യക്ഷമാകുന്നു.

### 8.5.3 മൂല്യവർദ്ധിത മൃഗോൽപ്പന്ന വിപണനം: പരിമിതികൾ

കേരളത്തിൽ, മൂല്യവർദ്ധനവിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളരുന്നുണ്ടെങ്കിലും, നിരവധി വെല്ലുവിളികൾ നിലനിൽക്കുന്നുണ്ട്, സ്ഥിരമായ വിപണി ബന്ധങ്ങൾ സ്ഥാപിക്കാൻ ഇത് വലിയൊരു തടസവുമാണ്. സംസ്ഥാനത്തിന് അതിന്റെ മൃഗോൽപ്പന്ന വിഭവങ്ങൾ മുതലെടുക്കാൻ സഹായിക്കുന്ന ഫലപ്രദമായ പരിഹാരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പ്രശ്നങ്ങൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

#### 8.5.3.1 അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളും കോൾഡ് ചെയിൻ സൗകര്യങ്ങളും

മൂല്യവർദ്ധനയിലെ പ്രാഥമിക തടസ്സങ്ങളിലൊന്ന് ആധുനിക സംസ്കരണ യൂണിറ്റുകൾ, കോൾഡ് സ്റ്റോറേജ്, ഗതാഗത സൗകര്യങ്ങൾ, പാക്കേജിംഗ് സംവിധാനങ്ങൾ എന്നിവയുടെ അഭാവമാണ്. പാൽ, മാംസം പോലുള്ള പെട്ടെന്ന് നശിച്ച് പോകുന്ന ഉൽപ്പന്നങ്ങൾക്ക് കൃത്യമായ താപനില നിയന്ത്രണം ആവശ്യമാണ്, ഇത് പലപ്പോഴും ഗ്രാമപ്രദേശങ്ങളിൽ കാണുന്നില്ല. തൽഫലമായി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വലിയൊരു ഭാഗം നഷ്ടപ്പെടുകയോ കുറഞ്ഞ വരുമാനമുള്ള അസംസ്കൃത വസ്തുക്കളായി വിൽക്കേണ്ടി വരികയോ ചെയ്യപ്പെടുന്നു.

#### 8.5.3.2 അവബോധത്തിന്റെയും സാങ്കേതിക പരിജ്ഞാനത്തിന്റെയും അഭാവം

കേരളത്തിലെ മിക്ക മൃഗസംരക്ഷകരും ചെറുകിട അല്ലെങ്കിൽ നാമമാത്രമായവരാണ്, കൂടാതെ സംസ്കരണത്തിന്റെ ശാസ്ത്രീയ രീതികൾ, ശുചിത്വ മാനദണ്ഡങ്ങൾ, ബ്രാൻഡിംഗ്, പാക്കേജിംഗ് എന്നിവയിൽ പലപ്പോഴും പരിശീലനം ഇല്ലാത്തവരുമാണ്. വിപണി പ്രവണതകളെയും ഉപഭോക്തൃ ആവശ്യങ്ങളെയും കുറിച്ചുള്ള അവബോധത്തിന്റെ അഭാവം അസംസ്കൃത ഉൽപ്പന്നങ്ങളെ ഉയർന്ന മൂല്യമുള്ള വസ്തുക്കളാക്കി മാറ്റാനുള്ള അവരുടെ കഴിവിനെ പരിമിതപ്പെടുത്തുന്നു.

#### 8.5.3.3 പരിമിതമായ വായ്പാ, നിക്ഷേപ ലഭ്യത

മൂല്യവർദ്ധനവിന് ഉപകരണങ്ങൾ, സൗകര്യങ്ങൾ, ഗുണനിലവാരം ഉറപ്പാക്കൽ സംവിധാനങ്ങൾ എന്നിവയിൽ ഗണ്യമായ നിക്ഷേപം ആവശ്യമാണ്. പല കർഷകർക്കും ചെറുകിട സംരംഭങ്ങൾക്കും സ്ഥാപനപരമായ വായ്പ, സബ്സിഡികൾ, നിക്ഷേപക പിന്തുണ എന്നിവ ലഭിക്കുന്നതിന് കാലതാമസം നേരിടുകയോ, ആവശ്യമായിട്ടുള്ള തുക ലഭിക്കാതിരിക്കുകയോ ചെയ്യുന്നു ഇത് മൂല്യവർദ്ധിത കന്നുകാലി സംരംഭങ്ങളുടെ വളർച്ചയെ മോശമായി ബാധിക്കുന്നു.

#### 8.5.3.4 നിയന്ത്രണ, ലൈസൻസിംഗ് തടസ്സങ്ങൾ

ലൈസൻസുകൾ നേടുന്നതിനും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും പരിസ്ഥിതി നിയന്ത്രണങ്ങൾ പാലിക്കുന്നതിനുമുള്ള സങ്കീർണ്ണവും സമയമെടുക്കുന്നതുമായ പ്രക്രിയ ചെറുകിട സംരംഭകരെ മൂല്യവർദ്ധിത മൃഗോൽപ്പന്ന മേഖലയിലേക്ക് കടക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നു. ഭക്ഷ്യസുരക്ഷയ്ക്ക് ഈ നിയന്ത്രണങ്ങൾ പ്രധാനമാണെങ്കിലും, ശരിയായ പിന്തുണയില്ലാതെ ചെയ്യാൻ പലപ്പോഴും ബുദ്ധിമുട്ടാണ്.

#### 8.5.3.5 മാർക്കറ്റിംഗ്, ബ്രാൻഡിംഗ് വെല്ലുവിളികൾ

കേരളത്തിലെ മൃഗോൽപ്പന്ന മേഖലയിൽ ശക്തമായ മാർക്കറ്റിംഗ് ചാനലുകളുടെയും ബ്രാൻഡിംഗ് സംരംഭങ്ങളുടെയും അഭാവമുണ്ട്. മിക്ക കർഷകരും തങ്ങളുടെ ഉൽപ്പന്നങ്ങൾ അസംഘടിത പ്രാദേശിക വിപണികളിൽ വിൽക്കുന്നു, കുറഞ്ഞ ലാഭം നേടുന്നു. സഹകരണ തലത്തിലുള്ള ബ്രാൻഡിംഗ്, കയറ്റുമതി ബന്ധം, മൂല്യ ശൃംഖല സംയോജനം എന്നിവയുടെ അഭാവം അവരുടെ വിലപേശലിനെ ദുർബലപ്പെടുത്തുന്നു.

#### 8.5.3.6 വിഘടിച്ച ഉൽപാദനവും കുറഞ്ഞ അളവും

കേരളത്തിന്റെ മൃഗപരിപാലന മേഖലയുടെ സവിശേഷത വിഘടിച്ചതും ചെറുകിട ഉൽപാദനവുമാണ്, ഇത് സ്ഥിരമായ സംസ്കരണത്തിനും വലിയ തോതിലുള്ള മൂല്യവർദ്ധനവിനും ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഏകീകൃത ഗുണനിലവാരവും അളവും ഉറപ്പാക്കുന്നത് ബുദ്ധിമുട്ടാക്കുന്നു. ഇത് ബിസിനസ് പ്രവർത്തനങ്ങളെയും വിതരണ ശൃംഖലയെയും, കാര്യക്ഷമതയെയും പരിമിതപ്പെടുത്തുന്നു.

#### 8.5.3.7 പ്രാദേശികമായി സംസ്കരിച്ച ഉൽപ്പന്നങ്ങളിൽ പരിമിതമായ ഉപഭോക്തൃ വിശ്വാസം

പ്രാദേശികമായി സംസ്കരിച്ച മൃഗജന്യ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം, ശുചിത്വം, സ്ഥിരത എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ കാരണം ഉപഭോക്താക്കൾ പലപ്പോഴും ബ്രാൻഡഡ് ദേശീയ അല്ലെങ്കിൽ അന്തർദേശീയ ഉൽപ്പന്നങ്ങളാണ് ഇഷ്ടപ്പെടുന്നത്. ഈ വിശ്വാസക്കുറവ് പ്രാദേശികമായി മൂല്യവർദ്ധിത മാംസം, പാൽ, മുട്ട ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തെ പ്രതികൂലമായി ബാധിക്കുന്നു.

കേരളത്തിന്റെ മൃഗസംരക്ഷണ മേഖലയിൽ മൂല്യവർദ്ധനവിന് സാധ്യത വർദ്ധിച്ചുവരുന്നുണ്ടെങ്കിലും, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മുതൽ നയപരമായ തടസ്സങ്ങൾ വരെയുള്ള ഒന്നിലധികം വെല്ലുവിളികൾ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, ശേഷി വർദ്ധിപ്പിക്കൽ, നയ പരിഷ്കാരങ്ങൾ, വിപണി പിന്തുണ എന്നിവയിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംസ്ഥാനത്ത് കൂടുതൽ സ്ഥിരതയുള്ളതും ലാഭകരവുമായ ഒരു മൃഗോൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ സമ്പദ്വ്യവസ്ഥ സൃഷ്ടിക്കാൻ സഹായിക്കും. മൃഗോൽപ്പന്ന മൂല്യവർദ്ധനവിൽ കേരളത്തെ ഒന്നാമതെത്തിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം, പരിശീലനം, സഹകരണ സ്ഥാപനങ്ങൾ, ബ്രാൻഡിംഗ് സംരംഭങ്ങൾ എന്നിവയിലെ തന്ത്രപരമായ നിക്ഷേപം നിർണായകമാണ്.

### 8.5.4 മുട്ട, മാംസം എന്നിവയുടെ ഉല്പാദന പിന്നോക്കാവസ്ഥ

മൃഗപരിപാലന മേഖലയിൽ മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം നിർണായക ഘടകങ്ങളാണ്, ഇത് ഭക്ഷ്യസുരക്ഷ, ഗ്രാമീണ വരുമാനം, പോഷകാഹാരം എന്നിവയിൽ ഗണ്യമായ സംഭാവന നൽകുന്നു. എന്നിരുന്നാലും, കേരളത്തിൽ, മുട്ടയുടെയും മാംസത്തിന്റെയും ആഭ്യന്തര ഉത്പാദനം വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ ആഭ്യന്തര ഉല്പാദനം പര്യാപ്തമല്ല, ഇത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിയെ വളരെയധികം ആശ്രയിക്കുന്നതിലേക്ക് നയിക്കുന്നു. ഉയർന്ന ഉപഭോഗ നിരക്കുകൾ ഉണ്ടായിരുന്നിട്ടും, നിരവധി സാമൂഹിക-സാമ്പത്തിക, പാരിസ്ഥിതിക, അടിസ്ഥാന സൗകര്യ ഘടകങ്ങൾ പ്രാദേശിക ഉൽപാദനത്തെ തടസ്സപ്പെടുത്തുന്നുണ്ട്.

#### 8.5.4.1 ഭൂമിയുടെയും സ്ഥലത്തിന്റെയും പരിമിതമായ ലഭ്യത

കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും കാരണം വലിയ തോതിലുള്ള കോഴി വളർത്തലിനും കന്നുകാലി വളർത്തലിനും ഭൂമി ലഭ്യമല്ല. വിശാലമായ ഗ്രാമപ്രദേശങ്ങളുള്ള സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ കർഷകർക്ക് പലപ്പോഴും

ചെറുതും വിഘടിച്ചതുമായ ഭൂമിയാണ് കൈവശമുള്ളത്, ഇത് ഉൽപാദന യൂണിറ്റുകളുടെ വികാസത്തെ നിയന്ത്രിക്കുന്നു.

#### 8.5.4.2 തീറ്റയുടെയും ഇൻപുട്ടുകളുടെയും ഉയർന്ന ചെലവ്

മുട്ടയുടെയും മാംസത്തിന്റെയും ഉൽപാദനത്തിന്റെ ചെലവിന്റെ 60–70% തീറ്റയാണ്. കന്നുകാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും കേരളം മറ്റ് സംസ്ഥാനങ്ങളെ വളരെയധികം ആശ്രയിക്കുന്നു. പ്രാദേശിക തീറ്റ ഉൽപാദനത്തിന്റെ അഭാവം കർഷകരുടെ മേൽ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്നു.

#### 8.5.4.3 വാണിജ്യ സംരംഭങ്ങളുടെ കുറഞ്ഞ തോത്

സംസ്ഥാനത്ത് ധാരാളം ചെറുകിട, നാമമാത്ര കർഷകരുണ്ട്, എന്നാൽ വാണിജ്യാടിസ്ഥാനത്തിലുള്ള കോഴി, കന്നുകാലി വളർത്തൽ പരിമിതമാണ്. പരമ്പരാഗത അടുക്കള മുറ്റത്തെ കൃഷി സാധാരണമാണെങ്കിലും, വിപണി ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ അളവ് ഉൽപാദിപ്പിക്കുന്നില്ല. വൻതോതിലുള്ള ഉൽപാദനത്തിന് ആവശ്യമായ സംയോജനവും വാണിജ്യവൽക്കരണവും ഈ മേഖലയിൽ ഇല്ല.

#### 8.5.4.4 ഉയർന്ന രോഗബാധയും ജൈവസുരക്ഷാ പ്രശ്നങ്ങളും

പക്ഷിപ്പനി, കുളമ്പുരോഗം തുടങ്ങിയ രോഗങ്ങൾ പതിവായി പൊട്ടിപ്പുറപ്പെടുന്നത് കന്നുകാലികളുടെയും പക്ഷികളുടെയും ആരോഗ്യത്തെയും ഉൽപാദനത്തെയും സാരമായി ബാധിക്കുന്നു. ജൈവസുരക്ഷയിലും രോഗ പ്രതിരോധത്തിലും പല ചെറുകിട കർഷകർക്കും ശരിയായ പരിശീലനം ഇല്ല, ഇത് ആവർത്തിച്ചുള്ള നഷ്ടങ്ങൾക്കും ഉല്പാദനം വികസിപ്പിക്കാനുള്ള വിമുഖതയ്ക്കും കാരണമാകുന്നു. അശാസ്ത്രീയമായ ചികിത്സകളും സമൂഹ മാധ്യമങ്ങൾ വഴി പ്രചരിക്കുന്ന തെറ്റായ പ്രവണതകളും യഥാർത്ഥ കർഷകർക്ക് ദോഷം ചെയ്യുന്നുണ്ട്.

#### 8.5.4.5 മേഖലയിലെ തൊഴിലാളി ക്ഷാമം

നൈപുണ്യമുള്ള തൊഴിലാളികളുടെ ക്ഷാമം മുട്ട, മാംസം ഉൽപ്പാദനത്തെ നേരിട്ട് ബാധിക്കുന്നു.

#### 8.5.4.6 അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും വിപണി പിന്തുണയും

കശാപ്പ് സൗകര്യങ്ങൾ, കാര്യക്ഷമമായ വിതരണ ശൃംഖലകൾ, കോൾഡ് ചെയിൻ സംവിധാനങ്ങളുടെ അഭാവം എന്നിവ മാംസത്തിന്റെ ഗുണനിലവാരത്തെയും വിൽപ്പനയെയും ബാധിക്കുന്നു. മോശം അടിസ്ഥാന സൗകര്യങ്ങൾ, ശാസ്ത്രീയ പരിചരണത്തിനെകുറിച്ചു അറിവില്ലായ്മ, മെച്ചപ്പെട്ട പിന്തുണാ സേവനങ്ങളുടെ ലഭ്യതകുറവ് എന്നിവയും ഉത്പാദനത്തെ ബാധിക്കുന്ന കാര്യങ്ങളാണ്. ശരിയായ വിപണന മാർഗങ്ങളില്ലാതെ, നല്ല വില നേടാനും ഉത്പാദനം നിലനിർത്താനും കർഷകർക്ക് ബുദ്ധിമുട്ടാണ്.

#### 8.5.4.7 പരിസ്ഥിതി നിയന്ത്രണങ്ങൾ

കർശനമായ പാരിസ്ഥിതിക നിയന്ത്രണങ്ങളും പ്രാദേശിക എതിർപ്പും പലപ്പോഴും വൻകിട കോഴി, കന്നുകാലി ഫാമുകൾ സ്ഥാപിക്കുന്നത് വൈകിപ്പിക്കുകയോ തടയുകയോ

ചെയ്യുന്നു. മാലിന്യ സംസ്കരണം, മലിനീകരണം, ഭൂവിനിയോഗം എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ, പ്രത്യേകിച്ച് അർദ്ധനഗര പ്രദേശങ്ങളിൽ ഫാം നടത്തിപ്പിനെ തടസ്സപ്പെടുത്തുന്നു.

### 8.5.4.8 ഉപഭോഗ ആവശ്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കൽ

ഈ വെല്ലുവിളികൾ കാരണം, കേരളത്തിന്റെ മാംസത്തിന്റെയും മുട്ടയുടെയും ആവശ്യകതയുടെ ഭൂരിഭാഗവും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. പുറത്തുനിന്നുള്ള വലിയ ഉൽപാദകരുമായുള്ള വിപണി മത്സരം ബുദ്ധിമുട്ടാകുന്നതിനാൽ ഈ ആശ്രയത്വം പ്രാദേശിക നിക്ഷേപത്തെ നിരുത്സാഹപ്പെടുത്തുന്നു.

കേരളത്തിൽ മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം കുറയുന്നത് ഘടനാപരവും സാമ്പത്തികവും നയപരവുമായ വെല്ലുവിളികളുടെ ഫലമാണ്. ഇവയെ അഭിസംബോധന ചെയ്യുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, രോഗ നിയന്ത്രണം, പരിശീലന പരിപാടികൾ, സാമ്പത്തിക സഹായം വിപണനസംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന ബഹുമുഖ തന്ത്രം ആവശ്യമാണ്. സംയോജിത കൃഷി മാതൃകകളും കർഷക സഹകരണ സംഘങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രാദേശിക ഉൽപാദനം വർദ്ധിപ്പിക്കാനും ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാനും കഴിയും.

### 8.5.4.9 നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗ കുറവ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, IoT (Internet Of Things) അടിസ്ഥാനമാക്കിയുള്ള കന്നുകാലി നിരീക്ഷണം, കൃത്യതയാർന്ന ഭക്ഷണം (കമ്പ്യൂട്ടറൈസ്ഡ് ഫീഡ് കംപ്യൂട്ടേഷൻ), ഓട്ടോമേറ്റഡ് പാൽ കറക്കൽ സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ സംയോജനം ആഗോളതലത്തിൽ കന്നുകാലി മേഖലയിൽ വിപ്ലവം സൃഷ്ടിച്ചു. ഈ കണ്ടുപിടുത്തങ്ങൾ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നു, മൃഗങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നു, ചെലവ് കുറയ്ക്കുന്നു. എന്നിരുന്നാലും, സംസ്ഥാനത്തെ വിദ്യാസമ്പന്നരായ ജനസംഖ്യയും പുരോഗമന കർഷക സമൂഹവും ഉണ്ടായിരുന്നിട്ടും, കന്നുകാലി മേഖലയിൽ അത്തരം സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഗണ്യമായി കുറവാണ്. വിവിധ സാമൂഹിക-സാമ്പത്തിക, അടിസ്ഥാന സൗകര്യ തടസ്സങ്ങൾ ഈ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനുള്ള ഉയർന്ന ചെലവും സാങ്കേതിക പരിജ്ഞാനത്തിന്റേയും അഭാവവും കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്.

### 8.5.4.10 അപര്യാപ്തമായ വിപുലീകരണ സേവനങ്ങൾ

സാങ്കേതികവിദ്യാ കൈമാറ്റത്തിൽ വെറ്ററിനറി, കാർഷിക വിപുലീകരണ സേവനങ്ങളുടെ പങ്ക് നിർണായകമാണ്. എന്നിരുന്നാലും, കേരളത്തിൽ, വിപുലീകരണ സംവിധാനങ്ങൾ പലപ്പോഴും ജീവനക്കാരുടെ കുറവോ വിഭവശേഷി കുറവോ കാരണം വേണ്ടത്ര ഫലപ്രദമല്ല. ഗവേഷണ സ്ഥാപനങ്ങളും കർഷകരും തമ്മിലുള്ള വിടവ് നികത്തുന്നതിൽ ഇത് പരാജയപ്പെടുന്നു. ഇത് നൂതനാശയങ്ങളുടെ വ്യാപനവും പ്രയോഗവും മന്ദഗതിയിലാക്കുന്നു.

കുറഞ്ഞ അടിസ്ഥാനസൗകര്യങ്ങളും, മാറ്റത്തിനോടുള്ള വിമുഖതയും, പരമ്പരാഗത മനോഭാവവും പുതിയ രീതികൾ പ്രയോഗിക്കുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു.

### 8.5.4.11 സാങ്കേതിക ദത്തെടുക്കലിനുള്ള നയ പ്രോത്സാഹനങ്ങളുടെ അഭാവം:

മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് കേരളത്തിന് നയങ്ങളുണ്ടെങ്കിലും, സാങ്കേതിക നവീകരണം പ്രോത്സാഹിപ്പിക്കുന്നതിന് വലിയ ഊന്നൽ നൽകുന്നില്ല. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ, സബ്സിഡികൾ, ഉയർന്നുവരുന്ന സാങ്കേതികവിദ്യയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പൈലറ്റ് പദ്ധതികൾ എന്നിവയില്ലാതെ, പുതിയ രീതികൾ സ്വീകരിക്കാൻ കർഷകർ മടിക്കുന്നു.

## 8.5.5 മൃഗസംരക്ഷണം, ക്ഷീര വികസനം: ഉത്പാദന മേഖലയിലെ പരിഹാരങ്ങളും സാധ്യതകളും

ജനസംഖ്യാ മാറ്റങ്ങൾ, സാമൂഹിക ധാരണകൾ, സാമ്പത്തിക യാഥാർത്ഥ്യങ്ങൾ എന്നിവയിൽ വേരൂന്നിയ സങ്കീർണ്ണമായ ഒരു പ്രശ്നമാണ് കേരളത്തിലെ കന്നുകാലി മേഖലയിലെ തൊഴിലാളി ക്ഷാമം. ഇത് മറികടക്കാൻ, കന്നുകാലി പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുക, ജോലി സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, യുവ സംരംഭകർക്ക് പ്രോത്സാഹനങ്ങൾ നൽകുക, കുടിയേറ്റ തൊഴിലാളികൾക്കായി നൈപുണ്യ വികസന പരിപാടികൾ സംയോജിപ്പിക്കുക എന്നിവയിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കണം. സമഗ്രവും നയാധിഷ്ഠിതവുമായ ഒരു സമീപനത്തിന് മാത്രമേ കന്നുകാലി മേഖലയെ പുനരുജ്ജീവിപ്പിക്കാനും അതിന്റെ തൊഴിൽ പ്രതിസന്ധി പരിഹരിക്കാനും കഴിയൂ.

### 8.5.5.1 മൂല്യ വർദ്ധിത ഉത്പന്നങ്ങൾ

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കന്നുകാലി മേഖല ഒരു പ്രധാന സംഭാവന നൽകുന്നു, സമീപ വർഷങ്ങളിൽ, വരുമാനം വർദ്ധിപ്പിക്കുന്നതിനും മാലിന്യം കുറയ്ക്കുന്നതിനും മേഖലയുടെ മൊത്തത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധന സഹായിക്കുന്നു. സംസ്കരണം, പാക്കേജിംഗ്, ബ്രാൻഡിംഗ്, നവീകരണം എന്നിവയിലൂടെ അസംസ്കൃത മൃഗ ഉൽപ്പന്നങ്ങളെ കൂടുതൽ മൂല്യവത്തായതും ആകർഷകവുമായി വിപണനം ചെയ്യാവുന്നതിന് സാധ്യമാക്കുന്നു.

### 8.5.5.2 ക്ഷീര ഉൽപ്പന്നങ്ങൾ

മിൽമ പോലുള്ള പൊതുമേഖല-സഹകരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സഹകരണ സംഘങ്ങളുടെ പിന്തുണയോടെ കേരളത്തിലെ ക്ഷീര ഉല്പാദനമേഖലയ്ക്ക് ശക്തമായ ഒരു അടിത്തറയുണ്ട്. ഈ മേഖലയിലെ മൂല്യവർദ്ധനവിൽ പാസ്ചറൈസ് ചെയ്ത പാൽ, തൈര്, നെയ്യ്, ഫ്ളേവേഡ് മിൽക്ക്, പനീർ, ഐസ്ക്രീമുകൾ, പാൽപ്പൊടികൾ എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രം. ഈ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വിപണി വില ലഭിക്കുകയും ഷെൽഫ്-ലൈഫ് മെച്ചപ്പെടുത്തുകയും ചെയ്യുന്നു. പാൽ സംഭരണം കാര്യക്ഷമമാക്കുന്നതിലും മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും മിൽമ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്

### 8.5.5.3 മാംസ സംസ്കരണവും പാക്കേജിംഗും

നഗര വിപണികളിൽ മൂല്യവർധിത മാംസ ഉൽപ്പന്നങ്ങളായ ഫ്രോസൺ ചിക്കൻ, സോസേജുകൾ, നഗ്ഗറ്റുകൾ, കബാബുകൾ, വാക്വം-പാക്ക്ഡ് കട്ടുകൾ റെഡി ടു കുക്ക് ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് പ്രചാരം വർദ്ധിച്ചുവരികയാണ്. മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ

(എംപിഐ) പോലുള്ള സ്ഥാപനങ്ങളും സ്വകാര്യ സംരംഭങ്ങളും ശുചിത്വമുള്ള മാംസ സംസ്കരണം, ബ്രാൻഡിംഗ്, കയറ്റുമതി അധിഷ്ഠിത പാക്കേജിംഗ് എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് ഉൽപാദകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് ഗുണനിലവാരവും സുരക്ഷയും വാഗ്ദാനം ചെയ്യുന്നു.

#### 8.5.5.4 മുട്ടയും കോഴിയിറച്ചിയും

മുട്ട അച്ചാറുകൾ, മുട്ടപ്പൊടി, മുട്ട അടിസ്ഥാനമാക്കിയുള്ള ലഘുഭക്ഷണങ്ങൾ, ഫോർട്ടിഫൈഡ് മുട്ടകൾ തുടങ്ങിയ മൂല്യവർധിത മുട്ട ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുവരുന്നു. ഇവ വിപണി സാധ്യത വർദ്ധിപ്പിക്കുക മാത്രമല്ല, പോഷകക്കുറവ് പരിഹരിക്കാനും സഹായിക്കുന്നു.

#### 8.5.5.5 തുകൽ, ഉപോൽപ്പന്നങ്ങൾ

വികസിതമല്ലെങ്കിലും, തുകൽ, ജൈവ വളങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയ്ക്കായി തോലുകൾ, തൊലികൾ, എല്ലുകൾ, കൊമ്പുകൾ എന്നിവ ഉപയോഗിക്കുന്നതിലൂടെ മൂല്യവർദ്ധനവിന് സാധ്യതയുണ്ട്. മാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രീയ രീതികൾ പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനൊപ്പം സംരംഭക അവസരങ്ങൾ സൃഷ്ടിക്കാനും വരുമാന വർധനവിനും സഹായിക്കുന്നു.

#### 8.5.5.6 ജൈവ വളവും ജൈവ ഉൽപ്പന്നങ്ങളും

ചാണകം, മൂത്രം, ആടിൻകാഷ്ഠം, കോഴിവളം എന്നിവ ജൈവ വളമായും ജൈവ കീടനാശിനികളായും ബയോഗ്യാസായും സംസ്കരിച്ച് ഉപയോഗിക്കുന്നതിലൂടെ വരുമാന വർദ്ധനവിനും സംഭാവന നൽകുന്നു. കർഷകരും സ്വയം സഹായ ഗ്രൂപ്പുകളും ബ്രാൻഡഡ് ജൈവ ഉൽപ്പന്നങ്ങളുടെ വാണിജ്യ ഉൽപാദനം ആരംഭിച്ചു, ഇത് സുസ്ഥിര കൃഷിക്കും വരുമാന വർദ്ധനവിനും സംഭാവന നൽകുന്നു (കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് റിപ്പോർട്ട്, 2022). ഇത് കൂടുതൽ വ്യാപകമാകേണ്ടതുണ്ട്.

#### 8.5.5.7 ആട്, മുയൽ വളർത്തൽ ഉൽപ്പന്നങ്ങൾ

സംസ്കരിച്ചതും പാക്കേജു ചെയ്തതുമായ ആട്, മുയൽ എന്നിവയുടെ മാംസം, തൊലി ഉൽപന്നങ്ങൾ എന്നിവ കേരളത്തിലെ വളർന്നുവരുന്ന കന്നുകാലി മൂല്യ ശൃംഖലയിലെ ഒരു പ്രധാന വിഭാഗമാണ്. നന്നായി ബ്രാൻഡ് ചെയ്താൽ, ഉയർന്ന വരുമാനമുള്ള വിപണികളിൽ ഈ ഉൽപ്പന്നങ്ങൾക്ക് സാധ്യതയുണ്ട്.

#### 8.5.5.8 മറ്റ് ഇടപെടൽ സാധ്യതകൾ

- ക്ഷീര, മൃഗസംരക്ഷണ മേഖലകളുടെ സമഗ്ര വികസനത്തിന് ആധുനികവൽക്കരണത്തിലൂടെയും, യന്ത്രവൽക്കരണത്തിലൂടെയും, കർഷകർക്ക് മാന്യമായും, സംതൃപ്തിയോടെയും പ്രവർത്തിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കാവുന്നതാണ്.
- ക്ഷീരമേഖലയുടെ ത്വരിതഗതിയിലുള്ള വികസനത്തിന് ഉയർന്ന ജനിതക ശേഷിയുള്ള കന്നുകാലികളേയും, നല്ല ഗുണനിലവാരമുള്ള കാലിത്തീറ്റയും, യന്ത്രവൽക്കരണവും ക്ഷീരകർഷകർക്ക് ലഭ്യമാക്കണം.

- കേരളത്തിലെ ആപ്കോസ് ശൃംഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കാൻ കൂടുതൽ ലാഭവിഹിതം ഉറപ്പാക്കാം.
- കാലിത്തീറ്റ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന തീറ്റപ്പുൽ കൃഷി പദ്ധതിയുടെ ശാസ്ത്രീയ പിന്തുണ ഉറപ്പാക്കാവുന്നതാണ്.
- സഹകരണ സംഘങ്ങൾ മുഖേനയും തീറ്റപ്പുൽ കൃഷിയെ തൊഴിലുറപ്പുമായി ബന്ധിപ്പിച്ചും ഉറപ്പായ വിപണിയുള്ള വാണിജ്യ കാലിത്തീറ്റ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- കുടുംബശ്രീ വഴിയോ സ്വയം സഹായ സംഘങ്ങൾ വഴിയോ സംരംഭകർ മുഖേനയോ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കണം.
- പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തിക്കൊണ്ടുതന്നെ ഉയർന്ന പ്രോട്ടീൻ ഭക്ഷണത്തിന്റെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രപരമായ നയങ്ങൾ കൈകൊള്ളാവുന്നതാണ്.
- മൃഗസംരക്ഷണ മേഖലയിലെ നിലവിലെ സ്ഥാപന സജ്ജീകരണം പുനഃക്രമീകരിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും, സ്ഥാപന തലത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, മൃഗപരിപാലന മേഖലയുടെ വികസനത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിനുള്ള പുതിയ സ്ഥാപന മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നയങ്ങൾ കൈകൊള്ളാവുന്നതാണ്.
- മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കാവുന്നതാണ്.
- മൃഗ പരിപാലനം, മൃഗജന്യ രോഗങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട പൊതു ആരോഗ്യ പ്രശ്നങ്ങളിൽ വൺ ഹെൽത്ത് (ഏകാരോഗ്യം) സമീപനം അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.
- മൃഗ ചികിത്സാ രംഗത്തെ സേവന ഗുണനിലവാരവും സേവന ലഭ്യതയും ഒമെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.
- പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടിയെടുക്കാനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക.
- മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്യാവുന്നതാണ്.
- മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ തൊഴിലുറപ്പു പദ്ധതിയുമായി സംയോജനത്തിനു ശ്രമിക്കേണ്ടതാണ്.
- പശുക്കൾ, എരുമകൾ എന്നിവയെ വളർത്തുന്ന ചെറുകിട-ഇടത്തരം ഡയറി യൂണിറ്റുകൾക്ക് ആവശ്യമായ വൃത്തിയുള്ള തൊഴുത്ത്, മലിനജലം, ഫാം വേസ്റ്റ്

എന്നിവയുടെ സംസ്കരണ സംവിധാനം ഏർപ്പെടുത്തി ഇവയെ ആരോഗ്യകരമായി നിലനിർത്തുന്നതിനുള്ള പദ്ധതികൾ സ്വീകരിക്കാവുന്നതാണ്.

» പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എൻജിനീയറിങ് വിഭാഗത്തിലും വെറ്ററിനറി സ്ഥാപനത്തിലും മാതൃക ഡിസൈൻ തയ്യാറാക്കി നൽകാവുന്നതാണ്. വിവിധ ഏജൻസികൾ (ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കന്നുകാലി വികസന ബോർഡ്, വെറ്ററിനറി സർവകലാശാല) എന്നിവ കാലാകാലങ്ങളിൽ രൂപം കൊടുക്കുന്ന പദ്ധതികൾക്ക് അനുരൂപമായ ശാസ്ത്രീയ രീതിയിൽ തൊഴുത്ത് ആട്ടിൻ കൂട്, കോഴിക്കൂട് നിർമാണ ധനസഹായം നൽകേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ ലക്ഷ്യം വൃത്തിയുള്ള തൊഴുത്തിൽ മാത്രം കന്നുകാലികളെ വളർത്തണം എന്നതായിരിക്കണം. വൃത്തി ഒരു ശീലമാക്കുന്നതിനുള്ള പരിശീലനങ്ങളും, ഡിസ്പ്ലേ ബോർഡുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയും. അത്യുൽപാദന ശേഷിയുള്ള കിടാവുകൾ, കറവപ്പശുക്കൾ, നാടൻ ജനുസ്സുകൾ എന്നിവയെ ലഭ്യമാക്കുന്നതിന് സാങ്കേതിക കമ്മിറ്റികളും പർച്ചേസ് കമ്മിറ്റികളും രൂപീകരിക്കേണ്ടതാണ്.

» മലബാറി ആടു വളർത്തൽ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിന് കുടുംബശ്രീ സംവിധാനം, സാറ്റലൈറ്റ് ഫാമുകൾ സ്ഥാപിക്കുന്നതിന് വനിതാ ഗ്രൂപ്പുകൾക്ക് പരിശീലനം, എന്നിവ സൊസൈറ്റികൾ രൂപീകരിച്ച് നടത്താവുന്നതാന്.

» ഇറച്ചി ആവശ്യത്തിനുള്ള ബ്രോയിലർ മുയലുകളുടെ യൂണിറ്റുകൾ വളരെ ചുരുങ്ങിയ ചെലവിൽ പരിമിതമായ സൗകര്യങ്ങളിൽ സ്ഥാപിക്കാവുന്നതാണ്. കൊഴുപ്പിന്റെ അംശം വളരെ കുറഞ്ഞ സുരക്ഷിതമായ മുയലിറച്ചിയ്ക്ക് മാർക്കറ്റ് ഡിമാൻഡ് കൂടുതലാണ്. ഇവ കാര്യമായ മാലിന്യ പ്രശ്നം ഉണ്ടാക്കുന്നില്ല. തീറ്റ ചെലവും വളരെ കുറവാണ്.

» ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ, ആധുനിക രീതിയിലുള്ള ചെറുകിട-ഇടത്തരം പന്നി ഫാമുകൾ സ്ഥാപിക്കാവുന്നതാണ്. ഹോട്ടൽ ഭക്ഷണാവശിഷ്ടങ്ങൾ, അറവുശാല-ചിക്കൻ സ്റ്റാൾ വെയ്സ്റ്റ്, പച്ചക്കറി അവശിഷ്ടങ്ങൾ എന്നിവ നൽകി ചുരുങ്ങിയ ചെലവിൽ നടത്തുന്ന പന്നി ഫാമുകൾ ജൈവമാലിന്യങ്ങളുടെ "ബയോളജിക്കൽ റീസൈക്ലിംഗ്" യൂണിറ്റുകൾ എന്ന നിലയിൽ പ്രയോജന പ്രദമാണ്. വലിച്ചെറിഞ്ഞ മാലിന്യം സൃഷ്ടിക്കുന്ന വസ്തുക്കളിൽ നിന്നും ഗുണമേന്മയേറിയ മാംസം ഉല്പാദിപ്പിക്കുന്ന ഈ യൂണിറ്റുകളെ വേണ്ടവിധം പരിഗണിക്കേണ്ടതാണ്. ബയോഗ്യാസ് ടാങ്ക്, മലിനജല ശേഖരണ ടാങ്ക് എന്നിവ കർശനമായി നിഷ്കർഷിക്കേണ്ടതാണ്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കൂത്താട്ടുകുളം, വെറ്ററിനറി സർവകലാശാല എന്നിവ സാങ്കേതിക സഹായം, പന്നിക്കുഞ്ഞുങ്ങൾ, തീറ്റ, മാർക്കറ്റിംഗ് സൗകര്യം എന്നിവ നൽകുന്നുണ്ട്.

» വീട്ടാവശ്യത്തിന് മുട്ടയും ഇറച്ചിയും ലഭിക്കുന്നതിനായി 5-10 കോഴികളെ വളർത്തുന്ന ചെറിയ യൂണിറ്റുകൾ വീടുകളുടെ ചായ്പ്പ്, ടെറസ്സ്, ഗൃഹ പരിസരം എന്നിങ്ങനെ സ്ഥാപിക്കാവുന്നതാണ്. വെറ്ററിനറി സർവ്വകലാശാല, നബാർഡ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ, തിരുവാഴം കുന്ന് ഏവിയൻ സയൻസ് കോളേജ് എന്നിവ ആവശ്യമായ റെഡിമേഡ് കോഴിക്കൂട്, കോഴികൾ, തീറ്റ എന്നിവ നൽകുന്നതാണ്.

വാണിജ്യാടിസ്ഥാനത്തിലുള്ള ഇറച്ചിക്കോഴി, മുട്ടക്കോഴി ഫാമുകൾ സ്ഥല ലഭ്യത യനുസരിച്ച് ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

» മുട്ടതാറാവുകളെയും ഇറച്ചി ആവശ്യത്തിനുള്ള ബ്രോയിലർ താറാവ് ഇനങ്ങളെയും പരമ്പരാഗതമായി വളർത്തുന്ന പ്രദേശങ്ങളിലെല്ലാം താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലങ്ങളിൽ വീടിനു ചുറ്റും, പറമ്പിൽ, ചതുപ്പു നിലങ്ങളിൽ, മത്സ്യ കൃഷിയുമായി സംയോജിപ്പിച്ചു കൊണ്ട് ജലാശയങ്ങളിലും താറാവ് കൃഷി യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. തിരുവല്ല നിരണം ഡക്ക് ഫാം, വെറ്ററിനറി സർവ്വകലാശാല, സ്വകാര്യ ഫാക്ടറികൾ എന്നിവ വേണ്ട താറാവ് കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നുണ്ട്.

» സ്ഥല പരിമിതിയുള്ള ഗൃഹ പരിസരം, ചായ്പ്പുകൾ, ടെറസ് തുടങ്ങിയ ഇടങ്ങളിലെല്ലാം കാടവളർത്തൽ സാധ്യമാണ്. ഹ്രസ്വ ജീവിത ചക്രവും വളർത്തുവാനുള്ള കുറഞ്ഞ തീറ്റ ചെലവും ഉയർന്ന രോഗപ്രതിരോധശേഷിയും കാട മുട്ട, കാട ഇറച്ചി എന്നിവയുടെ വർദ്ധിച്ച ഡിമാൻഡും ഈ സംരംഭത്തിന് അനുകൂല ഘടകമാണ്.

» ആധുനിക അറവുശാലയും ആരോഗ്യകരമായ മാംസ വില്പന കേന്ദ്രങ്ങളും സുരക്ഷിതമായ ഭക്ഷ്യ ഉത്പന്നങ്ങളും മാംസഭുക്കുകളുടെ അവകാശമാണ്. മൃഗങ്ങളിൽ നിന്നും മനുഷ്യ രിലേക്ക് പകരുന്ന നിരവധി മാരകമായ പകർച്ച വ്യാധികളും ജന്തുജന്യ രോഗങ്ങളും ആധുനികകാലത്ത് വലിയ വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ, വെറ്ററിനറി സർവകലാശാല മീറ്റ് ടെക്നോളജി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കൂത്താട്ടുകുളം എന്നിവയുടെ സാങ്കേതിക സഹായത്തോടെ നബാർഡ്, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ഏജൻസികളിലൂടെ ധനസമാഹരണം നടത്തി ആധുനിക അറവുശാല സ്ഥാപിക്കൽ, നിലവിലുള്ള അറവുശാലകളുടെ നവീകരണം എന്നിവ സാധിക്കുന്നതിന് മുൻഗണന നൽകണം. ആന്റിമോർട്ടം, പോസ്റ്റുമോർട്ടം, മാംസ പരിശോധന എന്നി വയ്ക്കു ശേഷം മാംസ വില്പന എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് വെറ്ററിനറി ഡോക്ടറുടെ താൽക്കാലിക/സ്ഥിര നിയമനം ഉറപ്പുവരുത്തേണ്ടതാണ്. കശാപ്പു ജോലിയിൽ ഏർപ്പെടുന്നവർക്ക് പരിശീലനം നൽകുകയും ആറുമാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന കർശനമായി നടപ്പിലാക്കുകയും വേണം.

» എവിടെയും ചിക്കൻ സെന്ററുകൾ സ്ഥാപിക്കാമെന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തണം. മത്സ്യ മാർക്കറ്റുകൾ, പച്ചക്കറി മാർക്കറ്റുകൾ എന്നിവയുടെ സമീപം, തിരക്കില്ലാത്ത സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് ഉചിതമായ രീതിയിൽ മാറ്റി സ്ഥാപിക്കണം. അനുമതി പത്രം പ്രദർശിപ്പിക്കണം. പക്ഷികളെ സൗകര്യപ്രദമായ രീതിയിൽ വൃത്തിയുള്ള കൂടുകളിൽ സൂക്ഷിക്കുന്നതിനും, ഇറച്ചി അവശിഷ്ടങ്ങൾ അടച്ചുറപ്പുള്ള ഡ്രമ്മുകളിൽ സൂക്ഷിക്കുന്നതിനും ഇത് കൃത്യമായി പന്നിഫാമുകളിലേക്കോ, റെൻഡറിംഗ് യൂണി റ്റുകളിലേക്കോ പ്രതിദിനം മാറ്റുന്നതിനുള്ള എഗ്രിമെന്റ് നിർബന്ധമാക്കേണ്ടതാണ്. വഴിവക്കിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുന്ന അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതാണ്. ചിക്കൻ സ്റ്റാൾ വേസ്റ്റ് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് സ്റ്റാൾ ഉടമ എഗ്രിമെന്റിൽ വ്യക്തമാക്കേണ്ടതാണ്. മാലിന്യം കൊണ്ടു പോകുന്ന

വാഹനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം/ശുചിത്വ മിഷൻ എന്നിവയുടെ സ്റ്റിക്കറോ അടയാളമോ പതിക്കേണ്ടതാണ്.

» മൃഗാശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ആധുനിക ചികിത്സാ സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള മൊബൈൽ ആശുപത്രി സേവനം, മൃഗങ്ങളെ ചികിത്സയ്ക്ക് എത്തിക്കുന്നതിനുള്ള ആംബുലെറ്ററി സൗകര്യം 24 മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന ഷിഫ്റ്റ് അടിസ്ഥാന ത്തിലുള്ള സേവനം എന്നിവയ്ക്കും നടപടി സ്വീകരിക്കാവുന്നതാണ്. പകൽനേരത്ത് ഉപയോഗിക്കുന്ന വാഹനങ്ങൾ, രാത്രി നേരത്തെ മൃഗചികിത്സാ സൗകര്യം വീട്ടുപടിക്കൽ എത്തിക്കുന്നതിന് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്നതാണ്.

» സാധ്യമായ സ്ഥലങ്ങളിൽ ആപ്കോസ് (ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ) സ്ഥാപിക്കാവുന്നതാണ്. കർഷകർക്ക് വിപണന സൗകര്യം ലഭ്യമാക്കുന്നതിനും പ്രാദേശിക വില്പനയ്ക്കും സഹായകമാണ്.

» ക്ഷീരകർഷക-കന്നുകാലി ഇൻഷ്വറൻസ് സൗജന്യനിരക്കിൽ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള പദ്ധതികളിലെ പ്രീമിയം തുകയുടെ നിശ്ചിത ശതമാനം ഗ്രാമ പഞ്ചായത്ത് അടയ്ക്കുന്നതിനുമുള്ള സാധ്യതകൾ കണ്ടെത്തേണ്ടതാണ്.

» വെളീം പ്രദേശങ്ങൾ, മറ്റു കൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങൾ. ചതുപ്പ് പ്രദേശങ്ങൾ, നദീതീരങ്ങൾ, മണ്ണൊലിപ്പ് തടയേണ്ട നീർത്തട പ്രദേശങ്ങൾ എന്നിവ തീറ്റപ്പുൽ/തീറ്റ വസ്തുക്കളുടെ കൃഷിക്ക് ഉപയുക്തമാക്കാം. സീവേജ് ട്രീറ്റ്മെന്റ് റീസൈക്കിൾ ചെയ്യുന്ന ജലവും വലിയ തോതിൽ തീറ്റപ്പുൽകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

» നേന്ത്രക്കായ വറുക്കുന്ന സ്ഥലങ്ങളിലെ അവശിഷ്ടങ്ങൾ, ചക്കയുടെ അവശിഷ്ടങ്ങൾ, പൈനാപ്പിൾ വേസ്റ്റ് എന്നിവ വലിയ തോതിൽ പാരമ്പര്യേതര കാലിത്തീറ്റയായി ഉപയോഗിക്കാം. കാലിത്തീറ്റ സബ്സിഡി പദ്ധതികൾ നടപ്പിലാക്കി ക്ഷീരകർഷകരുടെ ഉൽപാദനച്ചെലവ് കുറയ്ക്കാവുന്നതാണ്,

» മുട്ട, പാൽ, പാലുൽപന്നങ്ങൾ, ഇറച്ചി എന്നിവ വിൽക്കുന്നതിനുള്ള വിപണന യൂണിറ്റുകൾ, കുടുംബശ്രീ, ലൈവ് സ്റ്റോക്ക് ഫാർമേഴ്സ് അസോസിയേഷൻ എന്നി വയുടെ സംവിധാ നങ്ങളിലൂടെയും കേരള പൗൾട്ടറി ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിലൂടെയും വില്പന ഉറപ്പുവരുത്താം മൊബൈൽ ഗ്രോസറി ഷോപ്പുകൾ, ഉത്സവ സീസണുകളിലെ താൽക്കാലിക വിൽപ്പന കേന്ദ്രങ്ങൾ എന്നിവയും ആലോ ചിക്കാവുന്നതാണ്.

» മൃഗസംരക്ഷണ കൃഷി മേഖലയിലെ ഉൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി പ്രാദേശികമായി ഉപയോഗമില്ലാതെ കിടക്കുന്ന കെട്ടിടങ്ങളോ മറ്റോ ഉപയോഗിച്ച് വിപണനകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ശീതീകരണ സംവി ധാനങ്ങൾ സഹിതം.

» നൂതന ഓൺലൈൻ വിപണന ശൃംഖലയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

» തെരുവ് നായ്ക്കളുടെ പെരുകൽ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നിലവിലെ നിയമങ്ങളും

കോടതി നിർദ്ദേശങ്ങളും അനുസരിച്ച് നടപ്പിലാക്കുന്നവ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുന്നതിന് തുക മാറ്റി വയ്ക്കേണ്ടതാണ്. സന്നദ്ധ സേവന സംഘടനകളെ ഇക്കാര്യത്തിൽ സഹകരിപ്പിക്കാവുന്നതാണ്.

» മൃഗങ്ങളോട് ക്രൂരത കാണിക്കുന്നത് തടയുക, മൃഗക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഉപേക്ഷിക്കപ്പെടുന്ന മൃഗങ്ങളെ പുനരധിവസിപ്പിക്കുക, പ്രതിരോധ വാക്സിനേഷൻ പരിപാടികൾ വിജയിപ്പിക്കുക തുടങ്ങിയ സേവനങ്ങൾ നിർവ്വഹിക്കുന്നതിന് മൃഗക്ഷേമ സമിതികൾ രൂപീകരിക്കാവുന്നതാണ്. കേന്ദ്ര അനിമൽ വെൽഫെയർ ബോർഡിന്റെ ധനസഹായം ലഭ്യമാണ്. അലഞ്ഞു നടക്കുന്ന മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള 'ക്യാറ്റിൽ പൗണ്ടുകളുടെ ചുമതല ഈ മൃഗക്ഷേമ സമിതികളെ ഏൽപ്പിക്കാവുന്നതാണ്.
» ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന എലിഫന്റ് സ്ക്വാഡുകളുടെ ശാക്തീകരണം.

#### 8.5.5.9 വിവിധ ഏജൻസികൾ

» Government Departments (AHD, Dairy Development)
» KVASU (Veterinary University), KAU, KUFOS
» PSUs-KLDB, MILMA, KERALA FEEDS, KSPDC, KEPCO, MPI
» ATMA
» NABARD
» Kudumbasree
» MGNREGS

#### 8.5.5.10 മൃഗസംരക്ഷണ മേഖലയിൽ സ്വീകരിക്കേണ്ട വികസന സമീപനം

1. പാൽ ഇറച്ചി മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക
2. മൃഗസംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമൂഹിക പദവി ഉയർത്തുന്നതിന് ആസൂത്രിത നീക്കം നടത്തുക
3. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക
4. യന്ത്രവൽക്കരണവും ആധുനിക സംവിധാനങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുക
5. വിപണി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക
6. ഏകാരോഗ്യം ഉറപ്പാക്കുക
7. ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണത്തിലും പൊതുജനാരോഗ്യ സംരക്ഷണത്തിലും ശ്രദ്ധിക്കുക
8. പുതിയ സംരംഭങ്ങളും യൂണിറ്റുകളും തുടങ്ങുന്നവർക്ക് അനുകൂലമായ നയങ്ങൾ നടപ്പിലാക്കുകയും പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്ന സമീപനം സ്വീകരിക്കുകയും ചെയ്യുക

### 8.5.6 ജില്ലാ പഞ്ചായത്ത്-മൃഗസംരക്ഷണ ക്ഷീരവികസനമേഖലയിലെ ഇടപെടൽ സാധ്യതകൾ

കേരളത്തിലെ ഉത്പാദന രംഗത്തും പ്രാദേശിക സാമ്പത്തിക വികസനത്തിലും പ്രധാന

പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. പാൽ, ഇറച്ചി, മുട്ട എന്നിവയുടേയും ഇവയുടെ ഉല്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പ് വരുത്തി ഉല്പാദന സ്വയംപര്യാപ്തത കൈവരിക്കുന്നതിലേക്കായി നിരവധി പ്രവർത്തനങ്ങളും പദ്ധതികളും ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കി വരുന്നുണ്ട്.

പ്രാദേശികതലത്തിൽ താരതമ്യേന കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്ന പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് നേതൃത്വം നൽകി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടുകളായും നിർവ്വഹിക്കാവുന്നതാണ്.

### 8.5.7 സംരംഭകത്വ വികസനം മൃഗസംരക്ഷണമേഖലയിൽ

1. കാലിത്തീറ്റ മിക്സിംഗ് യൂണിറ്റുകൾ (പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചും)
2. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം-വിപണനം, വിതരണം-കേന്ദ്രങ്ങൾ
3. മാതൃകാ ഫാമുകൾ നിർമ്മിക്കൽ
4. വനിതാസംരംഭക യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകൽ
5. കർഷക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ
6. ആധുനിക അറവ്ശാലകളുടെ നിർമ്മാണവും പ്രവർത്തനവും

ഇവ ഏതാനും ഉദാഹരണങ്ങൾ മാത്രം

ജില്ലാതലത്തിൽ മൃഗചികിത്സാ റഫറൽ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക കൂടുതൽ ശാക്തീകരിക്കുക

» രോഗനിർണ്ണയ സംവിധാനങ്ങൾ ഉറപ്പ് വരുത്തുക
» ചെറുകിട സംരംഭങ്ങൾ-കാലിത്തീറ്റ മിക്സിംഗ്
- ജൈവവള കമ്പോസ്റ്റ് യൂണിറ്റ്
- ചാണകപ്പൊടി, പാക്കിംഗ്

**ഉത്പാദനക്ഷമത വർദ്ധനവിനുള്ള പദ്ധതികൾ**

1. ഉയർന്ന ജനിതകഗുണമുള്ള കിടാരികളെ കർഷകർക്ക് ലഭ്യമാക്കുന്നതിനായി ഹീഫർ പാർക്കുകൾ
2. മരുന്നുകൾ, വന്ധ്യതാ ക്ലീനിക്കുകൾ, ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കൽ
3. തീറ്റപ്പുൽ ലഭ്യത-തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയും മറ്റും, തരിശ് ഭൂമിയിലും ഇടവിളയായും മികച്ച തീറ്റപ്പുൽ കൃഷി നടത്തുന്നതിലൂടെ മേഖലയിലെ ക്ഷീരകർഷകർക്ക് ആശ്വാസമാകും. ഫോഡർ ബാങ്കുകൾ രൂപീകരിക്കാം.
4. കർഷക പരിശീലന കേന്ദ്രങ്ങൾ
    - ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ
    - സഹകരണ സ്ഥാപനങ്ങളെ ശാക്തീകരിക്കൽ
    - മെച്ചപ്പെട്ട മൃഗചികിത്സാസേവനങ്ങൾ ഉറപ്പ് വരുത്തുക
    - നൂതന രോഗനിർണ്ണയ സംവിധാനങ്ങൾ സ്ഥാപിക്കുക



# അധ്യായം 09

# സേവന മേഖലയിലെ വികസനങ്ങൾ

## 9.1 ജില്ലാ പഞ്ചായത്തുകളും പൊതുജനാരോഗ്യവും

പൊതുജനാരോഗ്യ രംഗത്ത് മിക്ക സൂചകങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിലാണെന്നത് നീതി ആയോഗും നാഷണൽ സാമ്പിൾ സർവ്വേയുമെല്ലാം കണക്കുകളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ അനന്ത സാധ്യതകളെ ഫലപ്രദമായി ഉപയോഗിച്ച് മാറിമാറി വന്ന സംസ്ഥാന സർക്കാരുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയിലും അനുബന്ധ മേഖലകളിലും നടത്തിയ ആസൂത്രണ നിർവ്വഹണ ഇടപെടലുകളാണ് പ്രധാനമായും ഈ നേട്ടങ്ങൾക്ക് നിതാനമായത്. എന്നാൽ ആരോഗ്യരംഗത്തെ നേട്ടങ്ങളോടൊപ്പം ചില പുതിയ വെല്ലുവിളികൾ കൂടി നാം നേരിടുന്നുണ്ട്. ജീവിത ശൈലീ രോഗങ്ങളുടെ ആധിക്യവും നിമ്മർജ്ജനം ചെയ്ത ചില പകർച്ചവ്യാധികൾ മടങ്ങിവരുന്നതും പുതിയ പകർച്ചവ്യാധികൾ ഉണ്ടാവുന്നതുമെല്ലാം പഴയ കാലങ്ങളെ അപേക്ഷിച്ച് രോഗാതുരതയുടെ സ്വഭാവത്തിൽ കാര്യമായ വ്യതിയാനമാണ് സൃഷ്ടിച്ചിട്ടുള്ളത്. പകർച്ചവ്യാധികൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ നമുക്കേറെ മുന്നേറാനായിട്ടുണ്ടെങ്കിലും ദീർഘസ്ഥായി രോഗങ്ങൾ ശക്തമായ വെല്ലുവിളിയാണുയർത്തുന്നത്.

ജനന നിരക്കിലും മരണ നിരക്കിലും ശരാശരി ആയുർ ദൈഘ്യത്തിന്റെ കാര്യത്തിലുമുണ്ടായിട്ടുള്ള മാറ്റങ്ങൾ ജനസംഖ്യയുടെ ഘടനയിലും മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്.

ആയതിനാൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി ഇടപെടേണ്ടതും അനിവാര്യമാണ്.

കൂടാതെ റോഡപകടങ്ങളും അതുമൂലമുള്ള മരണങ്ങളും, ആത്മഹത്യകളും പ്രധാന പൊതുജനാരോഗ്യ പ്രശ്നങ്ങളായി ഉയർന്നുവന്നിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്. ഇതിനെല്ലാം പുറമേ കാലാവസ്ഥ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങളും അപ്രതീക്ഷിത ദുരന്തങ്ങളും ഉണ്ടാവുന്നത് ആരോഗ്യമേഖല ഇടപെടലുകളുടെ പ്രാധാന്യവും വൈപുല്യവും വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാലെല്ലാം രോഗാതുരത ഉയരുന്നത് സ്വാഭാവികമായും ചികിത്സ ചിലവുകൾ ഉയരുന്നതിനും കാരണമാകുന്നുണ്ട്. ചികിത്സ ചെലവുകുറയണമെങ്കിൽ ആദ്യമായി രോഗാതുരത കുറച്ചുകണ്ടുവരണം. കൂടാതെ ബന്ധപ്പെട്ട ആരോഗ്യസ്ഥാപനങ്ങൾ പ്രദേശത്തെ രോഗാതുരതയുടെ സ്വഭാവത്തിനനുസൃതമായി ജനസൗഹൃദ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിയുംവിധം മികവുള്ളവയായിരിക്കുകയും വേണം. ഈ കാഴ്ചപാട് മുൻനിർത്തി മെച്ചപ്പെടേണ്ട മേഖലകൾ കണ്ടെത്തിയും അനിവാര്യമായ പുതിയ ഇടപെടലുകൾ രൂപപ്പെടുത്തിയും എല്ലാവരെയും ഉൾച്ചേർത്തുകൊണ്ട് ഇടപെട്ടാൽ മാത്രമേ നേട്ടങ്ങൾ നിലനിർത്തുന്നതിനും വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിനും കഴിയുകയുള്ളൂ. ആയതിനാവശ്യമായ അവസ്ഥാ വിശകലനവും കാര്യക്ഷമമായ ആസൂത്രണ നിർവ്വഹണ ഇടപെടലുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നാം തുടരേണ്ടതുണ്ട്. ആയതിനാൽ കഴിഞ്ഞ പതിനാല് പഞ്ചവത്സര പദ്ധതികളുടെ അനുഭവങ്ങൾ മുൻനിർത്തി, ആരോഗ്യ മേഖലയിലെ രണ്ടാം തലമുറ, മൂന്നാം തലമുറ പ്രശ്നങ്ങളെ നേരിടുന്നതിനുള്ള സുസ്ഥിരവും നൂതനവുമായ ആസൂത്രണ ഇടപെടലുകളാണ് ഇനി ഉണ്ടാകേണ്ടത്.

ആരോഗ്യമേഖലയിൽ ജില്ലാ പഞ്ചായത്തുകൾ നടത്തേണ്ട പ്രധാന ഇടപെടലുകളെക്കുറിച്ചുള്ള സൂചനകനകൾ താഴെ പറയുന്നവയാണ്:

**രണ്ടാം തലമുറ, മൂന്നാം തലമുറ പ്രശ്നങ്ങളുടെ സംയോജിത പരിഹാരം**

1. പ്രധാനമായും ജീവിതശൈലീ രോഗങ്ങളും (NCD) അവയുടെ സങ്കീർണ്ണതകളും നിയന്ത്രിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. പ്രമേഹം, രക്തസമ്മർദ്ദം, കാൻസർ, ക്രോണിക്ക് ഒബ്സ്ട്രക്ടീവ് പൾമണറി ഡിസീസ് (COPD), കിഡ്നി രോഗങ്ങൾ തുടങ്ങിയവ നിയന്ത്രിക്കുന്നതിനും കാലേകൂട്ടി കണ്ടെത്തി ആവശ്യമായ ചികിത്സയും തുടർ ഇടപെടലുകളും ഉറപ്പാക്കുവാനും കഴിയും വിധം ശാക്തീകരിക്കപ്പെട്ട ജില്ലാ ആശുപത്രികളും ജില്ലയിലെ വിവിധ തലങ്ങളിലുള്ള ആരോഗ്യ സ്ഥാപനങ്ങളും അവയുടെ ലാബുകളും ബന്ധപ്പെടുത്തി ശക്തവും ഫലപ്രദവുമായ ഒരു സേവന ശൃംഖലയുറപ്പാക്കുക.
2. ജനസംഖ്യയുടെ സ്വഭാവ വ്യതിയാനം പരിഗണിച്ചുകൊണ്ട് മുതിർന്ന പൗരന്മാരുടെ ആരോഗ്യവും ക്ഷേമവും ലക്ഷ്യമിട്ടുള്ള ഒരു സമഗ്ര സമീപനത്തിലൂന്നിയ പദ്ധതികൾ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ നടപ്പാക്കുക. മുതിർന്നവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുകഴിയും വിധം ബന്ധപ്പെട്ട

വകുപ്പുകളും അവയുടെ പരിപാടികളും വിഭവങ്ങളും ഏകോപിപ്പിക്കുകയും സം യോജിപ്പിക്കുകയും ചെയ്യുക.

3. രോഗാതുരതയുടെ സ്വഭാവ വ്യതിയാനം പരിഗണിച്ചുകൊണ്ടുള്ള സമഗ്ര "എകാരോഗ്യ" (One Health) സമീപനം സ്വീകരിക്കുക. മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും അവ പൊതുവായി പങ്കിടുന്ന പരിസ്ഥിതിയുടെയും ആരോഗ്യം പരസ്പര ബന്ധിത മാണെന്ന സമീപനമാണത്. "ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്" പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, രോഗ നിരീക്ഷണം, നിയന്ത്രണം എന്നീ കാര്യങ്ങളിൽ, ബന്ധപ്പെട്ട് വിവിധ വകുപ്പു കൾക്കിടയിൽ (ആരോഗ്യം, ആയുഷ്, മൃഗസംരക്ഷണം, ഫോറസ്റ്റ്, ത.സ്വ.ഭ വകുപ്പ്, കൃഷി, ഫിഷറീസ്, ഫുഡ് സേഫ്റ്റി, ഡ്രഗ്ഗ് etc.) വിവരങ്ങൾ കൈമാറൽ, സംയോജിത രോഗാന്വേഷണ ഇടപെടലുകൾ എന്നിവയെ ഏകോപിപ്പിക്കുവാൻ കഴിയും വിധം ജില്ലാതല എകാരോഗ്യ സമിതി രൂപീകരണം.
4. മാലിന്യവും കുടിവെള്ളവും ആരോഗ്യവും: മാലിന്യങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ തടയുന്നതിനും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നേരിട്ടുള്ളതോ ജില്ലയിലെ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ളതോ ആയ സമഗ്രമായ പദ്ധതി ഉണ്ടാവേണ്ടതുണ്ട്. ഈ മേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന വിവിധ മിഷനുകൾ പദ്ധതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുകയും വേണം.
5. ദുരന്ത നിവാരണം: അപകടങ്ങൾ ദുരന്തങ്ങൾ, കാലാവസ്ഥ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ എന്നിവ നേരിടുന്നതിനുള്ള ജില്ലയിലെ ഇതര തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുമായി ചേർന്ന് സമഗ്രമായ പദ്ധതി രൂപീകരണ സമീപനം ഉണ്ടാവേണ്ടതുണ്ട്. ദേശീയ പാതകളോട് ചേർന്നുള്ള ജില്ലാ ആശുപത്രികളിൽ അത്യാധുനിക ട്രോമ കെയർ യൂണിറ്റുകൾ സ്ഥാപിക്കണം.
6. ജില്ലയിലെ തനതു ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംയോജിത ഇടപെടലുകൾ.
7. ശാരീരികവും മാനസികവുമായ ആരോഗ്യവുമായി ബന്ധപ്പെട്ട വിവിധ ദേശീയ സംസ്ഥാന ആരോഗ്യ പരിപാടികളുടെ(ജീവരക്ഷ, സംപൂർണ്ണ മാനസികാരോഗ്യ പരിപാടി, ജില്ല മാനസികാരോഗ്യ പരിപാടി etc) ഫലപ്രദമായ നടത്തിപ്പ് ഉറപ്പാക്കുക.

**ആശുപത്രികളുടെ ഗ്രേഡിംഗും ഗുണനിലവാരവും**

1. NQAS, NABH, കായകല്പ അംഗീകാരം: ജില്ലാ പഞ്ചായത്തിന് കീഴിലുള്ള എല്ലാ ആശു പത്രികൾക്കും ദേശീയ ഗുണനിലവാര അംഗീകാരം (NABH & NQAS), സംസ്ഥാനതല അംഗീകാരം (കായകല്പ, etc) നേടിയെടുക്കാനുള്ള അടിസ്ഥാന സൗകര്യ വികസനം നടത്തണം.
2. ഡിജിറ്റലൈസേഷൻ: ഇ-ഹെൽത്ത് (e-Health) സംവിധാനം പൂർണ്ണമായി നടപ്പിലാക്കി,

ഒരു രോഗി ജില്ലയിലെ ഏത് ആശുപത്രിയിൽ പോയാലും പഴയ ചികിത്സാ വിവരങ്ങൾ ലഭ്യമാകുന്ന, ഉത്തരവാദിത്ത പൂർണ്ണമായ റെഫറൽ ഉറപ്പാക്കുവാൻ സഹായിക്കുന്ന 'ഡിജിറ്റൽ ഹെൽത്ത് റെക്കോർഡ്' ഉറപ്പാക്കുന്നതിന് ഇടപെടുക.

**സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ**

1. റഫറൽ സേവനം: മെഡിക്കൽ കോളേജുകളിലെ തിരക്ക് കുറയ്ക്കാൻ കഴിയും വിധം മാർഗ്ഗരേഖകൾക്കനുസൃതമായി ജില്ലാ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും, ഹൃദ്രോഗം, വൃക്കരോഗം, ന്യൂറോളജി, ക്യാൻസർ, കരൾ രോഗങ്ങൾ തുടങ്ങിയ വിഭാഗങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഐ. സി. യു സംവിധാനങ്ങളും വർദ്ധിപ്പിക്കണം.
2. ട്രോമ കെയർ: ദേശീയ പാതകളോട് ചേർന്നുള്ള ജില്ലാ ആശുപത്രികളിൽ അത്യാധുനിക ട്രോമ കെയർ യൂണിറ്റുകൾ സ്ഥാപിക്കണം.

**സെക്കണ്ടറി പാലിയേറ്റീവ് കെയർ (Secondary Palliative Care)**

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ നടത്തുന്ന പ്രാഥമിക പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി ജില്ലാതലത്തിൽ 'സെക്കണ്ടറി പാലിയേറ്റീവ് കെയർ' യൂണിറ്റുകൾ ശക്തിപ്പെടുത്തണം. സങ്കീർണ്ണമായ പരിചരണം ആവശ്യമുള്ള രോഗികൾക്കായി കിടത്തിച്ചികിത്സാ സൗകര്യം (In-patient) ഉറപ്പാക്കണം.

**ആയുഷ് (AYUSH)**

ആയുഷ് ചികിത്സാ മേഖലയുടെ സമഗ്ര വികസനത്തിനുള്ള ഇടപെടലുകൾ എല്ലാ സ്ഥാപനങ്ങളും ദേശീയ സംസ്ഥാന അംഗീകാരങ്ങൾ ഉള്ള സ്ഥാപനങ്ങളാക്കി മാറ്റൽ

**ഗവേഷണവും ഡാറ്റാ ശേഖരണവും**

ജില്ലയിലെ ആരോഗ്യ സ്ഥിതിവിവരക്കണക്കുകൾ വിശകലനം ചെയ്യാൻ ഒരു 'ഡിസ്ട്രിക്റ്റ് ഹെൽത്ത് ഡാറ്റ ബേസ് ' (District Health Data base) സ്ഥാപിക്കുന്നത് ഗുണകരമാവും. ഇത് പ്രാദേശികമായി ഉണ്ടായേക്കാവുന്ന രോഗവ്യാപനം മുൻകൂട്ടി കാണാൻ സഹായിക്കും.

**ഗ്രീൻ പ്രോട്ടോക്കോൾ**

ആരോഗ്യ സ്ഥാപനങ്ങൾ പരിസ്ഥിതി സൗഹൃദമാകണമെന്നും (Green Hospitals), സോളാർ ഊർജ്ജം ഉപയോഗിക്കണമെന്നതിനും ഊന്നൽ നൽകാവുന്നതാണ്.

## 9.1.2 ആരോഗ്യ മേഖല ചുമതലകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് ഇനി പറയുന്ന ചുമതലകളാണുള്ളത്:

1. പൊതു ചുമതലകൾ
2. മേഖല തിരിച്ചുള്ള ചുമതലകൾ (സെക്ടറൽ).

### 9.1.2.1 പൊതു ചുമതലകൾ (General Functions)

» ജില്ലാ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളെയും ആസൂത്രണത്തെയും ബാധിക്കുന്ന ചുമതലകളാണിവ.

» ജില്ലാ പദ്ധതി തയ്യാറാക്കൽ: ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്രമായ ജില്ലാ വികസന പദ്ധതി തയ്യാറാക്കുക.
» സാങ്കേതിക സഹായം: താഴെത്തട്ടിലുള്ള പഞ്ചായത്തുകൾക്ക് പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും സഹായങ്ങളും നൽകുക.
» ഏകോപനം: ജില്ലയിലെ വിവിധ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
» വിവരശേഖരണം: ജില്ലയുടെ വികസനത്തിന് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക.

### 9.1.2.2 മേഖല തിരിച്ചുള്ള ചുമതലകൾ (Sector-wise Functions)

ഓരോ വികസന മേഖലയിലും ജില്ലാ പഞ്ചായത്ത് ചെയ്യേണ്ട കാര്യങ്ങളിൽ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

» ആരോഗ്യം:
» കൈമാറികിട്ടിയിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങൾ; പ്രധാനമായും ജില്ലാ ആശുപത്രികൾ, ജില്ലാതലത്തിലുള്ള മറ്റ് അലോപ്പതി, ആയുഷ സ്ഥാപനങ്ങളുടെ മേൽനോട്ടം.
» രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനം

പൊതുജനാരോഗ്യ മേഖലയിൽ ജില്ലാ പഞ്ചായത്തുകൾക്ക് പ്രധാനമായും മൂന്ന് തലത്തിലുള്ള ഇടപെടലുകളാണ് നടത്താൻ കഴിയുക: നേരിട്ടുള്ള പദ്ധതികൾ, സംയുക്ത പദ്ധതികൾ (Joint Projects), സംയോജിത പദ്ധതികൾ (Integrated Projects).

**1. നേരിട്ട് ഏറ്റെടുക്കാവുന്ന പ്രധാന പദ്ധതികൾ**

ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ചോ ലഭ്യമായ മറ്റേതെങ്കിലും ഫണ്ട് ഉപയോഗിച്ചോ നേരിട്ട് നടപ്പിലാക്കാവുന്നവയാണിത്.

അടിസ്ഥാന സൗകര്യ വികസനം: ജില്ലാ/ജനറൽ ആശുപത്രികളിൽ അത്യാധുനിക ലാബുകൾ, സ്കാനിംഗ് സെന്ററുകൾ (MRI, CT Scan), ഓപ്പറേഷൻ തിയ്യറ്ററുകൾ എന്നിവ സജ്ജമാക്കുക. സ്പെഷ്യാലിറ്റി സേവന സൗകര്യങ്ങൾ etc.

ഡയാലിസിസ് സെന്ററുകൾ: കിഡ്നി രോഗികൾക്കായി ജില്ലാ ആശുപത്രികളിൽ സൗജന്യമോ കുറഞ്ഞ നിരക്കിലോ ഉള്ള ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുക.

മാതൃ-ശിശു ആരോഗ്യ പദ്ധതികൾ: നവജാത ശിശുക്കൾക്കുള്ള ഐ.സി.യു (NICU) സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

മാലിന്യ സംസ്കരണം: ആശുപത്രികളിൽനിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള അത്യാധുനിക പ്ലാന്റുകൾ (Incinerators, STP) സ്ഥാപിക്കുക, ബയോ മെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കൽ, etc.

ആയുഷ് (AYUSH) മേഖല ഇടപെടലുകൾ: ജില്ലാ ഹോമിയോ, ആയുർവേദ ആശുപത്രികളിൽ വിവിധ സ്പെഷ്യാലിറ്റി ഒ.പി.കൾ ആരംഭിക്കുക

**2. സംയുക്ത പദ്ധതികൾ (Joint Projects)**

രണ്ടോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (ഉദാഹരണത്തിന് ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും) ചേർന്ന് നടപ്പിലാക്കുന്നവയാണിത്.

മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ: ഗ്രാമങ്ങളിൽ നേരിട്ടെത്തി പരിശോധന നടത്താൻ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് വാൻ സൗകര്യം ഒരുക്കുക.

പാലിയേറ്റീവ് കെയർ (സാന്ത്വന പരിചരണം): കിടപ്പിലായ രോഗികൾക്ക് മരുന്നും പരിചരണവും നൽകാൻ താഴേത്തട്ടിലുള്ള പഞ്ചായത്തുകളുമായി ചേർന്ന് ഫണ്ട് കണ്ടെത്തുക.

സെക്കണ്ടറി പാലിയേറ്റീവ് കെയർ: ബ്ലോക്ക് തലത്തിൽ പാലിയേറ്റീവ് രോഗികൾക്കായി പ്രത്യേക വാർഡുകളോ ഫിസിയോതെറാപ്പി യൂണിറ്റുകളോ നിർമ്മിക്കുക, കൃത്രിമ അവയവ നിർമാണ ഇടപെടലുകൾ, etc.

ജീവിതശൈലീ രോഗ ഇടപെടൽ: നഗരസഭകളുമായും ബ്ലോക്കുകളുമായും ചേർന്ന് റഫറൽ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, വ്യായാമ കേന്ദ്രങ്ങൾ ഒരുക്കുക.

**3. സംയോജിത പദ്ധതികൾ (Integrated Projects)**

വിവിധ സർക്കാർ വകുപ്പുകളെയും മിഷനുകളെയും (ഉദാഹരണത്തിന് ആരോഗ്യ വകുപ്പ്, കുടുംബശ്രീ, NHM, ആർദ്രം മിഷൻ) ഏകോപിപ്പിച്ചു നടത്തുന്ന പദ്ധതികൾ.

ആർദ്രം മിഷൻ സംയോജനം: ബന്ധപ്പെട്ട സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കാൻ ആരോഗ്യ വകുപ്പുമായി ചേർന്ന് 'ആർദ്രം' പദ്ധതിയുടെ ഭാഗമായുള്ള ഇടപെടലുകൾ.

മാലിന്യമുക്ത കേരളം: ഹരിതകേരളം മിഷനുമായി ചേർന്ന് ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളെയും പരിസരങ്ങളെയും പ്ലാസ്റ്റിക് വിമുക്തമാക്കുക. ഗ്രീൻ ഹോസ്പിറ്റൽ ഇടപെടലുകൾ

കുടുംബശ്രീ വഴിയുള്ള പോഷകാഹാര പദ്ധതി: ഗർഭിണികൾക്കും വിളർച്ചയുള്ള കുട്ടികൾക്കും TB, HIV രോഗികൾക്കും പോഷകാഹാരം ഉറപ്പാക്കാൻ നേരിട്ടോ കുടുംബശ്രീയുമായി ചേർന്നോ പദ്ധതികൾ ആവിഷ്ക്കരിക്കുക.

കാൻസർ നിയന്ത്രണ പദ്ധതി: കാൻസർ സെന്ററുകളുമായി ചേർന്ന് ജില്ലയിലുടനീളം സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക (ഉദാഹരണത്തിന് എറണാകുളത്തെ 'ആശ്വാസം' പദ്ധതി), വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയോജിത ജില്ലാ കാൻസർ നിയന്ത്രണ പദ്ധതി, etc.

മാനസികാരോഗ്യം: ആരോഗ്യ വകുപ്പ്, NHM, വിദ്യാഭ്യാസ വകുപ്പ്, ICDS എന്നിവയുമായി ചേർന്ന് സ്കൂൾ കുട്ടികൾക്കായി കൗൺസിലിംഗ് പദ്ധതികൾ നടപ്പിലാക്കുക.

നേരിട്ടുള്ള ചുമതലകൾ: കൈമാറി കിട്ടിയ ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ-NQAS, NABH, KAYAKALPAനിലവാരം

### 9.1.2.3 സംയുക്ത-സംയോജിത പാദ്ധതികൾ കൊണ്ടുള്ള പ്രയോജനങ്ങൾ?

» സംയുക്തം: സാമ്പത്തിക ബാധ്യത പങ്കുവെക്കാനും കൂടുതൽ ആളുകളിലേക്ക് എത്താനും സഹായിക്കുന്നു.

» സംയോജിതം: വ്യത്യസ്ത വകുപ്പുകളുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ആരോഗ്യ പ്രശ്നങ്ങളെ സമഗ്രമായി നേരിടാൻ സഹായിക്കുന്നു.

### 9.1.2.4 ജില്ലാ പഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ ചുമതലകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം അഞ്ചാം ഷെഡ്യൂൾ പ്രകാരം ആരോഗ്യ മേഖല

യിൽ ജില്ലാ പഞ്ചായത്തുകൾക്ക് നിർണ്ണായകമായ പല ചുമതലകളും അധികാരങ്ങളുമുണ്ട്.

» സ്ഥാപനങ്ങളുടെ നിയന്ത്രണം: ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയുടെ ഭരണപരമായ ചുമതലയും മേൽനോട്ടവും ജില്ലാ പഞ്ചായത്തിനാണ്. അലോപ്പതിക്ക് പുറമെ ജില്ലയിലെ പ്രമുഖ ആയുർവേദ, ഹോമിയോപ്പതി ആശുപത്രികളുടെ നിയന്ത്രണവും ഇതിൽ ഉൾപ്പെടുന്നു.

» അടിസ്ഥാന സൗകര്യ വികസനം: തങ്ങളുടെ കീഴിലുള്ള ആശുപത്രികൾക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുക. ആധുനിക ചികിത്സാ ഉപകരണങ്ങൾ, ലാബ് സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുക.

» രോഗപ്രതിരോധ പ്രവർത്തനങ്ങൾ: പകർച്ചവ്യാധികൾ (Communicable Diseases) തടയുന്നതിനുള്ള ജില്ലാതല പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക. ജീവിതശൈലീ രോഗങ്ങൾ (NCD) നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണവും ക്യാമ്പുകളും സംഘടിപ്പിക്കുക.

» മാതൃ-ശിശു ആരോഗ്യ സംരക്ഷണം: മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ഏറ്റെടുക്കുക. വാക്സിനേഷൻ പ്രവർത്തനങ്ങളുടെ ഏകോപനം.

» സാങ്കേതിക സഹായം: ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.

» പാലിയേറ്റീവ് കെയർ: ജില്ലാതലത്തിൽ സാന്ത്വന ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുകയും ബ്ലോക്ക്/ഗ്രാമ തലത്തിലുള്ള ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുക.

» സംയുക്ത പ്രോജക്ടുകൾ: വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജില്ലയിലുടനീളം പ്രയോജനപ്പെടുന്ന വലിയ ആരോഗ്യ പദ്ധതികൾ (ഉദാഹരണത്തിന് ഡയാലിസിസ് സെന്ററുകൾ, വലിയ ബ്ലഡ് ബാങ്കുകൾ) നടപ്പിലാക്കുക.

» പ്രത്യേക വിഭാഗങ്ങൾക്കുള്ള പരിഗണന: വയോജനങ്ങൾ, ട്രാൻസ്ജെൻഡർ (TG) വിഭാഗം, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരുടെ ആരോഗ്യ ആവശ്യങ്ങൾക്കായി പ്രത്യേക ബജറ്റ് നീക്കിവയ്ക്കുകയും പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്യുക.

നിയമപരമായി ഈ ചുമതലകൾ കൃത്യമായി നടപ്പിലാക്കുന്നതിലൂടെ ഒരു ജില്ലയുടെ സമഗ്ര ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ ജില്ലാ പഞ്ചായത്തിന് സാധിക്കും.

### 9.1.3 പദ്ധതികൾക്കായി ഫണ്ട് കണ്ടെത്തുന്ന രീതികൾ (Funding Sources)

ജില്ലാ പഞ്ചായത്തുകൾക്ക് ആരോഗ്യ പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ ഫണ്ട് സമാഹരണ രീതികളെക്കുറിച്ചും, കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളിൽ നടപ്പിലാക്കാൻ കഴിയുന്ന നൂതന പദ്ധതികളെക്കുറിച്ചും താഴെ വിശദീകരിക്കുന്നു:

ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട് കൂടാതെ മറ്റ് പല സ്രോതസ്സുകളിൽ നിന്നും പണം കണ്ടെത്താൻ സാധിക്കും:

» പ്ലാൻ ഫണ്ട് (Plan Fund): സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകുന്ന വികസന ഫണ്ട്. ഇതിന്റെ നിശ്ചിത ശതമാനം ആരോഗ്യ മേഖലയ്ക്കായി മാറ്റിവെക്കാം.

» സംയോജിത ഫണ്ട് (Convergence): ദേശീയ ആരോഗ്യ മിഷൻ (NHM), സംസ്ഥാന ആരോഗ്യ വകുപ്പ് എന്നിവയുടെ ഫണ്ടുകൾ ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളുമായി സംയോജിപ്പിക്കാം.

» CSR ഫണ്ടുകൾ: ജില്ലയിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, സ്വകാര്യ കമ്പനികൾ എന്നിവയുടെ 'കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി' ഫണ്ട് വലിയ മെഡിക്കൽ ഉപകരണങ്ങൾ (MRI, CT Scan) വാങ്ങാൻ ഉപയോഗിക്കാം.

» എം.പി/എം.എൽ.എ ഫണ്ടുകൾ: വലിയ കെട്ടിട നിർമ്മാണങ്ങൾക്കും ഡയാലിസിസ് യൂണിറ്റുകൾക്കും ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ട് പ്രയോജന പ്പെടുത്താം.

» പൊതുജന പങ്കാളിത്തം (Crowdsourcing): കോഴിക്കോട്ടെ 'സ്നേഹസ്പർശം' പദ്ധതി പോലെ പൊതുജനങ്ങളിൽ നിന്ന് ചെറിയ തുകകൾ ശേഖരിച്ച് വലിയ കാരുണ്യ പ്രവർത്തനങ്ങൾ നടത്താം.

## 9.1.4 രണ്ടാം/മൂന്നാം തലമുറ പ്രശ്നങ്ങൾക്കുള്ള പരിഹാര മാതൃകകൾ

ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന ചില സവിശേഷ ഇടപെടലുകൾ:

### 9.1.4.1 ഡിജിറ്റൽ ഹെൽത്ത് റെക്കോർഡ് (Digital Health Stack)

» ജില്ലയിലെ ഓരോ വ്യക്തിയുടെയും ആരോഗ്യ വിവരങ്ങൾ ഡിജിറ്റലായി സൂക്ഷിക്കുക.

» ഇതുവഴി ജീവിതശൈലീ രോഗമുള്ളവരെ കൃത്യമായി ട്രാക്ക് ചെയ്യാനും മരുന്നുകൾ ഉറപ്പാക്കാനും സാധിക്കും.

### 9.1.4.2 ഹെൽത്ത് ഇൻഷുറൻസ് ടോപ്പ്-അപ്പ്

» സർക്കാരിന്റെ 'കാരുണ്യ' (KASP) ഇൻഷുറൻസിൽ ഉൾപ്പെടാത്തതോ, ആ പരിധിക്ക് പുറത്തുവരുന്നതോ ആയ വിലകൂടിയ ചികിത്സകൾക്ക് (ഉദാഹരണത്തിന് കാൻസർ മരുന്നുകൾ) ജില്ലാ പഞ്ചായത്ത് പ്രത്യേക സഹായം നൽകുക.

### 9.1.4.3 മൊബൈൽ ഡയഗ്നോസ്റ്റിക് യൂണിറ്റുകൾ

» ഗ്രാമപ്രദേശങ്ങളിലെ പ്രായമായവർക്ക് രക്തപരിശോധന, ഇ. സി. ജി തുടങ്ങിയവ വീട്ടുപടിക്കൽ ലഭ്യമാക്കാൻ ലാബ് സൗകര്യങ്ങളുള്ള വാഹനങ്ങൾ സജ്ജമാക്കുക.

### 9.1.4.4 ഹെൽത്ത് ഹബ്ബുകൾ (Health Hubs)

» ജില്ലാ ആശുപത്രികളിൽ വെൽനസ് സെന്ററുകൾ ആരംഭിക്കുക. ഇവിടെ യോഗ, കൗൺസിലിംഗ്, പോഷകാഹാര വിദഗ്ധരുടെ സേവനം എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കാം.

## 9.1.5 ജില്ലാ പഞ്ചായത്തുകൾക്ക് പരിഗണിക്കാവുന്ന പ്രോജക്ട് പ്രൊപ്പോസലുകൾ

ഓരോ പ്രോജക്ടും തനത് ഫണ്ട്, എൻ. എച്ച്. എം (NHM) സംയോജനം, സി. എസ്. ആർ

(CSR) എന്നിവ ഉപയോഗിച്ച് നടപ്പിലാക്കാവുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലാ പഞ്ചായത്തുകൾക്ക് പരിഗണിക്കാവുന്ന പ്രോജക്ട് പ്രൊപ്പോസലുകൾക്കുള്ള ഉദാഹരണങ്ങൾ താഴെ നൽകുന്നു.

### 9.1.5.1 കാൻസർ പ്രതിരോധം: "ജീവിതം സുന്ദരം" (സമഗ്ര കാൻസർ കെയർ)

ലക്ഷ്യം: കാൻസർ മുൻകൂട്ടി കണ്ടെത്തുക (Early Detection), ചികിത്സാ ചെലവ് കുറയ്ക്കുക.

പ്രധാന പ്രവർത്തനങ്ങൾ:

- » ജില്ലാ ആശുപത്രിയിൽ അത്യാധുനിക കാൻസർ സ്ക്രീനിംഗ് സെന്റർ സ്ഥാപിക്കൽ.
- » മൊബൈൽ മാമോഗ്രഫി യൂണിറ്റുകൾ വഴി ഗ്രാമങ്ങളിൽ സ്ക്രീനിംഗ് ക്യാമ്പുകൾ.
- » കീമോതെറാപ്പി ആവശ്യമുള്ളവർക്ക് താലൂക്ക് തലത്തിൽ തന്നെ 'ഡേ-കെയർ കീമോ' സൗകര്യം.
- » കാൻസർ രോഗികൾക്ക് വിലകൂടിയ മരുന്നുകൾ സൗജന്യമായി നൽകാൻ പ്രത്യേക ഫണ്ട്.

### 9.1.5.2 വയോജന ആരോഗ്യം: "സായംപ്രഭ" (Geriatric Care)

ലക്ഷ്യം: വയോജനങ്ങളുടെ ശാരീരിക-മാനസികാരോഗ്യം ഉറപ്പാക്കൽ.

പ്രധാന പ്രവർത്തനങ്ങൾ:

- » ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും പ്രത്യേക ഫിസിയോതെറാപ്പി യൂണിറ്റുകളും.
- » വീടുകളിൽ കഴിയുന്ന അവശരായ വയോജനങ്ങൾക്കായി 'മൊബൈൽ മെഡിക്കൽ ടീം'.
- » വയോജനങ്ങൾക്കായി ഡിജിറ്റൽ ഹെൽത്ത് കാർഡ് (ഹെൽത്ത് ഹിസ്റ്ററി ഉൾപ്പെടെ).
- » പകൽവീടുകളിൽ മെഡിക്കൽ ചെക്കപ്പ് സൗകര്യം.

### 9.1.5.3 ഏക ആരോഗ്യ ഇടപെടൽ (One Health): "സുരക്ഷ"

ലക്ഷ്യം: സൂനോസിസ് (മൃഗങ്ങളിൽ നിന്ന് പടരുന്ന രോഗങ്ങൾ), പകർച്ചവ്യാധി, പരിസ്ഥിതി സംരക്ഷണം എന്നിവ സംയോജിതമായി കൈകാര്യം ചെയ്യുക.

പ്രധാന പ്രവർത്തനങ്ങൾ:

- » ഡിസ്ട്രിക്റ്റ് വൺ ഹെൽത്ത് ലാബ്: മനുഷ്യരിലെയും മൃഗങ്ങളിലെയും രോഗാണുക്കളെ ഒരേപോലെ നിരീക്ഷിക്കാനുള്ള സംവിധാനം.
- » മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് പേവിഷബാധ (Rabies) നിയന്ത്രണത്തിന് വാക്സിനേഷൻ ഡ്രൈവ്.
- » ജലാശയങ്ങളുടെ ശുചിത്വം ഉറപ്പാക്കി ജലജന്യ രോഗങ്ങൾ തടയുക.
- » ആശുപത്രി മാലിന്യ സംസ്കരണത്തിന് 'സീറോ വേസ്റ്റ് ഹോസ്പിറ്റൽ' പ്രോട്ടോക്കോൾ.

### 9.1.5.4 മാനസികാരോഗ്യം & ആത്മഹത്യാ പ്രതിരോധം: "പ്രത്യാശ"

ലക്ഷ്യം: മാനസിക സമ്മർദ്ദം കുറയ്ക്കുക, ആത്മഹത്യാ പ്രവണത തടയുക.

പ്രധാന പ്രവർത്തനങ്ങൾ:

- 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ സൈക്കോളജിക്കൽ ഹെൽപ്പ് ലൈൻ.
- ആശുപത്രികളിൽ 'ആശ്വാസം ക്ലിനിക്കുകൾ'-വിഷാദം, ഉത്കണ്ഠ എന്നിവയ്ക്ക് വിദഗ്ധ കൗൺസിലിംഗ്.
- ആത്മഹത്യാ സാധ്യത കൂടുതലുള്ള മേഖലകളിൽ (Hotspots) കമ്മ്യൂണിറ്റി കൗൺസിലിംഗ്.

#### 9.1.5.5 കൗമാരാരോഗ്യം & ലഹരിമുക്തി: "ഉണർവ്"

ലക്ഷ്യം: കൗമാരക്കാരിലെ വിളർച്ച (Anemia) തടയുക, ലഹരി ഉപയോഗത്തിനെതിരെ പ്രതിരോധം തീർക്കുക.

പ്രധാന പ്രവർത്തനങ്ങൾ:

- സ്കൂൾ ഹെൽത്ത് ക്ലിനിക്കുകൾ: കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗും ആരോഗ്യ പരിശോധനയും.
- ജില്ലാ ആശുപത്രിയിൽ അത്യാധുനിക ഡി-അഡിക്ഷൻ സെന്റർ (കിടത്തിച്ചികിത്സാ സൗകര്യത്തോടെ).
- കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കിടയിലെ അനീമിയ പരിഹരിക്കാൻ പ്രത്യേക പോഷകാഹാര കിറ്റുകൾ.
- സ്പോർട്സ്, ആർട്സ് ക്ലബ്ബുകൾ വഴി ലഹരിക്കെതിരെയുള്ള കമ്മ്യൂണിറ്റി ഇടപെടലുകൾ.

### 9.1.6 പ്ലാനിംഗ് ബോർഡ് മാർഗ്ഗരേഖ പ്രകാരം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. ജെൻഡർ ബജറ്റിംഗ് (Gender Budgeting): സ്ത്രീകൾക്കും കുട്ടികൾക്കുമായി കുറഞ്ഞത് 10% ഫണ്ട് ഇത്തരം പദ്ധതികളിൽ നീക്കിവെക്കണം.
2. ഭിന്നശേഷി സൗഹൃദം: എല്ലാ ആരോഗ്യ കേന്ദ്രങ്ങളും ഭിന്നശേഷിക്കാർക്ക് പ്രാപ്യമാകണം (Ramps, Tactile paths).
3. ഡിജിറ്റലൈസേഷൻ: എല്ലാ പ്രോജക്ടുകളുടെയും പുരോഗതി നിരീക്ഷിക്കാൻ ഒരു 'ഡിജിറ്റൽ ഡാഷ്ബോർഡ്' നിർമ്മിക്കണം.

### 9.1.7 ജില്ലകളിൽ നടപ്പിലാക്കുന്ന ശ്രദ്ധേയമായ ചില പ്രത്യേക പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ 'ആർദ്രം' മിഷന്റെ ഭാഗമായുള്ള പൊതുവായ പ്രവർത്തനങ്ങൾക്ക് പുറമെ, ഓരോ ജില്ലയും നടപ്പിലാക്കുന്ന ശ്രദ്ധേയമായ ചില പ്രത്യേക പദ്ധതികൾ താഴെ നൽകുന്നു.

#### 9.1.7.1 എറണാകുളം ജില്ലാ പഞ്ചായത്ത്

- സ്നേഹസ്പന്ദനം: മൂന്ന് ജില്ലാ ആശുപത്രികൾ വഴി നടപ്പിലാക്കുന്ന സമഗ്ര പാലിയേറ്റീവ് കെയർ പദ്ധതിയാണിത്.
- മാതൃവന്ദനം: ആയുർവേദ മേഖലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മരുന്നുകളും ചികിത്സയും ഉറപ്പാക്കുന്ന പദ്ധതി.
- ഉണ്ണിക്കൊരു മുത്തം: കുട്ടമ്പുഴ പോലുള്ള ആദിവാസി മേഖലകളിലെ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനുമുള്ള പ്രത്യേക പരിശോധനാ ക്യാമ്പുകൾ.

» ഡയാലിസിസ് തുടർചികിത്സ: പഞ്ചായത്തുകളുമായി സഹകരിച്ച് ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നു.

### 9.1.7.2 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

» ആന്റിബയോട്ടിക് ലിറ്ററേറ്റ് പഞ്ചായത്ത്: ലോകത്തിലാദ്യമായി ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ബോധവൽക്കരണവും നിയന്ത്രണവും ഏർപ്പെടുത്തിയ പദ്ധതിയാണിത്.

» പ്രൗഡ് (PROUD): കാലാവധി കഴിഞ്ഞതും ഉപയോഗശൂന്യവുമായ മരുന്നുകൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിയാണിത് (Program of Removal of Unused Drugs).

### 9.1.7.3 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

» ലഹരിവിരുദ്ധ ക്യാമ്പയിൻ: യുവതലമുറയിലെ ലഹരി ഉപയോഗം തടയുന്നതിനായി 2025-26 ബജറ്റിൽ വലിയ തുക നീക്കിവെച്ച് വിപുലമായ ബോധവൽക്കരണവും പുനരധിവാസ പ്രവർത്തനങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്.

» ഡയബറ്റിക് റെറ്റിനോപ്പതി (നയനാമൃതം): പ്രമേഹ രോഗികളിൽ കണ്ടുവരുന്ന കാഴ്ച വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്ന പദ്ധതി.

» ജീവതാളം: ജീവിത ശൈലീ രോഗ നിയന്ത്രണം-വ്യായാമം

### 9.1.7.4 പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾ

» ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്: ആദിവാസി മേഖലകളിൽ മാനസികാരോഗ്യം ഉറപ്പാക്കുന്നതിനും ചികിത്സ നൽകുന്നതിനുമായി പ്രത്യേക ക്ലിനിക്കുകളും കൗൺസിലിംഗും ഈ ജില്ലകളിൽ സജീവമാണ്.

» വയോമിത്രം & വയോഅമൃതം: മുതിർന്ന പൗരന്മാർക്ക് വീട്ടുപടിക്കൽ ചികിത്സയും സൗജന്യ മരുന്നുകളും ലഭ്യമാക്കുന്ന ഈ പദ്ധതി പല ജില്ലകളിലും ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ വിപുലമായി നടക്കുന്നു.

### 9.1.7.5 കൊല്ലം ജില്ലാ പഞ്ചായത്ത്

» മന്ദഹാസം: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമ ദന്തനിരകൾ വെച്ചുപിടിപ്പിക്കുന്ന പദ്ധതി.

ഈ പദ്ധതികൾ കൂടാതെ ഭിന്നശേഷിക്കാർക്കായുള്ള 'നിരാമയ' ഇൻഷുറൻസ് പദ്ധതി, വൃക്കരോഗികൾക്കുള്ള സഹായങ്ങൾ എന്നിവ ചില ജില്ലാ പഞ്ചായത്തുകളും മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും നിരാമയ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നു:

» പ്രീമിയം അടയ്ക്കൽ: ബിപിഎൽ (BPL) വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വാർഷിക ഇൻഷുറൻസ് പ്രീമിയം തുക പല പഞ്ചായത്തുകളും തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ അടച്ചുനൽകാറുണ്ട്.

» ക്യാമ്പുകൾ സംഘടിപ്പിക്കുക: ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ക്യാമ്പുകൾ നടത്തുന്നു.
» ബോധവൽക്കരണം: ഭിന്നശേഷിക്കാരായ കുട്ടികളുള്ള മാതാപിതാക്കളെ ഈ പദ്ധതിയെക്കുറിച്ച് അറിയിക്കുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ ഐ. സി. ഡി. എസ് (ICDS) വഴി നൽകുകയും ചെയ്യുന്നു.
» ശ്രദ്ധിക്കുക: ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഭിന്നശേഷി തെളിയിക്കുന്ന 'മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്

### 9.1.8 ഒരു പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തേണ്ട ക്രമം:

1. ആമുഖം: ജില്ലയിലെ നിലവിലെ പ്രശ്നം (ഉദാ: ആത്മഹത്യ നിരക്ക് കൂടുന്നത്).
2. ലക്ഷ്യം: എന്താണ് മാറ്റാൻ ആഗ്രഹിക്കുന്നത്.
3. ഗുണഭോക്താക്കൾ: ആർക്കൊക്കെ ഗുണം ലഭിക്കും.
4. പ്രവർത്തനങ്ങൾ, പ്രവർത്തന പദ്ധതി(ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങൾ. , സംഘാടനം
5. സാമ്പത്തിക വിശകലനം: ആവശ്യമായ തുക, സ്രോതസ്സ്.
6. മോണിറ്ററിംഗ്: പദ്ധതി എങ്ങനെ വിലയിരുത്തും.

## 9.2 കേരളത്തിലെ ജില്ലാ പഞ്ചായത്തുകളും വിദ്യാഭ്യാസവും

കേരളത്തിന്റെ സാമൂഹികവും മാനവവികസനപരവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിൽ വിദ്യാഭ്യാസം നിർണായക പങ്കാണ് വഹിച്ചിട്ടുള്ളത്. ഉയർന്ന സാക്ഷരതാ നിലവാരം, മെച്ചപ്പെട്ട ആരോഗ്യഫലങ്ങൾ, തലമുറകളിലുടനീളമുള്ള സാമൂഹിക മുന്നേറ്റം എന്നിവ സാധ്യമാകാൻ വിദ്യാഭ്യാസം അടിസ്ഥാന ഘടകമായി പ്രവർത്തിച്ചു. കേരളത്തിലെ വികേന്ദ്രീകൃത ഭരണ സംവിധാനത്തിൽ, വിദ്യാഭ്യാസത്തെ ഒരു ഒറ്റ സേവനമേഖലയായി മാത്രം കാണാനാകില്ല; മറിച്ച്, സാമ്പത്തിക വികസനവും സാമൂഹ്യനീതിയും മുന്നോട്ടുകൊണ്ടുപോകുന്നതിൽ പ്രാദേശിക ഭരണസ്ഥാപനങ്ങൾ നിർവ്വഹിക്കുന്ന പ്രധാന വികസന ചുമതലയിലൊന്നാണ് അത്. ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ, ഭരണഘടനാപരമായി നിർദേശിക്കപ്പെട്ട ഉത്തരവാദിത്തവും അതിലൂടെ സൃഷ്ടിക്കുന്ന വികസനഫലവും കണക്കിലെടുത്താൽ, വിദ്യാഭ്യാസം പൊതുപ്രവർത്തനങ്ങളുടെ ഏറ്റവും പ്രാധാന്യമുള്ള മേഖലകളിലൊന്നായി ഉയർന്നുവരുന്നു.

ഈ ചുമതലയുടെ ഭരണഘടനാപരമായ അടിസ്ഥാനം ഇന്ത്യൻ ഭരണഘടനയിലെ 73-ാം ഭേദഗതിയിൽ നിന്നാണ് ഉരുത്തിരിയുന്നത്. പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ജനാധിപത്യ ഭരണത്തിന്റെ മൂന്നാം തലമായി സ്ഥാപനവൽക്കരിക്കാനും വികസന-ക്ഷേമ പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കാനും ഈ ഭേദഗതി വഴിയൊരുക്കി. കേരളത്തിൽ, 1994-ലെ കേരള പഞ്ചായത്തിരാജ് നിയമം വഴിയാണ് ഈ കാഴ്ചപ്പാട് പ്രാവർത്തികമാക്കിയത്. ഈ നിയമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കിടയിൽ ഭരണചുമതലകൾ പുനഃസംഘടിപ്പിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ, പ്രത്യേകിച്ച് സെക്കൻഡറി, വൊക്കേഷണൽ, സാങ്കേതിക വിദ്യാഭ്യാസ മേഖലകളിലെ ചില നിർദ്ദിഷ്ട ചുമതലകളുടെ പൂർണ്ണ ഉത്തരവാദിത്തം ജില്ലാ പഞ്ചായത്തുകൾക്ക് നൽകപ്പെട്ടു.

കേരളത്തിലെ വികേന്ദ്രീകൃത ഭരണസംവിധാനത്തിൽ, ജില്ലാ ആസൂത്രണ ഘടനയുമായി വിദ്യാഭ്യാസം ആഴത്തിൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. ജില്ലാ പഞ്ചായത്തുകൾ വാർഷിക വികസന പദ്ധതികൾ തയ്യാറാക്കുകയും ജില്ലാ ആസൂത്രണ സമിതി വഴി ഏകീകൃത ജില്ലാ വികസന പദ്ധതികളിലേക്ക് സംഭാവന നൽകുകയും ചെയ്യേണ്ടതുണ്ട്. ഈ ഘടനയിൽ, മാനവവികസനം, സാമൂഹിക ഉൾക്കൊള്ളൽ, തൊഴിൽ നൈപുണ്യ വികസനം, തലമുറകൾക്കിടയിലെ നീതിതുല്യത എന്നിവയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒരു അനന്തരമേഖലയായാണ് വിദ്യാഭ്യാസം പ്രവർത്തിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സ്കൂൾ അടിസ്ഥാന സൗകര്യങ്ങളിലേക്കുള്ള വൻതോതിലുള്ള നിക്ഷേപങ്ങൾ തുടങ്ങിയ പൊതുനയ ഇടപെടലുകൾ ജില്ലാതല ഉത്തരവാദിത്തങ്ങളുടെ വ്യാപ്തി കൂടുതൽ വിപുലമാക്കിയിട്ടുണ്ട്.

ബഹുതല ഭരണസംവിധാനത്തിനുള്ളിൽ ജില്ലാ പഞ്ചായത്തിന്റെ സ്ഥാനം ഒരേസമയം തന്ത്രപ്രധാനവും എന്നാൽ നിയന്ത്രിതവുമാണ്. പാഠ്യപദ്ധതി, അധ്യാപക നിയമനം, പരീക്ഷകൾ എന്നിവയിൽ സംസ്ഥാന സർക്കാർ അധികാരം നിലനിർത്തുന്നുണ്ടെങ്കിലും, ഗ്രാമപ്രദേശങ്ങളിൽ കൈമാറ്റം ചെയ്യപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (ആസ്തികളുടെ) നിയമപരമായ ഉടമസ്ഥതയും ഭരണചുമതലയും ജില്ലാ പഞ്ചായത്തുകൾക്കാണ്. പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തുകൾ കൈകാര്യം ചെയ്യുമ്പോൾ, നഗരപരിധിയിലെ സ്കൂളുകൾ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ് നിയന്ത്രിക്കുന്നത്. അധികാരവിഭജനത്തിന്റെ ഈ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട്, സെക്കൻഡറി, വൊക്കേഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സുരക്ഷിതവും ഫലപ്രദവുമായ പഠന അന്തരീക്ഷങ്ങളായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്ന ഗ്രാമീണ മേഖലയിലെ അധികാരിയായി ജില്ലാ പഞ്ചായത്തുകൾ വർത്തിക്കുന്നു.

അതിനാൽ, വിദ്യാഭ്യാസത്തിനുള്ള അവസരം അർത്ഥവത്തായ മാനവവികസനമായി മാറുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിൽ ജില്ലാതല നേതൃത്വം നിർണായക പങ്ക് വഹിക്കുന്നു. പ്രവേശനവും എന്റോൾമെന്റും സംബന്ധിച്ച ഒന്നാംതലമുറ വെല്ലുവിളികളിൽ നിന്ന്, പഠനനിലവാരം, സമത്വം, ക്ഷേമം, തുടർവിദ്യാഭ്യാസ മാറ്റങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട രണ്ടാംതലമുറ വെല്ലുവിളികളിലേക്കാണ് കേരളം നീങ്ങുന്നത്. ഈ പശ്ചാത്തലത്തിൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക ഉൾക്കൊള്ളൽ, വിവിധ പദ്ധതികളുടെ ഏകോപനം എന്നിവ വലിയതോതിൽ സമന്വയിപ്പിക്കാൻ കഴിയുന്ന നിർണായക സ്ഥാപനമായി ജില്ലാ പഞ്ചായത്ത് ഉയർന്നുവരുന്നു.

### 9.2.1 ഭരണനിർവ്വഹണവും, പദ്ധതി അധിഷ്ഠിതവുമായ ചുമതലകൾ

ഗ്രാമപ്രദേശങ്ങളിലെ സെക്കൻഡറി, ഹയർ സെക്കൻഡറി, സാങ്കേതിക വിദ്യാഭ്യാസ മേഖലകളുടെ പ്രധാന ഭരണാധികാരിയായി ജില്ലാ പഞ്ചായത്ത് പ്രവർത്തിക്കുന്നു. ഇതിന്റെ ചുമതലകളെ നിയമപരമായി നിഷ്കർഷിച്ചിട്ടുള്ള 'സ്ഥാപന ഭരണ ചുമതലകൾ' എന്നും, വികേന്ദ്രീകരണത്തിലൂടെ കൈമാറിക്കിട്ടിയ 'പദ്ധതി ഏകോപന ചുമതലകൾ' എന്നും രണ്ട്

വിഭാഗങ്ങളായി തിരിക്കാം. 'കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ' എന്നറിയപ്പെടുന്ന ഒരു ശൃംഖലയുടെ ഭരണനിയന്ത്രണം ജില്ലാ പഞ്ചായത്ത് നിർവ്വഹിക്കുന്നു. അവയിൽ ഉൾപ്പെടുന്നവ:

» സർക്കാർ ഹൈസ്കൂളുകൾ (അവയോടൊപ്പം പ്രവർത്തിക്കുന്ന ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകൾ ഉൾപ്പെടെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾ എന്നിവയുടെ നടത്തിപ്പ്.
» സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ, സർക്കാർ ടെക്നിക്കൽ സ്കൂളുകൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, പോളിടെക്നിക്കുകൾ എന്നിവയുടെ നടത്തിപ്പ്.
» ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളുടെ (DIET) ഭരണനിർവ്വഹണം.
» ഫിഷറീസ് സ്കൂളുകൾ, ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള പ്രത്യേക സ്കൂളുകൾ എന്നിവയുടെ നടത്തിപ്പ്.

### 9.2.2 ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട ചുമതലകൾ

ഈ ചുമതലകളുടെ ഭാഗമായി, സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾക്ക് ജില്ലാ പഞ്ചായത്താണ് ഉത്തരവാദി. അധിക ക്ലാസ് മുറികളുടെ നിർമ്മാണം, കെട്ടിടങ്ങളുടെയും ലബോറട്ടറികളുടെയും പരിപാലനം, ഫർണിച്ചർ ലഭ്യമാക്കൽ, വൈദ്യുതി, കുടിവെള്ളം, ശുചിത്വം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 150 നാപ്കിൻ വെൻഡിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും സ്ഥാപിച്ച 'മനസ' (Manasa) പദ്ധതിയും, ഹൈടെക് സൗകര്യങ്ങളുടെ നിർമ്മാണവും, സ്ത്രീസൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലുള്ള ജില്ലാ പഞ്ചായത്തിന്റെ പങ്ക് തെളിയിക്കുന്നു.

### 9.2.3 പദ്ധതി അധിഷ്ഠിതവും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള ഇടപെടലുകൾ

സിവിൽ വർക്കുകൾക്ക് അപ്പുറം, പഠന-അധ്യാപന പ്രക്രിയകൾ ശക്തിപ്പെടുത്തുന്നതിനായി പ്രത്യേക ഇടപെടലുകൾ രൂപകൽപ്പന ചെയ്യാനുള്ള അധികാരം ജില്ലാ പഞ്ചായത്തുകൾക്കുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്:

» പരീക്ഷാഫലം മെച്ചപ്പെടുത്തൽ: പരിഹാര ക്ലാസുകളും (Remedial classes) പ്രത്യേക പഠന പിന്തുണയും നൽകിക്കൊണ്ട് SSLC, പ്ലസ് ടു പരീക്ഷാഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിജയഭേരി (മലപ്പുറം), നൂറുമേനി (ഇടുക്കി) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കൽ.
» ശാസ്ത്രീയ മനോഭാവം: വിദ്യാർത്ഥികളിൽ ശാസ്ത്രീയ അന്വേഷണാത്മകത വളർത്തുന്നതിനായി വിജ്ഞാൻ സാഗർ സയൻസ് പാർക്ക് പോലുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കലും ആസ്ട്രോണമി ഒളിമ്പ്യാഡുകൾ സംഘടിപ്പിക്കലും.
» സാമൂഹിക ഉൾക്കൊള്ളൽ: ആദിവാസി ഊരുകളിൽ കമ്മ്യൂണിറ്റി ലേണിംഗ് സെന്ററുകൾ വനജ്യോതി പദ്ധതി സ്ഥാപിച്ചും, പട്ടികജാതി ഉന്നതികളിൽ പഠനമുറികൾ പദ്ധതി ഒരുക്കിയും കൊഴിഞ്ഞുപോക്ക് തടയാനും ആദ്യതലമുറ പഠിതാക്കൾക്ക് പിന്തുണ നൽകാനും നടപടികൾ സ്വീകരിക്കൽ.

### 9.2.4 പങ്കുവെക്കപ്പെട്ടതും പരസ്പരം പൂരകമായിട്ടുള്ള ഉത്തരവാദിത്തങ്ങൾ

കേരള മോഡലിന്റെ പ്രധാന സവിശേഷതകളിലൊന്നാണ് "ദ്വന്ദ്വ-നിയന്ത്രണ" (dual-control) സംവിധാനമെന്ന് പറയാവുന്നത്. ജില്ലാ പഞ്ചായത്ത്, സംസ്ഥാന വകുപ്പുകൾ, കൂടാതെ ഭരണഘടനാപരമായി താഴ്ന്ന തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിൽ സങ്കീർണ്ണമായ അധികാര-ഉത്തരവാദിത്ത വിഭജനങ്ങൾ ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു.

### 9.2.5 സംസ്ഥാന സർക്കാരുമായുള്ള ചുമതലകളുടെ വിഭജനം

'കൈമാറ്റം ചെയ്ത' ആസ്തികളുടെ നിയമപരമായ ഉടമസ്ഥതയും അവയുടെ പരിപാലന ചുമതലയും ജില്ലാ പഞ്ചായത്തിനാണെങ്കിലും, അക്കാദമിക് പാഠ്യപദ്ധതികൾ, അധ്യാപക നിയമനങ്ങൾ, പൊതുപരീക്ഷകളുടെ നടത്തിപ്പ് എന്നിവയിൽ സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് പൂർണ്ണ അധികാരം നിലനിർത്തുന്നു. ഈ ചുമതല വിഭജനം പലപ്പോഴും ഒരു ഏകീകരണ പ്രതിസന്ധിയിൽ ചില ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

### 9.2.6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴ്ത്തലങ്ങളുമായുള്ള (ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ) ചുമതലകളുടെ വിഭജനം

സ്ഥാപനങ്ങളുടെ അധികാരം സാധാരണയായി സ്കൂൾ തലമനുസരിച്ചാണ് വിഭജിച്ചിരിക്കുന്നത്. സ്വതന്ത്രമായി പ്രവർത്തിക്കുന്ന പ്രൈമറി സ്കൂളുകൾ ഗ്രാമപഞ്ചായത്തുകളുടെ കീഴിലായിരിക്കുമ്പോൾ, ഹൈസ്കൂളുകളും ഹയർ സെക്കൻഡറി സ്കൂളുകളും ജില്ലാ പഞ്ചായത്തിന്റെ കീഴിലായിരിക്കും. എന്നാൽ, ലോവർ പ്രൈമറി അല്ലെങ്കിൽ അപ്പർ പ്രൈമറി വിഭാഗങ്ങൾ ഒരു ഹൈസ്കൂളിനോട് ചേർന്നിരിക്കുന്ന സാഹചര്യങ്ങളിൽ വ്യക്തതക്കുറവ് നിലനിൽക്കുന്നു. അത്തരം സാഹചര്യങ്ങളിൽ, മുഴുവൻ വിദ്യാഭ്യാസ സമുച്ചയത്തിന്റെയും നിയന്ത്രണം ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്നു. സംയുക്ത പദ്ധതി മാതൃകയിലൂടെ, പല സ്കൂളുകൾക്കും പ്രയോജനപ്പെടുന്ന ലിങ്ക് റോഡുകൾ അല്ലെങ്കിൽ ജലവിതരണ പദ്ധതികൾ പോലുള്ള അന്തർപ്രദേശീയ അടിസ്ഥാനസൗകര്യങ്ങൾക്കായി ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് വിഭവങ്ങൾ ഏകോപിപ്പിക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും.

### 9.2.7 ഏകോപന ചുമതല (SSK, DIET)

സമഗ്ര ശിക്ഷാ കേരളം (SSK) പോലുള്ള സംസ്ഥാന-കേന്ദ്ര സഹായ പദ്ധതികൾ ഏകോപിപ്പിക്കാനും ഭാഗികമായി ധനസഹായം നൽകാനുമുള്ള ചുമതല ജില്ലാ പഞ്ചായത്തിന് നിയമപരമായി നൽകിയിട്ടുണ്ട്. എന്നിരുന്നാലും, ഇത് പ്രവർത്തനചുമതലകളുടെ കൈമാറ്റം പരിമിതമായ ഒരു മേഖലയാണ്. സാധാരണയായി, വിദ്യാഭ്യാസ ബജറ്റിന്റെ ഏകദേശം 19 ശതമാനം വരെ ജില്ലാ പഞ്ചായത്തുകൾ SSK-യ്ക്ക് നിർബന്ധിതമായി നീക്കിവയ്ക്കേണ്ടിവരുന്നു. SSK ആവിഷ്കരിക്കുന്ന പദ്ധതിയിൽ ഇവർക്ക് പൂർണമായ പങ്കാളിത്തം ലഭ്യമാവുന്നില്ല. SSK-യുമായുള്ള ശക്തമായ ഏകോപന സംവിധാനങ്ങളിലൂടെ ഇത് പരിഹരിക്കാവുന്നതാണ്.

### 9.2.8 ഘടനാപാരമായ ദൗർബല്യങ്ങൾ കണ്ടെത്തിയ മേഖലകൾ

1. പരിപാലനത്തിലെ പോരായ്മ: ശൗചാലയങ്ങളും ലബോറട്ടറികളും ജില്ലാ പഞ്ചായത്ത്

നിർമ്മിക്കുന്നുവെങ്കിലും, അവയുടെ ദൈനംദിന പരിപാലന ചുമതല ജില്ലാ പഞ്ചായത്ത് ധനസഹായത്തിന്റെയും പിടിഎ യുടെ ശേഷിയുടെയും ഇടയിൽ കുടുങ്ങിക്കിടക്കുന്നു. ഇതിന്റെ ഫലമായി ആസ്തികൾ വേഗത്തിൽ ജീർണ്ണാവസ്ഥയിലാകുന്നു.

2. പഠനശാസ്ത്രപരമായ വൈരുദ്ധ്യം: ഡയറ്റുകൾ (DIET) ഭരണപരമായി ജില്ലാ പഞ്ചായത്തിന്റെ കീഴിലാണെങ്കിലും, അവയുടെ പൂർണമായ പ്രവർത്തന നിയന്ത്രണം ജില്ലാ പഞ്ചായത്തുകൾക്കില്ല
3. RMSA ഫണ്ടുകളുടെ അപര്യാപ്ത വിനിയോഗം: സ്കൂൾ കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുന്ന രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) ഫണ്ടുകളുടെ വിനിയോഗത്തിൽ കാര്യമായ അശാസ്ത്രീയതയും, വലിയ തോതിലുള്ള ഫണ്ട് ലാപ്സാകലും നിലനിൽക്കുന്നു. ഇത് താഴേത്തട്ടിലുള്ള ആസൂത്രണത്തിന്റെ പരാജയമായി പലപ്പോഴും വിലയിരുത്തപ്പെടുന്നു.
4. ഡാറ്റാബേസ് പോരായ്മകൾ: സ്കൂൾ ഫലങ്ങളും അടിസ്ഥാനസൗകര്യങ്ങളും സംബന്ധിച്ച സമഗ്രമായ ജില്ലാതല ഡാറ്റാബേസിന്റെ തുടർച്ചയായ അഭാവം, തെളിവുകളെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണത്തിൽ ഏർപ്പെടാനുള്ള ജില്ലാ പഞ്ചായത്തിന്റെ ശേഷിയെ തടസ്സപ്പെടുത്തുന്നു.

### 9.2.9 ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറപ്പെട്ട സ്ഥാപനങ്ങൾ

1994-ലെ കേരള പഞ്ചായത്തിരാജ് നിയമം വിഭാവനം ചെയ്ത വികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട നിരവധി സ്ഥാപനങ്ങൾ സംസ്ഥാന വകുപ്പുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ നിന്ന് ജില്ലാ പഞ്ചായത്തുകളുടെ ഭരണപരിധിയിലേക്ക് കൈമാറപ്പെട്ടു. ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള സ്ഥാപന ഘടനയെ താഴെ പറയുന്ന വിഭാഗങ്ങളായി തിരിക്കാം:

1. പൊതു സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ ഹൈസ്കൂളുകൾ, സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾ, സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഹൈസ്കൂളിനോട് ചേർന്ന് ലോവർ പ്രൈമറി അല്ലെങ്കിൽ അപ്പർ പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, ആ മുഴുവൻ സമുച്ചയത്തിന്റെയും നിയന്ത്രണം ജില്ലാ പഞ്ചായത്തിനായിരിക്കും.
2. സാങ്കേതിക, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ സർക്കാർ ടെക്നിക്കൽ സ്കൂളുകൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, പോളിടെക്നിക്കുകൾ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITI) എന്നിവയുടെ ചുമതല ജില്ലാ പഞ്ചായത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്.
3. പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തീരദേശ സമൂഹങ്ങളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഫിഷറീസ് സ്കൂളുകളും, കാഴ്ച-ശ്രവണ-സംസാര വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക സ്കൂളുകളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.
4. അക്കാദമിക്, അധ്യാപക പിന്തുണ സ്ഥാപനങ്ങൾ പഠന ഗവേഷണത്തിനും

അധ്യാപക പരിശീലനത്തിനുമായി പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം (DIET), ജില്ലാ പഞ്ചായത്തിന്റെ ഭരണനിയന്ത്രണത്തിലുള്ള പ്രധാന അക്കാദമിക് സ്ഥാപനമാണ്.

5. വിദ്യാഭ്യാസ അനുബന്ധ സ്ഥാപനങ്ങൾ മറ്റ് വകുപ്പുകളുടെ നിയന്ത്രണത്തിലാണെങ്കിൽ കൂടിയും, അങ്കണവാടികൾ (പ്രീ-സ്കൂൾ വിദ്യാഭ്യാസം), പൊതുഗ്രന്ഥശാലകൾ എന്നിവയ്ക്ക് ജില്ലാ പഞ്ചായത്ത് പിന്തുണ നൽകുന്നു.

## 9.2.10 സ്ഥാപന വിഭാഗങ്ങൾ അടിസ്ഥാനമാക്കിയുള്ള വിശകലനം

### 9.2.10.1 ഹൈസ്കൂളുകളും ഹയർ സെക്കൻഡറി സ്കൂളുകളും

» അധികാരത്തിന്റെ വ്യാപ്തിയും പരിധികളും: സ്കൂളുകളുടെ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ, ലൈബ്രറി നവീകരണം, ലബോറട്ടറി ആധുനികവൽക്കരണം എന്നിവയിൽ ജില്ലാ പഞ്ചായത്തിന് പൂർണ്ണ അധികാരമുണ്ട്. എന്നാൽ അക്കാദമിക് പാഠ്യപദ്ധതി, അധ്യാപക നിയമനങ്ങൾ, പരീക്ഷാ നടത്തിപ്പ് എന്നിവ സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകളുടെ പൂർണ്ണ അധികാരപരിധിയിലായതിനാൽ, ഇക്കാര്യങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ അധികാരം പരിമിതമാണ്.

» ബന്ധങ്ങൾ: ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ പരിപാടികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജുക്കേഷനുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്. സ്കൂളുകളുടെ ദൈനംദിന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, പിടിഎ എന്നിവയുമായും ഏകോപനം നടത്തുന്നു.

» വെല്ലുവിളികൾ: രാഷ്ട്രീയ മാധ്യാമിക് ശിക്ഷാ അഭിയാൻ (RMSA) ഫണ്ടുകൾ സ്കൂൾ കെട്ടിട നിർമ്മാണത്തിനായി പൂർണ്ണമായി വിനിയോഗിക്കപ്പെടാത്തതാണ് പ്രധാന വെല്ലുവിളികളിലൊന്ന്. പലപ്പോഴും പദ്ധതികളും യഥാർത്ഥ ഫണ്ട് ലഭ്യതയും തമ്മിലുള്ള പൊരുത്തക്കേടാണ് ഇതിന് കാരണം. കൂടാതെ, പുതിയ ഹയർ സെക്കൻഡറി കോഴ്സുകൾ അനുവദിച്ച സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകേണ്ടിവരുന്നതിനാൽ, ഘടനാപരമായി ദുർബലമായ പഴയ ഹൈസ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണം അവഗണിക്കപ്പെടുന്നു.

### 9.2.10.2 സാങ്കേതിക, വൊക്കേഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ITI, പോളിടെക്നിക്)

» അധികാരത്തിന്റെ വ്യാപ്തിയും പരിധികളും: സാങ്കേതിക പരിശീലനത്തെ പ്രാദേശിക വ്യവസായ ആവശ്യങ്ങളുമായി ബന്ധിപ്പിക്കുക, അപ്രന്റിസ്ഷിപ്പ് പിന്തുണ നൽകുക എന്നിവ ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ സർട്ടിഫിക്കേഷൻ, സിലബസ് എന്നിവ സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡിന്റെ നിയന്ത്രണത്തിലാണ്.

» ബന്ധങ്ങൾ: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, അസാപ് (ASAP-Additional Skill Acquisition Programme) പോലുള്ള ഏജൻസികൾ എന്നിവയുമായി ചേർന്ന് വിദ്യാർത്ഥികളുടെ നൈപുണ്യവും വ്യവസായ മേഖലയുടെ ആവശ്യങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രവർത്തിക്കുന്നു.

» വെല്ലുവിളികൾ: ജില്ലാ പഞ്ചായത്ത് നൽകിയ പല ഉപകരണങ്ങളും ലാബ് സാമഗ്രികളും, അധ്യാപകർക്ക് കൃത്യമായ തുടർപരിശീലനം ലഭിക്കാത്തതുമൂലം ഉപയോഗശൂന്യമായി കിടക്കുന്നു. കൂടാതെ, പരമ്പരാഗത പ്ലാൻ ഫണ്ടുകൾക്ക് താങ്ങാവുന്നതിലും വലിയ തോതിലുള്ള ആധുനികവൽക്കരണം ആവശ്യമായി വരുന്നതിനാൽ, കിഫ്ബി പോലുള്ള ബാഹ്യ ഫണ്ടിംഗ് മാർഗങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

### 9.2.10.3 ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (DIET)

» അധികാരത്തിന്റെ വ്യാപ്തിയും പരിധികളും: ഡയറ്റ് (DIET) പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതികസൗകര്യങ്ങൾ ജില്ലാ പഞ്ചായത്ത് ഒരുക്കുന്നു. എന്നാൽ പരിശീലന മൊഡ്യൂളുകളുടെ രൂപകൽപ്പനയും ഗവേഷണ പ്രവർത്തനങ്ങളും ഡയറ്റിന്റെ അക്കാദമിക് സ്വയംഭരണ പരിധിയിലാണ്.

» ബന്ധങ്ങൾ: ഡയറ്റ് അക്കാദമിക് വിദഗ്ധതയും ഗവേഷണ അധിഷ്ഠിത പരിശീലന മൊഡ്യൂളുകളും നൽകുമ്പോൾ, അവ സ്കൂളുകളിൽ പ്രാവർത്തികമാക്കുന്നതിൽ ജില്ലാ പഞ്ചായത്ത് നിർണായക പങ്ക് വഹിക്കുന്നു.

» വെല്ലുവിളികൾ: ഡയറ്റും ജില്ലാ പഞ്ചായത്തും പലപ്പോഴും വ്യത്യസ്ത 'തരംഗദൈർഘ്യങ്ങളിൽ' പ്രവർത്തിക്കുന്നതിനാൽ, പഠന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഏകോപിത ശ്രമങ്ങൾ ദുർബലമാകുന്നു. ആരംഭിച്ച ശേഷം ശക്തമായ അധ്യാപക പരിശീലന പരിപാടികൾ തുടർച്ചയായി നിലനിർത്തുന്നതിൽ ജില്ലാ പഞ്ചായത്ത് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

### 9.2.10.4 പ്രത്യേക വിദ്യാഭ്യാസവും, പ്രത്യേക ആവശ്യകതകളുള്ള കുട്ടികൾക്കായുള്ള സ്കൂളുകളും

» അധികാരത്തിന്റെ വ്യാപ്തിയും പരിധികളും: കാഴ്ച/ശ്രവണ/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്കൂളുകളിൽ റാംപ്, കൈപ്പിടികൾ തുടങ്ങിയ ആക്സസിബിൾ സൗകര്യങ്ങളും പോഷകാഹാര പദ്ധതികളും ഒരുക്കുന്നത് ജില്ലാ പഞ്ചായത്തിന്റെ നിയമപരമായ ചുമതലയാണ്.

» ബന്ധങ്ങൾ: വനിത-ശിശു വികസന വകുപ്പ്, നിഷ് (NISH) പോലുള്ള പ്രത്യേക ഏജൻസികൾ എന്നിവയുമായി ചേർന്നാണ് പദ്ധതികൾ നടപ്പാക്കുന്നത്.

» വെല്ലുവിളികൾ: ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള ജില്ലാ പഞ്ചായത്ത് ഇടപെടലുകൾ പലപ്പോഴും റാംപ് നിർമ്മാണം പോലുള്ള അടിസ്ഥാന സൗകര്യങ്ങളിൽ ഒതുങ്ങുന്നു; ഓരോ വൈകല്യ വിഭാഗത്തിനും ആവശ്യമായ പ്രത്യേക ഉപകരണങ്ങൾ പരിഗണിക്കപ്പെടുന്നില്ല. കൂടാതെ, എച്ച്ഐവി (HIV) പോലുള്ള ആരോഗ്യ പ്രശ്നങ്ങളുള്ള കുട്ടികൾ പല ജില്ലകളിലും അവഗണിക്കപ്പെടുന്നു; തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകൾ മാത്രമാണ് ഇതിൽ സജീവ ഇടപെടൽ നടത്തുന്നത്.

### 9.2.10.5 മത്സ്യബന്ധന സ്കൂളുകളും തീരദേശ പഠന കേന്ദ്രങ്ങളും

» അധികാരത്തിന്റെ വ്യാപ്തിയും പരിധികളും: ഫിഷറീസ് സ്കൂളുകളുടെ നവീകരണവും പരിപാലനവും ജില്ലാ പഞ്ചായത്ത് കൈകാര്യം ചെയ്യുന്നു. പ്രാദേശിക ഗ്രന്ഥശാലകളെ

തീരദേശ പഠന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ജില്ലാ പഞ്ചായത്തിന് സാധിക്കും.

» ബന്ധങ്ങൾ: മത്സ്യത്തൊഴിലാളി സമൂഹം, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, സന്നദ്ധ ഐടി കൺസൾട്ടൻസികൾ എന്നിവയുമായി സഹകരിച്ചാണ് ഡിജിറ്റൽ പഠന സംവിധാനങ്ങൾ നടപ്പാക്കുന്നത്.

» വെല്ലുവിളികൾ: മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രത്യേക വിദ്യാഭ്യാസ ആവശ്യങ്ങളെക്കുറിച്ചുള്ള വിശദമായ പഠനരേഖകൾ ജില്ലാ പഞ്ചായത്തുകൾക്ക് പലപ്പോഴും ലഭ്യമല്ല. അതിനാൽ സഹായം സാധാരണയായി മത്സ്യബന്ധന ഉപകരണങ്ങളിൽ ഒതുങ്ങുകയും, കുട്ടികളുടെ അക്കാദമിക് ആവശ്യങ്ങൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു. തീരദേശ ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളിൽ ഈ സമൂഹത്തിനായി പ്രത്യേക വിദ്യാഭ്യാസ പദ്ധതികൾ വളരെ കുറവാണ്.

### 9.2.11 സ്ഥാപനപരവും ഭരണപരവുമായ പ്രധാന വെല്ലുവിളികൾ

» ശരിയായ Documentation ന്റെ അഭാവം: പദ്ധതി നിർവ്വഹണത്തെക്കുറിച്ചുള്ള രേഖകളുടെ അഭാവം, സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെയും ഫലങ്ങളുടെയും സമഗ്രമായ ഡാറ്റാബേസ് എന്നിവ ജില്ലാ പഞ്ചായത്തുകൾക്ക് സ്ഥിരമായി അനുഭവപ്പെടുന്നു. ഇത് തെളിവ് അടിസ്ഥാനമാക്കിയുള്ള ആസൂത്രണത്തെ തടസ്സപ്പെടുത്തുന്നു.

» ഏകോപനത്തിലെ കുറവ്: DIET, SSK, ജില്ലാ പഞ്ചായത്തുകൾ തുടങ്ങിയ വ്യത്യസ്ത സ്ഥാപനങ്ങൾ പലപ്പോഴും ഒറ്റപ്പെട്ടാണ് പ്രവർത്തിക്കുന്നത്, ഇത് പ്രവർത്തനങ്ങൾ ആവർത്തിക്കുന്നതിനും വിഭവങ്ങൾ പാഴാക്കുന്നതിനും കാരണമാകുന്നു. നിരവധി ജില്ലകളിൽ ജില്ലാ വിദ്യാഭ്യാസ കമ്മിറ്റികൾ പ്രവർത്തനരഹിതമാണെന്ന് ശ്രദ്ധിക്കപ്പെടുന്നു.

» കേന്ദ്ര സഹായ പദ്ധതികളിലെ സ്വയംഭരണ പരിമിതികൾ: വിദ്യാഭ്യാസ ബജറ്റിന്റെ ഉയർന്ന ശതമാനം (19% വരെ) എസ്എസ്കെയ്ക്കായി നിർബന്ധമായും നീക്കിവച്ചിട്ടുണ്ട്, എന്നിരുന്നാലും ഈ പദ്ധതികൾ പ്രധാനമായും കേന്ദ്രീകൃതമായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്, ഇത് പ്രാദേശിക ജില്ലാ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ജില്ലാ പഞ്ചായത്തിന്റെ സ്വയംഭരണത്തെ പരിമിതപ്പെടുത്തുന്നു.

» നിർമ്മാണം-പരിപാലനം എന്നിവ തമ്മിലുള്ള വിടവ്: ജില്ലാ പഞ്ചായത്തുകൾ ആസ്തികൾ (ടോയ്‌ലറ്റുകൾ, ലാബുകൾ) നിർമ്മിക്കുന്നതിൽ വൻതോതിൽ നിക്ഷേപിക്കുമ്പോൾ, ഈ സൗകര്യങ്ങളുടെ ദൈനംദിന അറ്റകുറ്റപ്പണികൾ പലപ്പോഴും അവഗണിക്കപ്പെടുന്നു, ഇത് പ്രത്യേകിച്ച് ലോക്ക്ഡൗണുകൾക്ക് ശേഷം ദ്രുതഗതിയിലുള്ള തകർച്ചയിലേക്ക് നയിക്കുന്നു.

» ദീർഘവീക്ഷണമില്ലാത്ത ആസൂത്രണം: പല പദ്ധതികളും ഹ്രസ്വകാല വീക്ഷണത്തോടെയാണ് ചർച്ച ചെയ്യപ്പെടുന്നത്, സുസ്ഥിരമായ അധ്യാപന പരിവർത്തനം കൈവരിക്കുന്നതിന് ആവശ്യമായ ദീർഘകാല വീക്ഷണം അവയിലില്ല.

» ഭൂമിശാസ്ത്രപരവും, സാമൂഹ്യപരമായ ഉൾക്കൊള്ളലിന്റെ വിടവുകൾ: ഇടുക്കി പോലുള്ള ദുർഘടമായ ഭൂപ്രദേശങ്ങളിലെ ജില്ലാ പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യ

ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ കൂടുതൽ തടസ്സങ്ങൾ നേരിടുന്നു. കൂടാതെ, പ്രത്യേകിച്ച് ദുർബലരായ ആദിവാസി വിഭാഗങ്ങൾ (പിവിടിജികൾ) പോലുള്ള അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളും, ലിംഗഭേദത്തിന് പുറത്തുള്ള വിദ്യാർത്ഥികളും ജില്ലാതല വിദ്യാഭ്യാസ ആസൂത്രണത്തിൽ നിന്ന് പലപ്പോഴും ഒഴിവാക്കപ്പെടുന്നു.

## 9.2.12 കേസ് സ്റ്റഡികളും ആവർത്തിക്കാവുന്ന മാതൃകകളും

### 9.2.12.1 വിജയഭേരി പദ്ധതി (മലപ്പുറം ജില്ലാ പഞ്ചായത്ത്)

- പശ്ചാത്തലം: 2001–02 കാലഘട്ടത്തിൽ മലപ്പുറം ജില്ലയിൽ SSLC വിജയനിരക്ക് ഏകദേശം 33% മാത്രമായിരുന്നു.
- ലക്ഷ്യങ്ങൾ: പത്താം ക്ലാസ്, പ്ലസ് ടു വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുകയും, പഠനത്തോടൊപ്പം സമഗ്രമായ നൈപുണ്യ വികസനം സാധ്യമാക്കുകയും ചെയ്യുക.
- പ്രവർത്തനരീതി: 'വിജയസ്പർശം' എന്ന പേരിൽ മുൻപരീക്ഷകൾ നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞു. തുടർന്ന്, അവർക്കായി ലക്ഷ്യബദ്ധമായ പരിഹാരപാഠന സംവിധാനങ്ങൾ നടപ്പിലാക്കി. പദ്ധതിയുടെ സാമൂഹിക മേൽനോട്ടത്തിനായി പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതികൾ സജീവമായി വിനിയോഗിക്കപ്പെട്ടു.
- സംയോജനം: ജില്ലാ പഞ്ചായത്ത്, DIET, സമഗ്ര ശിക്ഷ കേരളം (SSK) എന്നിവ തമ്മിലുള്ള സഹകരണ നേതൃത്വത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കിയത്.
- ഫലം: 2021 ഓടെ SSLC വിജയനിരക്ക് ഏകദേശം 100% ത്തിലേക്ക് ഉയർന്നു.
- പുനരാവർത്തനസാധ്യത: ഗ്രാമതല VECകളെ ആധാരമാക്കിയ ഈ മാതൃക, ജില്ലാതല ആവശ്യകതാ വിലയിരുത്തലും മുൻഗണന നിശ്ചയവും ഉൾപ്പെടുത്തി മറ്റ് ജില്ലകളിലും അനുയോജ്യമായി പുനരാവർത്തിക്കാവുന്നതാണ്.

### 9.2.12.2 പുലർകാലം പദ്ധതി (കോഴിക്കോട് ജില്ലാ പഞ്ചായത്ത്)

- പശ്ചാത്തലം: കോവിഡ് മഹാമാരിക്ക് ശേഷം യുവാക്കളിൽ വർധിച്ചിരുന്ന ശാരീരിക മാനസികാരോഗ്യ പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നതിനായാണ് പദ്ധതി രൂപകൽപ്പന ചെയ്തത്.
- ലക്ഷ്യങ്ങൾ: എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുകയും, ശാരീരിക വളർച്ച പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പ്രവർത്തനരീതി: രാവിലെ 5.30 മുതൽ യോഗ, ധ്യാനം, സൈക്ലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ ദീർഘകാല (longitudinal) ശീലപരിപാടിയാണ് പദ്ധതി. ഓരോ മാസവും 10 ദിവസത്തെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഓരോ സ്കൂളിലും 'പുലർകാലം കോർഡിനേറ്റർ' എന്ന ഉത്തരവാദിത്ത സ്ഥാനവും സൃഷ്ടിച്ചിട്ടുണ്ട്.
- സംയോജനം: ജില്ലാ പഞ്ചായത്ത് ഫണ്ടിംഗ് നൽകുകയും, ആരോഗ്യവകുപ്പും വിദ്യാ

ഭ്യാസവകുപ്പും സാങ്കേതിക പിന്തുണ നൽകുകയും ചെയ്ത സംയുക്ത ഇടപെടലാണ് പദ്ധതി.

» ഫലം: പദ്ധതി ആരംഭിച്ച 75 സ്കൂളുകളിൽ നിന്ന് 117 സ്കൂളുകളിലേക്കാണ് വ്യാപിച്ചത്. ഗുണപരമായ പഠനങ്ങൾ വിദ്യാർത്ഥികളിൽ പ്രചോദന വർധനയും പഠനഫലങ്ങളിലെ അനുകൂലമായ മാറ്റങ്ങളും സൂചിപ്പിക്കുന്നു.
» പുനരാവർത്തന സാധ്യത: കുറഞ്ഞ ചെലവിൽ ഉയർന്ന സ്വാധീനം സൃഷ്ടിക്കുന്ന, വിദ്യാർത്ഥി ക്ഷേമം ലക്ഷ്യമിടുന്ന മാതൃകയായി ഈ പദ്ധതി മറ്റ് ജില്ലകളിലും നടപ്പിലാക്കാവുന്നതാണ്.

### 9.2.12.3 സമേതം മിഷൻ (തൃശ്ശൂർ ജില്ലാ പഞ്ചായത്ത്)

(തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ തനത് വിദ്യാഭ്യാസ പദ്ധതി)

'സമേതം' ഒരു നൂതന-സംയോജിത-സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ്. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ മുൻകൈയ്യിൽ, ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ പദ്ധതിയിലെ പങ്കാളികളാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് മുഖ്യ സംഘാടനം നിർവ്വഹിക്കുന്ന സമേതം പദ്ധതിയിൽ ജില്ലയിലെ സാംസ്കാരിക സ്ഥാപനങ്ങൾ, കില, ജില്ലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ മേഖലയിൽ ഇടപെടുന്ന സർക്കാർ വകുപ്പുകൾ, ഡയറ്റ്, സമഗ്ര ശിക്ഷാകേരള, കൈറ്റ് തുടങ്ങിയ വിദ്യാഭ്യാസ പ്രോജെക്ടുകൾ, വിദ്യാഭ്യാസ മേഖലയിൽ താൽപ്പര്യമുള്ള-സർക്കാരേതര സംഘടനകൾ സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരെല്ലാം സഹകരിക്കുന്നു.

വികസന പ്രവർത്തനങ്ങളിലെ ബഹുജന പങ്കാളിത്തം എന്ന ആശയം ഏറെ പ്രസക്തിയുള്ള ഒന്നാണ്. അധികാര വികേന്ദ്രീകരണവും, ജനകീയാസൂത്രണവും നമ്മുടെ വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള ഉണർവ് എടുത്ത് പറയേണ്ട ഒന്നാണ്. മുൻവർഷങ്ങളിൽ ജില്ലയിൽ നടന്ന 'വിദ്യാജ്യോതി' പദ്ധതിയുടെയും അതിനെ തുടർന്ന് നടപ്പിലാക്കിയ 'സമഗ്രവിദ്യാഭ്യാസ പരിപാടി' എന്ന പദ്ധതികളുടെയും ഭാഗമായി വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിൽനിന്നുള്ള അനുഭവങ്ങൾ ഉൾകൊണ്ടുകൊണ്ട്, വിദ്യാഭ്യാസരംഗത്തെ പുതിയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ വരും വർഷത്തെ വിദ്യാഭ്യാസ പദ്ധതികൾ രൂപീകരിക്കാനും നടപ്പിലാക്കാനും നമുക്കാവണം.

തൃശ്ശൂർ ജില്ലയിൽ 16 ബ്ലോക്ക് പഞ്ചായത്തുകളിലായി 86 ഗ്രാമപഞ്ചായത്തുകളും തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനുമടക്കം 8 നഗരസഭകളുമുണ്ട്. ഇവയിലെല്ലായിടത്തുമായി 1010-ഓളം സർക്കാർ-എയിഡഡ്-അംഗീകൃത അൺ-എയിഡഡ് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 201 എണ്ണത്തിൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളുണ്ട്. ഇവയിലെല്ലായിടത്തുമായി 3.5 ലക്ഷം കുട്ടികളും 15,000-ഓളം അധ്യാപകരും ഉള്ളതായി കണക്കാക്കുന്നു.

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ തയ്യാറാക്കിയ വികസന റിപ്പോർട്ടുകളിൽ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ വളരെ വിശദമായി പരിശോധിക്കപ്പെട്ടിട്ടുണ്ട്. അക്കാദമികവും ഭൗതീകവുമായ നിരവധി പ്രശ്നങ്ങൾ നാം തിരിച്ചറിഞ്ഞിട്ടുണ്ട്.

ഈ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ജില്ലയിലെ പൊതുവിദ്യാഭ്യാസ സംവിധാനത്തെ കുറേക്കൂടി മെച്ചപ്പെടുത്തി ശക്തമാക്കാനും പൊതുവിദ്യാഭ്യാസം വിപുലപ്പെടുത്താനും നമുക്ക് കഴിയേണ്ടതുണ്ട്.

ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ ഇടപെടുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കമുള്ള വിദ്യാലയങ്ങൾ, വിദ്യാഭ്യാസ പ്രോജെക്ടുകൾ, മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരേതര സംഘടനകൾ, വ്യക്തികൾ എല്ലാവരേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് വിപുലമായൊരു ജില്ലാ വിദ്യാഭ്യാസ പദ്ധതിക്ക് 2022-2023-ൽ ജില്ലാ ആസൂത്രണ സമിതി ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരം സംയോജിത-സമഗ്ര പദ്ധതികൾക്ക് രൂപം നൽകാൻ സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ രൂപം നൽകി നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി.

### സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി-എന്ത്?

2022-2023 അക്കാദമിക വർഷത്തിൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. 2022 മതൽ 2026 വരെയുള്ള ഈ കാലയളവിൽ താഴെപറയുന്ന പ്രവർത്തനങ്ങളാണ് പൊതുവിൽ സംഘടിപ്പിക്കപ്പെട്ടത്.

1. ചരിത്രാന്വേഷണ യാത്രകൾ-വിദ്യാലയതലത്തിൽ പ്രാദേശിക ചരിത്രാന്വേഷണ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. അവയുടെ സ്കൂൾതല അവതരണങ്ങൾ, ഗ്രാമപഞ്ചായത്ത്/നഗരസഭാതലങ്ങളിൽ ചരിത്രാന്വേഷണ കോൺഗ്രസ്സുകൾ, 12 ഉപജില്ലാതലങ്ങളിലും ചരിത്രാന്വേഷണ കോൺഗ്രസ്സുകൾ, ജില്ലാതല ചരിത്രകോൺഗ്രസ്സ് എന്നിവ നടന്നു. പ്രാദേശിക തലത്തിൽ ഇപ്പോഴും ചരിത്രാന്വേഷണ പദ്ധതികൾ തുടരുന്നു.
2. ശാസ്ത്രാവബോധ കാമ്പയിൻ-വിദ്യാലയതലങ്ങളിൽ നടക്കുന്ന വിവിധ ദിനാചരണങ്ങൾ, ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട അഫിലിയേറ്റഡ് കോളേജുകളിലും, ഉപജില്ലാതലങ്ങളിലും, ജില്ലാതലത്തിലും കുട്ടികളുടെ ശാസ്ത്രസംഗമങ്ങൾ, അധ്യാപകർക്കും കുട്ടികൾക്കുമായുള്ള ശാസ്ത്ര ശിൽപ്പശാലകൾ എന്നിവയാണ് ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ. ഇതിൽ ജില്ലാതല ജ്യോതിശാസ്ത്ര ഒളിമ്പ്യാർഡ്-ശാസ്ത്രവിജ്ഞാന സംഗമം-നടന്നു. നേരത്തെ ജ്യോതിശ്ശാസ്ത്ര ഒളിമ്പ്യാഡിൽ പങ്കാളികളായ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടാണ് അധിക പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചത്. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 12 അഫലിയേറ്റഡ് കോളേജുകൾ കേന്ദ്രീകരിച്ചും ശാസ്ത്രാവബോധ പരിപാടികൾ, ലാബുകളെ പരിചയപ്പെടൽ എന്നീ പ്രവർത്തനങ്ങൾ നടന്നു. 2025-2026 പദ്ധതി വർഷത്തിൽ സയൻസ് മാരത്തോൺ എന്ന വിപുലമായ ശാസ്ത്ര പ്രചരണ പരിപാടി സംഘടിപ്പിക്കപ്പെട്ടു.
3. നിരന്തര മൂല്യനിർണ്ണയം-അന്വേഷണങ്ങൾ-പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ തലത്തിൽ വിജ്ഞാനോത്സവങ്ങൾ നടന്നു. തുടർന്ന്, ഗ്രാമപഞ്ചായത്ത്/നഗരസഭാതല വിജ്ഞാനോത്സവങ്ങൾ പൂർത്തീകരിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ

അക്കാദമിക സഹകരണത്തോടെയാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. നിരന്തര മൂല്യനിർണ്ണയവും പരിഹാര ബോധനവും പഠന പ്രവർത്തനങ്ങളുടെ ഭാഗമാകണം, വിജ്ഞാനോത്സവങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല അത്. പുതിയ അന്വേഷണങ്ങളും പ്രവർത്തനങ്ങളും ഈ മേഖലയിൽ ഇനിയും ഉണ്ടാകേണ്ടതുണ്ട്.

4. വിദ്യാലയങ്ങളിൽ ഫിലിം ക്ലബ്ബ് പ്രവർത്തനങ്ങൾ-ജില്ലയിലാകെ കുട്ടികളുടെ ഫിലിം ക്ലബ്ബ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. ജില്ലാതല പ്രവർത്തക ക്യാമ്പ്/ചലച്ചിത്ര ശിൽപ്പശാല, പ്രാദേശിക ഫിലീം ക്ലബ്ബുകളുടെ സഹായത്തോടെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കുട്ടികളുടെ ചലചിത്ര ശിൽപ്പശാലകൾ/സിനിമാ പ്രദർശനം, ജില്ലാതലത്തിൽ അന്താരാഷ്ട്ര ശാസ്ത്ര ചലചിത്രോത്സവം മുതലായവ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാലയതല ചലച്ചിത്ര ക്ലബ്ബുകളുടെ രൂപീകരണം-ആലോചനകൾ, വിദ്യാലയങ്ങൾക്ക് സിനിമകളുടേയും വീഡിയോ ഡോക്യുമെന്ററികളും ലഭ്യമാക്കൽ എന്നിവക്ക് വേണ്ടിയുള്ള പ്രഥമിക പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.
5. തെരഞ്ഞെടുക്കപ്പെട്ട 12 വിദ്യാലയങ്ങളിലും 4 പട്ടിക വർഗ്ഗ പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിലും ചാലക്കുടി മോഡൽ റെസിഡെൻഷ്യൽ സ്കൂൾ കേന്ദ്രീകരിച്ച് തിയ്യറ്റർ പഠനങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. ഈ വർഷവും പദ്ധതി പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. 12 പ്രാദേശിക കലാ-സാംസ്കാരിക സംഘടനകളുടെ കൂടി മുൻകൈയ്യോടെ കഴിഞ്ഞ പ്രവർത്തന വർഷത്തിൽ കുട്ടികളുടെ നാടക വേദി പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഇവിടെയെല്ലാം തെരഞ്ഞെടുക്കപ്പെടുന്ന 30-35 കുട്ടികൾക്കായി കുറഞ്ഞത് 2-3 വർഷക്കാലം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കുട്ടികളുടെ നാടകവേദി പ്രവർത്തനങ്ങൾക്കൊരു മാതൃകയുണ്ടാക്കിയെടുക്കലും പദ്ധതിയുടെ ലക്ഷ്യമാണ്.
6. നാടക സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി വിതരണം ചെയ്യൽ, നവോത്ഥാന ആശയങ്ങളുള്ള നാടകങ്ങൾ രൂപപ്പെടുത്താനും പരിശീലിക്കാനുമുള്ള സഹായങ്ങൾ, മൂന്ന് ദിവസത്തെ ജില്ലാതല നാടകാവതരണവും കുട്ടികളുടെ തിയ്യേറ്റർ ശിൽപ്പശാല എന്നിവയും സംഘടിപ്പിക്കാൻ ആലോചിച്ചിട്ടുണ്ട്.
7. പച്ചത്തുരുത്തുകളും വിത്ത് ബോളുകളും-കാലാവസ്ഥ വ്യതിയാനം-മരമാണ് ഒരു മറുപടി, പരിസ്ഥിതിശോഷണം-മരമാണ് ഒരു മറുപടി, അവബോധം സൃഷ്ടിക്കൽ, പ്രായോഗിക പ്രവർത്തനങ്ങൾ, വിദ്യാർഥികളെ ബന്ധിപ്പിച്ചുകൊണ്ട്, ജില്ലയിലാകെ 200 പുതിയ പച്ചത്തുരുത്തുകൾ സൃഷ്ടിക്കൽ എന്നിവ നടന്നിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന ജില്ലയിലെ 5 വിദ്യാലയങ്ങളിലേക്ക് (കൂടുതൽ പ്രദേശത്ത് പച്ചത്തുരുത്ത് സൃഷ്ടിക്കൽ) പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകാനുള്ള പരിപാടികൾ നടപ്പിലാക്കാൻ ആലോചിച്ചിട്ടുണ്ട്.
8. വിത്ത് ബോളുകൾ നിർമ്മാണ (Seedballs Making) പരിശീലന പരിപാടികൾ എന്നിവ മുൻ വർഷത്തിൽതന്നെ തുടങ്ങിവെച്ചിരുന്നു. വിത്ത്ബോൾ 'ബോബിംങ്ങ്' അടക്കമുള്ള ഹരിതവിദ്യാലയ പ്രവർത്തനങ്ങൾ, സ്കൂൾ ശുചിത്വ പരിപാടികൾ എന്നിവ ഈ

വർഷം തുടർന്നു. ഹരിത ശുചിത്വ വിദ്യാലയങ്ങൾ (Clean and Green School Program) വ്യാപനം, ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും മികച്ച ശുചിത്വ വിദ്യാലയങ്ങളെ കണ്ടെത്തി അനുമോദിച്ചാദരിക്കൽ- തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പ്രവർത്തന വർഷത്തിലും സംഘടിപ്പിക്കുന്നുണ്ട്.

9. കൗൺസിലിംഗ് & കരിയർ ഗൈഡൻസ്-ജില്ലയിലെ മുഴുവൻ ഹയർ സെക്കണ്ടറി സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും Counselling and Carrier Guidance പരിപാടികളുടെ-സംഘാടനം, ആത്മഹത്യയിൽനിന്നും ആത്മ പ്രതിരോധ പ്രവർത്തനങ്ങളിലേക്ക്-ജില്ലയിലെ മുഴുവൻ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും പ്രത്യേക പരിപാടികൾ-നടന്നിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഭാവനം ചെയ്തു നടപ്പിലാക്കുന്ന Counselling and Carrier Guidance പദ്ധതികൾ വലിയ തോതിൽ ഏറ്റെടുത്ത് വിജയിപ്പിക്കാൻ സമേതം-വിദ്യാഭ്യാസ പദ്ധതികളുടെ ഇടപെടൽ വഴി-ജില്ലയിൽ കഴിഞ്ഞിട്ടുണ്ട്.

10. ഭരണഘടനാ വിദ്യാഭ്യാസ പരിപാടികൾ-സ്കൂളുകളിലും വിദ്യാഭ്യാസ ആഫീസുകളിലും ഭരണഘടനാ ചുമരുകൾ ഉറപ്പാക്കൽ (ജില്ലയിലെ എല്ലാ സർക്കാർ എൽ. പി. , യു. പി, ഹൈസ്കൂളുകളിലേക്കും പ്രിന്റ് ചെയ്ത ഭരണഘടനയുടെ ആമുഖം വിതരണം ചെയ്യാനുള്ള നടപടികൾ) അവസാന ഘട്ടത്തിലാണ്. വെള്ളാംകല്ലൂർ ബ്ലോക്കു പഞ്ചായത്തുമായി സഹകരിച്ചുകൊണ്ട് പ്രദേശത്തെ വിദ്യാഭ്യാസ-കലാ-സാംസ്കാരിക സ്ഥാപനങ്ങളിലും അനബന്ധ ആഫീസുകളിലും ഭരണഘടനാ ചുമതലകൾ ഉറപ്പാക്കൽ പരിപാടികൾ, ഭരണഘടന മുന്നോട്ട് വെക്കുന്ന കടമകൾ, ചുമതലകൾ, ഉറപ്പുകൾ, എന്നിവ സംബന്ധിച്ചുള്ള- വിപുലമായ പ്രചാരണ പരിപാടികൾ- സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തന വർഷവും പദ്ധതി തുടരുന്നുണ്ട്.

11. ജെൻഡർ ഇടപെടലുകൾ, കൗമാരവിദ്യാഭ്യാസ പരിപാടികൾ-ജില്ലയിലെ മുഴുവൻ യു. പി, ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങളേയും വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് ജെന്റർ വിഷയത്തിൽ ഊന്നികൊണ്ടുള്ള കൗമാര വിദ്യാഭ്യാസ പരിപാടികൾ, അനന്യസമേതം-ജെന്റർ ക്യാമ്പുകളുടെ സംഘാടനം-എന്നിവ നടത്തിയിട്ടുണ്ട്. ജില്ലയിലാകെ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിവുള്ള വലിയൊരു റിസോഴ്സ് ഗ്രൂപ്പിനെ പരിശീലിപ്പിച്ചെടുക്കാൻ ജില്ലാതല-അനന്യസമേതം-ടീമിന് കഴിഞ്ഞിട്ടുണ്ട്.

12. സമേതം-വായനാ വസന്തം-കുട്ടികളുടേയും രക്ഷിതാക്കളുടേയും വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ രക്ഷിതാക്കളുടേയും അധ്യാപകരുടേയും വായനാ കൂട്ടായ്മയും വായനാ മെറ്റിരിയൽസ് വിതരണവും പദ്ധതിയുടെ ഭാഗമായി ആലോചിച്ചിരുന്നു. ജില്ലാതലത്തിൽ അമ്മമാരുടെ സംഗമം വിപുലമായി സംഘടിപ്പിച്ചു. ജില്ലയിലെ 700-ഉം എൽ. പി. വിദ്യാലയങ്ങളിലേക്ക് വായനാ കാർഡുകളും പുസ്തകങ്ങളും വാങ്ങാനുള്ള നടപടികൾ മുൻവർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അവയുടെ വിതരണവും അമ്മമാരുടെ വായനാ സംഗമങ്ങളും ഉപജില്ലാ/ബി. ആർ. സി. തലങ്ങളിൽ ഈ വർഷം പൂർത്തീകരിക്കും.

13. ഭാഷ പഠനം-അധിക പരിശീലന പരിപാടികൾ-മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബി, ഉറുദ്ദു ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ വിവിധ ഇടപെടലുകൾ, കോവിഡ് പഠന വിടവ്-പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികള് -എന്നിവ ആലോചിച്ചിരുന്നെങ്കിലും ഒന്നാംതരത്തിലെ അധ്യാപകരുടെ ജില്ലാതല സംഗമവും അനുഭവങ്ങൾ പങ്കുവെക്കലും, ഇഗ്ലീഷ് പഠനം മെച്ചപ്പെടുത്താനുള്ള ഇടപെടലുകളാണ് മുൻ വർഷത്തിൽ പ്രധാനമായും നടന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും എത്തിച്ചേർന്ന റിസോഴ്സ് അധ്യാപകരുടെ നേതൃത്വത്തിൽ നടന്ന ഈ സംഗമങ്ങൾ ആവേശകരമായ ഒരോ അനുഭവങ്ങളായിരുന്നു.
14. പ്രതിഭാ സംഗമം-സർഗ്ഗാത്മക പരിപാടികൾ (കഥ, കവിത, ചിത്രം, ശിൽപ്പം മുതലാവ) മികച്ച പ്രകടനം കാഴ്ച്ചവെച്ച പ്രതിഭകളുടെ ജില്ലാതല സംഗമം-ഏറെ ആവേശത്തോടെ മുൻ വർഷത്തിൽ സംഘടിപ്പിക്കപ്പെട്ട ഒരു പ്രവർത്തനമായിരുന്നു. ഈ പ്രവർത്തന വർഷത്തിൽ ഈ പ്രവർത്തനങ്ങൾ പ്രാദേശികതലങ്ങളിലേക്ക് വ്യാപിക്കുകയുണ്ടായി. കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വരുംവർഷങ്ങളിൽ ഈ പദ്ധതി തുടരേണ്ടതുണ്ട്.
15. ഫോക്ക്ലോർ ശിൽപ്പശാല-കുട്ടികൾക്കും അധ്യാപകർക്കുമായി-പ്രാദേശിക ഫോക്ക് ലോർ ശിൽപ്പശാല-പ്രാദേശിക കലാകാന്മാരെ ബന്ധിപ്പിച്ചുകൊണ്ട് പഠഭാഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജില്ലാതല ശിൽപ്പശാലയും ഡോക്കുമെന്റേഷനും-മതിലകം കളരിപ്പിറമ്പ് വായനശാലയുടെ ആഭിമുഖ്യത്തിൽ വലിയ ജനപങ്കാളിത്തത്തോടെ നടന്ന ഒരു പ്രവർത്തനമായിരുന്നു.
16. ഒപ്പം ഒപ്പത്തിനൊപ്പം-പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പദ്ധതികൾ. ജില്ലയിലെ പത്താംതരത്തിൽ പരീക്ഷക്ക് തയ്യാറാവുന്ന എല്ലാ പട്ടിക വർഗ്ഗ വിഭാഗം കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക വ്യക്തിത്വ വികാസ പരിപാടികൾ (റെസിഡെൻഷ്യൽ ശിൽപ്പശാലകൾ) സംഘടിപ്പിക്കപ്പെട്ടു. പട്ടികവർഗ്ഗ അനിമേറ്റേഴ്സിനുള്ള പ്രത്യേക പരിശീലന പരിപാടികളും (റെസിഡെൻഷ്യൽ ശിൽപ്പശാലകൾ)-പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതികൾ പ്രാദേശികതലത്തിൽ ഇപ്പോഴും തുടരുന്നുണ്ട്.
17. സന്തോഷ വിദ്യാലയങ്ങൾ-രക്ഷിതാക്കൾക്കും, നിലവിൽ വിദ്യാഭ്യാസ നടത്തിപ്പുകാരായവർക്കുമുള്ള (Stakeholder) പ്രത്യേക പരിശീലന പരിപാടികൾ. ജില്ലയിലെ പി.ടി.എ.-എം.പി.ടി.എ. പ്രസിഡന്റുമാരുടെ ജില്ലാ-ഉപജില്ലാതല പരിശീലന പരിപാടികൾ നടന്നിട്ടുണ്ട്, ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.
18. കഥയമമ-സമേതത്തിന്റെ ആദ്യവർഷത്തിൽ തുടങ്ങിവെച്ച പദ്ധതിയാണ് കഥയമമ. ജില്ലയിലെ വിവിധരംഗങ്ങളിൽ പേരുകേട്ട പ്രതിഭകളുടെ ജീവചരിത്രം ജില്ലയിലെ കുട്ടികളുടെ നേതൃത്വത്തിൽ ഡോക്യുമെന്റ് ചെയ്യൽ. പിആർഡി-യുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. കഴിഞ്ഞ പദ്ധതിവർഷം-കഥയമമ-മുന്നോട്ട് പോയിട്ടില്ലായെങ്കിലും ഈ വർഷം സജീവമായി തുടരേണ്ട പ്രവർത്തനമാണിത്.

19. സമഗ്ര കായിക വികസന പരിപാടി-പരിശീലന പരിപാടികൾ-ജില്ലയിലെ മുഴുവനാളുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള സമഗ്ര കായിക സാക്ഷരതാ പരിപാടികൾ-പദ്ധതി സംഘാടനം, മോണിറ്ററിംഗ് മുതലായവ-പദ്ധതിയുടെ ഭാഗമായി ആലോചിച്ചിട്ടുണ്ട്.
20. പെഡഗോജി പാർക്കുകൾ-ജില്ലയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗവ. യു. പി. വിദ്യാലയങ്ങളിൽ-ഗണിത, ശാസ്ത്ര, ചരിത്ര-പാർക്കുകൾ-പദ്ധതി സംഘാടനം, മോണിറ്ററിംങ്ങ്-പദ്ധതിയുടെ ഭാഗമായി ആലോചിച്ചിട്ടുണ്ട്.
21. ക്രിയേറ്റ് വിദ്യാലയങ്ങൾ-ഡിസൈൻ-ശിൽപ്പശാല-പുതിയ സ്കൂൾ നിർമ്മിതി-സ്കൂൾ കെട്ടിങ്ങൾ, ക്രിയേറ്റീവും ആകർഷകവും ശിശു സൗഹൃദവുമാക്കുന്നതിന്റെ ഭാഗമായി PWD, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ, വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മിറ്റി, വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പ്രത്യേക ശിൽപ്പശാലകൾ-പദ്ധതി സംഘാടനം, മോണിറ്ററിംഗ് മുതലായവ-പദ്ധതിയുടെ ഭാഗമായി ആലോചിച്ചിട്ടുണ്ട്.
22. സമേതം-ആശയ രൂപീകരണം, വിലയിരുത്തൽ-സംസ്ഥാനതല ശിൽപ്പശാലയും പ്രദർശനവും സെമിനാറും 2023-2024 വർഷത്തിൽ നടന്നിട്ടുണ്ട്. പദ്ധതിയുടെ ഡോക്കുമെന്റേഷൻ-നടപ്പു വർഷത്തെ പ്രവർത്തനങ്ങളുടെ പൊതു വിലയിരുത്തലിനും പുതിയ ആശയ രൂപീകരണത്തിനുമായി ഈ വർഷം അത്തരത്തിലൊരു വിപുലമായ ശിൽപ്പശാല സംഘടിപ്പിക്കുവാൻ ആലോചിച്ചിട്ടുണ്ട്.
23. ലോക്കൽ റിസോഴ്സ് സെന്റർ-പ്രാദേശിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ-പ്രാദേശിക വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ രൂപീകരണം, പ്രാദേശികതലത്തിൽ കുട്ടികളുടേയും അധ്യാപകരുടേയും ഡാറ്റാബേസ് ഉണ്ടാക്കിയെടുക്കൽ, സർഗ്ഗാത്മക വിദ്യാഭ്യാസം, ജനായത്ത വിദ്യാലയം-പ്രചാരണം, വിവിധ ശിൽപ്പശാലകൾ എന്നിവയെല്ലാം ലക്ഷ്യമിട്ട പദ്ധതികളായിരുന്നു. ഗ്രാമപഞ്ചായത്ത് നഗരസഭ തലങ്ങളിൽ-കുട്ടികളുടെ സഭകളുടെ സംഘാടനം മുൻവർഷത്തെ പദ്ധതിയുടെ ഭാഗമായി കുറേയേറെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തന വർഷവും പദ്ധതി തുടരുന്നുണ്ട്.

**പദ്ധതി സംഘാടനം എങ്ങനെ?**

1. വിവിധ തലങ്ങളിൽ വിദ്യാഭ്യാസ സമിതി പ്രവർത്തനങ്ങൾ-പദ്ധതികളുടെ പൊതു സംഘാടനം ഈ പദ്ധതിവർഷം സമേതം-പദ്ധതികളെ കുറേക്കൂടി സുസ്ഥിരതയിലെത്തിക്കാൻ കഴിയുന്നതരത്തിൽ ചുമതലകളും കോ-ഓഡിനേഷൻ സംവിധാനങ്ങളും അതിനായുള്ള ഉത്തരവുകളും അതത് സമയത്ത് പുറത്തിറക്കിയിട്ടുണ്ട്. മുഴുവൻ പദ്ധതികളുടേയും സംഘാടനത്തിന് സഹായകരമായ മാർഗ്ഗരേഖകളും നിർദ്ദേശങ്ങളടങ്ങുന്ന സർക്കുലറുകളും പുറത്തിറക്കാൻ ജില്ലാതല സമേതം-കോർ കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്.
2. ജില്ലാതലത്തിൽ വിവിധ ഘട്ടങ്ങളിലെ പദ്ധതി സംഘാടനം, പരിശീലനങ്ങൾ, ജില്ലാതല സംഗമങ്ങൾ എന്നിവക്ക് വേണ്ടി ജനപ്രതിനിധികൾ, വകുപ്പ് തലവൻമാർ, അധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ, വിഷയ മേഖലയിലെ വിദഗ്ധർ എന്നിവരുടെ നിരവധി കൂടിചേരലുകളും പരിശീലനങ്ങളും ഉണ്ടായിട്ടുണ്ട്.-മുളംകുന്നത്തുകാവ് കിലയുടെ

വലിയ സഹായങ്ങൾ ലഭിച്ചതുകൊണ്ടാണ് ഇത്രയേറെ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞത്.

3. ജില്ലാ-ഉപജില്ല, ഗ്രാമപഞ്ചായത്ത്-നഗരസഭാ, വിദ്യാലയ തലങ്ങളിൽ സമേതം-പ്രോജെക്റ്റ് കോർഡിനേറ്റർമാരെ കണ്ടെത്തി ചുമതലപ്പെടുത്തിയിട്ടുണ്ട്. ശക്തമായതും നിരന്തരം ചലിക്കുന്നതുമായ ജില്ലാതല വിദ്യാഭ്യാസസമിതി, അക്കാദമിക കമ്മിറ്റി, ഉപജില്ലാത ലങ്ങളിൽ സമേതം-കാമ്പയിൻ സെല്ലുകൾ, ഗ്രാമപഞ്ചായത്ത് നഗരസഭാതലങ്ങളിൽ നിരന്തരം ചലിക്കുന്ന വിദ്യാഭ്യാസ സമിതികൾ, വാർഡ് തല വിദ്യാഭ്യാസ സമിതിക ളെല്ലാം നമ്മുടെ പ്രധാന പ്രവർത്തന ലക്ഷ്യങ്ങളായിരുന്നു. മുഴുവൻ ആലോചനകളും നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽക്കൂടി, സമേതം-സമഗ്ര വിദ്യാഭ്യാസ പദ്ധതിയെ ഒരു സുസ്ഥിര വിദ്യാഭ്യാസ പദ്ധതി-മാതൃകയായി മാറ്റിയെടുക്കാൻ കഴിഞ്ഞകാലങ്ങളിലെ പ്രവർത്തനങ്ങൾ വഴി കഴിഞ്ഞിട്ടുണ്ട്.

### സാമ്പത്തിക സമാഹരണം എങ്ങിനെ?

ജില്ലാ ആസൂത്രണ സമിതി നിർദ്ദേശിക്കുന്ന പ്രകാരം കഴിഞ്ഞ 3 സാമ്പത്തിക വർഷത്തിലും ഈ പ്രവർത്തന വർഷത്തിലും പദ്ധതി വിഹിതമെന്ന നിലയിൽ താഴെ പറയുന്ന വിധത്തിൽ വിഭവ സമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

**ജില്ലാ പഞ്ചായത്ത് വിഹിതം (1 @ 25,00,000.00)-25,00,000.00**

**തൃശ്ശൂർ കോർപ്പറേഷൻ വിഹിതം (1 @ 10,00,000.00)-10,00,000.00**

**മുൻസിപ്പാലിറ്റികൾ-വിഹിതം (7 @ 3,00,000.00)-21,00,000.00**

**16 ബ്ലോക്ക് പഞ്ചായത്തുകളുകളുടെ-വിഹിതം (16 @ 2,00,000.00)-32,00,000.00**

**86 ഗ്രാമ പഞ്ചായത്തുകളുകളുടെ-വിഹിതം (86 @ 1,00,000.0)-86,00,000.00**

**പദ്ധതി വിഹിതം (ജില്ലയിൽനിന്നും ആകെ)-1,74,00,000.00**

**നൂതന പദ്ധതികൾക്കായുള്ള സംസ്ഥാന പ്ലാനിംങ്ങ് ബോർഡ് പദ്ധതി വിഹിതം (പരമാവധി ലഭ്യമാകാനുള്ള സാധ്യത പ്രതീക്ഷിക്കുന്നത് @ 2,00,00,000.00)-2,00,00,000.00**

സാങ്കേതികമായും മറ്റും ഉണ്ടായ നിരവധി പരിമിതികൾക്കിടയിലാണ് സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി മുന്നേറിയത്. നിരവധി പരിമിതികളോടെയാണെങ്കിൽപോലും, ഓരോ വർഷവും ശരാശരി 1.5 കോടിയോളം രൂപ വിവിധ പദ്ധതികൾക്കായി ചെലവ് ചെയ്യാൻ സമേതം പദ്ധതി വഴി കഴിഞ്ഞിട്ടുണ്ട്. കില ഒരു പരിശീലന ഏജന്റ് എന്ന നിലയിൽ ജില്ലാതലത്തിൽ നടക്കുന്ന പദ്ധതി ചെലവുകൾ, മുൻകൂറായി വഹിക്കുകയും പിന്നീട് പദ്ധതിവിഹിതം കിലക്ക് കൈമാറുന്ന രീതി നടപ്പിലാക്കിയതുവഴി ജില്ലാതല പദ്ധതി നിർവ്വഹണം സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ വഴിവെച്ചു.

പ്രാദേശികതലങ്ങളിൽ വിപുലീകൃത പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ വിദ്യാഭ്യാസ സമിതികളുടെ (PEC/MEC/CEC) തീരുമാനത്തിന് വിധേയമായി അതത് പ്രദേശത്തെ വിദ്യാ ലയങ്ങളും പ്രാദേശിക കലാ-സാംസ്കാരിക സംഘടനകളും ഗുണഭോക്തൃ സമിതികളും സമേതം-ഉപ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്ന രീതി-വിജയകരമായി പൂർത്തികരിക്കാനായി. സമേതം-സമഗ്ര വിദ്യാഭ്യാസ പദ്ധതികളെ സുസ്ഥിരമാക്കാനും ഒരു

പ്രാദേശിക വിദ്യാഭ്യാസ മാതൃകയായി മാറ്റാനും സഹായിച്ചിട്ടുണ്ട്.

ജില്ലയിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ചും സ്കൂളുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലും സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി ഒരു ചലനം സൃഷ്ടിച്ചിട്ടുണ്ട്. മാതൃകകൾ ഇല്ലാത്ത ഒരു പ്രവർത്തന പദ്ധതിയായിരുന്നു ജില്ലാ സമഗ്ര വിദ്യാഭ്യാസ പരിപാടി. തുടക്കത്തിലുണ്ടായിട്ടുള്ള വെല്ലുവിളികളെ അതിജീവിക്കാനുള്ള ശ്രമങ്ങൾ രണ്ടു വർഷമായി നടന്നുവരുന്നു. കൃത്യമായ സാമ്പത്തിക വിനിമയം കൃത്യസമയത്ത് നടക്കാതെ പോയതാണ് ഏറ്റവും വലിയ വെല്ലുവിളിയായി തുടക്കത്തിൽ മാറിയത്. കഴിഞ്ഞ വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ-അതിന് പരിഹാരം ഉണ്ടാക്കാനായി. പദ്ധതി നിർവ്വഹണം സമയബന്ധിത മായി തുടങ്ങാനും പൂർത്തീകരിക്കാനും ഒരു പരിധിവരെ നടപ്പു വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്. മേൽ പറഞ്ഞ നേട്ടങ്ങൾ വഴി പദ്ധതികളുടെ ഗുണത വർദ്ധിപ്പിക്കാനും സഹായിച്ചിട്ടുണ്ട്.

സമഗ്ര ശിക്ഷാ കേരള ഒഴികെ അക്കാദമിക മേഖലയിൽ മറ്റൊരു ഇടപെടലും നടത്താൻ കഴിയാതെ മാറിനിന്നിരുന്ന ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ പ്രദേശത്തെ വിദ്യാഭ്യാസത്തിൽ ഇടപെടാനും അതുവഴി വിദ്യാഭ്യാസത്തിലെ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കാനും സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി വഴി ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

### 9.2.12.4 മനസാ പദ്ധതി (തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്)

പശ്ചാത്തലം: ഈ ഇടപെടലിന് മുൻപ്, നിരവധി സ്കൂളുകളിൽ മതിയായതോ ശുചിത്വപ രമായതോ ആയ ശൗചാലയ സൗകര്യങ്ങൾ ഇല്ലായിരുന്നു. പ്രത്യേകിച്ച്, പെൺകുട്ടികൾക്ക് മാസവിരാമ സമയങ്ങളിൽ വലിയ അസ്വസ്ഥത നേരിടേണ്ടി വന്നതോടൊപ്പം, പല സാഹചര്യ ങ്ങളിലും അവർ സ്കൂൾ ശൗചാലയങ്ങൾ ഉപയോഗിക്കുന്നത് പൂർണ്ണമായി ഒഴിവാക്കിയിരുന്നു.

ലക്ഷ്യങ്ങൾ: കിശോര വിദ്യാർത്ഥികളിൽ മാസവിരാമ ശുചിത്വം മെച്ചപ്പെടുത്തുക, പെൺ കുട്ടികൾക്ക് സൗഹൃദപരമായ ശുചിത്വ സംവിധാനങ്ങൾ സ്ഥാപിക്കുക, സ്കൂൾ പരിസരത്ത് സുരക്ഷിതവും സ്വകാര്യത ഉറപ്പുള്ളതുമായ ഇടങ്ങൾ ഒരുക്കുക.

പ്രവർത്തന രീതി: 150 സ്കൂളുകളിലായി 150 സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ചു. കൂടാതെ, പെൺകുട്ടികൾക്ക് സൗഹൃദപരമായ ശൗചാലയങ്ങൾ നിർമ്മിക്കൽ, സുരക്ഷിത മാലിന്യ നിർമാർജ്ജനത്തിനായി ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ, വസ്ത്രമാറ്റ ത്തിനും വിശ്രമത്തിനും സൗകര്യമുള്ള ഹൈടെക് അമിനിറ്റി സെന്ററുകൾ രൂപീകരിക്കൽ എന്നിവയും പദ്ധതിയുടെ ഭാഗമായിരുന്നു.

സംയോജനം: സ്ത്രീ വികസനവുമായി ബന്ധപ്പെട്ട സംസ്ഥാന, കേന്ദ്ര പദ്ധതികൾ ഏകോപി പ്പിച്ചാണ് പദ്ധതി നടപ്പാക്കിയത്. ജില്ലാ പഞ്ചായത്തിന്റെ ചീഫ് എഞ്ചിനീയർ നടപ്പിലാക്കൽ ഉദ്യോഗസ്ഥനായി പ്രവർത്തിക്കുകയും, PTAകളും സ്കൂൾ അധികൃതരും ഉൾപ്പെട്ട സജീവ നിരീക്ഷണ സംവിധാനം നിലനിൽക്കുകയും ചെയ്തു.

ഫലം: 150 സ്കൂളുകൾ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി. കോവിഡ് ലോക്ക്ഡൗണിന് ശേഷം സ്കൂളുകൾ തുറന്നപ്പോൾ, മെഷീനുകളുടെ അറ്റകുറ്റപ്പണിയും പുനഃസ്ഥാപനവും ഉറപ്പാക്കുന്നതിനായി സ്ഥിരമായ മേൽനോട്ടം നടത്തി, സൗകര്യങ്ങൾ പ്രവർത്തനക്ഷമമായി

തുടരാൻ സാധിച്ചു.

പുനരാവർത്തനസാധ്യത: മറ്റ് ജില്ലാ പഞ്ചായത്തുകൾക്കും അനുസരിക്കാവുന്ന ഒരു മാതൃകയായ ഈ പദ്ധതി, മാസവിരാമ കപ്പ് പോലുള്ള കൂടുതൽ നിലനിൽപ്പുള്ള മാർഗങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കാനും, പെൺകുട്ടികളോടൊപ്പം ആൺകുട്ടികളെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ നടത്താനും ശുപാർശ ചെയ്യപ്പെടുന്നു.

### 9.2.12.5 വനജ്യോതി പദ്ധതി (തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്)

പശ്ചാത്തലം: വനമേഖലകളിലെ ആദിവാസി ഉന്നതികളിൽ, മാതാപിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസം നേരിട്ട് മേൽനോട്ടം വഹിക്കാൻ കഴിയാത്ത സാഹചര്യവും, സ്കൂളിനു പുറത്തെ അക്കാദമിക് പിന്തുണ ലഭ്യമല്ലാത്തതുമാണ് ഉയർന്ന പഠന ഉപേക്ഷണ നിരക്കിന് പ്രധാന കാരണം ആയിരുന്നത്.

ലക്ഷ്യങ്ങൾ: ആദിവാസി സമൂഹങ്ങളിൽ സ്കൂൾ പഠനം ഉപേക്ഷിക്കുന്ന പ്രവണത കുറയ്ക്കുകയും, ഉന്നതികൾക്കുള്ളിൽ തന്നെ അനുകൂലമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ ആകെ അക്കാദമിക് പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്യുക.

പ്രവർത്തന രീതി: ആദിവാസി ഉന്നതികളിൽ സമൂഹാധിഷ്ഠിത പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഈ കേന്ദ്രങ്ങളിൽ രാത്രി പഠന ക്ലാസുകൾ, ഭക്ഷണം, പഠന സാമഗ്രികൾ എന്നിവ ഒരുക്കുന്നു. ഓരോ കേന്ദ്രത്തിലും 30–35 വിദ്യാർത്ഥികളെ ഉൾക്കൊള്ളാനാകും. ഉന്നതികൾക്കുള്ളിൽ നിന്നുതന്നെ തിരഞ്ഞെടുക്കപ്പെടുന്ന മുഴുവൻ സമയ facilitator ആണ് കേന്ദ്രത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

സംയോജനം: പദ്ധതി ജില്ലാ പഞ്ചായത്ത് ധനസഹായവും മേൽനോട്ടവും വഹിക്കുകയും, ആദിവാസി ക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കപ്പെടുകയും ചെയ്യുന്നു.

ഫലം: പദ്ധതി 15 കുടിയേറ്റങ്ങളിൽ നിന്ന് 25 കുടിയേറ്റങ്ങളിലേക്ക് വ്യാപിച്ചു. കോവിഡ് മഹാമാരിക്കാലത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിലേക്കുള്ള മാറ്റത്തിനിടെ, ആദിവാസി വിദ്യാർത്ഥികൾ പഠനത്തിൽ പിന്നിലാകുന്നത് ഫലപ്രദമായി തടയാൻ പദ്ധതിക്ക് സാധിച്ചു.

പുനരാവർത്തനസാധ്യത: പ്രധാനമായ ആദിവാസി ജനസംഖ്യയുള്ള മറ്റ് ജില്ലകളിലും ഈ മാതൃക അനുയോജ്യമായി പുനരാവർത്തിക്കാവുന്നതാണ്. പ്രാദേശിക സൗകര്യദായകരെ നിയമിക്കുകയും, അവർക്കു സ്ഥിര വരുമാനം ഉറപ്പാക്കുകയും ചെയ്തതാണ് പദ്ധതിയുടെ വിജയത്തിന് നിർണായക ഘടകമായി വിലയിരുത്തപ്പെടുന്നത്.

### 9.2.12.6 വിജയോത്സവം/എഡ്യൂകെയർ പദ്ധതി (കോഴിക്കോട് ജില്ലാ പഞ്ചായത്ത്)

പശ്ചാത്തലം: 'രണ്ടാം തലമുറ' വിദ്യാഭ്യാസ പ്രശ്നങ്ങൾ, പ്രത്യേകിച്ച് പഠന നിലവാരവും സമത്വവും മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ അഭിമുഖീകരിക്കുന്നതിനായാണ് പദ്ധതി രൂപം കൊണ്ടത്.

ലക്ഷ്യങ്ങൾ: ആദ്യം SSLC വിജയനിരക്കും 'എ പ്ലസ്' ഗ്രേഡുകളും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി, പിന്നീട് സമഗ്രമായ അക്കാദമിക് ഗുണനിലവാര മെച്ചപ്പെടുത്തൽ പദ്ധതിയായി വികസിച്ചു.

പ്രവർത്തന രീതി: 'വിജയോത്സവം' ഘടകത്തിലൂടെ വിഷയവിദഗ്ധർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ, പ്രവർത്തന പദ്ധതി തയ്യാറാക്കൽ, വിദ്യാർത്ഥികൾക്ക് സഹായകമായ പഠന സാമഗ്രികൾ എന്നിവ നൽകി. 'എഡ്യൂകെയർ' പദ്ധതിയിലൂടെ ശാസ്ത്രീയ നവീകരണം (ടെലിസ്കോപ്പുകളുടെ വിതരണം), ഡിജിറ്റൽ സംയോജനം (സ്കൂൾ ബ്ലോഗുകൾ, ആപ്പുകൾ), കൂടാതെ വ്യാപകമായ കൗമാര കൗൺസിലിംഗ് സംവിധാനങ്ങളും ഉൾപ്പെടുത്തി.

സംയോജനം: ജില്ലാ പഞ്ചായത്ത്, ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (DIET), സമഗ്ര ശിക്ഷ അഭിയാൻ (SSA), വിദ്യാഭ്യാസ വകുപ്പ് എന്നിവ തമ്മിലുള്ള സഹകരണത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കിയത്.

ഫലം: ജില്ലയുടെ SSLC റാങ്കിംഗിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. വിജയനിരക്കിൽ മികച്ച വാർഷിക വളർച്ചാ നിരക്ക് (CAGR) രേഖപ്പെടുത്തി. പരീക്ഷാസമ്മർദ്ദം നിയന്ത്രിക്കുന്നതിനായി 70 സ്കൂളുകളിലായി 25 കൗൺസിലർമാരെ ഫലപ്രദമായി വിന്യസിക്കാനും പദ്ധതിക്ക് സാധിച്ചു.

പുനരാവർത്തനസാധ്യത: വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ജില്ലാ നേതൃത്വത്തിലുള്ള ആദ്യകാല ഇടപെടലുകളിലൊന്നായി ഈ പദ്ധതി അംഗീകരിക്കപ്പെടുന്നു. സംസ്ഥാനതലത്തിൽ പഠന മികവിനുള്ള ഒരു പ്രചോദക മാതൃകയായി ഇത് പ്രവർത്തിച്ചിട്ടുണ്ട്.

### 9.2.12.7 ഹരിശ്രീ (പാലക്കാട് ജില്ലാ പഞ്ചായത്ത്)

പശ്ചാത്തലം: പാലക്കാട് ജില്ലയിൽ സ്കൂൾ വിദ്യാഭ്യാസരംഗത്ത് ചരിത്രപരമായി പിന്നോക്കാവസ്ഥ നിലനിന്നിരുന്നു. ജില്ലയിലെ നിരവധി സ്കൂളുകൾക്ക് മതിയായ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായിരുന്നില്ല.

ലക്ഷ്യങ്ങൾ: ആധുനികവൽക്കരിച്ച അടിസ്ഥാനസൗകര്യങ്ങളും പഠനോപകരണങ്ങളും ഉപയോഗിച്ച് വിദ്യാർത്ഥികളുടെ സമഗ്രവികസനം ഉറപ്പാക്കുന്ന 'മികവിന്റെ വിദ്യാലയങ്ങൾ' സ്ഥാപിക്കുക.

പ്രവർത്തനരീതി: 13 'ഹരിശ്രീ മോഡൽ സ്കൂളുകൾ' ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുത്തു. ഓരോ സ്കൂളിനും 50 ലക്ഷം രൂപ വീതം ക്ലാസ് മുറികൾ, ശൗചാലയങ്ങൾ, ലബോറട്ടറികൾ, ബഹുപ്രയോജന കളിസ്ഥലങ്ങൾ എന്നിവയ്ക്കായി അനുവദിച്ചു. അധ്യാപകർക്കായി 'പഠന ലബോറട്ടറികൾ' ഒരുക്കുകയും ഇ-ലേണിങ്ങിനായി ഒരു വെബ് പോർട്ടൽ സ്ഥാപിക്കുകയും ചെയ്തു.

ഏകോപനം: ജില്ലാ പഞ്ചായത്തിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ ഇത്, ഇടപെടലുകൾ നിരീക്ഷിക്കുന്നതിനായി ഒരു പ്രത്യേക ഡിജിറ്റൽ റെപ്പോസിറ്ററിയോടെയാണ് ആരംഭിച്ചത്. എന്നാൽ പിന്നീട് സംസ്ഥാനതല ഐടി പദ്ധതികളുമായി സംയോജിപ്പിക്കുന്നതിൽ ചില വെല്ലുവിളികൾ നേരിട്ടു.

ഫലം: സർക്കാർ സ്കൂളുകളുടെ പ്രതിച്ഛായ ഗണ്യമായി ഉയർത്താൻ സാധിച്ചു. ഈ പദ്ധതി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിച്ച് 'മികവിന്റെ വിദ്യാലയങ്ങൾ' എന്ന പേരിൽ പുനർനാമകരണം ചെയ്തു.

പുനരാവർത്തനസാധ്യത: അടിസ്ഥാനസൗകര്യ കേന്ദ്രീകൃതമായ നവീകരണത്തിന് ഉയർന്ന

ആവർത്തനസാധ്യതയുണ്ട്. എന്നാൽ ഭാവിഘട്ടങ്ങളിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ 'ഉൾക്കൊള്ളൽ' കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

#### 9.2.12.8 ഗോത്ര അത്‌ലറ്റിക് മികവ് പരിശീലനം (വയനാട് ജില്ലാ പഞ്ചായത്ത്)

പശ്ചാത്തലം: ഗോത്രവിഭാഗത്തിലെ കുട്ടികൾക്ക് മികച്ച കായികക്ഷമതയുണ്ടെന്ന് തിരിച്ചറിഞ്ഞിരുന്നെങ്കിലും, സാമൂഹിക-കുടുംബ സാഹചര്യങ്ങൾ അവരുടെ കായികവും അക്കാദമിക്പരവുമായ വളർച്ചയെ തടസ്സപ്പെടുത്തിയിരുന്നു.

ലക്ഷ്യങ്ങൾ: ഗോത്രവിഭാഗം കുട്ടികളുടെ കായികപ്രതിഭ വളർത്തുകയും മത്സരക്ഷമത വർധിപ്പിക്കുകയും ചെയ്യുക.

പ്രവർത്തനരീതി: വോളിബോൾ, ബാസ്കറ്റ്ബോൾ, ഖോ-ഖോ, അത്‌ലറ്റിക്സ് എന്നിവയിൽ വിദഗ്ധ പരിശീലനം നൽകി. മീനങ്ങാടി സ്കൂൾ മൈതാനം ഇതിനായി കേന്ദ്ര ഏകോപന സ്ഥലമായി ഉപയോഗിച്ചു.

ഏകോപനം: വിദഗ്ധ പരിശീലകരും ഒളിമ്പ്യൻ താരങ്ങളും പരിശീലനം നൽകുന്നു. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ലിംഗസൗഹൃദ ഇടങ്ങളിൽ വ്യക്തിഗത പരിശീലനം ഉറപ്പാക്കി.

ഫലം: പദ്ധതിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ സംസ്ഥാന, ദേശീയ, അന്താരാഷ്ട്ര തലങ്ങളിൽ മികച്ച അവസരങ്ങൾ നേടി. കായിക ക്വോട്ട വഴി സർക്കാർ ജോലികൾ ലഭിച്ച ഉദാഹരണങ്ങളും ഉണ്ട്.

പുനരാവർത്തനസാധ്യത: ഗോത്ര ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിൽ തികച്ചും അനുയോജ്യമാണ്. പദ്ധതിയുടെ വ്യാപനത്തിന് ബഹുമുഖമായ പ്രാദേശിക ടീമുകളുടെ രൂപീകരണം ആവശ്യമാണ്.

#### 9.2.12.9 ബോക്സിംഗ് അക്കാദമി (കൊല്ലം ജില്ലാ പഞ്ചായത്ത്)

പശ്ചാത്തലം: കേരളത്തിൽ ബോക്സിംഗിനായി പ്രത്യേക അക്കാദമികളുടെ അഭാവം ജില്ലാ പഞ്ചായത്ത് തിരിച്ചറിഞ്ഞു.

ലക്ഷ്യങ്ങൾ: 8 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ കായിക അഭിരുചി വളർത്തുകയും കോമ്പാറ്റ് സ്പോർട്സിൽ പ്രൊഫഷണൽ അവസരങ്ങൾ ഒരുക്കുകയും ചെയ്യുക.

പ്രവർത്തനരീതി: പ്രൊഫഷണൽ കായിക ഉപകരണങ്ങളും പരിശീലകരെയും ജില്ലാ പഞ്ചായത്ത് ലഭ്യമാക്കി.

ഏകോപനം: കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയാണിത്; സർക്കാർ സ്കൂൾ വിദ്യാർത്ഥികളെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

ഫലം: 2019-ൽ സംസ്ഥാന മത്സരങ്ങളിൽ മൂന്ന് മെഡലുകളും ദേശീയതലത്തിൽ ഒരു വെങ്കല മെഡലും നേടാൻ സാധിച്ചു.

പുനരാവർത്തനസാധ്യത: പരിമിതമായ ആവർത്തനസാധ്യതയാണുള്ളത്. നിലവിൽ ഒരൊറ്റ കേന്ദ്രത്തിൽ ഒതുങ്ങുന്നതിനാൽ, പെൺകുട്ടികൾക്കും ദൂരപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രാപ്യത വർധിപ്പിക്കാൻ ജില്ലാതലത്തിൽ കൂടുതൽ അക്കാദമികൾ സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

### 9.2.12.10 ജാലകം (കൊല്ലം ജില്ലാ പഞ്ചായത്ത്)

പശ്ചാത്തലം: സർക്കാർ സ്കൂളുകളിലെ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ വഴികളെയും തൊഴിൽ സാധ്യതകളെയും കുറിച്ചുള്ള അറിവ് പരിമിതമാണെന്ന് കണ്ടെത്തി.

ലക്ഷ്യങ്ങൾ: വിദ്യാർത്ഥികൾക്ക് സമഗ്രമായ കരിയർ മാർഗ്ഗനിർദേശം നൽകി, ബോധ പൂർവമായ അക്കാദമിക് തീരുമാനങ്ങൾ എടുക്കാൻ അവരെ പ്രാപ്തരാക്കുക.

പ്രവർത്തനരീതി: 144 സർവകലാശാലകളിലെ കോഴ്സുകളെക്കുറിച്ചുള്ള വിദഗ്ധ ക്ലാസുകൾ, കൈപ്പുസ്തകങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

ഏകോപനം: ജില്ലാ പഞ്ചായത്ത് നേതൃത്വം നൽകുകയും, വിഷയവിദഗ്ധരുടെ പങ്കാളിത്ത ത്തോടെ ജില്ലാതല കരിയർ ഓറിയന്റേഷൻ ടീം രൂപീകരിക്കുകയും ചെയ്തു.

ഫലം: ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് കൂടുതൽ വ്യക്തതയോടെ കടന്നുവന്നു. കുറഞ്ഞ ചെലവിൽ വലിയ ഫലമുണ്ടാക്കിയ ഇടപെടലായി ഇത് വിലയിരുത്തപ്പെടുന്നു.

പുനരാവർത്തനസാധ്യത: ഒരു സ്വതന്ത്ര മാതൃകയായി (Standalone model) അതേപടി ആവർത്തിക്കാൻ സാധിക്കില്ല. എന്നാൽ സംസ്ഥാന കരിയർ ഗൈഡൻസ് സെല്ലുമായി ഏകോപിപ്പിച്ചാൽ മറ്റ് ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കാവുന്നതാണ്.

## 9.2.13 മുന്നോട്ടുള്ള വഴി: വിദ്യാഭ്യാസ മേഖലയിലെ ജില്ലാ പഞ്ചായത്തുകളുടെ പങ്ക്

### 9.2.13.1 ഭരണത്തിലും ആസൂത്രണത്തിലുമുള്ള ഘടനാപരമായ പോരായ്മകൾ പരിഹരിക്കൽ

വികേന്ദ്രീകൃത വിദ്യാഭ്യാസ ഭരണത്തിന്റെ സമ്പൂർണ സാധ്യതകൾ സാക്ഷാത്കരിക്കുന്നതിനെ നിലവിൽ തടസപ്പെടുത്തുന്ന നിരവധി ഘടനാപരമായ ദൗർബല്യങ്ങൾ നിലനിൽക്കുന്നു. ഈ പോരായ്മകൾ പരിഹരിക്കുന്നത് ഭാവിയിലെ ജില്ലാ പഞ്ചായത്ത് ഭരണകൂടങ്ങൾ ഏറ്റെടുക്കേണ്ട പ്രധാന തന്ത്രപരമായ ഇടപെടൽ മേഖലകളിലൊന്നായി മാറുന്നു.

### 9.2.13.2 ഡാറ്റയെ അടിസ്ഥാനമാക്കിയ തീരുമാനമെടുക്കൽ സ്ഥാപനവൽക്കരിക്കൽ

ജില്ലാതലത്തിൽ സമഗ്രവും പുതുക്കിയതുമായ ഒരു വിദ്യാഭ്യാസ ഡാറ്റാബേസ് ഇല്ലായ്മയാണ് സ്ഥിരമായി തിരിച്ചറിഞ്ഞിട്ടുള്ള പ്രധാന പോരായ്മകളിലൊന്ന്. അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി, വിദ്യാർത്ഥികളുടെ അക്കാദമിക് പ്രകടനം, ഗ്രാന്റുകളുടെ വിനിയോഗം തുടങ്ങിയ വിഷയങ്ങളിൽ തത്സമയ ഡാറ്റ നിരീക്ഷിക്കാൻ കഴിയുന്ന 'വിദ്യാഭ്യാസ ഡാഷ്ബോർഡുകൾ' K-SMART അല്ലെങ്കിൽ സമേതം പോലുള്ള പ്ലാറ്റ്ഫോമുകളിലൂടെ വികസിപ്പിക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് നിർണായകമായ അവസരമുണ്ട്. നിലവിൽ ഇത്തരം സംവിധാനങ്ങൾ അഭാവമുള്ളതിനാൽ, ശാസ്ത്രീയ തെളിവുകളെ അടിസ്ഥാനമാക്കിയ ഇടപെടലുകൾക്ക് പകരം, ഏകീകരിക്കാത്തതും മാനദണ്ഡരഹിതവുമായ വിവരങ്ങളിലാണ് പലപ്പോഴും ആസൂത്രണവും തീരുമാനമെടുക്കലും ആശ്രയിക്കുന്നത്.

### 9.2.13.3 വിദ്യാഭ്യാസ ഭരണത്തിൽ മാസ്റ്റർ പ്ലാനിന്റെ അനിവാര്യത

കേരളത്തിലെ പ്രാദേശിക ഭരണസ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ആസൂത്രണം പലപ്പോഴും ദീർഘകാല ദർശനത്തിന്റെ അഭാവം മൂലം പരിമിതപ്പെടുന്നതായി കാണപ്പെടുന്നു. ഇതിന്റെ

ഫലമായി, ഒരു, രണ്ട് വർഷത്തെ ലക്ഷ്യംമാത്രം മുൻനിർത്തിയുള്ള ചുരുങ്ങിയകാല, പദ്ധതികേന്ദ്രിത ആസൂത്രണം ആണ് സാധാരണയായി നടപ്പാകുന്നത്. ഭരണ സമിതികൾ മാറ്റമുണ്ടാകുമ്പോൾ, ഇത്തരം ആസൂത്രണങ്ങൾക്ക് തുടർച്ച ഉറപ്പാക്കുന്ന ഒരു ഘടന ഇല്ലാത്തതിനാൽ, നിരവധി നിർണായക പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. ഈ ഘടനാപരമായ പോരായ്മകൾ മറികടക്കുന്നതിനായി, ജില്ലാ പഞ്ചായത്തുകൾ വ്യക്തമായ ദീർഘകാല ദർശന പ്രസ്താവനകളും 15 വർഷത്തെ ദീർഘകാല കാഴ്ചപ്പാട് പദ്ധതികളും രൂപീകരിക്കേണ്ടതുണ്ട്. ഇത്തരമൊരു മാസ്റ്റർ പ്ലാൻ, വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപങ്ങൾ തന്ത്രപരമായും നിലനിൽപ്പുള്ളതുമായ രീതിയിൽ വിനിയോഗിക്കപ്പെടുന്നതിന് സഹായിക്കുകയും, വെറും വിതരണാധിഷ്ഠിത പദ്ധതികളിൽ നിന്നു മാറി പഠനാന്തരീക്ഷത്തിന്റെ സമഗ്ര വികസനത്തിലേക്ക് നീങ്ങാൻ വഴിയൊരുക്കുകയും ചെയ്യും.

ഫലപ്രദമായ ഒരു മാസ്റ്റർ പ്ലാനിന്റെ നിർണായക ഘടകമാണ്, വിശ്വസിനീയ ഡാറ്റയെ അടിസ്ഥാനമാക്കിയ വിവരാധിഷ്ഠിത ആസൂത്രണത്തെ സ്ഥാപനവൽക്കരിക്കുന്നത്. നിലവിൽ, പല ജില്ലാ പഞ്ചായത്തുകൾക്കും സമഗ്രമായ വിദ്യാഭ്യാസ ഡാറ്റാബേസ് ഇല്ലാത്തതിനാൽ, ശാസ്ത്രീയ സ്ഥിതിവിവര റിപ്പോർട്ടുകൾക്ക് പകരം അനുഭവപരമായ വിലയിരുത്തലുകളിലേക്കാണ് ആശ്രയിക്കാനാവുക. ഭാവിയിലെ മാസ്റ്റർ പ്ലാനുകൾ, ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഓരോ സ്കൂളിനുമായി 'അടിസ്ഥാന സൗകര്യ സൂചിക' യും 'അക്കാദമിക് പ്രകടന സൂചിക'യും രൂപപ്പെടുത്തി, അവയെ അടിസ്ഥാനമാക്കി രൂപികരിക്കണം. അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ പഠന നേട്ടങ്ങൾ, ഗ്രാന്റുകളുടെ വിനിയോഗം എന്നിവ സംബന്ധിച്ച തത്സമയ ഡാറ്റ രേഖപ്പെടുത്തുന്നതിലൂടെ, ഈ മാസ്റ്റർ പ്ലാൻ തീരുമാനമെടുക്കലിനുള്ള ഒരു ശാസ്ത്രീയ ഉപകരണമായി പ്രവർത്തിക്കും. ഇതുവഴി, യഥാർത്ഥത്തിൽ പിന്തുണ ആവശ്യമായ സ്കൂളുകൾക്ക് മുൻഗണന നൽകാനും, ലബോറട്ടറികളും ഗ്രന്ഥശാലകളും പോലുള്ള സൗകര്യങ്ങൾ ആഗോള നിലവാരങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കാനും ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും.

### 9.2.13.4 ഏകോപന പ്രതിസന്ധി മറികടക്കൽ

ജില്ലാ പഞ്ചായത്ത്, ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (DIET), സമഗ്ര ശിക്ഷ കേരളം (SSK) എന്നിവ പോലുള്ള സമാന്തര സ്ഥാപനങ്ങൾ പലപ്പോഴും പരസ്പരം ബന്ധമില്ലാത്ത രീതിയിൽ, വ്യത്യസ്ത പ്രവർത്തനതലങ്ങളിൽ പ്രവർത്തിക്കുന്ന ഒരു ഏകോപന പ്രതിസന്ധി നിലവിലുണ്ട്. ഈ വേർതിരിവ് പ്രവർത്തനങ്ങളുടെ ആവർത്തനത്തിനും വിഭവങ്ങളുടെ ഫലപ്രദമല്ലാത്ത വിനിയോഗത്തിനും, കൂടാതെ ഭൗതിക അടിസ്ഥാന സൗകര്യ വികസനത്തെ പഠന ഗുണനിലവാര ലക്ഷ്യങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയാത്ത അവസ്ഥയ്ക്കും കാരണമാകുന്നു. ഈ പ്രശ്നം മറികടക്കുന്നതിനായി, ജില്ലാ പഞ്ചായത്ത് 'Whole-of-Government' സമീപനം സ്വീകരിച്ച്, പ്രവർത്തനക്ഷമമായ ഒരു ജില്ലാ വിദ്യാഭ്യാസ സമിതി രൂപീകരിക്കേണ്ടതുണ്ട്. ലൈൻ ഡിപ്പാർട്ട്മെന്റുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമ ഏജൻസികൾ എന്നിവയുടെ ഇടപെടലുകൾ ഏകോപിപ്പിക്കുന്ന ഏക കേന്ദ്ര ഏജൻസി

യായി ഈ സമിതി പ്രവർത്തിക്കണം. ഇതുവഴി, വിദ്യാർത്ഥികളുടെ ശാരീരിക ആരോഗ്യം, മാനസികക്ഷേമം, അക്കാദമിക് മികവ് എന്നിവയെ ഒറ്റപ്പെട്ട വിഷയങ്ങളായി കാണാതെ, സമഗ്രമായി കൈകാര്യം ചെയ്യാൻ സാധിക്കും.

ഫലപ്രദമായ സമന്വയം ഉറപ്പാക്കുന്നതിനായി, കേന്ദ്രീകൃതമായ ആസൂത്രണത്തിൽ നിന്നു മാറി, പ്രാദേശിക തലത്തിലെ എല്ലാ പങ്കാളികളെയും ഉൾക്കൊള്ളുന്ന പങ്കാളിത്ത ഭരണത്തിലേക്കുള്ള മാറ്റവും അനിവാര്യമാണ്. സമഗ്ര ശിക്ഷ കേരളം പോലുള്ള പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തുകൾ വൻതുക മാറ്റിവെക്കേണ്ടതുണ്ടെങ്കിലും, ഈ പദ്ധതികൾ പലപ്പോഴും കേന്ദ്രതലത്തിൽ രൂപകൽപ്പന ചെയ്യപ്പെടുന്നതിനാൽ, ജില്ലാസ്വഭാവത്തിനനുസരിച്ച ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിന് പരിമിതികളുണ്ടാകുന്നു. അധ്യാപകർ, മാതാപിതാക്കൾ (PTAകൾ), ബാൽസഭ പോലുള്ള വേദികളിലൂടെ കുട്ടികൾ വരെ ഉൾപ്പെടുന്ന സംയുക്ത ആസൂത്രണ പ്രക്രിയയിലൂടെ, SSK ഫണ്ടുകളെ പ്രാദേശിക വിഭവങ്ങളുമായി ഏകീകരിക്കുമ്പോഴാണ് യഥാർത്ഥ സമന്വയം സാധ്യമാകുന്നത്. ഇത്തരമൊരു ബഹുപങ്കാളി സഹകരണത്തിലൂടെ, ജില്ലാ പഞ്ചായത്തുകൾ വെറും ഭരണപര മേൽനോട്ട സ്ഥാപനങ്ങളായി മാത്രമല്ല, മറിച്ച് വിദ്യാഭ്യാസ രംഗത്തെ തന്ത്രപരമായ ഇടപെടലുകൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനങ്ങളായി മാറാൻ കഴിയും. ഇതുവഴി, അവഗണിക്കപ്പെടുന്ന വിഭാഗങ്ങളും ഭിന്നശേഷിയുള്ള വിദ്യാർത്ഥികളും ഉൾപ്പെടെ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും വിദ്യാഭ്യാസ യാത്രയിലെ സഹപങ്കാളികളായി മാറുന്ന സാഹചര്യം സൃഷ്ടിക്കാനാകും.

### 9.2.14 ഉൾക്കൊള്ളലിന്റെ പരിധി വിപുലപ്പെടുത്തൽ

നിലവിലുള്ള നയരൂപരേഖകളിൽ തിരിച്ചറിഞ്ഞ പ്രധാനമായ ഒരു പരിമിതിയാണ് ഉൾക്കൊള്ളലിനെ വളരെ ചുരുങ്ങിയ അർത്ഥത്തിൽ വ്യാഖ്യാനിക്കുന്ന സമീപനം. ഇതുവഴി നിരവധി പാർശ്വവൽകൃത വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ഇടപെടലുകളിൽ നിന്നും പലപ്പോഴും പുറംതള്ളപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു.

### 9.2.15 അവഗണിക്കപ്പെടുന്ന വിഭാഗങ്ങളിലെ 'അദൃശ്യത'യെ അഭിസംബോധന ചെയ്യൽ

നിലവിലെ ഇടപെടലുകൾ ഭൂരിഭാഗവും ലാപ്ടോപ്പ് വിതരണം പോലുള്ള പൊതുവായ പട്ടിക ജാതി/പട്ടിക വർഗ്ഗ പിന്തുണാ പദ്ധതികളിലേക്കാണ് പരിമിതപ്പെട്ടിരിക്കുന്നത്. കാടർ, ചോലനായ്ക്കർ എന്നീ പ്രത്യേകിച്ച് അത്യന്തം ദുർബലമായ ആദിവാസി വിഭാഗങ്ങൾ (PVTGs), കൂടാതെ പരമ്പരാഗത മത്സ്യതൊഴിലാളി സമൂഹങ്ങളിൽ നിന്നുള്ള കുട്ടികൾ എന്നിവരെ ജില്ലാ വികസന പദ്ധതികളിൽ പലപ്പോഴും പര്യാപ്തമായി ഉൾപ്പെടുത്തുന്നില്ല. വിതരണകേന്ദ്രിത പദ്ധതികളിൽ നിന്നും മാറി, സമൂഹത്തെ ആധാരമാക്കിയ പിന്തുണാ സംവിധാനങ്ങളിലേക്ക് നീങ്ങാനുള്ള തന്ത്രപരമായ സാധ്യത ഇവിടെ നിലനിൽക്കുന്നു. ഉദാഹരണമായി, വനജ്യോതി ആദിവാസി പഠനകേന്ദ്ര മാതൃക വിപുലീകരിക്കുന്നതോ, മത്സ്യതൊഴിലാളി സമൂഹത്തിനായി പ്രത്യേക തീരദേശ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതോ പരിഗണിക്കാവുന്നതാണ്.

### 9.2.16 പുതുതായി ഉയർന്നുവരുന്ന അവഗണനകളെ അഭിമുഖീകരിക്കൽ

HIV ബാധിത കുടുംബങ്ങളിലെ കുട്ടികൾ, ഭാഷാപരമായ ന്യൂനപക്ഷങ്ങൾ, അന്തർ

സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ കുട്ടികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് നൽകുന്ന പിന്തുണയിൽ ഗൗരവമായ പോരായ്മകൾ നിലവിലുണ്ട്. അതോടൊപ്പം, ലിംഗസൗഹൃദ ഇടപെടലുകൾ നിലവിൽ പെൺകുട്ടികൾക്കായി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങളിലേക്കു മാത്രം (ഉദാ. സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ) ചുരുങ്ങിയിരിക്കുകയാണ്. ഇതുവഴി, ലിംഗ ബൈനറിയ്ക്ക് പുറത്തുള്ള വിദ്യാർത്ഥികൾ നേരിടുന്ന വിവേചനവും പഠനം ഉപേക്ഷിക്കുന്നതിനുള്ള അപകടസാധ്യതയും ഗൗരവമായി പരിഗണിക്കപ്പെടുന്നില്ല. എല്ലാ വിദ്യാർത്ഥികൾക്കും സുരക്ഷിതവും വിവേചനരഹിതവുമായ പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിനായി, ജില്ലാ പഞ്ചായത്തുകൾക്ക് ലിംഗ ഓഡിറ്റിംഗും അക്കാദമിക് പിന്തുണാ സംവിധാനങ്ങളും തന്ത്രപരമായി നടപ്പിലാക്കാൻ കഴിയും.

### 9.2.17 ന്യൂറോവൈവിധ്യവും വൈകല്യങ്ങളുടെ ആഴത്തിലുള്ള ഉൾക്കൊള്ളലും

പല ജില്ലാ പഞ്ചായത്തുകളും റാംപുകൾ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും, പ്രത്യേകിച്ച് ബൗദ്ധികവും ബുദ്ധിബലം സംബന്ധിച്ചതുമായ വൈകല്യങ്ങൾ ഉൾപ്പെടെ, വ്യത്യസ്ത വൈകല്യ വിഭാഗങ്ങൾക്കായി ലക്ഷ്യമിട്ട ഇടപെടലുകൾ അപര്യാപ്തമാണ്. 'തടസ്സരഹിത അടിസ്ഥാന സൗകര്യങ്ങൾ' എന്ന സമീപനത്തിൽ നിന്നും മാറി, അധ്യാപകരെ ഉൾക്കൊള്ളലിന്റെ പഠനരീതികളിൽ പരിശീലിപ്പിക്കുകയും, ഓരോ വൈകല്യമുള്ള വിദ്യാർത്ഥിയുടെയും പ്രത്യേക ആവശ്യങ്ങൾക്ക് അനുയോജ്യമായ സഹായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന 'ഉൾക്കൊള്ളലിന്റെ പഠനം' എന്ന ദീർഘദർശിയായ സമീപനത്തിലേക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത ഇവിടെ വ്യക്തമാകുന്നു.

### 9.2.18 വിദ്യാർത്ഥി ക്ഷേമത്തിനും മാനസികാരോഗ്യത്തിനും മുൻഗണന നൽകൽ

ഉയർന്ന സമ്മർദ്ദം സൃഷ്ടിക്കുന്നതും ഡിജിറ്റൽ സാന്നിധ്യം അതിവിശാലമായതുമായ അക്കാദമിക് അന്തരീക്ഷത്തിലേക്ക് മാറിയതോടെ, സെക്കൻഡറി തലത്തിലെ വിദ്യാർത്ഥികളിൽ മാനസിക സമ്മർദ്ദം, ആശങ്ക, ശാരീരിക പ്രവർത്തനക്കുറവ് എന്നിവ വർധിച്ചുവരുന്നതായി കാണപ്പെടുന്നു.

### 9.2.19 മാനസികാരോഗ്യ പിന്തുണയെ മുഖ്യധാരയിലേക്കു കൊണ്ടുവരൽ

കോഴിക്കോട് ജില്ലയിലെ 'പുലർകാലം', 'എഡ്യൂകെയർ' പദ്ധതികൾ പോലുള്ള ചില ഒറ്റപ്പെട്ട വിജയങ്ങൾ ഒഴിച്ചാൽ, മാനസികാരോഗ്യം എന്ന മേഖല ഭൂരിഭാഗം ജില്ലാ പഞ്ചായത്തുകൾക്കും ഇപ്പോഴും വ്യക്തതയില്ലാത്ത ഒരു മേഖലയായി തുടരുകയാണ്. ഓരോ സ്കൂളിലും ലഭ്യമാകുന്ന കൗൺസിലിംഗ് സൗകര്യങ്ങളെ അതീതമായി, പ്രത്യേക പിന്തുണ നൽകാൻ കഴിയുന്ന 'പ്രാദേശിക കൗൺസിലിംഗ് കേന്ദ്രങ്ങൾ' സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 9.2.20 സമഗ്ര വിദ്യാർത്ഥി ക്ഷേമ മാതൃകകൾ

യോഗ, ധ്യാനം, ശാരീരിക വ്യായാമം എന്നിവ ഉൾപ്പെടുത്തിയ പ്രഭാത ശീലങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിജയകരമായി നടപ്പാക്കിയ അനുഭവങ്ങളെ അടിസ്ഥാനമാക്കി,

ആധുനിക പാഠ്യപദ്ധതിയിൽ നിന്നുണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് ഇടപെടാനാകും. ഇതോടൊപ്പം, ജില്ലാ മാനസികാരോഗ്യ പദ്ധതിയെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുമായി നേരിട്ട് ഏകോപിപ്പിക്കുന്നത്, മാനസികാരോഗ്യ പിന്തുണ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന സംയോജന അവസരമായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

### 9.2.21 പഠനവും നൈപുണ്യവും തമ്മിലുള്ള വിടവ് നികത്തൽ

'പഠന പരാഡോക്സ്' എന്നത്, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങളിൽ വൻതോതിലുള്ള നിക്ഷേപങ്ങൾ നടത്തിയിട്ടും, യഥാർത്ഥ പഠനഫലങ്ങളിൽ ജില്ലാ പഞ്ചായത്തുകളുടെ ഇടപെടലുകൾക്ക് പരിമിതമായ സ്വാധീനം മാത്രമേ ഉണ്ടാകുന്നുള്ളൂ എന്ന അവസ്ഥയെ സൂചിപ്പിക്കുന്നു.

### 9.2.22 അധ്യാപകരുടെ പഠന ശേഷി ശക്തിപ്പെടുത്തൽ

വിഷയപരമായും സാങ്കേതികമായും അധ്യാപകരുടെ കഴിവുകൾ പുതുക്കുന്നതിനായി, DIETകളുമായി സഹകരിച്ച് ആധുനിക വിഷയങ്ങളെയും ഇൻഡസ്ട്രി 4.0 നൈപുണ്യങ്ങളെയും കേന്ദ്രീകരിച്ച വിഷയാധിഷ്ഠിത പരിശീലനങ്ങളും അഭിമുഖീകരണ പരിപാടികളും സംഘടിപ്പിക്കുന്നതിലൂടെ, ജില്ലാ പഞ്ചായത്തുകൾ അധ്യാപക പരിശീലന രംഗത്തേക്ക് സജീവമായി കടന്നുവരണം. അതോടൊപ്പം, ISRO, NIT തുടങ്ങിയ ഉന്നത വിദ്യാഭ്യാസവും ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ സഹകരിച്ചു പ്രവർത്തിച്ച്, വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രൊഫഷണൽ ലബോറട്ടറികളിലേക്കും ഗ്രന്ഥശാലകളിലേക്കും പ്രവേശനം ലഭ്യമാക്കുന്നതിലൂടെ ശാസ്ത്രീയ അന്വേഷണ ചിന്ത വളർത്താൻ ജില്ലാ പഞ്ചായത്തുകൾക്ക് നിർണായക പങ്ക് വഹിക്കാനാകും.

### 9.2.23 വൊക്കേഷണൽ പഠന വഴികളും കരിയർ മാർഗ്ഗനിർദേശ സംവിധാനങ്ങളും

SSLCയും ഹയർ സെക്കൻഡറിയും തമ്മിലുള്ള ഘട്ടത്തിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന്, അവരുടെ കഴിവുകളോടും അഭിരുചികളോടും പൊരുത്തപ്പെടാത്ത രീതിയിൽ കോഴ്സുകൾ തിരഞ്ഞെടുക്കപ്പെടുന്നതാണ്. ഈ പശ്ചാത്തലത്തിൽ, സംസ്ഥാന കരിയർ മാർഗ്ഗനിർദേശ സെല്ലിന്റെ സഹകരണത്തോടെ ജില്ലാ കരിയർ മാർഗ്ഗനിർദേശ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് സാധ്യതയുണ്ട്. അതോടൊപ്പം, നൈപുണ്യ പരിശീലന പരിപാടികളെ സംസ്ഥാനത്തിന്റെ എം. എസ്. എം. ഇ. മേഖല കേന്ദ്രീകരിച്ച 'മിഷൻ 1000' പദ്ധതിയുമായി ഏകോപിപ്പിക്കുന്നതിലൂടെ തൊഴിൽസാധ്യതകളും സംരംഭകത്വ അവസരങ്ങളും വർധിപ്പിക്കാനാകും. ഇതിന്റെ ഭാഗമായി, ഐടിഐകളെയും പോളിടെക്നിക്കുകളെയും വ്യവസായ ബന്ധമുള്ള അപ്രന്റിസ്ഷിപ്പുകളും സംരംഭക പിന്തുണയും നൽകുന്ന മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്നത് നിർണായകമാകും

### 9.2.24 കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ

2018-ലെ പ്രളയാനുഭവങ്ങൾ, പ്രകൃതിദുരന്തങ്ങൾക്ക് മുന്നിൽ സ്കൂളുകൾ എത്രത്തോളം അസുരക്ഷിതമാണെന്നത് വ്യക്തമായി വെളിപ്പെടുത്തി. ഈ പശ്ചാത്തലത്തിൽ, അടിയന്തര

സാഹചര്യങ്ങളിലും ഉപയോഗയോഗ്യമായും പ്രളയപ്രതിരോധ ശേഷിയുള്ളതുമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി, ജലവിതരണം, ശുചിത്വം, ആരോഗ്യപരിപാലനം എന്നിവ ഉൾക്കൊള്ളുന്ന WASH (Water, Sanitation and Hygiene) പ്രോട്ടോകോളുകൾ ജില്ലാ പഞ്ചായത്തുകൾ സ്വീകരിക്കാൻ കഴിയണം. അതോടൊപ്പം, സൗരോർജ്ജ സംവിധാനങ്ങളും ജൈവ തോട്ടങ്ങളും ഉൾപ്പെടുത്തിയ 'ഗ്രീൻ സ്കൂളുകൾ' പ്രോത്സാഹിപ്പിക്കുന്നത്, വിദ്യാഭ്യാസ ലക്ഷ്യങ്ങളെ സംസ്ഥാനത്തിന്റെ ഹരിതകേരളം മിഷനുമായി ആശയപരമായും പ്രവർത്തനപരമായും ഏകോപിപ്പിക്കുന്ന ഒരു സമീപനമായി മാറുന്നു.

### 9.2.25 സാമൂഹ്യ ഓഡിറ്റുകളിലൂടെ ഉത്തരവാദിത്തം ഉറപ്പാക്കൽ

ചില പ്രദേശങ്ങളിൽ ശ്രദ്ധേയമായ ശ്രമങ്ങളായി മാത്രം നിലനിൽക്കുന്ന ഇടപെടലുകളെ, തെളിവ് അടിസ്ഥാനമാക്കിയ അംഗീകരിക്കാവുന്ന മാതൃകകളാക്കി മാറ്റുന്നതിനായി, സ്കൂൾ തലത്തിലും ജില്ലാതലത്തിലും സാമൂഹ്യ ഓഡിറ്റ് സംഘങ്ങൾ രൂപീകരിക്കണം. ഈ സംഘങ്ങൾ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികളുടെ അക്കാദമിക് ഫലവും സാമൂഹിക സ്വാധീനവും സമഗ്രമായി വിലയിരുത്തണം. അതുവഴി പ്രവർത്തനങ്ങളിലെ സുതാര്യത ഉറപ്പുവരുത്തുകയും, ദീർഘകാല നിലനിൽപ്പുള്ളതുമായ പുരോഗതിക്ക് ആവശ്യമായ അളക്കാവുന്ന, ഡാറ്റയെ അടിസ്ഥാനമാക്കിയ തെളിവുകൾ സൃഷ്ടിക്കുകയും ചെയ്യണം.

കേരളത്തിലെ വിദ്യാഭ്യാസ ഭരണത്തിന്റെ പരിണാമം, ജില്ലാ പഞ്ചായത്തുകളെ വെറുമൊരു സിവിൽ വർക്ക്സ് മേൽനോട്ട സ്ഥാപനത്തിൽ നിന്ന് മാനവവികസനത്തിലെ തന്ത്രപ്രധാനമായ നവീകരണശക്തിയായി മാറ്റുന്ന ഘട്ടത്തിലാണ്. ഗ്രാമീണ മേഖലകളിലെ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ പരമോന്നത ഘടകമായ ജില്ലാ പഞ്ചായത്ത്, സംസ്ഥാന നയങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രവർത്തനങ്ങളെയും ബന്ധിപ്പിക്കുന്ന നിർണായകമായ കണ്ണിയായി പ്രവർത്തിക്കുന്നു. ശാസ്ത്രീയമായ ആസൂത്രണം, ശക്തമായ ഏകോപനം, വിദ്യാഭ്യാസത്തെ ജില്ലയുടെ ഏറ്റവും പ്രധാനപ്പെട്ട ദീർഘകാല വികസന നിക്ഷേപമായി കാണുന്ന ദർശനം എന്നിവയാണ് ഈ യാത്രയുടെ അടിസ്ഥാനശിലകൾ.



# അധ്യായം 10

# സമ്പൂർണ വിഭവ സമാഹരണം

പ്രാദേശിക സർക്കാരുകളുടെ ക്ഷേമ, സേവന, വികസന പ്രവർത്തനങ്ങളിൽ പണത്തിന്റെ ലഭ്യതയും വിനിയോഗവും നിർണ്ണായകമാണ്. പ്രാദേശിക ജനതയുടെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ എന്നിവ സഫലമാക്കുന്നതിന് പണത്തിന്റെ ലഭ്യത അനിവാര്യ ഘടകമാണ്. ജില്ലാ പഞ്ചായത്തുകളിൽ പൊതു പണം ഉപയോഗിക്കുന്നു എന്നതിനാൽ പൗരന്മാരോടും നികുതിദായകരോടും സ്ഥാപനത്തിന് ഒരു ബാധ്യത (Accountability) നിലനിൽക്കുന്നു. മുഖ്യകാര്യനിർവ്വഹണ അധികാരി എന്ന നിലയിൽ ജില്ലാ പഞ്ചായത്ത് ധനകാര്യത്തിൽ വരവ്-ചെലവ് ഇനങ്ങൾ സംബന്ധിച്ച് തികഞ്ഞ അവബോധം പ്രസിഡന്റിന് ഉണ്ടാകേണ്ടതാണ്.

## 10.1 വരവിനങ്ങൾ (ധന സ്രോതസ്സുകൾ)

ജി. ഒ(പി)നം. 177/06/ധന. തീയതി 12-04-2006 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് ലഭ്യമാകുന്ന വിവിധ ഫണ്ടുകൾ ചുവടെ ചേർക്കുന്നു.

| നം. | ഫണ്ട് വിഭാഗം | ഫണ്ടിന്റെ പേര് | ഉദ്ദേശ്യം | സ്രോതസ്സ് | ഫണ്ട് സൂക്ഷിക്കുന്ന സ്ഥലം |
|---|---|---|---|---|---|
| 1 | എ ഫണ്ട് | വികസന ഫണ്ട് (പൊതു വിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ വിഭാഗം, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് ധനസഹായം) | പദ്ധതികൾ നടപ്പാക്കൽ | കേന്ദ്ര/സംസ്ഥാന സർക്കാർ | കൺസോളിഡേറ്റഡ് ഫണ്ട്/ ബാങ്ക് |
| 2 | ബി ഫണ്ട് | സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ട് | ഘടക സ്ഥാപനങ്ങളുടെ നടത്തിപ്പ് | സംസ്ഥാന സർക്കാർ (വകുപ്പുകളിലെ ജില്ലാ ഉദ്യോഗസ്ഥർ വഴി) | കൺസോളിഡേറ്റഡ് ഫണ്ട് |
| 3 | സി ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡ്/നോൺ റോഡ് | ആസ്തികളുടെ സംരക്ഷണത്തിന് | സംസ്ഥാന സർക്കാർ | കൺസോളിഡേറ്റഡ് ഫണ്ട് |
| 4 | ഡി ഫണ്ട് | ജനറൽ പർപ്പസ് ഗ്രാന്റ് | തനതു ഫണ്ടായി ഉപയോഗിക്കാം | സംസ്ഥാന സർക്കാർ | ട്രഷറിയിൽ LGTSB അക്കൗണ്ടിൽ |
| 5 | ഇ ഫണ്ട് | കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് | നിർദ്ദേശിച്ച കാര്യങ്ങൾക്കു വേണ്ടി | കേന്ദ്ര സർക്കാർ | ബാങ്ക് |
| 6 | എഫ് ഫണ്ട് | തനതു ഫണ്ട് | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലാ നിർവ്വഹണം | നികുതിയിതര സ്രോതസ്സുകൾ | ട്രഷറി/ബാങ്ക് |
| 7 | ജി ഫണ്ട് | വായ്പ | വായ്പാ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി | ധനകാര്യ സ്ഥാപനങ്ങൾ മുതലായവ (NABARD, KURDFC, സഹകരണ ബാങ്കുകൾ) | ബാങ്ക് |

### 10.1.1 വികസന ഫണ്ട്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാന പദ്ധതി അടങ്കലിന്റെ 30% വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടായി നൽകി വരുന്നു. ഇതിൽ വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം, കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടിക വർഗ ഉപപദ്ധതി വിഹിതം എന്നിവ ഉൾപ്പെടുന്നു. വികസന ഫണ്ട് വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംസ്ഥാന ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

### 10.1.1.1 വികസന ഫണ്ടിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപന തല വിഭജനം

**പൊതുവിഭാഗം-സാധാരണ വിഹിതം**

തിട്ടപ്പെടുത്തിയ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 76.35% ത്രിതല പഞ്ചായത്തുകൾക്കും 13.89% മുനിസിപ്പാലിറ്റികൾക്കും 9.76% തുക മുനിസിപ്പൽ കോർപ്പറേഷനുകൾക്കും പൊതു വിഭാഗം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നൽകിവരുന്നു. ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം 70: 15: 15 എന്ന അനുപാതത്തിൽ യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിക്കുന്നു.

**പട്ടികജാതി ഉപപദ്ധതി വിഹിതം**

തിട്ടപ്പെടുത്തിയ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 83.25 % ത്രിതല പഞ്ചായത്തുകൾക്കും 10.25% മുനിസിപ്പാലിറ്റികൾക്കും 6.50 % തുക മുനിസിപ്പൽ കോർപ്പറേഷനുകൾക്കും പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നൽകിവരുന്നു. ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം 60:20:20 എന്ന അനുപാതത്തിൽ യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിക്കുന്നു.

**പട്ടികവർഗ ഉപപദ്ധതി വിഹിതം**

തിട്ടപ്പെടുത്തിയ പട്ടികവർഗ ഉപപദ്ധതി വിഹിതത്തിന്റെ 91.96% ത്രിതല പഞ്ചായത്തുകൾക്കും 6.08% മുനിസിപ്പാലിറ്റികൾക്കും 1.96 % തുക മുനിസിപ്പൽ കോർപ്പറേഷനുകൾക്കും പട്ടികവർഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നൽകിവരുന്നു. ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം 60:20:20 എന്ന അനുപാത ത്തിൽ യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിക്കുന്നു.

**എ) പൊതു വിഭാഗം സാധാരണ വിഹിതം ത്രിതല പഞ്ചായത്തുകൾക്ക് വിഭജിക്കുന്നതിനുള്ള മാനദണ്ഡം**

| നം. | മാനദണ്ഡം | വെയ്റ്റേജ് | | |
|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| 1 | SC/ST ഒഴികെയുള്ള ജനസംഖ്യ | 40 | 50 | 50 |
| 2 | ഭൂവിസ്തൃതി(ച. കി) | 10 | 10 | 10 |
| 3 | പാരിസ്ഥിതിക ദുർബലത | | | |
| 3.1 | വെള്ളപ്പൊക്ക സാധ്യതാ പ്രദേശത്തിന്റെ വിസ്തൃതി | 10 | 10 | 10 |
| 3.2 | കടൽത്തീര ദൈർഘ്യം | | | |
| 3.3 | തീവ്ര ദുരന്ത സാധ്യതാ പ്രദേശവും ഇടത്തരം ദുരന്ത സാധ്യതാ പ്രദേശവും | | | |
| 4 | ഇല്ലായ്മാ സൂചകങ്ങൾ(DEPRIVATION INDEX) | | | |
| 4.1 | LPG കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾ | 25 | 30 | 30 |

| | | | | |
|---|---|---|---|---|
| 4.2 | വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ | | | |
| 4.3 | കുടിവെള്ള കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾ | | | |
| 4.4 | AAY, മുൻഗണനാ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉള്ള കുടുംബങ്ങൾ | | | |
| 4.5 | ആളോഹരി വരുമാന വിടവിന്റെ ജന സംഖ്യാനുപാതം (DISTANCE FROM PER CAPITA OWN REVENUE WEIGHTED WITH POPULATION) | | | |
| 5 | തനത് വരുമാന സമാഹരണത്തിന് പ്രോൽസാഹനം | 15 | - | - |

## ബി) പട്ടികജാതി ഉപപദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകൾക്ക് വിഭജിക്കുന്നതിനുള്ള മാനദണ്ഡം

| ക്രമ നം. | മാനദണ്ഡം | വെയ്റ്റേജ് | | |
|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| 1 | പട്ടികജാതി ജനസംഖ്യ | 60 | 60 | 60 |
| 2 | ഇല്ലായ്മാ സൂചകങ്ങൾ(DEPRIVATION INDEX) | | | |
| 2.1 | ഭവന രഹിത, ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ | 40 | 40 | 40 |
| 2.2 | വീടുകളുടെ സ്ഥിതി | | | |
| 2.3 | വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ | | | |
| 2.4 | തൊഴിൽ രഹിതർ | | | |
| 2.5 | പത്താം തരത്തിന് താഴെ വിദ്യാഭ്യാസമുള്ളവർ | | | |
| 2.6 | ഉന്നതികളിൽ താമസിക്കുന്നവർ | | | |

## സി) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകൾക്ക് വിഭജിക്കുന്നതിനുള്ള മാനദണ്ഡം

| നം. | മാനദണ്ഡം | വെയ്റ്റേജ് | | |
|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| 1 | പട്ടികവർഗ്ഗ ജനസംഖ്യ | 60 | 60 | 60 |
| 2 | ഇല്ലായ്മാ സൂചകങ്ങൾ(DEPRIVATION INDEX) | | | |
| 2.1 | ഭവന രഹിത, ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ | 40 | 40 | 40 |

| | | |
|---|---|---|
| 2.2 | വീടുകളുടെ സ്ഥിതി |
| 2.3 | വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ |
| 2.4 | പത്താം തരത്തിന് താഴെ വിദ്യാഭ്യാസമുള്ളവർ |

### 10.1.2 മെയിന്റനൻസ് ഫണ്ട്

എ) മെയിന്റനൻസ് ഫണ്ട്-റോഡ്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നൽകുന്ന ഫണ്ടാണിത്. സംസ്ഥാന സർക്കാരിന്റെ തനത് നികുതി വരുമാനത്തിന്റെ (SOTR) 4% തുകയാണ് മെയ്റ്റനൻസ് ഫണ്ട് റോഡ് വിഹിതമായി നൽകുന്നത്.

ബി) മെയിന്റനൻസ്-നോൺ ഫണ്ട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിനായി നൽകുന്ന ഫണ്ടാണിത്. സംസ്ഥാന സർക്കാരിന്റെ തനത് നികുതി വരുമാനത്തിന്റെ (SOTR) 2.5% തുകയാണ് മെയിന്റനൻസ് ഫണ്ട് നോൺറോഡ് വിഹിതമായി നൽകുന്നത്.

സ. ഉ(എം. എസ്)നം. 330/2004/തസ്വഭവ തിയതി 09-12-2004 പ്രകാരം പുറപ്പെടുവിച്ച മെയിന്റനൻസ് ഫണ്ട് വിനിയോഗ മാർഗ്ഗരേഖ സ. ഉ(കൈ)നം. 90/2023/LSGD തിയതി 09-04-2023 പ്രകാരം പുതുക്കിയിട്ടുണ്ട്.

### 10.1.3 ജനറൽ പർപ്പസ് ഫണ്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ദൈനംദിനാവശ്യങ്ങൾക്കും കർത്തവ്യ നിർവ്വഹണത്തിനും ഘടകസ്ഥാപനങ്ങളുടെ നടത്തിപ്പിനുമായി സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടാണ് ജനറൽ പർപ്പസ് ഫണ്ട്. ഈ ഫണ്ട് തനത് ഫണ്ട് എന്നതുപോലെ ഉപയോഗിക്കാവുന്നതാണ്. ആയത് വർഷാവസാനം ലാപ്സ് ആകുന്നതല്ല. ഇത് ട്രഷറിയിൽ LGTSB അക്കൗണ്ടിൽ മാറ്റി സൂക്ഷിച്ച് വിനിയോഗിക്കാവുന്നതാണ്.

സ.ഉ (എം.എസ്) നം.330/2004/തസ്വഭവ തിയതി 09-12-2004 പ്രകാരം ജനറൽ പർപ്പസ് ഫണ്ട് വിനിയോഗ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാന സർക്കാരിന്റെ തനത് നികുതി വരുമാനത്തിന്റെ (SOTR) 4% തുകയാണ് ജനറൽ പർപ്പസ് ഫണ്ടായി നൽകുന്നത്.

ഓരോ സ്ഥാപനത്തിനുമുള്ള വികസന ഫണ്ട്, മെയ്റ്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയുടെ ഓരോ വർഷത്തേയും അലോട്ട്മെന്റ് സംസ്ഥാന ബജറ്റിന്റെ അനുബന്ധം-IV ൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

### 10.1.4 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിന് രണ്ട് ഭാഗങ്ങൾ ഉണ്ട്. ജനസംഖ്യയുടെയും ഭൂവിസ്തൃതിയുടെയും അടിസ്ഥാനത്തിലാണ് ഫണ്ട് നിശ്ചയിക്കുന്നത്. രണ്ട് ഭാഗങ്ങളാണ് ഇ ഗ്രാന്റിന് ഉള്ളത്: -

**Tied Grant:** -കുടിവെള്ള വിതരണം, മഴവെള്ള കൊയ്ത്ത്, ശുചിത്വ പദ്ധതികൾ എന്നിവയ്ക്കായി ഉപയോഗിക്കാം.

**Untied Grant:** -അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗിക്കാം.

ഇ-ഗ്രാം സ്വരാജ് പോർട്ടൽ വഴിയാണ് ഗ്രാന്റ് അനുവദിക്കുന്നത്. ഇതിനായി മുകളിൽ സൂചിപ്പിച്ച രണ്ടു ഘടകങ്ങൾ അടങ്ങിയ ഉപപദ്ധതികൾ തയ്യാറാക്കി ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ്. ലോഡ് ചെയ്യേണ്ടതാണ്.

### 10.1.5 കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ

ജില്ലാ പഞ്ചായത്തിന്റെ വിവിധ വികസന ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഉപയോഗപ്പെടുത്താവുന്ന നിരവധി കേന്ദ്രപദ്ധതികളും സംസ്ഥാന പദ്ധതികളും ഉണ്ട്. വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ഈ പദ്ധതികളെയും സമർത്ഥമായി സംയോജിപ്പിച്ചുകൊണ്ടാണ് പ്രാദേശിക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്.

### 10.1.6 വികസന ഏജൻസികൾ

വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കായി പ്രത്യേകം വികസന ഏജൻസികൾ (ഉദാ. കേന്ദ്ര നാളികേര വികസനബോർഡ്, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ്, മിൽമ, മത്സ്യഫെഡ്,...) പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ഏജൻസികളുടെ വൈദഗ്ധ്യവും ഫണ്ടും ഉപയോഗപ്പെടുത്തി അതതു മേഖലകളിലെ വികസനപ്രവർത്തനങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

### 10.1.7 നബാർഡ് (NABARD)

പ്രത്യേക ആവശ്യങ്ങൾക്കും പ്രത്യേക പദ്ധതികൾക്കും വായ്പാബന്ധിത പരിപാടികൾ നബാർഡിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നുണ്ട്. ഇതിനായി വിശദമായ പദ്ധതി രേഖ (DPR) നിശ്ചിത മാതൃകയിൽ തയ്യാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പുമുഖേന നൽകേണ്ടതുണ്ട്.

**ജില്ലാ പഞ്ചായത്തിന്റെ നികുതിയിതര വരവുകൾ**

| | |
|---|---|
| **ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം** | ഫാമുകൾ, ആശുപത്രികൾ, സ്കൂള്കൾ, മറ്റു സ്ഥാപനങ്ങൾ |
| **ആസ്തികളിൽ നിന്നുള്ള വരുമാനം** | പാട്ടം, വാടക, യൂസർഫീ |
| **പിഴ** | കരാർ ലംഘനങ്ങൾക്ക് ഈടാക്കുന്ന തുക |
| **നിക്ഷേപങ്ങളിൽനിന്നുള്ള പലിശ** | ബാങ്ക് നിക്ഷേപങ്ങളുടെ പലിശ വരവ് |
| **നോട്ടീസ് ഫീ** | നോട്ടീസ് ഫീ നൽകുന്നതിനുള്ള ഫീസ് |
| **TENDER ഫോറം** | വില്പന |
| **സംഭാവന** | സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കുന്നതിനുള്ള അധികാരം (വകുപ്പ് 177) പ്രകാരം സ്വീകരിക്കുന്ന തുക |
| **ക്രൗഡ് ഫണ്ടിംഗ്** | പ്രത്യേക ആവശ്യങ്ങൾക്ക് |
| **CSR ഫണ്ട്** | കമ്പനികളുടെ ലാഭവിഹിതത്തിൽ നിന്നും ലഭ്യമാക്കാവുന്ന ഫണ്ട് |
| **സ്പോൺസർഷിപ്പ്** | പ്രത്യേക ആവശ്യങ്ങൾക്ക് |

| | |
|---|---|
| **എൻഡോവ്മെന്റ്** | പ്രത്യേക ആവശ്യങ്ങൾക്ക് വ്യക്തികൾ നിക്ഷേപ്പിക്കുന്നത് |

## 10.1.8 കാര്യക്ഷമമാർന്ന ധനസമാഹരണ മാർഗ്ഗങ്ങൾ

### 10.1.8.1 വരുമാനസ്രോതസ്സുകളുടെ മറ്റ് സാധ്യതകൾ

1. ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ നിഷ്ക്രിയ ആസ്തികളും (സ്ഥലം, കെട്ടിടം, ഫാർമുകൾ, പാർക്കുകൾ,...) പുനരുജ്ജീവിപ്പിച്ച് ഉപയോഗയോഗ്യമാക്കി ജില്ലാ പഞ്ചായത്തിന് വരുമാനം ഉറപ്പുവരുത്തുക.
2. ഭൗതിക സൗകര്യങ്ങളുള്ള ജില്ലാ പഞ്ചായത്തുകൾ പുതിയ സംരംഭങ്ങൾ (ജല-സോളാർ വൈദ്യുതി ഉൽപ്പാദനം, കാർഷിക ഉൽപ്പന്നങ്ങളുടെ ശേഖരണവും സംഭരണവും, കാർഷിക നഴ്സറി, ജൈവവളം, ഡെസ്റ്റിനേഷൻ ചലഞ്ച് പോലുള്ള പ്രാദേശിക ടൂറിസം പദ്ധതികൾ,...) ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
3. സി.എസ്.ആർ. ഫണ്ട് ലഭ്യമാക്കൽ: -സർക്കാർ ലിസ്റ്റ് ചെയ്ത കമ്പനികൾ അവരുടെ വാർഷിക വരുമാനത്തിന്റെ നിശ്ചിതശതമാനം തുക കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രകാരം നീക്കിവെച്ച് വിവിധ വികസന-ക്ഷേമപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തുകൾക്ക് കൃത്യവും ശാസ്ത്രീയവുമായ പദ്ധതികൾ തയ്യാറാക്കി ഈ കമ്പനികൾക്ക് നൽകി പ്രസ്തുത തുക ഉപയോഗപ്പെടുത്താവുന്നതാണ്. വിവിധ പ്രശ്നങ്ങളും ആവശ്യങ്ങളും വിലയിരുത്തി ഈ വലിയ തുക ഉപയോഗപ്പെടുത്താനുള്ള സാധ്യതയും അവസരവും ഇന്ന് നിലവിലുണ്ട്. വികസനഫണ്ടിന്റെ പതിന്മടങ്ങ് പണം ലഭിക്കാനുള്ള വലിയ സാധ്യതയാണിത്. ഇച്ഛാശക്തിയുള്ള ഭരണ നേതൃത്വത്തിന് അനായാസം വികസന-ക്ഷേമ ലക്ഷ്യം കൈവരിക്കുന്നതിന് ഇത് ഉപയോഗപ്പെടുത്താവുന്നതാണ്.
4. ഇന്നവേഷൻ ഫണ്ട്: -വിവിധ മേഖലകളിലെ നൂതനാശയങ്ങൾ പദ്ധതികളാക്കി മാറ്റുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇന്നവേഷൻ ഫണ്ട് ലഭ്യമാക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തുകൾക്ക് നൂതനമായ ആശയങ്ങൾ പ്രോജക്റ്റുകളാക്കി മാറ്റി ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.
5. അവാർഡുകൾ: ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന വിവിധ വികസന-ക്ഷേമപ്രവർത്തനങ്ങൾ ശാസ്ത്രീയമായി സമയബന്ധിതമായി ഡോക്കുമെന്റ് ചെയ്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും വിവിധ ഏജൻസികളുടെയും അവാർഡുകൾ ലഭ്യമാക്കാവുന്നതാണ്.

വൈവിധ്യമാർന്ന വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ഫണ്ടുകളുടെ ലഭ്യത മാത്രം പരിഗണിക്കാതെ മെച്ചപ്പെട്ട വിഭവസമാഹരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആയതുവഴി ഫണ്ട് ലഭ്യമാക്കി വികസന-ക്ഷേമ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ശ്രമത്തിനാണ് ജില്ലാ പഞ്ചായത്തുകൾ നേതൃത്വം നൽകേണ്ടത്. സർക്കാരിൽനിന്നുള്ളതും തനതു വരുമാനത്തിൽനിന്നുള്ളതുമായ ഫണ്ടിന്റെ ലഭ്യതയോടൊപ്പം മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് മറ്റു ധനാഗമ മാർഗ്ഗങ്ങൾകൂടി കണ്ടെത്തി ഫണ്ട്

ലഭ്യത ഉറപ്പുവരുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് കഴിയേണ്ടതാണ്.

## 10.2 ചെലവിനങ്ങൾ (ധന സ്രോതസ്സുകൾ)

ത്രിതല പഞ്ചായത്തുകൾക്ക് അവയുടെ ചുമതലകളുമായി ബന്ധപ്പെട്ട് ആവർത്തന സ്വഭാവമുള്ള ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിഭവവിനിയോഗം നടത്തേണ്ടതുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. പദ്ധതിയിതര ചെലവുകൾ
2. പദ്ധതി ചെലവുകൾ

### 10.2.1 പദ്ധതിയിതര ചെലവുകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 213ൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന ഇനങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

പദ്ധതിയിതര ചെലവുകളെ നാലായി തരം തിരിക്കാം

1. കണ്ടിജൻസി ചെലവുകൾ
2. ആവർത്തനസ്വഭാവമുള്ള ചെലവുകൾ
3. അസാധാരണ ചെലവുകൾ
4. അടിയന്തിര പ്രവൃത്തികൾക്കുള്ള ചെലവുകൾ

#### 10.2.1.1 കണ്ടിജൻസി ചിലവുകൾ

സ.ഉ. നം. (കൈ)നം. 271/2004/ത.സ്വ.ഭ.വ. തീയതി 04-09-2004 പ്രകാരം യഥാക്രമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് 7,500 രൂപയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് 10,000 രൂപയും ചെലവഴിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത് യഥാക്രമം ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ഒരു മാസത്തിൽ 15000, 20000 രൂപയിൽ കൂടുതൽ അനുമതി നൽകാവുന്നതല്ല. 27-05-1998 ലെ സ. ഉ (എം. എസ്)നം. 107/98/തഭവ നമ്പർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഓഫീസ് കാര്യങ്ങൾക്ക് വേണ്ടിയുള്ള 37 ഇനങ്ങൾക്കുള്ള ചെലവ് കണ്ടിജന്റ് ചെലവാണ്. എല്ലാ ചെലവുകളും പ്രസിഡന്റ് അധികൃതമാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തൊട്ടടുത്ത മാസത്തെ യോഗത്തിൽ വൗച്ചറുകൾ പരിശോധിച്ച് ജില്ലാ പഞ്ചായത്തിന് ശുപാർശ ചെയ്യേണ്ടതാണ്.

#### 10.2.1.2 ആവർത്തനസ്വഭാവമുള്ള ചെലവുകൾ

വിവിധ ചുമതലകളുടെ നിർവഹണത്തിന്റെ ഭാഗമായുള്ള ചെലവുകൾക്ക് ബജറ്റ് വകയിരുത്തലിനും പ്രോജക്ട് ആവശ്യമുണ്ടെങ്കിൽ ആയതിനും അനുസൃതമായി തുക ചെലവഴിക്കുന്നതിനെയാണ് ആവർത്തന സ്വഭാവമുള്ള ചെലവുകൾ എന്ന് വിവക്ഷിക്കുന്നത്. (ഉദാ. തെരുവു വിളക്ക് പരിപാലനം, മാലിന്യ സംസ്കരണം, ശുചീകരണം മുതലായവ). ജീവനക്കാർക്കുള്ള ചെലവുകൾ (ശമ്പളം, ബത്ത, പെൻഷൻ, ആനുകൂല്യങ്ങൾ), ഭരണ ചെലവുകൾ, നടത്തിപ്പ് ചെലവുകൾ, ചെറിയ അറ്റകുറ്റപണികൾ എന്നിവയും ആവർത്തന സ്വഭാവമുള്ള ചെലവുകൾ ആണ്.

### 10.2.1.3 അസാധാരണ ചെലവുകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 213(4) പ്രകാരം പഞ്ചായത്തുകൾക്ക് അതത് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾക്ക് വേണ്ടി അസാധാരണ ചെലവുകൾ നടത്താവുന്നതാണ്. ഇത്തരം ഏതൊരു അസാധാരണ ചെലവും ജില്ലാ പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിന്താങ്ങിയിട്ടുള്ള പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. (2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ).

1. ഏതെങ്കിലും പഞ്ചായത്ത് സമ്മേളനത്തിന്റേയോ പഞ്ചായത്തുകളുടെ സംഘടനകളുടെയോ ചെലവിലേക്കായി സംഭാവന നൽകുന്നതിന്
2. പ്രമുഖ വ്യക്തികളുടെ സ്വീകരണമോ ഏതെങ്കിലും പൊതു പ്രദർശനമോ ആഘോഷമോ വിനോദമോ സംഘടിപ്പിക്കുന്നതിന്
3. കലാ-സാംസ്കാരിക മത്സരങ്ങളും കായിക വിനോദവും സംഘടിപ്പിക്കുന്നതിന്
4. വിജയികൾക്കുള്ള സമ്മാനദാനത്തിന്
5. പഞ്ചായത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചടങ്ങുകൾ നടത്തുന്നതിന്
6. പഞ്ചായത്തിന് പങ്കാളിത്തമുള്ള ചികിത്സാ ക്യാമ്പ്, സൗജന്യ ചികിത്സാ പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിന്.
7. നിയമ സഹായനിധി സംഘടിപ്പിക്കുന്ന നിയമസഹായ സാക്ഷരതാ ക്യാമ്പുകൾ നടത്തുന്നതിന്
8. കലാ-സാംസ്കാരിക പ്രദർശനങ്ങൾ നടത്തുന്നതിന്
9. പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിന്
10. നെഹ്റു യുവ കേന്ദ്ര, നാഷണൽ സർവീസ് സ്കീം എന്നിവ സംഘടിപ്പിക്കുന്ന പരിപാടികൾക്ക്
11. പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ പരിസ്ഥിതി ക്ലബ്ബുകളും ആസൂത്രണ സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികൾ നടത്തുന്നതിന്
12. സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടത്തുന്ന മറ്റു ചടങ്ങുകൾക്ക്
13. പ്രകൃതിക്ഷോഭത്തെത്തുടർന്ന് അനിവാര്യമാകുന്ന അടിയന്തിര ദുരിതാശ്വാസ നടപടികൾക്ക്
14. ആക്ടിലോ അതിന് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും കാര്യങ്ങൾക്ക്

പഞ്ചായത്തുകൾ വ്യക്തികൾക്കും സംഘടനകൾക്കും ആക്ടിലോ ചട്ടങ്ങളിലോ സർക്കാർ ഉത്തരവുകളിലോ നിർദ്ദേശിക്കപ്പെട്ട പ്രകാരം അല്ലാതെ പണമായി സഹായം നൽകുവാനോ നിയമാനുസൃതം അല്ലാത്ത പരസ്യ ചെലവുകൾ വഹിക്കുവാനോ മത രാഷ്ട്രീയ തൊഴിലാളി സംഘടനകൾ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് ചെലവ് ചെയ്യുവാനോ അപ്രകാരമുള്ള ചെലവുകൾ ഏതെങ്കിലും തരത്തിൽ അസാധാരണ ചെലവിൽ ഉൾപ്പെടുത്തുവാനോ പാടില്ലാത്തതാകുന്നു. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ അസാധാരണ ചെലവിടൽ

മുൻ വർഷത്തെ തനതുവരുമാനത്തിന്റെ 25 ശതമാനം വരെയും എന്നാൽ യഥാക്രമം ഒരു ലക്ഷം രൂപയിൽ/രണ്ടു ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കേണ്ടതാണ്.

മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടനച്ചടങ്ങുകൾക്കുള്ള ചെലവു പരിധി

[സ.ഉ. നം. (സാധാ). നം. 1255/2025/LSGD തീയതി 19-05-2025]

| | |
|---|---|
| **പൊതുസ്ഥലം/വാടകക്കെട്ടിടം/ഓഡിറ്റോറിയം** | **- 75,000 രൂപ** |
| **മറ്റിടങ്ങളിൽ** | **- 50,000 രൂപ** |
| **മറ്റു ചടങ്ങുകൾ** | **- 25,000 രൂപ** |

17-05-2023ലെ സ.ഉ. (സാധാ)നം. 1052/2023/LSGD നമ്പർ ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സെമിനാറുകൾ, പരിശീലനം, ശിൽപ്പശാലകൾ എന്നിവ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുന്നതിന് തനതുഫണ്ടിൽനിന്നും ഗ്രാമപഞ്ചായത്തുകൾക്ക് 3 ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്ക് 2 ലക്ഷം രൂപ വരെയും ഒരു സാമ്പത്തിക വർഷം യാത്രാബത്ത, താമസം, ഭക്ഷണച്ചെലവ് എന്നിവ സംഘാടകർ വഹിക്കുന്നില്ല എന്നുറപ്പുവരുത്തിക്കൊണ്ട് ചെലവഴിക്കാവുന്നതാണ്. മേൽ തുക സർക്കാരിന്റെ വിവിധ പൊതുപരിപാടികൾക്കും ഉദ്ഘാടനങ്ങൾക്കും ചെലവഴിക്കുന്ന തുക ഉൾപ്പെടെയാണ്.

#### 10.2.1.4 അടിയന്തിര പ്രവൃത്തികൾക്കുള്ള ചെലവുകൾ

പൊതുജനങ്ങളുടെ രക്ഷയ്ക്ക് വേണ്ടി ഏതെങ്കിലും ഒരു പ്രവൃത്തി ഉടനടി നടത്തേണ്ടതുണ്ടെങ്കിൽ അടിയന്തര സാഹചര്യങ്ങളിൽ നടത്താവുന്നതാണ്. അതിന് ആവശ്യമായ നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാവുന്നതാണ്. ഇങ്ങനെ ചെയ്ത നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടുത്ത യോഗത്തിൽ വെച്ച് അംഗീകാരം നേടേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 156(5)). ഏതെങ്കിലും പണി നടത്തുന്നതോ ഏതെങ്കിലും പ്രത്യേക പ്രവൃത്തി ചെയ്യുന്നതോ നിരോധിക്കുന്ന പഞ്ചായത്തിന്റെ ഏതെങ്കിലും തീരുമാനം ലംഘിച്ചുകൊണ്ട് ഇത്തരം പ്രവൃത്തി ചെയ്യാൻ പാടില്ല.

### 10.2.2 പദ്ധതി ചെലവുകൾ

ഓരോ വർഷവും സംസ്ഥാന ബജറ്റിൽ വകയിരുത്തി അനുബന്ധം IV പ്രകാരം അനുവദിക്കപ്പെടുന്ന വിവിധ വികസന ഫണ്ടുകളും മെയിന്റനൻസ് ഫണ്ടുകളുമാണ് പദ്ധതി ചെലവുകൾക്കുള്ള പ്രധാന വിഭവ സ്രോതസ്സ്. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നു ലഭിക്കുന്ന മറ്റു വിവിധോദ്ദേശ്യഫണ്ടുകളും പദ്ധതി ചെലവുകൾക്കായി വിനിയോഗിക്കാവുന്നതാണ്. എല്ലാവിധ വികസന സേവന പ്രവർത്തനങ്ങൾക്കും പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണസമിതി യുടെ (DPC)അംഗീകാരം വാങ്ങേണ്ടതാണ്. വിവിധ ഫണ്ടുകൾ ചെലവഴിക്കുമ്പോൾ ഓരോ ഫണ്ടിനും നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ, മാനദണ്ഡങ്ങൾ തുടങ്ങിയവ കർശനമായി പാലിക്കേണ്ടതുമാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളും തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ കഴിച്ചുള്ള മിച്ചഫണ്ടും വായ്പകളും ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയാറാക്കുന്നത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളിലൂടെയാണ് തുക ചെലവഴിക്കുന്നത്. പദ്ധതി ആസൂത്രണ മാർഗരേഖ പാലിക്കേണ്ടതാണ്. ആസ്തി സംരക്ഷണ ഫണ്ട് വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകളും പദ്ധതിയിൽ ഉൾപെടുത്തേണ്ടതാണ്.

### 10.2.2.1 ആസ്തി സംരക്ഷണത്തിനുള്ള ചെലവുകൾ

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നിരവധി ആസ്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടുകയും സ്വയം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ പരിപാലനവും സംരക്ഷണവും ആസ്തി നിർമ്മാണം പോലെത്തന്നെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ ആസ്തികൾ മുഖേന കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിന് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പരിപാലിക്കുയും ചെയ്യേണ്ടതുണ്ട്. ഇതുപോലെ തന്നെ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ പരിപാലനവും സംരക്ഷണവും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങൾക്കായി ലഭ്യമാകുന്ന ഫണ്ടാണ് മെയിന്റനൻസ് ഫണ്ട് (റോഡ്/റോഡിതരം) എന്ന് അറിയപ്പെടുന്നത്.

09-04-2023ലെ സ.ഉ. (കൈ). നം. 90/2023/LSGD നമ്പർ ഉത്തരവിലൂടെ മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തികളുടെ പരിപാലനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബജറ്റിൽ ഈയിനത്തിൽ കൂടുതൽ വകയിരുത്തൽ ലഭിക്കുന്നതിന് സഹായകമാകും. വാർഷിക പദ്ധതിയുടെ ഭാഗമായി ആസ്തി പരിപാലന പദ്ധതിയും തയ്യാറാക്കേണ്ടതാണ്.

സമ്പൂർണ്ണ വിഭവ സമാഹരണത്തോടൊപ്പം തന്നെ പ്രാധാന്യമേറിയതാണ് ഫലപ്രദമായ വിഭവ വിനിയോഗവും. സമാഹരിക്കപ്പെടുന്ന തുകയുടെ ശാസ്ത്രീയവും കാര്യക്ഷമവും സമയബന്ധിതവുമായ വിനിയോഗം സാധ്യമാകണമെങ്കിൽ ചിട്ടയായ ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും അനിവാര്യമാണ്. വിഭവ സമാഹരണത്തിലൂടെ നടപ്പാക്കാൻ കഴിഞ്ഞ വികസന ക്ഷേമ പ്രവർത്തനങ്ങൾ, സൃഷ്ടിക്കാൻ കഴിഞ്ഞ ആസ്തികൾ എന്നിവ വിലയിരുത്തുന്നതിലൂടെ മാത്രമേ ഫലപ്രദമായ ധനവിനിയോഗം ഉറപ്പാക്കാനാകൂ. ആയതിലേക്ക് ഓരോ വർഷവും പദ്ധതി നിർവ്വഹണത്തിലൂടെയും അല്ലാതെയും സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിശദവിവരങ്ങൾ വർഷാവസാനം ശേഖരിച്ച് ഡാറ്റ തയ്യാറാക്കി സൂക്ഷിക്കുന്നത് മോണിട്ടറിംഗിനും വരും വർഷങ്ങളിലെ പദ്ധതി ആസൂത്രണത്തിനും അടിസ്ഥാനരേഖയായി ഉപയോഗിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക് പ്രാധാന്യമർഹിക്കുന്നതാണ്.



# അധ്യായം 11

# വികസന വെല്ലുവിളികളും സ്വപ്നങ്ങളും

## 11.1 പ്രാദേശിക സർക്കാരുകൾ അഭിമുഖീകരിക്കുന്ന വികസന പ്രശ്നങ്ങൾ

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയ ജനകീയാസൂത്രണത്തിന് ശേഷമുള്ള മൂന്നാമത്തെ പതിറ്റാണ്ടിലേക്ക് അടുക്കുകയാണ്. സംസ്ഥാനത്തെ ഗ്രാമീണ-നഗര ജീവിതങ്ങളിൽ അത് വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പാർപ്പിടം, കക്കൂസ് ലഭ്യത, റോഡ് ശൃംഖലയുടെ വ്യാപനം, കുടിവെള്ള സൗകര്യ വിപുലീകരണം, തെരുവു വിളക്കുകളുടെ വ്യാപനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വിപുലീകരണം തുടങ്ങിയ മേഖലകളിൽ പ്രാദേശിക സർക്കാരുകൾ സൃഷ്ടിച്ച മാറ്റങ്ങൾ നിഷേധിക്കാനാകാത്തതാണ്. ഈ കാര്യങ്ങൾ നാം കഴിഞ്ഞ അധ്യായങ്ങളിൽ വിശദമായി പരിശോധിച്ചു. ഒരു സാമൂഹ്യ മുന്നേറ്റമെന്ന നിലയിൽ കുടുംബശ്രീയും കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്രയും വിപുലമായ നേട്ടങ്ങൾ വിവിധ മേഖലകളിൽ നാം ആർജ്ജിച്ചപ്പോഴും ചില മേഖലകളിൽ നാം വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടത്ര സാധിച്ചിട്ടില്ല. അതോടൊപ്പം,

നിരവധി മേഖലകളിൽ പുതിയ വികസന പ്രശ്നങ്ങൾ ഉയർന്നു വരികയും ചെയ്യുന്നുണ്ട്. ഈ മേഖലകളിൽ പുതുതായി വരുന്ന ഭരണസമിതികളുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. താഴെ പറയുന്ന മേഖലകളിൽ ഉള്ള പുതിയ വികസന വിടവുകളെ അഭിസംബോധന ചെയ്യേണ്ടത് പ്രാദേശിക ഭരണകൂടങ്ങൾക്ക് ഒഴിവാക്കാനാവാത്തതാണ്. ജില്ലാ പഞ്ചായത്തുക്കൾ ജില്ലാതല പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ ഈ വികസന വിടവുകൾ പരിഹരിക്കാൻ ആവണം.

» കൃഷി-കാർഷിക അനുബന്ധ മേഖല: ഭക്ഷ്യ ഉല്പാദനത്തിലെയും ഉല്പാദനക്ഷമതയിലെയും മുരടിപ്പ്
» മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഭാവം
» സംരംഭങ്ങളുടെ കുറവ്, വളർച്ചയില്ലായ്മ, അതിജീവന ക്ഷമത കുറവും
» തൊഴിലില്ലായ്മ
» പ്രകൃതി വിഭവ പരിപാലനം, ദുരന്ത നിവാരണം, & കാലാവസ്ഥ വ്യതിയാനം
» വയോജന പരിപാലനം
» ലിംഗനീതിയും തുല്യതയും ഉറപ്പാക്കൽ
» പട്ടികജാതി-പട്ടികവർഗ്ഗ-തീരദേശ-തൊഴിലാളി വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തൽ
» മാലിന്യ പരിപാലനം
» യുവതയുടെ ജീവിത ഗുണമേന്മ ഉയർത്തൽ
» ഭിന്നശേഷി സൗഹൃദ സമീപനങ്ങൾ
» അടിസ്ഥാന സൗകര്യങ്ങളുടെ ഗുണമേന്മ ഉറപ്പാക്കൽ
» സേവന കാര്യക്ഷമത, ഭരണ കാര്യക്ഷമത എന്നിവ ഉറപ്പാക്കൽ

### 11.1.1 കാർഷിക മേഖലയിലേയും ഭക്ഷ്യ ഉല്പാദനത്തിന്റെയും മുരടിപ്പ്

കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ വിളകളിലും കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിൽ വിളവിസ്തൃതിയിലും ഉത്പാദനത്തിലും കുറവുണ്ടായിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യവിളയായ നെല്ലിന്റെ ഉത്പാദനം 1975-1976 കാലഘട്ടത്തിൽ ഉണ്ടായിരുന്ന 12,98,000 ടണ്ണിൽ നിന്നും 2022-23 ലേക്ക് എത്തിയപ്പോഴേക്കും 5,92,684 ടണ്ണിലേക്ക് ഇടിവുണ്ടായതായി കാണാനാകും. നെൽകൃഷി ചെയ്യുന്ന വിസ്തൃതിയിലും ഗണ്യമായ കുറവ് ഇതേ കാലത്ത് ഉണ്ടായി. ഇതേ കാലയളവിൽ നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളുടെ വിസ്തൃതി 8,75,000 ഹെക്ടറിൽ നിന്നും 2023-24 കാലത്തേക്ക് എത്തുമ്പോഴേക്കും 1,96,000 ഹെക്ടറിലേക്ക് കുറഞ്ഞു.

കേരളത്തിലെ മറ്റൊരു പ്രധാന കാർഷിക വിളയായ തെങ്ങ് കൃഷിയുടെ വിസ്തൃതി 1990-91 ൽ 8,70,000 ഹെക്ടർ ഉണ്ടായിരുന്നത് 7,66,000 ഹെക്ടറിലേക്ക് 2023-24 ഇടിവുണ്ടായി. നാളികേരത്തിന്റെ ലഭ്യതയിലും പ്രസ്തുത ഇടിവ് കാണാനാവും. ഉല്പാദനത്തിലെ കുറവും തുടർച്ചയായി ഉണ്ടാകുന്ന രോഗങ്ങളും, തെങ്ങ്കൃഷി വരുമാന മാർഗ്ഗമാക്കിയ കർഷകർക്ക് വലിയ തിരിച്ചടിയാണ് സൃഷ്ടിച്ചിട്ടുള്ളത്.

അതേസമയം, നാണ്യവിളയായ റബറിന്റെ വിള വിസ്തൃതിയിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിൽ വർദ്ധനവ് ഉണ്ടായതായി കാണാനാവും. 1990-91 ലെ 384 ലക്ഷം ഹെക്ടറിൽ നിന്ന് റബ്ബറിന്റെ

വിളവിസ്തൃതി ഈ കാലയളവിൽ 548 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചു. കേരളത്തിലെ പ്രധാന ഭക്ഷ്യവിളകളിൽ ഒന്നായിരുന്ന മരച്ചീനിയുടെ ഉല്പാദനം 1970-71 മായി താരതമ്യം ചെയ്യുമ്പോൾ പകുതിയോളം കുറഞ്ഞു എന്നത് മലയാളിയുടെ മാറിയ കാർഷികാഭിരുചികളുടെ തെളിവാണ്. 1975-76 ൽ 53,90,000 മെട്രിക് ടൺ ആയിരുന്ന മരച്ചീനി ഉത്പാദനം 24,93,000 മെട്രിക് ടൺ ആയി 2019-20 കാലഘട്ടത്തിൽ കുറഞ്ഞു എന്നത് സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ കണക്കുകളെല്ലാം വിരൽചൂണ്ടുന്നത് കേരളം വരുംകാലത്ത് അഭിമുഖീകരിക്കാൻ ഇടയുള്ള ഭക്ഷ്യസുരക്ഷ ഭീഷണിയെയാണ്.

കേരളത്തിന് ആവശ്യമുള്ള അരിയുടെ 16 ശതമാനവും പയറു വർഗ്ഗങ്ങളുടെ, 0.1 ശത മാനവും മാത്രമാണ് നമുക്ക് ഉത്പാദിപ്പിക്കാൻ ആകുന്നത്. പച്ചക്കറിയുടെ ഉപഭോഗവും ഉത്പാദനവും തമ്മിലുള്ള അന്തരം പ്രതിവർഷം 10 ലക്ഷം ടൺ ആണ്. അതേസമയം, വാഴപ്പഴം, മറ്റു പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം കേരളത്തിന്റെ ഉപഭോഗ ആവശ്യ ങ്ങളേക്കാൾ മുകളിൽ ആണ് എന്നത് ശുഭോദർക്കമാണ്. പ്രധാന ഭക്ഷ്യ ഉത്പ്പന്നങ്ങളായ പാൽ, മുട്ട എന്നിവയുടെ കാര്യത്തിലും കേരളത്തിൽ പ്രകടമായ ഉപഭോഗ-ഉത്പദന വിടവ് നിലനിൽക്കുന്നു. 2023-24 ലെ കണക്കുകൾ പ്രകാരം കേരളത്തിലെ പ്രതിവർഷ പാൽ ആവശ്യം 31.75 ലക്ഷം ലിറ്റർ മെട്രിക് ടൺ ആണെങ്കിൽ ഉല്പാദനം 25.32 ലക്ഷം ലിറ്റർ മെട്രിക് ടൺ മാത്രമാണ്. കേരളത്തിലെ പ്രതിവർഷ മുട്ട ആവശ്യം 565 കോടി ആണെങ്കിൽ ആഭ്യന്തര ഉത്പാദനം കേവലം 260 കോടിയാണ്.

അരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനൊപ്പം തന്നെ പച്ചക്കറി, പാൽ, മുട്ട മുതലായ മറ്റു ഭക്ഷ്യ വസ്തുക്കളുടെയും ഉല്പാദനത്തിലെ വിടവുകൾ നികത്തുന്നതിനാവശ്യമായ ശ്രദ്ധാപൂർവ്വവും കാര്യക്ഷമവുമായ ഇടപെടൽ കേരളത്തിലെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ അനിവാര്യമാണ്

### 11.1.2 തൊഴിലില്ലായ്മയും സംരംഭകത്വവും

കേരളം നേരിടുന്ന അതീവ ഗൗരവമായ പ്രശ്നങ്ങളിൽ ഒന്ന് അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായമയാണ്. കേരള നോളജ് ഇക്കോണമി മിഷൻ 2022 ൽ നടത്തിയ "എന്റെ തൊഴിൽ എന്റെ അഭിമാനം" സർവ്വേ പ്രകാരം കേരളത്തിൽ 40 വയസ്സ് വരെ പ്രായമുള്ളവരി ൽതന്നെ 33 ലക്ഷം തൊഴിൽ രഹിതർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ തൊഴിൽ രഹിതരിൽ 52 ശതമാനവും സ്ത്രീകളാണ്. അതിൽതന്നെ ഭൂരിഭാഗവും പ്ലസ് ടുവിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്.

സ്ത്രീകളുടെ, അതും ഉയർന്ന യോഗ്യതകൾ ഉള്ളവരുടെ, തൊഴിൽരാഹിത്യമെന്നത് അതീവ ഗൗരവമുള്ളതാണ്. ആറ് ലക്ഷത്തോളം സ്ത്രീകൾ സംസ്ഥാനത്ത് കരിയർ ബ്രേക്ക് വന്നവരാണ് എന്ന് പഠനങ്ങൾ കാണിക്കുന്നു. അതേസമയം, 33 ലക്ഷത്തോളം അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് തൊഴിലിൽ ഏർപ്പെട്ടുവരുന്നുണ്ടെന്ന വസ്തുത കേവലം തൊഴിലില്ലായ്മ എന്നതിനേക്കാൾ വിദ്യാഭ്യാസത്തിന് അനുസൃതമായ തൊഴിൽ ലഭിക്കാത്തതാണ് നാം നേരിടുന്ന വെല്ലുവിളി എന്ന് ബോധ്യപ്പെടുത്തുന്നു.

സംസ്ഥാനത്തെ ആഭ്യന്തര വരുമാനത്തിൽ കേവലം 35 ശതമാനം മാത്രമുള്ള കൃഷി,

വ്യവസായങ്ങൾ എന്നീ മേഖലകളുടെ പങ്കാളിത്തം കേരളത്തിനാവശ്യമായ തോതിലുള്ള തൊഴിൽ സൃഷ്ടിക്ക് പര്യാപ്തമല്ല എന്ന് സൂചിപ്പിക്കുന്നു. കേവലം 8.78% വും, 26.97% വും ആണ് യഥാക്രമം കാർഷിക-വ്യവസായ മേഖലയുടെ സമ്പദ് വ്യവസ്ഥയിലെ പങ്കാളിത്തം. ഇതിൽ തന്നെ നിർമ്മാണ വ്യവസായങ്ങളുടെ പങ്ക് ആകെ വ്യവസായ മേഖലയുടെ പങ്കാളിത്തത്തിന്റെ പകുതിയിൽ താഴെയാണ്. കാർഷിക സംരംഭകത്വം/കാർഷിക സംസ്കരണ വ്യവസായങ്ങൾ/ ഉല്പാദനത്തിൽ ഊന്നിയ വ്യവസായ സംരംഭങ്ങളുടെ കുറവ് എന്നിവ നമ്മുടെ ഉല്പാദന മേഖലയുടെ തൊഴിൽദായക ശേഷി കുറക്കുന്നു.

കുടുംബശ്രീ സംരംഭങ്ങൾക്കും മറ്റ് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും ഈ വിടവ് നികത്താൻ സാധിക്കുന്നില്ല എന്ന് കാണാനാവും. സംസ്ഥാനത്ത് 343000 പേർക്ക് തൊഴിൽ നൽകുന്ന 163458 കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളും 44.47 ലക്ഷം പേർക്ക് തൊഴിൽ നൽകുന്ന 23.79 ലക്ഷം മറ്റ് MSME കളുമാണ് ഉള്ളത്. MSME സംരംഭങ്ങളിൽ വലിയൊരു വിഭാഗവും സൂക്ഷ്മ സംരംഭങ്ങളാണ്. കേരളത്തിലെ സൂക്ഷ്മ സംരംഭങ്ങളുടെ തൊഴിൽദായക ശേഷിയുടെ ശരാശരി 2% ൽ താഴെയാണ് എന്ന് ഈ കണക്കുകൾ കാണിക്കുന്നു.

ഉയർന്ന ലാഭക്ഷമത-തൊഴിൽദായക ശേഷി-അതിജീവന ക്ഷമത-വിപണി മൂല്യം എന്നിവ സൃഷ്ടിക്കാനായാൽ മാത്രമേ കേരളത്തിലെ സംരംഭകത്വ മേഖലയെ ശക്തിപ്പെടുത്താൻ കഴിയുകയുള്ളൂ. എന്നാൽ സംരംഭകത്വ പ്രോത്സാഹന മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് തുലോം ദുർബലമാണ്.

### 11.1.3 ജില്ലാ പഞ്ചായത്തും സംരംഭക പ്രോത്സാഹനവും

2022 ൽ ഇറങ്ങിയ പ്രാദേശിക സാമ്പത്തീക വികസന മാർഗ്ഗരേഖയിലും 14-ാം പദ്ധതി മാർഗ്ഗരേഖയിലും സംരംഭകത്വ പ്രോത്സാഹനത്തിനായി നിരവധി നിർദ്ദേശങ്ങൾ മുമ്പോട്ട് വച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സംരംഭകത്വ തൊഴിൽ വികസന കൗൺസിൽ രൂപീകരിക്കുക, അടിസ്ഥാനസൗകര്യം ഒരുക്കൽ, വിപണി കണ്ടെത്തൽ, സാങ്കേതികവിദ്യ നവീകരണം, നൂതന ആശയ പ്രോത്സാഹനം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി സംരംഭങ്ങൾക്ക് പിന്തുണ നൽകാൻ നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തേക്ക് നിക്ഷേപം കൊണ്ടുവരിക, സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, അതിലൂടെ പ്രാദേശിക തൊഴിൽ സൃഷ്ടിയും, സാമ്പത്തിക വികസനവും സാധ്യമാക്കുക എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ മേഖലയായി മാറേണ്ടതുണ്ട്.

### 11.1.4 ജില്ലാ പഞ്ചായത്തിലെ സംരംഭകത്വ തൊഴിൽ വികസന കൗൺസിലിന്റെ ഘടന

സംരംഭകത്വം പ്രോത്സാഹനത്തിന് ജില്ലാ പഞ്ചായത്തിന് സംരംഭകത്വം തൊഴിൽ വികസന കൗൺസിൽ രൂപീകരിക്കാം.

**ചെയർപേഴ്സൺ** - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
**വൈസ് ചെയർപേഴ്സൺ** - ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്
**കൺവീനർ** - ജില്ലാ പഞ്ചായത്ത് സെക്രട്ടറി

**അംഗങ്ങൾ** -

1. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
2. ജോയിന്റ് ഡയറക്ടർ LSGD
3. ജില്ലാ പ്ലാനിംഗ് ഓഫീസർ
4. എല്ലാ നിർവ്വഹണ ഓഫീസർമാരും
5. ജില്ലാ എമ്പ്ലോയ്മെന്റ് ഓഫീസർ
6. ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ
7. ജില്ലാ ഇന്നോവേഷൻ കൗൺസിൽ പ്രതിനിധി
8. ജില്ലാ ചേംബർ ഓഫ് കൊമേഴ്സ് പ്രതിനിധി
9. കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ (skills)
10. കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ (ME)
11. ASAP ജില്ലാ പ്രോഗ്രാം മാനേജർ
12. K-DISC/OLOI ജില്ലാ coordinater
13. ലീഡ് ബാങ്ക് പ്രതിനിധി
14. വ്യാപാര വ്യവസായ-ചെറുകിട വ്യവസായ സംഘടന പ്രതിനിധികൾ
15. രണ്ട് പൊതു പ്രവർത്തകർ
16. യൂത്ത് Welfare ഓഫീസർ
17. DTPC സെക്രട്ടറി
18. സ്റ്റാർട്ട് അപ്പ് പ്രതിനിധികൾ
19. ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും പ്രതിനിധികൾ

### 11.1.5 ലിംഗനീതിയിലെ വിടവുകൾ

ലിംഗനീതിയുടെ കാര്യത്തിൽ ഏറെ മുൻപോട്ട് പോയ സമൂഹമാണ് കേരളം. സ്ത്രീ-പുരുഷ ലിംഗാനുപാതം, സാക്ഷരതാ നിരക്ക്, മാതൃ-ശിശു മരണ നിരക്ക് എന്നിവയുടെ കാര്യത്തിലെല്ലാം ഈ നേട്ടങ്ങൾ പ്രകടമാണ്. NFHS(National Family Health Survey) ന്റെ 2015-16 വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിലെ പുരുഷ-സ്ത്രീ ലിംഗാനുപാതം 1000 ന് 1121 ആണ്. സാക്ഷരതയാകട്ടെ സ്ത്രീകൾക്കിടയിൽ 98.3 ശതമാനം ആണ്.

സംസ്ഥാനത്ത് 86 ശതമാനം സ്ത്രീകൾ മൊബൈൽ ഉപയോഗിക്കുന്നതായി NFHS-5 കണക്കുകൾ സൂചിപ്പിക്കുന്നു. സാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ കേരളത്തിലെ സ്ത്രീകൾ ഏറ്റവും മുൻപിലാണ് എന്ന് ഇത് കാണിക്കുന്നു.

അതേസമയം ഇത്രയേറെ സാക്ഷരരായ ഒരു സമൂഹത്തിൽ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 25.8 ശതമാനം മാത്രമാണ് എന്ന് NFHS കണക്കുകൾ കാണിക്കുന്നു. എന്നാൽ 15-49 പ്രായത്തിലുള്ള പുരുഷൻമാരുടെ തൊഴിൽ പങ്കാളിത്തം 70 ശതമാനത്തിന് അടുത്താണ്.

40 ശതമാനത്തോളം വരുന്ന സ്ത്രീകൾ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള കേരളത്തിലെ

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറവാണ് എന്നത് ഗൗരവത്തിൽ കാണണം. സ്ത്രീകളുടെ സ്വത്തുടമസ്ഥാവകാശത്തിന്റെ കാര്യത്തിലും നാം ഏറെ പിന്നിലാണ്.

സംസ്ഥാനത്ത് 27.3 ശതമാനം സ്ത്രീൾക്ക് മാത്രമേ സ്വന്തമായോ കൂട്ടുടമസ്ഥതയിലോ വീടോ, സ്ഥലമോ ഉള്ളൂ. ആസ്തികളുടെ ഉടമസ്ഥാവകാശത്തിലെ കുറഞ്ഞ സ്ത്രീ പങ്കാളിത്തം കേരളത്തിന്റെ സ്ത്രീപദവിയിലെ മികവിനെ ചോദ്യം ചെയ്യുന്നതാണ്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ കാര്യത്തിലും ഒരു പുരോഗമന സമൂഹത്തിന് ചേർന്ന അവസ്ഥയല്ല കേരളത്തിൽ ഉള്ളത്. കേരളത്തിൽ വിവാഹിതരായ സ്ത്രീകളിൽ 9.9 ശതമാനം ജീവിതത്തിൽ ഒരിക്കലെങ്കിലും ലൈംഗിക അതിക്രമം നേരിട്ടവരാണെന്ന് പുതിയ NFHS കണക്കുകൾ കാണിക്കുന്നു.

സ്ത്രീകളുടെ ആരോഗ്യ നിലവാരത്തിലും കാര്യമായ ഇടപെടലുകൾ ആവശ്യമാണെന്നും NFHS-5 കണക്കുകൾ കാണിക്കുന്നു. 18-49 വയസ് പ്രായത്തിലെ സ്ത്രീകളിൽ 36.9 ശതമനം പേർ അനീമിയ ബാധിതരും 30.3 ശതമാനം പേർ ഉയർന്ന രക്ത സമ്മർദ്ദം ഉള്ളവരും, 24.8 ശതമാനം പേർ പ്രമേഹ ബാധിതരുമാണ്. സ്ത്രീകളുടെ ആരോഗ്യ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധ കൂടുതൽ ആവശ്യമാണെന്ന് ഈ കണക്കുകൾ കാണിക്കുന്നു.

ഇന്ത്യയിൽ ഏറ്റവും ആദ്യം ട്രാൻസ്ജൻഡർ പോളിസി തയ്യാറാക്കിയ സംസ്ഥാനമാണ് കേരളം. എന്നാൽ ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്ക് വേണ്ടി ഫലപ്രദമായ പദ്ധതികൾ രൂപപ്പെടുത്താൻ അപൂർവം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ കഴിഞ്ഞിട്ടുള്ളൂ. LGBTQIA+ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള ശ്രമങ്ങൾ വേണ്ടത്ര നടന്നിട്ടില്ല. “കില” യുടെ നേതൃത്വത്തിൽ ജൻഡർ സ്കൂളിന്റെ ഭാഗമായി നടന്ന ജൻഡർ സൗഹൃദ പഞ്ചായത്ത്, ജൻഡർ ഓഡിറ്റിങ്, ജൻഡർ ബഡ്ജറ്റിങ്ങ് മുതലായ മേഖലകളിലും നിരവധി ഇടപെടലുകൾ നടന്നിട്ടുണ്ട്. ഇവയെ ഫലപ്രദമായി ഉപയോഗിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

### 11.1.6 വയോജന പരിപാലനം

ഇന്ത്യയിൽ തന്നെ ഏറ്റവും ഉയർന്ന വയോജന ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2011 ലെ സെൻസസ് കണക്കുകൾ പ്രകാരം 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ കേരളത്തിൽ 12.55 ശതമാനം ആയിരുന്നു. എന്നാൽ 2021 ലെ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വയോജന ജനസംഖ്യ 17 ശതമാനം കടന്നിരിക്കുന്നു. സംസ്ഥാന ജനസംഖ്യയിൽ കുട്ടികളുടേയും വയോജനങ്ങളുടേയും എണ്ണം വർദ്ധിക്കുകയും തൊഴിലെടുക്കുന്ന പ്രായത്തിൽ ഉള്ളവരുടെ എണ്ണം കുറയുകയും ചെയ്യുന്ന ഒരു പ്രവണത ദൃശ്യമാണ്.

സംസ്ഥാനത്ത് നിന്നുള്ള ചെറുപ്പക്കാരുടെ കുടിയേറ്റം, അണുകുടുംബവത്ക്കരണം, വയോജനങ്ങൾ ഒറ്റപ്പെടുന്ന കുടുംബങ്ങൾ, പരിചരണം ലഭ്യമാകാത്ത വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നത്, കിടപ്പു രോഗികളായ വയോജനങ്ങളുടെ പരിപാലനം, വിധവകളും വിഭാര്യരുമായ വയോജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്നിവ വയോജന പരിപാലന രംഗത്ത് കേരളം നേരിടുന്ന പ്രതിസന്ധികളാണ്.

വരുമാനം ആവശ്യമുള്ള വയോജനങ്ങൾക്ക് ആയാസരഹിതമായ തൊഴിലുകളിലൂടെ വരുമാനം ലഭ്യമാക്കാനും, വരുമാനം ഉള്ളവർക്ക് സാമൂഹിക ജീവിതത്തിന് അവസരം ഒരുക്കുവാനും വയോജന കൂട്ടായ്മകൾ രൂപീകരിക്കൽ, വയോജന പരിപാലനത്തിന് സന്നദ്ധ സേവക ബാങ്കുകൾ രൂപീകരിക്കൽ, വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ എത്തിക്കുന്നതിനുള്ള സേവന ശൃഖലകൾ വികസിപ്പിക്കൽ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാവുന്ന മേഖലകൾ ആണ്. സംസ്ഥാനം വയോജന നയവും സംസ്ഥാന വയോജന കമ്മിഷനും പ്രഖ്യാപിച്ച് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വരുന്നുണ്ട്. ജില്ലാതലത്തിൽ ഇതിനനുസരണമായ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്തുകൾ നേതൃത്വം നൽകേണ്ടതുണ്ട്.

### 11.1.7 ഭിന്നശേഷിക്കാർക്കുള്ള പിന്തുണ

2014-15 ൽ കേരള സാമൂഹിക സുരക്ഷാമിഷൻ നടത്തിയ സർവ്വേ പ്രകാരം 7,61,843 പേരാണ് സംസ്ഥാനത്ത് ഭിന്ന ശേഷിക്കാരായി ഉള്ളത്. ഇതിൽ 51.8 ശതമാനം പുരുഷൻമാരും 48.2 ശതമാനം സ്ത്രീകളുമാണ്.

ഭിന്നശേഷിക്കാരുടെ പിന്തുണക്കായി ബഡ്സ് സ്കൂളുകൾ തുടങ്ങുക, ഉപകരണങ്ങൾ വിതരണം ചെയ്യുക എന്നിവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ഓരോതരം ഭിന്ന ശേഷി വിഭാഗത്തേയും വ്യത്യസ്തമായി പരിഗണിച്ചുള്ള പ്രത്യേക പിന്തുണകൾ നൽകാൻ കഴിഞ്ഞിട്ടില്ല. സാങ്കേതിക വിദ്യകളുടെ പുതിയ സാധ്യതകൾ ഉപയോഗിച്ച് അവരുടെ അതിജീവനം ഫലപ്രദമാക്കാൻ സാധിച്ചിട്ടില്ല. ഗർഭകാലത്തും ജനിച്ച ശേഷമുള്ള ആദ്യഘട്ടങ്ങളിലും ഭിന്നശേഷി സാധ്യതകൾ കണ്ടെത്തി ഇടപെടുന്നതിനുള്ള സ്ക്രീനിങ്ങ് സംവിധാനം ഫലപ്രദമാക്കേണ്ടതുണ്ട്. ഈ പരിമിതികളെ മറികടക്കുന്നതിനുള്ള ശ്രമങ്ങളാണ് തുടർന്ന് ഉണ്ടാകേണ്ടത്.

### 11.1.8 കാലാവസ്ഥാ വ്യതിയാനവും ദുരന്തനിവാരണവും

കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതം ലോകത്ത് എല്ലായിടത്തും വലിയ തോതിൽ ദൃശ്യമാണ്. 590 കിലോമീറ്ററോളം കടൽത്തീരം, 44 നദികൾ, പശ്ചിമഘട്ടം എന്നിവ ഉൾക്കൊള്ളുന്ന അതി സങ്കീർണ്ണമായ പാരിസ്ഥിതിക ആവാസ വ്യവസ്ഥയുള്ള പ്രദേശമാണ് കേരളം. 2018 ലെയും 2019 ലെയും വെള്ളപ്പൊക്കവും 2024 ൽ വയനാട് ഉണ്ടായ ഉരുൾപൊട്ടലും കേരളത്തിൽ അതിതീവ്ര കാലാവസ്ഥ പ്രതിഭാസങ്ങളുടെ ഭാഗമായി വർദ്ധിച്ച് വരുന്ന ദുരന്ത സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു.

സംസ്ഥാനത്തെ വിവിധ ദുരന്ത സാധ്യതകൾ നിലനിൽക്കുന്ന പ്രദേശങ്ങളെ കേരള ദുരന്ത നിവാരണ അതോറിറ്റി കണ്ടെത്തിയിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാനത്തെ 85 ഗ്രാമപഞ്ചായത്തുകൾ ഉയർന്ന വെള്ളമൊക്ക സാധ്യതയുള്ളവയും 29 എണ്ണം ഉരുൾപൊട്ടൻ സാധ്യതയുള്ളതും, 12 പഞ്ചായത്തുകൾ കടലാക്രമണ ഭീഷണി ഉള്ളവയും ആണ്. ഇതോടൊപ്പം 53 പഞ്ചായത്തുകൾ കടുത്ത വരൾച്ച സാധ്യത ഉള്ളവയും 342 എണ്ണം മഹാമാരികളുടെ വ്യാപനസാധ്യത കൂടിയവയും ആണ്.

കേരളത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ ഉള്ളടക്കത്തിലെ ഗുണത ഇന്നും ഉറപ്പാക്കാൻ ആയിട്ടില്ല.

ദുന്തനിവാരണ അതോറിറ്റി നൽകുന്ന വിവിധ മാപ്പുകൾ കൃത്യമായി വിശകലനം ചെയ്ത് ഓരോ പ്രദേശത്തിന്റെയും ദുരന്ത സാധ്യതകൾ തിരിച്ചറിഞ്ഞ് പദ്ധതികൾ തയ്യാറാക്കുന്നതിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും ഉയർന്നിട്ടില്ല. കാലവസ്ഥാ പ്രവചനം, ദുരന്ത മുന്നറിയിപ്പ് എന്നിവ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഫലപ്രദമായ സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിരമായ പുനരധിവാസ സൗകര്യങ്ങൾ ഒരുക്കൽ, ദുരന്ത സാധ്യത കൂടിയ സ്ഥലങ്ങളിൽ നിന്ന് ഘട്ടംഘട്ടമായി പുനരധിവാസം, ദുരന്തരക്ഷാ സംവിധാനങ്ങൾ സജ്ജമാക്കൽ, ജനങ്ങൾക്കിടയിൽ ദുരന്ത ഘട്ടങ്ങളിലെ മാനേജ്മെന്റ് സംബന്ധിച്ച വിവരങ്ങൾ നൽകൽ എന്നിവയിൽ എല്ലാം ഇനിയും ഏറെ മുന്നേറാനുണ്ട്. ദുരന്ത നിവാരണത്തിന് ഒപ്പം കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനുള്ള ഹ്രസ്വകാല-ഇടക്കാല-ദീർഘകാല പദ്ധതികൾ എറ്റെടുക്കാൻ ചുരുക്കം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കേ നിലവിൽ കഴിഞ്ഞിട്ടുള്ളൂ.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ഇടുക്കി, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കിലയുടെ പിന്തുണയോടെ നടപ്പാക്കിയ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽ/പ്രാദേശിക കാലാവസ്ഥാ വ്യതിയാന -അതിജീവന പദ്ധതി തയ്യാറാക്കൽ എന്നിവയ്ക്കായുള്ള ശ്രമങ്ങൾ, മീനങ്ങാടി പഞ്ചായത്തിന്റെ കാർബൺ ന്യൂട്രൽ പദ്ധതി, ഹരിതകരള മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ എന്നിവ ശ്രദ്ധാർഹമാണ്.

### 11.1.9 യുവ തലമുറയുടെ വികസനം

കേരളത്തിൽ വളർന്നു വരുന്ന യുവതലമുറയുടെ നല്ലൊരു വിഭാഗം കേരളത്തിന് പുറത്തേക്ക് സ്ഥിരമായി കുടിയേറുന്ന പ്രവണത ശക്തമാകുന്നു. ഗൾഫ് നാടുകളിലേക്ക് കുടിയേറിയിരുന്നതിൽ നിന്ന് വ്യത്യസ്തമായ ഒരു കുടിയേറ്റ പ്രവണതയാണ് ഇന്ന് കാണിക്കുന്നത്. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ആറ് ലക്ഷത്തോളം പേർ ഇത്തരത്തിൽ കുടിയേറിയതായി ചില പഠനങ്ങൾ കാണിക്കുന്നു. യുവതയുടെ ഈ കുടിയേറ്റത്തെ മറികടക്കണമെങ്കിൽ പ്രദേശിക തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചേ മതിയാകൂ. അതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാണ്.

ഇതോടൊപ്പം യുവതയ്ക്കിടയിൽ മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള ലഹരി ഉപയോഗം വലിയ തോതിൽ വർദ്ധിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. 2017ൽ കേരളത്തിൽ മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട് 9224 കേസുകൾ ആണ് രജിസ്റ്റർ ചെയ്തിരുന്നതെങ്കിൽ 2024 ൽ അത് 27702 ആയി വർദ്ധിച്ചു. മയക്കുമരുന്ന് ഉപയോഗത്തിന്റെ ഭാഗമായുള്ള അതിക്രമങ്ങളും സംസ്ഥാനത്ത് വർദ്ധിക്കുന്നു എന്നത് ആശങ്കാജനകമാണ്.

യുവതയ്ക്ക് അവരുടെ സർഗ്ഗശേഷി ഉപയോഗിക്കാനും കൂട്ടായ്മകൾ രൂപപ്പെടുത്താനും കഴിയുന്ന വേദികൾ ഉറപ്പാക്കിയും സാമൂഹിക ജാഗ്രത ശക്തമാക്കിയും മാത്രമേ ഈ

അപകടത്തിൽ നിന്ന് പുറത്തു കടക്കാൻ കഴിയൂ. അതിന് പുതിയതായി ചുമതലയേല്ക്കുന്ന തദ്ദേശസ്വയം ഭരണ സമിതികൾക്ക് വലിയ പങ്ക് വഹിക്കാനാകും.

## 11.2 വികസന സ്വപ്നങ്ങളും വികസന തന്ത്രങ്ങളും

### 11.2.1 വികസന സ്വപ്നങ്ങളിൽ നിന്ന് പ്രവർത്തന പരിപാടികളിലേക്ക്

ദേശീയ-സംസ്ഥാനതല ആസൂത്രണം പോലെ തന്നെ ചിട്ടയായ പ്രക്രിയ പിന്തുടരേണ്ട ഒന്നാണ് ജില്ലാതല ആസൂത്രണവും. ഓരോ പ്രദേശത്തിന്റേയും വികസന സ്വപ്നങ്ങൾ രൂപപ്പെടുത്തൽ, സമീപനം രൂപപ്പെടുത്തൽ, വികസന തന്ത്രങ്ങൾ രൂപപ്പെടുത്തൽ, അവയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തന പരിപാടികൾ രൂപപ്പെടുത്തൽ എന്നിവ ഇതിൽ നിർണ്ണായകമാണ്.

### 11.2.2 വികസന സ്വപ്നങ്ങൾ രൂപപ്പെടുത്തേണ്ടത് എങ്ങനെ?

ഒരു ജില്ലാ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾ കേവലം കാൽപ്പനികമായി രൂപപ്പെടേണ്ട ഒന്നല്ല. അതിന് അടിസ്ഥാനപരമായി രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കണം.

1. ജില്ലയുടെ ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ച വസ്തുതാപരമായ വിശകലനം
2. ലഭ്യമാകാനിടയുള്ള വിഭവങ്ങൾ, സാധ്യതകൾ എന്നിവയെ സംബന്ധിച്ച വിശകലനം.

ഇതിന് പ്രാഥമികമായി നടക്കേണ്ട പ്രക്രിയ വികസന വിടവുകൾ കണ്ടെത്തുക എന്നതാണ്.

### 11.2.3 വികസന വിടവുകൾ എങ്ങനെ കണ്ടെത്താം?

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിവിധ മേഖലകളിലെ വികസന വിടവുകൾ കണ്ടെത്തുന്നതിന് വ്യത്യസ്ത പാതകൾ പിന്തുടരാം.

1. പ്രാദേശിക ഡാറ്റകളുടെ വിശകലനത്തിൽ നിന്ന് പ്രശ്ന മേഖലകൾ കണ്ടെത്തൽ
2. പ്രാദേശിക ഡാറ്റകളെ സ്ഥൂലതല ഡാറ്റകളുമായി താരതമ്യം ചെയ്ത് പിന്നോക്കം നിൽക്കുന്ന മേഖലകൾ കണ്ടെത്തൽ.
3. വേണ്ടത്ര ഡാറ്റ ലഭ്യമല്ലാത്ത കാര്യങ്ങളിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, കേസ് സ്റ്റഡികൾ എന്നിവയിലൂടെ പ്രശ്നവിശകലനം നടത്തി വികസന വിടവുകൾ കണ്ടെത്തൽ.

### 11.2.4 പ്രാദേശിക വികസന അന്തരങ്ങൾ തിരിച്ചറിയൽ

ഭൂമിശാസ്ത്രപരവും സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ ഒരു ജില്ലയ്ക്കകത്തുതന്നെ പ്രാദേശികമായി വികസന അന്തരങ്ങൾ നില നിൽക്കുന്നുണ്ടാകാം. ഇവയുടെ സ്വഭാവം മനസ്സിലാക്കുന്നതിന് സ്ഥലീയ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശകലനം ഏറെ ഗുണം ചെയ്യും.

### 11.2.5 വികസന വിടവുകൾ കണ്ടെത്താൻ എന്തെല്ലാം വിവരങ്ങൾ ഉപയോഗിക്കാം?

തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ സൂക്ഷിക്കുന്ന വിവിധ വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി വരുമാനം, ആസ്തികൾ എന്നിവ മനസ്സിലാക്കാൻ

സഹായിക്കും. ഇവ ഇപ്പോൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാണ്. കൂടാതെ താഴെ പറയുന്ന വിവരങ്ങൾ പ്രാദേശിക അസൂത്രണത്തിന് സഹായകരമാണ്.

1. ഹരിത കർമ്മ സേന "ഹരിതമിത്രം" ആപ്പിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ
2. ഊർജ്ജ ഉപഭോഗം സംബന്ധിച്ച് KSEB ൽ നിന്ന് ലഭ്യമാകാവുന്ന വിവരങ്ങൾ
3. വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച് SSK യിൽ നിന്നും ബി. ആർ. സി. കളിൽ നിന്നും ലഭ്യമാകാവുന്ന വിവരങ്ങൾ
4. PHC/FHC, CHC, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രികളിലെ ഒ.പി. വിവരങ്ങൾ
5. ജീവിത ശൈലി രോഗ സർവ്വേ വിവരങ്ങൾ
6. ജാഗ്രത സമിതികളിൽ രജിസ്റ്റർ ചെയ്ത പരാതികളുടെ വിവരം
7. ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, മദ്യ-മയക്കു മരുന്ന് ഉപയോഗവുമായി സംബന്ധിച്ച രജിസ്റ്റർ ചെയ്ത കേസുകൾ.
8. കന്നുകാലി സെൻസസ്, മൃഗാശുപത്രി എന്നിവ വഴി ലഭ്യമാകുന്ന വളർത്തു മൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ.
9. ജില്ലാ കൃഷി ഓഫീസിൽ നിന്നും, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും ലഭ്യമാകുന്ന കൃഷി സംബന്ധിച്ച വിവരങ്ങൾ.
10. എസ്.എസി/എസ്.ടി. പ്രമോട്ടർമാർ ശേഖരിച്ചിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ
11. അങ്കണവാടി/ആശാ/പാലിയേറ്റീവ് വർക്കർമാർ ശേഖരിക്കുന്ന വിവരങ്ങൾ
12. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന ബ്ലോക്ക് തല വിവര ശേഖരണം
13. അതി ദരിദ്രകുടുംബങ്ങളുടെ വിവരങ്ങൾ
14. കുടുംബശ്രീ സംരംഭങ്ങളുടെ വിവരങ്ങൾ
15. MSME സംരംഭങ്ങളുടെ വിവരങ്ങൾ
16. ജില്ലാ പദ്ധതി വികസന പരിപ്രേക്ഷ്യം

മേൽ സൂചിപ്പിച്ചവക്ക് പുറമെ ഓരോ മേഖലയിലും ലഭ്യമാകുന്ന ഏതു വിവരങ്ങളും വിശകലനം ചെയ്ത് വികസന വിടവുകൾ കണ്ടെത്താം. ഈ വിവരങ്ങളെ ജില്ലയിലെ ബ്ലോക്കുകൾ തമ്മിലും പഞ്ചായത്തുകൾ തമ്മിലും താരതമ്യത്തിന് വിധേയമാക്കിയാൽ ഓരോ കാര്യത്തിലും മുൻപിൽ നിൽക്കുന്ന ബ്ലോക്കുകളും പിന്നിൽ നിൽക്കുന്ന ബ്ലോക്കുകളും തിരിച്ചറിയാനാകും.

### 11.2.6 വിവിധ സ്റ്റേക്ക് ഹോൾഡർ ഗ്രൂപ്പുകളുമായുള്ള ചർച്ചകൾ

വിവര വിശകലനങ്ങൾ വഴി ലഭിക്കുന്ന ധാരണകൾക്ക് പുറമെ ഓരോ മേഖലയിലും ജില്ലാ പഞ്ചായത്തിന്റെ ഇടപെടലുകളുടെ നേട്ടം ലഭിക്കേണ്ടവരും കൂട്ടായ പ്രവർത്തനത്തിൽ പങ്കാളികളാകുന്ന വിവിധ ഗ്രൂപ്പുകളുമായി, ഓരോ മേഖലയിലും ഇടപെടേണ്ട പ്രശ്നങ്ങൾ, പുതിയ സാധ്യതകൾ എന്നിവ കണ്ടെത്താൻ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്താം.

താഴെ പറയുന്ന ഗ്രൂപ്പുകളെ ഇത്തരത്തിൽ ചർച്ചകൾക്കായി പരിഗണിക്കാം;

1. ജില്ലയിലെ കർഷക ഗ്രൂപ്പുകൾ
2. പ്രധാന പാടശേഖര സമിതികൾ
3. ക്ഷീര സഹകരണ സംഘങ്ങൾ
4. വനിതാ സംരംഭകർ
5. വിവിധമേഖലകളിൽ തൊഴിലെടുക്കുന്ന വനിതകളുടെ തൊഴിൽ സംഘടനകൾ
6. ഹരിത കർമ്മസേനയുടെ കൺസേർഷ്യം
7. ജില്ലയിലെ വിവിധ മേഖലകളിലെ ആരോഗ്യ പ്രവർത്തകർ
8. വ്യാപാരി വ്യവസായികൾ
9. പ്രവാസി സംഘടനകൾ
10. പി.ടി.എ. കമ്മിറ്റികൾ
11. കായിക സംഘടനകൾ
12. അക്കാദമിക് സ്ഥാപനങ്ങൾ
13. വിഷയാധിഷ്ഠിത ജില്ലാ റിസോഴ്സ് വകുപ്പ് അംഗങ്ങൾ
14. ജില്ലയിലെ ഗവേഷണ സ്ഥാപനങ്ങൾ
15. ജില്ലയിലെ സംരംഭക സംഘടനകൾ
16. യുവജന സംഘടനകൾ
17. സാംസ്കാരിക സംഘടനകൾ

ഇത്തരത്തിൽ ഓരോ മേഖലയിലേയും സ്റ്റേക്ക് ഹോൾഡർമാരെ വിളിച്ച് ജില്ലയിലെ വിവിധ മേഖല പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്താം.

### 11.2.7 വികസന വിടവുകളിൽ നിന്ന് സ്വപ്നങ്ങളിലേക്ക്

ഓരോ മേഖലയിലും ഉയർന്ന് വന്ന പ്രശ്നങ്ങളെ അവ ബാധിക്കുന്ന പ്രദേശങ്ങളുടെ വലുപ്പം, ബാധിക്കുന്ന ജനവിഭാഗങ്ങളുടെ വ്യാപ്തി, ബാധിക്കുന്ന വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ദുർബലത, ഉടൻ പരിഹാരം കണ്ടെത്തൽ അനിവാര്യമായവ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാന മാറ്റത്തിന് സഹായകരമായവ, കാലങ്ങളായി പരിഹരിക്കപ്പെടാത്തവ തുടങ്ങിയ മാനദണ്ഡങ്ങൾ വച്ച് ലഘു-ഗുരുത്വ നിർണ്ണയം നടത്തി മുൻഗണനകൾ നിശ്ചയിക്കാം. പ്രശ്നങ്ങൾക്കൊപ്പം സാധ്യതകളെ അടിസ്ഥാനമാക്കിയും വികസന സ്വപ്നങ്ങൾ നെയ്തെടുക്കാം. പ്രകൃതിവിഭവ ലഭ്യത, തനതു ഉത്പന്നങ്ങളുടെ സാന്നിദ്ധ്യം, നിക്ഷേപ സാധ്യതകൾ, ടൂറിസം, തൊഴിൽ വികസന സാധ്യതകൾ, പ്രത്യേക വിപണി വികസന സാധ്യതകൾ, മനുഷ്യവിഭവ ശേഷിയുടെ സാധ്യതകൾ എന്നിവയെല്ലാം സ്വപ്നങ്ങൾ രൂപപ്പെടുത്തുമ്പോൾ പരിഗണിക്കാം.

ഇത്തരത്തിൽ പ്രശ്നങ്ങളും സാധ്യതകളും പട്ടികപ്പെടുത്തിയാൽ അവയെ ആധാരമാക്കി ഓരോ മേഖലയിലേയും സ്വപ്നങ്ങളെ മുൻഗണന അടിസ്ഥാനത്തിൽ പട്ടികപ്പെടുത്താം. ഇവയെ പിന്നീട് ഹ്രസ്വകാല-ഇടക്കാല-ദീർഘകാല സ്വപ്നങ്ങളാക്കി പ്രശ്നങ്ങളുടെ അടിയന്തര സ്വഭാവം, വിഭവലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ തരം തിരിക്കാം.

ഇത്തരം സ്ഥാപനങ്ങൾ രൂപപ്പെടുത്തുമ്പോൾ ജില്ലാ പദ്ധതിയിലെ ആശയങ്ങൾ മുഖ്യ ഉപാധികളായി പരിഗണിക്കാം.

### 11.2.8 വികസന സ്വപ്നങ്ങളിൽ നിന്ന് വികസന തന്ത്രങ്ങളിലേക്ക്

വികസന സ്വപ്നങ്ങൾ നിർണ്ണയിച്ച് കഴിഞ്ഞാൽ ജില്ലാ പഞ്ചായത്ത് പൊതുവിലും ഓരോ മേഖലയിലും സ്വീകരിക്കുന്ന വികസന തന്ത്രങ്ങൾ അഥവാ സമീപനം നിർണ്ണയിക്കാം. ഒരു പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് വ്യത്യസ്ത മാർഗ്ഗങ്ങളും സമീപനങ്ങളും സ്വീകരിക്കാം. അതിൽ ഏറ്റവും അനുയോജ്യമായതിലേക്ക് ചർച്ചകളിലൂടെ എത്തുക എന്നത് നിർണ്ണായകമാണ്. മനുഷ്യവിഭവ ലഭ്യത, സാമ്പത്തിക വിഭവ ലഭ്യത, തുല്യതയിൽ ഊന്നുന്ന കാഴ്ച്ചപ്പാട്, വൈവിധ്യങ്ങളെ അംഗീകരിക്കൽ, പങ്കാളിത്തപരമായ തീരുമാനമെടുക്കൽ, എല്ലാവർക്കും തുല്യ അവസരം നൽകൽ, ലിംഗനീതി ഉറപ്പാക്കൽ, വളർച്ചയ്ക്കൊപ്പം സാമൂഹിക നീതിക്ക് ഊന്നൽ, പുതിയ വിഭവങ്ങളെയും പരിസ്ഥിതിയേയും സംരക്ഷിച്ചുള്ള വികസനം. തനത് സംരംഭങ്ങളും തൊഴിലും വികസിപ്പിക്കൽ എന്നിവയൊക്കെ വികസന തന്ത്രം നിർണ്ണയിക്കുന്നതിന് ആധാരമായി പ്രയോഗിക്കാം.

### 11.2.9 വികസന തന്ത്രങ്ങളിൽ നിന്ന് പ്രവർത്തന പരിപാടികളിലേക്ക്

വികസന തന്ത്രങ്ങൾ പൊതുവിലും ഓരോ മേഖലയിലും നിർണ്ണയിച്ചു കഴിഞ്ഞാൽ അവയെ അടിസ്ഥാനമാക്കി വികസനസ്വപ്നങ്ങൾ യാഥാർഥ്യമാക്കാനുള്ള കർമ്മ പരിപാടികൾ അഥവാ പ്രവർത്തന പരിപാടികൾ ഓരോ മേഖലയിലും പട്ടികപ്പെടുത്താം. അവയെ വീണ്ടും ലക്ഷ്യങ്ങൾ, പ്രധാന പ്രവർത്തനങ്ങൾ, ഉപപ്രവർത്തനങ്ങൾ, പ്രതീക്ഷിത നേട്ടങ്ങൾ എന്നിങ്ങനെ വിപുലപ്പെടുത്താം.

### 11.2.9 പ്രവർത്തന പരിപാടികളിൽ നിന്ന് പഞ്ചവത്സര വാർഷിക പദ്ധതികളിലേക്ക്

മുകളിൽ സൂചിപ്പിച്ച രീതിയിൽ പ്രവർത്തന പരിപാടികൾ തയ്യാറായാൽ അവയെ ഏക വർഷ, ബഹുവർഷ പ്രോജക്ടുകൾ ആക്കി മാറ്റി ജില്ലാ പഞ്ചായത്ത് സ്ഥാപന പദ്ധതികളിൽ ഉൾച്ചേർക്കാം.

സമഗ്രവികസന റിപ്പോർട്ട് തയ്യാറാക്കൽ, വികസന വിടവുകൾ പട്ടികപ്പെടുത്തൽ, വികസന സ്വപ്നങ്ങൾ പട്ടികപ്പെടുത്തൽ, വികസന തന്ത്രങ്ങൾ തയ്യാറാക്കൽ, അവയെ അടിസ്ഥാനമാക്കിയുള്ള ദീർഘ-ഹ്രസ്വ-ഇടക്കാല പ്രവർത്തന പരിപാടികൾ, പ്രവർത്തന പരിപാടികൾക്കായുള്ള ബഹുവർഷ-ഏക വർഷ പദ്ധതികൾ എന്നിവ ഉൾച്ചേർത്ത് ജില്ലാ പഞ്ചായത്തിന്റെ സമഗ്ര വികസനരേഖ ദീർഘകാല കാഴ്ചപ്പാടോടെ തയ്യാറാക്കാം.

ജില്ലാ പഞ്ചായത്തിന് അവരുടെ 5 വർഷ കാലയളവിലേക്ക് ഉപയോഗിക്കാനുള്ള മാർഗ്ഗരേഖയായി ഇത് മാറും. ഇത്തരം മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ ജില്ലാ പദ്ധതിയെ ഒരു ആധാര രേഖയാക്കി ഉപയോഗിക്കാം.

മേൽസൂചിപ്പിച്ച കാഴ്ചപ്പാടോടെ ഒരു മാതൃകാജില്ലാ പഞ്ചായത്തിന് ഓരോ മേഖലയിലും സ്വീകരിക്കാവുന്ന തന്ത്രങ്ങൾ, സമീപനങ്ങൾ അവയുടെ ഭാഗമായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് താഴെ നൽകുന്നത്.

## 11.2.10 ജില്ലാ വികസന സമീപനവും ജില്ലാ പഞ്ചായത്തുകളും

പഞ്ചായത്തിരാജ് സംവിധാനത്തിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് വ്യത്യസ്തമായി, ജില്ലയുടെ ആകെ സമഗ്ര വികസനം മുൻപിൽ കണ്ട് പദ്ധതികൾ രൂപീകരിക്കാനും ഏറ്റെടുക്കാനും കഴിയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന തലമാണ് ജില്ലാ പഞ്ചായത്തുകൾ. നഗര മേഖലകൾ ജില്ലാ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണ പരിധിയിൽ വരുന്നില്ല എങ്കിൽ പോലും, നഗരസഭകളുമായി ചേർന്ന് സംയോജിത പദ്ധതികൾ ഏറ്റെടുക്കുന്നത് ജില്ലയുടെ മൊത്തത്തിലുള്ള സമഗ്ര വികസനത്തിനായി ഇടപെടാൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും. ഇതിനാൽ തന്നെ, ഒരു ജില്ലയുടെ പൊതുവിലുള്ള ദീർഘകാല വികസനത്തെ സംബന്ധിച്ച സമീപനം ജില്ലാ പഞ്ചായത്തുകൾക്ക് ഉണ്ടാക്കുക എന്നത് നിർണായകമാണ്. 20-30 വർഷത്തെ ജില്ലയുടെ വികസന സാധ്യതകളെ മുൻപിൽ കണ്ട് ദീർഘകാല ലക്ഷ്യത്തോടെ പദ്ധതികൾ രൂപപ്പെടുത്താൻ ജില്ലാ പഞ്ചായത്തുകൾക്ക് ആകണം.

## 11.2.11 ജില്ലാ പദ്ധതി എന്ന വികസന ഉപാധി

ജില്ലയുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയാണ്. ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഈ രേഖ, ജില്ലക്ക് പൊതുവിലും, വിഷയമേഖല അടിസ്ഥാനത്തിലും ദീർഘകാലത്തേക്കായി/ഇടക്കാലത്തേക്കായി ഏറ്റെടുക്കാവുന്ന പദ്ധതി നിർദ്ദേശങ്ങളുടെ ഒരു സഞ്ചയമാണ്. ഓരോ മേഖലയിലെയും സ്ഥിതിവിവരക്കണക്കുകൾ ജില്ലാതലത്തിൽ ശേഖരിച്ച്, അതത് മേഖലകളിലെ വികസന വിടവുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ജില്ലാ പദ്ധതികളിൽ ഉൾപ്പെടുത്തുന്നത്. സാധാരണയായി ഓരോ പഞ്ചവത്സര പദ്ധതികളുടെയും ആരംഭത്തിന് മുന്നോടിയായാണ് വിപുലമായ പ്രക്രിയയിലൂടെ ജില്ലാ പദ്ധതികൾ രൂപപ്പെടുത്തുന്നത്. ഓരോ വിഷയ മേഖലകളിലുമായി 25-ലധികം വരുന്ന വിഷയ ഗ്രൂപ്പുകൾ സമാന്തരമായും സംയുക്തമായും പ്രവർത്തിച്ചാണ് ജില്ലാ പദ്ധതികൾ രൂപപ്പെടുത്തുന്നത്.

ഓരോ മേഖലയിലും ലഭ്യമായ വിവരങ്ങൾ പരമാവധി സമാഹരിച്ച് വിശകലനം ചെയ്യുന്നതിലൂടെ അതത് മേഖലകളിൽ ജില്ലക്കകത്തെ മുന്നേറ്റവും പിന്നോക്കാവസ്ഥയും മനസ്സിലാക്കാൻ ജില്ലാ പദ്ധതി സഹായിക്കുന്നു.

ജില്ലക്കകത്ത് ബ്ലോക്കുകൾ തമ്മിലും, അവക്കകത്ത് ഗ്രാമ പഞ്ചായത്തുകൾ തമ്മിലുമുള്ള വികസന അന്തരത്തെ മനസ്സിലാക്കാനും അവയെ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്താനും ജില്ലാ പദ്ധതികൾ സഹായിക്കുന്നു.

വിപുലമായ പ്രക്രിയയിലൂടെയാണ് ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതെങ്കിൽ അവയെ പ്രയോഗികമാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവാറില്ല. കേവലം പദ്ധതി നിർദേശങ്ങളായി അവശേഷിക്കുകയാണ് പതിവ്. പുതിയ ജില്ലാ പദ്ധതി രൂപപ്പെടുന്ന കാലഘട്ടമാണിത്, അതിനാൽ തന്നെ ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങളെ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി തലങ്ങളിൽ പഞ്ചവത്സര പദ്ധതികളിലും വാർഷിക പദ്ധതികളിലും ഉൾപ്പെടുത്താനുള്ള ഇടപെടലുകൾ ജില്ലാ ആസൂത്രണ സമിതിയുടെ ഭാഗത്തുനിന്നും ജില്ലാ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്. ഇതിലൂടെ മാത്രമേ ജില്ലയിലെ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ പദ്ധതികൾ ദീർഘകാല കാഴ്ചപ്പാടുള്ളതായി മാറുകയുള്ളൂ.

### 11.2.12 സുസ്ഥിരവികസന ലക്ഷ്യങ്ങളും ജില്ലയുടെ വികസന സമീപനവും

കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയവും കിലയും ചേർന്ന് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രായോഗികവത്കരണത്തിനായുള്ള ശ്രമങ്ങൾ വലിയ തോതിൽ നടത്തിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങളെ 9 തീമാറ്റിക് മേഖലകളായി തിരിച്ച് ഓരോ മേഖലയിലേയും വികസന അവസ്ഥയെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ ശേഖരിച്ചിട്ടുണ്ട്.

ഈ വിവരങ്ങളെ ജില്ലാതലത്തിൽ സമഗ്രമായി എടുത്ത്, തീമാറ്റിക് അടിസ്ഥാനത്തിലും അതിലെ സൂചകങ്ങളുടെ അടിസ്ഥാനത്തിലും ക്രോഡീകരിച്ചാൽ, ഓരോ മേഖലയിലും മുൻപിൽ നിൽക്കുന്നതും പിന്നിൽ നിൽക്കുന്നതുമായ ബ്ലോക്കുകൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവ മനസ്സിലാക്കാനാകും. ജില്ലയിലെ മേഖല അടിസ്ഥാനത്തിലുള്ള വികസന വിടവുകളും/ജില്ലക്കകത്തെ ബ്ലോക്കുകളും ഗ്രാമപഞ്ചായത്തുകളും തമ്മിലുള്ള വികസന അന്തരവും മനസ്സിലാക്കാൻ ഇത് സഹായിക്കും.

ജില്ലാ പദ്ധതിയേയും ജില്ലയിലെ വാർഷിക പദ്ധതികളേയും ശാസ്ത്രീയമാക്കുന്നതിന് സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വിവര വിശകലനവും ആസൂത്രണവും അനിവാര്യമായിരിക്കും.

### 11.2.13 ജില്ലാതല സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തിന്റെ സാധ്യതകളും

കൈമാറിയ വകുപ്പുകളുടെ കീഴിലുള്ള ജില്ലാതല സ്ഥാപനങ്ങളാണ് ജില്ലാ പഞ്ചായത്തുകൾക്ക് കീഴിൽ ഉള്ളത്. ഇതോടൊപ്പം വിദ്യാഭ്യാസ മേഖലയിൽ ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ, ടെക്നിക്കൽ സ്കൂളുകൾ എന്നിവയുമുണ്ട്. ഐ. ടി. ഐ. , പോളിടെക്നിക്കുകൾ എന്നിവ പോലുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങളിലും ജില്ലാ പഞ്ചായത്തുകൾക്ക് ഇടപെടാൻ സാധ്യതകളുണ്ട്.

വിവിധ ചികിത്സാ മേഖലകളിലെ ജില്ലാ ആശുപത്രികൾ, മൃഗാശുപത്രികൾ, ജില്ലാതല ഗവേഷണ സംവിധാനങ്ങൾ, ജില്ലാ ലാബുകൾ എന്നിവയടക്കം വിപുലമായ സ്ഥാപന സംവിധാനങ്ങൾ തന്നെ ജില്ലാ പഞ്ചായത്തുകൾക്കുണ്ട്.

ജില്ലയുടെ പൊതുവികസന ആവശ്യങ്ങളും പ്രാദേശിക പ്രശ്നങ്ങളിലെ വികസന ആവശ്യവും പരിഗണിച്ച് ഈ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് ജില്ലാ പഞ്ചായത്ത് ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആധുനിക സൗകര്യങ്ങൾ ഉള്ള, മികച്ച സേവനങ്ങൾ നൽകാനാവുന്ന സ്ഥാപനങ്ങളാക്കി ഇവ ഓരോന്നിനേയും മാറ്റുന്നതിനുള്ള പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾ ആസൂത്രണം ചെയ്യണം.

### 11.2.14 വിവിധ മേഖലകളിൽ സ്വീകരിക്കാവുന്ന സമീപനങ്ങൾ

ജില്ലാ പഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന വിവിധ വികസന മേഖലകളിൽ സ്വീകരിക്കാവുന്ന വികസന ഊന്നലുകളുടെ ഒരു സംയുക്ത ചിത്രമാണ് ചുവടെ നൽകുന്നത് ഇതിൽ പ്രാദേശികമായ സാധ്യതകൾക്കനുസരിച്ചുള്ള വ്യത്യാസങ്ങൾ ഉണ്ടാകാവുന്നതാണ്.

കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ ഉത്പന്ന വികസനം ഉൾപ്പെടെയുള്ള ഗവേഷണ

പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തുകൾക്ക് കീഴിലുള്ള സ്ഥാപന സംവിധാനങ്ങളിലൂടെ വികസിപ്പിക്കാനാകും.

സഹകരണ മേഖലയുമായി ചേർന്ന് കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ ഉത്പാദന-വിപണന ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആലോചിക്കാം.

വിവിധ മേഖലകളിൽ പ്രാദേശിക തനിമകൾ കൂടി പരിഗണിച്ച് ജില്ലകളുടെ തനത് ഉത്പന്ന സാധ്യതകൾ ആലോചിക്കാം.

ജില്ലയിലെ കാർഷിക, മൃഗസംരക്ഷണ മേഖലകളിലെ ഉത്പാദന വർദ്ധനവിനെ സഹായിക്കുന്നതും, ഉത്പാദനച്ചെലവ് കുറയ്ക്കുന്നതുമായ പൊതു സംരംഭങ്ങൾ സഹകരണ മേഖലയുമായി ചേർന്ന് ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.

### 11.2.15 ഉൽപാദന മേഖലയിലെ സാധ്യതകൾ

ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകളുടെ ആധുനീകരണം/വ്യവസായ ക്ലസ്റ്ററുകളുടെ വികസനം, പൊതു ഉത്പാദന-വിപണന സംവിധാനങ്ങൾ ഒരുക്കൽ തുടങ്ങി ജില്ലയിലെ ചെറുകിട വ്യവസായ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

### 11.2.16 തൊഴിൽ പരിശീലനവും സ്കില്ലിങ്ങും

ജില്ലയിലെ ഐ.ടി.ഐ.കൾ, പോളി ടെക്നിക്കുകൾ, മറ്റ് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, അക്കാദമിക സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് വിപുലമായ തൊഴിൽ നൈപുണ്യ വികസന പരിപാടികൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.

വിജ്ഞാനകേരളം പദ്ധതിയുടെയും കുടുംബശ്രീ പ്രാദേശിക തൊഴിൽ സമാഹരണ പരിപാടിയുടെയും ഭാഗമായി ലഭ്യമാകുന്ന തൊഴിലുകൾക്ക് അനുസൃതമായി ജില്ലാതലത്തിൽ സ്കിൽ പ്ലാനുകൾ വികസിപ്പിക്കാനും നൈപുണ്യ വികസന പരിപാടികൾ ഏറ്റെടുക്കാനും ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും.

### 11.2.17 തൊഴിലവസരങ്ങൾ കണ്ടെത്തലും നൈപുണ്യ വികസനവും

ജില്ലയിലെ സംരംഭകർ, വ്യാവസായ സംഘടനകൾ എന്നിവർ വഴി തൊഴിലവസരങ്ങൾ കണ്ടെത്തി അവക്കാവശ്യമായ നൈപുണ്യ വികസന പരിപാടികളും സംഘടിപ്പിക്കാം.

### 11.2.18 ലിംഗനീതിയിലധിഷ്ഠിതമായ ജില്ലക്കായി

ജില്ലയിൽ ആകെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ലിംഗനീതിയുടെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച പഠനങ്ങൾ നടത്തി, ജില്ലയിലെ ജൻഡർ വിടവുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ വാർഷിക പദ്ധതികൾ വഴിയും അല്ലാതേയും ഏറ്റെടുക്കാം.

സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നിനുള്ള നൈപുണ്യ വികസന പരിപാടികൾ, വർക്ക് നിയർ ഹോം സ്റ്റേഷനുകൾ സ്ഥാപിക്കൽ, കുടുംബശ്രീ സംരംഭങ്ങൾക്ക് പൊതു ഉത്പാദന-വിപണന സംവിധാനങ്ങൾ ഒരുക്കൽ, ജീവിതശൈലീ രോഗങ്ങളെ അഭിസംബോധന

ചെയ്യുന്നതിന് കായിക വ്യായാമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, അതിജീവിതകൾക്കായുള്ള പുനരധിവാസ സംവിധാനങ്ങൾ ഒരുക്കൽ, പ്രധാന കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് താമസ സൗകര്യങ്ങൾ നൽകൽ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ എന്നിവയെല്ലാം ലിംഗനീതി ഉറപ്പാക്കാൻ നടപ്പിലാക്കാം.

### 11.2.19 പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളുടെ വികസനം

ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൊതു വികസനം പരിഗണിച്ച്, അവരുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സാമൂഹിക-സാമ്പത്തിക ചലനാത്മകതയ്ക്കും സഹായിക്കുന്ന പൊതുപദ്ധതികൾ ജില്ലാതലത്തിൽ നടപ്പിലാക്കാം.

- » ഉന്നതികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഗുണപരമായി വികസിപ്പിക്കൽ.
- » കരിയർ വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമിട്ടുള്ള പദ്ധതികൾ.
- » ആധുനിക പരിശീലനം ലഭിച്ച മൾട്ടി ടാസ്ക് തൊഴിൽ ബാങ്കുകൾ.
- » പട്ടികവർഗ്ഗ-പട്ടികജാതി സഹകരണ സംഘങ്ങളുടെ ആധുനികീകരണം.
- » വനവിഭവങ്ങളുടെ ആധുനിക സംസ്കരണ-വിപണന സംവിധാനം ഒരുക്കൽ.

തുടങ്ങി അവരുടെ ജീവിതത്തെ പുതിയ തലങ്ങളിലേക്ക് ഉയർത്താനുള്ള ശ്രമങ്ങളാണ് ജില്ലാ പഞ്ചായത്തുകൾ നടത്തേണ്ടത്. വകുപ്പുകളുടെ കീഴിലുള്ള ഐ.ടി.ഐ.കളെ ഏകോപിപ്പിച്ച് മികച്ച നൈപുണ്യ വികസനവും, തൊഴിലും ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്താം.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ അവരുടെ ആരോഗ്യ നിലവാരം ഉയർത്തൽ, കായിക ശേഷികൾ വികസിപ്പിക്കൽ, പോഷണ നിലവാരം ഉയർത്തൽ എന്നിവക്കായുള്ള പദ്ധതികൾ നടപ്പിലാക്കാം. ഉന്നതികൾ കേന്ദ്രീകരിച്ചുള്ള പൊതു പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമൂഹിക-സാമ്പത്തിക ചലനാത്മകതയ്ക്കും ഏറെ സഹായിക്കും.

പട്ടികവർഗ്ഗ/പട്ടികജാതി കുടുംബങ്ങളുടെ ദാരിദ്ര്യം ഇല്ലാതാക്കാൻ എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുള്ള പൊതുപദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്ക് പ്രധാന ഇടപെടലാക്കി മാറ്റാം.

### 11.2.20 ആരോഗ്യ സുരക്ഷ

ജില്ലയിലെ പോഷണക്കുറവുള്ള കുട്ടികളെ കണ്ടെത്തി, അവരുടെ പിന്തുണക്കായി വകുപ്പുകളെ കേന്ദ്രീകരിച്ചുള്ള പൊതു പരിപാടികൾ ആലോചിക്കാം.

ജില്ലയിൽ കൃഷി വകുപ്പുകളുമായി സംയോജിച്ച് പോഷകാഹാരമുള്ള ഭക്ഷ്യ ഉത്പാദന യൂണിറ്റുകൾ ആരംഭിക്കാനുള്ള സഹകരണ-കുടുംബശ്രീ സംരംഭങ്ങളെ പിന്തുണക്കാം.

കാൻസർ കെയർ പോലുള്ള ജില്ലാതല പരിപാടികൾ, ഡയാലിസിസ് സംവിധാനം ഒരുക്കൽ, ജില്ലാ ആശുപത്രികളുടെ ആധുനികീകരണം, പട്ടികവർഗ്ഗ ഉന്നതികളെ കേന്ദ്രീകരിച്ചുള്ള ആരോഗ്യ മോണിറ്ററിംഗ് സംവിധാനം എന്നിവ ആരോഗ്യ മേഖലയിലെ പ്രധാന ഇടപെടലുകൾ ആക്കാം.

ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ സ്റ്റേഡിയങ്ങൾ, കളിയിടങ്ങൾ എന്നിവ ഒരുക്കൽ, പൊതു വ്യായാമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയും ആരോഗ്യ മേഖലയിൽ നിർണ്ണായകമാണ്.

സ്ത്രീകൾ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ എന്നിവരെ കേന്ദ്രീകരിച്ചുള്ള പ്രത്യേക ആരോഗ്യ പരിപാടികളും ഏറ്റെടുക്കാം.

### 11.2.21 വിദ്യാഭ്യാസം

സമഗ്ര വിദ്യാഭ്യാസ പരിപാടികൾ എന്ന നിലയിൽ വിവിധ ജില്ലാ പഞ്ചായത്തുകൾ ഇതിനകം തന്നെ നിരവധി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. പാലക്കാട്ടെ ഹരിശ്രീ, മലപ്പുറത്തെ വിജയഭേരി, തിരുവനന്തപുരത്തെ വിദ്യാജ്യോതി, തൃശൂരിലെ സമേധം ഇവയല്ലാം മികച്ച സമഗ്ര വിദ്യാഭ്യാസ പരിപാടികൾ ആണ്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടത്തിയ വനജ്യോതി എന്ന പരിപാടിയും ശ്രദ്ധേയമാണ്.

അദ്ധ്യാപകരുടെ വിഷയാധിഷ്ഠിത പരിശീലനങ്ങൾ, സമഗ്ര രക്ഷാകർത്തൃ വികസന പരിപാടി, പഞ്ചായത്ത് തല ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതികൾ എന്നിവയുടെ ശാക്തീകരണം, കുട്ടികൾക്കായുള്ള വിഷയാധിഷ്ഠിത പരിശീലനങ്ങൾ, ക്യാമ്പുകൾ, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി കുട്ടികൾക്കായുള്ള പ്രത്യേക പരിപാടികൾ, ലിംഗനീതിക്കായിട്ടുള്ള സ്കൂൾ തലത്തിലും അല്ലാതെയുമുള്ള പരിപാടികൾ, ശാസ്ത്ര പര്യവേഷണ പരിപാടികൾ, ഗണിത-ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര ലാബുകളുടെ ശാക്തീകരണം, ജില്ലയിലെ അക്കാദമിക സ്ഥാപനങ്ങളെ സ്കൂളുകളുമായി ബന്ധിപ്പിച്ചുള്ള പരിശീലന പരിപാടികൾ എന്നിവയെല്ലാം ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം.

ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി മേഖലയിലെ ഗുണനിലവാര വർദ്ധനവ് സമഗ്രമായി കണക്കിലെടുത്തുള്ള പരിപാടികളും, പഞ്ചായത്തുകളും നഗരസഭകളുമായി ചേർന്നുള്ള സംയുക്ത പരിപാടികളും ജില്ലാ പഞ്ചായത്തുകൾക്ക് ആസൂത്രണം ചെയ്യാം.

### 11.2.22 സാമൂഹിക നീതിയും തുല്യതയും.

സമൂഹത്തിൽ പിന്തള്ളപ്പെടുന്ന വിവിധ വിഭാഗങ്ങൾക്ക് തനതായും, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നും ജില്ലാ പഞ്ചായത്തുകൾക്ക് നിരവധി പ്രവർത്തനങ്ങൾ നടത്താം.

വിവിധതരം ഭിന്നശേഷിക്കാർക്കായി നൈപുണ്യ പരിശീലന സംവിധാനങ്ങൾ, റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ എന്നിവ ഒരുക്കാം. മികച്ച ചികിത്സ ഒരുക്കുന്ന സംവിധാനങ്ങൾ ജില്ലാ ആശുപത്രികൾ ഒരുക്കാം. സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രൊഫഷണൽ പരിശീലന സംവിധാനങ്ങൾ ഒരുക്കാം. ഭിന്നശേഷിക്കാർക്ക് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള അതിജീവന സാധ്യതകളിൽ പരിശീലനം നൽകാം.

വയോജനങ്ങൾക്ക് സൗഹൃദപരമായ ഭക്ഷണം നൽകുവാനുള്ള സ്ഥാപന യൂണിറ്റുകളെ പിന്തുണക്കാം. ജില്ലയിലെ പൊതുമേഖലയിലെ വയോജന പരിപാലന കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാം. പകൽ പരിപാലന കേന്ദ്രങ്ങളിലെ പരിചാരകർക്ക് പ്രൊഫഷണൽ പരിശീലനങ്ങൾ ഒരുക്കാം.

### 11.2.23 മത്സ്യത്തൊഴിലാളി മേഖലയുടെ അതിജീവനം

ജില്ലയിലെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി,

അവയെ മികച്ച സംവിധാനങ്ങൾ ആക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും.

ഫിഷ് ലാൻഡിങ് കേന്ദ്രങ്ങളുടെ വികസനം, മത്സ്യം ഉണക്കാനുള്ള ആധുനിക സൗകര്യം ഒരുക്കൽ, മത്സ്യ വിപണന യൂണിറ്റുകൾ സ്ഥാപിക്കൽ, മത്സ്യത്തൊഴിലാളി മേഖലകളിൽ പ്രാദേശിക പഠന കേന്ദ്രങ്ങൾ, ഫിഷറീസ് സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള കരിയർ വികസന പരിപാടികൾ എന്നിവ ഫലപ്രദമായി സംഘടിപ്പിക്കാം.

### 11.2.24 ജില്ലാ ആസൂത്രണ സമിതികളുടെ ശാക്തീകരണം

ഭരണഘടനാപരമായ പിന്തുണയുള്ള സ്ഥാപനമാണ് ജില്ലാ ആസൂത്രണ സമിതികൾ. തിരഞ്ഞെടുക്കപ്പെടുന്ന ഈ സമിതിക്ക് അധ്യക്ഷത വഹിക്കുന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ്. ഇതിൽ ജില്ലാ പഞ്ചായത്തംഗങ്ങളുടെ പങ്കാളിത്തം താരതമ്യേന ഉയർന്നതാണ്. ജില്ലാ പദ്ധതികൾ രൂപപ്പെടുത്തുന്നത് ജില്ലാ ആസൂത്രണ സമിതിയാണ്. ജില്ലാ പഞ്ചായത്തും ജില്ലയിലെ നഗരസഭകൾ ഉൾപെടെയുള്ള മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുള്ള സംയുക്ത പദ്ധതികൾ തയ്യാറാക്കുന്നതിലും ജില്ല ആസൂത്രണ സമിതിക്ക് വലിയ പങ്കുണ്ട്. ഈ പശ്ചാത്തലത്തിൽ ആസൂത്രിതമായി കൂടിയാലോചനകളിലൂടെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ജില്ലാ ആസൂത്രണ സമിതി പ്രവർത്തനങ്ങളിൽ ഇടപെടുക എന്നത് നിർണ്ണായകമാണ്.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒന്നാകെ ജില്ലയുടെ പൊതു നേട്ടങ്ങൾ ലക്ഷ്യമിട്ട് ജില്ലാ പഞ്ചായത്തിന് കീഴിൽ, ജില്ലാ ആസൂത്രണ സമിതിയുടെ തീരുമാനത്തോടെ സംയുക്ത പദ്ധതികൾ രൂപപ്പെടുത്തുന്നതിന് പഞ്ചായത്തിരാജ് നിയമത്തിൽ സാധ്യതകളുണ്ട്.

കേരളത്തിലെ വിവിധ ജില്ലകളിൽ വ്യത്യസ്ത മേഖലകളിൽ വിവിധ തരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ജില്ലാ പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന 'സമേധം' സമഗ്ര വിദ്യാഭ്യാസ പരിപാടി ഇതിന് ഏറ്റവും പുതിയ ഉദാഹരണമാണ്.

### 11.2.25 സംയുക്ത പദ്ധതികളും സംയോജിത പദ്ധതികളും

ജില്ലാതലത്തിൽ വ്യത്യസ്ത തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണം മാറ്റിവെച്ച് ഒരേ ലക്ഷ്യത്തിനായി ജില്ലാ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയണം.

സംയുക്ത പദ്ധതികൾ ലംബമായ സംയോജനത്തിന്റെ മാർഗ്ഗമാണെങ്കിൽ, സമാന്തരമായ സംയോജനത്തിന്റെ സാധ്യതയാണ് സംയോജിത പദ്ധതികൾ നൽകുന്നത്. ജില്ലാതലത്തിൽ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ, സ്കീമുകൾ, വൈദഗ്ധ്യം, എന്നിവയുടെ സംയോജിത ഇടപെടലിന് സാധ്യത നൽകുന്നു.

സമഗ്രമായ ഒരു ലക്ഷ്യം നേടാൻ, കാർഷിക ഉത്പാദനം, ലിംഗനീതി, ആരോഗ്യം, ഭിന്നശേഷി വികസനം, സംരംഭക പ്രോത്സാഹനം, നൈപുണ്യ വികസനം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ എല്ലാം തന്നെ സംയോജിത പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്ക് രൂപപ്പെടുത്താനാകും.

ജില്ലാ പഞ്ചായത്തിന്റെ പരിമിതമായ വിഭവത്തിന് അകത്ത് വലിയ ലക്ഷ്യങ്ങളോടെ ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതികൾ ഏറ്റെടുക്കാനാകും

## പദ്ധതി പ്രവർത്തനങ്ങളും പ്രസിഡന്റും

ജില്ലാ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുടെ അമരക്കാരൻ തീർച്ചയായും പ്രസിഡന്റ് ആയിരിക്കും. കാര്യങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്ന് കാണാൻ കഴിയുന്നവനും ആ മികച്ച ദർശനത്തിലേക്ക് ഉദ്യോഗസ്ഥരെയും ഇതര ജനവിഭാഗങ്ങളെയും അണി നിരത്താൻ കഴിയുന്നവനുമാകണം പ്രസിഡന്റ്.

ജില്ലാ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ കൂട്ടായ്മ ഉറപ്പുവരുത്തുന്നതിൽ നേതൃത്വപരമായ പങ്കാണ് പ്രസിഡന്റിന് നിർവ്വഹിക്കാനുള്ളത്.

പദ്ധതി പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള പരിശ്രമം ഉണ്ടാകണം. അതിനായി കക്ഷി രാഷ്ട്രീയത്തിന് അതീതമായ വിശാലമായ കാഴ്ചപ്പാട് പ്രസിഡന്റിന് ഉണ്ടാകണം. വികസന കാര്യങ്ങളിൽ എല്ലാവരുടെയും പിന്തുണ തേടണം. ജില്ലാ പഞ്ചായത്ത് തലത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും യുവജന സംഘടനകളുടേയും യോഗം വിളിച്ചു ചേർത്ത് പിന്തുണ ഉറപ്പാക്കണം.

ആസൂത്രണസമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും വൈവിധ്യം ഉറപ്പുവരുത്താൻ ശ്രമിക്കണം. യഥാർത്ഥത്തിൽ വികസന പ്രവർത്തനങ്ങളിൽ ജില്ലാ പഞ്ചായത്തിനെ സഹായിക്കാൻ സന്നദ്ധതയുള്ള അറിവും കഴിവുമുള്ളവരെയാകണം വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടത്.

ജില്ലാതലത്തിൽ ഗ്രാമസഭയ്ക്ക് സമാനമായ വേദിയെ ശാക്തീകരിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ പ്രസിഡന്റിന്റെ ഭാഗത്ത് നിന്നും ഉണ്ടാകണം. എല്ലാ ഗ്രാമസഭകളിലും പ്രസിഡന്റ് പങ്കെടുക്കുകയും ജനങ്ങളെ കേൾക്കുകയും വേണം. ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകണം. മോണിറ്ററിംഗ് സമിതികളും സോഷ്യൽ ഓഡിറ്റ് സംവിധാനവും സജീവമാക്കണം. ജില്ലാതല വേദികളിലെ ചർച്ചകൾക്ക് അർഹമായ പരിഗണന നൽകണം.

നവീനമായ ആശയങ്ങൾക്കായി പ്രവാസികൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, ജില്ലയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധർ തുടങ്ങിയവരുമായി സംവദിച്ചു നാടിന്റെ വികസനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ നേതൃത്വപരമായ പങ്കു വഹിക്കാൻ പ്രസിഡന്റിനു കഴിയണം.

**ഇതിനായി: -**

*മനസ്സ് വേണം*
*മനോഭാവത്തിൽ മാറ്റം വേണം*
*ദീർഘവീക്ഷണവും*
*നിശ്ചയദാർഢ്യവും വേണം*
*എങ്കിൽ... ഒക്കാതെന്തുണ്ട് !*



# അധ്യായം 12

# ജില്ലാ ആസൂത്രണ സമിതി

ജില്ലാതലത്തിലും അതിനു താഴെയുമുള്ള ആസൂത്രണത്തിനായി ഭരണഘടനയുടെ 243-ZD അനുച്ഛേദം പ്രകാരം സൃഷ്ടിക്കപ്പെട്ടവയാണ് ജില്ലാ ആസൂത്രണ സമിതികൾ. ഭരണഘടനയുടെ 74-ആം ഭേദഗതിയനുസരിച്ച് 1994 ലെ കേരള മുൻസിപ്പൽ ആക്ടിലെ വികസന പദ്ധതികൾ തയ്യാറാക്കലും നടപ്പാക്കലും എന്ന നാലാം അധ്യായത്തിൽ 53-ആം വകുപ്പിലാണ് ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാർ, ഒരു ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും ജില്ലയ്ക്ക് മുഴുവനുമായി ഒരു കരടുവികസന പദ്ധതി തയ്യാറാക്കുന്നതിനും വേണ്ടി, ജില്ലാതലത്തിൽ ഓരോ ജില്ലയ്ക്കും ഒരു ആസൂത്രണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രാദേശിക പ്ലാനുകൾ അംഗീകരിക്കുന്നതിനും പ്രാദേശിക ഭരണകൂടങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനും ജില്ലാതലത്തിൽ അവ സമന്വയിപ്പിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ അവ കണ്ണിചേർക്കുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ കടപ്പെട്ടിരിക്കുന്നു.

## 12.1 രൂപീകരണ ലക്ഷ്യം (Objective of Formation)

» വികേന്ദ്രീകൃത ആസൂത്രണം (Decentralized Planning): ഗ്രാമതലത്തിലും നഗരതലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGIs) തയ്യാറാക്കുന്ന പദ്ധതികളെ

സംയോജിപ്പിച്ച് ജില്ലയ്ക്ക് വേണ്ടി ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കുക.

- ഏകീകരണവും ഏകോപനവും: ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തമ്മിലുള്ള പദ്ധതികളിലും വിഭവ വിനിയോഗത്തിലും ഏകോപനം ഉറപ്പാക്കുക.
- വിഭവ വിനിയോഗം: ലഭ്യമായ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ, സ്ഥാപനങ്ങളുടെ വിഭവങ്ങൾ എന്നിവ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുക.

## 12.2 ഘടന (Composition)

- കേരളത്തിലെ ജില്ലാ ആസൂത്രണ സമിതിയിൽ ആകെ 15 അംഗങ്ങൾ ഉണ്ട്. ഇതിൽ 11 പേർ തിരഞ്ഞെടുക്കപ്പെട്ടവരും 4 പേർ നാമനിർദ്ദേശം ചെയ്യപ്പെട്ടവരുമാണ്.
- ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി അംഗങ്ങളിൽ നിന്നും അതത് പ്രദേശത്തെ ജനസംഖ്യയ്ക്ക് ആനുപാതികമായി തെരഞ്ഞെടുക്കപ്പെടുന്ന 12 അംഗങ്ങൾ. ജില്ലാ തലത്തിലുള്ള പഞ്ചായത്തുകളിലെയും ജില്ലയിലെ മുനിസിപ്പാലിറ്റി കളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ആ ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ജനസംഖ്യകൾ തമ്മിലുള്ള അനുപാതത്തിനനുസൃതമായി നിർണ്ണയിക്കുന്ന പ്രകാരമുള്ള രീതിയിൽ തങ്ങൾക്കിടയിൽ നിന്നും തിരഞ്ഞെടുത്ത പന്ത്രണ്ട് അംഗങ്ങൾ; തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ അമ്പതു ശതമാനം സ്ത്രീകളും, രണ്ടംഗങ്ങൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവരും അതിൽ ഒരാൾ സ്ത്രീയും ആയിരിക്കേണ്ടതാണ്. അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷന്റെ മാർഗ്ഗനിർദേശത്തിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലും തിരഞ്ഞെടുക്കുന്നു.
- ചെയർപേഴ്സൺ-ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
- മെമ്പർ സെക്രട്ടറി-ജില്ലാകളക്ടർ (എക്സ് ഒഫിഷ്യോ അംഗം)
- സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഒരു അംഗം-ഭരണകാര്യത്തിലും ആസൂത്രണ ത്തിലും ഗണ്യമായ പ്രവർത്തിപരിചയമുള്ളതുമായ ഒരാൾ;
- ജോയിന്റ് സെക്രട്ടറി കോർഡിനേഷൻ-ജില്ലാ പ്ലാനിങ്ങ് ഓഫീസർ. അധ്യക്ഷന്റെ നിർദ്ദേശമനുസരിച്ച് യോഗം വിളിച്ചു ചേർക്കൽ, മിനിറ്റ്സുകൾ രേഖപ്പെടുത്തൽ, തുടർനടപടികൾ സ്വീകരിക്കൽ, തുടങ്ങിയവ ജില്ലാ പ്ലാനിങ്ങ് ഓഫീസറുടെ ചുമതലയാണ്. ജില്ലാ പ്ലാനിങ്ങ് ഓഫീസ് ജില്ലാ ആസൂത്രണ സമിതിയുടെ സെക്രട്ടേറിയേറ്റ് ഓഫീസായി പ്രവർത്തിക്കുന്നതാണ്.
- ജില്ലയിലെ സർക്കാർ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥൻമാർ കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിമാരായിരിക്കുന്നതാണ്.
- ജില്ലയിൽ ഉൾപ്പെടുന്ന ഏതെങ്കിലും പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ലോക്സഭാംഗങ്ങളും സംസ്ഥാന നിയമസഭാംഗങ്ങളും ആ ജില്ലയിലെ ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ സ്ഥിരം ക്ഷണിതാക്കളായിരിക്കുന്നതാണ്. എന്നാൽ; ഒരു ലോക്സഭാംഗമോ അഥവാ ഒരു സംസ്ഥാന നിയമസഭാംഗമോ പ്രതിനിധാനം ചെയ്യുന്ന പ്രദേശം ഭാഗികമായി ഒരു ജില്ലയിലും ഭാഗികമായി മറ്റൊരു ജില്ലയിലും ഉൾപ്പെടുന്നുവെങ്കിൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രദേശം ഉൾക്കൊള്ളുന്ന

ഇരു ജില്ലകളിലെയും ജില്ലാ ആസൂത്രണ കമ്മിറ്റികളിലും അദ്ദേഹം ഒരു സ്ഥിരം ക്ഷണിതാവായിരിക്കുന്നതാണ്.

» സംസ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്ന രാജ്യസഭയിലെ ഒരംഗം അദ്ദേഹം ഒരു സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ഏത് മുനസിപ്പാലിറ്റിയിലെയോ പഞ്ചായത്തിലെയോ വോട്ടർ പട്ടികയിലാണോ ആ മുനിസിപ്പാലിറ്റിയോ പഞ്ചായത്തോ ഉൾപ്പെട്ട ജില്ലയിലെ ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ ഒരു സ്ഥിരം ക്ഷണിതാവായിരിക്കുന്നതാണ്.

» സംസ്ഥാന നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരംഗം, അദ്ദേഹം സാധാരണ താമസിക്കുന്ന ജില്ലയിലെ ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ സ്ഥിരം ക്ഷണിതാവായിരിക്കുന്നതാണ്.

» പാർലമെന്റിലെ ഒരംഗത്തെയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലെ ഒരംഗത്തെയോ, മന്ത്രിയായി നിയമിക്കുകയോ, സ്പീക്കറായോ, ഡെപ്യൂട്ടി സ്പീക്കറായോ തെരഞ്ഞെടുക്കുകയോ ഗവൺമെന്റ് ചീഫ് വിപ്പായി നിയോഗിക്കുകയോ, പ്രതിപക്ഷ നേതാവായി അംഗീകരിക്കുകയോ ചെയ്യുന്നിടത്ത് ഒരംഗമെന്ന നിലയിൽ ജില്ലാ ആസൂത്രണ കമ്മിറ്റിയിലോ അല്ലെങ്കിൽ അദ്ദേഹം ഒരു സ്ഥിരം ക്ഷണിതാവായിരുന്ന ജില്ലയിലെ ആസൂത്രണ കമ്മിറ്റിയിലോ ജില്ലകളിലെ ആസൂത്രണ കമ്മിറ്റികളിലോ അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നതിന് അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തുനിന്നും ഒരാളെ അദ്ദേഹത്തിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

## 12.3 ചുമതലകളും പ്രവർത്തനങ്ങളും (Roles and Functions)

ജില്ലാ ആസൂത്രണ സമിതിയുടെ പ്രധാന ധർമ്മം ജില്ലയിലെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കുക എന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്.

1. ജില്ലാപദ്ധതി രൂപീകരണം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കിയ പദ്ധതികളെ ഏകോപിപ്പിച്ച് ജില്ലാ പദ്ധതിയുടെ കരട് തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുക. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും (ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ) തയ്യാറാക്കിയ വാർഷിക പദ്ധതികളും വികസന നിർദ്ദേശങ്ങളും സമിതി ശേഖരിക്കുന്നു. ഈ പ്രാദേശിക പദ്ധതികളെല്ലാം ഒരുമിപ്പിച്ച്, പരസ്പരം പൊരുത്തപ്പെടുന്ന രീതിയിൽ ജില്ലാ വികസന പദ്ധതിയുടെ കരട് തയ്യാറാക്കുന്നു. ഈ കരട് പദ്ധതി സംസ്ഥാന സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നു.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അംഗീകാരം, ഏകോപനം പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകൽ. ഗ്രാമീണ, നഗര സ്ഥാപനങ്ങളുടെ തമ്മിൽ ഉണ്ടാകാൻ സാധ്യതയുള്ള വൈരുദ്ധ്യങ്ങൾ ഒഴിവാക്കി, പരസ്പരം സഹായിക്കുന്ന രീതിയിൽ പദ്ധതികൾ നടപ്പാക്കാൻ DPC സഹായിക്കുന്നു.

3. ഭൂവിനിയോഗവും പരിസ്ഥിതിയും നഗര, ഗ്രാമ മേഖലകളിലെ ഭൂമിയുടെ ഉപയോഗത്തെക്കുറിച്ചുള്ള പദ്ധതികൾ തമ്മിൽ പൊരുത്തപ്പെടുത്തുകയും, ഭൂമിയുടെ ശാസ്ത്രീയമായ വിനിയോഗത്തിന് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു. പരിസ്ഥിതി സൗഹൃദപരമായ വികസനമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നു. പുഴകളുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനം പോലുള്ള ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.
4. വിഭവ സമാഹരണവും വിനിയോഗവും ജില്ലയിൽ ലഭ്യമായ സംസ്ഥാന ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയുള്ള ഫണ്ടുകൾ, സ്ഥാപനങ്ങളുടെ സ്വന്തം വരുമാനം എന്നിവയുടെ ലഭ്യതയും വിനിയോഗവും സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നു. ജില്ലയിലെ സാമ്പത്തിക സാധ്യതകൾ (വരുമാന വർദ്ധനവ്, വായ്പകൾ) സംബന്ധിച്ച് സംസ്ഥാന സർക്കാരിന് ശുപാർശകളും ഉപദേശങ്ങളും നൽകുന്നു. പ്രാദേശിക പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ധനപരമായ കുറവുകൾ നികത്തുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.
5. പദ്ധതി പുരോഗതി മേൽനോട്ടവും അവലോകനവും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. പദ്ധതി നടപ്പാക്കലിൽ ഉണ്ടാകുന്ന കാലതാമസം, സാമ്പത്തിക തടസ്സങ്ങൾ, ഭരണപരമായ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ഇടപെടുന്നു. പദ്ധതികളുടെ അവസ്ഥയെക്കുറിച്ചും പുരോഗതിയെക്കുറിച്ചുമുള്ള റിപ്പോർട്ടുകൾ സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു.

ചുരുക്കത്തിൽ, ജില്ലാ ആസൂത്രണ സമിതി, താഴേത്തട്ടിൽ നിന്ന് വരുന്ന വികസന ആവശ്യങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന്, കാര്യക്ഷമവും സുതാര്യവുമായ ജില്ലാതല വികസനം ഉറപ്പാക്കുന്ന സുപ്രധാന സ്ഥാപനമാണ്.

## 12.4 ജില്ലാ റിസോഴ്സ് ഗ്രൂപ്പുകൾ

പ്രാദേശിക പദ്ധതികളുടെ അറിവുള്ളടക്കവും സാങ്കേതിക മികവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ജനകീയാസൂത്രണ ജില്ലാ റിസോഴ്സ് സെന്ററുകൾ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. വിവിധ വികസന വകുപ്പുകളിൽ നിന്നും ഗവേഷണ-വികസന-സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നും ജില്ലാ റിസോഴ്സ് സെന്ററിൽ ഉൾപ്പെടുത്തുന്ന പ്രൊഫഷണലുകൾ, സെന്ററിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും പ്രാദേശിക പദ്ധതികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. ജില്ലാ റിസോഴ്സസ് സെന്ററിൽ വിവിധ വിഷയമേഖല ഉപസമിതികൾ ഉണ്ടായിരിക്കുന്നതാണ്. ഉപസമിതിയുടെ ചെയർപേഴ്സൺ ആയി ഒരു സീനിയർ വിദഗ്ധനും, ബന്ധപ്പെട്ട ജില്ലാ ഓഫീസറായിരിക്കും കൺവീനർ. അംഗങ്ങളിൽ ഉദ്യോഗസ്ഥ, അനുദ്യോഗസ്ഥ വിദഗ്ധർ ഉണ്ടാകും. ഉപസമിതികളിൽ ചെയർപേഴ്സൺ, കൺവീനർ എന്നിവർ ഉൾപ്പെടെ 6 മുതൽ 8 വരെ അംഗങ്ങൾ ആകാവുന്നതാണ്.

ജില്ലാ റിസോഴ്സ് സെന്ററിന്റെയും അതിലെ അംഗങ്ങളുടെയും ചുമതലകൾ

1. ജില്ലാ ആസൂത്രണ സമിതി. ആവശ്യപ്പെടുന്ന വിഷയങ്ങളിലും മേഖലകളിലും വിശദമായ പഠനം നടത്തി റിപ്പോർട്ട് നൽകുക.
2. പ്രാദേശിക പദ്ധതികളുടെ, അറിവുള്ളടക്കവും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള സാങ്കേതിക ഉപദേശം നൽകുക
3. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടുകൂടി പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി നൽകുക
4. പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന വിശദ പ്രോജക്റ്റ് റിപ്പോർട്ടുകൾ (ഡി. പി. ആർ) തയ്യാറാക്കി നൽകുക, സാധ്യതാ പഠനം നടത്തുക
5. പ്രാദേശിക സർക്കാരുകളുടെ പദ്ധതിയും പ്രോജക്ടുകളും പരിശോധിച്ച്, അവയുടെ മികവ്, പ്രോജക്ടുകൾ പോരായ്മകൾ, വിവരങ്ങൾ ഉൾക്കൊള്ളിക്കാതെ അപൂർണ്ണമായി തയ്യാറാക്കിയ പ്രോജക്ടുകൾ എന്നിവയെ സംബന്ധിക്കുന്ന റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകുക
6. ജില്ലയ്ക്കകത്തും പുറത്തുമുള്ള മാതൃകാ പ്രോജക്ടുകളുടെ ഡോക്യുമെന്റേഷൻ നടത്തുക, അവ പ്രാദേശിക സർക്കാരുകൾക്കിടയിൽ പ്രചാരപ്പെടുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുക
7. മാതൃകാ പ്രോജക്ടുകൾ പഠന വിധേയമാക്കുക, സംസ്ഥാനതല ശ്രദ്ധയിലേക്ക് കൊണ്ടുവരിക
8. ജില്ലാ ആസൂത്രണ സമിതി നടത്തുന്ന വിവിധ ശില്പശാലകൾക്കും പരിശീലനപരിപാടികൾക്കും വേണ്ട സാങ്കേതിക സഹായം നൽകുക
9. വികസന കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമ പ്രവർത്തകർക്ക് പ്രാദേശിക വികസന പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുക
10. പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികൾ ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യത്തിന് അനുസൃതമാണോ എന്ന് പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് നൽകുക

## 12.5 ജില്ലാ പദ്ധതി

ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മുഖ്യ ചുമതലയാണ് ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, ഏജൻസികൾ തുടങ്ങി വികസനത്തിന്റെ മേഖലയിൽ ഇടപെടുന്ന ഓരോ യൂണിറ്റിനും ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതും ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നതുമായ ഒരു രേഖയായിരിക്കണം ജില്ലാ പദ്ധതി.

സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും സർവകലാശാലകളുടെയും വിദ്യാഭ്യാസ-ഗവേഷണ-വികസന

സ്ഥാപനങ്ങളുടെയും പ്രാദേശിക സർക്കാരുകളുടെയും പൂർണ്ണ പങ്കാളിത്തവും സഹകരണവും ആവശ്യമാണ്. ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര മേഖലകളിൽ സ്വതന്ത്രമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയെന്ന രീതി പ്രാവർത്തികമാക്കുന്നതിൽ കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണെങ്കിലും സമന്വയവും ഏകോപനവും ഉറപ്പാക്കി വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വേണ്ടത്ര കഴിയുന്നില്ല എന്നത് ഒരു പോരായ്മയാണ്. ഈ പോരായ്മ പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സമഗ്ര വികസനം സാധ്യമാകണമെങ്കിൽ ലഭ്യമാകാവുന്ന മനുഷ്യ പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുകയും ആവർത്തനങ്ങൾ ഒഴിവാക്കി പരിപാടികളുടെ സമന്വയം പരമാവധി ഉറപ്പാക്കുകയും വേണം. അതുപോലെ വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. ഈ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ ഭരണഘടനാ ചുമതലകൾ നിറവേറ്റുന്നതിനുമുള്ള ഒരു സുപ്രധാന ഉപാധിയാണ് ജില്ലാ പദ്ധതി

ഭരണ ഘടനയുടെ 243 ടി 243 ഡബ്ല്യൂ അനുച്ഛേദങ്ങൾ പ്രകാരം സാമൂഹ്യ നീതിക്കും. സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പ്രഥമിക ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുവാനും ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുവാനും വേണ്ടി ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 2432D അനുശാസിക്കുന്നുണ്ട് അതായത് പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതികളുടെ ഏകോപന-സംയോജന ചുമതല ജില്ലാ ആസൂത്രണ സമിതിക്കുമാണ്.

## 12.6 ജില്ലാ പദ്ധതിയുടെ ലക്ഷ്യം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53 പ്രകാരം ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിക്ക് വിപുലമായ ചുമതലകളാണ് നൽകിയിട്ടുള്ളത്. അതിൽ പ്രധാനം ജില്ലാ ആസൂത്രണമാണ്. ജില്ലാ ആസൂത്രണ സമിതി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുകയും ജില്ലയ്ക്കുവേണ്ടി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട് സ്ഥലപരാസൂത്രണം, ജലത്തിന്റെയും മറ്റ് ഭൗതിക പ്രകൃതിദത്തവുമായ വിഭവങ്ങളുടെയും പങ്കിടൽ, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളുടെ സംയോജിത വികസനം എന്നിവ ഉൾപ്പെടെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ പൊതു താല്പര്യമുള്ള കാര്യങ്ങളും സാമ്പത്തികവും അല്ലാത്തതുമായ വിഭവങ്ങളുടെ ലഭ്യതയും പരിഗണിച്ചാണ് കരട് ജില്ലാ വികസന പദ്ധതി തയ്യാറാക്കുന്നത്. ഇത്തരത്തിൽ ജില്ലാ പദ്ധതി തയ്യാറാക്കുമ്പോൾ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോടും സംഘടനകളോടും കൂടിയാലോചിച്ചുവേണം അവ തയ്യാറാക്കേണ്ടതെന്നും കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്നുണ്ട്

ജില്ലാ പദ്ധതി എന്നത് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ ക്രോഡീകരിച്ച ഒരു രേഖ എന്നതിനെക്കാളുപരി ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്ന ഒരു അടിസ്ഥാന രേഖയാണ്. അതായത് വികസന വിടവുകൾ കണ്ടെത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുവാനും, വികസന പ്രക്രിയയിൽ ഇടപെടുന്ന ഓരോ യൂണിറ്റിന്റെയും സാധ്യതകളും പ്രവർത്തനങ്ങളും പരസ്പരം അറിയുവാനും, സംയുക്തമായി ഏറ്റെടുക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഓരോ യൂണിറ്റും ഏറ്റെടുക്കേണ്ട ഘടകങ്ങൾ ഏതൊക്കെയെന്ന് വ്യക്തമായി നിർണ്ണയിക്കുവാനും സംയോജന-ഏകോപന സാധ്യതകൾ പ്രയോജനപ്പെടുത്താനും പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ജില്ലാ പദ്ധതി രൂപീകരണത്തിലൂടെ സാധിക്കും.

പ്രത്യേകമായ വകയിരുത്തലോ സ്കീമുകളോ പ്രോജക്ടുകളോ ഇല്ലാത്ത പദ്ധതിയാണ് ജില്ലാ പദ്ധതി ജില്ലാതലത്തിലുള്ള വികസന ഇടപെടലുകൾക്കു ദിശാബോധം നൽകുന്നതിനും, കോട്ടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും ശരികളെയും നേട്ടങ്ങളെയും കൂടുതൽ ബലപ്പെടുത്തുന്നതിനും നല്ല മാതൃകകളെ വ്യാപിപ്പിക്കുന്നതിനും, തെറ്റായ രീതികളെ നിരുത്സാഹപ്പെടുത്തുന്നതിനും, വിവിധ തട്ടുകൾ ഏറ്റെടുക്കുന്ന വികസന പ്രോജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പുവരുത്തുന്നതിനുമുള്ള ഉപകരണമാണ് ജില്ലാ പദ്ധതി

## 12.7 കരട് ജില്ലാ പദ്ധതി

ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ പരമാവധി പങ്കാളിത്തത്തോടെ വേണം ജില്ലാ പദ്ധതി തയ്യാറാക്കേണ്ടത്. ജില്ലാതലത്തിൽ തയ്യാറാക്കുന്ന കരട് രേഖ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചും വിവിധ തലങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചും അന്തിമമാക്കണം. പ്രസ്തുത ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിയും (Plans) പ്രോജക്ടുകളും (Projects) തയ്യാറാക്കേണ്ടത്. ജില്ലാതലത്തിലെ ഏകോപനത്തിനായി വകുപ്പുകളുടെയും മിഷനുകളുടെയും പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയെ ആധാരമാക്കി ഡി. പി. സിക്ക് നിർദ്ദേശിക്കാവുന്നതാണ്.

## 12.8 ജില്ലാ പദ്ധതിയുടെ വിശദമായ ഘടന

ജില്ലാ പദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ട്. ഒന്നാം ഭാഗം ജില്ലാ വികസന പരിപ്രേക്ഷ്യം. ജില്ലയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവരക്കണക്കുകൾ, ജനസംഖ്യാ വളർച്ചയും കുടിയേറ്റവും, വികസന ചരിത്രം, ജില്ലയുടെ ഭൂപടം. വികസനത്തിന്റെ സ്ഥലമാനങ്ങളും, ജില്ലയുടെ വികസനം സംബന്ധിച്ച് ഓരോമേഖലയിലേയും നിലവിലെ അവസ്ഥയും, വികസനവിടവുകളും, വികസന നിർദ്ദേശങ്ങളും അടങ്ങുന്ന വിശാല കാഴ്ചപ്പാട് വ്യക്തമാക്കുന്നതാണ് ജില്ലാ വികസന പരിപ്രേക്ഷ്യം

രണ്ടാം ഭാഗത്തിൽ കേന്ദ്ര/സംസ്ഥാന വകുപ്പുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതിക

ളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പ് വാർഷിക പദ്ധതിയും വിശകലനം ചെയ്ത് ഭാവിയിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും. സംസ്ഥാനതലത്തിലുള്ള ഇടപെടൽ നിർദ്ദേശങ്ങൾ മേൽത്തട്ടു നിർദ്ദേശങ്ങൾ എന്നപേരിലും, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള ഇടപെടൽ നിർദ്ദേശങ്ങൾ കീഴ്തട്ടു നിർദ്ദേശങ്ങൾ എന്നപേരിലും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കും.

## 12.9 ജില്ലാ വികസന സെമിനാർ

വിവിധ ഉപസമിതികൾ തയ്യാറാക്കിയ കരട് ജില്ലാ പദ്ധതി, ജില്ലാ ആസൂത്രസമിതി പരിഗണിച്ച് ജില്ലാ വികസന സെമിനാറിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ് ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, മേയർ, ഉപ സമിതികളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ, ജില്ലാ ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജില്ലാ ജനറൽ മാനേജർ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വിദഗ്ദ്ധർ ജില്ലയുടെ വികസന കാര്യങ്ങളിൽ തൽപരരാണെന്ന് ഡി. പി. സി. കണ്ടെത്തുന്ന മറ്റുള്ളവർ എന്നിവരെ ജില്ലാ വികസന സെമിനാറിൽ പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലാ വികസന സെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഉപസമിതികളുടെ സഹായത്തോടുകൂടി ജില്ലാ ആസൂത്രണ സമിതി കരട് രേഖ പരിഷ്കരിക്കേണ്ടതും ഇത്തരത്തിൽ അന്തിമമാക്കിയ കരട് ജില്ലാ പദ്ധതിക്ക് സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു

## 12.10 ജില്ലാ പദ്ധതിക്ക് സർക്കാർ അംഗീകാരം

ജില്ലാ ആസൂത്രണ സമിതി അന്തിമമാക്കുന്ന ജില്ലാ പദ്ധതി കേരള മുനിസിപ്പാലിറ്റി നിയമ ത്തിന്റെ സെക്ഷൻ 53-ൽ അനുശാസിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു. വിവിധ ജില്ലകളുടെ കരട് ജില്ലാ പദ്ധതികൾ സംസ്ഥാന വികസന കൗൺസിലിൽ ചർച്ച ചെയ്യുന്നതും കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിക്കുന്നു. സംസ്ഥാന സർക്കാർ അംഗീകരിച്ചു നൽകുന്ന ജില്ലാ പദ്ധതിയിലെ ജില്ലാ വികസന പരിപ്രേക്ഷ്യവും മാർഗ്ഗനിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി നടപ്പാക്കേണ്ടത്.



# അധ്യായം 13

# സംയോജന സാധ്യതകൾ- സംയുക്ത പദ്ധതികൾ, സംയോജിത പദ്ധതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ജനക്ഷേമത്തിനായി കൈവരിക്കേണ്ട ജില്ലാതലത്തിലുള്ളവികസന ആവശ്യങ്ങളും പരിഹരിക്കേണ്ട വികസന പ്രശ്നങ്ങളും നിലവിലുള്ള സാധ്യതകളും വിഭവങ്ങളും ഉപയോഗിച്ച് കാര്യക്ഷമമായും സമയബന്ധിതമായും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ സംയോജിതമായ പ്രവർത്തനങ്ങൾ നേതൃത്വപരമായി നടപ്പിലാക്കേണ്ടതുണ്ട്.

സംസ്ഥാന ബജറ്റിന്റെ അനുബന്ധം 4 പ്രകാരം മൊത്തം പദ്ധതി ചെലവിന്റെ ഏകദേശം 30% തുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കി വെച്ചിരിക്കുന്നത്. ബാക്കി വരുന്നതിൽ 60% തുകയും വിവിധ വികസന വകുപ്പുകളും ഏജൻസികളും മുഖേനയാണ് നടപ്പിലാക്കുന്നത്. കൂടാതെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും വിഹിതം പ്രതീക്ഷിക്കുന്നു. അത്തരത്തിൽ ലഭ്യമാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ടിനൊപ്പം വിവിധ കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികളും ഇതര വിഭവങ്ങളും സംയോജിപ്പിച്ചു കൊണ്ട് ജില്ലാ പഞ്ചായത്തുകൾക്ക് പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുന്നതിനും വലിയ നേട്ടങ്ങൾ കൈവരിക്കുന്നതിനും സാധിക്കും. അത്തരത്തിൽ ലക്ഷ്യ പ്രാപ്തിക്കായി വ്യത്യസ്ത ഘടകങ്ങളെയും വിഭാഗങ്ങളെയും ഒന്നിച്ച് കൂട്ടി ജില്ലയുടെ വികസനത്തിന് ഏകോപിതമായ ഒരു പ്രവർത്തന ഘടനയുണ്ടാക്കുക എന്നതാണ് സംയോജനം കൊണ്ട് ഉദ്ദേശിക്കുന്നത്.

സംയോജനത്തിലൂടെ വിവിധ തലത്തിലുള്ള വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ചു കൊണ്ട് നിരവധി പ്രശ്ണങ്ങൾ പരിഹരിക്കുന്നതിനും വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റി കൊണ്ട് സമഗ്ര തലത്തിൽ വികസനം സാധ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് കഴിയുന്നു. സമൂഹത്തിന്റെ വിവിധ തലത്തിലുള്ള വിവരസഞ്ചയങ്ങൾ, ആശയങ്ങൾ, അനുഭവങ്ങൾ, അറിവുകൾ, വൈദഗ്ധ്യങ്ങൾ ധനസ്രോതസ്സുകൾ, വകുപ്പ്തല പരിപാടികൾ, സന്നദ്ധത തുടങ്ങിയവയുടെ ഏകോപനത്തിലൂടെ വലിയ രീതിയിലുള്ള സംയോജന സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി കൊണ്ട് ലക്ഷ്യങ്ങൾ കൈവരിക്കാം.

ദീർഘ വീക്ഷണത്തോട് കൂടിയുള്ള ലക്ഷ്യാധിഷ്ഠിതമായ ബൃഹത്തായ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അവ സുസ്ഥിരമായി നിലനിർത്തുന്നതിനും സംയോജനം സാധ്യമാക്കുന്നു. സംയോജനം അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിന് വലിയ തോതിലുള്ള ഏകോപനം അനിവാര്യമാണ്. ജില്ലാതല ടാസ്ക് ഫോഴ്സുകളും, പഞ്ചായത്തീരാജ് ആക്റ്റ് വകുപ്പ് 164 പ്രകാരം വിവക്ഷിക്കുന്ന ജോയിന്റ് കമ്മിറ്റികളും രൂപീകരിക്കാവുന്നതുമാണ്. സമഗ്രമായ ഒരു പ്രോജക്റ്റ് റിപ്പോർട്ടും (DPR), വിവിധ പദ്ധതികളെയും പരിപാടികളെയും ഫണ്ടുകളെയും കുറിച്ചുള്ള അറിവും സംയോജനത്തിന്റെ സുപ്രധാന ഘടകങ്ങൾ ആണ്.

## 13.1 സംയോജന സാധ്യതകൾ

ഒരു പ്രത്യേക ലക്ഷ്യം നേടുന്നതിന് വേണ്ടി ലഭ്യമാക്കാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നും പണമോ, സേവനമോ, സാങ്കേതിക വിദ്യയോ, ഭൂമി ഉൾപ്പെടെയുള്ള മറ്റ് വിഭവങ്ങളോ ലക്ഷ്യ പൂർത്തീകരണത്തിനു വേണ്ടി ആവശ്യത്തിനനുസരിച്ച് ഒന്നിച്ചു ചേർക്കുന്ന പ്രക്രിയയാണ് സംയോജനം. ലഭ്യമായ വിഭവങ്ങളിൽ നിന്നും പരമാവധി പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ വേണം വികസന പദ്ധതികൾക്ക് രൂപം നൽകേണ്ടത്. സംയോജനത്തിന് ഉതകുന്ന പദ്ധതികളുടെ മാർഗ്ഗരേഖകൾ, അതിലെ സാധ്യതകൾ എന്നിവ ജില്ലാ പഞ്ചായത്തുകൾ വിശദമായി പരിശോധിക്കണം.

ജില്ലാ പഞ്ചായത്തുതല ആസൂത്രണ സമിതി ഓരോ വാർഷിക പദ്ധതിയിലെയും സംയോജന സാധ്യതകൾ പ്രത്യേകം പരിശോധിക്കേണ്ടതാണ്. പദ്ധതി രൂപവൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽതന്നെ ഈ പരിശോധന നടത്തണം. വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മുമ്പ് ആസൂത്രണസമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ തങ്ങളുടെ വിഷയ മേഖലകളുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന പദ്ധതികളെയും ബാഹ്യസഹായ ഏജൻസികളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചശേഷം സംയോജന സാധ്യതകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ചർച്ചകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്ത് തീരുമാനമെടുക്കണം. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സംയോജനം നടക്കുന്നുവെന്ന് പ്രോജക്റ്റ് രൂപവൽക്കരണ ഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും ആസൂത്രണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

ഈ അജണ്ട ചർച്ച ചെയ്യുന്നതിന് മാത്രമായി ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം വിളിച്ചു ചേർക്കണമെന്നത് നിർബന്ധിത വ്യവസ്ഥ യാണ്.

## 13.2 സംയോജനത്തിന്റെ സുപ്രധാന ഘട്ടങ്ങൾ

സംയോജനം സാധ്യമാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തന ഘട്ടങ്ങൾ അനിവാര്യമാണ്.

- ജില്ലാതലത്തിൽ വികസന പ്രശ്നം പരിഹരിക്കുന്നതിനും വികസന ആവശ്യം നേടുന്നതിനുമായുള്ള വിശകലനവും സമീപനവും സംബന്ധിച്ച പ്രാഥമിക ചർച്ച
- പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർമാരുടെ ചർച്ചകൾ സാധ്യതാ നിർദ്ദേശങ്ങളുടെ ക്രോഡീകരണവും
- ജില്ലാതലത്തിൽസമഗ്രമായ പ്രശ്നപരിഹാരത്തിനാവശ്യമായ പ്രവർത്തനങ്ങൾ അന്തിമമാക്കൽ
- പ്രവർത്തനങ്ങളുടെ സ്വഭാവവും സാങ്കേതികതയും പരിഗണിച്ച് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ (DPR)
- ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ, വികസന ഏജൻസികൾ, പദ്ധതികൾ എന്നിവ രേഖപ്പെടുത്തി കൊണ്ട് കൺവെർജൻസ് പ്ലാൻ തയ്യാറാക്കുക
- ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിന്റെയും സ്ഥാപനത്തിന്റെയും വാർഷികപദ്ധതിയുടെ ഭാഗമാക്കി പ്രവൃത്തിയും നിർവ്വഹണവും
- സമയബന്ധിതമായി പ്രവർത്തനം പൂർത്തീകരിക്കുന്നതിന്റെ മോണിറ്ററിംഗും അവലോകനവും നടത്തി ആവശ്യമായ ഭേദഗതിയും പിന്തുണാസംവിധാനവും ഉറപ്പ് വരുത്തി കൊണ്ട് പദ്ധതി പൂർത്തീകരണം

## 13.3 സംയോജിപ്പിക്കാവുന്ന വിവിധ ധനസ്രോതസ്സുകൾ

- ജില്ലാ പഞ്ചായത്ത് വിഹിതം
- മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം
- സംസ്ഥാനാവിഷ്കൃത പദ്ധതികൾ
- കേന്ദ്രാവിഷ്കൃത പദ്ധതികൾ
- എം.എൽ.എ ഫണ്ട്
- എം.പി ഫണ്ട്
- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
- അർബൻ അഗ്ലോമേറേഷൻ വിഹിതം
- ശുചിത്വ മിഷൻ ഫണ്ട് (SBM)
- ഹെൽത്ത് ഗ്രാന്റ്
- സി. എസ്. ആർ ഫണ്ട്
- സന്നദ്ധസേവനം
- സംഭാവന, തുടങ്ങിയവ...

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നിരവധി സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി എന്ന നിലയിൽ അധ്യക്ഷൻമാർക്ക് ഈ പദ്ധതികളെകുറിച്ച് ഒരു ധാരണ ഉണ്ടാവുന്നത് സഹായം പ്രതീക്ഷിച്ച് വരുന്ന നിരവധി ആളുകൾക്ക് വ്യക്തമായ ദിശാബോധം നൽകുന്നതിന് സഹായിക്കും. മാത്രമല്ല, ജില്ലാ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സഹായകരമാവും വിധത്തിൽ കൂടുതൽ വിഭവങ്ങൾ കണ്ടെത്തുന്നതിനും ഈ അറിവ് സഹായിക്കും.

## 13.4 സംയുക്ത പ്രോജക്ടുകൾ (Joint Projects)

സംയുക്ത പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ജില്ലാ പഞ്ചായത്തുകൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കാനുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തി അതിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ മുഖ്യ പങ്കാളിയായി നിശ്ചയിച്ച് നിർവ്വഹണം നടത്തുന്നതാണ് സംയുക്ത പ്രോജക്ട്. ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെ ജില്ലാ പദ്ധതിയുടെ ഭാഗമായി ഉയർന്നുവന്നതും അല്ലാത്തതുമായ സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ജില്ലയിലെ വകുപ്പു മേധാവികളുടെയും ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടേയും അധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെയും ഒരു സംയുക്തയോഗം ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കേണ്ടതാണ്.

» യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ സംയുക്ത പ്രോജക്ടുകളെയും പങ്കാളികളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട വിഹിതത്തെയും സംബന്ധിച്ച് ധാരണയാകേണ്ടതും വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. അതിൽ സംയുക്ത പ്രോജക്ടുകൾ ഏതൊക്കെ, പങ്കാളികൾ ആരൊക്കെയാണ്, മുഖ്യപങ്കാളി ആരാണ്, പങ്കാളികൾ വകയിരുത്തേണ്ട വിഹിതം മുതലായ വിവരങ്ങൾ ഉണ്ടാകണം.
» സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോഗത്തിൽ തീരുമാനിച്ച പ്രകാരം വിഹിതം വകയിരുത്തി പ്രോജക്ട് തയ്യാറാക്കേണ്ടതും സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി ചെയ്യേണ്ടതുമാണ്.
» സംയുക്ത പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടത്. മറ്റ് പങ്കാളികൾ അവരുടെ വിഭവം കൈമാറുന്നതിന് സഹായകരമായ പ്രോജക്ടുകൾ തയ്യാറാക്കണം.
» സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.
» ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിനും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും തമ്മിൽ ധാരണയാകാമെങ്കിലും അതിന്റെ വിശദാംശങ്ങൾ മേൽ ഖണ്ഡിക (1) പ്രകാരം ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗത്തിൽ അവതരിപ്പിച്ച്

ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

» സംയുക്ത പ്രോജക്റ്റിന്റെ വിഭവ വിനിയോഗം ധനകാര്യവകുപ്പ് അതത് സമയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം.

## 13.5 സംയോജിത പരിപാടികൾ/സമഗ്രപരിപാടികൾ

» വികസനപ്രശ്നങ്ങളെ അതിന്റെ സമഗ്രതയിൽ കണ്ട് ധനപരവും അല്ലാത്തതുമായ എല്ലാ സംയോജന സാധ്യതകളും പരിഗണിച്ച് പരിഹരിക്കുന്നതിനു വേണ്ടി രൂപപ്പെടുത്തുന്ന പരിപാടികളെയാണ് സംയോജിത പരിപാടികൾ അഥവാ സമഗ്രപരിപാടികൾ എന്നു പറയുന്നത്. സമഗ്രപരിപാടികൾ ഒരു പ്രദേശത്തിന്റെ വികസന രംഗത്ത് വലിയമാറ്റത്തിന് കാരണമാകുന്നതോ ഒരു കൂട്ടം പ്രശ്നങ്ങളെ ഒരുമിച്ച് പരിഹരിക്കുന്ന തോ ആകാം. ഇവിടെ സ്ഥലപരമായ സംയോജനം (Spatial Integration), ഒന്നിലേറെ വിഷയമേഖലകളുടെ സംയോജനം (ഉദാ. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ മേഖലകളുടെ സംയോജനം), വിഭവങ്ങളുടെ സംയോജനം (കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിഹിതം, എം.പി/എം. എൽ. എ മാരുടെ പ്രാദേശിക ഫണ്ട് വിഹിതം, മിഷനുകളുടെ വിഹിതം, പ്രാദേശിക സർക്കാരുകളുടെ വിഹിതം, മറ്റ് ഏജൻസികളുടെ വിഹിതം എന്നിവയുടെ സംയോജനം), നിർവ്വഹണത്തിലെ ഏകോപനം തുടങ്ങിയ സംയോജന സാധ്യതകൾ എല്ലാം പരിഗണിക്കണം. അതോടൊപ്പം മുൻ-പിൻ ബന്ധങ്ങളും പരിഗണിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ സമഗ്ര പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്. ജില്ലാ പദ്ധതിയുടെ പശ്ചാത്തലത്തിൽ സമഗ്രപരിപാടികൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഇത്തരത്തിലുള്ള സമഗ്ര പരിപാടികളുടെ വിശദാംശങ്ങളും സംയോജനസാധ്യതകളുമാണ് പദ്ധതി രേഖയുടെ അധ്യായം 9 ൽ ഉൾപ്പെടുത്തേണ്ടത്.

» ഒരു സമഗ്രപരിപാടിയിൽ വിവിധ മേഖലകളിലെ പ്രോജക്റ്റുകൾ ഉണ്ടാകാം. ഉദാ: -സമഗ്രകോളനി വികസനം എന്ന പരിപാടിയിൽ റോഡ് വികസനം, കുടിവെള്ളം, വീട് നിർമ്മാണം/പുനരുദ്ധാരണം, മണ്ണ് സംരക്ഷണം തുടങ്ങിയ പ്രോജക്റ്റുകൾ ആകാം. വ്യത്യസ്ത മേഖലകളിലെ പ്രോജക്റ്റുകൾ ഓരോന്നും പ്രത്യേക പ്രോജക്റ്റുകളായി അവ നിർവ്വഹണം നടത്തുന്ന സ്ഥാപനങ്ങൾ തന്നെ തയ്യാറാക്കണം. ഒരു സമഗ്രപരിപാടിയിലെ ഒന്നിലേറെ പ്രോജക്റ്റുകൾ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ നിർവ്വഹണം നടത്തുകയാണെങ്കിൽപോലും അവയെല്ലാം കൂട്ടിച്ചേർത്ത് ഒറ്റ പ്രോജക്റ്റ് ആയി തയ്യാറാക്കാൻ പാടില്ല.

» ഒരു സമഗ്രപരിപാടിയിലെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു നോഡൽ ഓഫീസർ ഉണ്ടാകണം. പ്രോജക്റ്റ് പ്രാഥമികമായി ആവിഷ്കരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ ആ തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹണം നടത്തുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ ഒരാളെയോ നോഡൽ ഓഫീസറായി നിശ്ചയിക്കേണ്ടതാണ്. അനുയോജ്യമായ മോണിട്ടറിംഗ്

സംവിധാനവും ഏർപ്പെടുത്താവുന്നതാണ്.

» ഒരു സമഗ്രപരിപാടിയിൽ, അത് പ്രാഥമികമായി ആവിഷ്കരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും പങ്കാളികളാകുന്ന മറ്റ് സ്ഥാപനങ്ങളോ വ്യക്തികളോ, സർക്കാർ വകുപ്പുകളോ ചെയ്യുന്ന പ്രവർത്തനങ്ങളും ഉണ്ടാകാം. ഓരോ പ്രവർത്തനവും നിർവ്വഹിക്കുന്നത് ആരാണെന്നും വിഹിതം എത്രയാണെന്നും ഉൾപ്പെടെ ഓരോ സമഗ്ര പരിപാടിയുടെയും വിശദാംശങ്ങൾ ഫോറം8-ൽ തയ്യാറാക്കണം. ഒന്നിലേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പങ്കാളികളാകുന്ന സമഗ്ര പരിപാടിയാണെങ്കിൽ അത് പ്രാഥമികമായി ആവിഷ്കരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് വിശദാംശങ്ങൾ ഫോറം 8 ൽ തയ്യാറാക്കേണ്ടത്. പങ്കാളികളാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

» ഒരു സമഗ്രപരിപാടിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ഏതൊക്കെയെന്ന് പ്രത്യേകം തിരിച്ചറിയുന്നതിനും അവയുടെ സംഗ്രഹ വിവരങ്ങൾ ഒരു റിപ്പോർട്ട് രൂപത്തിൽ തയ്യാറാക്കുന്നതിനും (ഫോറം 8) സഹായകമാകുന്ന തരത്തിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രത്യേക കോഡ് കൊടുത്ത് തയ്യാറാക്കുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



# അധ്യായം 14

# നവകേരള സൃഷ്ടി: ജില്ലാ പഞ്ചായത്തുകളുടെ പങ്ക്

“നവകേരള സൃഷ്ടി” എന്ന വാക്ക് ഒരു നാടിന്റെ, ജനതയുടെ പ്രതീക്ഷകൾക്ക് ചിറക് നൽകുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി ദീർഘകാല പദ്ധതികളും, കഷ്ടപ്പാടും ദുരിതവും അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിനുള്ള ക്ഷേമ പരിപാടികളും ഉൾചേരുന്ന നയ പരിപാടികളാണ് ‘നവകേരളം’ പദ്ധതി. സംസ്ഥാന വികസനത്തിനായി ജനകീയ ബദൽ എന്ന നിലയ്ക്കാണ് ഈ ദൗത്യങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്.

നവകേരള സൃഷ്ടിയിൽ സംസ്ഥാന സർക്കാരിനുള്ളതുപോലെ നിർണ്ണായക പങ്ക് പ്രാദേശിക സർക്കാരിനുമുണ്ട്. ജനങ്ങളോട് അടുത്ത് നിൽക്കുന്ന ഭരണസംവിധാനമെന്ന നിലയ്ക്ക് പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാക്കാൻ ഇന്ത്യയിലെ മൂന്നാംതല ഭരണ സംവിധാനമായ പ്രാദേശിക സർക്കാരുകൾക്കാണ് കൂടുതൽ സാധ്യതകൾ. നമ്മുടെ സമൂഹത്തിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളവരെ ദീർഘകാലടിസ്ഥാനത്തിലുള്ള വികസന പദ്ധതികളിലൂടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും അവരെ സ്വയം ശാക്തീകരിക്കുവാനുള്ള പുത്തൻ അവസരങ്ങൾ സൃഷ്ടിക്കുവാനും പ്രാദേശിക സർക്കാരുകൾക്ക് കഴിയും.

## 14.1 സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs)

മാനവരാശിയുടെ ഐശ്വര്യപൂർണ്ണമായ ഭാവി ലക്ഷ്യമാക്കി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള ആഗോള വികസന കാഴ്ചപ്പാടാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്നറിയപ്പെടുന്നത്.

2030 ഓടെ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് U.N ലക്ഷ്യമിടുന്നത്. ഐക്യരാഷ്ട്ര സഭയുടെ ലക്ഷ്യങ്ങളെ 05 Ps എന്നു ചുരുക്കിപ്പറയാം.




| | |
|---|---|
| 1. ജനങ്ങൾ (People) | ദാരിദ്ര്യവും വിശപ്പും പൂർണ്ണമായി അകറ്റുക. |
| 2. സമൃദ്ധി (Prosperity) | 2030 ഓടെ എല്ലാവർക്കും സന്തോഷവും സമൃദ്ധിയുമുണ്ടാക്കുക. |
| 3. സമാധാനം (Peace) | ഭയരഹിത അക്രമരഹിത സമൂഹം ശക്തമായ പൊതുസ്ഥാപനങ്ങൾ, തുല്ല്യനീതി. |
| 4. Partnership | ലക്ഷ്യം കൈവരിക്കാൻ ആഗോള പാർട്ട്ണർഷിപ്പ്, കൂട്ടായ്മ. |
| 5. ഭൂമി (Planet) | ഭൂമിയെ സംരക്ഷിക്കുക- ഭൂമിയെ രക്ഷിക്കൂ എന്നാൽ ജീവൻ രക്ഷിക്കൂ എന്നാണ് അർത്ഥം |

ഈ ബൃഹത് ലക്ഷ്യങ്ങൾ മുൻ നിർത്തി 17 സുസ്ഥിര വികസന ലക്ഷ്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ലക്ഷ്യങ്ങൾ പഞ്ചായത്തുകളുടെ വികസന പദ്ധതികളിലും സന്നിവേശിപ്പിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽ ഭൂരിഭാഗവും ഈ സുസ്ഥിരവികസന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. അത് കൊണ്ട് തന്നെ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളായ ദാരിദ്ര്യ ലഘൂകരണം, വിശപ്പ് രഹിത

സമൂഹം, ആരോഗ്യവും ക്ഷേമവും ഗുണമേന്മയുള്ള വിദ്യാഭ്യാസം, ശുദ്ധജലം, ഊർജ്ജം അസമത്വ ലഘൂകരണം, കാലാവസ്ഥാവ്യതിയാനം എന്നിവ പ്രാദേശിക സർക്കാരുകളുടെ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഈ വികസന മേഖലകളിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുകയും തദ്ദേശീയമായ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം.

17 സുസ്ഥിര വികസന ലക്ഷ്യങ്ങളും പരസ്പര ബന്ധിതമാണ് ഭരണഘടനയിലെ 11-ആം പട്ടിക പ്രകാരമുള്ള പഞ്ചായത്തുകളുടെ ചുമതലകളോട് ചേർന്നുനില്ക്കുന്നവയുമാണ്. കേന്ദ്രസർക്കാർ ഈ 17 ലക്ഷ്യങ്ങളെ നിർവ്വഹണവും മോണിറ്ററിംഗും സുഗമമാക്കുന്നതിനായി 09 തീമുകളായി ചിട്ടപ്പെടുത്തിയിരിക്കുന്നു. ഒൻപത് തീമുകൾ താഴെപ്പറയുന്നവയാണ്.

1. ദാരിദ്ര്യ രഹിതവും ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം.
2. ആരോഗ്യഗ്രാമം
3. ശിശു സൗഹൃദ ഗ്രാമം
4. ജലസമൃദ്ധ ഗ്രാമം
5. ശുചിത്വവും ഹരിതാഭവുമായ ഗ്രാമം
6. സ്വയംപര്യാപ്തമായ അടിസ്ഥാന കര്യങ്ങളോടുകൂടിയ ഗ്രാമം
7. സാമൂഹിക സുരക്ഷിത ഗ്രാമം
8. സദ്ഭരണം
9. ലിംഗസമത്വ വികസനം

ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി കേരളത്തിലെ ജനകീയാസൂത്രണ പദ്ധതിയുടെ മാതൃകയിൽ ഗ്രാമ പഞ്ചായത്ത് ഡെവലപ്മെന്റ് പ്ലാൻ (GPDP) ബ്ലോക്ക് പഞ്ചായത്ത് ഡെവലപ്മെന്റ് പ്ലാൻ(BPDP), ജില്ലാ പഞ്ചായത്ത് ഡെവലപ്മെന്റ് പ്ലാൻ (DPDP)തയ്യാറാക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. നീതിആയോഗ്, വിവിധ സംസ്ഥാനങ്ങൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിൽ കൈവരിച്ച പുരോഗതി ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ രേഖപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

## 14.2 മാലിന്യമുക്ത കേരളം

"മാലിന്യമുക്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. ശുചിത്വം മനോഭാവമായി, സംസ്കാരമായി, മാറുമ്പോഴാണ് ആരോഗ്യമുള്ള തലമുറയും സുരക്ഷിതമായ പരിസ്ഥിതിയും സാധ്യമാകുന്നത്.

സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും കൂട്ടായ്മയിലൂടെ മാത്രമേ മലിന്യമുക്ത കേരളം എന്ന ലക്ഷ്യം നേടാൻ കഴിയൂ. വിവിധ വകുപ്പുകളുടെ കൂട്ടായ്മ പ്രവർത്തനവും അനിവാര്യമാണ് എങ്കിലും മാലിന്യസംസ്കരണം പ്രാദേശിക സർക്കാരുകളുടെ അനിവാര്യ ചുമതലയാകയാൽ ഈ കാര്യത്തിൽ നേതൃത്വപരമായ പങ്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തി,

ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് റീസൈക്ലിംഗ് പ്രവർത്തനങ്ങൾക്കായി കൈമാറുകയും ചെയ്യുന്നത് വഴി മാലിന്യ മുക്ത കേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

### 14.2.1 ആസന്ന ഭാവി പ്രവർത്തനങ്ങൾ

ഇപ്പോൾ നടന്നു വരുന്ന താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയാണ് പുതിയ കമ്മിറ്റിയുടെ ദൗത്യം.

1. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേനയുടെ ഉത്തരവാദിത്തത്തിൽ നടക്കുന്ന അജൈവ മാലിന്യ ശേഖരണം വ്യാപിപ്പിക്കുക.
2. കച്ചവടസ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ/പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിട തല ജൈവ മാലിന്യ സംസ്കരണ പദ്ധതി.
3. അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും റിക്കവറി റെസിലിയൻസ് ഫെസിറ്റികളും (MCF&RRF) സജ്ജീകരിക്കൽ (താൽക്കാലിക സംവിധാനങ്ങൾ സ്ഥിരം സംവിധാനങ്ങളാക്കുക).
4. അജൈവ മാലിന്യ പരിപാലനത്തിനായി പ്ലാസ്റ്റിക് ഷെഡിംഗ് യൂണിറ്റുകൾ, ഇതിനകം സ്ഥാപിച്ചിട്ടില്ലെങ്കിൽ, സ്ഥാപിക്കൽ
5. പ്രധാന സ്ഥലങ്ങളിൽ/പൊതു ഇടങ്ങളിൽ യന്ത്ര സഹായത്തോടെ സ്വീപ്പിംഗിനുള്ള സംവിധാനം ഒരുക്കുക.
6. കൺസ്ട്രക്ഷനും ഡിമോളിഷനുമായി ബന്ധപ്പെട്ട വേസ്റ്റ് സംസ്കരണ പ്ലാന്റ് മറ്റ് പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ (ചുരുങ്ങിയത് ഒരു ബ്ലോക്കിന് ഒന്ന് എന്ന നിലയ്ക്ക്) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
7. മലിന ജലം/ഉപയോഗിച്ച ജലം ശുദ്ധീകരിക്കുന്നതിനായി സീവേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒറ്റയ്ക്കോ മറ്റ് പ്രാദേശിക സർക്കാരുകളുമായി ചേർന്നോ പദ്ധതികൾ ഉണ്ടാക്കൽ.
8. നാട്ടിൽ നടക്കുന്ന ചടങ്ങുകളിൽ എല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കൽ,
9. പ്രത്യേകിച്ചും വീടുകളിലും മറ്റും 100 പേരിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന വിവാഹം, ബർത്ഡേ പാർട്ടികൾ തുടങ്ങിയവയ്ക്ക് മുൻകൂട്ടി അനുമതി വാങ്ങലും മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തലും.
10. ആധുനിക രീതിയിലുള്ള അറവുശാലകൾ, ശ്മശാനങ്ങൾ, മാർക്കറ്റുകൾ
11. Reduce, Reuse തത്വത്തെ അടിസ്ഥാനമാക്കി സ്വാപ് ഷോപ്പുകൾ
12. പല പഞ്ചായത്തുകളിലും പ്ലാസ്റ്റിക് മാലിന്യം മാത്രമാണ് ഹരിതകർമ്മ സേനകൾ ശേഖരിക്കുന്നത്. എല്ലാത്തരം അജൈവ മാലിന്യങ്ങളും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നതിനും അവ ശാസ്ത്രീയമായ രീതിയിൽ കൈയൊഴിക്കുന്നതിനും (പഞ്ചായത്ത് തലത്തിൽ) സംവിധാനം.
13. പൊതുജനങ്ങളിൽ സുരക്ഷിത മാലിന്യ സംസ്കാരണത്തിന് അനുകൂലമായ മനോഭാവം

രൂപീകരിക്കുന്നതിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശാക്തീകരിക്കുക.

14. എത്ര ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയാലും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളോട് സഹകരിക്കാതിരിക്കുകയും മാലിന്യം അലക്ഷ്യമായി വലിച്ചെറിയുകയും ചെയ്യുന്ന ഒരു ന്യൂനപക്ഷം നമ്മുടെ നാട്ടിലുണ്ട്. ഇവർക്കെതിരെ സ്പോട്ട് ഫൈൻ മുതൽ പ്രോസിക്യൂഷൻവരെയുള്ള നിയമ നടപടികൾ കർക്കശമായി നടപ്പാക്കുക.
15. ബസ് സ്റ്റേഷനുകൾ റയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലും പൊതു ശൗചാലയങ്ങളിലും ശുചിത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ/ഇടപെടലുകൾ.

### 14.2.2 ജില്ലാ പഞ്ചായത്തുകൾക്ക് മാലിന്യ പരിപാലന മേഖലകളിൽ താഴെ പറയുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാം

1. ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ ദ്രവ മാലിന്യ പരിപാലന, സെപ്റ്റേജ് മാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിക്കുക
2. ജില്ലാ പഞ്ചായത്തുകൾക്ക് കീഴിലുള്ള സ്കൂളുകളിൽ അജൈവമാലിന്യ ശേഖരണ സംവിധാനം, ജൈവമാലിന്യ പരിപാലന സംവിധാനം, ടോയ്‌ലറ്റ് കോംപ്ലക്സുകൾ എന്നിവ സ്ഥാപിക്കുക
3. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിൽ അജൈവമാലിന്യ പരിപാലനം, ജൈവമാലിന്യ പരിപാലനം, സെപ്റ്റേജ്, സീവേജ് ട്രീറ്റ്മെന്റ് സംവിധാനം എന്നിവ ഒരുക്കൽ
4. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മാലിന്യ പരിപാലന സൗകര്യമൊരുക്കൽ
5. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ മേഖലകളിലെ പൊതു പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകുകയും മാലിന്യ പരിപാലന മേഖലകളിലെ സംയുക്ത പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യും

## 14.3 ജില്ലാ വിജ്ഞാന കൗൺസിൽ

ജില്ലകളിൽ ചുമതലയുള്ള മന്ത്രി അധ്യക്ഷനായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്ന ജില്ലാ വിജ്ഞാന കൗൺസിൽ എല്ലാ ജില്ലകളിലും ഉണ്ടാകും.

### 14.3.1 പ്രാദേശിക സർക്കാരുകളുടെ പങ്ക്

ജില്ലാ വിജ്ഞാന കൗൺസിലിന്റെയും തദ്ദേശ സ്വയംഭരണം, ഉന്നതവിദ്യാഭ്യാസം, തൊഴിൽ, വ്യവസായംഎന്നീ വകുപ്പുകളുടെയും സഹകരണത്തോടുകൂടി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭകൾ എന്നിവ ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന് ജോയിന്റ് നടത്തിപ്പ് കമ്മിറ്റി ഉണ്ടാകും. ജില്ലാതലത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) നേതൃത്വപരമായ പങ്ക് വഹിക്കും. ബ്ലോക്ക്-മുനിസിപ്പൽ തലത്തിലെ സബ്സ്റ്റേഷനുകളാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ലോക്കൽ ഫെസിലിറ്റേഷൻ സെന്ററുകൾ/തൊഴിൽ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. കമ്മ്യൂണിറ്റി അംബാസിഡറോ പഞ്ചായത്ത് തീരുമാനിക്കുന്ന ഉദ്യോഗസ്ഥനോ/യോ ആയിരിക്കും കൺവീനർ.

യു.പി.എസ്.സി പുറത്തു വിട്ട കണക്കുകൾ പ്രകാരം പി.എസ്.സി നിയമനങ്ങളുടെ സിംഹഭാഗവും നടക്കുന്നത് കേരളത്തിലാണ്. എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് വഴി കഴിഞ്ഞ 4 വർഷത്തിനകം 8293 സ്ഥിര നിയമനവും 34859 താൽക്കാലിക നിയമനവും നടന്നിട്ടുണ്ട്. അതിനുപുറമേയാണ് തൊഴിൽ മേളകളിലൂടെ അഞ്ചു ലക്ഷം പേർക്ക് കൂടി തൊഴിൽ ലഭ്യമാക്കുന്ന ഈ ബൃഹത്തായ പദ്ധതി.

സന്നദ്ധ പ്രവർത്തകരുടേയും പൊതു ജനങ്ങളുടെ ആകെയും പങ്കാളിത്തം ഉറപ്പു വരുത്തി ലക്ഷ്യപ്രാപ്തി കൈവരിക്കുക എന്നത് പ്രാദേശിക സർക്കാരുകളുടെ ചുമതലയാണ്. അതിന് നേതൃത്വം വഹിക്കേണ്ടത് പഞ്ചായത്ത് പ്രസിഡന്റുമാരാണ്.

## 14.4 പാലിയേറ്റീവ് കെയർ

ഗുരുതരമായ രോഗം ബാധിച്ച ആളുകൾക്ക് നൽകുന്ന പ്രത്യേക വൈദ്യ പരിചരണമാണ് പാലിയേറ്റീവ് കെയർ അഥവാ സാന്ത്വന പരിചരണം. മാറ്റിയെടുക്കാൻ പറ്റാത്ത ഘട്ടത്തിലെത്തിയ രോഗികളെയും അവരുടെ കുടുംബത്തെയും സമ്പൂർണ്ണമായും ക്രിയാത്മകമായും പരിചരിക്കുന്ന ഒരു രീതി എന്നാണ് ലോകാരോഗ്യ സംഘടനാ ഇതിന് നൽകുന്ന നിർവ്വചനം. രോഗിയുടെയും കുടുംബത്തിന്റെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ ഏറ്റവും ഉയർന്ന നിലവാരം ആസ്വദിക്കാനുള്ള അവകാശത്തിന്റെ അവിഭാജ്യ ഘടകമായാണ് പാലിയേറ്റീവ് കെയറിനെ മനുഷ്യാവകാശ കാഴ്ചപ്പാടിൽ കാണുന്നത്.

ഇന്ത്യയിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം കേരളത്തിലെ പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങളെ ലോകാരോഗ്യസംഘടന മാതൃകയായി അംഗീകരിച്ചിട്ടുമുണ്ട്. നവകേരള കർമ്മപദ്ധതി-2, ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തനമേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ. ഇതിന്റെ ഭാഗമായി സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്.

ഇന്ത്യയിൽ ആദ്യമായി പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചത് കേരളമാണ്. സാമൂഹ്യമാറ്റങ്ങൾ കണക്കിലെടുത്ത് 2008 ലെ സംസ്ഥാന പാലിയേറ്റീവ് നയം 2019 ൽ പരിഷ്കരിക്കുകയുണ്ടായി.

എല്ലാ വ്യക്തികൾക്കും അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി കണക്കിലെടുക്കാതെ ഉയർന്ന നിലവാരമുള്ള, കാര്യക്ഷമമായ, പാലിയേറ്റിവ് പരിചരണ സേവനങ്ങൾ നൽകുക എന്നതാണ് കേരളത്തിന്റെ നയം. സേവനം ആവശ്യമുള്ള എല്ലാവരുടേയും അവകാശമാണ് സാന്ത്വന പരിചരണം.

പ്രാദേശിക സർക്കാരുകളും ഏതാണ്ട് 350 ൽ പരം സർക്കാരിതര ഏജൻസികളുമാണ് കേരളത്തിൽ ഗൃഹകേന്ദ്രീകൃതമായ പാലിയേറ്റീവ് പരിചരണം നൽകുന്നത്.

### 14.4.1 വികേന്ദ്രീകൃത സമീപനം

സാമൂഹ്യ സംഘടനകളുടെയും സുമനസ്സുകളുടെയും പങ്കാളിത്തത്തോടുകൂടി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആയുഷ്, വിദ്യാഭ്യാസം, സാമൂഹ്യനീതി, യുവജനക്ഷേമം, വനിതാ-ശിശു

വികസന വകുപ്പ്, യുവജനക്ഷേമം, തദ്ദേശ ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് പ്രാദേശിക സർക്കാരുകൾ പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നടത്തിവരുന്നത്. താഴെ തട്ടിൽ നിന്നും മുകളിലേക്ക് എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്.

## 14.4.2 പാലിയേറ്റീവ് പരിചരണം-മൂന്നു തലത്തിൽ

2019 ലെ പാലിയേറ്റീവ് പരിചരണ നയ പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങളെ മൂന്നു തലങ്ങളായി തിരിച്ചിരിക്കുന്നു.

### 14.4.2.1 പ്രാഥമിക തലം

(ഹോം കെയർ സംവിധാനം) പ്രാദേശിക തലത്തിൽ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ആഭിമുഖ്യത്തിൽ പാലിയേറ്റീവ് പരിചരണ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ് പ്രാഥമിക തല പ്രവർത്തനം. പൊതു സമൂഹത്തിന്റെ ശക്തമായ പിന്തുണയോടുകൂടിയാകും ഈ പ്രവർത്തനങ്ങൾ നടക്കുക.

ഓരോ വാർഡിലും അയൽക്കൂട്ടങ്ങളൂടെയും വാർഡ് മെമ്പറുടെയും നേതൃത്വത്തിൽ പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തുകയും അവർക്ക് എന്തൊക്കെ സേവനങ്ങളാണ് വേണ്ടതെന്നു വിലയിരുത്തുകയും ചെയ്യുന്നു. നൽകേണ്ട സേവനങ്ങൾ എന്തെല്ലാം, ഏതെല്ലാം സമയങ്ങളിൽ നൽകണം, നൽകുന്നതിനുള്ള ചുമതലകൾ ആർക്ക് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ സമഗ്ര പരിചരണ പ്ലാൻ തയ്യാറാക്കിയാണ് പ്രവർത്തനങ്ങൾ.

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അനിവാര്യമായി (mandatory) നടപ്പാക്കേണ്ട പദ്ധതിയാണ് പാലിയേറ്റീവ് പരിചരണവും ഹോം കെയർ സംവിധാനവും. ആകയാൽ പഞ്ചായത്തുകൾ പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കുവേണ്ടി ഒരു പ്രോജക്ട് വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

### 14.4.2.2 ദ്വിതീയതലം

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനമാണ് ദ്വിതീയതല പ്രവർത്തനം. വിദഗ്ദ സേവനം നൽകുന്നതിനുള്ള പ്രഥമ റഫറൽ കേന്ദ്രങ്ങളായിരിക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. കിടത്തി ചികിത്സ നൽകാനായി പ്രത്യേകം വാർഡുകൾ സജ്ജീകരിക്കും. ഫിസിയോതെറാപ്പിയും ഇതര സ്പെഷ്യലിസ്റ്റ്-ഗൃഹ സന്ദർശന സേവനങ്ങളും ഈ തലത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

എമർജൻസി സേവനങ്ങൾക്കായി താലൂക്ക് ആശുപത്രി റഫറൽ യൂണിറ്റായി പ്രവർത്തിക്കും. സ്വകാര്യ ആശുപത്രികളിലെ സംവിധാനങ്ങളും ഉപയോഗപ്പെടുത്തും.

പ്രാദേശിക സർക്കാരുകൾ ഈ തലത്തിലെ പ്രവർത്തനങ്ങൾക്കും (ബ്ലോക്ക് പഞ്ചായത്തുകൾ/ജില്ലാ പഞ്ചായത്തുകൾ/നഗരസഭകൾ) നേതൃത്വപരമായ പങ്കുവഹിക്കേണ്ടതാണ്. ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

### 14.4.2.3 തൃതീയതല പാലിയേറ്റീവ് പരിചരണം

മെഡിക്കൽ കോളേജുകളിലെയും ജില്ലാ ജനറൽ ആശുപത്രികളിലെയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ പാലിയേറ്റീവ് പരിചരണ വിഭാഗം രൂപീകരിച്ച്, പാലിയേറ്റീവ്

പരിചരണ സേവനങ്ങൾ ഏകോപ്പിക്കുക എന്നതാണ് തൃതീയതല പ്രവർത്തനമായി പാലിയേറ്റീവ് നയം മുന്നോട്ട് വച്ച ആശയം. ഈ തലത്തിലെ പ്രവർത്തനം ശൈശവ ദിശയിലാണ്.

### 14.4.3 സാർവ്വത്രിക പാലിയേറ്റീവ് പരിചരണ സംവിധാനം

**കേരള കെയർ**

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടെയും പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുടെയും പിന്തുണയോടെ ഗുരുതര രോഗബാധിതർക്കും കുടുംബങ്ങൾക്കും ചികിത്സാ പരവും സാമൂഹ്യവും മാനസികവുമായ ഗൃഹ കേന്ദ്രീകൃതമായ പരിചരണ ശൃംഖലയാണ് കേരള പാലിയേറ്റിവ് കെയർ ഗ്രിഡ്. സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്.

സംസ്ഥാനത്തുടനീളമുള്ള പാലിയേറ്റീവ് കെയർ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനുമായി രൂപകല്പന ചെയ്തിട്ടുള്ളതാണ് കേരള പാലിയേറ്റീവ് കെയർ ഗ്രിഡ്. ഇത് പ്രാദേശിക തലത്തിൽ പാലിയേറ്റീവ് കെയർ കൂടുതൽ പ്രാപ്യമാക്കുന്നു. പുതിയ രോഗികളുടെ രജിസ്ട്രേഷൻ സുഗമമാക്കുകയും തുടർ പരിചരണം ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ വാളണ്ടിയർമാരുടെ രജിസ്ട്രേഷനും പരിശീലനവും എളുപ്പമാക്കുന്നു. കിടപ്പിലായ ഓരോ രോഗിക്കും ഒരു വളണ്ടിയറുടെ സേവനം ലഭ്യമാകുന്നുണ്ടെന്നു ഗ്രിഡ് ഉറപ്പാക്കും. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് ഈ സംരംഭം നടപ്പിലാക്കുന്നത്.

## 14.5 സംരംഭകത്വ വികസനം

ഒരു ആശയത്തെ ഒരു ബിസിനസ്സാക്കി മാറ്റുന്ന പ്രക്രിയയാണ് സംരംഭകത്വ വികസനം എന്ന് പറയുന്നത്.

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ (വ്യവസായ വകുപ്പ്) ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇതിൽ പ്രധാനമാണ് "ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉല്പന്നം" എന്ന പദ്ധതി. One Local Body One Product (OLOP). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹകരണത്തോട് കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലും പ്രാദേശികമായി സംരംഭക സാധ്യതയുള്ള ഉല്പന്നങ്ങൾ കണ്ടെത്തുകയും അവയുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുകയും അവയെ വിപണിയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ഒ. എൽ. ഒ. പി.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത, മൂല്യവർദ്ധന സാധ്യത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത, വിപണന സാധ്യത തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഒരു ഉല്പന്നമെങ്കിലും തിരഞ്ഞെടുത്ത് ബ്രാൻഡ് ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഇതിനായി വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്നതിന് വ്യവസായ വകുപ്പു സഹകരണം നൽകിവരുന്നു.

ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നൽകണമെന്നു പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലൂടെ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development-LED) ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. [G. O(MS) No. 3/2023/LSGD dtd 04.01.2023]

## 14.5.1 സംരംഭക വികസനത്തിൽ പ്രാദേശിക സർക്കാരുകളുടെ സഹായം

തൊഴിൽ മേഖലയിൽ ഇതുവരെ വ്യക്തിഗത/ഗ്രൂപ്പു അധിഷ്ഠിത തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ, റിവോൾവിംഗ് ഫണ്ടു നൽകൽ തുടങ്ങിയ പദ്ധതികളാണ് പ്രാദേശിക സർക്കാരുകൾ, ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടത്തിയിരുന്നത്. സംരംഭകത്വ വികസനത്തിലൂടെ സുസ്ഥിരമായ പ്രാദേശിക വികസനം സാദ്ധ്യമാക്കി ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പങ്ക് വളരെ വലുതാണെന്നു കണ്ടു ആ നിലയ്ക്കുള്ള പ്രവർത്തനങ്ങളാണ് 14-ആം പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. മൂന്നു തരത്തിലുള്ള പ്രവർത്തനങ്ങളാണ് സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

1. **പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായം**
2. **നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിന്**
3. **പ്രവർത്തനം മന്ദീഭവിച്ച നിലവിലുള്ള സംരംഭങ്ങളെ പുനർജ്ജീവിപ്പിക്കുക**

### 14.5.1.1 പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായം

സംരംഭകരുടെ സ്വന്തം മുതൽ മുടക്കിൽ തുടങ്ങുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യുക

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക. സ്വയം തൊഴിൽ സംരംഭങ്ങൾക്കും തൊഴിൽദായക സംരംഭങ്ങൾക്കും പലിശ സബ്സിഡി ഉൾപ്പടെയുള്ള സഹായം നൽകാം.

ഇത്തരം പുതിയ സംരംഭങ്ങൾക്ക് സാങ്കേതികവിദ്യ കൈവരിക്കുന്നതിനായി ടെക്നോളജി ഫണ്ട് നവീന ആശയങ്ങൾ വിപുലീകരിക്കുന്നതിന് ഇന്നോവേഷൻ ഫണ്ട്. പുതുസംരംഭങ്ങളെ ആദ്യഘട്ടത്തിൽ പിടിച്ചു നിൽക്കുന്നതിനായി/പരിരക്ഷിക്കുന്നതിനായി ഇൻകുബേഷൻ ഫണ്ട് മുതൽമുടക്കിനാവശ്യമായ സീഡ് ഫണ്ടിംഗ് തുടങ്ങിയ സഹായങ്ങൾ നൽകാവുന്നതാണ്.

### 14.5.1.2 നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരികരണം

നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിന് സഹായം നൽകുക എന്നതാണിത്. മുൻഖണ്ഡികയിൽ വിവരിച്ചിട്ടുള്ള വിവിധ തരം സഹായങ്ങൾക്ക് പുറമെ ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ടും അനുവദിക്കാവുന്നതാണ്.

#### 14.5.1.3 നിലവിലുള്ളവയെ പുനർജ്ജീവിപ്പിക്കുക

സാമ്പത്തിക പ്രതിസന്ധിമൂലമോ മറ്റു കാരണങ്ങളാലോ പ്രവർത്തനം മന്ദീഭവിക്കുകയോ നിലച്ചു പോകുകയോ ചെയ്തിട്ടുള്ള സംരംഭങ്ങളെ പുനജ്ജീവിപ്പിക്കുന്നതിന് പര്യാപ്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഇടപെട്ടു പ്രവർത്തിക്കണം. പലിശ സബ്സിഡി അടക്കമുള്ള ധനസഹായം ഇത്തരം സംരംഭങ്ങൾക്ക് നൽകാവുന്നതാണ്.

**പുതിയ കമ്മിറ്റി-ഉത്തരവാദിത്തങ്ങൾ**

- പുതിയ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയും അതിന്റെ നെടുന്തൂണായ പുതിയ പഞ്ചായത്ത് പ്രസിഡന്റും തങ്ങളുടെ ജില്ലയിലെ സംരംഭകത്വ വികസന പ്രവർത്തനങ്ങളുടെ അവസ്ഥ എന്താണെന്നു പഠിക്കാനും വിശകലനം ചെയ്യാനും തയ്യാറാകണം.
- ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ നിലവിൽ ജില്ലാ പഞ്ചായത്തിന് കഴിയുന്നുണ്ടോ ഇല്ലെങ്കിൽ എങ്ങനെയാണ് ലക്ഷ്യം കൈവരിക്കുക എന്ന് പരിശോധിക്കണം.
- സംരംഭകത്വ പ്രോത്സാഹനത്തിലൂടെയും നൈപുണ്യവികസനത്തിലൂടെയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ജില്ലാ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ടോ ഇല്ലെങ്കിൽ എന്തൊക്കെ സാദ്ധ്യമാകുമെന്ന് വിലയിരുത്തി മുന്നോട്ടു പോകാൻ കഴിയണം.

## 14.6 അതിദാരിദ്ര നിർമ്മാർജ്ജനം

രാജ്യത്ത് ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള സംസ്ഥാനമാണ് കേരളം. നീതി ആയോഗിന്റെ മൾട്ടി ഡയമെൻഷണൽ പോവർട്ടി ഇൻഡെക്സ് പ്രകാരം (2021) 0.7 ശതമാനം മാത്രം ദാരിദ്ര്യമുള്ള സംസ്ഥാനമാണ് കേരളം. ദാരിദ്ര്യത്തിന്റെ തോത് ചെറുതാണെങ്കിലും അത് പരിഹരിച്ച് ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ മനുഷ്യരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ 2021 ൽ അതിദാരിദ്ര്യം തുടച്ചു നീക്കാനുള്ള പദ്ധതിക്ക് തുടക്കമിട്ടത്. മറ്റൊരു സംസ്ഥാനത്തും ഇല്ലാത്തൊരു പദ്ധതിയ്ക്കാണ് കേരളം തുടക്കമിട്ടത്.

ആശ്രയ, അഗതിരഹിത കേരളം, വിശപ്പുരഹിത കേരളം തുടങ്ങി അതിദാരിദ്രം ഇല്ലാതാക്കാൻ നടത്തിയ പദ്ധതികളുടെ തുടർച്ചയായിട്ടാണ് അതിദാരിദ്ര നിർമ്മാർജ്ജന യജ്ഞം എന്ന പദ്ധതിക്ക് രൂപം നൽകിയത്. സംസ്ഥാനത്തെ അതിദാരിദ്രരെ കണ്ടെത്തി അവർക്കായി അതിജീവനത്തിനുള്ള പദ്ധതികൾ തയ്യാറാക്കി അവരെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടത്.

നമ്മുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, ആരോഗ്യം വരുമാനം തുടങ്ങിയ ഘടകങ്ങളിലൂന്നിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചാണ് അതിദരിദ്രരെ കണ്ടെത്താനുള്ള സർവ്വെ പൂർത്തികരിച്ചത്. സർവ്വേയിലൂടെ കണ്ടെത്തിയ 64006 അതിദരിദ്ര കുടുംബങ്ങളുടെ ദാരിദ്ര്യാവസ്ഥ മാത്രമല്ല ജീവിതസാഹചര്യം തന്നെ മാറ്റുന്നതിനായി പ്രത്യേക പദ്ധതി തന്നെ സംസ്ഥാന സർക്കാർ ആവിഷ്കരിക്കുകയുണ്ടായി. അതിന്റെ നിർവ്വഹണ ചുമതല പ്രാദേശിക സർക്കാരുകൾക്കായിരുന്നു. അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി എല്ലാവിധ ഘടകങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മൈക്രോപ്ലാനുകളാണ് പ്രാദേശിക സർക്കാരുകൾ തയ്യാറാക്കിയത്.

### 14.6.1 അതിദാരിദ്ര്യം 2.0

അതിദാരിദ്ര്യരായി കണ്ടെത്തിയ കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം ഉറപ്പാക്കുക, പുതുതായി അതി ദരിദ്ര്യ അവസ്ഥയിലേക്ക് എത്താൻ സാധ്യതയുള്ള കുടുംബങ്ങളെ കണ്ടെത്തുക. ദാരിദ്ര്യ കുടുംബങ്ങൾ അതിദാരിദ്ര്യത്തിലേക്ക് എത്താതിരിക്കാൻ ഉള്ള സുരക്ഷാവലയം തീർക്കുക. എന്നിവയാണ് അതി ദരിദ്ര മുക്ത കേരളം 2.0 ലക്ഷ്യം ഇടുന്നത്. ഇതിന് ഉതകുന്ന തലത്തിൽ ജില്ലാതല സംവിധാനം ഒരുക്കുക എന്നതാണ് ജില്ലാ പഞ്ചായത്തിന്റെ പങ്ക്. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ദാരിദ്ര ലഘൂകരണ വിഭാഗങ്ങളാണ് ജില്ലയിലെ ആകെ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്

### 14.6.2 പദ്ധതിയുടെ പ്രയോജനങ്ങൾ

പദ്ധതിയുടെ ഭാഗമായി 2553 കുടുംബങ്ങൾക്ക് റേഷൻ കാർഡ് 3125 പേർക്ക് ആധാർ കാർഡ് 887 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ, 1281 പേർക്ക് തൊഴിലുറപ്പ് കാർഡ്, 193 പേർക്ക് ഭിന്നശേഷി തിരിച്ചറിയൽ കാർഡ് തുടങ്ങിയവ സേവനമെന്ന നിലയിൽ ലഭ്യമാക്കാൻ കഴിഞ്ഞു. 11340 കുടുംബങ്ങൾക്ക് വീട് എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. 22054 പേർക്ക് ഇതിനകം ആശുപത്രി സേവനങ്ങൾ ലഭ്യമാക്കി ആവശ്യമുള്ളവർക്ക് ഭക്ഷണവും അല്ലാത്തവർക്ക് ഭക്ഷ്യകിറ്റും ലഭ്യമാക്കി. റേഷനും ആരോഗ്യ പരിരക്ഷയും വാതിൽപ്പടിയിൽ വേണ്ടി വന്നവർക്ക് അതും ലഭ്യമാക്കിയിട്ടുണ്ട്.

വലിയ പ്രതിസന്ധികൾക്കിടയിലും ലോകത്തിന് മാതൃകയായ വികസന മുന്നേറ്റം നടത്താൻ കഴിഞ്ഞത് സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും പൊതുജനങ്ങളും ഒത്തൊരുമയോടെയുള്ള പ്രവർത്തനം കാഴ്ച്ചവെച്ചത് കൊണ്ടാണ്. നവകേരള സൃഷ്ടിക്കായി സമഗ്രവും സർവ്വതല സ്പർശിയും സാമൂഹികനീതിയിൽ അധിഷ്ഠിതമായ വികസനം സാദ്ധ്യമാക്കാൻ നമുക്ക് കൈകോർക്കാം.

**ഇന്ത്യയിൽ ആദ്യമായി അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്ന സംസ്ഥാനമെന്ന ലക്ഷ്യം കേരളം കൈവരിച്ചു കഴിഞ്ഞു.**

## 14.7 വിജ്ഞാനകേരളം

### 14.7.1 ജില്ലാ പഞ്ചായത്ത് ഇടപെടൽ സാധ്യതകൾ

അധികാര വികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും പിൻബലത്തിൽ രാജ്യത്ത് തന്നെ ശക്തമായ പഞ്ചായത്തീരാജ് സംവിധാനം നിലനിൽക്കുന്ന കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ ഒട്ടേറെ വികസന-ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാദേശികതലത്തിൽ ശക്തമായ പിന്തുണയേകുന്ന ഒരു ജനകീയ സംവിധാനമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ട്. രാജ്യത്തിനു മാതൃകയായി അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടപ്പോൾ, അതിന് ശക്തമായ പിന്തുണ നൽകിയത് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ ദാരിദ്ര്യ ലഘൂകരണ വിഭാഗമായി പ്രവർത്തിക്കുന്ന കുടുംബശ്രീ സംഘടനാ സംവിധാനവുമായിരുന്നു.

2018 ലെ പ്രളയകാലത്തും അതിനുശേഷം കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിലും സംസ്ഥാന സർക്കാരിന് കൈത്താങ്ങായതും ഇതേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെയായിരുന്നു. സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ താഴെ തലത്തിൽ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംഘടനാ സംവിധാനവും വഹിക്കുന്ന പങ്ക് സ്തുത്യർഹമാണ്.

കേരളത്തിലെ ശക്തമായ പ്രാദേശിക സർക്കാരുകളുടെ പിന്തുണയോടുകൂടി കേരളം ആർജ്ജിച്ച വിജ്ഞാന അടിത്തറയെ തൊഴിൽശേഷിയാക്കി പരിവർത്തിപ്പിച്ചുകൊണ്ടും പുത്തൻ സാങ്കേതികവിദ്യകളും നൈപുണ്യ വികസനവും ഉൾച്ചേർത്തുകൊണ്ട് ഉൽപാദന വർദ്ധനവും സേവന മികവും യാഥാർത്ഥ്യമാക്കിക്കൊണ്ടുമുള്ള വൈജ്ഞാനിക സമൂഹമായി മാറുന്നതിനും അതുവഴി വൈജ്ഞാനിക സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ നവവികസന നയത്തിന് അനുസൃതമായി സംസ്ഥാനത്തെ വൈജ്ഞാനിക സമൂഹം ആയി മാറ്റുക എന്നത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. സംസ്ഥാന സർക്കാരിന്റെ മുൻകൈയിൽ ആവിഷ്കരിച്ചിട്ടുള്ള വിജ്ഞാനകേരളം ജനകീയ ക്യാമ്പയിൻ ഈ ദിശയിലേക്കുള്ള സുപ്രധാനമായ ഒരു കാൽവെപ്പാണ്.

ഉന്നത വിദ്യാഭ്യാസം യുവതി യുവാക്കളുടെ തൊഴിൽ പ്രതീക്ഷകളെ ഉയർത്തുന്നു. എന്നാൽ തൊഴിൽ മേഖലയ്ക്ക് ആവശ്യമുള്ള നൈപുണിയും വിദ്യാഭ്യാസ മേഖല നൽകുന്ന നൈപുണിയും തമ്മിലുള്ള വിടവ് വർദ്ധിച്ചുവരികയാണ്. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ തുടങ്ങി വെച്ച വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ ഏറെ പ്രസക്തമാകുന്നത്. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് അവരുടെ യോഗ്യതയ്ക്കും കഴിവിനും അനുസരിച്ചുള്ള തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും നൈപുണ്യ വികസനത്തിലൂടെ കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും അനുദിനം മാറിവരുന്ന തൊഴിൽ മേഖലയിൽ സ്ഥാനമുറപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും വിജ്ഞാനകേരളം അവസരം ഒരുക്കുന്നു.

### 14.7.2 ലക്ഷ്യങ്ങൾ

അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ സ്കില്ലിംഗ് & പ്ലേസ്മെന്റ് എന്ന മുഖ്യലക്ഷ്യം മുൻനിർത്തിക്കൊണ്ട് ജില്ലയിലെ തൊഴിൽ ശേഷിയെ പുത്തൻ സാങ്കേതികവിദ്യകളിലൂ

ടെയും നൈപുണ്യ വികസനത്തിലൂടെയും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സംഘടിതവും സംയോജിതവുമായ പ്രവർത്തനങ്ങളിലൂടെ വൈജ്ഞാനിക സമ്പദ് വ്യവസ്ഥ യാഥാർത്ഥ്യമാക്കുക എന്ന ബൃഹത്തായ ലക്ഷ്യത്തിനായി താഴെപ്പറയുന്ന ഉപലക്ഷ്യങ്ങൾ കൂടി പദ്ധതി വിഭാവനം ചെയ്യുന്നു.

**കാമ്പസ് സ്കില്ലിങ്-വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയുള്ള നൈപുണ്യ വികസനം**

ജില്ലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള സ്കിൽ സെന്ററുകൾ വഴി അവസാന വർഷ കോഴ്സുകൾക്ക് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളിൽ തൊഴിൽ മേഖലയിലേക്ക് കടക്കാൻ താല്പര്യം ഉള്ളവരെ തെരഞ്ഞെടുത്ത് അവർക്ക് താൽപര്യമുള്ള തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നതിന് സഹായകമായുള്ള ഇംഗ്ലീഷ് ഭാഷ നൈപുണി ഉൾപ്പെടെയുള്ള സോഫ്റ്റ്സ്കില്ലുകളും ഡോമെയിൻ സ്കില്ലുകളും സ്വായത്തമാക്കുന്നതിന് അവസരമൊരുക്കുക എന്നുള്ളത് പ്രധാനമാണ്. സ്കിൽസെന്ററുകളുടെ ആഭിമുഖ്യത്തിൽ ഓരോ ഡിപ്പാർട്മെന്റുകളും തങ്ങളുടെ സ്കിൽ പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ സംയോജിപ്പിച്ച് കോളേജ് തലത്തിൽ ഒരു സ്കിൽ പ്ലാനിന് രൂപം കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. കോളേജ് തലത്തിൽ തയ്യാറാക്കപ്പെടുന്ന സ്കിൽ പ്ലാനുകൾ സംയോജിപ്പിച്ചുകൊണ്ട് ജില്ലാതല ക്യാമ്പസ് സ്കില്ലിംഗ് പ്ലാനിന് രൂപം കൊടുക്കുന്നതിനും ആയത് ജില്ലാ പഞ്ചായത്ത്/നഗരസഭ/കോർപറേഷൻ തലത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പദ്ധതി തയ്യാറാക്കേണ്ടതാണ്. സെപ്റ്റംബർ-ഒക്ടോബർ മുതൽ ജനുവരി-ഫെബ്രുവരി വരെയുള്ള ആറുമാസക്കാലം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ് ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ജനുവരി-ഫെബ്രുവരി മാസങ്ങളിലായി പ്ലാൻ ചെയ്യുന്ന ജോബ് ഫെയറുകളിലേക്ക് സെപ്റ്റംബർ-ഒക്ടോബർ മുതൽ വിവിധ തലങ്ങളിലായുള്ള സോഫ്റ്റ് സ്കിൽ/ഡൊമൈൻ സ്കിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി മുന്നോട്ടുപോകേണ്ടതുണ്ട്. സ്കില്ലിങ്ങിന് ശേഷം മാത്രം വിദ്യാർത്ഥികളെ തൊഴിൽ മേഖലയിലേക്കും അഭിമുഖത്തിലേക്കും നയിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

പഞ്ചായത്തുതല സ്കില്ലിംഗ് പ്രവർത്തനങ്ങളും വിജ്ഞാനകേരളം പദ്ധതിയുമായും ബന്ധപ്പെട്ട് വ്യവസായ സ്ഥാപനങ്ങൾ, MSME യൂണിറ്റുകൾ, സ്റ്റാർട്ടപ്പുകൾ, കൺസ്ട്രക്ഷൻ–ഐ.ടി–ഹെൽത്ത്കെയർ തുടങ്ങിയ മേഖലകളിലെ തൊഴിലുടമകൾ എന്നിവരുമായി സ്ഥിരമായ ബന്ധം സ്ഥാപിക്കാൻ ഓരോ പഞ്ചായത്തും മുൻകയ്യെടുക്കണം. യുവജനങ്ങൾക്ക് യഥാർത്ഥ വ്യവസായപരികല്പനകൾ നൽകുന്നതിനായി സ്ഥാപനങ്ങളുമായി ചേർന്ന് ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ്, ഓൺ-ദ-ജോബ് ട്രെയിനിംഗ്, ഷോർട്ട് പ്രോജക്ടുകൾ തുടങ്ങിയ അവസരങ്ങൾ സൃഷ്ടിക്കാം. തൊഴിലുദ്യമങ്ങൾ ആവശ്യപ്പെടുന്ന നൈപുണ്യങ്ങൾ (industry-required skills) തിരിച്ചറിഞ്ഞ് അതനുസരിച്ചുള്ള സ്കില്ലിംഗ് പരിപാടികൾ പഞ്ചായത്തുതല സ്കിൽ പ്ലാനുകളിൽ ഉൾപ്പെടുത്തുന്നതും നിർണ്ണായകമാണ്. തൊഴിലുടമകളുമായി നടത്തുന്ന സ്ഥിരമായ ഇൻഡസ്ട്രി ഇന്ററാക്ഷൻ സെഷനുകൾ, HR മീറ്റ്, ക്യാമ്പസ് റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾ, മേഖലാതല സെമിനാറുകൾ എന്നിവ വഴി പ്രദേശത്തെ തൊഴിൽ സാധ്യതകൾ തുറന്നുകാട്ടുകയും യുവാക്കളുടെ തൊഴിൽ സന്നദ്ധത മെച്ചപ്പെടുത്തുകയും ചെയ്യാം.

ക്യാമ്പസ് സ്കില്ലിംഗിന്റെ ഭാഗമായി ഓരോ പഞ്ചായത്ത് പരിധിയിലുള്ള ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ (കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ. ടി. ഐകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ) അവരുടെ സ്ഥാപന സൗകര്യങ്ങളും ലാബ്/വർക്ക്ഷോപ്പ് സംവിധാനം എന്നിവയും ഉപയോഗപ്പെടുത്തി പഞ്ചായത്തുതല സ്കില്ലിംഗ് പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യാൻ കഴിയും. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, അധ്യാപക ശേഷി, ഉപകരണങ്ങൾ, ലാബ് സംവിധാനങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളോടൊപ്പം പ്രാദേശിക യുവാക്കളും സ്ത്രീകളും തൊഴിലന്വേഷകരും പങ്കെടുക്കാവുന്ന ഡൊമെയ്ൻ സ്കില്ലിംഗ്, ഡിജിറ്റൽ സ്കിൽസ്, ടെക്നിക്കൽ പരിശീലനം, സംരംഭകത്വ പരിശീലനം തുടങ്ങിയ കോഴ്സുകൾ സംഘടിപ്പിക്കാം. കൂടാതെ, ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ സമൂഹത്തിനും തുറന്നുകൊടുക്കുന്നതിനുള്ള പ്രത്യേക Community Skilling പരിപാടികളും ഉൾപ്പെടുത്താം. ഇതിലൂടെ സമൂഹത്തെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു സമന്വയ സംവിധാനമായി ക്യാമ്പസ് സ്കില്ലിംഗ് പ്രവർത്തിക്കുകയും പഞ്ചായത്തുതല സ്കിൽ ഇക്കോസിസ്റ്റം ശക്തിപ്പെടുകയും ചെയ്യും.

**കമ്മ്യൂണിറ്റി സ്കില്ലിംഗ്**

പഠനം പൂർത്തീകരിച്ച് പുറത്തിറങ്ങിയിട്ടുള്ള തൊഴിലന്വേഷകർക്ക് വേണ്ടി നടത്തുന്ന കമ്മ്യൂണിറ്റി സ്കില്ലിംഗ് പ്രോഗ്രാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജോബ്സ്റ്റേഷൻ തലത്തിലും ഫെസിലിറ്റേഷൻ സെന്റർ തലത്തിലും മൊബിലൈസ് ചെയ്ത് നടപ്പാക്കേണ്ടതാണ്.

പൊതുസമൂഹത്തിന്റെ ഭാഗമായുള്ള അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളെ ജനകീയ സംവിധാനങ്ങൾ വഴി കണ്ടെത്തി DWMS ജോബ് പോർട്ടലിൽ രജിസ്റ്റർചെയ്യുന്നതിനും അനുയോജ്യമായ തൊഴിലുകളിലേക്ക് അവരെ എത്തിക്കുന്നതിനും അതോടൊപ്പം പ്രസ്തുത തൊഴിൽ മേഖലയിൽ ആവശ്യമായ നൈപുണി നൽകികൊണ്ട് തൊഴിൽമേഖലയിലേക്കും അഭിമുഖത്തിനും സജ്ജരാക്കുന്ന പ്രക്രിയ പ്രാദേശിക കമ്മ്യൂണിറ്റി സ്കില്ലിങ് പ്രോഗ്രാമിലൂടെ പൂർത്തീകരിക്കേണ്ടതാണ്.

ഇതിനായി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു അനുസൃതമായ പദ്ധതികൾ തങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഉൾച്ചേർക്കുന്നതിനു കഴിയേണ്ടതാണ്.

ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന പദ്ധതികളിൽ 50% തുക ജോബ് സ്റ്റേഷൻ/ഫെസിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യ വികസനത്തിനും വിജ്ഞാനകേരള പദ്ധതി പ്രവർത്തനങ്ങൾക്കും ശേഷിക്കുന്ന 50% തുക സ്കില്ലിങ് പ്രോഗ്രാമിനായി ജില്ലാ പഞ്ചായത്തിലേക്ക് പൂൾ ചെയ്തുനടപ്പാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

നഗരസഭ കോർപ്പറേഷൻ തലത്തിൽ പ്രോഗ്രാമുകൾ നേരിട്ട് നടപ്പാക്കുന്ന രീതിയിൽ പ്ലാൻ ചെയ്യാവുന്നതാണ്.

**സ്കിൽ പ്ലാൻ**

ക്യാമ്പസ് തലത്തിൽ തയാറാക്കുന്ന സ്കിൽ പ്ലാൻ മാതൃകയിൽ കമ്മ്യൂണിറ്റി തലത്തിലും സ്കിൽ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇതിനു ആദ്യം ഫെസിലിറ്റേഷൻ സെന്റ തലത്തിലുള്ള

DWMS രജിസ്ട്രേഷൻ നടത്തിയ ഉദ്യോഗാർത്ഥികളുടെ ആവശ്യങ്ങൾ/തൊഴിൽ മേഖലകൾ മനസിലാക്കി ഗ്രാമപഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ തലത്തിൽ സ്കിൽ പ്ലാൻ തയ്യാറാക്കുകയും ആയത് വിജ്ഞാന കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി ജോബ് സ്റ്റേഷൻ തലത്തിൽ ക്രോഡീകരിച്ചു ജോബ് സ്റ്റേഷൻ തല സ്കിൽ പ്ലാനിങ്ങിനു രൂപം കൊടുക്കുകയും ചെയ്യേണ്ടതുണ്ട്.

ജോബ് സ്റ്റേഷൻ തലത്തിലെ സ്കിൽ പ്ലാനുകൾ ജില്ലാതലത്തിൽ ക്രോഡീകരിച്ചു കമ്മ്യൂണിറ്റി സ്കിൽ പ്ലാനിങ് ജില്ലാതലത്തിൽ അന്തിമരൂപം നൽകേണ്ടതാണ്.

ജില്ലാതലത്തിൽ ക്രോഡീകരിച്ചു തയ്യാറാക്കുന്ന ക്യാമ്പസ് സ്കിൽ പ്ലാനും കമ്മ്യൂണിറ്റി സ്കിൽ പ്ലാനും ജില്ലാ പദ്ധതിയുടെ ഭാഗമായി തന്നെ നടപ്പാക്കുന്നതിന് അനുയോജ്യമായ നടപടികൾ PMU വിന്റെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്. സ്കില്ലിങ് ഏജൻസികൾ ഉൾപ്പെടെയുള്ളവരെ കണ്ടെത്തിയും മെൻറ്ററപൂൾ തയ്യാറാക്കിയും സ്കിൽ പ്ലാനുകൾ പ്രവർത്തികമാക്കുന്നതിനു PMU വിന്റെ നേതൃത്വത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

### 14.7.3 ജില്ലാ പഞ്ചായത്ത്തലത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

1. സ്കില്ലിങ് പ്രോഗ്രാം — കമ്മ്യൂണിറ്റി സ്കില്ലിങ്<br>ക്യാമ്പസ് സ്കില്ലിങ്
2. സ്കിൽ പ്ലാൻ തയ്യാറാക്കൽ — കമ്മ്യൂണിറ്റി സ്കിൽ പ്ലാൻ<br>ക്യാമ്പസ് സ്കിൽ പ്ലാൻ
3. മെന്റർഷിപ് പ്രോഗ്രം — ടീച്ചർ മെന്റർമാർ<br>പൂർവ വിദ്യാർത്ഥി മെന്റർമാർ<br>കമ്മ്യൂണിറ്റി മെന്റർമാർ
4. സ്കിൽ എക്സിബിഷൻ/സ്കിൽ ഫെയർ-വിവിധ മേഖലയിൽ സ്കില്ലിങ് നടത്തിക്കൊണ്ടിരിക്കുന്ന ഏജൻസികളിൽനിന്നും താല്പര്യപത്രം (Expression of Interest) വാങ്ങി എംപാനൽ ചെയ്യുന്നതിനുള്ള സംവിധാനം
5. സ്കിൽ സെന്റർ @ ഇൻസ്റ്റിറ്റ്യൂഷൻ- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കില്ലിങിനും പ്ലേസ്മെന്റിനും വേണ്ടിയുള്ള സംവിധാനം
6. ജോബ് സ്റ്റേഷൻ @ ബ്ലോക്കുകളിലും നഗരസഭകളിലും- കമ്മ്യൂണിറ്റി തലത്തിൽ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് DWMS റെജിസ്ട്രേഷൻ വഴി സ്കില്ലിങ്നും ജോബ് ഫെയർ വഴി പ്ലേസ്മെന്റിനും അവസരമൊരുക്കുന്ന ബ്ലോക്ക്-നഗരസഭാ തലത്തിലുള്ള തൊഴിൽ കേന്ദ്രം
7. സ്കിൽ വർക്ക്ഷോപ്-വിവിധ തൊഴിൽ മേഖലയിൽ സ്കില്ലിങ് സാധ്യതകൾ പരിചയപ്പെടുത്തുന്ന ശില്പശാലകൾ
8. മെഗാ ജോബ് ഫെയർ-തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനും നേരിട്ട് അഭിമുഖങ്ങൾ സംഘടിപ്പിച്ചു പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിനുമുള്ള മെഗാ തൊഴിൽമേളകൾ
9. പ്രാദേശിക തൊഴിൽ മേളകൾ: വീട്ടമ്മമാർക്കും കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്കും

വേണ്ടി വീടിനുസമീപത്തു തന്നെയുള്ള തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള തൊഴിൽ മേളകൾ

10. വിർച്ച്വൽ ജോബ് ഫെയർ-ഓൺലൈൻ അഭിമുഖത്തിലൂടെയുള്ള തൊഴിലുകൾ
11. ഗൾഫ് ജോബ് ഫെയർ-വിദേശ തൊഴിൽ അവസരങ്ങളിലേക്കുള്ള വാതായനം
12. പ്രത്യേക വിഭാഗങ്ങൾക്കുള്ള തൊഴിൽമേളകൾ: SC/ST, ഭിന്നശേഷി, ട്രാൻസ് ജൻഡർ, മത്സ്യതൊഴിലാളികൾ)
13. ഗ്രൂമിങ് സെഷൻ: തൊഴിൽ അന്വേഷകരെ തൊഴിലിലേക്കു എത്തിക്കുന്നതിനുള്ള നൈപുണികൾ ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ
14. കോളേജ് യൂണിയൻ ഭാരവാഹികളുടെ ജില്ലാതല സംഗമം-Skill ഓറിയന്റേഷൻ
15. അഭ്യസ്തവിദ്യരായ ഹരിതകർമ്മസേന അംഗങ്ങൾക്ക് പ്രത്യേക നൈപുണ്യ വികസന കോഴ്സ്-മെച്ചപ്പെട്ട തൊഴിലുകളിലേക്ക് പ്ലേയ്സ്മെന്റ്
16. Working Group-പഞ്ചായത്തിന്റെ കീഴിൽ പ്രത്യേക തൊഴിൽ പരിശീലനം (Typing, Proofreading, Data management, Documentation, etc) നൽകി സ്ത്രീകളുടെ ഒരു Working Group സജ്ജമാക്കൽ, നിശ്ചിത വേതനാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ വർക്ക് കണ്ടെത്തി നൽകൽ
17. Hire a Junior-Campus placement through Alumnies- ഓരോ വിദ്യഭ്യാസ സ്ഥാപനങ്ങളുടെയും പൂർവ്വ വിദ്യാർഥികൾ മുഖേനെ അവരവരുടെ തൊഴിൽ സ്ഥാപനങ്ങളിലേക്ക് ചുരുങ്ങിയത് ഒരാളെ എങ്കിലും ക്യാമ്പസ് സ്പെഷ്യൽ ഡ്രൈവ് നടത്തി തെരഞ്ഞെടുക്കൽ
18. Earn While You learn-Part time jobs/hourly jobs/internship അവസരങ്ങൾ- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, പൊതു മേഖല സ്ഥാപനങ്ങളുടെയും കീഴിൽ നിശ്ചിത കാലയളവിൽ Paid/non-paid ഇന്റേൺഷിപ്/Part Time തൊഴിൽ ചെയ്യുവാനുള്ള അവസരം. ഇതിന്റെ ഭാഗമായി എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് കൂടി ലഭ്യമാക്കണം.
19. Work Near Home/Work from Home സാധ്യതകൾ പ്രയോജനപ്പെടുത്തുക

മേല്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമെ താഴെ പറയുന്ന അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പദ്ധതികൾ കൂടി ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

1. ജില്ലാതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്(DPMU) ഓഫീസ് സൗകര്യമൊരുക്കൽ(കെട്ടിടം, ഫർണിച്ചർ, കമ്പ്യൂട്ടർ/ലാപ്ടോപ്, പ്രിന്റർ, ഇന്റർനെറ്റ് കണക്ഷൻ, ഫോൺ സൗകര്യം എന്നിവ ഏർപ്പെടുത്തൽ)
2. PMU-Interns Honorarium
3. KRP/KILA Block Coordinators-Honorarium/TA, KRP/DRP/LRP പരിശീലന പരിപാടികൾ
4. PMU-Plan Review Meetings, Office Expenses-Stationary, refreshment
5. IEC-Documentation & Monitoring
6. Calling Campaigns &
7. Mentor Pool Formation
8. PMU-Vehicle

വിജ്ഞാന സമ്പദ് ഘടനയിലേക്ക് നിശ്ചയദാർഢ്യത്തോട് കൂടി കേരളം പ്രയാണം ആരംഭിച്ചു കഴിഞ്ഞു. കേരളത്തിന്റെ പശ്ചാത്തല സൗകര്യ പിന്നോക്കാവസ്ഥ പരിഹരിച്ചു കൊണ്ടും വ്യവസായ അന്തരീക്ഷം നിക്ഷേപ സൗഹൃദമാക്കിക്കൊണ്ടും ഈ ദിശയിലേക്കുള്ള പ്രവർത്തനങ്ങൾക്ക് ശക്തി പകരേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖല കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാകണം. വിജ്ഞാനം പകർന്നു നൽകിയാൽ മാത്രം പോരാ, പുതിയ വിജ്ഞാനം ഉല്പാദിപ്പിക്കണം.

കേരള വികസനത്തിന്റെ അടുത്ത ഘട്ടത്തിനു ഉന്നത വിദ്യാഭ്യാസ മേഖല ചാലക ശക്തിയായി മാറേണ്ടതുണ്ട്. പഠിക്കുന്ന വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യരായ തൊഴി ലന്വേഷകർക്കും നൈപുണി പരിശീലനം നൽകി അവരെ പുതിയ വ്യവസായങ്ങളിലെ ജോലികൾക്ക് പ്രാപ്തരാക്കാൻ കഴിയണം. ആധുനിക നൈപുണി ശേഷിയുള്ള തൊഴിൽ സേന വിജ്ഞാനസമ്പദ് ഘടനയിലേക്കുള്ള പരിവർത്തനത്തിന് അനിവാര്യമാണ്



# അധ്യായം 15

# സദ്ഭരണം

## 15.1 സദ്ഭരണം-ആശയവും പരിശ്രമങ്ങളും

### 15.1.1 സദ്ഭരണം-ആശയം

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന സങ്കല്പമാണ് 'സദ്ഭരണം'. സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ, ജനഹിത ഭരണം എന്ന കാഴ്ചപ്പാടോടു കൂടിയ നിരവധി ഇടപെടലുകളും ശ്രമങ്ങളും നടന്നതായി കാണാൻ കഴിയും. അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ 'സ്വരാജി'ൽ നിന്നും 'സുരാജി'ലേക്കുള്ള നയവും നിയമവും നമ്മൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 1996 ൽ സംസ്ഥാന സർക്കാർ നിയോഗിച്ച ഡോ. സത്യബ്രത സെന്നിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ശുപാർശകളിലൂടെ വരുത്തിയ ഭേദഗതികൾ സദ്ഭരണ തത്വങ്ങളായ പങ്കാളിത്തം, നിയമവാഴ്ച, സുതാര്യത, പ്രതികരണാത്മകത, സമവായം, തുല്യത, കാര്യക്ഷമത, പ്രതിബദ്ധത തുടങ്ങിയവയിൽ അധിഷ്ഠിതമാണ്. ഒമ്പതാം പദ്ധതിയിൽ ആരംഭിച്ച ജനകീയാസൂത്രണം-“അധികാരം ജനങ്ങളിലേക്ക്” എന്ന പങ്കാളിത്ത ആസൂത്രണ നിർവ്വഹണ പ്രക്രിയ പൂർണ്ണമായും സദ്ഭരണ തത്വങ്ങളിലധിഷ്ഠിതമാണ്. പത്താം പദ്ധതിയിൽ ഭരണ നവീകരണം പദ്ധതി (MGP) തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിരുന്നു. പതിനൊന്നാം പദ്ധതിയിൽ സദ്ഭരണത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പദ്ധതിയാണ് വിഭാവം ചെയ്തത്.

## 15.1.2 സദ്ഭരണത്തിന്റെ നാല് സവിശേഷ ഗുണങ്ങൾ

**(i) മാറ്റങ്ങൾക്ക് വിധേയമാകുന്ന ഭരണം (Change Oriented)**

സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങൾ അനുസരിച്ചുള്ള നയരൂപീകരണവും ആസൂത്രണവും പ്രാവർത്തികമാക്കണം.

**(ii) മെച്ചപ്പെട്ട ഫലം (Result Oriented)**

ഉല്പാദനപരമായ നേട്ടങ്ങൾ ഉണ്ടാകണം. പ്രതീശീർഷ വരുമാനം, ആരോഗ്യം, സാമൂഹ്യക്ഷേമ സൗകര്യങ്ങൾ എന്നിവയിലെല്ലാം ഗുണപരമായ വളർച്ച.

**(iii) ജനങ്ങളുടെ സുശക്തമായ പങ്കാളിത്തം (People's Participation)**

ജനപങ്കാളിത്തം സദ്ഭരണത്തിന്റെ സുപ്രധാന ഘടകമാണ്. ജനങ്ങളുടെ സംതൃപ്തിയാണ് സദ്ഭരണത്തിന്റെ അളവുകോൽ.

**(iv) പ്രതിബദ്ധതാബന്ധിതം (Commitment Oriented)**

അർപ്പണമനോഭാവം, ഉത്തരവാദിത്തം എന്നിവയോടുകൂടിയ ഭരണം ആരോഗ്യകരവും അർത്ഥപൂർണ്ണവുമായി മാറുന്നതോടൊപ്പം സമയബന്ധിതമായി കാര്യങ്ങൾ ലക്ഷ്യപ്രാപ്തി യിലെത്തിക്കാൻ സാധിക്കണം.

ലോകത്തിന് മാതൃകയായ 'കേരള മാതൃക' അധികാരവികേന്ദ്രീകരണ പ്രക്രിയ വഴി 'സ്വരാജ്-ഗ്രാമസ്വരാജ്' എന്ന രാഷ്ട്രപിതാവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ഒരു പരിധി വരെ നമുക്ക് സാധിച്ചിട്ടുണ്ട്. 'ഒരു തീരുമാനം എടുക്കുമ്പോൾ അത് ഏറ്റവും പാവപ്പെട്ട വ്യക്തിയെ, സാധാരണക്കാരനായ പൗരനെ എങ്ങനെ ബാധിക്കുന്നു എന്നത് പരിശോധിച്ചശേഷം മാത്രമേ തീരുമാനം കൈക്കൊള്ളാൻ പാടുള്ളൂ' എന്നാണ് മഹാത്മാഗാന്ധി നിർദ്ദേശിച്ചത്. പഞ്ചായത്തുകൾ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ അവ സാധാരണ ജനങ്ങൾക്ക് അനുഗുണമായിട്ടുള്ളതാണെങ്കിൽ തീർച്ചയായും അത് സദ്ഭരണത്തിന്റെ അഥവാ 'സുരാജ്' ന്റെ ഭാഗമാണ്.

സദ്ഭരണം എന്നാൽ നല്ല ഭരണം തന്നെ. പക്ഷെ ആർക്കാണ് നല്ലത്? അതാണ് ഭരണ കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ സ്വീകരിക്കേണ്ട നിലപാട് മഹാത്മാഗാന്ധി വിശദീകരിച്ചത്. ജനാധിപത്യ പ്രക്രിയയിൽ ഭരണം ജനങ്ങൾക്ക് വേണ്ടിയാണല്ലോ? ഭരണം നല്ലതായി, ഗുണകരമായി ജനങ്ങൾക്ക് അനുഭവപ്പെട്ടാൽ അതിനെ സദ്ഭരണമെന്ന് പറയാം. സാമൂഹികവും സാമ്പത്തികവുമായ സുസ്ഥിര വികസന പ്രക്രിയയിലെ അനിവാര്യ ഘടകമാണ് സദ്ഭരണം.

## 15.1.3 സദ്ഭരണം നടപ്പിൽ വരുത്തുമ്പോൾ താഴെ പറയുന്ന ദശ തത്വങ്ങൾ പാലിക്കേണ്ടതുണ്ട്.

**(i) നിയമവാഴ്ച (Rule of Law)**

രാജ്യത്തെ പരമോന്നതമായ ഭരണഘടനയും അതിൻ കീഴിൽ വരുന്ന നിയമവാഴ്ച സംവിധാനങ്ങളും നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണെന്ന് ഉറപ്പുവരുത്തുന്നു. നിയമം പാലിച്ചുകൊണ്ടുള്ള ഭരണമാണ് സദ്ഭരണം. ഗ്രാമപഞ്ചായത്തുകൾ എടുക്കുന്ന തീരുമാനങ്ങൾ അധികാരപരിധിയിൽപ്പെടുന്നതും നിയമാനുസൃതവും ആയിരിക്കണം. നിയമപരമായി നടപ്പിലാക്കേണ്ട കാര്യങ്ങളിൽ അതിലെ വ്യവസ്ഥകൾ അനുസരിച്ച് തീരുമാനങ്ങൾ

എടുക്കണം. നിയമാനുസൃത തീരുമാനങ്ങൾ നടപ്പാക്കുന്നതിന് മാത്രമേ ഉദ്യോഗസ്ഥർക്ക് ബാധ്യതയുള്ളു. പ്രായോഗികക്ഷമതയില്ലാത്ത, നടപ്പാക്കാൻ സാധിക്കാത്ത, നിയമത്തിന്റെ അതിരു ലംഘിക്കുന്ന തീരുമാനങ്ങൾ ഒഴിവാക്കുന്നത് തന്നെയാണ് ഉചിതം. ഗ്രാമപഞ്ചായത്ത് ഭരണം പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും അനുബന്ധ നിയമങ്ങളും സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിച്ചുവേണം. നിയമങ്ങൾ പാലിക്കാൻ ഉള്ളതാണെന്നും ലംഘിക്കപ്പെടാൻ ഉള്ളതല്ലെന്നും ഉള്ള പൗരബോധം ശക്തമാകേണ്ടതുണ്ട്.

**(ii) സുതാര്യത (Transparency)**

സദ്ഭരണത്തിൽ നടക്കുന്ന കാര്യങ്ങൾ ജനങ്ങൾക്ക് അവരാവശ്യപ്പെടാതെ തന്നെ ലഭ്യമാക്കണം. സദ്ഭരണത്തിന്റെ മുഖമുദ്രയാണ് സുതാര്യത എന്ന് പറയാം. വിവരാവകാശ നിയമം വരുന്നതിനു മുമ്പുതന്നെ 'അറിയാനുള്ള അവകാശം' കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഉണ്ടായിരുന്നു എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ 'സുതാര്യത' ഉറപ്പാക്കുന്നതിനുള്ള നിയമവ്യവസ്ഥ ഉണ്ടായിരുന്നുവെന്നതിന് ഉദാഹരണമാണ്. ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന എല്ലാ കാര്യങ്ങളും അറിയാൻ ജനങ്ങൾക്ക് സാധിക്കണം. 'സ്വമേധയായുള്ള വെളിപ്പെടുത്തൽ' ആണ് അനിവാര്യം. ജനങ്ങൾ ചോദിക്കാതെ തന്നെ വിവരങ്ങൾ, വസ്തുതകൾ, നടപടിക്രമങ്ങൾ, നേട്ട-കോട്ടങ്ങൾ എല്ലാം തന്നെ അവർക്ക് മനസ്സിലാക്കാനും വിലയിരുത്താനും ലഭ്യമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുവഴി ജനപങ്കാളിത്തം ഉറപ്പാക്കാനും പൗര കേന്ദ്രീകൃതമായ സദ്ഭരണം നടപ്പാക്കാനും സാധിക്കും. ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് ഭരണസമിതിയുടെ പ്രഖ്യാപനമായ പൗരാവകാശരേഖയിൽ ഭരണ-വികസന സുതാര്യത ഉറപ്പാക്കുന്നതിനാവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സമഗ്രമാക്കാവുന്നതാണ്.

**(iii) കാര്യക്ഷമത (Efficiency)**

നിയമവ്യവസ്ഥയിൽ അധിഷ്ഠിതമായി, സമയബന്ധിതമായി, സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് ഉള്ള കാര്യക്ഷമമായ ഭരണസംവിധാനമാണ് സദ്ഭരണം. ഭരണം കാര്യക്ഷമമാണോ എന്ന് വിലയിരുത്തേണ്ടത് സേവനാവകാശികളായ പൗരസമൂഹമാണ്. ഭരണ കാര്യക്ഷമതയില്ലായ്മ ദുർഭരണത്തിലേക്കും അഴിമതിയിലേക്കും നയിക്കും. ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള ഉദ്യോഗസ്ഥ ഓഫീസ് സംവിധാനങ്ങൾ യഥാസമയം വിലയിരുത്തിയാൽ ഇത് ഉറപ്പാക്കാൻ സാധിക്കും. ചെലവഴിക്കപ്പെടുന്ന പണത്തിന്റെ മൂല്യത്തിനനുസരിച്ചുള്ള നേട്ടം ഉണ്ടാകണം. കാര്യക്ഷമതയുള്ള ഭരണത്തിന് പാഴ്ചെലവ്, അഴിമതി, ധൂർത്ത് എന്നിവ ഒഴിവാക്കുകയും ധനകാര്യ തത്വങ്ങൾ പാലിക്കുകയും വേണം. ജനങ്ങളിൽ നിന്നും ശേഖരിക്കുന്ന നികുതി പണത്തിന്റെ ഭാഗമായുള്ള വരുമാനം ചെലവഴിക്കുമ്പോൾ പ്രത്യേക ശ്രദ്ധയും ശുഷ്കാന്തിയും പാലിക്കേണ്ടതുണ്ട്.

**(iv) തുല്യത (Equality)**

ഭരണ വികസന നേട്ടങ്ങൾ എല്ലാ ജനങ്ങൾക്കും ഒരുപോലെ ലഭ്യമാകണം. ഇതിൽ യാതൊരു വിധ പക്ഷപാതിത്വമോ നീതികേടോ നിയമലംഘനമോ പാടില്ല. അർഹതപ്പെട്ട എല്ലാവർക്കും ഭരണനേട്ടങ്ങൾ ലഭ്യമാകണം. ഇതിൽ യാതൊരു തരത്തിലുള്ള വിവേചനവും

പാടില്ല. ഭരണത്തിൽ തുല്യത ലംഘിക്കപ്പെട്ടാൽ അത് ദുർഭരണമായി മാറും. എല്ലാവർക്കും വിവേചനമില്ലാത്ത സേവനങ്ങൾ ലഭ്യമാകണം.

**(v) ഉത്തരവാദിത്തം (Accountability)**

തെരഞ്ഞെടുത്ത ജനങ്ങളോടാണ് ജനപ്രതിനിധികൾക്ക് ഉത്തരവാദിത്തം. അത് നിറവേറ്റാനും ജനങ്ങൾ അർപ്പിച്ച വിശ്വാസം നിലനിർത്താൻ ഏല്പിച്ച ചുമതലകൾ നിയമാനുസരണം നടപ്പാക്കി അവ ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം. ജനങ്ങൾക്കുവേണ്ടി ജനപ്രതിനിധിയെന്ന നിലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സുതാര്യത ഉറപ്പാക്കി ജനങ്ങളെ ബോധ്യ പ്പെടുത്തേണ്ടതുണ്ട്. ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം യജമാനന്മാർ ജനങ്ങൾ തന്നെയാണെന്ന ബോധ്യം ഉണ്ടാകണം.

**(vi) പ്രതികരണാത്മകം (Responsiveness)**

ജനങ്ങളുടെ ആവശ്യങ്ങളോട് ക്രിയാത്മകമായും അനുകൂലമായി പ്രതികരിക്കുകയും ജനഹിതം പരിഗണിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയും വേണം. ജനങ്ങൾ ഉന്നയിക്കുന്ന അഭിപ്രായ നിർദ്ദേശങ്ങൾ പരിഹരിക്കുകയും അതിന്മേലുള്ള നടപടികൾ അവരെ അറിയിക്കുകയും ബോധ്യപ്പെടുത്തുകയും വേണം. ഗുണകരമല്ലാത്ത തീരുമാനങ്ങൾ, ഭരണ വികസന പ്രവർത്തനങ്ങളിലെ കുറവുകൾ, അഴിമതി, കെടുകാര്യസ്ഥത തുടങ്ങിയവ ജനങ്ങൾ ചൂണ്ടികാണിക്കുമ്പോൾ അനുകൂലമായി പ്രതികരിക്കുന്നതിന് സാധിക്കണം. ഗ്രാമസഭകളിൽ ഉന്നയിക്കപ്പെടുന്ന കാര്യങ്ങളിലും പ്രമേയങ്ങളിലുമുള്ള തുടർ നടപടികൾ തുടർന്നുള്ള ഗ്രാമസഭകളിൽ ജനങ്ങളെ അറിയിക്കേണ്ടതുണ്ട്. ജനാഭിപ്രായം പരിഗണിച്ചുകൊണ്ടുള്ള ക്രിയാത്മക ഭരണമാണ് സദ്ഭരണം. ശബ്ദമില്ലാത്തവന്റെ ശബ്ദമായി ജനപ്രതിനിധികൾ മാറണം. ആദ്യം വരുന്നവന് ആദ്യം സേവനം എന്ന പരിഗണന ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഒരിക്കലും ശുപാർശയുമായി ഉദ്യോഗസ്ഥരെ സമീപിക്കരുത്.

**(vii) സമവായം (Consensus)**

ഭരണ വികസന തലങ്ങളിൽ തീരുമാനമെടുക്കേണ്ട ഘട്ടങ്ങളിൽ വ്യത്യസ്തമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വ്യക്തികളിൽ നിന്നും സമൂഹത്തിൽ നിന്നും ഉയർന്നുവരും. എല്ലാവരുടെയും ആശയങ്ങളും ആശങ്കകളും പരിഗണിച്ച് സമവായത്തിലൂടെ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം കൈക്കൊള്ളണം. നിയമവ്യവസ്ഥയും സർക്കാർ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ കാര്യങ്ങൾ കൂടി പരിഗണിക്കണം. കാര്യങ്ങൾ, പ്രശ്നങ്ങൾ പൊതു സമക്ഷം അവതരിപ്പിക്കാനോ അറിയിക്കാനോ സാധിക്കാത്ത, അതിനുതക്ക അറിവില്ലാത്ത ഒരു സമൂഹം നമ്മുടെ ഇടയിലുണ്ട്. സമവായം വഴി തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ ഈ കാര്യം കൂടി മനസ്സിൽ ഉണ്ടാകേണ്ടതുണ്ട്.

**(viii)ജനസൗഹൃദ സമീപനം (People Friendly)**

ഭരണ വികസന കാര്യങ്ങളിൽ സ്വീകരിക്കുന്ന ജനസൗഹൃദ സമീപനം സദ്ഭരണ തത്വങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും അവിടെയുള്ള സംവിധാനങ്ങളും ജനസൗഹൃദമാണെന്ന് ഉറപ്പാക്ക

ണം. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് അത് ഉറപ്പാക്കുകയും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ പ്രവർത്തനക്ഷമമാണെന്ന് പരിശോധിച്ച് ബോധ്യപ്പെടുകയും വേണം. ഭിന്നശേഷിക്കാർക്കുള്ള റാമ്പ് നിർമ്മിച്ച് വഴി തടസ്സപ്പെടുന്ന രീതിയിൽ സാധനങ്ങൾ നിക്ഷേപിക്കൽ, മുലയൂട്ടൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയ മുറിയിൽ അതിനുള്ള ഭൗതിക സാഹചര്യം ഇല്ലാതിരിക്കൽ തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. ജനസൗഹൃദ സമീപനത്തിൽ ബന്ധപ്പെട്ട വ്യക്തികളുടെ മനോഭാവം വലിയൊരു ഘടകമാണ്.

**(ix) പ്രാപ്യത (Accessibility)**

നിബന്ധനകളുടെയോ ചിട്ടകളുടെയോ തടസ്സമില്ലാതെ ഭരണസംവിധാനത്തിലെ സേവനങ്ങൾ അനുഭവിക്കുന്നതിനുള്ള പ്രാപ്യത എല്ലാ ജനങ്ങൾക്കും ഉണ്ടാകണം. ഇ-ഗവേണൻസ് സംവിധാനം നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിൽ സേവനപ്രാപ്യത എല്ലാവർക്കും ഉറപ്പാക്കുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കും ഭരണസംവിധാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുന്നതിനും അറിയിക്കുന്നതിനും ആവശ്യമായ ഒട്ടനവധി പുതിയ വഴികൾ തുറന്നുകിട്ടിയിട്ടുണ്ട്. ഇവ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ തന്നെയുള്ള ചെറുപ്പക്കാരായ സാങ്കേതിക വിദഗ്ധരുടെ സഹായം ഇതിനായി തേടാവുന്നതാണ്.

**(x) ജനപങ്കാളിത്തം (Participation)**

ജനങ്ങൾക്ക് ഭരണകാര്യങ്ങൾ അറിയാനും അഭിപ്രായം പറയാനും തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പാക്കാനും തിരുത്താനും അനുയോജ്യമായ അന്തരീക്ഷമുണ്ടാകുമ്പോൾ അത് പ്രത്യക്ഷ ജനാധിപത്യഭരണമായി മാറും. ജനപങ്കാളിത്തം ഉറപ്പാക്കാനും നിലനിർത്താനും സുതാര്യമായി കാര്യങ്ങൾ നടപ്പാക്കേണ്ടതുണ്ട്. പ്രത്യക്ഷ ജനാധിപത്യ വേദികളായ ഗ്രാമസഭകളിൽ ഉന്നയിക്കുന്ന കാര്യങ്ങൾ പരിഗണിക്കപ്പെടുകയും തുടർനടപടികൾ ഉണ്ടാകുന്നുവെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുകയും വേണം. വിലയിരുത്താനും വിമർശിക്കാനുമുള്ള ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കപ്പെടേണ്ടതുണ്ട്. കടലാസ്സിൽ ഒതുങ്ങി നിൽക്കുന്ന ജനപങ്കാളിത്തമല്ല, മറിച്ച് ഭരണത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഭരണ സംവിധാനത്തിനും ഒപ്പം ചേർന്ന് സഹായ സംവിധാനമായി, തിരുത്തൽ ശക്തിയായി, സദ്ഭരണത്തിന്റെ ചാലകശക്തിയായി ജനപങ്കാളിത്തം ഉയർന്നുവരണം.

## 15.2 പങ്കാളിത്ത ഭരണം

എല്ലാവരുടെയും പൂർണ്ണമായ പങ്കാളിത്തമാണ് (Total Participation) പഞ്ചായത്തിന്റെ അടിസ്ഥാന ഘടകം. ജനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ എന്നിവരുടെ കാര്യക്ഷമമായ പ്രവർത്തനമാണ് സ്ഥാപന വിജയത്തിന് നിദാനമായ ഘടകം. പഞ്ചായത്തിന്റെ ഭരണ വികസന ക്ഷേമ പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടങ്ങളിലും എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കണം.

പഞ്ചായത്തിൽ നടക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തവും പ്രവർത്തനവും ഉറപ്പാക്കിയാൽ നിരവധി നല്ല മാതൃകകൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ച പഞ്ചായത്തുകളുടെ കാര്യം പരിശോധിച്ചാൽ, അവയുടെ വിജയത്തിന് പിന്നിലെ പ്രധാന ചാലകശക്തി ജനപങ്കാളിത്തം ആണെന്ന്




കാണാൻ കഴിയും. ഗ്രാമസഭകൾക്ക് പുറമെ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരവധി കമ്മിറ്റി സംവിധാനങ്ങൾ പഞ്ചായത്തിലുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്ഥാപനതല മാനേജ്മെന്റ് കമ്മിറ്റികൾ ഉണ്ട്. ഇത്തരം ഔദ്യോഗിക കമ്മിറ്റി സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി ചുമതലകൾ നിർവ്വഹിക്കപ്പെടുകയാണെങ്കിൽ ഗ്രാമസഭകളിൽ ഉൾപ്പെടെ വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പാക്കാൻ സാധിക്കും.

ഇതിനെല്ലാം പുറമെ പഞ്ചായത്തുകളിൽ നിരവധി സന്നദ്ധ സംഘടനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വായനശാലകൾ, ക്ലബ്ബുകൾ, യുവജന സംഘടനകൾ തുടങ്ങി വിപുലമായ ഒരു നിര തന്നെ നമുക്ക് കാണാൻ കഴിയും. പഞ്ചായത്ത് ഭരണത്തിൽ, വികസന-ക്ഷേമ -സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളെ പങ്കെടുപ്പിക്കാൻ ചെറിയ ഇടപെടലുകൾ വഴി സാധിക്കും. അവരിൽ നിന്നുതന്നെ ഒരു ടീം ലീഡറെ തെരഞ്ഞെടുത്ത് ചുമതലകൾ നൽകുകയും ഇടയ്ക്കിടെ ലീഡർമാരെ ബന്ധപ്പെട്ട് പ്രവർത്തന പരിപാടികൾ ഏകോപിപ്പിക്കുകയും ചെയ്യാവുന്നതാണ്. യൂത്ത് ക്ലബ്ബ് ഭാരവാഹികൾ, വളണ്ടിയർമാർ എന്നിവരുടെ സേവനം ഇതിനായി ഉപയോഗിക്കാവുന്നതാണ്. ജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനങ്ങളും ശക്തമാകുന്നതോടെ പ്രാദേശിക സർക്കാർ സ്വയംഭരണം-സ്വരാജ് സങ്കല്പത്തിലേക്ക് ഉയർന്നുവരും.

## 15.3 പൗരാവകാശരേഖ (വകുപ്പ് 272 എ)

പഞ്ചായത്ത് പൊതുജനങ്ങൾക്ക് വാഗ്ദാനം ചെയ്യുന്ന സേവനങ്ങളുടെ രേഖയാണ് പൗരാവകാശരേഖ. പഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ എന്തെല്ലാം, സേവനങ്ങൾ ലഭിക്കുന്നതിന് ഏതെല്ലാം രേഖകൾ സമർപ്പിക്കണം, നിബന്ധനകൾ എന്തെല്ലാം, എത്ര ദിവസത്തിനകം സേവനം ലഭ്യമാകും തുടങ്ങിയ വിവരങ്ങളെല്ലാം പൗരാവകാശരേഖയിൽ വ്യക്തമാക്കണം. പരാതിക്കിട നൽകാത്തവിധം സേവനങ്ങൾ നിറവേറ്റുമെന്നുള്ള പഞ്ചാ

യത്തിന്റെ ബാധ്യത പൗരാവകാശരേഖയിലൂടെ ഉറപ്പുവരുത്തുന്നു. ഭരണ സുതാര്യതയ്ക്കും കാര്യക്ഷമതയ്ക്കുമുള്ള ഒരു ഉപാധി കൂടിയാണ് പൗരാവകാശരേഖ. പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റാൽ 6 മാസത്തിനകം പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതും പിന്നീട് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

പൗരാവാകാശരേഖ പൊതുസ്ഥലത്തും ഓഫീസിലും പ്രദർശിപ്പിക്കേണ്ടതും അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യേണ്ടതും ഗ്രാമസഭകളിൽ വായിക്കേണ്ടതുമാണ്. പൗരാവകാശരേഖയുടെ രത്നച്ചുരുക്കം പഞ്ചായത്ത് ഓഫീസിൽ പൊതുജനങ്ങൾക്ക് കണ്ട് വായിച്ച് മനസ്സിലാക്കത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

## 15.4 ജനപക്ഷ ഭരണനിർവ്വഹണത്തിന് "ഫ്രണ്ട് ഓഫീസ് സംവിധാനം"

ഭരണ സേവന സംവിധാനങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിന്റെ ഭാഗമായുള്ള പരിശ്രമങ്ങൾ പല പഞ്ചായത്തുകളുടെയും ഭാഗത്തുനിന്നും ഉണ്ടായി. ഇതിന്റെ തുടർച്ചയായി 'കില' യുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് എന്ന പേരിൽ നടപ്പാക്കിയ ഇടപെടലുകൾ തുടർന്ന് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിച്ചു. ഇതിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കാൻ സർക്കാരിനോട് 'കില' അഭ്യർത്ഥിച്ച പ്രകാരം 2.7.2009 ൽ സ.ഉ. (കൈ) നം. 123/2009/തസ്വഭവ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

വളരെയേറെ പ്രശംസ പിടിച്ചുപറ്റിയ ഈ "വയനാട് മാതൃക" സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും നടപ്പിൽ വരുത്തി. ജനങ്ങൾക്ക് ഗുണമേന്മയുള്ള സമയബന്ധിത സേവനം ഉറപ്പാക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം വഴി സാധിച്ചു. സദ്ഭരണ നിർവ്വഹണത്തിലേക്കുള്ള പ്രവേശനകവാടമായി ഫ്രണ്ട്ഓഫീസ് മാറി. ജീവനക്കാരെയോ സെക്രട്ടറിയെയോ സമീപിക്കാതെ സേവനങ്ങൾ ലഭിക്കുന്ന ഏകജാലക സംവിധാനമായ ഫ്രണ്ട്ഓഫീസ് മറ്റ് വകുപ്പുകൾക്ക് മാതൃകയായി മാറി.

### 15.4.1 ഫ്രണ്ട് ഓഫീസ് സംവിധാനത്തിൽ നിന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഐ. എസ്. ഒ. നിലവാരത്തിലേക്ക്

ജനങ്ങളുടെ ആവശ്യങ്ങൾ പ്രാദേശിക സാഹചര്യത്തിനനുസരിച്ച് നിറവേറ്റുന്നതിൽ പഞ്ചായത്തുകൾ മികച്ച പ്രവർത്തനം നടത്തിവരികയാണ്. ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തത്തിൽ വരുന്ന സേവനങ്ങൾ കൃത്യമായി നിർണ്ണയിച്ച് ജനഹിതമനുസരിച്ച് ശാസ്ത്രീയമായി രൂപപ്പെടുത്തുന്നതിനുള്ള പ്രായോഗിക മാനേജ്മെന്റ് പ്രവർത്തനമാണ് സമ്പൂർണ്ണ ഗുണമേന്മാ സംവിധാനം വഴി സാധ്യമാകുന്നത്.

**ഗുണനിലവാരം ഒരിക്കലും യാദൃച്ഛികമായി ഉണ്ടാകുന്നതല്ല; നല്ല നിലവാരം നേടുന്നതിനുള്ള ആസൂത്രണം, കൂട്ടായ പ്രവർത്തനം, അർപ്പണ മനോഭാവം എന്നിവയുടെ പരിണിതഫലമാണ്.**

വർഷങ്ങളായി നിരന്തരം വിപുലപ്പെടുത്തുകയും മാറ്റത്തിന് വിധേയമാവുകയും ചെയ്യുന്ന മേഖലയാണ് സേവനരംഗം. ഭക്ഷ്യവസ്തുക്കൾ, ഔഷധങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവക്ക് ഗുണനിലവാരം നിശ്ചയിച്ചിട്ടുണ്ട്. ഓരോ സേവനത്തിനും എന്ത് ഗുണനിലവാരമാണ് ഉണ്ടാകേണ്ടത് എന്നത് കൃത്യമായി നിശ്ചയിക്കപ്പെട്ടിട്ടില്ല.

സമ്പൂർണ്ണ ഗുണമേന്മാ സംവിധാനം (TQM) ഐ. എസ്. ഒ. എന്നിവയിൽ ഒറ്റപ്പെട്ട ശ്രമങ്ങൾ ജില്ലാ പഞ്ചായത്തിൽ ഉണ്ടായിരുന്നു. 2013 ൽ സർക്കാർ നിർദ്ദേശത്തെ തുടർന്ന് 'കില' ഈ ഉദ്യമം ഏറ്റെടുക്കുകയും ഇതിനാവശ്യമായ പരിശീലന പരിപാടി ആവിഷ്ക്കരിക്കുകയും ചെയ്തു. ഇത്തരത്തിൽ ഒരു പരിശീലന പരിപാടിയെ കുറിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അറിയിപ്പുകൾ നൽകുകയും താല്പര്യമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പരിശീലനത്തിന് അപേക്ഷിക്കാൻ അവസരം നൽകുകയും ചെയ്തു. 'കില'യുടെ മറ്റ് പരിശീലനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾക്കൊള്ളുന്ന ഒരു ടീമിനാണ് പരിശീലനം നൽകിയത്. പരിശീലനം ലഭിച്ച ഗ്രാമപഞ്ചായത്തുകൾ തുടർന്ന് ഐ. എസ്. ഒ. സർട്ടിഫിക്കറ്റ് നേടുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതോടൊപ്പം 29.01.2015 ന് സ.ഉ. (എം. എസ്.) നം. 18/2015/തസ്വഭവ, 2.2.2018 ൽ സ.ഉ. (സാധാ) നം. 308/2018/തസ്വഭവ എന്നീ രണ്ട് ഉത്തരവുകളിലായി ഗ്രാമപഞ്ചായത്തുകളിൽ ഐ. എസ്. ഒ. 9001: 2008 സർട്ടിഫിക്കേഷൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ നേടുന്നതിനുള്ള മാർഗ്ഗരേഖ പുറുപ്പെടുവിച്ചു.

ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ (ISO) സ്വിറ്റ്സർലാന്റിലെ ജനീവയിൽ സ്ഥാപിച്ചു. ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും നിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർട്ടിഫിക്കേഷൻ നൽകുന്നതിനും ഐ. എസ്. ഒ. സംവിധാനത്തിന് കീഴിൽ സ്റ്റാൻഡേർഡ് ബോർഡുകൾ ഉണ്ട്.

ഒരു സ്ഥാപനത്തിന് നിലവാരമുള്ള സേവനങ്ങൾ/ഉല്പന്നങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാനുള്ള മുഖമുദ്രയാണ് ഐ. എസ്. ഒ. സർട്ടിഫിക്കറ്റ്.

### 15.4.2 ഐ. എസ്. ഒ. സർട്ടിഫിക്കറ്റിന്റെ പ്രധാന നേട്ടങ്ങൾ

1. കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പാക്കുന്ന സുസ്ഥിര ഭരണ സംവിധാനത്തിന്റെ അടിസ്ഥാനം.
2. സ്ഥാപനത്തിന്റെ ഗുണനിലവാര സംവിധാന മികവിനുള്ള അന്തർദേശീയ സാക്ഷ്യപത്രം.
3. ജനാഭിലാഷം അനുസരിച്ചുള്ള ഭരണ സംവിധാനമാണ് സജ്ജമായിരിക്കുന്നതെന്ന് ഉറപ്പാക്കൽ.
4. ഗുണമേന്മാ പരിപാലന സംവിധാന കേന്ദ്രങ്ങളായി മാറുന്നതിന്റെ തെളിവ്.
5. സ്ഥാപനത്തിന്റെ ദീർഘ ദർശനത്തിന്റെയും കാഴ്ചപ്പാടിന്റെയും ഉത്തരവാദിത്തത്തിന്റെയും അടയാളം.

സമ്പൂർണ്ണ ഗുണമേന്മാ സംവിധാനം (TQM) നടപ്പാക്കുന്നതിലൂടെ ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ നേടുന്നതിന് സംസ്ഥാനത്തെ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകൾക്കും സാധിച്ചിട്ടുണ്ട്. സർട്ടിഫിക്കേഷൻ നടപടികളുടെ സുപ്രധാന ഘടകമായ കൺസൾട്ടന്റിന്റെ ചുമതല സർക്കാർ ഉത്തരവ് പ്രകാരം 'കില' ഏറ്റെടുക്കുകയും സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കൊപ്പം ചേർന്നു പ്രവർത്തിക്കുകയും ചെയ്തു. (ജി. ഒ. (ആർടി) 308/2018/തസ്വഭവ തീയതി 2.2.2018).

### 15.4.3 ഐ. എസ്. ഒ. സാക്ഷ്യപത്രം നേടുന്നതിന് പഞ്ചായത്തുകൾ നടത്തേണ്ട പ്രധാന പ്രവർത്തനങ്ങൾ

1. പഞ്ചായത്ത് തീരുമാനം: ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം ചേരുകയും തുടർന്ന് തീരുമാനം എടുക്കുകയും ചെയ്യൽ.
2. ക്വാളിറ്റി സർക്കിൾ രൂപീകരിക്കൽ: ജീവനക്കാരുടെ യോഗം ചേർന്ന് ക്വാളിറ്റി സർക്കിൾ രൂപീകരിക്കൽ.
3. കൺസൾട്ടന്റുമായി ബന്ധപ്പെടൽ: കൺസൾട്ടന്റായി പ്രവർത്തിക്കുന്ന 'കില'യുടെ ജില്ലാതല കോർഡിനേറ്ററുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുക.
4. ഐ.എസ്.ഒ. ആശയസ്വാംശീകരണം: ഐ.എസ്.ഒ. നേടുന്നത് സംബന്ധിച്ച കാര്യങ്ങളും നടപടിക്രമങ്ങളും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിശദീകരിക്കുകയും വ്യക്തത വരുത്തുകയും ചെയ്യുന്നു.
5. ഗുണമേന്മാ നയരൂപീകരണം: എല്ലാ ജീവനക്കാരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി, എല്ലാവരുടെയും ആശയങ്ങൾ സ്വീകരിച്ച് ഗുണമേന്മാ നയം രൂപീകരിക്കണം. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കണം.

(i) അവസ്ഥാ വിശകലനം: പൗരസർവ്വേയിലൂടെ ജനഹിതം കണ്ടെത്തുക. അതോടൊപ്പം ഓഫീസിന്റെയും ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെയും അവസ്ഥ വിലയിരുത്തുക.

(ii) അവസ്ഥ വിശകലനം അനുസരിച്ച് പഞ്ചായത്തിന്റെ ദീർഘകാല സേവന ഗുണമേന്മാ കാഴ്ചപ്പാടും ദൗത്യവും ഗുണമേന്മാ നയവും തയ്യാറാക്കുക. ഈ രേഖ എല്ലാവരിലും എത്തിക്കുക.

6. ഗുണമേന്മാ മാനുവൽ തയ്യാറാക്കൽ: പഞ്ചായത്തിന്റെ ഗുണമേന്മാ നയം, ലക്ഷ്യങ്ങൾ, ഗുണമേന്മാ സംവിധാനം, സേവനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് ആധികാരിക മാർഗ്ഗരേഖയായ ക്വാളിറ്റി മാനുവൽ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കണം.
7. കർമ്മപരിപാടി തയ്യാറാക്കൽ: പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഐ. എസ്. ഒ. നടപ്പാക്കുന്നതിനുള്ള കർമ്മപരിപാടിയും ഭൗതിക സാഹചര്യങ്ങൾ, പരിഹാര സമീപനങ്ങൾ എന്നിവ ഒരുക്കുന്നതിനുള്ള സമയവിവര പട്ടികയും തയ്യാറാക്കി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങുന്നു.

## 15.5 ശുപാർശരഹിത ജന സൗഹൃദ ഭരണം

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ വലിയൊരു പരിധിവരെ ഓൺലൈനായി ലഭ്യമാണ് ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ നേടിയ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ച ബോർഡിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. "ഈ ഓഫീസിൽ സേവനങ്ങൾ ലഭിക്കുന്നതിന് ശുപാർശയുടെ ആവശ്യമില്ല. സേവനങ്ങൾ ലഭിക്കുന്നതിൽ കാലതാമസമോ തടസ്സങ്ങളോ ഉണ്ടെങ്കിൽ താങ്കൾക്ക് സെക്രട്ടറിയെ നേരിൽ കാണാവുന്നതാണ്. അല്ലെങ്കിൽ താഴെ പറയുന്ന മൊബൈൽ നമ്പറിൽ വിളിച്ച് വിവരം ധരിപ്പിക്കാവുന്നതാണ്".

ജനങ്ങൾക്ക് നിയമാനുസരണം യഥാസമയം ലഭിക്കേണ്ട സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഇതിനു മുമ്പ് വിവരിച്ച സംവിധാനങ്ങൾ വഴി ഗ്രാമപഞ്ചായത്തുകളിൽ

നിലവിലുണ്ട്. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകർ ഈ സംവിധാനത്തെ അകമഴിഞ്ഞ് പിന്തുണക്കുന്നവരാണ്. ഒരു സ്ഥാപനത്തിന്റെ സൽപ്പേര് അവിടെ നിന്ന് ലഭിക്കുന്ന സേവനങ്ങളുടെ ഫലപ്രാപ്തിയെ ആശ്രയിച്ചാണിരിക്കുന്നത്. സർക്കാർ വിന്യസിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ വഴി സേവനങ്ങൾ യാതൊരുവിധ ശുപാർശകളുമില്ലാതെ തന്നെ സാധാരണ ജനങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്. ഈ സംവിധാനം നിലനിർത്താനും സേവനാവകാശികളായ ഗ്രാമപഞ്ചായത്തിലെ പൗരന്മാർക്ക് സേവനങ്ങൾ യഥാവിധി നിയമാനുസരണം ആദ്യം വരുന്ന ആളിന് ആദ്യം എന്ന ക്രമത്തിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും നമുക്ക് മാത്രമേ സാധിക്കുകയുള്ളൂ. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കുന്നതിന് അവ യഥാസമയം ഓഫീസ് മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ച് മുന്നോട്ട് പോകാൻ നമുക്ക് സാധിക്കും.

## 15.6 ഓഫീസ് നടപടിക്രമങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 5 ൽ “ഏത് ഉദ്ദേശത്തിലാണോ പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ളത് ആ ഉദ്ദേശങ്ങൾക്ക് ആവശ്യവും ഉചിതവും യുക്തവുമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുള്ള ക്ഷമത അതിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്” എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഓരോ സമയത്തും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുകയും ചെയ്യേണ്ടതും അപ്രകാരമുള്ള ഉത്തരവാദിത്തങ്ങളും അധികാര ശക്തികളും അതിന് ഉണ്ടായിരിക്കുന്നതുമാണ്. [വ: 5(2)]. മറ്റു സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വകുപ്പുകളിൽ നിന്നും തിരിച്ചും വ്യത്യസ്തമായി ബഹുമുഖമായ ചുമതലകൾ നിർവ്വഹിക്കുന്ന ഭരണഘടനാ സ്ഥാപനങ്ങളാണ് പഞ്ചായത്തുകൾ. അതുകൊണ്ടുതന്നെ മറ്റു സർക്കാർ ഓഫീസുകൾക്ക് ബാധകമായ ഓഫീസ് നടപടിക്രമങ്ങളിൽ നിന്നും വ്യത്യസ്തമായ ഓഫീസ് മാനേജ്മെന്റ് മാന്വൽ സ.ഉ. (ആർ. ടി.) നം. 1699/2017/തസ്വഭവ തീയതി 24.5.2017 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 10 അധ്യായങ്ങളുള്ള ഈ മാന്വലിൽ വിവിധ ഫോറങ്ങളും അനുബന്ധങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിനു പുറമെ ഘടക സ്ഥാപനങ്ങളുടെ ഓഫീസുകളും പ്രവർത്തിക്കുന്ന പ്രാദേശിക സെക്രട്ടേറിയറ്റ് ആയ പഞ്ചായത്തിന് കീഴിലെ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം മറ്റ് സർക്കാർ ഓഫീസുകളിൽ നിന്നും തികച്ചും വിഭിന്നമാണ്.

## 15.7 ആധുനിക മാനേജ്മെന്റ് സങ്കേതങ്ങൾ പ്രാദേശിക ഭരണത്തിൽ

### 15.7.1. നേതൃത്വം (Leadership)

പഞ്ചായത്തിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കേണ്ടവരാണ് ജനപ്രതിനിധികൾ, ഒരു സമൂഹത്തെ നിലവിലുള്ള അവസ്ഥയിൽ നിന്ന് മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പ്രേരണയും സ്വാധീനവും നൽകുന്ന പ്രക്രിയയാണ് "നേതൃത്വം”

(Leadership). ഒരു സമൂഹത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തി മുന്നോട്ട് നയിക്കുന്നതിനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുന്നയാളെ നമുക്ക് നേതാവയി കരുതാം. നേതാവ് നമ്മളിൽ ഒരാളാണ്. നമ്മളിൽ ഉള്ള മികച്ച വ്യക്തിയുമാണ്. തന്നിൽ നിക്ഷിപ്തമായ ദൗത്യം എങ്ങനെ നിറവേറ്റുന്നു എന്നതാണ് ഒരാളെ നേതാവ് (Leader) ആക്കുന്നത്.

'സ്വയം അറിയുക എന്നതാണ് ഏറ്റവും വലിയ അറിവ്' എന്ന സോക്രട്ടീസിന്റെ വാക്യം നേതാക്കൾക്കുള്ള വഴികാട്ടിയാണ്. അവനവന്റെ കഴിവുകൾ (Strength) പോരായ്മകൾ (Weakness) അവസരങ്ങൾ (Opportunities) വെല്ലുവിളികൾ (Threats) കണ്ടെത്തുന്ന SWOT വിശകലനം ഓരോ നേതാവും നടത്തേണ്ടതുണ്ട്.

**കഴിവുകൾ (Strength)**

എല്ലാ മനുഷ്യരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ കഴിവുള്ളവരാണ്. കഴിവുകൾ കാരിരുമ്പ് പോലെ ശക്തമാണെങ്കിലും ഉപയോഗിക്കാതിരുന്നാൽ തുരുമ്പെടുത്ത് പോകും.

**പോരായ്മകൾ (Weakness)**

നമ്മളിലെ പോരായ്മകൾ നമ്മൾ സ്വയം തിരിച്ചറിയുക. ദൗർബല്യങ്ങൾ ഉണ്ടെങ്കിൽ അവ സ്വയം പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയണം.

**അവസരങ്ങൾ (Opportunities)**

നമ്മുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ധാരാളം അവസരങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അവ പ്രയോജനപ്പെടുത്തി നമ്മുടെ കഴിവുകൾ വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതുണ്ട്. നഷ്ടപ്പെടുന്ന അവസരങ്ങളും സമയവും ഒരിക്കലും തിരിച്ചുകിട്ടില്ല.

### 15.7.1.1 നേതൃശൈലികൾ

പ്രധാനമായും നാല് തരത്തിലുള്ള നേതൃശൈലികൾ കാണാം.

1. ഏകാധിപത്യം (Autocratic Style)
2. ഉദ്യോഗസ്ഥ ശൈലി (Beurocratic Style)
3. ഉദാസീന ശൈലി (Laissez-Faire Style)
4. ജനാധിപത്യ ശൈലി (Democratic Style)

**ഏകാധിപത്യ ശൈലി**

സ്വന്തം അഭിപ്രായം അനുസരിച്ച് മറ്റാരോടും കൂടിയാലോചനകൾ നടത്താതെ തീരുമാനങ്ങൾ മറ്റുള്ളവരിലേക്ക് അടിച്ചേൽപ്പിക്കുന്ന ശൈലി. അധികാരം ഉപയോഗിച്ചുള്ള അടിച്ചമർത്തൽ ഇവരുടെ പ്രത്യേകതയാണ്. ഒരു ഫാക്ടറി മാനേജർ തൊഴിലാളികളോട് ആലോചിക്കാതെ ഫാക്ടറി പ്രവൃത്തി സമയം മാറ്റിയാൽ അത് ഏകാധിപത്യ ശൈലിയിലുള്ള നേതൃത്വമാണെന്ന് പറയാം. തീരുമാനം എളുപ്പം നടപ്പാക്കി ലക്ഷ്യം നേടുന്നുവെങ്കിലും സാമൂഹ്യനീതിയും ജനാധിപത്യവും ഹനിക്കപ്പെടുന്നു.

**ഉദ്യോഗസ്ഥ ശൈലി**

തൊഴിലാളികളിൽ നിന്നുള്ള ആശയങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുമെങ്കിലും സ്ഥാപനത്തിന്റെ നയവുമായി യോജിക്കാത്തവയൊന്നും തന്നെ സ്വീകരിക്കില്ല. പൊതുവിൽ

പ്രാപ്യത കുറഞ്ഞ ശൈലിയാണിത്.

**ഉദാസീന ശൈലി/സ്വതന്ത്ര ശൈലി**

പ്രാപ്തിയുള്ള അനുയായികൾ ഉത്തരവാദിത്തം ഏറ്റെടുത്ത് ചെയ്യുന്നു. അഥവാ അതിനുള്ള സാഹചര്യം ഉണ്ടാക്കുന്നു. അവരവരുടെ ഉത്തരവാദിത്തം സ്വതന്ത്രമായി ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നവരിൽ നിന്നും 'പുതിയ നേതൃനിര' ഉയർന്നു വരാവുന്നതാണ്. ആരുടേയും മേൽനോട്ടമില്ലാത്ത ഈ ശൈലി 'കാട്ടിലെ തടി, തേവരുടെ ആന, വലിയെടാ വലി' എന്ന ശൈലിയിലും ആകാം.

**ജനാധിപത്യ ശൈലി**

- » തീരുമാനങ്ങൾ ചർച്ചകളിലൂടെ മാത്രം
- » പരസ്പര ധാരണയും ബഹുമാനവും
- » നിയവാഴ്ചയോടുള്ള ബഹുമാനവും ജനതാല്പര്യങ്ങൾക്ക് മുൻഗണനയും
- » സഹപ്രവർത്തകർക്ക് അംഗീകാരം
- » കൂട്ടായ ചുമതലാ വിഭജനം
- » കൂട്ടായ ചർച്ചയും തീരുമാനമെടുക്കലും

**നേതാവിന്റെ ഉത്തരവാദിത്തങ്ങൾ**

നയിക്കുന്ന സംഘത്തെ സമയാസമയം വിലയിരുത്തി ലക്ഷ്യത്തിലേക്ക് എത്തിക്കൽ. ലക്ഷ്യത്തിലേക്കുള്ള തടസ്സങ്ങളെ ക്രിയാത്മകമായി തിരുത്തുകയും അനാവശ്യ/അപ്രധാന പ്രവർത്തനങ്ങൾ ഒഴിവാക്കുകയും ചെയ്യുക.

നേതാവിന്റെ ഏറ്റവും സുപ്രധാനമായ ഉത്തരവാദിത്തം അംഗങ്ങളെ ഒരേ ലക്ഷ്യത്തിലേക്കുള്ള ഒരു ടീം ആക്കി മാറ്റുക എന്നതാണ്.

അംഗങ്ങളുടെ മാനസിക സമ്മർദ്ദം ലഘൂകരിച്ച്, അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് ഒന്നിച്ചു പ്രവർത്തിക്കാൻ ആവശ്യമായ സാഹചര്യം ഒരുക്കുകയും അവർക്കിടയിലെ ഐക്യം നിലനിർത്തുകയും ചെയ്യുക.

### 15.7.1.2 ജനകീയ നേതാവ്: പരിഗണിക്കേണ്ട കാര്യങ്ങൾ

**(i) നേതാവിന്റെ വ്യക്തിത്വം**

സ്വഭാവം, അറിവ്, ഗ്രൂപ്പിലെ അംഗങ്ങളിലുള്ള വിശ്വാസം, പ്രതിച്ഛായ, സ്വാധീനം, മനോഭാവം എന്നിവ.

**(ii) ടീം അഗംങ്ങളുടെ സ്വഭാവം**

അംഗങ്ങളായ വ്യക്തികളുടെ സ്വഭാവം, അറിവ്, മനോഭാവം, സഹകരണം, പ്രവർത്തന ക്ഷമത എന്നിവ

**(iii) ജോലിയുടെ സ്വഭാവം**

ചെയ്തുതീർക്കേണ്ട പദ്ധതി/പ്രവൃത്തിയുടെ പ്രാധാന്യം, സ്വഭാവം, ആവശ്യകത, തീവ്രത, ലഭിക്കുന്ന സമയം എന്നിവ

**(iii) സ്ഥാപനാന്തരീക്ഷം**

ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം ജനങ്ങളുടെ കാഴ്ചപ്പാട്, സ്ഥാപനത്തിന്റെ തൊഴിൽ സംസ്കാരം, സാഹചര്യം എന്നിവ.

ഈ നാല് ഘടകങ്ങൾ പരിഗണിച്ച് വേണം നേതൃശൈലിയിലെ അനുയോജ്യമായ ശൈലി തെരഞ്ഞെടുക്കാൻ.

**15.7.1.3 ജനകീയ നേതാവ്-പൊതു ഗുണങ്ങൾ**

**(i) സ്വപ്നങ്ങൾ/ദർശനങ്ങൾ**

സ്ഥാപനത്തിൽ/പ്രദേശത്ത്/സമൂഹത്തിൽ കൈവരിക്കാൻ പോകുന്ന ദീർഘകാല നേട്ടങ്ങളെക്കുറിച്ച് വ്യക്തമായ സ്വപ്നങ്ങൾ ഉള്ളവരായിരിക്കണം.

**(ii) വ്യക്തമായ ലക്ഷ്യബോധം**

സ്വപ്ന സാക്ഷാത്ക്കാരത്തിനായി വ്യക്തമായ ലക്ഷ്യം ഉണ്ടാകണം. ഹ്രസ്വമായ ലക്ഷ്യം, മധ്യകാല ലക്ഷ്യം, ദീർഘകാല ലക്ഷ്യം എന്ന് ലക്ഷ്യങ്ങളെ തരം തിരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യണം.

**(iii) തീവ്രമായ ആഗ്രഹം**

ലക്ഷ്യങ്ങൾ നേടിയെടുക്കണമെന്ന തീവ്രമായ ആഗ്രഹം ടീം അംഗങ്ങളിലേക്ക് സന്നിവേശിപ്പിക്കാൻ കഴിയണം.

**(iv) ശുഭാപ്തി വിശ്വാസം**

സ്വപ്നങ്ങളെ സാക്ഷാത്കരിക്കാൻ സാധിക്കും എന്ന ഉത്തമവിശ്വാസത്തോടെ ടീമിനെ നയിക്കാൻ കഴിയുന്ന ദൗത്യബോധമുള്ളവരായിരിക്കണം.

**(v) നിശ്ചയ ദാർഢ്യം**

ലക്ഷ്യം നേടുവാനായി പതറാത്ത, തളരാത്ത മനസ്സോടെ പോരാടാനും ലക്ഷ്യത്തിനുവേണ്ടി നിലകൊള്ളാനും കഴിയണം.

**(vi) മൂല്യബോധം**

ധാർമ്മികതയിലൂന്നിയ തീരുമാനങ്ങൾ എടുക്കുവാനുള്ള ധൈര്യം ഉണ്ടാകുന്നതിനോടൊപ്പം ശരി ഏത്, തെറ്റ് ഏത് എന്ന തിരിച്ചറിവും ഉണ്ടാകണം.

**(vii) നിസ്വാർത്ഥത, ത്യാഗ മനോഭാവം**

നിസ്വാർത്ഥതയും ത്യാഗമനോഭാവവുമാണ് ഒരു ജനകീയ നേതാവിനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

**(viii) പ്രോത്സാഹനവും അംഗീകാരവും**

ജനകീയ നേതാക്കൾ തന്റെ കൂടെയുള്ളവരുടെ കഴിവുകൾ അംഗീകരിക്കുകയും, ലക്ഷ്യം നേടാൻ ടീം അംഗങ്ങളെ നിരന്തരം പ്രചോദിപ്പിക്കുകയും വേണം.

**(ix) ക്ഷമ/വിട്ടുവീഴ്ച**

വീഴ്ചകൾ സംഭവിച്ചാൽ ക്ഷമിക്കുവാനും പൊറുക്കുവാനും ജനകീയ നേതാക്കൾക്ക് സാധിക്കണം.

**(x) അച്ചടക്കം/മിതത്വം**

ജീവിതചര്യയിലും പ്രവർത്തനത്തിലും പ്രസംഗത്തിലും മിതത്വവും അച്ചടക്കവും പാലിക്കണം.

**(xi) നല്ല അനുയായി ആയിരികണം**

നേതാക്കൾ എപ്പോഴും നല്ല അനുയായികൂടിയായിരിക്കും. നയിക്കുന്നതുപോലെ നയിക്കപ്പെടാനും തയ്യാറായിരിക്കും.

**(xii) പരിമിതികളെക്കുറിച്ചുള്ള അവബോധം**

നേതൃത്വത്തിന് ഒട്ടേറെ പരിധികളും പരിമിതികളും ഉണ്ടെന്നും, നേതാവ് നിയന്ത്രണത്തിന് വിധേയരാണെന്നും മറ്റുള്ളവരോട് ഉത്തരം പറയേണ്ടിവരുമെന്നുമുള്ള ധാരണ ഉണ്ടാകണം.

**(xiii)മൃദുല വൈദഗ്ധ്യങ്ങൾ**

മൃദുല വൈദഗ്ധ്യങ്ങൾ (Soft Skills) ഉള്ള ഒരു വ്യക്തിയായിരിക്കണം നേതാവ്.

**(xiv) കർമ്മ ചൈതന്യം**

മികവാർന്ന സേവന പ്രവർത്തനം നടത്തുക വഴി ചൈതന്യം കൈവരിക്കുന്നവരായിരിക്കണം നല്ല നേതാക്കന്മാർ.

### 15.7.1.4 ജനകീയ നേതാവ്-ജനപ്രതിനിധികളുടെ ധർമ്മങ്ങൾ

**(i) പദ്ധതി ആസൂത്രണവും നിർവ്വഹണവും**

നവീനവും ഗുണപരവും സുസ്ഥിരവും ആയ വികസനം ലക്ഷ്യമാക്കിയ പദ്ധതികൾ കണ്ടെത്താനും അതതു പ്രദേശത്തുള്ളവരുടെ സഹകരണത്തോടെ നടപ്പിലാക്കാനും കഴിയണം.

**(ii) കാര്യക്ഷമമായ പ്രവർത്തനം**

നിരവധി പ്രവർത്തനങ്ങളുടെ ഏകോപനം നടത്തുന്ന ജനകീയ നേതാവ് എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

**(iii) ഗതിനിയന്ത്രണവും വിലയിരുത്തലും**

വ്യത്യസ്തമായ നിരവധി പദ്ധതികൾ നടപ്പാക്കുന്നതുകൊണ്ടുതന്നെ സമയബന്ധിതവും, കൃത്യവുമായ വിലയിരുത്തൽ നടത്തുകയും പ്രവർത്തനങ്ങളുടെ ഗതി നിയന്ത്രിക്കുകയും വേണം.

**(iv) സുതാര്യത**

എല്ലാ പ്രവർത്തനങ്ങളിലും സുതാര്യത ഉറപ്പുവരുത്താനുള്ള സംവിധാനം ഏർപ്പെടുത്തണം.

**(v) ടീം ആക്കി മാറ്റണം**

ഒരുപാട് കളിക്കാരുടെ ക്യാപ്റ്റനാണ് നേതാവ്. ഓരോ കളിക്കാരേയും വ്യക്തമായി അറിഞ്ഞ് ഉചിതമായ ദൗത്യങ്ങൾ ഏൽപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയണം.

**(vi) അധികാരവികേന്ദ്രീകരണത്തിനുള്ള ധൈര്യം**

നേതാവ് തനിക്ക് ലഭിച്ച അധികാരങ്ങൾ സഹപ്രവർത്തകരുമായി പങ്കുവയ്ക്കുവാനുള്ള ധൈര്യം കാണിക്കണം.

**(vii) ജനകീയ വേദികളുടെ പരിപോഷണം**

ജനകീയ വേദികളും (അയൽസഭ, ഗ്രാമസഭ) ജനാധിപത്യ വേദികളും (സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റികൾ) പരിപോഷിപ്പിക്കണം.

## 15.7.2 ടീം ബിൽഡിംഗ്




## 15.7.3 പ്രചോദനം

ഒരു നേതാവിന് ഉണ്ടായിരിക്കേണ്ട ഒട്ടനവധി ഗുണങ്ങളിൽ സുപ്രധാനമായ ഒന്നാണ് പ്രചോദനം (Motivation). ഒരു വ്യക്തി സ്വയമേവയോ മറ്റൊരാളിന്റെ പ്രേരണയാലോ ഒരു കാര്യം ചെയ്യാൻ ഉള്ള ആവേശം ഉണർത്തുന്ന പ്രേരകശക്തിയാണ് പ്രചോദനം. ഒരു പ്രവൃത്തിയിന്മേലുള്ള ഒരാളിന്റെ പ്രകടനം (Ability) പ്രചോദനത്തെയും (Motivation) ആശ്രയിച്ചിരിക്കുന്നു. ഈ കഴിവ് സ്വയം അവബോധം (Self Awareness) സമാനുഭാവം (Empathy) വിമർശനാത്മകത, സൃഷ്ടിപരമായ ചിന്ത, പ്രശ്നങ്ങൾ പരിഹരിക്കൽ, തീരുമാനങ്ങൾ എടുക്കൽ, ഫലപ്രദമായ ആശയവിനിമയം, വ്യക്തിബന്ധങ്ങൾ, സമ്മർദ്ദം അതിജീവിക്കൽ, വികാരവിക്ഷോഭങ്ങളെ മറികടക്കൽ തുടങ്ങിയവയെ ആശ്രയിച്ചിരിക്കുന്നു. നമ്മളിലുള്ള കഴിവുകളെ പുറത്തുകൊണ്ടുവരാൻ നമുക്ക് കഴിയണം. ഇത് സ്വയം നിരീക്ഷണം വഴിയോ മറ്റുള്ളവരിൽ നിന്നുമുള്ള പ്രേരണ വഴിയോ ആകാം. "ഈ ലോകത്ത് മറ്റൊരാളുമായി ഒരിക്കലും നിങ്ങൾ നിങ്ങളെ താരതമ്യം ചെയ്യരുത്, അത് നിങ്ങളെ സ്വയം അപമാനിക്കുന്നതിന് തുല്യമാണ് ". നമ്മുടെ പരിമിതികൾ വെച്ചാണ് ഒരു കാര്യം നമുക്ക് ചെയ്യാൻ കഴിയില്ലെന്ന ഒരു വിശ്വാസം നമ്മളിൽ ഉടലെടുക്കുന്നത്. നമ്മുടെ എല്ലാ കഴിവുകളും പരിസ്ഥിതിയും പരമാവധി ഉപയോഗിച്ച്, ഈ വിശ്വാസത്തെ മറികടന്ന് ആത്മവിശ്വാസം കൈവരിച്ചാൽ തീർച്ചയായും ലക്ഷ്യം നേടാൻ നമുക്ക് കഴിയും. സ്വയം നിരീക്ഷണം നടത്തി കാര്യങ്ങൾ പഠിക്കാനും മറ്റുള്ളവരിൽ നിന്നുള്ള പ്രചോദനം ഉൾക്കൊള്ളാനും നമുക്ക് സാധിക്കണം. ആത്മവിശ്വാസം, അവനവനിലുള്ള ബഹുമാനം, ഫലപ്രാപ്തി കൈവരിക്കുമെന്നുള്ള ദൃഢപ്രതിജ്ഞ എന്നിവ സ്വയം ഉണ്ടാകണം.

"എനിക്ക് കഴിയില്ല, എന്നെകൊണ്ട് ആ കാര്യം ഒരിക്കലും പൂർത്തീകരിക്കാൻ കഴിയില്ല" തുടങ്ങിയ ആത്മവിശ്വാസം തകർക്കുന്ന ചിന്തകൾ മനസ്സിൽ നിന്നും കളയണം. ഒരാളും താക്കോൽ ഇല്ലാത്ത താഴ് നിർമ്മിക്കുന്നില്ല എന്നതുപോലെ പരിഹരിക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ ഒന്നുംതന്നെയില്ല.

ജനപ്രതിനിധികളെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ കാര്യങ്ങൾ അവരുടെ ദൈനംദിന പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ്. ഒരേ ദിവസം വ്യത്യസ്ത സ്വഭാവക്കാരായ നിരവധി പേരെയാണ് ഒരു ജനപ്രതിനിധി അഭിമുഖീകരിക്കേണ്ടിവരുന്നത്. ശുഭചിന്തകൾ മനസ്സിൽ നിറച്ച് അശുഭചിന്തകൾ പൂർണ്ണമായി ഒഴിവാക്കി വേണം ഒരു വ്യക്തിയെ/ പ്രശ്നത്തെ സമീപിക്കാൻ. മുൻ ധാരണകൾ വെച്ചുള്ള സമീപനം എല്ലായ്പ്പോഴും തെറ്റായ നിഗമനങ്ങളിലേക്ക് വഴി തുറക്കും. നമ്മളുമായി ബന്ധപ്പെടുന്നവരിലേക്ക് ശുഭ ചിന്തകൾ പകരാനും അവരിൽ പ്രചോദനമുണ്ടാക്കുന്നതിനും നമുക്ക് സാധിക്കും.

**നമ്മൾ ബന്ധപ്പെടുന്ന സ്ഥാപനത്തിലെ ജീവനക്കാർ വ്യത്യസ്ത സ്വഭാവക്കാർ ആയിരിക്കാം. ഉദ്യോഗസ്ഥരുമായി ഇടപഴകുമ്പോൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. വീഴ്ചകൾ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ശ്രദ്ധയിൽ മാത്രമായിപ്പെടുത്തുവാനും മികച്ച പ്രവർത്തനങ്ങൾക്ക് പരസ്യമായി അഭിനന്ദിക്കാനും ശ്രദ്ധിക്കണം. പരസ്യമായ അഭിനന്ദനം ജീവനക്കാരെ പ്രചോദിപ്പിക്കുകയും അവർക്ക് അവരുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ഊർജ്ജം പകരുകയും ചെയ്യും.**

### 15.7.4 ആശയവിനിമയം (Communication)

ഒന്നോ അതിലധികമോ വ്യക്തികൾ/സമൂഹങ്ങൾ തമ്മിലുള്ള സന്ദേശ കൈമാറ്റമാണ് ആശയവിനിമയം. നമ്മൾ പറയുന്ന കാര്യങ്ങൾ ശ്രോതാക്കൾ എങ്ങനെ ഉൾക്കൊള്ളുന്നുവെന്നത് ആശയവിനിമയ പ്രക്രിയയിലെ പരമ പ്രധാനമായ കാര്യമാണ്.

ആശയവിനിമയ പ്രക്രിയ പൂർത്തീകരിക്കാൻ താഴെ പറയുന്ന 5 ഘടകങ്ങൾ അനിവാര്യമാണ്.

1. സന്ദേശം അയക്കുന്ന ആൾ (Sender)
2. സന്ദേശം (Messenger)
3. സന്ദേശം സ്വീകരിക്കുന്ന ആൾ (Receiver)
4. സന്ദേശം പ്രകടിപ്പിക്കാനുള്ള മാധ്യമം (Media)
5. പ്രതികരണം (Feedback)

ഒരാൾ സന്ദേശം അയച്ച് മാറ്റൊരാൾ അത് സ്വീകരിച്ച് പ്രതികരിക്കുമ്പോഴാണ് ആശയ വിനിമയ പ്രക്രിയ പൂർത്തിയാവുന്നത്.

ആശയത്തെ പദമൊഴി, ആംഗ്യമൊഴി എന്നിങ്ങനെ രണ്ടായി തിരിക്കാം.

**ഫലപ്രദമായ ആശയവിനിമയത്തിന് കണ്ണിൽ നോക്കി സംസാരിക്കുക.**
**പ്രസാദാത്മകതയോടെയും പുഞ്ചിരിയോടെയും സംസാരിക്കുക.**
**പേരുചൊല്ലി വിളിക്കുക.**
**പൊതുവായി പ്രശംസിക്കുക, രഹസ്യമായി ശാസിക്കുക.**
**പറയുന്നതിനെക്കാൾ കൂടുതൽ കേൾക്കാൻ താല്പര്യം കാണിക്കുക.**
**സർക്കാർ വിജ്ഞാപനങ്ങളും, സർക്കുലറുകളും ശരിയായി മനസ്സിലാക്കുക.**
**വാക്കുകൾക്ക് അനുപൂരകവും ഉചിതവുമായ ആംഗ്യഭാഷ ഉപയോഗിക്കുക.**
**ഔദ്യോഗിക ആശയവിനിമയം രേഖാമൂലം നൽകുന്നത് ശീലമാക്കുക**
**അറിയിപ്പുകൾ സൂക്ഷിക്കുക.**
**വാക്കുകൾക്കുള്ളിൽ ഒതുക്കിവെച്ച വികാരങ്ങൾ കൂടി കണക്കിലെടുക്കുക.**

ഫലപ്രദമായ ആശയവിനിമയത്തിന് നാല് നൈപുണികൾ ആവശ്യമാണ്.

**(i) സംസാരം**

സത്യസന്ധമായും വസ്തുതകളുടെ അടിസ്ഥാനത്തിലും യാഥാർത്ഥ്യബോധത്തോടെയും ആത്മാർത്ഥമായും അവതരിപ്പിക്കണം.

**(ii) ശ്രവണം**

നമ്മൾ നന്നായി മണിക്കൂറുകളോളം മറ്റുള്ളവരോട് സംസാരിക്കാൻ കഴിവുള്ളവരാണ്. പക്ഷെ മറ്റുള്ളവരെ ശ്രദ്ധിക്കുന്നതിനും അവർ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതിലും ഒരിക്കലും പിന്നിലാകരുത്. കേൾക്കലും ശ്രദ്ധിക്കലും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ബോധപൂർവ്വമല്ലാതെ തുടങ്ങുന്ന പ്രക്രിയയായ കേൾക്കലിൽ കേട്ടതൊന്നും നമ്മുടെ മനസ്സിൽ പതിയണമെന്നില്ല. ഒരു ക്ലാസ്സിൽ ഇരിക്കുമ്പോൾ, ചർച്ചയിൽ പങ്കെടുക്കുമ്പോൾ നമ്മൾ കേൾക്കുകയല്ല, മിറച്ച് ശ്രദ്ധിക്കുകയാണ് ചെയ്യുന്നത്. മനസ്സിലാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് നമ്മൾ കേൾക്കുന്നത്. ഇതിന് 'സജീവ ശ്രവണം' എന്ന് പറയാം. ഒരു ജനപ്രതിനിധിക്ക് അത്യന്താ പേക്ഷിതമായ വൈദഗ്ധ്യമാണിത്.

**(iii) എഴുത്ത്**

ജനപ്രതിനിധി വികസിപ്പിച്ചെടുക്കേണ്ട നൈപുണിയാണ് എഴുത്ത്. കത്തുകൾ, നോട്ടീസുകൾ, മിനിട്സ്, യോഗ കുറിപ്പുകൾ, പ്രമേയങ്ങൾ, ചോദ്യങ്ങൾ, നിവേദനങ്ങൾ തുടങ്ങിയവ എഴുതി തയ്യാറാക്കാനുള്ള നിങ്ങളുടെ കഴിവ് വർദ്ധിപ്പിച്ചെടുക്കേണ്ടതുണ്ട്.

**(iv) വായന**

'Good Leader, Good Reader' വളരെവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് അറിവിന്റെ തലവും മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ അറിവ് കാലാനുസൃതമാക്കാൻ വായന വഴി സാധിക്കുന്നു. ജനപ്രതിനിധികൾ സർക്കാർ ഉത്തരവുകൾ, നിയമങ്ങൾ, വിവിധ കൈപ്പുസ്ത കങ്ങൾ, ഔദ്യോഗിക റിപ്പോർട്ടുകൾ, അറിയിപ്പുകൾ തുടങ്ങിയ പ്രാദേശിക സർക്കാരിന്റെ

ദൈനംദിന ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം അറിഞ്ഞിരിക്കേണ്ടതാണ്. ഇതിന് വായന അത്യാവശ്യമാണ്.

**സ്ഥാപനത്തിലെ ആശയവിനിമയം**

ഒരു കൂട്ടം ആളുകൾ ഒരു പൊതു ലക്ഷ്യത്തിനായി കൂട്ടായി പ്രവർത്തിക്കുന്നതാണ് സ്ഥാപനം. സ്ഥാപനത്തിന്റെ കാര്യക്ഷമത ഫലപ്രദമായ ആശയവിനിമയത്തെ ആശ്രയിച്ചിരിക്കുന്നു.

**(i) താഴത്ത്**

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകളിലേക്കും തുടർന്ന് ഉദ്യോഗസ്ഥരിലേക്കും ജനങ്ങളിലേക്കും എത്തിച്ചേരുന്ന സന്ദേശങ്ങൾ.

**(ii) മുകളിലേക്ക്**

ജങ്ങളുടെ ക്ഷേമ വികസന ആവശ്യങ്ങൾ ഗ്രാമസഭകൾ വഴി ത്രിതല പഞ്ചായത്ത് സംവിധാനത്തിലേക്കും സർക്കാരിലേക്കും എത്തുന്നു.

**(iii) സമാന്തരം**

തുല്യ പദവിയിലുള്ള, ഒരേ വിഭാഗത്തിൽപ്പെടുന്നവർ തമ്മിലുള്ള ആശയവനിമയം. നിർവ്വഹണ ഉദ്യോഗസ്ഥ യോഗം, ജനപ്രതിനിധി യോഗം എന്നിവ ഇതിൽപ്പെടുത്താം.

**(iv) എല്ലാ ദിശകളിലേക്കും**

സ്ഥാനവ്യത്യാസമില്ലാതെ വ്യത്യസ്ത വ്യക്തികളും ഗ്രൂപ്പുകളും തമ്മിലുള്ള ആശയവിനിമയം.

**(v) കേട്ടുകേൾവി**

ഏത് സ്ഥാപനത്തിലും നടക്കാനിടയുള്ള സന്ദേശ കൈമാറ്റ രീതി. ഇത് ഗുണകരമോ ദോഷകരമോ നിരുപദ്രവകരമോ ആകാം. അപവാദ പ്രചരണങ്ങൾ സ്വഭാവഹത്യക്ക് കാരണമാകാനിടയുണ്ട്.

**ഇലക്ട്രോണിക് ആശയവിനിമയം**

**(i) മൊബൈൽ ഫോൺ:**

പരസ്പരം നേരിട്ട് സംസാരിക്കുന്നതിനുള്ള ഒരു ഉപാധി എന്നതിൽ ഉപരിയായി വിവര വിനിമയത്തിനുള്ള സുപ്രധാന ഉപാധിയായി മൊബൈൽ ഫോൺ മാറിയിട്ടുണ്ട്. എസ്. എം. എസ്, വാട്സ് ആപ്, ഫേസ് ബുക്ക്, ഓണലൈൻ യോഗങ്ങൾ തുടങ്ങി അനവധി സാധ്യതകൾ നവമാധ്യമങ്ങൾ തുറക്കുന്നുണ്ട്. ഔദ്യോഗിക അറിയിപ്പുകൾ അയക്കാനും ലഭിക്കാനും ഇവ ഉപയോഗിച്ചാൽ ധനവും പ്രയത്നവും സമയവും ലാഭിക്കാവുന്നതാണ്.

ടെലഫോൺ സംഭാഷണം-ഫോൺ ശരിയായി ഉപയോഗിക്കുകയാണെങ്കിൽ ഒരു ജനപ്രതിനിധിക്ക് തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ ഉപകരിക്കും. എന്നാൽ അശ്രദ്ധമായി ഉപയോഗിക്കുമ്പോൾ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

**ടെലഫോണിൽ സംസാരിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ**

- **ആവശ്യത്തിനുമാത്രം ഫോൺ ഉപയോഗിക്കുക. ആവശ്യമുള്ള കാര്യങ്ങൾ മാത്രം സംസാരിക്കുക.**
- **സംസാരം ആരംഭിക്കുന്നതിനുമുമ്പ് അഭിവാദ്യം ചെയ്യുക. സ്വയം പരിചയപ്പെടുത്തുക.**

- **ആരോടാണ് സംസാരിക്കുന്നതെന്ന് ചോദിച്ചറിയുക.**
- **സംസാരിക്കുമ്പോൾ വിനയവും ആത്മാർത്ഥതയും കാണിക്കുക.**
- **നിങ്ങൾ തിരക്കിലാണെങ്കിൽ പിന്നീട് നിങ്ങളെ എപ്പോൾ വിളിക്കണമെന്നറിയിക്കുക. അല്ലെങ്കിൽ തിരിച്ച് വിളിക്കാമെന്ന് പറയുകയും വിളിക്കുകയും ചെയ്യുക.**
- **സംഭാഷണത്തിനിടയിൽ ഫോൺബന്ധം വിച്ഛേദിക്കരുത്. അബദ്ധത്തിൽ ഫോൺബന്ധം വിച്ഛേദിച്ചുപോയാൽ വീണ്ടും വിളിക്കുക.**
- **സംഭാഷണം അവസാനിച്ചാൽ നന്ദി പറയുക.**

**(ii) കമ്പ്യൂട്ടർ:**

പ്രാദേശിക ഭരണത്തിൽ സുപ്രധാനമായ പങ്കാണ് കമ്പ്യൂട്ടറുകൾ നിർവ്വഹിക്കുന്നത്. സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ ഭരണനിർവ്വഹണം വേഗത്തിലും കാര്യക്ഷമവുമാക്കുന്നു.

**(iii) ഇന്റർനെറ്റ്:**

അറിവിന്റെ അനന്ത സാധ്യതകൾ ലഭിക്കുന്ന ഇന്റർനെറ്റ് ശൃംഖല ചെലവ് കുറഞ്ഞ രീതിയിൽ സാധാരണക്കാരന് വിവരവിനിമയം സാധ്യമാക്കുന്നു. ഇലക്ട്രോണിക് രൂപത്തിൽ സന്ദേശങ്ങൾ (കത്തുകൾ) രേഖകൾ അയക്കുന്നതിനുള്ള ഒരു മെയിൽ സംവിധാനം കത്തിടപാടുകളുടെ വേഗത കൂട്ടുന്നു. ഇമെയിലുകൾ അയക്കുമ്പോൾ അതിലെ ഉള്ളടക്കം വ്യക്തമാക്കുന്ന രീതിയിൽ വിഷയ സൂചന ചേർത്തിരിക്കണം. വിഷയ സൂചന മെയിൽ വായിക്കേണ്ട ആളിന് അയച്ച സന്ദേശത്തിന്റെ മുൻഗണന തിരിച്ചറിയാൻ സഹായിക്കും.

**ഇ-മെയിൽ മര്യാദകൾ**

- ചുരുക്കെഴുത്തുകൾ ഒഴിവാക്കി അക്ഷരത്തെറ്റ് കൂടാതെ ഔദ്യോഗിക ഭാഷയിലാകണം കത്തുകൾ അയക്കേണ്ടത്.
- ഇമെയിലിലെ വലിയ അക്ഷരങ്ങൾ (Capital Letters) നിങ്ങൾ ആക്രോശിക്കുകയാണ് എന്ന സൂചന നൽകും. മെയിലിൽ ഇത്തരം രീതി ഒഴിവാക്കുന്നതാണ് അഭികാമ്യം.
- തമാശകൾ, ഫലിതങ്ങൾ, ദ്വയാർത്ഥങ്ങൾ വരുന്ന വാക്കുകൾ തുടങ്ങിയവ വായിക്കുന്ന ആളിന് അതേ അർത്ഥത്തിൽ തന്നെ ഉൾക്കൊള്ളാൻ കഴിയണമെന്നില്ല. ആയതിനാൽ അവ ഒഴിവാക്കുക.
- സന്ദേശം ചുരുക്കത്തിലും വിഷയത്തിൽ ഊന്നി നിൽക്കുന്നതും ആയിരിക്കണം. സങ്കീർണ്ണമായ കാര്യങ്ങൾ, വിശദവിവരങ്ങൾ നേരിൽ/ഫോൺ വഴി വിശദീകരിക്കാവുന്നതാണ്.
- വികാര പ്രകടനങ്ങൾ സന്ദേശത്തിൽ നിന്ന് ഒഴിവാക്കണം. നിങ്ങൾക്ക് സുപരിചതമായ വ്യക്തിയാണെങ്കിൽ നിങ്ങൾ അനുഭവിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നതിന് പരിമിതമായി ഇത് ഉൾപ്പെടുത്താവുന്നതാണ്.
- സന്ദേശങ്ങൾ അയക്കുന്നതിന് മുമ്പായി കൃത്യമായി വായിച്ചു ബോധ്യപ്പെടുകയും തെറ്റുകൾ ഇല്ലെന്ന് ഉറപ്പാക്കുകയും വേണം.

## 15.7.5 സമയപരിപാലനം (Time Management)

നമ്മൾ ബന്ധപ്പെടുന്നവരിൽ പലരും സ്ഥിരമായി പറയുന്ന ഒരു വാചകമാണ് "ഒന്നിനും

സമയം കിട്ടുന്നില്ല" എന്നത്. ഈ ലോകത്ത് എല്ലാവർക്കും ലഭിക്കുന്നത് ഓരേ സമയം തന്നെയാണ്. പിന്നെ എന്തുകൊണ്ട് നമ്മുടെ കാര്യങ്ങൾ മറ്റൊരു ദിവസത്തേക്ക് മാറ്റിവെക്കാതെ നമുക്ക്അതത് സമയത്ത് പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത്? സമയം ക്രമപ്പെടുത്തിയും ചിട്ടയായും ഉപയോഗിക്കാൻ സാധിക്കാത്തവരിലാണ് ഈ പരാതി കൂടുതലും ഉയർന്നുവരുന്നത്. കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിനായി ബോധപൂർവ്വം പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്ന സമയ നിയന്ത്രണ പ്രക്രിയയാണ് സമയപരിപാലനം.

മറ്റ് വിഭവങ്ങൾ പോലെ വളരെ പ്രധാനപ്പെട്ട വിഭവമാണ് സമയം. സമയത്തിന് പണത്തിന്റെ മൂല്യമുണ്ടെന്ന് നമ്മൾ പലപ്പോഴും പറയാറുണ്ട്. നഷ്ടപ്പെട്ടാൽ തിരിച്ചുകിട്ടാത്ത ഒന്നാണ് സമയം. നമ്മുടെ ദൈനംദിന ജീവിതത്തിൽ സമയ ആസൂത്രണം ഇല്ലെങ്കിൽ മറ്റെല്ലാ വിഭവങ്ങളും നഷ്ടപ്പെടും. ജനപ്രതിനിധി എന്ന നിലയിൽ ഉള്ള ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിന് സമയത്തിന്റെ ബോധപൂർവ്വമായ പരിപാലനം അനിവാര്യമാണ്.



# അധ്യായം 16

# പ്രസിഡന്റ്- പ്രാദേശിക സർക്കാരിന്റെ ലീഡർ

മനുഷ്യസമൂഹത്തിന്റെ നാളിതുവരെയുള്ള വളർച്ചയിൽ വിവിധ തരത്തിലുള്ള നേതൃത്വങ്ങൾക്ക് ശ്രദ്ധേയമായ പങ്കുണ്ട്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, മറ്റു മുന്നേറ്റങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപെടും. ഇത്തരത്തിലുള്ള സംഘടനകൾ ശ്രദ്ധേയമാകുന്നത് ഇവയ്ക്കൊക്കെ ചുക്കാൻ പിടിക്കാൻ ഗുണപരമായ നേതൃത്വ ബലങ്ങൾ പ്രകടിപ്പിച്ചിരുന്ന നേതാക്കൾ ഉണ്ട് എന്നതാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിലും, കേരളത്തിന്റെ നിർമാണത്തിലും ഈ ജനസൗഹൃദ നേതൃത്വത്തിന്റെ സ്വാധീനങ്ങൾ വലിയ തോതിൽ കാണാം.

നമ്മുടെ സംസ്ഥാനത്തെ അധികാര വികേന്ദ്രീകരണത്തിന്റെ എറ്റവും വലിയ സവിശേഷത അത് നിരന്തരം ജനങ്ങളോട് അടുത്ത് നിന്ന് പ്രവർത്തിക്കേണ്ട ഒരു പ്രക്രിയയും അതിനാൽ ജനസൗഹൃദ ഇടപെടൽ ആവശ്യപ്പെടുന്ന ഒന്നുമാണ്. അതിനാൽ തന്നെ നമ്മുടെ പ്രാദേശി കസർക്കാരുകളെ നയിക്കുന്നവരും ജനസൗഹൃദ നേതൃത്വ ഗുണങ്ങൾ ഉള്ളവരായിരിക്കണം.

## 16.1 ജനസൗഹൃദ നേതൃത്വം- നിർവചനം

ഒരു സമൂഹത്തെ നിലവിലുള്ള അവസ്ഥയിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ട അവസ്ഥയി ലേക്ക് എത്തിക്കുന്നതിന് ആവശ്യമായ പ്രേരണയും സ്വാധീനവും നൽകുന്ന പ്രക്രിയയാണ് നേതൃത്വം. നിരന്തര വളർച്ചക്ക് വേണ്ടിയുള്ള പ്രേരകഘടകമായി നിലകൊള്ളുകയും നിരന്തരം

ചലിപ്പിക്കുകയും ചെയ്യുന്ന ചാലകമാണ് നേതൃത്വം.

അപ്പോൾ ആരാണ് നേതാവ്? സമൂഹത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തി മുന്നോട്ട് നയിക്കുവാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുന്നയാളെ നമുക്ക് നേതാവായി കണക്കാക്കാം. രണ്ടോ മൂന്നോ പേര് ചേരുന്നിടത്തെല്ലാം നേതാക്കളുടെ ആവശ്യമുണ്ട്. നമ്മുടെ ചുറ്റുമുള്ള പല സംവിധാനങ്ങളിലും നേതാക്കളെ ദർശിക്കുവാൻ കഴിയും. ലോകത്തിലെ ഗുണപരമായ മാറ്റങ്ങളുടെയൊക്കെ പിന്നിൽ ജനസൗഹൃദ നേതാക്കളുടെ ശ്രദ്ധേയമായ ഇടപെടലുകൾ നിശ്ചയമായിട്ടുമുണ്ട്. എന്തിനേറെ, നമ്മുടെ ചുറ്റും തന്നെ ഇത്തരത്തിൽ ഉള്ളവരുണ്ട്. അവരെ നമ്മൾ അടുത്ത് കണ്ടിട്ടുമുണ്ട്.

## 16.2 ജനസൗഹൃദ നേതൃത്വം: ടീം ബിൽഡിങ്ങിന്റെ പ്രസക്തി

പഞ്ചായത്ത് ഭരണം എന്നത് ഒരു കൂട്ടായ പ്രവർത്തനമാണ്. അവിടെ പ്രസിഡന്റ് മറ്റ് വാർഡ് മെമ്പർമാരും ഒരു ടീമായി പ്രവർത്തിച്ചാൽ മാത്രമേ പഞ്ചായത്തിന്റെ ലക്ഷ്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കൂ. ടീം ബിൽഡിംഗ് എന്നത് ഈ കൂട്ടായ്മ വളർത്തുന്നതിനും ഓരോ അംഗത്തിന്റെയും കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സഹായിക്കുന്ന ഒരു സുപ്രധാന പ്രക്രിയയാണ്.

പഞ്ചായത്ത് ഭരണത്തിൽ ടീം ബിൽഡിംഗ് എന്നത് അവിഭാജ്യമായ ഒരു ഘടകമാണ്. ഒരു നല്ല ടീമിനെ നയിക്കുന്നതിൽ പ്രസിഡന്റിന് നിർണായകമായ പങ്കുണ്ട്. പ്രസിഡന്റിന്റെ നേതൃത്വഗുണം, ആശയവിനിമയ ശേഷി, അംഗങ്ങളെ ഒരുമിപ്പിച്ച് കൊണ്ടുപോകാനുള്ള കഴിവ് എന്നിവയെ ആശ്രയിച്ചിരിക്കും പഞ്ചായത്തിലെ ടീം വർക്കിന്റെ വിജയം. ശക്തമായ ടീം വർക്കിലൂടെ മാത്രമേ പഞ്ചായത്തിന് ജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് പ്രവർത്തിക്കാനും വികസനം കൈവരിക്കാനും സാധിക്കൂ.

## 16.3 സംഘർഷ രഹിതമായ അന്തരീക്ഷം ഉറപ്പാക്കുന്നതിൽ ഉള്ള പങ്ക്

പല തരം സാമൂഹിക ബന്ധങ്ങളുടെ കൂട്ടമാണ് മനുഷ്യർ. ജീവിത സാഹചര്യങ്ങൾ, പരിസരങ്ങൾ, ബന്ധങ്ങൾ, ബോധ്യങ്ങൾ എന്നിവ വ്യത്യസ്തവുമാണ്. ഇതിനാൽ തന്നെ ഒരു സാഹചര്യത്തോടുള്ള പ്രതികരണവും വ്യത്യാസപ്പെട്ടിരിക്കും. ഇത്തരത്തിലുള്ള മനുഷ്യരെ ഒത്തിണക്കി കൊണ്ടുപോകുന്നതിലും, അനിശ്ചിതത്വം തോന്നുന്ന സന്ദർഭങ്ങളിൽ യുക്തി പരമായി ഇടപെടുന്നതും പ്രധാനപ്പെട്ട കാര്യമാണ്. എന്തിനേറെ, നമ്മുടെ കുടുംബങ്ങളിൽ പോലും ഉണ്ടാവാൻ സാധ്യതയുള്ള ഇത്തരം സന്ദർഭങ്ങളെ എങ്ങനെ കൈകാര്യം ചെയുന്നു എന്ന് ആലോചിക്കൂ. എന്തൊക്കെയാണ് ഇത്തരം സാഹചര്യങ്ങളിൽ നിങ്ങൾ പൊതുവിൽ സ്വീകരിക്കുന്ന രീതികൾ.

## 16.4 വ്യക്തിബന്ധങ്ങളുടെ പ്രസക്തി

വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും മറ്റെല്ലാ തലങ്ങളിലും നിലനിന്നിരുന്ന ബന്ധങ്ങൾ പുനഃപരിശോധിക്കുകയും പൊളിച്ചെഴുതുകയും ചെയ്തുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നാം ജീവിക്കുന്നത്. രാജവാഴ്ചയും സാമ്രാജ്യമേൽക്കോയ്മയും ഏകാധിപത്യം നാമാവശേഷമാകുകയും അധികാരം ജനങ്ങളുടെ കൈയ്യിൽ എത്തിച്ചേരുകയും

ചെയ്തു. വ്യക്തി ബന്ധത്തിലും പെരുമാറ്റത്തിലും കുടുംബവ്യവസ്ഥയിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ മനോഭാവത്തിലും ബന്ധങ്ങളിലും പുതിയ രൂപഭാവങ്ങൾ കൈവരുത്തേണ്ടതുണ്ട്. ഇതിനായി ഏറ്റവും പ്രധാനം സ്വീകാര്യതയുള്ള വ്യക്തിത്വം ആയി മാറുക എന്നതാണ്.

മറ്റുള്ളവരിൽ സ്വീകാര്യത ഉറപ്പാക്കാനും, അതോടൊപ്പം തന്നെ നല്ലൊരു കേൾവിക്കാരനായി വ്യക്തിബന്ധങ്ങൾ പരിപോഷിപ്പിക്കാനും കഴിയണം. ഇതിനായി നമ്മുടെ ചിന്തകളെയും വികാരങ്ങളെയും പുരോഗമനപരമായ പരുവപ്പെടുത്താനും, എതൊരു സാഹചര്യത്തിലും സമചിത്തതയോടെ തീരുമാനങ്ങൾ എടുക്കാനും കഴിയണം. ആരോഗ്യകരമായ സംഭാഷണങ്ങളും, അർഹമായ ഇടങ്ങളിൽ നൽകുന്ന പരിഗണനയും അഭിനന്ദനങ്ങളും വ്യക്തിബന്ധങ്ങൾ നിലനിർത്തികൊണ്ട്പോകാൻ സഹായിക്കും.

**സ്വയം പരിശീലനത്തിന്**

**നിങ്ങളുടെ തൊഴിലിൽ സംതൃപ്തി നൽകുന്ന അവസരങ്ങൾ എന്തെല്ലാം ?**

**മറ്റുള്ളവരുടെ ജീവിതം നിങ്ങളുടെ വ്യക്തിബന്ധങ്ങൾ എതെങ്കിലും തരത്തിൽ സ്വാധീനിച്ചിട്ടുണ്ടോ ?**

**ബന്ധം വഷളാകുന്ന സാഹചര്യത്തിൽ നിങ്ങൾ അത് തിരിച്ച് പിടിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?**

## 16.5 പങ്കാളിത്തം ഉറപ്പിക്കൽ

പരസ്പര ധാരണയോടും ഒത്തൊരുമയോടും കൂടി നിൽക്കുകയും പൊതുവായ ലക്ഷ്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുകയും എന്നത് പ്രാദേശിക സർക്കാരുകളുടെ പ്രധാന കടമയാണ്. ഇത്തരം പ്രവർത്തികളിൽ പ്രധാനപ്പെട്ട ഒരു ഘടകമാണ് സമാന മനസ്കരുടെ പങ്കാളിത്തം പ്രവർത്തികളിൽ ഉറപ്പ് വരുത്തുക എന്നത് പ്രധാനവുമാണ്. ഒരു മികച്ച നേതാവിന് പിന്നിൽ അണിനിരക്കാനും, അദ്ദേഹത്തിന്റെ തീരുമാനങ്ങളോട് യോജിച്ചു പ്രവർത്തിക്കാനും അത് മൂലം ജനോപകാരപ്രദവുമായ പദ്ധതികൾ മുന്നോട്ട് പോകാനും പങ്കാളിത്തം അനിവാര്യമാണ്. ഇതിനാൽ പൊതുവിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:

1. നേതാവ് ഒരു ഫെസിലിറ്റേറ്റർ ആവുക. മുത്തുമണികൾ കോർത്തിണക്കുമ്പോഴാണ് മാലയാകുന്നത്. ആ പ്രക്രിയ ഫെസിലിറ്റേറ്റ് ചെയ്യാൻ ഉതകുന്ന തരത്തിൽ പ്രവർത്തിക്കുക.
2. ഓരോ അംഗങ്ങളുടെയും കഴിവുകളും, അവർക്ക് പ്രാവീണ്യം ഉള്ള മേഖലകളും, അവരുടെ കുറവുകളും ചുരുങ്ങിയ കാലം കൊണ്ട് മനസ്സിലാക്കാൻ ശ്രമിക്കുക. സംഘർഷരഹിതമായി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട്കൊണ്ടുപോകാൻ ഇത് സഹായിക്കും.
3. ഓരോ യോഗവും യോഗമര്യാദകളും പൊതുവിലുള്ള നിർദ്ദേശങ്ങളും അടിസ്ഥാനപ്പെടുത്തി കൂടുവാൻ ശ്രദ്ധിക്കുക. യോഗത്തിൽ പങ്കെടുക്കേണ്ട എല്ലാവർക്കും

അറിയിപ്പുകൾ കൃത്യമായി ലഭിച്ചിട്ടുണ്ട് എന്നും ഉറപ്പ് വരുത്തുക.

4. ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും പങ്കെടുക്കാവുന്ന തരത്തിൽ യോഗങ്ങൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കുക. ഇതിനായി ആംഗ്യഭാഷ ഉൾപ്പടെയുള്ള സംവിധാനങ്ങളുടെ സഹായവും ഉപയോഗപ്പെടുത്തുക.

## 16.6 സുതാര്യത

ഒരു ജനാധിപത്യ സംവിധാനത്തിൽ, പ്രത്യേകിച്ച് പ്രാദേശിക ഭരണകൂടങ്ങളിൽ സുതാര്യത എന്നത് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ, തങ്ങളുടെ പ്രവർത്തനങ്ങളിലും തീരുമാനങ്ങളിലും സുതാര്യത ഉറപ്പാക്കേണ്ടത് ജനങ്ങളുടെ അവകാശമാണ്. ഇത് വിശ്വാസം വർദ്ധിപ്പിക്കാനും അഴിമതി തടയാനും വികസനം സുഗമമാക്കാനും സഹായിക്കും. പഞ്ചായത്ത് പ്രസിഡന്റുമാർക്ക് സുതാര്യത ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങൾ താഴെക്കൊടുക്കുന്നു:

### 16.6.1 വിവരങ്ങൾ ലഭ്യമാക്കുക

» പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ, പദ്ധതികൾ, ബഡ്ജറ്റ്, വരുമാനം, ചെലവുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കണം. ഇതിനായി വെബ്സൈറ്റുകൾ, നോട്ടീസ് ബോർഡുകൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവ ഉപയോഗിക്കാം.

» പഞ്ചായത്ത് യോഗങ്ങളുടെ മിനിറ്റ്സുകൾ കൃത്യമായി രേഖപ്പെടുത്തുകയും അത് പൊതുജനങ്ങൾക്ക് പരിശോധിക്കാൻ അവസരം നൽകുകയും വേണം.

» വിവരങ്ങൾ ആവശ്യപ്പെടുന്നവർക്ക് കൃത്യ സമയത്ത് മറുപടി നൽകണം. വിവരാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കണം.

### 16.6.2 തീരുമാനങ്ങൾ അറിയിക്കുക

» പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പ് പൊതുജനങ്ങളുമായി ചർച്ച ചെയ്യാനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. ഗ്രാമസഭകൾ ഇതിനുള്ള ഏറ്റവും നല്ല വേദിയാണ്.

» തീരുമാനങ്ങളുടെ കാരണങ്ങളും ലക്ഷ്യങ്ങളും വ്യക്തമായി വിശദീകരിക്കണം.

» തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ ജനങ്ങളെ അറിയിക്കണം.

### 16.6.3 ഉത്തരവാദിത്തം ഉറപ്പാക്കുക

» തങ്ങളുടെ പ്രവർത്തനങ്ങൾക്കും തീരുമാനങ്ങൾക്കും പ്രസിഡന്റ് ഉത്തരവാദിത്തം ഏറ്റെടുക്കണം.

» തെറ്റുകൾ സംഭവിച്ചാൽ അത് തുറന്നു സമ്മതിക്കാനും തിരുത്താനുമുള്ള സന്നദ്ധത കാണിക്കണം.

» പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട് വരുന്ന പരാതികൾ കൃത്യമായി പരിഗണി

ക്കുകയും നടപടി എടുക്കുകയും വേണം.

### 16.6.4 ഓഡിറ്റിംഗ്

» ഓഡിറ്റ് റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.
» ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഗൗരവമായി പരിഗണിക്കുകയും ആവശ്യമായ തിരുത്തലുകൾ വരുത്തുകയും വേണം.

### 16.6.5 പൊതുജനങ്ങളുമായി സംവദിക്കുക

» ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പതിവായി പൊതുജനങ്ങളുമായി സംവദിക്കണം. ഇതിനായി മുഖാമുഖം പരിപാടികൾ, ഫോൺ ഇൻ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കാം.
» പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കാനും അവ പരിഗണിക്കാനും തയ്യാറാകണം.

സുതാര്യത എന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ വിശ്വാസ്യതയും ജനപിന്തുണയും വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഒരു പ്രധാന ഘടകമാണ്. ഇത് നല്ല ഭരണത്തിന്റെ അടിത്തറയാണ്. സുതാര്യമായ ഒരു ഭരണത്തിലൂടെ പഞ്ചായത്തിന് വികസനവും ജനങ്ങളുടെ ഐശ്വര്യവും ഉറപ്പാക്കാൻ സാധിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ, മറ്റ് പഞ്ചായത്ത് അംഗങ്ങളുടെ ഉത്തരവാദിത്തം ഉറപ്പാക്കേണ്ടത് സുഗമമായ ഭരണത്തിനും പഞ്ചായത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും അത്യന്താപേക്ഷിതമാണ്.

ഒരു പഞ്ചായത്ത് ഭരണം കെട്ടുറപ്പോടെ മുന്നോട്ട് കൊണ്ടുപോകാൻ കൂട്ടായ പരിശ്രമം അനിവാര്യമാണ്. ജനപ്രതിനിധികൾക്ക് അവരുടെ കർത്തവ്യങ്ങളെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ടായിരിക്കണം. നിയമങ്ങൾ പാലിക്കുകയും സുതാര്യമായ ഭരണം കാഴ്ചവെക്കുകയും ചെയ്യണം. എല്ലാ വിഭാഗം ജനങ്ങളെയും ഒരുപോലെ പരിഗണിക്കുകയും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും വേണം.

ഉദ്യോഗസ്ഥർ അവരുടെ ജോലികൾ കൃത്യനിഷ്ഠയോടെയും ആത്മാർത്ഥതയോടെയും ചെയ്യണം. ജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും വേണം.

ഏറ്റവും പ്രധാനമായി, ജനങ്ങളുടെ സജീവമായ പങ്കാളിത്തം പഞ്ചായത്ത് ഭരണത്തിൽ ഉണ്ടാകണം. ഗ്രാമസഭകളിലും മറ്റ് വേദികളിലും അവർ തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കണം. ഭരണപരമായ കാര്യങ്ങളിൽ അവർക്ക് വിമർശനാത്മകമായ നിലപാട് സ്വീകരിക്കാനും ചോദ്യങ്ങൾ ചോദിക്കാനും അവകാശമുണ്ട്.

ഓരോ ചെറിയ കാര്യത്തിലും ശ്രദ്ധയും കരുതലും ഉണ്ടാകുമ്പോളാണ് ഒരു പഞ്ചായത്ത് കെട്ടുറപ്പോടെ മുന്നോട്ട് പോകുന്നത്. പരസ്പര വിശ്വാസവും സഹകരണവും ഉണ്ടെങ്കിൽ ഏത് പ്രതിസന്ധിയെയും തരണം ചെയ്യാനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനും സാധിക്കും. ഈ കൂട്ടായ മുന്നേറ്റത്തിലൂടെ നമുക്ക് നമ്മുടെ പഞ്ചായത്തിനെ ഒരു മാതൃകാ ഭരണകൂടമാക്കി മാറ്റാൻ സാധിക്കും.

## 16.7 പ്രസിഡന്റിന്റെ കർത്തവ്യങ്ങൾ ചുമതലകൾ അധികാരങ്ങൾ

### 16.7.1 ചുമതലകൾ നിറവേറ്റാനുള്ള അധികാരം

1994-ലെ പഞ്ചായത്ത് രാജ് നിയമ പ്രകാരം പഞ്ചായത്തുകൾക്ക് നൽകപ്പെട്ട ഉത്തരവാദിത്തങ്ങളും, ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് വേണ്ട അധികാരങ്ങളും നൽകിയിട്ടുണ്ട്. അവ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് വേണ്ട ഉദ്യാഗസ്ഥരെയും വ്യവസ്ഥ ചെയ്തു നൽകിയിരിക്കുന്നു. മേൽപ്പറഞ്ഞ വിഷയ പരിധിക്കുള്ളിൽ നിന്നാണ് പഞ്ചായത്ത് യോഗങ്ങളിലും, സ്റ്റാന്റിംഗ് കമ്മിറ്റികളിലും തീരുമാനങ്ങൾ എടുക്കേണ്ടതും വികസന പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണം നടത്തേണ്ടത്

**കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 156 പ്രകാരം പഞ്ചായത്ത് പ്രസിഡന്റിനു സുപ്രധാന ചുമതലകളാണ് നൽകിയിരിക്കുന്നത്. പ്രാദേശിക സർക്കാരിന്റെ കാര്യനിർവ്വഹണ അധികാരസ്ഥാൻ എന്ന നിലയിൽ ജില്ലാ പഞ്ചായത്തിന്റെയും അതിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും മേൽനോട്ടവും നടത്തിപ്പ് ചുമതലയും പ്രസിഡന്റിൽ നിക്ഷിപ്തമാണ്.**

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് താനുൾപ്പെടുന്ന പഞ്ചായത്തിന്റെ മുഴുവൻ സമയ കാര്യ നിർവ്വഹണ അധികാരസ്ഥൻ ആയിരിക്കുന്നതാണ്.
2. പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ഉത്തരവാദിത്തങ്ങൾ, ചുമതലകൾ, അധികാരങ്ങൾ നടപ്പിലാക്കുന്നതിനും, പഞ്ചായത്ത് പാസ്സാക്കുന്ന പ്രമേയങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ അധികാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഉണ്ടായിരിക്കുന്നതാണ്.
3. ജില്ലാ പഞ്ചായത്ത് വിളിച്ചുചേർക്കുന്ന ഗ്രാമസഭയ്ക്ക് സമാനമായ ജില്ലാ യോഗത്തിൽ അധ്യക്ഷം വഹിക്കേണ്ടതും, അതിനെ നിയന്ത്രിക്കേണ്ടതുമാണ്.
4. ജില്ലാ പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ഉത്തരവാദിത്ത നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കേണ്ടതും, കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതുമാണ്.
5. ജില്ലാ പഞ്ചായത്തിന്റെ കണ്ടിജന്റ് ചെലവുകൾ ചെയ്യുകയും, പണമിടപാടുകൾക്ക് അംഗീകാരം നൽകുകയും ചെയ്യുക
6. അടിയന്തിര സാഹചര്യങ്ങളിലോ, പൊതുജന രക്ഷക്ക് ഉടനടി പ്രവർത്തിക്കേണ്ട സാഹചര്യങ്ങളിൽ അതിനാവശ്യമായ ചെലവുകൾ തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്. എന്നാൽ സർക്കാരോ, പഞ്ചായത്തോ നിരോധനം നൽകിയ ഒരു പ്രവൃത്തി ഇത്തരത്തിൽ നടത്താൻ കഴിയില്ല
7. സെക്രട്ടറിയുടെയും, ജില്ലാ പഞ്ചായത്തിലേക്ക് കൈമാറിയ സ്ഥാപനങ്ങളിലെ സർക്കാർ ജീവനക്കാർ ഉൾപ്പടെ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ജീവനക്കാരുടെയും ഹാജർ പഞ്ചായത്തിന്റെ യോഗങ്ങളിൽ ഉറപ്പാക്കുക
8. സെക്രട്ടറി, ഗസറ്റഡ് ഉദ്യോഗസ്ഥർ ഒഴികെയുള്ള ജീവനക്കാർ ക്ക് മേൽ അച്ചടക്ക

നടപടി സ്വീകരിക്കേണ്ടി വരുമ്പോൾ അവരെ സസ്പെൻഡ് ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

9. സെക്രട്ടറിയിൽ നിന്നോ ജില്ലാ പഞ്ചായത്തിലെ ഏതൊരു ഉദ്യോഗസ്ഥനിൽ നിന്നോ ഭരണ സംബന്ധമായ ഏതു ഫയലും റെക്കോർഡും ആവശ്യപ്പെടാവുന്നതും അതിന്മേൽ ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകാവുന്നതാണ്. എന്നാൽ ഉദ്യാഗസ്ഥരിൽ നിക്ഷിപ്തമായ അധികാര വിനിയോഗ രേഖകൾ ആവശ്യപ്പെടാൻ കഴിയില്ല.
10. സെക്ഷൻ 161 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ യോഗത്തിൽ അധ്യക്ഷം വഹിക്കേണ്ടതും, നിയന്ത്രിക്കേണ്ടതും ക്രമ പ്രശ്നങ്ങളിൽ തീർപ്പു കല്പിക്കേണ്ടതുമാണ്.
11. ജില്ലാ പഞ്ചായത്തു യോഗത്തിൽ തീരുമാനമെടുക്കുന്നതിന് വോട്ടുകൾ തുല്യമാകുന്ന സാഹചര്യത്തിൽ കാസ്റ്റിംഗ് വോട്ടിനു അവകാശ മുണ്ടായിരിക്കുന്നതാണ്.
12. ജില്ലാ പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റിയുടെ അധ്യക്ഷ സ്ഥാനം വഹിക്കേണ്ടതും പഞ്ചായത്ത് ഭരണമേൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.
13. ജില്ലാ പഞ്ചായത്തിന്റെ വിവിധ യോഗങ്ങൾക്കു അധ്യക്ഷം വഹിക്കുകയും എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.
14. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വോട്ടവകാശമില്ലാത്ത എക്സ് ഒഫീഷ്യോ അംഗമായിരിക്കുന്നതാണ്
15. ജില്ലാ പഞ്ചായത്ത് യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചു വസ്തുതാപരമായ തിരുത്തലുകളോടെ സെക്രട്ടറിക്ക് നൽകുക. തീരുമാനങ്ങൾക്ക് അംഗീകാരം നൽകുക.
16. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ പ്രകാരം ഭരണമേല്പിക്കുന്ന ചുമതലകൾ യഥാവിധി നിർവ്വഹിക്കുക.



# അധ്യായം 17

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

## 17.1 സ്ഥാപന ഘടന

1997 ൽ ആരംഭിച്ച ഒമ്പതാം പഞ്ചവത്സര പദ്ധതിയോടെ കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവയുടെ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളോടൊപ്പം പദ്ധതി ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങൾ കൂടി നിർവ്വഹിക്കേണ്ടി വന്നപ്പോൾ ഉയർന്നുവന്ന പ്രധാന ചോദ്യം ഇത്രയേറെ പ്രവർത്തനങ്ങൾ നടത്താനുള്ള ശേഷി ഈ സ്ഥാപനങ്ങൾക്ക് ഉണ്ടോ എന്നതായിരുന്നു. ഈ ചോദ്യത്തിന് ഉത്തരം നൽകുന്നതിൽ പ്രധാന പങ്ക് വഹിച്ച സ്ഥാപനമാണ് "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ" അഥവാ "കില". 1990 ലാണ് കില പ്രവർത്തനം ആരംഭിച്ചതെങ്കിലും പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് വിപുലമായ പരിശീലനങ്ങൾക്ക് തുടക്കം കുറിച്ചത് 1996 ൽ ജനകീയാസൂത്രണം ആരംഭിച്ചതോടെയാണ്. അന്നു തുടങ്ങിയ വിപുലവും വൈവിദ്ധ്യവുമാർന്ന പരിശീലന-ഗവേഷണ പ്രവർത്തനങ്ങൾ കേരളത്തിലെ പ്രാദേശിക ഭരണസംവിധാനത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണവും ശക്തിപ്പെടുത്തുക എന്ന മുഖ്യ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്ര-ധർമ്മ സ്ഥാപന നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഒന്നാണ്.




തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവിൽ പ്രവർത്തിക്കുന്ന ഈ സ്വയംഭരണ സ്ഥാപനം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയാണ് സ്ഥാപിക്കപ്പെട്ടത്. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി അധ്യക്ഷനായ ഗവേണിംഗ് കൗൺസിലും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഭരണപരവും നയപരവുമായ തീരുമാനങ്ങളെടുക്കുന്നത്. സ്ഥാപനത്തിന്റെ മേധാവി ഡയറക്ടർ ജനറൽ ആണ്.

## 17.2 പ്രാദേശിക കേന്ദ്രങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിച്ചിരുന്ന, താഴെ പറയുന്ന സ്ഥാപനങ്ങൾ കിലയുമായി സംയോജിപ്പിക്കുകയും അവ കിലയുടെ പ്രാദേശിക കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു (ഈ സ്ഥാപനങ്ങളുടെ നിലവിലുള്ള പേരാണ് കൊടുത്തിട്ടുള്ളത്),

1. കില സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (CHRD), ETC പി.ഒ., കൊട്ടാരക്കര, കൊല്ലം ജില്ല
2. കില സെന്റർ ഫോർ ട്രൈബൽ ഡെവലപ്മെന്റ് ആൻഡ് നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് (CTDNRM), അഗളി പി.ഒ, പാലക്കാട് ജില്ല
3. കില സെന്റർ ഫോർ സോഷ്യോ-എക്കണോമിക് ഡെവലപ്മെന്റ് (CSED), ETC P.O, കൊട്ടാരക്കര, കൊല്ലം ജില്ല
4. കില സെന്റർ ഫോർ ഗുഡ് ഗവേണൻസ് (CGG), സന്തോഷ് നഗർ, മണ്ണുത്തി, തൃശൂർ ജില്ല
5. കില സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ് (COFWM), തളിപ്പറമ്പ്, കരിമ്പം പി.ഒ., കണ്ണൂർ ജില്ല
6. കില റീജിയണൽ സെന്റർ, കുമാരപുരം പി.ഒ., തിരുവനന്തപുരം ജില്ല

## 17.3 ചുമതലകൾ, ഉത്തരവാദിത്തങ്ങൾ

1. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സാമൂഹിക -സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകുക.
2. അധികാര വികേന്ദ്രീകരണം, പൊതുഭരണം, പ്രാദേശികാസൂത്രണം എന്നിവയിൽ പഠന-ഗവേഷണങ്ങൾ നടത്തുക. അതിലൂടെ ആർജിക്കുന്ന അറിവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് ഉപയോഗപ്പെടുത്തുക.
3. മേൽ സൂചിപ്പിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിനും നയരൂപീകരണത്തിനും ആവശ്യമായ വിദഗ്ദ്ധ ഉപദേശവും സഹായവും നൽകുക.
4. പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ അതത് സമയങ്ങളിൽ ആവശ്യമായ മാർഗ്ഗരേഖകൾ തയ്യാറാക്കി നൽകാൻ വേണ്ട സഹായങ്ങൾ നൽകുക.
5. കിലയിലും കിലയുടെ പ്രാദേശിക കേന്ദ്രങ്ങളിലും വെച്ചു നൽകുന്ന പരിശീലനങ്ങൾക്ക് പുറമെ, ജില്ലാതലത്തിൽ വികേന്ദ്രീകൃതമായ പരിശീലന സംവിധാനം കൂടി സൃഷ്ടിച്ചു കൊണ്ടാണ് സമയബന്ധിതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലന ആവശ്യങ്ങൾ നിറവേറ്റുന്നത്. ഓൺലൈൻ പരിശീലന സാധ്യതകൾ വിപുലമായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് നിലവിൽ പരിശീലനങ്ങളിലേറെയും നൽകിവരുന്നത്.

## 17.4 ദേശീയ-അന്തർദേശീയ ബന്ധങ്ങൾ, പ്രവർത്തനങ്ങൾ

1. അധികാര വികേന്ദ്രീകരണവും പ്രാദേശിക ആസൂത്രണവും സംബന്ധിച്ച പരിശീലനങ്ങൾ നൽകുന്നതിനുള്ള ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട പരിശീലന സ്ഥാപനമായ കിലയിൽ ദേശീയ, അന്തർദേശീയ തലങ്ങളിലുള്ള പരിശീലനങ്ങളും ശിൽപ്പശാലകളും നടത്തിവരുന്നു.
2. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം കിലയെ പ്രാദേശികാസൂത്രണത്തിന്റെയും പ്രാദേശിക ഭരണ നിർവഹണത്തിന്റെയും 'സെന്റർ ഓഫ് എക്സലൻസ്' ആയി അംഗീകരിച്ചിട്ടുണ്ട്.
3. UNDP, UNFPA, UNEP, UNICEF, UN HABITAT, SDC, കോമൺ വെൽത്ത് ഗവൺമെന്റ് ഫോറം, ജർമ്മൻ വികസന ഏജൻസി, ലോകബാങ്ക് തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളുമായി/സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു.
4. HUDCO, NIUA, കേന്ദ്ര പഞ്ചായത്തീ രാജ്, ഗ്രാമവികസന നഗരവികസന മന്ത്രാലയങ്ങൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചായത്തീ രാജ് ആന്റ് റൂറൽ ഡെവലപ്മെന്റ് മുതലായ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.
5. ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളുമായും അവിടുത്തെ സ്ഥാപനങ്ങളുമായും കിലയ്ക്ക് ദീർഘകാല കരാറുകൾ ഉണ്ട്.
6. IIT മുംബൈ, ISEC ബാംഗ്ലൂർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, ശ്രീ നാരായണഗുരു

ഓപ്പൺ യൂണിവേഴ്സിറ്റി, കാലിക്കറ്റ്, കണ്ണൂർ എന്നീ യൂണിവേഴ്സിറ്റികളുമായി കില കരാറിൽ ഏർപ്പെട്ടിട്ടുണ്ട്

## 17.5 പ്രത്യേക വിഭാഗങ്ങൾക്ക്/വിഷയങ്ങൾക്ക് സെന്ററുകൾ

പ്രത്യേക പരിഗണന ആവശ്യമായ വിഭാഗങ്ങൾക്കും സവിശേഷ ശ്രദ്ധ ആവശ്യമായ വിഷയങ്ങൾക്കും വേണ്ടി പഠന-ഗവേഷണങ്ങളും പരിശീലനങ്ങളും നൽകുന്നതിനായി ഇനിപ്പറയുന്ന പ്രത്യേക സെന്ററുകൾ കിലയിൽ പ്രവർത്തിച്ചുവരുന്നു.

1. Centre for Urban Governance
2. Gender School for Local Governance
3. Centre for Sustainable Goals and Local Governance
4. Child Resource Centre
5. Legal Resource Centre
6. Centre for Subaltern Studies
7. Geo Informatics Centre
8. Centre for Environment, Bio diversity and Climate change
9. Innovation and Incubation Hub

## 17.6 മുൻകൈ പ്രവർത്തനങ്ങൾ

1. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം കിലയുടെ ആശയാവിഷ്കാരമാണ്.
2. തദ്ദേശ സ്ഥാപന ഓഫീസുകൾക്കും അവയുടെ ഘടക സ്ഥാപനങ്ങൾക്കും അന്താരാഷ്ട്ര ഗുണമേന്മാ സർട്ടിഫിക്കേഷൻ (ഐ എസ് ഒ) നേടിയെടുക്കുന്നതിനുള്ള കൺസൾട്ടൻസി സ്ഥാപനമായി കില പ്രവർത്തിച്ചുവരുന്നു. (ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ സർട്ടിഫിക്കേഷൻ ഇതിനകം ഏതാണ്ട് പൂർത്തിയായിരിക്കുന്നു. ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ. ഘടക സ്ഥാപനങ്ങൾ എന്നിവയുടെ സർട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.)
3. ഭിന്നശേഷി സൗഹൃദ - ബാലസൗഹൃദ - സ്ത്രീസൗഹൃദ – വയോജനസൗഹൃദ പ്രാദേശികഭരണം എന്ന കാഴ്ചപ്പാടും ആശയവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.
4. ഓൺലൈൻ പരിശീലനങ്ങളും കോഴ്സുകളും ecourses.kila.ac.in എന്ന പോർട്ടലിലൂടെ നടത്തിവരുന്നു.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേട്ടങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിനായി "തദ്ദേശകം" എന്ന യൂട്യൂബ് ചാനൽ എല്ലാ ബുധനാഴ്ചയും വൈകുന്നേരം നാലു മണിക്ക് സംപ്രേഷണം ചെയ്യുന്നു.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംശയ നിവാരണത്തിനായി ഹെൽപ്പ് ലൈൻ സംവിധാനം കിലയിൽ പ്രവർത്തിക്കുന്നുണ്ട്.

## 17.7 പ്രസിദ്ധീകരണങ്ങൾ

ഗവേഷണ പ്രബന്ധങ്ങൾ, പരിശീലകർക്കും പരിശീലനാർത്ഥികൾക്കും വേണ്ടിയുള്ള കൈപുസ്തകങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലും ഘടക സ്ഥാപനങ്ങളിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കും സാമൂഹിക-സന്നദ്ധ പ്രവർത്തകർക്കും വേണ്ടിയുള്ള കൈപുസ്തകങ്ങൾ, ദേശീയ-അന്താരാഷ്ട്ര പരിശീലനങ്ങൾക്ക് വേണ്ടിയുള്ള സഹായികൾ തുടങ്ങി നിരവധിയായ പ്രസിദ്ധീകരണങ്ങൾ കിലയുടേതായുണ്ട്. പരിശീലനങ്ങളുടെ ആവശ്യകതയനുസരിച്ച് അവയിൽ പലതും തമിഴ്, കന്നഡ, ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ KILA JOURNAL തുടർച്ചയായി പ്രസിദ്ധീകരിച്ചു വരുന്നു.

## 17.8 ലൈബ്രറി & ഇൻഫർമേഷൻ സേവനങ്ങൾ

പഞ്ചായത്തീരാജ്, വികേന്ദ്രീകൃത ആസൂത്രണം, ദാരിദ്ര്യ നിർമ്മാർജ്ജനം, ഗ്രാമവികസനം, നഗരവികസനം, ഭരണത്തിലെ ലിംഗഭേദം തുടങ്ങിയ മേഖലകളിലാണ് ലൈബ്രറിയുടെ ശേഖരം പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പതിനായിരത്തിലധികം പുസ്തകങ്ങളുടെയും ഈ പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇരുന്നൂറിലധികം ജേണലുകളുടെയും ശേഖരം ലൈബ്രറിയിലുണ്ട്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ അത്യാധുനിക സൗകര്യങ്ങളോടെ, ലൈബ്രറി ഡിജിറ്റലൈസ് ചെയ്യുന്നതിനും തദ്ദേശഭരണത്തെക്കുറിച്ചുള്ള ഒരു സമ്പൂർണ്ണ വിവര കേന്ദ്രമായി വികസിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു.

ലൈബ്രറി മോണിറ്ററിംഗ് കമ്മിറ്റി (LMC), ലൈബ്രറി അഡ്വൈസറി കമ്മിറ്റി (LAC) എന്നിവ ലൈബ്രറിയുടെ വികസനം സുഗമമാക്കുന്നു. വികേന്ദ്രീകരണത്തെയും തദ്ദേശഭരണത്തെയും കുറിച്ചുള്ള വിവരങ്ങൾ, ഡാറ്റ, അറിവ് എന്നിവയുടെ ശേഖരണം, ഓർഗനൈസേഷൻ, പ്രചരണം എന്നിവയ്ക്കുള്ള കേന്ദ്രമാണ് കില ലൈബ്രറി & ഇൻഫൊർമേഷൻ ഡിവിഷൻ. നേരിട്ടോ അല്ലാതെയോ ഉള്ള വിവിധ വിവര സേവനങ്ങളിലൂടെ ശരിയായ ഉപയോക്താ



ക്കൾക്ക് ശരിയായ സമയത്ത് ശരിയായ വിവരങ്ങൾ നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രസക്തമായ ഡാറ്റ, വിവരങ്ങൾ, രേഖകൾ എന്നിവ നേടുക എന്നതാണ് ലൈബ്രറിയുടെ കൃത്യമായ ലക്ഷ്യം. കില ലൈബ്രറിയിൽ പുസ്തകങ്ങൾ, റിപ്പോർട്ടുകൾ, ജേണലുകൾ, മറ്റ് രേഖകൾ എന്നിവ അച്ചടിച്ചതോ ഡിജിറ്റൽ രൂപത്തിലോ സൂക്ഷിക്കുന്നു.

#### ഇ എം എസ് സ്മാരക അധികാര വികേന്ദ്രീകരണ തദ്ദേശഭരണ മ്യൂസിയം

വികേന്ദ്രീകരണത്തിന്റെ 25 വർഷത്തെ അനുഭവങ്ങൾ, ചരിത്രം സൃഷ്ടിക്കപ്പെട്ട മാതൃകകൾ. പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങൾ, കൈപ്പുസ്തകങ്ങൾ മുതലായവയുടെ ശേഖരണവും പ്രദർശനവുമടങ്ങുന്നതാണ് ഇ.എം.എസ് സ്മാരക അധികാര വികേന്ദ്രീകരണ തദ്ദേശഭരണ മ്യൂസിയം. കിലയിൽ സജ്ജീകരിച്ചിട്ടുള്ള ഈ മ്യൂസിയം ഒരു പഠനകേന്ദ്രം കൂടിയാണ്.

കൂടാതെ മഹാത്മാ ആർട്ട് ഗാലറിയും ലൈബ്രറി കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

## 17.9 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കാലിക്കറ്റ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഡിഗ്രി തലത്തിൽ രണ്ട് ഇന്റഗ്രേറ്റഡ് കോഴ്സുകളുള്ള KILA COLLEGE OF DECENTRALISATION AND LOCAL GOVERNANCE കിലയുടെ മുളങ്കുന്നത്തുകാവ് ഹെഡ് ക്വാർട്ടേഴ്സ് കാമ്പസിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത INSTITUTE OF PUBLIC POLICY AND LEADERSHIP എന്ന കോളേജ് കില തളിപ്പറമ്പ് കാമ്പസിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. മൂന്ന് ബിരുദാനന്തര ബിരുദ കോഴ്സുകൾ ഇവിടെ നിലവിലുണ്ട്.

## 17.10 കേന്ദ്ര കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷന്റെ അക്രഡിറ്റേഷൻ

ഇന്ത്യയിലെ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളുടെ പരിശീലന മികവ്, പരിശീലന ആവശ്യകത വിലയിരുത്തൽ, പരിശീലന രൂപകൽപ്പന, ഫാക്കൽറ്റികളുടെ വൈദഗ്ധ്യം, അടിസ്ഥാന സൗകര്യങ്ങൾ, ഭരണ സംവിധാനങ്ങൾ, പരിശീലനാർത്ഥികൾക്കുള്ള പിന്തുണ, പരിശീലന വിലയിരുത്തലും ഗുണമേന്മ ഉറപ്പാക്കലും മറ്റു സ്ഥാപനങ്ങളുമായുള്ള സംയോജിത പ്രവർത്തനം എന്നിവയുൾപ്പെടെയുള്ള പ്രധാനപ്പെട്ട അക്കാദമികവും സ്ഥാപനപരവുമായ മാനദണ്ഡങ്ങൾ വിലയിരുത്തി മിഷൻ കർമ്മയോഗിയുടെ കീഴിൽ സ്ഥാപിതമായ കേന്ദ്ര കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷൻ നൽകുന്ന അക്രഡിറ്റേഷൻ കിലക്ക് ലഭിച്ചു.

കേരളത്തിൽ അംഗീകാരം ലഭിക്കുന്ന ആദ്യ സിവിൽ പരിശീലന സ്ഥാപനമാണ് കില. ദേശീയതലത്തിൽ നിലവിൽ 182 സ്ഥാപനങ്ങൾക്കാണ് ഈ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ അംഗീകാരം ലഭിച്ചതിലൂടെ കേന്ദ്ര കപ്പാസിറ്റി ബിൽഡിംഗ് കമ്മീഷന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്ലാൻ മുഖേന ഉയർന്ന നിലവാരമുള്ള പരിശീലനങ്ങൾ രൂപകൽപ്പന ചെയ്തു നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള സഹായം കിലക്ക് ലഭ്യമാകും. കേരളത്തിന്റെ വികസന മാതൃകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകാപരമായ ഇടപെടലുകളും വിവിധ പരിശീലനങ്ങളിലൂടെ ദേശീയതലത്തിൽ ഉയർത്തിക്കാണിക്കുന്നതിനും ഈ അംഗീകാരം വഴി കിലക്ക് സാധ്യമാകുന്നതാണ്. കിലക്ക് മറ്റു സംസ്ഥാനങ്ങളിൽ പരിശീലനം നടത്തുന്ന

തിനും മറ്റു സംസ്ഥാനങ്ങളിലുള്ള പരിശീലനാർത്ഥികൾക്ക് കിലയിൽ നിന്ന് പരിശീലനം ലഭിക്കുന്നതിനുള്ള അവസരവും ലഭിക്കും. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള അവസരം ഇതുവഴി നേടാൻ കഴിയും.

## 17.11 കേരള നഗര നയ കമ്മീഷൻ (Kerala Urban Policy Commission)

കേരളം നഗരവത്കരണ പ്രക്രിയയിൽ വളരെ നിർണായകമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിന് കൃത്യമായ നയരൂപീകരണവും ശക്തമായ സ്ഥാപനങ്ങളും പൊതുജന പങ്കാളിത്തവും അത്യന്താപേക്ഷിതമാണ്. സാമൂഹിക പുരോഗതിക്കും വികേന്ദ്രീകൃത വികസന മാതൃകയ്ക്കും പേരെടുത്ത സംസ്ഥാനമാണ് കേരളമെങ്കിലും, മാറുന്ന ജനസംഖ്യാ രീതികളും പാരിസ്ഥിതിക വെല്ലുവിളികളും സാമ്പത്തിക മാറ്റങ്ങളും പുതിയ ആവശ്യങ്ങൾ ഉയർത്തുന്നുണ്ട്. ഭൂവിനിയോഗം, ഭരണം, നഗരാസൂത്രണം, കൂട്ടായ നഗരഭരണം, പ്രാദേശിക സാമ്പത്തിക വികസനം, കാലാവസ്ഥാ അതിജീവനം, സേവന ലഭ്യത തുടങ്ങിയ മേഖലകളിൽ ഈ മാറ്റങ്ങൾ വെല്ലുവിളികൾ ഉയർത്തുന്നതോടൊപ്പം തന്നെ നവീനമായ വികസന സാധ്യതകൾക്കും വഴിയൊരുക്കുന്നു. ഈ മാറ്റങ്ങളെ സമഗ്രമായും ദീർഘവീക്ഷണത്തോടെയും കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ കേരള നഗരനയ കമ്മീഷൻ (Kerala Urban Policy Commission) രൂപീകരിച്ചു.

കില ടെക്നിക്കൽ സെക്രട്ടേറിയറ്റായി പ്രവർത്തിച്ചിരുന്ന നഗരനയ കമ്മീഷന്റെ റിപ്പോർട്ട് 2025 മാർച്ച് 30 ന് ആണ് സംസ്ഥാന സർക്കാരിന് കൈമാറിയത്. ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനം സമഗ്രമായ നഗരനയം രൂപീകരിക്കാൻ മുന്നിട്ടിറങ്ങുന്ന ശ്രമമാണിത്.

## 17.12 അവാർഡുകൾ

**കിലയ്ക്ക് തുടർച്ചയായി രണ്ടാം തവണയും**
**ദേശീയ പഞ്ചായത്ത് ക്ഷമതാ നിർമ്മാൺ സർവോത്തം സൻസ്ഥാൻ പുരസ്കാരം**

ദേശീയ പഞ്ചായത്ത് പുരസ്കാരത്തിന്റെ ഭാഗമായുള്ള പഞ്ചായത്ത് ക്ഷമതാ നിർമ്മാൺ സർവോത്തം സൻസ്ഥാൻ പുരസ്കാരം തുടർച്ചയായ രണ്ടാം വർഷവും കില നേടി. ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നൈപുണ്യ വികസനത്തിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള ഇടപെടലുകളാണ് കിലയെ ഈ പുരസ്കാരത്തിന് അർഹമാക്കിയത്.

2024 ഡിസംബർ 11 ന് ഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ കില ഡയറക്ടർ ജനറൽ നിസാമുദ്ദീൻ.എ, ഐ.എ.എസ് രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്നും 2023-24 വർഷത്തേക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി. 2025 ഏപ്രിൽ 24ന് ബിഹാറിലെ മധുബനിയിൽ നടന്ന ദേശീയ പഞ്ചായത്തീരാജ് ദിനാഘോഷത്തോടനുബന്ധിച്ചുള്ള ചടങ്ങിൽ കില ഡയറക്ടർ ജനറൽ നിസാമുദ്ദീൻ.എ, ഐ.എ.എസ് പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ നിന്നും 2024-25 വർഷത്തേക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി.

കിലയുടെ ഈ നേട്ടം കേരളത്തിലെ തദ്ദേശ സ്വയംഭരണ മേഖലയുടെ മികവിനെ ദേശീയ തലത്തിൽ ഒരിക്കൽ കൂടി അടയാളപ്പെടുത്തുന്നു.



*2023-24 വർഷത്തേക്കുള്ള പുരസ്കാരം- 2024 ഡിസംബർ 11ന് ഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ കില ഡയറക്ടർ ജനറൽ നിസാമുദ്ദീൻ എ, ഐ.എ.എസ് രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നു.*



*2024-25 വർഷത്തേക്കുള്ള പുരസ്കാരം- 2025 ഏപ്രിൽ 24ന് ബിഹാറിലെ മധുബനിയിൽ നടന്ന ദേശീയ പഞ്ചായത്തീരാജ് ദിനാഘോഷത്തോടനുബന്ധിച്ചുള്ള ചടങ്ങിൽ കില ഡയറക്ടർ ജനറൽ നിസാമുദ്ദീൻ എ, ഐ.എ.എസ് പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നു.*